# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

2017 ആഗസ്റ്റ് 22,ചൊവ്വ

# ഔദ്യോഗിക റിപ്പോർട്ട്

## വാല്യം 168 - നമ്പർ 10

വില : ₹ 50

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### ഏഴാം സമ്മേളനം

2017 ആഗസ്റ്റ് 22, ചൊവ്വ

സ്പീക്കർ
**ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

ഡെപ്യൂട്ടി സ്പീക്കർ
**ശ്രീ. വി. ശശി**

സെക്രട്ടറി
**ശ്രീ.വി. കെ. ബാബുപ്രകാശ്**

ചീഫ് എഡിറ്റർ
**ശ്രീമതി കെ. ചാന്ദ്നി റാണി**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

450/2020

# മന്ത്രിസഭാംഗങ്ങൾ

മുഖ്യമന്ത്രി : ശ്രീ. പിണറായി വിജയൻ

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക
സമുദായക്ഷേമവും നിയമവും സാംസ്കാരികവും
പാർലമെന്ററികാര്യവും വകുപ്പുമന്ത്രി : ശ്രീ. എ. കെ. ബാലൻ

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി : ശ്രീ. ഇ. ചന്ദ്രശേഖരൻ

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും
വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി : ഡോ. കെ. ടി. ജലീൽ

വൈദ്യുതി വകുപ്പുമന്ത്രി : ശ്രീ. എം. എം. മണി

ജലവിഭവ വകുപ്പുമന്ത്രി : ശ്രീ. മാത്യു ടി. തോമസ്

മത്സ്യബന്ധനവും ഹാർബർ
എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും
വകുപ്പുമന്ത്രി : ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ

വ്യവസായവും സ്പോർട്സും യുവജനകാര്യവും
വകുപ്പുമന്ത്രി : ശ്രീ. എ. സി. മൊയ്തീൻ

വനവും മൃഗസംരക്ഷണവും മൃഗശാലകളും
വകുപ്പുമന്ത്രി : ശ്രീ. കെ. രാജു

തുറമുഖവും മ്യൂസിയവും പുരാവസ്തു
സംരക്ഷണവും വകുപ്പുമന്ത്രി : ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി

തൊഴിലും എക്സൈസും വകുപ്പുമന്ത്രി : ശ്രീ. റ്റി. പി. രാമകൃഷ്ണൻ

വിദ്യാഭ്യാസ വകുപ്പുമന്ത്രി : പ്രൊഫ. സി. രവീന്ദ്രനാഥ്

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി : ശ്രീമതി കെ. കെ. ശൈലജ ടീച്ചർ

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി : ശ്രീ. ജി. സുധാകരൻ

കൃഷി വകുപ്പുമന്ത്രി : ശ്രീ. വി. എസ്. സുനിൽ കുമാർ

സഹകരണവും വിനോദസഞ്ചാരവും
ദേവസ്വവും വകുപ്പുമന്ത്രി : ശ്രീ. കടകംപള്ളി സുരേന്ദ്രൻ

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി : ശ്രീ. പി. തിലോത്തമൻ

ഗതാഗത വകുപ്പുമന്ത്രി : ശ്രീ. തോമസ് ചാണ്ടി

ധനകാര്യവും കയറും വകുപ്പുമന്ത്രി : ഡോ. ടി. എം. തോമസ് ഐസക്

# ഉള്ളടക്കം

*പേജ്*

**I. ചോദ്യോത്തരങ്ങൾ**

(1) വാങ്മൂലം നൽകിയ ഉത്തരങ്ങൾ ...1

(2) രേഖാമൂലം നൽകിയ ഉത്തരങ്ങൾ ...30

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ ...30

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ ...64

**II. തിരുത്തിയ ഉത്തരം**

26-9-2016-ലെ നക്ഷത്രചിഹ്നമിടാത്ത 124-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം ...374

**III. അടിയന്തരപ്രമേയം**

മെഡിക്കൽ പ്രവേശനം സംബന്ധിച്ച അനിശ്ചിതാവസ്ഥ (നോട്ടീസ് നൽകിയ അംഗം സീറ്റിലില്ലാതിരുന്നതിനാൽ അടിയന്തര പ്രമേയം അവതരിപ്പിക്കപ്പെട്ടില്ല.) ...374

**IV. ശ്രദ്ധ ക്ഷണിക്കൽ**

(1) കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ സ്വകാര്യവൽക്കരണം

- ശ്രീ. കെ. സുരേഷ് കുറുപ്പ് ...378

(2) സമഗ്ര കാർഷിക നയം

- ഡോ. എൻ. ജയരാജ് ...383

**V. സബ്മിഷൻ**

(1) മൾട്ടി ലെവൽ മാർക്കറ്റിംഗ് കമ്പനി മോണിറ്ററിംഗ് അതോറിറ്റി

- ശ്രീ. എസ്. ശർമ്മ ...390

(2) പരിസ്ഥിതി കമ്മീഷൻ

- ശ്രീ. സി. കെ. ശശീന്ദ്രൻ ..391

പേജ്

(3) കഞ്ചിക്കോട് ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ്

- ശ്രീ. വി. എസ്. അച്യുതാനന്ദൻ ...393

(4) ആനന്ദപ്പള്ളി മരമടി

- ശ്രീ. ചിറ്റയം ഗോപകുമാർ ...396

(5) ഭൂമി പോക്കുവരവ്

- ശ്രീ. പി. സി. ജോർജ് ...397

(6) ക്ഷേമനിധി ഏകീകരണം

- ശ്രീ. കെ. ബാബു ...400

(7) ദേശീയ പതാക ഉയർത്തിയത് സംബന്ധിച്ച്

- ശ്രീ. ഒ. രാജഗോപാൽ ...402

**VI. മേശപ്പുറത്തുവച്ച കടലാസ്സുകൾ**

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സുകൾ ...405

**VII. റിപ്പോർട്ട് സമർപ്പണം**

(1) കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി I-ന്റെ 2016-17 സാമ്പത്തിക വർഷത്തെ ആനുകാലിക റിപ്പോർട്ട് …410

(2) വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII-ന്റെ 2016-17 സാമ്പത്തിക വർഷത്തെ ആനുകാലിക റിപ്പോർട്ട് ..410

(3) എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ 5 മുതൽ 9 വരെയുള്ള റിപ്പോർട്ടുകൾ

(4) പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ 7 മുതൽ 9 വരെയുള്ള റിപ്പോർട്ടുകൾ ...410

പേജ്

**VIII. നിയമനിർമ്മാണകാര്യം**

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുചെയ്ത പ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും ...410

i. 2017-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിനെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ ...410

ii. 2017- ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി )ബിൽ …421

iii. 2017- ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ …426

**IX. അറിയിപ്പ്**

ഓറിയന്റേഷൻ പ്രോഗ്രാം

- മി. സ്പീക്കർ …432

**അനുബന്ധം**

(1) 26-9-2016-ലെ നക്ഷത്രചിഹ്നമിടാത്ത 124-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം …433

(2) 22-8-2017-ന് ഡോ. എൻ. ജയരാജ് അവതരിപ്പിച്ച ശ്രദ്ധ ക്ഷണിക്കലിന് കൃഷി വകുപ്പുമന്ത്രി ശ്രീ. വി. എസ്. സുനിൽ കുമാർ നൽകിയ മറുപടിയുടെ മേശപ്പുറത്തുവച്ച ഭാഗങ്ങൾ. …434

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

*2017 ആഗസ്റ്റ് 22, ചൊവ്വ*

വാല്യം 168] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 10

നിയമസഭ 2017 ആഗസ്റ്റ് മാസം 22-ാം തീയതി *ചൊവ്വാഴ്ച* രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

### I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തിലേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

### (I) വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ....ഓർഡർ.... ചോദ്യം നമ്പർ *301

(ചോദ്യോത്തരവേള ആരംഭിച്ചപ്പോൾത്തന്നെ കേരള സംസ്ഥാന ബാലാവകാശ കമ്മീഷനിലെ രണ്ടംഗങ്ങളുടെ നിയമനവുമായി ബന്ധപ്പെട്ട് ആരോഗ്യ വകുപ്പുമന്ത്രി അധികാര ദുർവിനിയോഗം നടത്തിയതായി ഹൈക്കോടതി പരാമർശമുണ്ടായതിനാൽ ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി ശ്രീമതി കെ. കെ. ശൈലജ ടീച്ചർ രാജിവയ്ക്കണമെന്നാവശ്യപ്പെട്ട് യു.ഡി.എഫ് അംഗങ്ങൾ ബാനറുകളും പ്ലക്കാർഡുകളും ഉയർത്തിപ്പിടിച്ച് അവരവരുടെ ഇരിപ്പിടങ്ങളിൽ എഴുന്നേറ്റുനിന്ന് മുദ്രാവാക്യം വിളിച്ചുകൊണ്ടിരുന്നു.)

#### ജലപാതകളുടെ നിർമ്മാണ പുരോഗതി

1 (*301) ശ്രീ. എ. എം. ആരിഫ്:
ശ്രീ. എം. രാജഗോപാലൻ:
ശ്രീ. എം. മുകേഷ്:
ശ്രീ. ബി. സത്യൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരിസ്ഥിതി മലിനീകരണവും ചെലവും കുറഞ്ഞ ഗതാഗതമാർഗ്ഗമായ ജലഗതാഗതം പ്രോത്സാഹിപ്പിക്കാനായി നടത്തിയ പ്രവർത്തനങ്ങൾ അറിയിക്കാമോ;

(ബി) ദേശീയ ജലപാതയുടെ നിർമ്മാണ പുരോഗതി അറിയിക്കാമോ;

(സി) ചരക്കുഗതാഗതത്തിനായി കൊല്ലം-കോവളം, നീലേശ്വരം-കോട്ടപ്പുറം എന്നീ അനുബന്ധ ജലപാതകൾ വികസിപ്പിച്ച് കേരളത്തിലെ തുറമുഖങ്ങളുമായി ബന്ധിപ്പിക്കുന്ന നിർമ്മാണ പ്രവൃത്തിയുടെ പുരോഗതി അറിയിക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ,

(എ) 2020-ഓടെ പൂർത്തിയാക്കുന്ന തരത്തിലാണ് ജലഗതാഗതം വികസിപ്പിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ വിഭാവന ചെയ്തിരിക്കുന്നത്. കോവളം മുതൽ നീലേശ്വരം വരെയുള്ള ജലപാതയുടെ കൊല്ലം മുതൽ കോഴിക്കോട് വരെയുള്ളത് ദേശീയ ജലപാതയാണ്. കോഴിക്കോട് മുതൽ നീലേശ്വരം വരെയുള്ള ഭാഗം സംസ്ഥാന ജലപാതയായി വികസിപ്പിക്കുന്നതിനാണ് ഊന്നൽ നൽകുന്നത്. സംസ്ഥാന ജലപാതാ വികസനത്തിനായി ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിച്ചിട്ടുണ്ട്. കോവളം മുതൽ കൊല്ലം വരെയുള്ള സംസ്ഥാന ജലപാത പൂർണ്ണമായും ഗതാഗതയോഗ്യമാക്കുന്നതിന്റെ ഭാഗമായി പാർവ്വതി പുത്തനാറിന്റെ വികസനം ലക്ഷ്യമാക്കി 80 കോടി രൂപയുടെ പദ്ധതിയാണ് വിഭാവന ചെയ്തിട്ടുള്ളത്. വർക്കല തുരങ്കങ്ങൾ വീതികൂട്ടി വികസിപ്പിക്കുന്നതിനുള്ള പഠനങ്ങൾ നടന്നുവരുന്നു. ഇതോടൊപ്പം മലബാർ മേഖലയിൽ കോഴിക്കോട് മുതൽ നീലേശ്വരം വരെ വിവിധ പദ്ധതികൾക്കുള്ള ഭരണാനുമതി നൽകിക്കഴിഞ്ഞിട്ടുണ്ട്.

(ബി) ദേശീയ ജലപാതയുടെ നിർമ്മാണ പ്രവർത്തനങ്ങളും സംരക്ഷണവും നവീകരണവും കേന്ദ്ര ഗവൺമെന്റ് സ്ഥാപനമായ ഇൻലാന്റ് വാട്ടർവേയ്സ് അതോറിറ്റി ഓഫ് ഇൻഡ്യ (IWAI)-യുടെ കീഴിലാണ് നടപ്പിലാക്കിവരുന്നത്. കൊല്ലം മുതൽ കോട്ടപ്പുറംവരെയുള്ള 168 കിലോമീറ്റർ ഭാഗം ഗതാഗതയോഗ്യമാക്കിയിട്ടുണ്ട്.

(സി) കോവളം മുതൽ നീലേശ്വരംവരെയുള്ള പ്രധാന ജലപാതയുടെ വികസന പ്രവർത്തനങ്ങൾ പൂർത്തിയാകുന്നമുറയ്ക്ക് മാത്രമെ അവയെ വിവിധ തുറമുഖങ്ങളുമായി ബന്ധിപ്പിക്കുന്നതിനുള്ള ലിങ്ക് കനാലുകൾ നിർമ്മിക്കുന്നത് പരിശോധിക്കാൻ കഴിയുകയുള്ളൂ.

(മുദ്രാവാക്യം വിളിച്ചുകൊണ്ടിരുന്ന പ്രതിപക്ഷാംഗങ്ങൾ സ്വസ്ഥാനങ്ങളിൽ ഉപവിഷ്ടരായി.)

ശ്രീ. എ. എം. ആരിഫ്: സർ, നമ്മുടെ രാജ്യത്താകെ 14,500 കി.മീ. ജലപാതയുള്ളതായാണ് ഇൻലാന്റ് വാട്ടർവേയ്സ് അതോറിറ്റി ഓഫ് ഇന്ത്യ

കണക്കാക്കിയിട്ടുള്ളത്. ഇതിൽ 5200 കി. മീ. നദികളും 4000 കി.മീ. കനാലുകളും യന്ത്രയാനങ്ങൾ ഉപയോഗിച്ച് ചരക്ക് ഗതാഗതത്തിനായി പ്രയോജനപ്പെടുത്താമെന്ന് കണ്ടെത്തിയിട്ടുണ്ട്. അതിൽത്തന്നെ 1548 കി. മീ ജലപാതയും കേരളത്തിലാണ്. ഒരുകാലത്ത് സുഗന്ധവ്യഞ്ജനങ്ങളും പലചരക്കുമെല്ലാം ഉൾപ്പെടുന്ന ചരക്ക് ഗതാഗതം ഈ ജലപാതയിലൂടെയായിരുന്നു. എന്നാൽ ഇന്ന് അത് പ്രയോജനപ്പെടുത്താത്ത ഏകസംസ്ഥാനം കേരളമാണെന്ന പരാതിയാണ് ഉയർന്നുവന്നുകൊണ്ടിരിക്കുന്നത്. ഇതിനൊരു പരിഹാരം കാണാനായി 2020 ടാർജറ്റ് ഡേറ്റായി കണക്കാക്കി സിയാൽ കമ്പനിയെ ചുമതലപ്പെടുത്തി ലക്ഷ്യബോധത്തോടുകൂടി വളരെ നല്ല നിലയിലുള്ള പ്രവർത്തനമാണ് ഇത് പൂർത്തീകരിക്കുന്നതിനുവേണ്ടി അങ്ങ് നിർവ്വഹിക്കുന്നത്. അതിന് അങ്ങയെ പ്രത്യേകമായി അഭിനന്ദിക്കുന്നു. കായൽ കയ്യേറ്റം തടയാനും കായൽ സൗന്ദര്യം പ്രയോജനപ്പെടുത്താനും കായലിന്റെ ഇരുകരകളിലും റോഡോ നടപ്പാതയോ നിർമ്മിച്ചും ഫിഷ്‌ലാന്റിംഗ് സെന്ററുകൾ സ്ഥാപിച്ചും കായലോരം ആകർഷകമാക്കുന്ന ഘടകങ്ങൾ, അതായത് ചെടികളും ഇല്യൂമിനേഷൻ ലൈറ്റുകളും സ്ഥാപിച്ച് ടൂറിസം ആങ്കിളിൽ നിർമ്മിക്കാനാവശ്യമായ നിർദ്ദേശം സിയാലിന് നൽകുമോ?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, ജലപാത കേരളത്തിന്റെ സ്വപ്ന പദ്ധതിയാണ്. ഇതുവരെ അത് പൂർണ്ണതയിലെത്തിക്കാൻ നമുക്ക് കഴിഞ്ഞിട്ടില്ല. പല കാരണങ്ങളാൽ സാവധാനമായിപ്പോകുകയാണ്. ഇക്കാര്യത്തിൽ വേഗത കൂട്ടുന്നതിനുവേണ്ടി സിയാലിനെ പൂർണ്ണമായി ഏൽപ്പിക്കുകയല്ല, സിയാലും കേരളാ ഗവൺമെന്റും ചേർന്ന ഒരു കമ്പനിയാണ് SPV-ആയി വരുന്നത്. അതിന്റെ നേതൃത്വത്തിൽ പ്രവർത്തനം നടക്കുമ്പോൾ ജലഗതാഗതം മാത്രമല്ല, കോവളം മുതൽ നീലേശ്വരം-കാഞ്ഞങ്ങാട് വരെയുള്ള ഭാഗം ദീർഘമായ ജലപാതയായാണ് വരുന്നത്. ഇത് ടൂറിസ്റ്റുകൾക്ക് ഏറ്റവും ആകർഷകമായ ഒന്നായിരിക്കും. ബഹുമാന്യനായ അംഗം ചൂണ്ടിക്കാണിച്ചതുപോലെ ഇതിന്റെ രണ്ടുകരകളിലും ആകർഷകമായ ഒട്ടേറെ കാര്യങ്ങൾ വരും. അതിന്റെ ഭാഗമായി ജലപാതയുടെ കരയിലെ ഓരോ പ്രദേശത്തുമുള്ള പ്രത്യേക മാർക്കറ്റുകളടക്കം വികസിപ്പിച്ചു കൊണ്ടുള്ള പ്രവർത്തനം ഇതിന്റെ ഭാഗമായി നടക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇത് സമയബന്ധിതമായി പൂർത്തിയാക്കാനാണ് ശ്രമിക്കുന്നത്.

<u>ശ്രീ. എ. എം. ആരിഫ്</u>: സർ, ഇൻലാന്റ് വാട്ടർവേയ്സ് അതോറിറ്റി ഓഫ് ഇന്ത്യ ദേശീയ ജലപാതയ്ക്കായി 228.60 കോടി രൂപ ചെലവഴിച്ചതിൽ ഫലം കണ്ടില്ലെന്ന സി. ആന്റ് എ. ജി.-യുടെ വിലയിരുത്തലുണ്ടായിട്ടുണ്ട്. ആദ്യഘട്ടത്തിൽ

160-ഓളം കി.മീ. കേരള സർക്കാരിന്റെ സഹായത്തോടെ പൂർത്തിയാക്കുകയും ചെയ്തു. ഇത് പ്രയോജനപ്പെടുത്താൻ വ്യാപാരികളും വ്യവസായികളും തയ്യാറാകാത്ത സാഹചര്യമുണ്ട്. അതുകൊണ്ട് ജലപാത പ്രയോജനപ്പെടുത്താൻ വ്യാപാരി സമൂഹത്തെ നിർബന്ധിപ്പിക്കുന്നതിനുവേണ്ടി ഉന്നതതല യോഗം ചേരുന്നതിന് ആവശ്യമായ നടപടികളും സിയാൽ കമ്പനിയിൽ ഇൻലാന്റ് വാട്ടർവേയ്സ് അതോറിറ്റി ഓഫ് ഇന്ത്യയുടെ പങ്കാളിത്തമുള്ള സംവിധാനമാക്കി മാറ്റിയെടുക്കാൻ കഴിയുമോയെന്നതും പരിശോധിക്കുമോ; ചരക്ക് ഗതാഗതത്തിനുവേണ്ടി ജലപാത പൂർണ്ണമായും പ്രയോജനപ്പെടുത്താത്തതിനെക്കുറിച്ച് പരിശോധിക്കുമോ?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, ഇത് പൂർണ്ണമായും പ്രയോഗത്തിൽ വരാത്തതുകൊണ്ടാണ് ഉപയോഗം ആ രീതിയിൽ നടക്കാത്തത്. അങ്ങനെയൊരു സംവിധാനം പൂർണ്ണമായും വന്നാൽ ബഹുമാന്യനായ അംഗം ചൂണ്ടിക്കാണിച്ചതു പോലെ വ്യാപാരികളും വ്യവസായികളും ഇതുപയോഗിക്കുന്നതിന് സന്നദ്ധമാകും. നമ്മുടെ വിവിധ പൊതുമേഖലാ സ്ഥാപനങ്ങളും ഇത് നല്ലതുപോലെ ഉപയോഗിക്കുന്ന നിലവരും. ഇതിന്റെ ഉപയോഗസാധ്യതയെക്കുറിച്ച് പ്രത്യേക ആശങ്കയൊന്നും ഉണ്ടാകേണ്ടതില്ല.

<u>ശ്രീ. എം. രാജഗോപാലൻ</u>: സർ, 'കേരളത്തിന്റെ ഒരു സ്വപ്ന പദ്ധതിക്കുകൂടി ചിറക് മുളയ്ക്കുന്നു. പതിറ്റാണ്ടുകളായി ചർച്ചകളിൽമാത്രം ഒതുങ്ങിനിന്ന ജലപാതാ വികസനം മൂന്ന് വർഷത്തിനുള്ളിൽ യാഥാർത്ഥ്യമാകുമെന്ന മുഖ്യമന്ത്രിയുടെ പ്രഖ്യാപനം കേരളത്തിന്റെ ഭാവി വികസനത്തിലേയ്ക്കുള്ള ഉറച്ച കാൽവയ്പ്പാണ് എന്നത്, മലയാള മനോരമയിലെ എഡിറ്റോറിയലിൽ വന്നിട്ടുള്ള കാര്യമാണ്. ബഹുമുഖ നേട്ടങ്ങൾക്കായി ആരംഭിക്കുന്ന ഈ ജലപാതാ പദ്ധതി, നാഷണൽ ഹൈവേ വികസനം, തീരദേശ പദ്ധതി ഇതെല്ലാം ശ്രദ്ധേയമായ വികസന പദ്ധതികളാണ്. കേരളത്തെ വികസന മുരടിപ്പിലേയ്ക്ക് വലിച്ചെറിഞ്ഞ പ്രതിപക്ഷത്തിന്റെ അസഹിഷ്ണുതയിൽനിന്നും അസ്വസ്ഥതയിൽനിന്നും മുളച്ചു പൊന്തുന്ന സമരാഭാസത്തിനാണ് സഭ സാക്ഷ്യംവഹിക്കുന്നത്.

<u>മി. സ്പീക്കർ</u>: ചോദ്യം ചോദിക്കൂ.

<u>ശ്രീ. എം. രാജഗോപാലൻ</u>: സർ, നീലേശ്വരം വരെയുള്ള ജലപാത ബേക്കൽ വരെയുള്ള പദ്ധതിയായി ഇത്തവണതന്നെ മാറ്റാനുള്ള നടപടികൾ സ്വീകരിക്കുമോ?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, ബേക്കൽ നമ്മുടെ പ്രധാനപ്പെട്ട ടൂറിസം കേന്ദ്രമായതുകൊണ്ട് ബേക്കൽ വരെയെങ്കിലും ഇത് എത്തിച്ചേരണമെന്ന ആവശ്യം ഗൗരവമായി പരിഗണിച്ചുകൊണ്ടുള്ള നടപടികൾ സ്വീകരിക്കും.

ശ്രീ. എം. മുകേഷ്: സർ, കൊല്ലം- കോട്ടപ്പുറം ദേശീയ ജലപാത മൂന്നിനെയും കൊല്ലം-കോവളം സംസ്ഥാന ജലപാതയെയും തമ്മിൽ ബന്ധിപ്പിക്കുന്ന കൊല്ലം കനാൽ കൊല്ലം തുറമുഖത്തുനിന്നും മുന്നൂറ് മീറ്ററിൽ താഴെ ദൂരത്തിലാണ് സ്ഥിതി ചെയ്യുന്നത്. ഇതുസംബന്ധിച്ച ഫീസിബിലിറ്റി സ്റ്റഡി നടത്തുന്നതിനുള്ള ഒരു പ്രൊപ്പോസൽ ഞാൻ അങ്ങേയ്ക്കും ബഹുമാനപ്പെട്ട തുറമുഖ വകുപ്പുമന്ത്രിക്കും നേരത്തെ സമർപ്പിച്ചിരുന്നു. ഇതുസംബന്ധിച്ച ഫീസിബിലിറ്റി സ്റ്റഡി നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, ഇതുസംബന്ധിച്ച് പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. ബി. സത്യൻ: സർ, അനന്തമായ സാധ്യതയാണ് കേരളത്തിലെ ജലപാതാ വികസനവുമായി ബന്ധപ്പെട്ട് വരുന്നത്. ഇത് നടപ്പിലാക്കുന്നതുവഴി കോവളം, വർക്കല, അഷ്ടമുടിക്കായൽ, കുട്ടനാട്, കുമരകം, കൊച്ചി മുസരിസ്സ്, ബേക്കൽ തുടങ്ങിയ ടൂറിസം കേന്ദ്രങ്ങളുമായി സംയോജിപ്പിക്കാനും തിരുവനന്തപുരം, കണ്ണൂർ, കൊച്ചി തുടങ്ങിയ വിമാനത്താവളമടക്കമുള്ള സ്ഥലങ്ങൾ വികസിപ്പിക്കാനും കഴിയും. ഏറ്റവും അധികം വരുമാനസാധ്യതയുള്ളതുമാണ്. ഇത് ടൂറിസവുമായി ബന്ധപ്പെട്ട ബൃഹത്തായ പദ്ധതിയായിരിക്കുമോയെന്നതാണ് എന്റെ ചോദ്യം?

ശ്രീ. പിണറായി വിജയൻ: സർ, ആദ്യത്തെ പദ്ധതി കാസർഗോഡ് ജില്ലവരെയുള്ള കനാൽ എന്ന നിലയിൽ തന്നെയാണ്. കനാൽ എന്ന നിലയ്ക്കാകുമ്പോൾ ഇതിന്റെ മറ്റുസാധ്യതകൾ ശരിയായി ഉപയോഗിക്കണമെങ്കിൽ വിവിധ കേന്ദ്രങ്ങളിലേയ്ക്കുള്ള ഉപകനാലുകൾ വേണ്ടിവരും. ഉപകനാലുകൾ ടൂറിസ്റ്റ് കേന്ദ്രങ്ങളുമായും തുറമുഖങ്ങളുമായും ബന്ധപ്പെടുന്നുണ്ടാകാം. അത്തരത്തിലുള്ള വികസനസാധ്യതയാണ് ഇതിന്റെ ഭാഗമായി വരുന്നത്.

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, ദേശീയ ജലപാതയുടെ പ്രധാന ഘടകമാണ് കനോലി കനാൽ വികസനം. കനോലി കനാലിന്റെ കോഴിക്കോട് ജില്ലയിലെ കല്ലായി മുതൽ കോരപ്പുഴ വരെയുള്ള ഭാഗത്ത് ഇതുവരെ യാതൊരുവിധ പ്രവർത്തനങ്ങളും നടന്നതായി അറിയാൻ കഴിഞ്ഞിട്ടില്ല. അതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടത്തുന്നുണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

ശ്രീ. പിണറായി വിജയൻ: സർ, കോഴിക്കോട് മുതലുള്ള പ്രവർത്തനം ഇതിന്റെ ഭാഗമായി തന്നെ ഫലപ്രദമായി നടക്കും. കൂടുതൽ ശ്രദ്ധ ഇക്കാര്യത്തിലുണ്ടാവുകയും ചെയ്യും.

<u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ</u>: സർ, ദേശീയ പാതയുടെ ഏറ്റവും പ്രധാനപ്പെട്ട ഭാഗമാണ് ബഹു. സ്പീക്കറുടെ മണ്ഡലത്തിൽപ്പെട്ട പൊന്നാനി മുതൽ ചേറ്റുവ വരെയുള്ള ഭാഗം. മലബാറിൽനിന്നും കൊച്ചിയെ ദേശീയ ജലപാതയുമായി ബന്ധിപ്പിക്കുന്ന പ്രധാനപ്പെട്ട ഭാഗമാണത്. അറബിക്കടലിൽനിന്നും ഉപ്പുവെള്ളം കയറാതിരിക്കാൻ അവിടെ ചേറ്റുവ, വെളിയംകോട് എന്നീ രണ്ട് സ്ഥലങ്ങളിൽ ലോക്കുകൾ സ്ഥാപിച്ചിട്ടുണ്ട്. ചേറ്റുവ നേരത്തെ പുനർനിർമ്മിച്ചിരുന്നു. വെളിയംകോട് ഇപ്പോൾ അങ്ങയുടെ നേതൃത്വത്തിൽ പ്രവർത്തനം നടന്നു കൊണ്ടിരിക്കുകയാണ്. എന്റെ ചോദ്യം, ജലപാത എന്ന നിലയിൽ നവീകരിക്കുമ്പോൾത്തന്നെ മലിനീകരണ വിമുക്തമാക്കുകയെന്നതും വളരെ പ്രധാനപ്പെട്ട ഒരു ദൗത്യമാണ്. അതിനുവേണ്ടിയുള്ള പ്രോജക്ട് ശുചിത്വമിഷന് സമർപ്പിച്ചിട്ടുണ്ട്. അത് വേഗതയിലാക്കുന്നതിനുവേണ്ടി നടപടികൾ സ്വീകരിക്കുമോ?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, ഇതെല്ലാം ചെയ്തതിനുശേഷവും മാലിന്യം നിറയുകയാണെങ്കിൽ ആ പ്രശ്നം അതീവ ഗൗരവമായി എടുക്കേണ്ടിവരും. നമ്മുടെ ഈ സ്വപ്നപദ്ധതി പൂർത്തിയാകുന്നതോടെ മാലിന്യമടക്കം നിർമ്മാർജ്ജനം ചെയ്യുകയാണ് ചെയ്യുന്നത്. കനാലിന്റെ വിവിധ ഭാഗങ്ങളിൽ, അതായത് പാർവ്വതി പുത്തനാറിന്റെയൊക്കെ പ്രശ്നം നമുക്കറിയാവുന്നതാണ്. അതുപോലെ നിരവധി സ്ഥലങ്ങളിൽ മാലിന്യം അടിഞ്ഞുകിടക്കുന്നുണ്ട്. ഇതുമുഴുവൻ ശുദ്ധീകരിച്ച് ശുദ്ധമായ വെള്ളം കനാലിൽ ഉണ്ടാകുന്ന നിലയിലാണ് വരിക. അവിടെ വീണ്ടും മാലിന്യം കൊണ്ടിടുന്നത് നമുക്ക് സഹിക്കാവുന്നതല്ല, അതിന് കർശനമായ നടപടികളുണ്ടാകും.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, മഹാരാജാവിന്റെ കാലംമുതലുള്ള ആലപ്പുഴ-ചങ്ങനാശ്ശേരി, ആലപ്പുഴ-കോട്ടയം ജലപാതകളുടെയൊക്കെ സ്ഥിതി വളരെ ദയനീയമാണ്. ഇതിൽ ചിലതൊക്കെ ദേശീയ ജലപാതയിൽ ചേർത്തിട്ടുണ്ട്. എന്നാൽ അവിടെ കാര്യമായ നടപടികളും പണികളുമൊന്നും നടക്കുന്നില്ല. ഒരു മുൻഗണന നൽകിക്കൊണ്ട് മധ്യതിരുവിതാംകൂറിലെ പ്രധാനപ്പെട്ട ഈ സ്ഥലത്തെ ദേശീയ ജലപാതയുമായി ബന്ധിപ്പിക്കുന്നതിനു വേണ്ടിയുള്ള നടപടികൾ സ്വീകരിക്കുമോ?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, തീർച്ചയായും. നമ്മുടെ സംസ്ഥാനത്തെയാകെ വലിയ തോതിൽ അഭിവൃദ്ധിപ്പെടുത്താനുതകുന്ന രണ്ട് കനാലുകളുടെ പ്രശ്നമാണ് അദ്ദേഹം ഇവിടെ ചൂണ്ടിക്കാട്ടിയത്. അതോടൊപ്പം തന്നെ ആലപ്പുഴയുടെ പ്രത്യേകമായ വികസനത്തിന്റെ പ്രശ്നവും അതിനകത്ത് അടങ്ങിയിട്ടുണ്ട്. ആലപ്പുഴ "കിഴക്കിന്റെ വെനീസ്" എന്നൊക്കെ അറിയപ്പെടുന്നുണ്ടെങ്കിലും ഇപ്പോൾ ആ അവസ്ഥയിലല്ലെന്ന് നമുക്കറിയാം. ഇതിന്റെ ഭാഗമായിട്ടല്ലെങ്കിലും പ്രത്യേകമായിത്തന്നെ ആ പ്രശ്നം അഡ്രസ്സ് ചെയ്യാനാണ് സർക്കാർ ആഗ്രഹിക്കുന്നത്. വലിയ തോതിലുള്ള വികസനം അവിടെ പ്രത്യേകമായിത്തന്നെ കൊണ്ടുവരാനുള്ള നടപടികൾ സ്വീകരിക്കും.

<u>ശ്രീ. എ. എൻ. ഷംസീർ</u>: സർ, ദേശീയപാതകളിൽ വളരെ തിരക്കേറി കൊണ്ടിരിക്കുമ്പോൾ ഒരു ബദൽ എന്ന നിലയ്ക്കുതന്നെയാണ് ജലപാതകളുടെ നിർമ്മാണം തീരുമാനിച്ചിട്ടുള്ളത്. ജലപാതകളുടെ നിർമ്മാണത്തിന് നേതൃത്വം കൊടുക്കുന്ന മുഖ്യമന്ത്രിയെ അഭിനന്ദിക്കുന്നു. ഇത് പൂർത്തീകരിക്കുന്നതിന് ഗവൺമെന്റുതന്നെ പ്രഖ്യാപിച്ചിട്ടുള്ള time frame-നുള്ളിൽ ജില്ലകളിൽ സമയബന്ധിതമായി പൂർത്തീകരിക്കപ്പെടണമെങ്കിൽ ഇതിന് മോണിറ്ററിംഗ് സമിതിയുണ്ടാവണം. ഇത് വേഗതയിലാക്കുന്നതിനുവേണ്ടി ജില്ലകളിൽ അത്തരം മോണിറ്ററിംഗ് സമിതികളുണ്ടോ?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, ഒരു പ്രത്യേക കമ്പനിയുടെ നേതൃത്വത്തിൽ ഈ പ്രവർത്തനങ്ങൾ നടക്കുമ്പോൾ, ഇതിന്റെ മോണിറ്ററിംഗ് ജില്ലയിൽ മാത്രമല്ല, ഓരോ പ്രദേശത്തുമായി വരും. ഇതിന് ഓരോ റീച്ചുണ്ടാകും, ആ റീച്ചിന് കൃത്യമായും സമയബന്ധിതമായും കാര്യങ്ങൾ നടക്കുന്നുണ്ടോയെന്ന് പരിശോധിക്കും. ഒരു ആശങ്കയും വേണ്ട, കൃത്യമായ മോണിറ്ററിംഗും വിലയിരുത്തലുകളും തുടർനടപടികളും ഇതിന്റെ ഭാഗമായുണ്ടാകും.

<u>ശ്രീ. ഹൈബി ഈഡൻ</u>: സർ, വളരെ പ്രധാനപ്പെട്ട ഒന്നാണ് കൊല്ലം-കോട്ടപ്പുറം ദേശീയ ജലപാത. അതിന്റെ പ്രവർത്തനങ്ങൾ ഏത് തലത്തിലായി; ഈ മേഖലയിലുള്ള മത്സ്യത്തൊഴിലാളികളുടെ വലകൾ നഷ്ടപ്പെട്ടതിനുള്ള നഷ്ടപരിഹാരം കൊടുക്കാത്തത് ഇതിനൊരു തടസ്സമായി നിൽക്കുകയാണ്. അതുപോലെ തന്നെ ഈ മേഖലയിൽ ഡ്രെഡ്ജിംഗിനുണ്ടാകുന്ന വലിയ കോസ്റ്റ് കണ്ടെത്താനുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിക്കുമോ?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, കൊല്ലം-കോട്ടപ്പുറം ജലപാതയുമായി ബന്ധപ്പെട്ട ഇത്തരത്തിലുള്ള ചെറിയ പ്രശ്നങ്ങളൊന്നും ഇതിന് തടസ്സമായി വരുന്നതല്ല. അത്തരത്തിലുള്ള പ്രശ്നങ്ങളൊക്കെ നമുക്ക് പരിഹരിക്കാവുന്നതേയുള്ളൂ.

<u>ശ്രീ. വി. അബ്ദുറഹിമാൻ</u>: സർ, കനോലി കനാൽ, ദേശീയ ജലപാതയുടെ വികസനത്തിന്റെ ഭാഗമായി റീച്ച് 3-ൽ ഉൾപ്പെട്ട സ്ഥലമാണ്. രണ്ട് പ്രധാന കാര്യങ്ങളാണ് ഈ കനാൽ ഇപ്പോൾ അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്നത്. വലിയ തോതിലുള്ള മാലിന്യങ്ങൾ ഡെപ്പോസിറ്റ് ചെയ്യുന്ന അവസ്ഥയാണ് ഇവിടെയുള്ളത്. കഴിഞ്ഞ ആഗസ്റ്റ് 15-ന് 'മാലിന്യത്തിൽ നിന്നും സ്വാതന്ത്ര്യം' എന്ന മുഖ്യമന്ത്രിയുടെ പരിപാടിയുടെ ഭാഗമായി ആ പ്രദേശങ്ങളിലെ മാലിന്യത്തിന്റെ തോത് അളക്കാൻ സെൻസർ വച്ചുകൊണ്ട് റോബോട്ടിനെ ഉപയോഗിച്ച് പഠനം നടത്തുകയുണ്ടായി. കനോലി കനാലിൽ വലിയ തോതിലാണ് മാലിന്യം അടിഞ്ഞുകിടക്കുന്നത്. മറ്റൊന്ന്, port to port എന്ന സംവിധാനത്തിൽ

പൊന്നാനി-ബേപ്പൂർ, ബേപ്പൂർ-കൊച്ചി എന്നുള്ള രീതിയിൽ കനോലി കനാൽ വികസിപ്പിക്കുമ്പോൾ ബേപ്പൂർ-പൊന്നാനിയിൽ മാത്രം ഏകദേശം 37 പാലങ്ങൾ പുതുക്കിപണിയേണ്ട അവസ്ഥയുണ്ട്. അത്തരത്തിലുള്ള കാര്യങ്ങൾക്കുവേണ്ടി മുൻകൂട്ടി എന്തെങ്കിലും തീരുമാനം അങ്ങയുടെ ഭാഗത്തുനിന്നും ഉണ്ടാകുമോ?

ശ്രീ. പിണറായി വിജയൻ: സർ, ഇപ്പോൾ കനാലുള്ള സ്ഥലങ്ങളിൽ അതിനനുസരിച്ചുതന്നെ കനാലുകൾ ക്രമപ്പെടുത്താൻ നമുക്ക് സാധിക്കും. ഇത് രണ്ട് ഘട്ടമായി ചെയ്യേണ്ടിവരും. ആദ്യഘട്ടം പൂർത്തിയാക്കുക എന്നുള്ളതാണ്. രണ്ടാം ഘട്ടത്തിൽ ആവശ്യമായ പാലങ്ങളുടെ പുതുക്കിപ്പണിയലുകൾ വേണ്ടിവരും. അത് രണ്ടാംഘട്ടമായി ചെയ്യുന്നതായിരിക്കും നന്നാവുക. ആദ്യം ഒരറ്റംമുതൽ മറ്റേയറ്റം വരെ പൂർത്തിയാകുന്ന എന്ന നിലയിൽ ഉണ്ടാകുന്നതാണ് പ്രധാനം.

ശ്രീ. കെ. എം. ഷാജി: സർ, കോഴിക്കോടിനേയും ലക്ഷദ്വീപിനേയും കണ്ണൂർ, അഴീക്കൽ തുറമുഖവുമായി ബന്ധിപ്പിക്കാവുന്ന തരത്തിലുള്ള നടപടി ക്രമങ്ങൾ ഉണ്ടാകുമോ?

ശ്രീ. പിണറായി വിജയൻ: സർ, കനാൽ പോകുന്ന വഴിക്ക് പ്രത്യേക ടൂറിസ്റ്റുകേന്ദ്രങ്ങളുമായും അതിനുപരിയായി തുറമുഖങ്ങളുമായും ബന്ധിപ്പിക്കാനുള്ള നടപടികളുണ്ടാകും എന്നുള്ള കാര്യം ഞാൻ നേരത്തെ പറഞ്ഞതാണ്.

ശ്രീ. വി. ജോയി: സർ, കോവളം-കൊല്ലം ജലപാതയ്ക്ക് തടസ്സമായി നിൽക്കുന്നത് വർക്കലയിലെ 3 പ്രധാനപ്പെട്ട തുരപ്പുകളാണ്. ഈ തുരപ്പുകൾ വീതികൂട്ടുന്നതിന് എന്തെങ്കിലും നടപടികൾ സർക്കാർ സ്വീകരിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, വർക്കലയിലെ തുരങ്കങ്ങളുമായി ബന്ധപ്പെട്ട് ആവശ്യമായ പഠനങ്ങൾ ഇപ്പോൾത്തന്നെ നടക്കുന്നുണ്ട്. ഈ അടുത്ത ദിവസമാണ് കൊങ്കൺ റെയിൽവേയുമായി ബന്ധപ്പെട്ട വിദഗ്ദ്ധ സംഘം അവിടെവന്ന് കാര്യങ്ങൾ പഠിച്ചുപോയിട്ടുള്ളത്. അതിനാവശ്യമായ നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. കെ. സി. ജോസഫ്: സർ, ഗെയിൽ പൈപ്പ്‌ലൈനടക്കമുള്ള കാര്യങ്ങളിൽ വികസന പ്രശ്നങ്ങളിൽ ജനങ്ങളെ ഇളക്കിവിട്ട് തടസ്സങ്ങൾ ഉണ്ടാക്കാനുള്ള ശ്രമങ്ങൾ നടക്കുന്ന അവസരമാണിത്. ആ സാഹചര്യത്തിൽ ശ്രീ. ഹൈബി ഈഡൻ ചൂണ്ടിക്കാട്ടിയതുപോലെ കൊല്ലം-കോട്ടപ്പുറം സെക്ടറിലുള്ള മത്സ്യത്തൊഴിലാളികളുടെ ചീനവലകൾ മാറ്റുന്നത് സംബന്ധിച്ച പ്രശ്നങ്ങൾ ഗവൺമെന്റ് ഗൗരവമായി കണക്കിലെടുക്കുന്നതാണ്. അവർക്കാവശ്യമായ കോമ്പൻസേഷൻ കൊടുത്തില്ലെങ്കിൽ പഴയതുപോലുള്ള പ്രശ്നങ്ങൾ വീണ്ടും ഉണ്ടാകാൻ സാധ്യതയുണ്ട്. അതിന് തടസ്സങ്ങളുണ്ടാകും. അതുകൊണ്ട് ആ കാര്യത്തിന് കുറച്ചുകൂടി ഗൗരവം കൊടുക്കാനും തൃപ്തികരമായ കോമ്പൻസേഷൻ കൊടുത്ത് അവരെ ഒഴിവാക്കാനുമുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, മത്സ്യത്തൊഴിലാളികളുടെ ഉപജീവനത്തിന് ഒരുതരത്തിലുള്ള തടസ്സവുമുണ്ടാക്കാതിരിക്കാൻ നല്ലതുപോലെ ശ്രദ്ധിക്കും. എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടാകുന്നുവെങ്കിൽ അതിനാവശ്യമായ നഷ്ടപരിഹാരവും നൽകുന്നതായിരിക്കും.

മി. സ്പീക്കർ: ചോദ്യോത്തരവേള ഫലപ്രദമായി ഉപയോഗിച്ചാൽ എങ്ങനെയായിരിക്കുമെന്നുള്ളതിന്റെ ഒരു ഉദാഹരണമാണ് ഈ ചോദ്യം. 16 മിനിറ്റുകൊണ്ട് ഇത്രയുംപേർക്ക് ഉപചോദ്യങ്ങൾ ചോദിക്കാനുള്ള അവസരം കിട്ടി.

**കോളറ വ്യാപനം തടയുന്നതിന് മുൻകരുതലുകൾ**

2 (*302) ശ്രീ. ജോർജ് എം. തോമസ്:
ശ്രീ. ഒ. ആർ. കേളു:
ശ്രീ. രാജു എബ്രഹാം:
ശ്രീ. എൻ. വിജയൻ പിള്ള: താഴെകാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നഗരത്തിൽ ഇതര സംസ്ഥാന തൊഴിലാളികളിൽ ചിലർക്ക് കോളറ സ്ഥിരീകരിക്കുകയും പത്തനംതിട്ടയിൽ ഒരാൾ മരണപ്പെടുകയും ചെയ്ത സാഹചര്യത്തിൽ രോഗവ്യാപനം തടയുന്നതിനായി സ്വീകരിച്ചിട്ടുള്ള മുൻകരുതലുകൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ ;

(ബി) തട്ടുകടകളിലും റസ്റ്റോറന്റുകളിലും നൽകുന്ന ആഹാര പദാർത്ഥങ്ങൾ ശുചിത്വമുള്ളതാണെന്നും രോഗവ്യാപനത്തിന് ഇടയാക്കുന്നതല്ലെന്നും ഉറപ്പുവരുത്താൻ എടുത്തിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ;

(സി) ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമപ്രകാരം, സംസ്ഥാനത്ത് ഭക്ഷ്യ ഉൽപ്പാദന-സംഭരണ-വിതരണ രംഗത്ത് പ്രവർത്തിക്കുന്നവരെല്ലാം ലൈസൻസോ രജിസ്ട്രേഷനോ നേടിയിട്ടുണ്ടോ; ഇത്തരം സ്ഥാപനങ്ങളിലൂടെ വിൽക്കുന്ന ഭക്ഷ്യ പദാർത്ഥങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കാൻ എന്തെങ്കിലും സംവിധാനം ഉണ്ടോയെന്ന് അറിയിക്കാമോ?

(ആരോഗ്യ വകുപ്പുമന്ത്രി ശ്രീമതി കെ. കെ. ശൈലജ ടീച്ചർ രാജിവയ്ക്കണമെന്നാവശ്യപ്പെട്ട് പ്രതിപക്ഷാംഗങ്ങൾ ബാനറുകളും പ്ലക്കാർഡുകളും ഉയർത്തിപ്പിടിച്ച് അവരവരുടെ ഇരിപ്പിടങ്ങളിൽ എഴുന്നേറ്റുനിന്ന് മുദ്രാവാക്യം മുഴക്കി സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

ആരാഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ,

(എ) പകർച്ചവ്യാധി നിയന്ത്രണ പ്രവർത്തനങ്ങളുടെ ഭാഗമായി എല്ലാ ജില്ലകളിലും ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥർ തുടർച്ചയായി ഇതര സംസ്ഥാന തൊഴിലാളി ക്യാമ്പുകൾ സന്ദർശിച്ച് തൊഴിലാളികളുടെ വ്യക്തിശുചിത്വം, പരിസര ശുചിത്വം, കുടിവെള്ള ശുചിത്വം തുടങ്ങിയവ നിരീക്ഷിച്ച് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. സംസ്ഥാനത്ത് നിലവിലുള്ളതും ഇതര സംസ്ഥാന തൊഴിലാളികളുടെ വരവോടെ ഉണ്ടായിട്ടുള്ളതുമായ ആരോഗ്യ പ്രശ്നങ്ങൾ ഇല്ലായ്മ ചെയ്യുക എന്ന ലക്ഷ്യത്തോടെ സംസ്ഥാന ആരോഗ്യ വകുപ്പ് 'ഹെൽത്തി കേരള' എന്ന പേരിൽ സമഗ്രമായ ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ഈ പദ്ധതിയുടെ ഭാഗമായി ഇതര സംസ്ഥാന തൊഴിലാളികളുടെ തൊഴിൽ സ്ഥലങ്ങളും വാസസ്ഥലങ്ങളും പരിശോധനയ്ക്ക് വിധേയമാക്കുകയും അവരിൽ മലമ്പനി, മന്ത്, കോളറ, കാൻസർ, കുഷ്ഠം, ക്ഷയം തുടങ്ങിയ പകർച്ചവ്യാധികൾ ഉള്ളവരെ കണ്ടെത്തുകയും വേണ്ട ചികിത്സ നൽകുകയും ചെയ്യുന്നുണ്ട്. ഇതര സംസ്ഥാന തൊഴിലാളികളുടെ കേന്ദ്രത്തിൽ മെഡിക്കൽ ക്യാമ്പും അവരുടെ ഭാഷയിൽത്തന്നെ ബോധവൽക്കരണ ക്ലാസ്സുകളും ആരോഗ്യ വകുപ്പ് നടത്തിവരുന്നുണ്ട്.

കോഴിക്കോട് ജില്ലയിൽ രോഗബാധിത പ്രദേശങ്ങളിൽ എല്ലാ കുടിവെള്ള സ്രോതസ്സുകളും തുടർച്ചയായി സൂപ്പർ ക്ലോറിനേഷൻ നടത്തിവരുന്നു. കോളറ രോഗം വ്യാപിക്കുന്നത് തടയുന്നതിനുവേണ്ടി ആഹാരപദാർത്ഥങ്ങൾ വിൽക്കുന്ന തട്ടുകടകൾ, വഴിയോര ഭക്ഷണശാലകൾ, ഹോട്ടലുകൾ, റസ്റ്റോറന്റുകൾ, ക്യാന്റീനുകൾ എന്നിവ നടത്തുന്നവരുടെ പ്രത്യേക മുൻകരുതലിനും ജാഗ്രതയ്ക്കുമായി ഭക്ഷ്യ-സുരക്ഷാ വകുപ്പ് പരസ്യം തയ്യാറാക്കി സംസ്ഥാനത്തൊട്ടാകെ വിവിധ പത്രമാധ്യമങ്ങളിലൂടെ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(ബി) തട്ടുകടകളിലും റസ്റ്റോറന്റുകളിലും പ്രത്യേക പരിശോധനകൾ നടത്തുകയും ഭക്ഷ്യ സാമ്പിളുകൾ ശേഖരിച്ച് ലാബിൽ പരിശോധനയ്ക്ക് അയയ്ക്കുകയും ചെയ്യുന്നു. ശുചിത്വനിലവാരം ഉറപ്പുവരുത്തുന്നതിനായി കർശന നിർദ്ദേശങ്ങൾ അടങ്ങിയ നോട്ടീസുകൾ നൽകുന്നു. വീഴ്ചവരുത്തുന്നവർക്കെതിരെ പിഴ ഉൾപ്പെടെ പ്രോസിക്യൂഷൻ, അഡ്ജ്യൂഡിക്കേഷൻ നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമപ്രകാരം സംസ്ഥാനത്ത് ഭക്ഷ്യ ഉല്പാദന-സംഭരണ-വിതരണ രംഗത്ത് പ്രവർത്തിക്കുന്നവർക്കെല്ലാം ലൈസൻസോ രജിസ്ട്രേഷനോ നിർബന്ധമാക്കിയിട്ടുണ്ട്.

സംസ്ഥാനത്ത് ഈ വർഷം ഭക്ഷ്യ ഉല്പാദന, വിതരണ, വിൽപ്പന നടത്തുന്ന 37348 പേർക്ക് ലൈസൻസും 146028 പേർക്ക് രജിസ്ട്രേഷനും നൽകിയിട്ടുണ്ട്. ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ കീഴിലുള്ള തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ലാബുകളിൽ ഭക്ഷ്യ പദാർത്ഥങ്ങളുടെ ഗുണനിലവാരം പരിശോധിച്ച് ഉറപ്പുവരുത്തുന്നതിനുള്ള ഉന്നതനിലവാരത്തിലുള്ള സംവിധാനവും നിലവിലുണ്ട്.

ശ്രീ. ജോർജ് എം. തോമസ്: സർ, അന്യഭാഷാ തൊഴിലാളികളിലൂടെയാണ് കോളറ പകരുന്നതെന്ന സൂചന ഇവിടെ നൽകിയ മറുപടിയിലുണ്ട്. ഈ വർഷം കോഴിക്കോട് മെഡിക്കൽ കോളേജിൽ റിപ്പോർട്ടുചെയ്ത എട്ട് കേസുകളിൽ മൂന്ന് എണ്ണത്തിലാണ് കോളറ സ്ഥിരീകരിച്ചത്. കോളറ ബാക്ടീരിയ അന്യഭാഷാ തൊഴിലാളികളിൽനിന്നും വന്നതല്ല, ആ പ്രദേശത്തെ കിണറുകളിലെ മാലിന്യം കാരണമാണെന്നാണ് കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗം പരിശോധിച്ചപ്പോൾ കണ്ടെത്തിയത്. കാലാവസ്ഥാ മാറ്റവും ഇതിന് വലിയൊരു ഘടകമായി മാറുന്നുണ്ട്. ശക്തമായ വേനലുണ്ടാകുമ്പോൾ ആൽഗ എന്ന പ്രത്യേക ഇനത്തിൽപ്പെടുന്ന സസ്യത്തിൽനിന്നും വലിയ ബ്രീഡിംഗ് ഗ്രൗണ്ടായി ഈ കോളറ ബാക്ടീരിയ വളരുകയാണ്. മഴക്കാലത്ത് പ്രതിരോധശേഷി കുറയുമ്പോൾ ഇത് കൂടുതൽ അറ്റാക്ക് ചെയ്യും. മുഖ്യമന്ത്രി ഇന്നലെ വിശദീകരിച്ചതുപോലെ കാലാവസ്ഥാ വ്യതിയാനത്തിന്റെ ഭാഗമായി, പ്രത്യേക തയ്യാറെടുപ്പുകൾ നടത്തിക്കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ അതിന്റെ ഭാഗമായി കോളറകൂടി പ്രതിരോധിക്കാൻ, രോഗം വരുന്നതിനുമുമ്പുതന്നെ കിണറുകളെല്ലാം ക്ലോറിനേറ്റ് ചെയ്യാനാവശ്യമായ സംവിധാനമുണ്ടാക്കണം.അതിനാവശ്യമായിട്ടുള്ള തീരുമാനമെടുക്കുമോ എന്നതാണ് ചോദ്യം?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, സർക്കാർ ഇത് വളരെ ഗൗരവമായി പരിശോധിച്ചുവരികയാണ്. ഇതരദേശ തൊഴിലാളികളായ മൂന്ന് പേർക്ക് കോളറ ബാധിച്ചിട്ടുണ്ടായിരുന്നു. അതിൽ ഒരാൾ കോളറ ബാധിച്ചതിനുശേഷമാണ് സംസ്ഥാനത്തേയ്ക്ക് വന്നത്. ചികിത്സ തേടാൻ അല്പം വൈകിയതുമൂലം ഒരാൾ മരണപ്പെട്ടു. ഇതരദേശ തൊഴിലാളികളുടെ ഇടയിൽ മാത്രമാണ് കോളറയുടെ സാധ്യതയുള്ളതെന്ന് പറയാൻ കഴിയില്ല. ശുദ്ധജലം മലിനീകരിക്കപ്പെടുന്നതിന്റെ ഭാഗമായി കോളറ വരാനുള്ള സാധ്യത മുന്നിൽ കണ്ടുകൊണ്ട് കിണറുകളും മറ്റ് കുടിവെള്ള സ്രോതസ്സുകളുമെല്ലാം പരിശോധിക്കുന്നതിന് തയ്യാറായിട്ടുണ്ട്. ആരോഗ്യ വകുപ്പും ഭക്ഷ്യസുരക്ഷാ വകുപ്പും ഈ കാര്യം വളരെ ശ്രദ്ധയോടെ ഏറ്റെടുത്തിട്ടുണ്ട്. കോളറ വ്യാപിക്കുന്നതിന് കാരണമായ ഇത്തരം ബാക്ടീരിയകളെ ചില പ്രദേശങ്ങളിൽ കണ്ടെത്തിയിട്ടുണ്ട്. പരിഹാരനടപടികൾ അടിയന്തരമായി സ്വീകരിച്ചതിന്റെ ഫലമായിട്ടാണ് കോളറ പടരാതിരുന്നത്. കിണറുകളിലെയും മറ്റും വെള്ളം പരിശോധിച്ചുകൊണ്ട് കോളറ തടയുന്നതിനാവശ്യമായ നടപടികൾ ഭക്ഷ്യസുരക്ഷാ വകുപ്പ് ദ്രുതഗതിയിൽ സ്വീകരിച്ചുവരികയാണ്.

<u>ശ്രീ. ജോർജ് എം. തോമസ്</u>: സർ, ആരോഗ്യ പ്രതിരോധ മേഖലയിൽ ലോകത്ത് ഏറ്റവും ശ്രദ്ധേയമായ പ്രവർത്തനം കാഴ്ചവയ്ക്കുന്ന രാജ്യമാണ് ക്യൂബ. 2014-ൽ സംസ്ഥാന ഗവൺമെന്റിന്റെ ക്ഷണമനുസരിച്ച് ക്യൂബയിൽ നിന്നുള്ള ഒരു വിദഗ്ദ്ധ സംഘം കേരളത്തിൽ വരികയും ആരോഗ്യ വകുപ്പുമായി വിവിധ തലത്തിലുള്ള ചർച്ചകൾ നടത്തുകയും തുടർന്ന് അവരുടെ സഹായം ലഭ്യമാക്കാമെന്ന് വാഗ്ദാനം ചെയ്യുകയുമുണ്ടായി. എന്നാൽ 2014-നുശേഷം ആ പ്രക്രിയ സംബന്ധിച്ച് അന്നത്തെ ഗവൺമെന്റോ ആരോഗ്യ വകുപ്പുമന്ത്രിയോ ശ്രദ്ധിച്ചില്ല. ഈ പുതിയ കാലഘട്ടത്തിൽ ക്യൂബയുടെ ആരോഗ്യമാതൃക പിന്തുടരുന്നതിനുവേണ്ടി മന്ത്രിയുടെയും തെരഞ്ഞെടുക്കപ്പെടുന്ന എം.എൽ.എ.-മാരുടെയും നേതൃത്വത്തിൽ ഒരു ഉന്നതതലസംഘം ക്യൂബ സന്ദർശിച്ച് കാര്യങ്ങൾ പരിശോധിച്ച് അത് നടപ്പിലാക്കുന്നതിനാവശ്യമായിട്ടുള്ള നടപടികൾ സ്വീകരിക്കുമോ?

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: സർ, ഇതുസംബന്ധിച്ച് ചർച്ച നടത്തുകയും വിദഗ്ദ്ധരെ ഉൾപ്പെടുത്തിക്കൊണ്ട് പരിഹാരമാർഗ്ഗങ്ങൾ തേടുകയും ചെയ്തിട്ടുണ്ട്. ഫലപ്രദമായ പരിഹാരമാർഗ്ഗങ്ങൾ ഏതെങ്കിലും രാജ്യങ്ങളിലുണ്ടെങ്കിൽ അത് പരിശോധിക്കുന്നതിനും സർക്കാർ തയ്യാറാണ്. പ്രത്യേകിച്ച് ക്യൂബ ആരോഗ്യരംഗത്ത് വളരെ മാതൃകാപരമായ പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുന്ന രാജ്യമാണ്. ബഹുമാനപ്പെട്ട അംഗം പറഞ്ഞകാര്യം പരിശോധിച്ച് പിന്നീട് തീരുമാനിക്കാവുന്നതാണ്.

<u>ശ്രീ. ഒ. ആർ. കേളു</u>: സർ, കോളറ നിയന്ത്രിക്കാൻ ആരോഗ്യ വകുപ്പ് വളരെ കാര്യക്ഷമമായി ഇടപെട്ടിട്ടുണ്ട്. തുടർന്നും കേരളത്തിൽ കോളറ പിടിപെടാതിരിക്കുന്നതിനുവേണ്ടി മുൻകരുതലെന്നനിലയ്ക്ക് ആരോഗ്യ വകുപ്പ് എന്തെങ്കിലും ചെയ്തുവരുന്നുണ്ടോ?

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: സർ, ഇപ്പോൾത്തന്നെ ഇത്തരം പരിശോധനകൾ തുടർച്ചയായി നടത്തിവരികയാണ്. ആരോഗ്യവകുപ്പും ഭക്ഷ്യസുരക്ഷാ വിഭാഗവും കൃത്യമായ തുടർപരിശോധനകൾ നടത്തി വരികയാണെന്ന് ഞാൻ നേരത്തെ പറഞ്ഞു. 'ഹെൽത്തി കേരള' ക്യാമ്പയിൻ തുടർച്ചയായി നടക്കുന്ന ഒരു പ്രക്രിയയാണ്. അത് മാത്രമല്ല പകർച്ചവ്യാധി നിയന്ത്രണത്തിന്റെ ഭാഗമായി തുടർച്ചയായി ക്യാമ്പയിൻ നടത്താനുള്ള മൈക്രോ പ്ലാൻ അടക്കം തയ്യാറാക്കിക്കൊണ്ട് രോഗപ്രതിരോധത്തിനുള്ള പരിശ്രമങ്ങൾ ആരോഗ്യ വകുപ്പ് കൃത്യമായി നടത്തിക്കൊണ്ടിരിക്കുകയാണ്.

ശ്രീ. രാജു എബ്രഹാം: സർ, കോളറ വ്യാപനമുണ്ടായ ഉടൻതന്നെ ഫലപ്രദമായി ഇടപെട്ട് അത് തടയാൻ നേതൃത്വം നൽകിയ ആരോഗ്യ വകുപ്പുമന്ത്രിയെ ഞാൻ പ്രത്യേകമായി അനുമോദിക്കുകയാണ്. ഭക്ഷ്യവകുപ്പുമായി മാത്രമല്ല, തദ്ദേശസ്വയംഭരണ വകുപ്പുമായികൂടി ഇക്കാര്യം ആലോചിക്കണം. ഇതരസംസ്ഥാന തൊഴിലാളികൾ താമസിക്കുന്ന സ്ഥലങ്ങളിൽ നൂറ് ആളുകൾക്ക് ഒരു ശൗചാലയം മാത്രമാണ് ആകെയുള്ളത്. ലൈസൻസില്ലാതെയും യാതൊരു നിയന്ത്രണങ്ങളില്ലാതെയുമുള്ള നിരവധി സ്ഥലങ്ങൾ ഇവിടെയുണ്ട്. വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് ഇക്കാര്യത്തിൽ അടിയന്തര നടപടി സ്വീകരിക്കുമോ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് ശരിയാണ്. വിവിധ വകുപ്പുകളുടെ ഏകോപനം ഇതിനാവശ്യമാണ്. തദ്ദേശസ്വയംഭരണ വകുപ്പുമായി ഇക്കാര്യം ആലോചിച്ചിട്ടുണ്ട്. ഇതരസംസ്ഥാന തൊഴിലാളികൾ താമസിക്കുന്ന പ്രദേശങ്ങൾ ആരോഗ്യ വകുപ്പിന്റെ പ്രവർത്തകർ സന്ദർശിക്കുകയും അവിടെ ശുചിത്വമില്ലായ്മയുണ്ടെങ്കിൽ, ശൗചാലയങ്ങളിലെ മാലിന്യങ്ങൾ സംസ്കരിക്കാനുള്ള സൗകര്യങ്ങളില്ലെങ്കിൽ അക്കാര്യം അതത് പഞ്ചായത്തുകളുടെ ശ്രദ്ധയിൽപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ചില പ്രദേശങ്ങളിലെല്ലാം നടപടിയുണ്ടായിട്ടുണ്ട്. എങ്കിലും തദ്ദേശസ്വയംഭരണ വകുപ്പുകൂടി ഇക്കാര്യങ്ങളിൽ കരുതലോടെ ഇടപെട്ടാൽ കുറേക്കൂടി പരിഹാരം കാണാവുന്നതാണ്. തൊഴിൽ വകുപ്പ് ഇക്കാര്യത്തിൽ നല്ല ഇടപെടലാണ് നടത്തിക്കൊണ്ടിരിക്കുന്നത്. ഇതരസംസ്ഥാന തൊഴിലാളികളുടെ വാസസ്ഥലങ്ങൾ വൃത്തിയും വെടിപ്പുമുള്ളതാക്കി മാറ്റുന്നതിനുള്ള പരിശ്രമം എല്ലാ വകുപ്പുകളും ചേർന്ന് നടത്തിക്കൊണ്ടിരിക്കുകയാണ്.

ശ്രീ. എൻ. വിജയൻ പിള്ള: സർ, കോളറ മുതലായ പകർച്ചവ്യാധി നിയന്ത്രണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട പ്രധാന തസ്തികയാണ് ഹെൽത്ത് ഇൻസ്പെക്ടർ തസ്തിക. എന്നാൽ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയ്ക്ക് പ്രൊമോഷനില്ല. അവർക്ക് പ്രൊമോഷൻ കൊടുക്കാനും ആരോഗ്യരംഗത്ത് കൂടുതൽ ഫലപ്രദമായ പ്രവർത്തനങ്ങൾ നടത്തുന്നതിനുംവേണ്ടിയുള്ള ശ്രമം അങ്ങയുടെ ഭാഗത്ത് നിന്നുണ്ടാകുമോ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ആരോഗ്യ വകുപ്പുമായി ബന്ധപ്പെട്ട് വിവിധ തസ്തികകളിൽ നമുക്ക് കുറവുകളുണ്ട്. അതുപോലെ പ്രൊമോഷൻ നടക്കാത്ത പ്രശ്നങ്ങളുണ്ടായിരുന്നു. അത്തരം കാര്യങ്ങൾക്കെല്ലാം പരിഹാരം കാണുന്നതിന് ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. കുറേ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടിട്ടുണ്ട്. ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയുടെ പ്രൊമോഷനും; ഹെൽത്ത് ഇൻസ്പെക്ടർമാർ ഇല്ലാത്ത സ്ഥലത്ത് അവരെ നിയമിക്കുന്നതിനുള്ള നടപടികളും തുടർന്നും സ്വീകരിക്കുന്നതാണ്.

<u>ശ്രീ. പി. സി. ജോർജ്</u>: സർ, കേരളത്തിലെ ഇന്നത്തെ ആരോഗ്യ പ്രശ്നങ്ങളെ സംബന്ധിച്ച് ഏതെങ്കിലും ഒരു ഗവൺമെന്റിനെ അഭിനന്ദിക്കുന്നതിലോ കുറ്റപ്പെടുത്തുന്നതിലോ കാര്യമില്ല. കാരണം, ലോകത്ത് ഇന്ന് ഏറ്റവുമധികം മരുന്നുപയോഗിക്കുന്ന ആളുകൾ ഈ കൊച്ചുകേരളത്തിലാണ്. രോഗികളുടെ നാടായി ഇന്ന് കേരളം മാറിയിരിക്കുകയാണ്. അതിന് ഗവൺമെന്റിനെ കുറ്റപ്പെടുത്തിയിട്ട് കാര്യമില്ല. മാലിന്യനിർമ്മാർജ്ജനവുമായി ബന്ധപ്പെട്ടാണ് ഈ പ്രശ്നമുണ്ടായിരിക്കുന്നത്. അക്കാര്യത്തിൽ എന്ത് പരിഹാരമുണ്ടാക്കാൻ കഴിയും? മാലിന്യനിർമ്മാർജ്ജനത്തിൽ വളരെ ശക്തമായി ഇടപെടേണ്ടതുണ്ട്. ഭക്ഷ്യ സുരക്ഷാ സംബന്ധമായി ഗവൺമെന്റ് ഓരോ നിയോജകമണ്ഡലത്തിലും ഒരു ഓഫീസ് തുടങ്ങിയിട്ടുണ്ട്. എന്റെ നിയോജകമണ്ഡലത്തിലെ ഓഫീസ് ഉദ്ഘാടനത്തിന് ഞാൻ പോയപ്പോൾ കോട്ടയം ജില്ലയിലെ മറ്റ് 8 നിയോജക മണ്ഡലത്തിലെയും ഓഫീസർമാർ എത്തിയിരുന്നു. ഇരുപത് കൊല്ലം പഴക്കമുള്ള ഒരു ജീപ്പിലാണ് ജില്ലാ ഓഫീസർ വന്നത്; എല്ലാവർക്കും കൂടിയുള്ള ഒരു വണ്ടിയാണത്. ഓരോ നിയോജകമണ്ഡലത്തിലും ഓരോ ഓഫീസറെ നിയമിച്ചാൽ അവർ എന്ത് ചെയ്യാനാണ്; അവർക്ക് അതിനുള്ള സംവിധാനം കൊടുക്കുകയും അതിലൂടെ ഈ കാര്യം ശക്തിയായി മുന്നോട്ടുകൊണ്ടുപോകുകയും ചെയ്താൽ മാത്രമേ ഒരു പരിധിവരെ ഈ മേഖലയിൽ മാറ്റംവരുത്താൻ കഴിയൂ. ആ കാര്യത്തിൽ ഗവൺമെന്റ് ശ്രദ്ധിക്കുമോ?

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: സർ, ഈ കാര്യത്തിൽ ഗവൺമെന്റ് നല്ല ശ്രദ്ധയാണ് ചെലുത്തിയിട്ടുള്ളത്. ഭക്ഷ്യസുരക്ഷാ വിഭാഗത്തിൽ ഉദ്യോഗസ്ഥരുടെയും മറ്റ് സൗകര്യങ്ങളുടെയുമെല്ലാം കുറവ് നന്നായിട്ടുണ്ടായിരുന്നു. ഈ ഗവൺമെന്റ് വന്നതിനുശേഷം 95 ഭക്ഷ്യസുരക്ഷാ ഓഫീസർമാരുടെ തസ്തികയാണ് ക്രിയേറ്റ് ചെയ്ത് നിയമിച്ചിട്ടുള്ളത്. മൂന്ന് മാസം നീണ്ടുനിൽക്കുന്ന പരിശീലനം അവർക്ക് നൽകുകയും ഏറ്റവും നന്നായി ഇടപെടുന്ന ഓഫീസർമാരായി അവർ മാറുകയും ചെയ്തിട്ടുണ്ട്. എങ്കിലും ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ വാഹനങ്ങളുടെ കുറവുണ്ട്, മറ്റ് ചില കുറവുകളും ഈ മേഖലയിലുണ്ട്. എന്നാൽ ഇക്കഴിഞ്ഞ ഒരു വർഷക്കാലത്തിനിടയിൽ ഭക്ഷ്യസുരക്ഷാ വിഭാഗം വളരെ മെച്ചപ്പെട്ട പ്രവർത്തനം നടത്തിയിട്ടുണ്ട്. ഇത്രയേറെ തസ്തികകൾ ക്രിയേറ്റ് ചെയ്യുന്നതും ആദ്യമായിട്ടാണ്. ഈ ഗവൺമെന്റ് വലിയ പരിഗണനയാണ് ആ മേഖലയിൽ കൊടുക്കുന്നത്. ബഹുമാനപ്പെട്ട അംഗം പറഞ്ഞ കാര്യം അന്വേഷിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. പി. ടി. എ. റഹീം: സർ, കോളറ പിടിപ്പെട്ട് എന്നുപറയുന്ന കോഴിക്കോട് ജില്ലയിലെ തെങ്ങിലക്കടവ് എന്റെ നിയോജകമണ്ഡലത്തിലെ മാവൂർ പഞ്ചായത്തിലാണ്. രണ്ട് ആളുകൾ താമസിക്കേണ്ട സ്ഥലത്ത് എട്ടും പത്തും ഇതരസംസ്ഥാന തൊഴിലാളികളാണ് താമസിക്കുന്നത്. മാത്രമല്ല, ആവശ്യമായ ശൗചാലയങ്ങളില്ലെന്നും കണ്ടെത്തിയിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ് ഇക്കാര്യത്തിൽ മുഖ്യപങ്ക് വഹിക്കേണ്ടത്. ഈ വിഷയങ്ങളൊക്കെ ഉണ്ടാകുമ്പോഴും മാവൂർ പഞ്ചായത്തിൽ ഒരു പ്രൈമറി ഹെൽത്ത് സെന്ററില്ല. അവിടെ ഒരു പി.എച്ച്.സി. ആരംഭിക്കാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, കോഴിക്കോട് ജില്ലയിലെ മാവൂരിലും പരിസരപ്രദേശത്തും കോളറ പടർന്നുപിടിക്കുന്നതിന്റെ അടിസ്ഥാനത്തിൽ ആഗസ്റ്റ് 4, 5, 8 തീയതികളിൽ കോളറ രോഗം സ്ഥിരീകരിച്ച മാവൂരിലെ നാല് ജനവാസ കേന്ദ്രങ്ങളിലും സ്കൂളിലും 12 സ്ഥാപനങ്ങളിലും ഭക്ഷ്യസുരക്ഷാ ഓഫീസറുടെ നേതൃത്വത്തിൽ പരിശോധന നടത്തുകയുണ്ടായി. കുടിവെള്ളത്തിന്റെ 12 സാമ്പിളുകൾ ശേഖരിച്ച് മൈക്രോബയോളജിക്കൽ പരിശോധനയ്ക്കായി കോഴിക്കോടുള്ള റീജിയണൽ അനലറ്റിക്കൽ ലബോറട്ടറിക്ക് നൽകിയിട്ടുണ്ട്. ഇതര സംസ്ഥാന തൊഴിലാളികൾ താമസിക്കുന്ന പ്രദേശത്ത് ഇതുപോലുള്ള പ്രശ്നങ്ങളുണ്ട്. അത് പരിഹരിക്കുന്നതിനായി തൊഴിലുടമകളുമായി ബന്ധപ്പെട്ടുകൊണ്ട് അവർക്കാവശ്യമായ താമസസൗകര്യം ഉണ്ടാക്കി കൊടുക്കേണ്ടതായിട്ടുണ്ട്. അതുപോലെ ആരോഗ്യ, ഭക്ഷ്യസുരക്ഷാ വിഭാഗവും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ചേർന്ന് ഈ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിന് ശ്രമിച്ചുവരികയാണ്. കുറേയധികം കാര്യങ്ങളിൽ പരിഹാരം കണ്ടിട്ടുണ്ട്. വീണ്ടും നമുക്ക് പരിശ്രമിക്കാം.

(ആരോഗ്യ വകുപ്പുമന്ത്രി ശ്രീമതി കെ. കെ. ശൈലജ ടീച്ചർ രാജിവയ്ക്കണമെന്നാവശ്യപ്പെട്ട് പ്രതിപക്ഷാംഗങ്ങൾ ബാനറുകളും പ്ലക്കാർഡുകളും ഉയർത്തിപ്പിടിച്ച് അവരവരുടെ ഇരിപ്പിടങ്ങളിൽ എഴുന്നേറ്റുനിന്ന് മുദ്രാവാക്യം മുഴക്കി സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

മി. സ്പീക്കർ: ബഹുമാനപ്പെട്ട അംഗങ്ങൾ സഹകരിക്കണം. ചോദ്യോത്തരവേള തടസ്സപ്പെടുത്തുന്നത് ശരിയല്ല. പ്രതിഷേധിക്കാൻ പല മാർഗ്ഗങ്ങളുണ്ട്. സഭാചട്ടങ്ങളുടെ അടിസ്ഥാനത്തിൽ പ്രതിഷേധിക്കാനുള്ള അവസരമുണ്ട്. ദയവായി സഹകരിക്കണം. വളരെ പ്രധാനപ്പെട്ട സാമൂഹിക പ്രശ്നങ്ങളാണ് ചോദ്യോത്തരവേളയിൽ ചർച്ച ചെയ്യുന്നത്.

ശ്രീമതി പി. അയിഷാ പോറ്റി: സർ, കോളറ പോലെയുള്ള പകർച്ചവ്യാധികൾ പടർന്നുപിടിച്ചപ്പോൾ, അത് വ്യാപിക്കാതിരിക്കാനുള്ള ശക്തമായ നടപടികളെടുത്തത് അങ്ങേയറ്റം അഭിനന്ദനാർഹമാണ്. മഴക്കാലത്ത് പകർച്ചവ്യാധികൾ ആവർത്തിച്ച് വരുന്നതിനെതിരെ ശക്തമായ നടപടി ഗവൺമെന്റ് സ്വീകരിക്കുന്നുണ്ട്. മഴക്കാലപൂർവ്വ ശുചീകരണമെന്നുള്ളതല്ലാതെ നിരന്തരമായ പ്രവർത്തനങ്ങളിലൂടെ, കുട്ടികളിലൂടെ ബോധവത്ക്കരണം നടത്തി വിദ്യാഭ്യാസ വകുപ്പുമായി ചേർന്നുകൊണ്ട് കുട്ടികളിൽ അവബോധം സൃഷ്ടിച്ചുകൊണ്ട് സിലബസ് പരിഷ്കരിച്ചുകൊണ്ടുള്ള ശക്തമായ നടപടി സ്വീകരിക്കുമോ; അതോടൊപ്പം ഈ ഗവൺമെന്റ് കൊണ്ടുവന്ന 'ലിറ്റിൽ ഡോക്ടർ' എന്ന പദ്ധതി ഇക്കാര്യത്തിൽ എത്രമാത്രം ഫലപ്രദമായിട്ടുണ്ടെന്നുള്ളത് വിവരിക്കാമോ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, കുട്ടികളുമായി ഇക്കാര്യം ചർച്ച ചെയ്യേണ്ടതാണ്. കുട്ടികൾക്കായി അത്തരത്തിലുള്ള ബോധവത്ക്കരണ പരിപാടികൾ ആരോഗ്യ വകുപ്പുമായി സഹകരിച്ചുകൊണ്ട് നടത്തുന്നുണ്ട്. അത് തുടർച്ചയായി നടത്താൻ സാധിക്കും. പൗരന്മാരുടെ ശുചിത്വബോധം വർദ്ധിപ്പിക്കേണ്ടത് പ്രധാനപ്പെട്ട കാര്യമാണ്. പൗരന്മാർ ഉണ്ടാക്കുന്ന മാലിന്യങ്ങൾ അവർതന്നെ സംസ്കരിക്കാനുള്ള ഉത്തരവാദിത്വമുണ്ടെന്നുള്ള സൂചനകൂടി പഞ്ചായത്ത് രാജ് നിയമത്തിൽ പറയുന്നുണ്ട്. അത് ബോധ്യപ്പെടുത്തിക്കൊണ്ട് ഓരോ പൗരനും മാലിന്യസംസ്കരണത്തിനുള്ള ഉത്തരവാദിത്വം ഏറ്റെടുക്കുന്ന അവസ്ഥ നാട്ടിലുണ്ടാകണം. മാലിന്യം വലിച്ചെറിയുന്നത് ഒഴിവാക്കാൻ സാധിക്കണം. അതോടൊപ്പം പ്രസ്തുത വകുപ്പുകളെല്ലാം ചേർന്നുകൊണ്ട് ഈ പ്രവർത്തനത്തിന് മുൻകയ്യെടുക്കുകയും വേണം. ആരോഗ്യ വകുപ്പ് അതിനുള്ള പ്രവർത്തനങ്ങൾക്ക് മുൻകയ്യെടുത്ത് നേതൃത്വം നൽകിവരികയാണ്.

ശ്രീ. കെ. ദാസൻ: സർ, കോളറ വ്യാപകമായി വരുന്നത് തീരദേശ മേഖലയിലാണ്. അവിടെ ആരോഗ്യ വകുപ്പിന്റെയും ശുചിത്വമിഷന്റെയും പ്രവർത്തനം കാര്യക്ഷമമായി നടക്കുന്നുണ്ട്. പ്രാഥമികാരോഗ്യകേന്ദ്രങ്ങളുടെ സഹായം ലഭ്യമായിട്ടും ചില പഞ്ചായത്തുകളെങ്കിലും വേണ്ടരീതിയിൽ മാലിന്യം നിർമ്മാർജ്ജനം ചെയ്യാനാവശ്യമായ നടപടി സ്വീകരിക്കുന്നില്ല. കാര്യക്ഷമമായി പ്രവർത്തിക്കാത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൂടുതൽ സഹായം നൽകുമോ; ശുചിത്വസേന രൂപീകരിക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ഇക്കാര്യത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ടെന്നുള്ള കാര്യം വിവിധ ചോദ്യങ്ങളുടെ മറുപടിയായി പറഞ്ഞിട്ടുള്ളതാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്തുത്യർഹമായ പ്രവർത്തനമാണ് നടത്തിയതെങ്കിലും ചില പഞ്ചായത്തുകൾ വേണ്ടത്ര വിജയിച്ചിട്ടില്ലെന്നുള്ള വിലയിരുത്തലാണ് ഉണ്ടായിട്ടുള്ളത്. തദ്ദേശസ്വയംഭരണ വകുപ്പ് അതിനുവേണ്ടി നല്ല പരിശ്രമം നടത്തുന്നുണ്ട്. എല്ലാ പഞ്ചായത്തുകളും ശുചീകരണ പ്രക്രിയയിൽ പങ്കാളികളാകാൻ, പ്രത്യേകിച്ച് ഹരിതകേരള മിഷന്റെ ഭാഗമായി കുറേയേറെ പ്രവർത്തനങ്ങൾ നടത്തി മുന്നോട്ടുവരുന്നുണ്ട്. അത് ഫലപ്രദമാകുമ്പോൾ മാലിന്യനിർമ്മാർജ്ജനം കൂടുതൽ ഫലപ്രദമാകും.

മി. സ്പീക്കർ: ചോദ്യം നമ്പർ *303, ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, ശ്രീ. കെ. മുരളീധരൻ, ശ്രീ. അൻവർ സാദത്ത്, ശ്രീ. വി. ടി. ബൽറാം എന്നീ അംഗങ്ങൾ ചോദ്യങ്ങൾ ചോദിക്കുന്നുണ്ടോ?

(ചോദ്യം നമ്പർ *303-ന്റെ മറുപടി പറയേണ്ടത് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രിയായതിനാൽ ചോദ്യത്തിന് നോട്ടീസ് നൽകിയിരുന്ന യു.ഡി.എഫ്. അംഗങ്ങൾ ചോദ്യം ഉന്നയിക്കാതെ ബഹളം തുടർന്നുകൊണ്ടിരുന്നതിനാൽ ബഹുമാനപ്പെട്ട സ്പീക്കർ അടുത്ത ചോദ്യത്തിലേയ്ക്ക് കടക്കുകയും യു.ഡി.എഫ്. അംഗങ്ങൾ നിശബ്ദരായി സ്വസ്ഥാനങ്ങളിൽ ഉപവിഷ്ടരാകുകയും ചെയ്തു.)

**മറൈൻ കേഡർ രൂപീകരിക്കുന്നതിന് നടപടി**

3 (*304) ശ്രീമതി ഇ. എസ്. ബിജിമോൾ:
ശ്രീ. സി. ദിവാകരൻ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. കെ. രാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടൽത്തീരം വഴിയുള്ള ഭീകരാക്രമണം തടയുന്നതിനായി മറൈൻ കേഡർ രൂപീകരിക്കുന്നതിന് തീരുമാനമുണ്ടോ എന്നറിയിക്കാമോ;

(ബി) എങ്കിൽ പ്രസ്തുത സേന രൂപീകരിക്കുന്നതിന്റെ ലക്ഷ്യങ്ങൾ വിശദമാക്കുമോ;

(സി) കോസ്റ്റൽ പോലീസ് സ്റ്റേഷനുകളിൽ ആവശ്യമായ ജീവനക്കാർ, നിരീക്ഷണ സംവിധാനങ്ങൾ, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ,

(എ) തീരദേശ സംരക്ഷണത്തിനായി ഒരു പ്രത്യേക വിഭാഗം നിലവിലുണ്ട്. ഈ വിഭാഗത്തെ പോലീസിലെ ഒരു പ്രത്യേക സേനയായി മാറ്റുന്ന കാര്യം സർക്കാർ പരിശോധിച്ചുവരികയാണ്.

(ബി) കടൽമാർഗ്ഗമുള്ള ഭീകരാക്രമണ/ കടന്നുകയറ്റ സാധ്യതകൾ ഫലപ്രദമായി തടയുക എന്നതാണ് പ്രധാന ലക്ഷ്യം.

(സി) സംസ്ഥാന സർക്കാർ പുതുതായി ആരംഭിക്കുന്ന 8 തീരദേശ പോലീസ് സ്റ്റേഷനുകളിലേയ്ക്കും ഒരു പൊലീസ് ഇൻസ്പെക്ടർ, 2 സബ് ഇൻസ്പെക്ടർ, ഒരു ഡ്രൈവർ എന്നിവരുൾപ്പെടെ 29 ജീവനക്കാരെയും ഒരു കാഷ്വൽ സ്വീപ്പറെയും നിയമിച്ചുകൊണ്ട് 30-1-2017-ൽ ഉത്തരവായിട്ടുണ്ട്. സർക്കാർ ഉത്തരവ് അനുബന്ധമായി ചേർക്കുന്നു.* കൂടാതെ സ്റ്റേഷനുകളിലെ ആവശ്യകത മനസ്സിലാക്കി സംസ്ഥാന സർക്കാർ നടപടികൾ സ്വീകരിക്കുന്നുണ്ട്.

ശ്രീമതി ഇ. എസ്. ബിജിമോൾ: സർ, തീരദേശസംരക്ഷണത്തിനായി മറൈൻ കേഡർ രൂപീകരിക്കുന്നതിനുവേണ്ടി നടപടി സ്വീകരിച്ച അങ്ങയെ പ്രത്യേകം അഭിനന്ദിക്കുകയാണ്. പുതിയതായി എട്ടോളം കോസ്റ്റൽ പോലീസ് സ്റ്റേഷനുകൾ ഇതിന് അനുബന്ധമായി ആരംഭിക്കുകയും 29 ജീവനക്കാരെ നിയമിച്ചുകൊണ്ട് 30-1-2017-ൽ സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. നിലവിലുള്ള സ്റ്റേഷനുകളിൽ ജീവനക്കാരുടെ അപര്യാപ്തതയും അടിസ്ഥാന സൗകര്യങ്ങളുടെ പ്രശ്നങ്ങളും ധാരാളമായിട്ടുണ്ട്. പ്രസ്തുത പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി സംസ്ഥാന സർക്കാർ എന്ത് നടപടികളാണ് ആലോചിക്കുന്നത്?

ശ്രീ. പിണറായി വിജയൻ: സർ, തീരദേശ പോലീസ് സ്റ്റേഷനുകളിൽ പ്രാരംഭഘട്ടത്തിൽ ആവശ്യത്തിനുള്ള തസ്തികകൾ അനുവദിക്കുകയാണ് ചെയ്തിട്ടുള്ളത്. അതിന് മറ്റ് പ്രശ്നങ്ങൾ കൂടുതലായിട്ടില്ലെന്നാണ് തോന്നുന്നത്. എന്തെങ്കിലും കുറവുകളുണ്ടെങ്കിൽ പിന്നീട് പരിശോധിച്ച് തിരുത്തുന്നതാണ്.

ശ്രീമതി ഇ. എസ്. ബിജിമോൾ: സർ, എയർസ്ട്രിപ്പ് ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് കേന്ദ്ര പ്രതിരോധ മന്ത്രാലയത്തിന്റെ അനുമതി സംസ്ഥാന സർക്കാരിന് ലഭിച്ചിട്ടുണ്ടോ; അനുമതി ലഭിച്ചിട്ടുണ്ടെങ്കിൽ തീരദേശ എയർസ്ട്രിപ്പുമായി ബന്ധപ്പെട്ട നടപടികൾ ഗവൺമെന്റിന് എന്ന് ആരംഭിക്കാൻ കഴിയും?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ശ്രീ. പിണറായി വിജയൻ: സർ, ബേക്കൽ ടൂറിസ്റ്റ് കേന്ദ്രമെന്ന നിലയിൽ എയർസ്ട്രിപ്പിന്റെ കാര്യം ആവശ്യപ്പെട്ടിട്ടുണ്ട്. പ്രത്യേകമായി വേറെ എയർസ്ട്രിപ്പുകൾ ആവശ്യപ്പെട്ടതായി എന്റെ ശ്രദ്ധയിലില്ല.

ശ്രീ. സി. ദിവാകരൻ: സർ, കേരളത്തിൽ തീരദേശം അപകടകരമായ ദീർഘമേറിയ ഏരിയയാണ്. അതുകൊണ്ട് കടൽത്തീരം വഴിയുള്ള ഭീകരാക്രമണം തടയണമെന്നാണ് കേന്ദ്ര സർക്കാരിന്റെ ലക്ഷ്യം. മറൈൻ കേഡർ രൂപീകരിച്ചിട്ടുണ്ടോ എന്നുള്ള ചോദ്യത്തിന് കുറേ പോലീസ് ഉദ്യോഗസ്ഥന്മാരെ അവിടെ നിയമിച്ചുവെന്ന മറുപടിയാണ് ലഭിച്ചിട്ടുള്ളത്. മറൈൻ കേഡറിൽ പ്രത്യേക പരിശീലനം നേടിയവരും ഭീകരന്മാരെ നേരിടാൻ പരിശീലനം ലഭിച്ചിട്ടുള്ളതുമായ ഉദ്യോഗസ്ഥരുണ്ടോ; ഇവിടത്തെ ലോക്കൽ പോലീസിലുള്ള വരെയാണ് മറൈൻ കേഡറിലേയ്ക്ക് ട്രാൻസ്ഫർ ചെയ്തിരിക്കുന്നത്. ആ പ്രത്യേക കേഡർ സൃഷ്ടിച്ചിട്ടുണ്ടോ എന്നുള്ളതാണ് ചോദ്യം?

ശ്രീ. പിണറായി വിജയൻ: സർ, ഇത്തരമൊരു ആശയം 2015-ലാണ് ഉയർന്നുവരുന്നത്. പോലീസിൽ പ്രത്യേക മറൈൻ കേഡർ എന്ന ആശയം ചർച്ചയിൽ വന്നതിന്റെ ഭാഗമായാണ് രൂപീകരിക്കപ്പെട്ടിട്ടുള്ളത്. അതിന്റെ അടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങൾ നടന്നുവരികയാണ്. പ്രവർത്തനം ആരംഭിക്കുന്നമുറയ്ക്ക് മറ്റ് പരിശീലനങ്ങളും അവർക്ക് ലഭ്യമാക്കുന്നതാണ്.

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: സർ, മയക്കുമരുന്ന് മാഫിയയും ആയുധ കടത്തും ഭീകരവാദികളും നിക്ഷിപ്ത താൽപ്പര്യത്തോടെ പ്രവർത്തിക്കുന്ന സംഘങ്ങളുമാണ് ഇന്ത്യയുടെ ദേശീയ സുരക്ഷയ്ക്ക് ഏറ്റവുമധികം ഭീഷണിയുയർത്തുന്നത്. ആയതിനാൽ തീരദേശസുരക്ഷ രാജ്യത്തിന് പ്രധാനപ്പെട്ട പ്രശ്നമായി മാറുമ്പോൾ അതിനുള്ള പ്രത്യേക അവബോധം ജനങ്ങളിൽ ഉണ്ടാക്കുന്നതിന് എന്തെല്ലാം പരിപാടികളാണ് സർക്കാരിന്റെ മുമ്പിലുള്ളത്; തീരദേശ സുരക്ഷാ ഫണ്ട് ഉപയോഗിച്ച് എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തുന്നതെന്ന് വ്യക്തമാക്കാമോ?

ശ്രീ. പിണറായി വിജയൻ: സർ, തീരസംരക്ഷണത്തിന് നാവികസേന, കസ്റ്റംസ്, കോസ്റ്റ് ഗാർഡ് തുടങ്ങിയ നിരവധി സംവിധാനങ്ങളുണ്ട്. ദേശീയതലത്തിൽ പ്രവർത്തിക്കുന്ന അത്തരം സംവിധാനങ്ങളുമായി യോജിച്ചു കൊണ്ടുതന്നെ ഇവിടെ ചൂണ്ടിക്കാണിച്ചതുപോലുള്ള ഇടപെടൽ മറൈൻ പോലീസിന്റെ ഭാഗത്തുനിന്നുണ്ടാകും.

ശ്രീ. കെ. രാജൻ: സർ, മഞ്ചേശ്വരം മുതൽ പൂവാർവരെയുള്ള 583 കിലോമീറ്റർ കടൽത്തീരത്തിന്റെ സംരക്ഷണം നേരത്തെ കോസ്റ്റൽ പോലീസിനായിരുന്നു. അവിടെനിന്നാണ് തീവ്രവാദഭീഷണിയിൽനിന്നും കേരളത്തിന്റെ കടൽതീരത്തെ സംരക്ഷിക്കാനുള്ള ഒരു പ്രത്യേക സുരക്ഷാസേന എന്ന നിലവാരത്തിൽ വളരെ അഭിനന്ദനാർഹമായ തരത്തിൽ മറൈൻ കേഡറിലേയ്ക്ക് നമ്മൾ മാറിയത്. ഇതുമായി ബന്ധപ്പെട്ട ജീവനക്കാരുടെ കുറവുകൾ ചില ചർച്ചകളിൽ ഉയർന്നിട്ടുണ്ട്. അതുപോലെ ആദ്യമായി പ്രഖ്യാപിച്ച 8 സ്റ്റേഷനുകളിലാണ് 24 പട്രോളിംഗ് ബോട്ടുകൾ ഇപ്പോഴുള്ളതെന്നും ചർച്ച ചെയ്യപ്പെടുന്നു. തീരദേശത്തെ തീവ്രവാദഭീഷണിയിൽനിന്നും സംരക്ഷിക്കാൻ ഒരു പ്രത്യേക മറൈൻ കേഡർ സംവിധാനം ആരംഭിക്കുന്നതിന് കേന്ദ്ര ഗവൺമെന്റിന്റെ വിഹിതം എത്രയാണ് ലഭിക്കുന്നതെന്നും നമ്മുടെ പരിമിതികളിൽ നിന്നുകൊണ്ട് അതിനെ വിലയിരുത്താനോ വിപുലീകരിക്കാനോ ആവശ്യമായിട്ടുള്ള കൂടുതൽ വിഹിതം കേന്ദ്രസർക്കാരിൽനിന്നും ലഭ്യമാക്കാനോ ഉള്ള നടപടികളെക്കുറിച്ച് സർക്കാർ ആലോചിച്ചിട്ടുണ്ടോ?

ശ്രീ. പിണറായി വിജയൻ: സർ, ഇപ്പോൾ 8 തീരദേശ പോലീസ് സ്റ്റേഷനുകളാണ് പ്രവർത്തിക്കുന്നത്. ബഹുമാന്യനായ അംഗം ചൂണ്ടിക്കാണിച്ചതുപോലെ നേരത്തേയുണ്ടായിരുന്ന തീരസംരക്ഷണ വിഭാഗമാണ് മറൈൻ കേഡറിൽ ഉൾപ്പെടുത്തി ഒരു പ്രത്യേക സംവിധാനമായി രൂപം കൊണ്ടിട്ടുള്ളത്. കേന്ദ്ര ഗവൺമെന്റ് ഇതുപോലുള്ള കാര്യങ്ങളിൽ ആവശ്യമായ സഹായം നൽകുന്നുണ്ട്. തുടർന്നും സഹായം ലഭ്യമാകുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യും.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ബോംബെ ഭീകരാക്രമണത്തിന് ശേഷമാണ് കോസ്റ്റൽ പോലീസിനെ സജീവമാക്കാനുള്ള തീരുമാനം കേന്ദ്ര ഗവൺമെന്റ് എടുത്തത്. അതിന്റെ അടിസ്ഥാനത്തിലാണ് എല്ലാ സംസ്ഥാനങ്ങൾക്കും ഈ നിർദ്ദേശം കൊടുത്തത്. അതിന്റെ ഭാഗമായി കൊച്ചിയിലെ മട്ടാഞ്ചേരിയിൽ കോസ്റ്റൽ പോലീസിന് റഡാർ ഉൾപ്പെടെയുള്ള സൗകര്യങ്ങളോടുകൂടി ഒരു സെൻട്രൽ ഹെഡ്ക്വാർട്ടേഴ്സിനുള്ള നിർമ്മാണ പ്രവർത്തനം കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ആരംഭിച്ചത്, കടൽ കടന്നുവരുന്ന തീവ്രവാദ പ്രവർത്തനം തടയുക എന്ന ലക്ഷ്യത്തോടുകൂടിയായിരുന്നു. അതിന്റെ പ്രവർത്തനങ്ങൾ ഇപ്പോൾ ഏതുനിലയിലാണ്, അത് ആരംഭിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ?

ശ്രീ. പിണറായി വിജയൻ: സർ, കൊച്ചിയിൽ ഒരു പ്രധാന കേന്ദ്രം ഉയർന്ന് വരണമെന്നുള്ളത് ശരിയാണ്. അതുമായി ബന്ധപ്പെട്ട നടപടികൾ തുടരുന്നുണ്ട്.

ശ്രീ. റ്റി. വി. രാജേഷ്: സർ, കടൽത്തീരം വഴിയുള്ള ഭീകരാക്രമണം നമ്മുടെ രാജ്യത്തിന് വലിയ ഭീഷണിയായി മാറിയിരിക്കുകയാണ്. ബോംബെ തീവ്രവാദ ആക്രമണത്തിന്റെകൂടി പശ്ചാത്തലത്തിലാണ് അന്നത്തെ സംസ്ഥാന സർക്കാരിന്റെ സഹായത്തോടുകൂടി കേന്ദ്രസർക്കാർ കണ്ണൂർ ജില്ലയിലെ ഇരണാവിൽ ഏഷ്യയിലെ ഏറ്റവും വലിയ കോസ്റ്റ്ഗാർഡ് അക്കാഡമിക്ക് 2013 ജൂൺ മാസം തറക്കല്ലിട്ടത്. തറക്കല്ലിട്ടതല്ലാതെ കഴിഞ്ഞ ആറുവർഷമായി അവിടെ യാതൊരു കാര്യവും നടന്നിട്ടില്ല. ഇക്കാര്യം കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി തീരദേശ സംരക്ഷണത്തിനാവശ്യമായ കോസ്റ്റ്ഗാർഡ് അക്കാഡമി യാഥാർത്ഥ്യമാക്കാൻ സംസ്ഥാന സർക്കാർ നടപടി സ്വീകരിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, അത് പ്രത്യേകം പരിശോധിക്കാം.

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: സർ, മറൈൻ കേഡർ രൂപീകരിക്കുന്നത് നല്ല കാര്യമാണ്. കാരണം നമുക്ക് ഫലപ്രദമായി കാര്യങ്ങൾ ചെയ്യാൻ സാധിക്കും. പക്ഷെ തീരദേശവാസികൾ പ്രത്യേകിച്ചും മത്സ്യത്തൊഴിലാളികൾ ധീരദേശാഭിമാനികളും എല്ലാവിധത്തിലുമുള്ള വിഘടനവാദങ്ങളെയും തീവ്രവാദങ്ങളെ യുമൊക്കെ നേരിട്ട ചരിത്രമുള്ളവരും നല്ല ആരോഗ്യവാൻമാരും മത്സ്യബന്ധനം കഴിഞ്ഞ് ധാരാളം സമയം ഒഴിവുള്ളവരുമാണ്. ഇന്നത്തെ പ്രത്യേക സാഹചര്യത്തിൽ, അവരെ സംഘടിപ്പിച്ചുകൊണ്ട് കേന്ദ്രസഹായത്തോടുകൂടിയോ അല്ലാതെയോ അവർക്ക് സ്റ്റൈപ്പന്റോ മറ്റ് കാര്യങ്ങളോ നൽകി ഒരു സന്നദ്ധസംഘടന സംഘടിപ്പിക്കുന്ന കാര്യം ഗവൺമെന്റ് ആലോചിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, അത്തരത്തിലൊരു നിർദ്ദേശം ഇതുവരെ ഉയർന്നുവന്നിട്ടില്ല. എന്താണെന്നുള്ളത് പരിശോധിക്കാം.

ശ്രീ. ജോൺ ഫെർണാണ്ടസ്: സർ, തീരദേശസംരക്ഷണവുമായി ബന്ധപ്പെട്ട് നാവികസേന വലിയ പങ്ക് വഹിക്കുന്നുണ്ട്. അവരുടെ കേന്ദ്രത്തിൽ കോസ്റ്റൽ പോലീസിലുള്ള ഒരാളുടെ സാന്നിദ്ധ്യം 24 മണിക്കൂറുമുണ്ട്. ആ നിലയിൽ കേരളത്തിലൊട്ടാകെ സംയുക്തമായി കാര്യങ്ങൾ നീക്കുന്നതിന് തീര സംരക്ഷണസേനയെ ശക്തിപ്പെടുത്താനായി ഗവൺമെന്റ് എന്തെങ്കിലും തീരുമാനം എടുക്കുന്നുണ്ടോ?

ശ്രീ. പിണറായി വിജയൻ: സർ, തീരസംരക്ഷണം ശക്തിപ്പെടുത്തുക യെന്നുള്ളതാണ് ഇതിന്റെയെല്ലാം ഉദ്ദേശ്യം. അതിനാവശ്യമായ നടപടികൾ ഇപ്പോൾ സ്വീകരിക്കുന്നുണ്ട്, തുടർന്നും ശക്തമായ നടപടി സ്വീകരിക്കുന്നതാണ്.

**സപ്ലൈകോ പദ്ധതികൾ**

4 (*305 ) ശ്രീ. മുഹമ്മദ് മുഹസിൻ പി. :
ശ്രീ. ചിറ്റയം ഗോപകുമാർ:
ശ്രീമതി ഗീതാ ഗോപി:
ശ്രീ. എൽദോ എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകാമോ:

(എ) സപ്ലൈകോയുടെ സൂപ്പർ മാർക്കറ്റുകൾ ഇല്ലാത്ത പ്രദേശങ്ങളിൽ വാഹനങ്ങളിൽ സപ്ലൈകോ ഉൽപ്പന്നങ്ങളും അരിയും എത്തിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(ബി) ഓണക്കാലത്ത് വില വർദ്ധനവ് തടയാനായി സപ്ലൈകോ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ): സർ,

(എ) സപ്ലൈകോയുടെ സഞ്ചരിക്കുന്ന മാവേലി സ്റ്റോർ എന്ന പദ്ധതി പ്രധാനമായും പിന്നോക്ക മലയോര പ്രദേശങ്ങൾ, ആദിവാസി മേഖലകൾ, തീരദേശമേഖലകൾ തുടങ്ങിയ ഭൂമിശാസ്ത്രപരമായും, സാമൂഹ്യപരമായും പിന്നോക്കം നിൽക്കുന്ന മേഖലകളിലെ ജനങ്ങൾക്ക് അവശ്യസാധനങ്ങൾ ന്യായവിലയ്ക്ക് എത്തിക്കുക എന്ന ഉദ്ദേശ്യത്തോടെയാണ് പ്രവർത്തിക്കുന്നത്. സപ്ലൈകോയുടെ വിൽപ്പനശാലകൾ ഇല്ലാത്ത 14 പഞ്ചായത്തുകളിൽ സഞ്ചരിക്കുന്ന മാവേലി സ്റ്റോറുകൾ നിലവിൽ സേവനം നടത്തുന്നുണ്ട്.

(ബി) ഓണക്കാലത്ത് ഭക്ഷ്യസാധനങ്ങളുടെ വിലക്കയറ്റം തടയുന്നതിന്റെ ഭാഗമായി ജില്ലാ ഫെയറുകളും താലൂക്കുതല ഫെയറുകളും പ്രത്യേക ഓണച്ചന്തകളും സപ്ലൈകോ വിൽപ്പനശാലകളോടനുബന്ധിച്ച് ഓണം മിനി ഫെയറുകളും വിൽപ്പനശാലകൾ ഇല്ലാത്ത പഞ്ചായത്തുകളിൽ സ്പെഷ്യൽ മിനി ഫെയറുകളും നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്.

സ്പെഷ്യൽ ഫെയറുകളിലൂടെയും വിൽപ്പനശാലകളിലൂടെയും ശരാശരി 40% വരെ വിലക്കുറവിൽ 13 ഇനം സബ്സിഡി ഉൽപ്പന്നങ്ങളും പൊതുവിപണിയേക്കാൾ 10 മുതൽ 20% വരെ വിലക്കുറവിൽ 28 ഇനം ഫ്രീസെയിൽ സബ്സിഡി സാധനങ്ങളും ലഭ്യമാക്കുന്നതാണ്. സപ്ലൈകോയുടെ സ്വന്തം ബ്രാൻഡായ 'ശബരി' ബ്രാൻഡിൽ പൊതുവിപണി വിലയേക്കാൾ ഏകദേശം 20 മുതൽ 30 ശതമാനം വിലക്കുറവിൽ ചായപ്പൊടി, മല്ലിപ്പൊടി, മുളക് പൊടി, വെളിച്ചെണ്ണ, പുളി, ഏലം, മഞ്ഞൾപ്പൊടി, ഉപ്പ് എന്നീ ഉൽപ്പന്നങ്ങളും ലഭ്യമാക്കുന്നതാണ്. ഇതിനുപുറമേ മറ്റ് അവശ്യസാധനങ്ങളും, FMCG (Fast Moving Consumer Goods) ഉൽപ്പന്നങ്ങളും MRP-യേക്കാൾ/മാർക്കറ്റ് വിലയേക്കാൾ 5 മുതൽ 30 ശതമാനം വരെ വിലക്കുറവിൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതാണ്.

ശ്രീ. മുഹമ്മദ് മുഹസിൻ പി.: സർ, ജി.എസ്.ടി.-യുടെയും നോട്ട് നിരോധനത്തിന്റെയും ഭാഗമായി വില കുതിച്ചുയർന്നപ്പോൾ സാധാരണക്കാർക്ക് ഓണക്കാലത്ത് മിതമായ വിലയിൽ സാധനങ്ങൾ ലഭ്യമാക്കാനുള്ള സർക്കാരിന്റെ പ്രവർത്തനങ്ങൾ ഏറ്റവും അഭിനന്ദനാർഹമാണ്. ഇപ്പോൾ ഏറ്റവും കൂടുതൽ വളർന്നുവരുന്ന മാർക്കറ്റിംഗാണ് ഓൺലൈൻ മാർക്കറ്റിംഗ്. ആളുകൾക്ക് ആവശ്യമുള്ള സാധനങ്ങൾ അവരുടെ വിരൽത്തുമ്പിൽ എത്തുന്ന സംവിധാനമാണിത്. പലപ്പോഴും കോർപ്പറേറ്റുകൾ നടത്തുന്ന ഓൺലൈൻ കാർട്ടുകളാണ് ഇത് ചെയ്യുന്നത്. ഓൺലൈൻ വിപണിയിൽ സപ്ലൈകോ ഇടപെട്ടുകൊണ്ട് ന്യായമായ വിലയ്ക്ക് ആളുകൾക്ക് വീട്ടിലേയ്ക്ക് സാധനങ്ങൾ എത്തിക്കാനുള്ള സംവിധാനം ഒരുക്കുമോ?

ശ്രീ. പി. തിലോത്തമൻ: സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞത് വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. ഓൺലൈൻ മാർക്കറ്റിംഗ് ഇപ്പോൾ വളരെ വിപുലമായി നടന്നുകൊണ്ടിരിക്കുകയാണ്. താമസിയാതെ ഇപ്പോൾ ഉള്ളതിനേക്കാൾ ഇരട്ടിയിലധികം വർദ്ധിക്കാനുള്ള സാഹചര്യമുണ്ടെന്ന് ഞങ്ങൾ മനസ്സിലാക്കുന്നു. അതിന്റെയടിസ്ഥാനത്തിൽ ആ രംഗത്ത് ഉപഭോക്താക്കളുടെ താൽപ്പര്യം സംരക്ഷിക്കാനാവശ്യമായ ഇടപെടലുകൾ സർക്കാർ നടത്തുന്നതിനെ കുറിച്ച് പ്രാഥമികമായ ഒരു ആലോചന നടത്തിയിരുന്നു. അത് ഫലപ്രദമായി മുന്നോട്ട് കൊണ്ടുപോകണമെന്നാണ് ആഗ്രഹിക്കുന്നത്. സപ്ലൈകോയുടെ ഉത്പ്പന്നങ്ങൾ പരമാവധി ജനങ്ങളിലേയ്ക്ക് എത്തിക്കാനാവശ്യമായ തന്ത്രങ്ങൾ മറ്റുതരത്തിലും സർക്കാർ ആലോചിച്ചുവരുന്നുണ്ട്.

ശ്രീ. മുഹമ്മദ്. മുഹസിൻ. പി. : സർ, കൃഷി വകുപ്പുമായി ചേർന്നുകൊണ്ട് ജൈവകൃഷി പരമാവധി പ്രോത്സാഹിപ്പിക്കുകയും ജൈവകൃഷിയിൽനിന്ന് ഉണ്ടാകുന്ന ഉത്പ്പന്നങ്ങൾ നേരിട്ട് സപ്ലൈകോ വഴി ആളുകൾക്ക് വിതരണം ചെയ്യുവാനുമുള്ള സംവിധാനത്തെക്കുറിച്ച് ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ?

ശ്രീ. പി. തിലോത്തമൻ: സർ, കൃഷി വകുപ്പിന്റെ ജൈവ പച്ചക്കറി ഉത്പ്പന്നങ്ങൾ Vegetable and Fruit Promotion Council of Kerala (VFPCK), ഹോർട്ടികോർപ്പ് തുടങ്ങിയ ഏജൻസികളാണ് മാർക്കറ്റുകൾ തുറന്ന് ജനങ്ങളിലേയ്ക്കെത്തിക്കുന്നത്. എന്നാൽ ഈ ഓണക്കാലത്ത് സപ്ലൈകോ ഒരുക്കുന്ന മുഴുവൻ ഓണച്ചന്തകളിലും VFPCK സംഭരിക്കുന്ന ജൈവപച്ചക്കറി ഉൽപ്പന്നങ്ങൾ വിപണനം നടത്താനുള്ള സൗകര്യങ്ങളേർപ്പെടുത്തിയിട്ടുണ്ട്. അതോടൊപ്പംതന്നെ കൺസ്യൂമർഫെഡിന്റെ ഓണച്ചന്തകളിലും അത്തരം സ്റ്റാളുകൾ തുടങ്ങാൻ തീരുമാനിച്ചിട്ടുണ്ട്. അങ്ങനെ ഈ പ്രവർത്തനങ്ങളാകെ ഏകോപിപ്പിച്ചുകൊണ്ടുപോകാനാണ് ഈ ഓണക്കാലത്ത് ലക്ഷ്യംവയ്ക്കുന്നത്.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ ക്ലസ്റ്ററുകൾ രൂപീകരിച്ചുകൊണ്ട് ജൈവകൃഷി ചെയ്യുന്ന, ഗുഡ് അഗ്രികൾച്ചർ പ്രാക്ടീസിന്റെ അടിസ്ഥാനത്തിൽ കൃഷിചെയ്യുന്ന കർഷകരുടെ ഉത്പ്പന്നങ്ങൾ ഇപ്പോൾ കേരളാ ഓർഗാനിക് എന്ന ബ്രാൻഡിൽ 55 ഇക്കോഷോപ്പുകൾ വഴിയാണ് വിൽപ്പന നടത്തുന്നത്. അത് 200 ഇക്കോഷോപ്പുകളാക്കി വർദ്ധിപ്പിക്കാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ പുതിയ ഇക്കോഷോപ്പുകൾ ആരംഭിക്കാൻ പോകുകയാണ്. അതിനുപുറമേ ക്ലസ്റ്ററുകളുടെ എണ്ണം വർദ്ധിക്കുന്നതനുസരിച്ച് ആവശ്യമായി വരികയാണെങ്കിൽ സപ്ലൈകോയുമായി ആലോചിച്ചുകൊണ്ട് അവരുടെ ഷോപ്പുകളിലും ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. ചിറ്റയം ഗോപകുമാർ: സർ, പൊതുവിതരണരംഗം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ഭക്ഷ്യ വകുപ്പും ഈ ഗവൺമെന്റും വളരെ നല്ല നിലയിലാണ് മുന്നോട്ടുപോകുന്നത്. ഭക്ഷ്യസുരക്ഷാ നിയമം നടപ്പിലാക്കിയതിനു ശേഷം കേരളത്തിൽ നടപ്പിലാക്കിയ വാതിൽപ്പടി വിതരണത്തിന്റെ ഭാഗമായി ധാരാളം അരി മിച്ചമുണ്ടാകുകയും അത് ആളുകൾക്ക് എത്തിച്ചുകൊടുക്കാനും കഴിയുന്നുണ്ട്. ഈ ഓണക്കാലത്ത് ഭക്ഷ്യവകുപ്പ് നടപ്പിലാക്കാൻ പോകുന്ന കാര്യങ്ങളെ സംബന്ധിച്ച് വളരെ വിശദമായി ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിച്ചു. സഞ്ചരിക്കുന്ന മാവേലി സ്റ്റോർ എന്ന നിലയിൽ ഒരു വാഹനം മാത്രമാണ് ഇപ്പോൾ പല നിയോജകമണ്ഡലങ്ങളിലുമുള്ളത്. അത് ആളുകൾക്ക് കൂടുതൽ പ്രയോജനകരമാകുന്നുണ്ട്. ധാരാളം സ്ഥലങ്ങളിൽ നല്ല വില്പനയും നടക്കുന്നുണ്ട്. ഓണക്കാലത്തെ വില നിയന്ത്രിച്ചുനിർത്താനും ആളുകൾക്ക് ആവശ്യംപോലെ ഭക്ഷ്യസാധനങ്ങൾ വാങ്ങാനും കഴിയത്തക്കവിധം ഈ സംവിധാനം വ്യാപകമാക്കാൻ ഗവൺമെന്റ് ആലോചിക്കുമോ?

ശ്രീ. പി. തിലോത്തമൻ: സർ, സംസ്ഥാനത്താകെ സപ്ലൈകോയുടെ 1534 ഔട്ട്‌ലെറ്റുകൾ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്. ഇതിനുപുറമെ നിരവധി മാവേലി സ്റ്റോറുകൾ തുടങ്ങാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. അതിൽ കുറച്ച് കഴിഞ്ഞ ദിവസങ്ങളിൽ ആരംഭിച്ചിട്ടുണ്ട്. ബാക്കിയുള്ളവ ഇനി ആരംഭിക്കുന്നതാണ്. ഓരോ പ്രദേശങ്ങളിൽനിന്നും മാവേലി സ്റ്റോറുകൾ ആവശ്യപ്പെട്ടുകൊണ്ട് ധാരാളം ഡിമാന്റുകൾ വരുന്നുണ്ട്. ആദിവാസി മേഖല, തീരദേശ മേഖല, മാവേലി സ്റ്റോറില്ലാത്ത പഞ്ചായത്തുകൾ എന്നിവയ്ക്കുവേണ്ടിയാണ് ഇപ്പോൾ സഞ്ചരിക്കുന്ന മാവേലി സ്റ്റോറുകൾ പ്രവർത്തിക്കുന്നത്. ഇപ്പോൾ മാവേലി സ്റ്റോറുകളില്ലാത്ത 30 പഞ്ചായത്തുകളിലും അവശ്യസാധനങ്ങൾ എത്തിക്കാനുള്ള സംവിധാനം ഒരുക്കുന്നുണ്ട്. ഓണത്തോടനുബന്ധിച്ച് ഈ പഞ്ചായത്തുകളിലും സ്പെഷ്യൽ ഓണച്ചന്തകൾ ആരംഭിക്കുന്നതിന് പ്ലാൻ ചെയ്തിട്ടുണ്ട്. കൂടുതൽ സ്ഥലത്ത് വാഹനങ്ങളിൽ ഉല്പന്നങ്ങൾ എത്തിക്കേണ്ടതുണ്ടെങ്കിൽ തീർച്ചയായും അത് പരിശോധിക്കാം.

<u>ശ്രീമതി ഗീതാ ഗോപി</u>: സർ, ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പിനുകീഴിലുള്ള സപ്ലൈകോ വഴി ഓണച്ചന്തകൾ തുറക്കാൻ പോകുകയാണ്. ജനങ്ങൾക്ക് അവശ്യ സാധനങ്ങൾ കൃത്യസമയത്ത് ലഭ്യമാകാത്ത സാഹചര്യം വരികയാണെങ്കിൽ അവരുടെ പരാതികൾ പരിഹരിക്കുന്നതിന് കാൾ സെന്റർ/ഓൺ ലൈൻ പരാതി പരിഹാര സംവിധാനം ഏർപ്പെടുത്തുമോ?

<u>ശ്രീ. പി. തിലോത്തമൻ</u>: സർ, ആ സംവിധാനങ്ങളൊക്കെ ഇപ്പോൾത്തന്നെ നിലവിലുണ്ട്. ഓണക്കാലത്ത് ഒരു സ്ഥലത്തും അവശ്യസാധനത്തിന്റെ ഷോർട്ടേജ് ഉണ്ടാകാതിരിക്കാനുള്ള മുന്നൊരുക്കങ്ങളെല്ലാം നടത്തിയിട്ടുണ്ട്. എവിടെയെങ്കിലും എന്തെങ്കിലും പ്രശ്നങ്ങളുണ്ടെങ്കിൽ ആ വിവരം പെട്ടെന്നുതന്നെ അറിയിക്കാനുള്ള സംവിധാനങ്ങൾ ഇപ്പോൾത്തന്നെ ഏർപ്പെടുത്തിയിട്ടുണ്ട്.

<u>ശ്രീ. എൽദോ എബ്രഹാം</u>: സർ, വിലക്കയറ്റം പിടിച്ചുനിർത്താൻ ഏറ്റവും ക്രിയാത്മകമായ നടപടി സ്വീകരിച്ച ഗവൺമെന്റിനും മന്ത്രിക്കും അഭിനന്ദനങ്ങൾ അറിയിക്കുകയാണ്. അരിയുടെ വില വർദ്ധിച്ച സന്ദർഭത്തിൽ മാവേലി സ്റ്റോറുകളോട് ചേർന്ന് സപ്ലൈകോയുടെ നേതൃത്വത്തിൽ അരിക്കടകൾ ആരംഭിക്കുകയുണ്ടായി. ഓണം അടുത്തുവരുമ്പോൾ സംസ്ഥാനത്ത് അരിക്കടകൾ വ്യാപിപ്പിക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ?

<u>ശ്രീ. പി. തിലോത്തമൻ</u>: സർ, ഈ ഓണക്കാലത്ത് പ്രത്യേക അരിക്കടകൾ വേണമെന്നില്ല. എല്ലാ ഫെയറുകളിലും ആവശ്യത്തിന് അരി വിതരണം ചെയ്യാനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഇപ്പോൾ ആവശ്യത്തിനുള്ള അരി സ്റ്റോക്കുണ്ട്. നാളെ മുതൽ ആന്ധ്രയിൽനിന്നും അരി വരുന്നതാണ്. അതുകൊണ്ട് അരിയുടെ കാര്യത്തിൽ യാതൊരു പ്രയാസവും ഉണ്ടാകില്ലെന്ന് മാത്രമല്ല ഈ ഓണക്കാലത്ത് ഒരുകാരണവശാലും അരിവില കൂടുകയുമില്ല.

<u>ശ്രീ. കെ. കുഞ്ഞിരാമൻ</u>: സർ, ഓണവും ബക്രീദും ഗണേശോത്സവവും ഒരുമിച്ചാണ് വരുന്നത്. വിലക്കയറ്റം നിയന്ത്രിക്കുന്നതിനുവേണ്ടി ഭക്ഷ്യ വകുപ്പും കൃഷി വകുപ്പും സഹകരണ വകുപ്പും ചേർന്ന് നടത്തുന്ന നടപടി ശ്ലാഘനീയമാണ്. ഭക്ഷ്യ വസ്തുക്കളിൽ ജി.എസ്.ടി. ബാധകമാക്കിയിട്ടില്ലെന്നാണ് പറഞ്ഞത്. ഗവൺമെന്റിന്റെ സഹായത്തോടെ നടത്തുന്ന ഒരു സ്ഥാപനമാണ് കോഫി ഹൗസ്. അവിടെ ചായയ്ക്ക് 8 രൂപയായിരുന്നു വില. ജി.എസ്.ടി. വന്നപ്പോൾ അവർ 9 രൂപയാക്കി. ഇപ്പോൾ ജി.എസ്.ടി.-യും ചേർത്ത് 10 രൂപയാണ് വാങ്ങുന്നത്. ഈ സ്ഥാപനം തീവെട്ടിക്കൊള്ളയാണ് നടത്തുന്നതെന്നുള്ള കാര്യം മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. പി. തിലോത്തമൻ: സർ, ജി.എസ്.ടി. വന്നതോടെ ചായയ്ക്കും ഹോട്ടൽ ഭക്ഷണത്തിനുമൊക്കെ അല്പം വില കൂടിയെന്നുള്ളത് ശരിയാണ്. കോഫി ഹൗസിനെ നിയന്ത്രിക്കാനൊന്നും സർക്കാരിന് കഴിയില്ല. കോഫി ഹൗസ് എവിടെ ആരംഭിച്ചാലും ജനങ്ങൾ വളരെ സ്വീകാര്യമായി അതിനെ നെഞ്ചേറ്റുന്നതായിട്ടാണ് കാണുന്നത്. ന്യായമായ വിലയ്ക്ക് നല്ല ഭക്ഷണം കൊടുക്കുന്ന സ്ഥാപനമായിട്ടാണ് ജനങ്ങൾ അതിനെ കാണുന്നത്. തീവെട്ടിക്കൊള്ള നടത്തുന്നുവെന്ന് പറയുന്നത് ശരിയല്ല.

ശ്രീ. സണ്ണി ജോസഫ്: സർ, റേഷൻ കാർഡുകളിൽ വന്നിട്ടുള്ള അപാകതകൾ അതായത് മുൻഗണനാ പട്ടികയിൽ വരേണ്ടവരെ ഒഴിവാക്കുകയും അയോഗ്യർ ആ പട്ടികയിൽ കടന്നുകൂടുകയും ചെയ്ത നിരവധി പരാതികളുണ്ട്. ആ പരാതികൾ പരിഹരിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്?

ശ്രീ. പി. തിലോത്തമൻ: സർ, മുൻഗണനാ പട്ടികയുടെ അന്തിമ ലിസ്റ്റ് പ്രസിദ്ധീകരിച്ചശേഷമുള്ള ആക്ഷേപങ്ങൾ ഗവൺമെന്റിന്റെ മുന്നിൽ വന്നിട്ടുണ്ട്. റേഷൻ കാർഡ് വിതരണം ചെയ്യുന്ന ഘട്ടത്തിൽ പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും വ്യക്തികളും നൽകിയ ആക്ഷേപങ്ങൾ ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ അനർഹരെ ഒഴിവാക്കുന്നതിന് എ.ആർ.ഡി.-കളുടെ പിന്തുണ വാങ്ങിക്കൊണ്ട് മുന്നോട്ട് കൊണ്ടുപോകുകയാണ്. അതിന്റെ ആദ്യഘട്ടത്തിൽ 1,02,000 അനർഹരായ കാർഡുകാരെ കണ്ടെത്താൻ കഴിഞ്ഞിരുന്നു. അതിനുശേഷം സർക്കാർ-അർദ്ധ സർക്കാർ ജീവനക്കാർ, സഹകരണ ബാങ്ക് ജീവനക്കാർ, പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർ എന്നിവർക്ക് കാർഡ് സറണ്ടർ ചെയ്യാൻ അവസരം നൽകിയതിലൂടെ ഇന്നലെ വരെ ഏകദേശം 75482 കാർഡുകൾ സറണ്ടർ ചെയ്തിട്ടുണ്ട്. സറണ്ടർ ചെയ്യുന്നതിനുള്ള തീയതി കുറച്ചുകൂടി നീട്ടണമെന്ന ആവശ്യം എല്ലാ ഭാഗത്തുനിന്നും വരുന്നുണ്ട്. അപേക്ഷ നൽകി കാത്തിരിക്കുന്ന അർഹതപ്പെട്ട ആളുകളെ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്താൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

മി. സ്പീക്കർ: നിയമസഭാംഗങ്ങൾക്ക് ലഭിച്ച റേഷൻ കാർഡുകളിൽ തെറ്റുകൾ വന്നിട്ടുണ്ടെങ്കിൽ അവ എത്രയുംവേഗം സറണ്ടർ ചെയ്ത് തിരുത്തേണ്ടതാണെന്ന് ചെയർ അഭ്യർത്ഥിക്കുന്നു.

ശ്രീ. സി. കൃഷ്ണൻ: സർ, അവശ്യസാധനങ്ങളുടെ വിതരണവുമായി ബന്ധപ്പെട്ട് 38 പഞ്ചായത്തുകളിൽ ഇപ്പോഴും മാവേലി സ്റ്റോറുകളില്ലെന്ന് മന്ത്രി പറയുകയുണ്ടായി. ചില വലിയ പഞ്ചായത്തുകളിൽ ഒന്നിലധികം മാവേലി

സ്റ്റോറുകളാകാമെന്ന നിലപാട് നേരത്തെ സ്വീകരിച്ചിരുന്നു. അത്തരത്തിൽ കൂടുതൽ മാവേലി സ്റ്റോറുകൾ അനുവദിക്കുമോ? അതോടൊപ്പം സഞ്ചരിക്കുന്ന മാവേലി സ്റ്റോർ ഫലപ്രദമായ ഒരു സംവിധാനമാണ്. മാവേലി സ്റ്റോറുകളില്ലാത്ത പഞ്ചായത്തുകളിൽ മാത്രമായി സഞ്ചരിക്കുന്ന മാവേലി സ്റ്റോറിനെ പരിമിതപ്പെടുത്തുന്നതിന് പകരം എല്ലാ പഞ്ചായത്തുകളിലും ഈ സംവിധാനം ഏർപ്പെടുത്തിയാൽ അത് ജനങ്ങൾക്ക് സഹായകരമാകുമെന്നതിനാൽ ഇക്കാര്യത്തിൽ നടപടി സ്വീകരിക്കാൻ തയ്യാറാകുമോ?

<u>ശ്രീ. പി. തിലോത്തമൻ</u>: സർ, മാവേലി സ്റ്റോറുകളില്ലാത്ത 30 പഞ്ചായത്തുകളാണ് ഇപ്പോഴുള്ളത്. ഈ സാമ്പത്തിക വർഷംതന്നെ ടി പഞ്ചായത്തുകളിൽ മാവേലി സ്റ്റോറുകൾ ആരംഭിക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. ഒന്നിലധികം മാവേലി സ്റ്റോറുകളുള്ള പഞ്ചായത്തുകളുമുണ്ട്. ഒന്നും രണ്ടും മാവേലി സ്റ്റോറുകളുള്ള പഞ്ചായത്തുകളിൽ മൂന്നാമതൊരെണ്ണംകൂടി ആവശ്യപ്പെടുമ്പോൾ അവിടെ എത്രത്തോളം വില്പന നടക്കുമെന്നത് സംബന്ധിച്ച് പഠനം നടത്തിയതിനുശേഷം മാത്രമേ ആരംഭിക്കാൻ സാധിക്കുകയുള്ളൂ. തീരദേശ മേഖലകൾ, ആദിവാസി മേഖലകൾ എന്നീ പ്രധാനപ്പെട്ട ചില പിന്നോക്ക പ്രദേശങ്ങളിലെ സപ്ലൈകോ ഔട്ട്ലറ്റുകൾ വളരെ ദൂരത്തായതിനാലാണ് സഞ്ചരിക്കുന്ന മാവേലി സ്റ്റോറുകൾ ഏർപ്പെടുത്തിയിട്ടുള്ളത്. ബഹുമാനപ്പെട്ട അംഗത്തിന്റെ മണ്ഡലത്തിൽ സഞ്ചരിക്കുന്ന മാവേലി സ്റ്റോർ എവിടെയാണ് വേണ്ടതെന്ന് അറിയിച്ചാൽ പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കാം.

<u>ശ്രീ. വി. ആർ. സുനിൽ കുമാർ</u>: സർ, ഓണക്കിറ്റുകളുടെ വിതരണത്തിനായി എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നത്; മഞ്ഞ, പിങ്ക് കാർഡുടമകൾക്ക് സൗജന്യ ഓണക്കിറ്റ് വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

<u>ശ്രീ. പി. തിലോത്തമൻ</u>: സർ, ഓണം ലക്ഷ്യംവച്ചുകൊണ്ട് നല്ല ഒരുക്കങ്ങളാണ് സപ്ലൈകോ ഇത്തവണ നടത്തിയിട്ടുള്ളത്. 14 ജില്ലാ കേന്ദ്രങ്ങളിലെയും മെഗാ ഫെയറുകളുടെ ഉദ്ഘാടനം ഈ മാസം 19, 20 തീയതികളിൽ പൂർത്തിയായി. തിരുവനന്തപുരം പുത്തരിക്കണ്ടം മൈതാനത്ത് 15-ാം തീയതി ബഹുമാന്യനായ മുഖ്യമന്ത്രി മെഗാ ഫെയർ ഉദ്ഘാടനം ചെയ്തു. എല്ലാ ഫെയറുകളും വളരെ ഫലപ്രദമായി നടക്കുന്നുണ്ടെന്നാണ് അറിയാൻ സാധിച്ചത്. മണ്ഡലം, താലൂക്ക് ഫെയറുകളും അതുകഴിഞ്ഞ് പഞ്ചായത്ത് ഫെയറുകളും ഓരോ ഔട്ട്ലറ്റ് കേന്ദ്രീകരിച്ച് മിനി ചന്തകളും ഒരാഴ്ചയ്ക്കുള്ളിൽ പ്രാവർത്തികമാക്കുന്നതാണ്.

ശ്രീ. മുരളി പെരുനെല്ലി: സർ, കാണം വിൽക്കാതെ ഓണമുണ്ണാനും ബക്രീദ് ആഘോഷിക്കാനും ഫലപ്രദമായ നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നതിൽ സന്തോഷമുണ്ട്. പക്ഷേ ഇതിന്റെ അണിയറയിൽ പ്രവർത്തിക്കുന്ന ദിവസ വേതനക്കാരായ തൊഴിലാളികളുടെ വേതനം വളരെ പരിമിതമാണ്. പ്രത്യേകിച്ച് പാക്കിംഗ് വിഭാഗത്തിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് പായ്ക്ക് ചെയ്യുന്ന കവറിനനുസരിച്ചാണ് വേതനം കൊടുക്കുന്നത്. ഇവർക്ക് ന്യായമായ വേതനം കൊടുക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. പി. തിലോത്തമൻ: സർ, ഈ വിഷയത്തിൽ ഒരു വർഷത്തിനുമുമ്പാണ് വർദ്ധനവുണ്ടായത്. ഇത്തവണയും ന്യായമായ വർദ്ധനവുണ്ടാകണമെന്ന് പറയുമ്പോൾ അത് സപ്ലൈകോയ്ക്ക് താങ്ങാൻ കഴിയുന്നതായിരിക്കണം. വർദ്ധനവ് ഉണ്ടായിട്ടുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്.

## വനിതാ ഷൂട്ടിംഗ് താരത്തെ അധിക്ഷേപിച്ച ഉദ്യോഗസ്ഥർക്കെതിരെ നടപടി

5(*306) ഡോ. എൻ. ജയരാജ്:
ശ്രീ. റോഷി അഗസ്റ്റിൻ:
ശ്രീ. പി. ജെ. ജോസഫ്:
ശ്രീ. സി. എഫ്. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ ഷൂട്ടിംഗ് താരത്തെ നെടുമ്പാശ്ശേരി വിമാനത്താവളത്തിൽ തടഞ്ഞുനിർത്തി അധിക്ഷേപിച്ച സംഭവത്തെ സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ; തടഞ്ഞുനിർത്തിയ ഉദ്യോഗസ്ഥർ ആരെല്ലാമാണ്; വ്യക്തമാക്കുമോ;

(ബി) ജർമ്മനിയിൽവച്ച് നടന്ന ലോക ഷൂട്ടിംഗ് ചാമ്പ്യൻഷിപ്പിൽ പങ്കെടുത്ത് ഡൽഹിയിൽ വന്നിറങ്ങിയപ്പോൾത്തന്നെ രേഖകളെല്ലാം പരിശോധിച്ച് യാത്രാനുമതി ലഭിച്ച കുമാരി സെയ്റയ്ക്ക് സ്വന്തം സംസ്ഥാനത്തെ എയർപോർട്ടിൽ അധിക്ഷേപം ഏൽക്കാൻ കാരണക്കാരായ ഉദ്യോഗസ്ഥരിൽ മലയാളി ഉൾപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഉദ്യോഗസ്ഥന്റെ പേരുവിവരങ്ങൾ ലഭ്യമാക്കുമോ;

(സി) കേരളത്തിനുതന്നെ അപമാനകരമായ പ്രസ്തുത സംഭവം കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനും ഇതിന് കാരണക്കാരായ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ,

(എ & ബി) ദേശീയ ഷൂട്ടിംഗ് താരത്തെ നെടുമ്പാശ്ശേരി വിമാനത്താവളത്തിൽ തടഞ്ഞുനിർത്തി അധിക്ഷേപിച്ച സംഭവത്തെ സംബന്ധിച്ച് നിലവിൽ പരാതികളൊന്നും ലഭിച്ചിട്ടില്ല. വിമാനത്താവളത്തിനകത്ത് സുരക്ഷാ സംവിധാനങ്ങളുടെ ചുമതല കേന്ദ്ര ഏജൻസികൾക്കാണ്. പ്രസ്തുത സംഭവത്തിന്റെ മറ്റ് വിവരങ്ങൾ ലഭ്യമല്ല.

(സി) പരാതി ലഭിക്കുകയാണെങ്കിൽ പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

ഡോ. എൻ. ജയരാജ്: സർ, അങ്ങയുടെ മറുപടിയിൽ പരാതി ലഭിച്ചില്ലെന്നാണ് സൂചിപ്പിച്ചത്. ദേശീയ തലത്തിൽ പങ്കെടുക്കുന്ന കായിക താരങ്ങൾ തീർച്ചയായും നമ്മുടെ അഭിമാനങ്ങളാണ്. ജർമ്മനിയിൽവച്ച് നടന്ന ലോക ഷൂട്ടിംഗ് ചാമ്പ്യൻഷിപ്പിൽ പങ്കെടുത്തശേഷം വിമാനത്താവളത്തിൽ വന്നിറങ്ങിയ കുമാരി സെയ്റയെ സുരക്ഷാ ഉദ്യോഗസ്ഥന്മാർ തടഞ്ഞുവച്ചുവെന്ന് ദേശീയ വാർത്താ മാധ്യമങ്ങളിലെല്ലാം വന്നിരുന്നു. അതിന് അവരുടെ ഭാഗത്തുനിന്നും പരാതിയുണ്ടായില്ലെങ്കിലും അവർക്ക് പ്രത്യേക പരിഗണന നൽകാതെ ഇതുപോലെ വാർത്തകളിലേയ്ക്ക് കൊണ്ടുവരുന്നത് സംസ്ഥാനത്തിനും കായികലോകത്തിനും അപമാനമാണ്. ഭാവിയിൽ ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുകയോ അല്ലെങ്കിൽ കായിക വകുപ്പ് ഇക്കാര്യത്തിൽ ബന്ധപ്പെട്ട വിമാനത്താവളത്തിലെ ഉദ്യോഗസ്ഥന്മാർക്കോ മേലധികാരികൾക്കോ ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയോ ചെയ്യാൻ തയ്യാറാകുമോ?

ശ്രീ. പിണറായി വിജയൻ: സർ, ബഹുമാന്യനായ അംഗത്തിന്റെ വികാരത്തോടൊപ്പം യോജിക്കാം. പക്ഷേ വിമാനത്താവളത്തിനകത്തുള്ള സുരക്ഷാ ക്രമീകരണങ്ങളിൽ സംസ്ഥാന ഗവൺമെന്റിന് പ്രത്യേക പങ്കില്ല, അത് പ്രത്യേക ഏജൻസിയാണ് നിർവ്വഹിക്കുന്നത്. ഇതുമായി ബന്ധപ്പെട്ട് എന്തെങ്കിലും പരാതി സംസ്ഥാന ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നുവെങ്കിൽ ഉത്തരവാദപ്പെട്ട കേന്ദ്രങ്ങളെ അറിയിക്കാമായിരുന്നു. അതുണ്ടാകാത്തതുകൊണ്ട് മറ്റ് നടപടികളൊന്നും സ്വീകരിക്കാൻ കഴിയില്ല.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

# 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

## (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### പകർച്ചപ്പനി ഭീഷണി നേരിടുവാൻ പദ്ധതി

6 (*303) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. കെ. മുരളീധരൻ:
ശ്രീ. അൻവർ സാദത്ത്:

ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രാഥമിക ആരോഗ്യ സംരക്ഷണമേഖലയിലെ അവഗണനയാണ് ഈ വർഷം പകർച്ചപ്പനി വ്യാപകമാകുന്നതിനും മരണസംഖ്യ ഉയരുന്നതിനും കാരണമായത് എന്ന് കണ്ടെത്തിയിട്ടുണ്ടോ;

(ബി) പകർച്ചപ്പനി ഭീഷണി നേരിടുവാൻ സമഗ്രമായ ആരോഗ്യ പരിരക്ഷാ പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശ്യമുണ്ടോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ):

(എ) കണ്ടെത്തിയിട്ടില്ല.

(ബി) ആരോഗ്യ വകുപ്പ് ജനുവരി മാസം മുതൽതന്നെ എല്ലാ ജില്ലകളിലും നിലനിൽക്കുന്ന പ്രധാന ആരോഗ്യപ്രശ്നങ്ങൾ കണ്ടെത്തി അവ പരിഹരിക്കുന്നതിനാവശ്യമായ ഒരു സമഗ്ര പകർച്ചവ്യാധി പ്രതിരോധ നിയന്ത്രണ കർമ്മപദ്ധതിയ്ക്ക് രൂപം നൽകുകയുണ്ടായി. ഒരു വർഷം മുഴുവൻ നീണ്ടുനിൽക്കുന്ന പ്രവർത്തനപരിപാടികൾ ആസൂത്രണംചെയ്ത് നടപ്പിലാക്കുകയും ചെയ്തുവരുന്നു. ഇതിന്റെ ഭാഗമായി മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങളും കൊതുകിന്റെ ഉറവിടനശീകരണം ഉൾപ്പെടെയുള്ള പ്രവർത്തനങ്ങളും മാർച്ച് മാസം മുതൽ തന്നെ വിവിധ തലങ്ങളിലായി നടപ്പിലാക്കി വരുന്നുണ്ട്. എന്നിരുന്നാലും കാലാവസ്ഥയിലെ വ്യതിയാനവും ജലദൗർലഭ്യവും അന്തരീക്ഷ താപനിലയിലെ ഏറ്റക്കുറച്ചിലുകളും കൊതുക് ഉൾപ്പെടെയുള്ള പ്രാണികൾ വർദ്ധിക്കുവാനുള്ള സാഹചര്യം സൃഷ്ടിക്കുന്നുണ്ട്. മാലിന്യ സംസ്കരണ സംവിധാനത്തിലെ പോരായ്മകൾമൂലം എലികൾ വർദ്ധിക്കുവാനുള്ള സാഹചര്യം നിലനിൽക്കുന്നു. പകർച്ചവ്യാധി പ്രതിരോധ നിയന്ത്രണ പ്രവർത്തനങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള ഇതര വകുപ്പുകളുടെ സഹകരണവും പൊതുജന പങ്കാളിത്തവും ഉറപ്പുവരുത്തി കൂടുതൽ ഊർജ്ജിതമായി ഇത്തരം പ്രവർത്തനങ്ങൾ താഴെത്തട്ടിൽ നടപ്പിലാക്കുവാനുള്ള ശ്രമങ്ങൾ ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ ആരംഭിച്ചിട്ടുണ്ട്. വാർഡ് ഹെൽത്ത് സാനിട്ടേഷൻ സമിതികൾ പുനരുജ്ജീവിപ്പിച്ചുകൊണ്ട് പകർച്ചവ്യാധി പ്രതിരോധ നിയന്ത്രണ പരിപാടികൾ കാര്യക്ഷമമായി നടപ്പിലാക്കുവാനും അതുവഴി വരുംവർഷങ്ങളിൽ രോഗാതുരത കുറയ്ക്കുവാനുതകുന്ന പ്രവർത്തന പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു.

## വാഹനാപകടങ്ങളിൽപ്പെട്ടവർക്ക് അതിവേഗ വിദഗ്ദ്ധ ചികിത്സ

7 (*307) ശ്രീ. കെ. മുരളീധരൻ:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാഹനാപകടങ്ങളിൽപ്പെട്ടവർക്ക് അതിവേഗം വിദഗ്ദ്ധചികിത്സ ലഭ്യമാക്കുവാൻ കേന്ദ്രസർക്കാർ മാതൃകയിൽ സംസ്ഥാനത്തും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ;

(ബി) ഇതിന് പര്യാപ്തമാകുന്ന രീതിയിൽ എത്ര സർക്കാർ ആശുപത്രികളെയാണ് വികസിപ്പിക്കുവാൻ ഉദ്ദേശിക്കുന്നത്;

(സി) സംസ്ഥാനത്തെ ഏതെല്ലാം ആശുപത്രികളെ കേന്ദ്രപദ്ധതിയിൻ കീഴിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും ഇതുവരെ ഇക്കാര്യത്തിനായി എന്ത് തുക കേന്ദ്രത്തിൽനിന്നും ലഭിച്ചുവെന്നും വെളിപ്പെടുത്തുമോ;

(ഡി) കേന്ദ്രപദ്ധതി നടപ്പിലാക്കിയ ആശുപത്രികളിൽ ഇതിനകം വാഹനാപകടത്തിൽപ്പെട്ട് വരുന്നവരുടെ വിദഗ്ദ്ധചികിത്സയ്ക്കായി ഏർപ്പെടുത്തിയിട്ടുള്ള സൗകര്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ):

(എ) ഉണ്ട്. കേന്ദ്ര സർക്കാരിന്റെ " Assistance for Development of Trauma Care facilities in Government Hospitals located on National Highway" എന്ന പദ്ധതി പ്രകാരം എറണാകുളം ജനറൽ ആശുപത്രി, കണ്ണൂർ ജില്ലാ ആശുപത്രി, ആലപ്പുഴ മെഡിക്കൽ കോളേജ് എന്നിവിടങ്ങളിൽ ട്രോമാകെയർ സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്.

തിരുവനന്തപുരം, കോട്ടയം, തൃശ്ശൂർ എന്നീ മെഡിക്കൽ കോളേജുകളിൽ സ്റ്റേറ്റ് ഫണ്ട് ഉപയോഗിച്ച് ട്രോമാകെയർ സംവിധാനം ഏർപ്പെടുത്തുന്നതിനും പദ്ധതിയുണ്ട്.

(ബി) സംസ്ഥാനത്തെ ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള തെരഞ്ഞെടുത്ത ജനറൽ ആശുപ്രതികൾ, ജില്ലാ ആശുപത്രികൾ, താലൂക്ക് ആശുപത്രികൾ ഉൾപ്പെടെയുള്ള 27 ആശുപത്രികളിൽ ട്രോമാകെയർ സംവിധാനം ഏർപ്പെടുത്തുവാനാണ് ഉദ്ദേശിക്കുന്നത്. ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) എറണാകുളം ജനറൽ ആശുപത്രി, കണ്ണൂർ ജില്ലാ ആശുപത്രി, ആലപ്പുഴ മെഡിക്കൽ കോളേജ് എന്നീ ആശുപത്രികളെ കേന്ദ്ര പദ്ധതിയിൽ ഉൾപ്പെടുത്തി ട്രോമാകെയർ സംവിധാനം ഏർപ്പെടുത്തുവാൻ 7,00,70,000 രൂപ അനുവദിച്ചിട്ടുണ്ട്.

ആകെ ചെലവിന്റെ 60% കേന്ദ്ര ഫണ്ടും 40% സ്റ്റേറ്റ് ഫണ്ടുമാണ്. ഈ കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ആലപ്പുഴ മെഡിക്കൽ കോളേജിനെ ലെവൽ 2 ട്രോമാകെയർ പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരം ലഭിച്ചിട്ടുണ്ട്. പദ്ധതിയുടെ ആകെ തുകയായ (കേന്ദ്ര വിഹിതവും സ്റ്റേറ്റ് വിഹിതവും ഉൾപ്പെടെ) 10.272 കോടി രൂപയിൽ 367.5 ലക്ഷം രൂപ ഒന്നാംഘട്ട കേന്ദ്രവിഹിതമായി അനുവദിച്ചു കൊണ്ടുള്ള ഉത്തരവ് കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ചിട്ടുണ്ട്.

കോഴിക്കോട് മെഡിക്കൽ കോളേജിനെ ലെവൽ 1 ട്രോമാകെയർ പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരം ലഭിച്ചിട്ടുണ്ട്. പദ്ധതിയുടെ ഒന്നാംഘട്ട കേന്ദ്രവിഹിതമായി 504 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

തൃശ്ശൂർ മെഡിക്കൽ കോളേജിൽ കേന്ദ്രാവിഷ്കൃത പദ്ധതിയായ ട്രോമാകെയർ നടപ്പാക്കുന്നത് സംബന്ധിച്ച് കേന്ദ്രഗവൺമെന്റിന്റെ ഒരു ടീം 17-6-2014-ൽ സന്ദർശനം നടത്തി. ഈ പദ്ധതിക്കുള്ള പ്രൊപ്പോസൽ കേന്ദ്ര ഗവൺമെന്റിലേയ്ക്ക് അയച്ചിട്ടുണ്ട്.

(ഡി) ആശുപത്രിയിലെ അടിസ്ഥാന സൗകര്യങ്ങൾ, അത്യന്താധുനിക ചികിത്സാ ഉപകരണങ്ങൾ എന്നിവ സജ്ജമാക്കുന്നതിനും വാഹനാപകടങ്ങളിൽപ്പെട്ട് ചികിത്സ തേടുന്നവർക്ക് അതിവേഗ വിദഗ്ദ്ധ സേവനം പ്രദാനം ചെയ്യാൻ സജ്ജരായ ഡോക്ടർമാരുടെ ലഭ്യത എന്നിവ ഉറപ്പാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ദേശീയ പാതകൾക്കും സംസ്ഥാന പാതകൾക്കും സമീപമുള്ള 24 മണിക്കൂറും പ്രവർത്തിക്കുന്ന, കാഷ്വാലിറ്റിയുള്ള ആശുപത്രികളിൽ പ്രാഥമിക ചികിത്സയും അടിയന്തര ചികിത്സാ സൗകര്യങ്ങളും ലഭ്യമാക്കിയിട്ടുണ്ട്.

**പോലീസ് സേനയെ ആധുനീകരിക്കുവാൻ നടപടികൾ**

8 (*308) ശ്രീ. മുരളി പെരുനെല്ലി:
ശ്രീമതി വീണാ ജോർജ്ജ്:
ശ്രീ. ജോൺ ഫെർണാണ്ടസ്:
ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് സേനയെ ആധുനീകരിക്കുന്നതിനും ശാക്തീകരിക്കുന്നതിനും സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) പോലീസ് സ്റ്റേഷനുകൾ ജനസൗഹൃദമാക്കുന്നതിന്, വിശേഷിച്ച് സ്ത്രീ സൗഹൃദമാക്കുന്നതിന് നടപ്പാക്കിയ പ്രവർത്തനങ്ങൾ അറിയിക്കാമോ;

(സി) സ്ത്രീകളുടെനേരെ അതിക്രമം കാണിക്കുന്നവർ എത്ര ഉന്നതരായാലും കർശന നടപടിയെടുക്കാനുള്ള സർക്കാരിന്റെ ശ്രമം അട്ടിമറിക്കാനായി പ്രമുഖ പ്രതിപക്ഷ രാഷ്ട്രീയ കക്ഷി, ആക്രമണത്തിന് വിധേയരായവർക്ക് നേരെയും ബഹുജനങ്ങൾക്കുനേരെയും നടത്തിയ ആക്രമണം സ്ത്രീകളുടെ അഭിമാനത്തിന് നേരെയുള്ള ഭീഷണിയായിക്കണ്ട് ഇത്തരക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) പോലീസ് സേനയുടെ ശാക്തീകരണവും ആധുനികവത്കരണവുമായി ബന്ധപ്പെട്ട് 4700 ലക്ഷം രൂപ 2017-18 സാമ്പത്തിക വർഷത്തിൽ വകയിരുത്തിയിട്ടുണ്ട്. കൂടാതെ താഴെപ്പറയുന്ന പദ്ധതികളും നടപ്പിൽ വരുത്തുവാൻ ഉദ്ദേശിക്കുന്നു:

1. ട്രാഫിക് അപകടങ്ങൾ കുറയ്ക്കുന്നതിന്റെ ഭാഗമായി ദേശീയ സംസ്ഥാന പാതകളിൽ 350 ഇടങ്ങളിൽ ക്യാമറ സ്ഥാപിക്കുന്നതിന് സംസ്ഥാന പോലീസ് മേധാവി സമർപ്പിച്ച പദ്ധതി സർക്കാർ തലത്തിൽ പരിശോധിച്ചുവരുന്നു.

2. കേന്ദ്ര സഹായത്തോടുകൂടി സൈബർ ഇൻവെസ്റ്റിഗേഷൻ സെന്റർ ആരംഭിക്കുന്നതിന് സംസ്ഥാന പോലീസ് മേധാവി തയ്യാറാക്കി നൽകിയ 469.39 ലക്ഷം രൂപയുടെ രൂപരേഖയും സർക്കാർ തലത്തിൽ പരിശോധിച്ചു വരുന്നു.

3. ശാസ്ത്രീയ കുറ്റാന്വേഷണ സംവിധാനം വികസിപ്പിക്കുന്നതിന് 450 ലക്ഷം രൂപയും ടെലികമ്മ്യൂണിക്കേഷൻ ശൃംഖലയുടെ വികസനത്തിനുള്ള പദ്ധതികൾ ആവിഷ്കരിക്കുന്നതിന് 600 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.

4. സൈബർ കുറ്റാന്വേഷണത്തിന്റെ സാങ്കേതിക മേഖല വികസിപ്പിക്കുന്നതിനും മൂന്ന് ജില്ലകളിൽ പരിശീലന കേന്ദ്രങ്ങൾ നിർമ്മിക്കുന്നതിനുമുള്ള പദ്ധതികൾ നടപ്പിലാക്കാൻ യഥാക്രമം 100, 450 ലക്ഷം രൂപവീതം വകയിരുത്തിയിട്ടുണ്ട്.

5. പോലീസ് സ്റ്റേഷനുകളിൽ കമ്പ്യൂട്ടർ സോഫ്റ്റ്‌വെയറും ഫർണീച്ചറും വാങ്ങുന്നതിന് 290 ലക്ഷം രൂപയും സ്റ്റേഷനുകളിലെ സ്ഥല സൗകര്യം വർദ്ധിപ്പിക്കുന്നതിന് 500 ലക്ഷം രൂപയും നാല് ജില്ലകളിൽ ജില്ലാ കൺട്രോൾ റൂം നിർമ്മിക്കുന്നതിന് 80 ലക്ഷം രൂപയും ഇന്റലിജൻസ് സംവിധാനത്തിന്റെ ശാക്തീകരണത്തിനുള്ള പദ്ധതികൾ നടപ്പിൽ വരുത്തുന്നതിന് 150 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.

6. കേന്ദ്ര-സംസ്ഥാന സർക്കാരിന്റെ സഹായത്തോടുകൂടി "നേഷൻവൈഡ് എമർജൻസി റെസ്പോൺസ് സിസ്റ്റത്തിന്റെ" ഭാഗമായി "സ്റ്റേറ്റ് എമർജൻസി റെസ്പോൺസ് സെന്റർ" നടപ്പിൽ വരുത്തുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. ഈ പദ്ധതി "ഡയൽ 112" എന്നാണ് അറിയപ്പെടുന്നത്.

(ബി) സംസ്ഥാനത്തുള്ള മിക്കവാറും പോലീസ് സ്റ്റേഷനുകളിൽ സ്ത്രീ സൗഹൃദമാക്കുന്നതിന് റിസപ്ഷൻ, വനിതാ ഹെൽപ് ഡെസ്ക്, ടോയ്‌ലെറ്റോടു കൂടിയ വിസിറ്റേഴ്സ് റൂം മുതലായവ സ്ഥാപിച്ചിട്ടുണ്ട്. വനിതാ സന്ദർശകർക്ക് അത്യാവശ്യമായിട്ടുള്ള സൗകര്യങ്ങൾ കേരളത്തിലെ എല്ലാ പോലീസ് സ്റ്റേഷനുകളിലും നടപ്പിലാക്കുന്നതിന് മുൻഗണന നൽകിവരുന്നു.

(സി) ഇത്തരത്തിലുള്ള സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ അവർക്കെതിരെ കർശന നിയമ നടപടികൾ ഇപ്പോൾത്തന്നെ സ്വീകരിച്ചുവരുന്നുണ്ട്.

**ഹരിത കേരളം മിഷന്റെ പ്രവർത്തനങ്ങൾ**

9 (*309) ശ്രീ. വി. ടി. ബൽറാം :
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിതകേരളം മിഷന്റെ പ്രവർത്തനങ്ങൾ വിശദമാക്കുമോ;

(ബി) ഈ വർഷത്തെ രൂക്ഷമായ വരൾച്ച നേരിടാനായി ഹരിത കേരള മിഷൻ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിയത്; പ്രസ്തുത പ്രവർത്തനങ്ങൾ ഫലപ്രദമായിരുന്നോയെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(സി) വരൾച്ചാ പ്രവർത്തനങ്ങൾക്കായി ഹരിത കേരള മിഷന്റെ ആഭിമുഖ്യത്തിൽ ഇതുവരെ എന്ത് തുക ചെലവഴിച്ചു എന്ന് വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) ശുചിത്വ-മാലിന്യസംസ്കരണം, മണ്ണ്-ജല സംരക്ഷണം, ജൈവകൃഷിരീതിയ്ക്ക് പ്രാമുഖ്യം കൊടുത്തുകൊണ്ടുള്ള കൃഷിവികസനം എന്നീ മൂന്ന് മേഖലകൾക്ക് ഊന്നൽനൽകുന്ന പദ്ധതിയാണ് ഹരിത കേരളം മിഷൻ. ഹരിതകേരളം മിഷന്റെ പൊതുവായ പ്രവർത്തനങ്ങൾ താഴെ വിവരിക്കുന്നു:

1. നാമാവശേഷമായിക്കൊണ്ടിരിക്കുന്ന ജല സ്രോതസ്സുകൾ സംരക്ഷിക്കുന്നതിനും നിലനിർത്തുന്നതിനും അവയുടെ വിനിയോഗം, പരിപാലനം, സംരക്ഷണം എന്നിവകളിൽ ജനകീയ കൂട്ടായ്മകൾ സംഘടിപ്പിച്ച് പ്രവർത്തിക്കുക.

2. ശുചിത്വ-മാലിന്യ സംസ്കരണം, കൃഷി, ജലവിഭവം എന്നീ വകുപ്പുകളുടേയും ഏജൻസികളുടേയും പ്രവർത്തനങ്ങളെ തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ ഫലപ്രദമായി സമന്വയിപ്പിക്കുകയും പ്രവർത്തനങ്ങൾ കൂടുതൽ പ്രദേശങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുകയും ചെയ്യുക.

3. ശുചിത്വ-മാലിന്യ സംസ്കരണ മേഖലയിലും കാർഷിക മേഖലയിലും ജലവിഭവ മേഖലയിലും പ്രവർത്തിക്കുന്ന സംവിധാനങ്ങളുടെ ഉദ്ദേശ്യ ലക്ഷ്യങ്ങളും സാങ്കേതിക പ്രാപ്തിയും സഹായങ്ങളും പരമാവധി പ്രയോജനപ്പെടുത്തുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കുക.

4. ശുചിത്വ-മാലിന്യ സംസ്കരണം, കൃഷി, ജലവിഭവം എന്നീ മേഖലകളിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ നേരിടുന്ന സങ്കീർണ്ണമായ പ്രശ്നങ്ങൾ പഠിച്ച് അനുയോജ്യമായ സാങ്കേതിക വിദ്യയുൾപ്പെടെയുള്ള സാധ്യതകൾ പ്രയോജനപ്പെടുത്തി അവ പരിഹരിക്കുക.

5. പ്രാഥമിക ഉത്പാദനം, ജലവിഭവം, ശുചിത്വ-മാലിന്യ സംസ്കരണം എന്നീ മേഖലകളിൽ തയ്യാറാക്കുന്ന വിശദമായ പദ്ധതി രേഖകളുടെ സംയോജിതവും ഏകോപിതവുമായ നിർവ്വഹണം തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ സാധ്യമാക്കുക.

6. ജലസ്രോതസ്സുകൾക്കുചുറ്റും കാർഷിക പ്രവർത്തനങ്ങളും തണ്ണീർത്തട വികസന പരിപാടികളും മറ്റ് ജലവിനിയോഗ പ്രവർത്തനങ്ങളും സംഘടിപ്പിക്കുക.

7. കേരളത്തിൽ ലഭ്യമായിട്ടുള്ള സാങ്കേതിക വൈദഗ്ധ്യവും പ്രാദേശിക അറിവുകളും വികസന പ്രവർത്തനങ്ങളിൽ അനുയോജ്യമായി പരമാവധി ഉപയോഗപ്പെടുത്തുക.

(ബി) രൂക്ഷമായ വരൾച്ച നേരിടുന്നതിനായി കഴിഞ്ഞ ഒരു വർഷക്കാലമായി 3931 പൊതുക്കിണർ നിർമ്മിക്കുകയും 15022 എണ്ണം മഴവെള്ള റീചാർജിനുതകും വിധം വൃത്തിയാക്കുകയും ചെയ്തു. 3855 പുതിയ കുളങ്ങൾ നിർമ്മിക്കുകയും 13247 എണ്ണം പുനരുജ്ജീവിപ്പിക്കുകയും ചെയ്തു. ഇതോടൊപ്പം 2467 കിലോമീറ്റർ തോടുകളും 1481 കിലോമീറ്റർ കനാലുകളും വൃത്തിയാക്കി. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുണ്ട്.* ഇതോടൊപ്പം വിവിധ ഉപനദികൾ വൃത്തിയാക്കുന്ന പ്രവൃത്തികൾ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെയും സാമൂഹിക കൂട്ടായ്മയുടെയും നേതൃത്വത്തിൽ നടന്നു വരുന്നു. ഇതോടൊപ്പം ' ജലമാണ് ജീവൻ'

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

എന്ന ക്യാമ്പയിൻവഴി ജലത്തിന്റെ ഉപയോഗം നിയന്ത്രിക്കുന്നതിനുള്ള ഒരു പരിശ്രമവും നടത്തി. ഇത്തരം ഇടപെടലുകൾ ജലസംരക്ഷണം വർദ്ധിപ്പിക്കുന്നതിനുള്ള ഒരു പൊതുതാല്പര്യം ജനിപ്പിച്ചിട്ടുണ്ട്. ലഭിക്കുന്ന മഴവെള്ളം പരമാവധി സംരക്ഷിച്ച് ഉപയോഗിക്കുന്നതിനുള്ള ഊർജ്ജിതമായ ശ്രമം സ്വീകരിക്കുന്നതിൻെറ ഫലമായി കിണറുകളിലെ മഴവെള്ള പരിപോഷണം, കൂടുതൽ കിണറുകളും തടയണകളും നിർമ്മിച്ച് ജലസംരക്ഷണം തുടങ്ങിയ പ്രവൃത്തികൾ ഊർജ്ജിതപ്പെടുത്തുന്നതിനായി കർമ്മസേനകൾക്ക് രൂപം നൽകിയിട്ടുണ്ട്. ഈ പ്രവർത്തനങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ വരെ സംഘടിപ്പിക്കുന്നതിനുകൂടി ഉദ്ദേശിച്ച് ഒരു മാർഗ്ഗരേഖ ഇതിനകം തയ്യാറാക്കിയിട്ടുണ്ട്.

ജില്ലാതലത്തിൽ നടത്തിയ അവലോകനവും ഹരിതകേരളം മിഷൻ സംസ്ഥാനതലത്തിൽ നടത്തിയ അവലോകനവും പ്രവർത്തനങ്ങൾ ഫലപ്രദമായിരുന്നു എന്നാണ് വിലയിരുത്തിയിട്ടുള്ളത്.

(സി) ഹരിത കേരളം മിഷൻ നേരിട്ട് തുക ചെലവഴിക്കുന്നില്ല. വിവിധ വകുപ്പുകളുടെയും കേന്ദ്ര-സംസ്ഥാന ഏജൻസികളുടേയും ലഭ്യമായിട്ടുള്ള സാമ്പത്തിക സഹായം വിനിയോഗിച്ചാണ് പ്രവൃത്തികൾ ജില്ലകളിൽ നടപ്പിലാക്കിയിട്ടുള്ളത്. ഇത് ഏകോപിപ്പിക്കുന്നതിനുള്ള ചുമതലയാണ് ഹരിത കേരളം മിഷൻ നിർവ്വഹിച്ചുവരുന്നത്

**റേഷൻ വ്യാപാരികൾക്ക് വേതനം**

10 (*310) <u>ശ്രീ. അടൂർ പ്രകാശ്:</u>
<u>ശ്രീ. കെ. സി. ജോസഫ്:</u>
<u>ശ്രീ. അനൂപ് ജേക്കബ്:</u>
<u>ശ്രീ. വി. ഡി. സതീശൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യഭദ്രതാ നിയമപ്രകാരം റേഷൻ വ്യാപാരികൾക്ക് വേതനം നിശ്ചയിച്ച് ഉത്തരവായിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) പ്രസ്തുത പാക്കേജ് നടപ്പിലാക്കുന്നതിന് സർക്കാരിന് പ്രതിവർഷം എന്ത് തുക ചെലവാകും എന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വെളിപ്പെടുത്തുമോ;

(സി) ഭക്ഷ്യഭദ്രതാ പദ്ധതി പ്രകാരം റേഷൻ കടകളിൽ ബയോമെട്രിക് സംവിധാനം നടപ്പാക്കേണ്ടതുണ്ടോ; എങ്കിൽ പ്രസ്തുത സംവിധാനം ഏർപ്പെടുത്തുന്ന റേഷൻ വ്യാപാരികൾക്ക് മാത്രമാണോ പ്രതിമാസ വേതനത്തിന് അർഹതയുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) ബയോമെട്രിക് സംവിധാനം എന്നത്തേക്ക് നടപ്പിൽ വരുത്തണമെന്നാണ് നിർദ്ദേശിച്ചിട്ടുള്ളത് എന്ന് അറിയിക്കുമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ):

(എ) ഇല്ല.

(ബി) ബാധകമല്ല.

(സി) ഉണ്ട്. ഇ-പോസ് മെഷീൻ വഴിയുള്ള ട്രാൻസാക്ഷൻ അനുസരിച്ചാണ് റേഷൻ വ്യാപാരികൾക്ക് പ്രതിമാസ വേതനം നൽകുവാനുള്ള തുക കണക്കാക്കുന്നത്.

(ഡി) 2018 മാർച്ച് മാസത്തിനുള്ളിൽ നടപ്പിൽ വരുത്താനാണ് ഉദ്ദേശിക്കുന്നത്.

**ഭക്ഷ്യഭദ്രതാ നിയമം**

11(*311) ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യഭദ്രതാ നിയമം നടപ്പിലാക്കുമ്പോൾ നേരിടേണ്ടിവരുന്ന തടസ്സങ്ങൾ കണ്ടെത്തി സഹായിക്കുന്നതിനായി കൺസൾട്ടന്റുമാരെ നിയോഗിച്ചിട്ടുണ്ടോ; എങ്കിൽ കൺസൾട്ടന്റായി ആരെയാണ് നിയോഗിച്ചതെന്നും അവരെ എപ്രകാരമാണ് തെരഞ്ഞെടുത്തതെന്നും വെളിപ്പെടുത്തുമോ;

(ബി) ഏതൊക്കെ മേഖലകളിലാണ് അവരുടെ സേവനം ലഭ്യമാക്കിയത് എന്നറിയിക്കാമോ;

(സി) ഇതിലേയ്ക്കായി കൺസൾട്ടന്റുമാർക്ക് ഇതിനകം എന്ത് തുക നൽകിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ):

(എ) വേൾഡ് ഫുഡ് പ്രോഗ്രാമുമായി ഒപ്പുവെച്ച മെമ്മോറാണ്ടം ഓഫ് അണ്ടർസ്റ്റാന്റിംഗിന്റെ അടിസ്ഥാനത്തിൽ 22-9-2015-ലെ, സ.ഉ.(സാധാ.) നമ്പർ 319/2015/ ഭപൊവിവ. നമ്പർ സർക്കാർ ഉത്തരവ് മുഖേന ഡബ്ല്യൂ.എഫ്.പി. പ്രതിനിധികളെ നിയമിച്ചിട്ടുണ്ട്. ഒരു പ്രോഗ്രാം പോളിസി ഓഫീസർ, ഒരു ഐ.ടി വിദഗ്ധൻ, ഒരു ലോജിസ്റ്റിക്സ് വിദഗ്ധൻ എന്നിവരെയാണ് WFP മുഖേന നിയമിച്ചിട്ടുള്ളത്.

(ബി) പ്രോഗ്രാം പോളിസി ഓഫീസർ എൻഡ് ടു എൻഡ് കമ്പ്യൂട്ടറൈസേഷനുമായി ബന്ധപ്പെട്ട വിവിധ കമ്മിറ്റികളിൽ അംഗമാണ്. പദ്ധതി നടത്തിപ്പ് സംബന്ധിച്ച ഉപദേശങ്ങൾ നല്കുക, വിവിധ ഏജൻസികളുമായുള്ള ഏകോപനം സാധ്യമാക്കുക, RFP (Request for Proposal), EoI (Expression of Interest), സർവ്വീസ് ലെവൽ എഗ്രിമെന്റുകൾ തുടങ്ങിയവ തയ്യാറാക്കുന്നതിൽ സഹായിക്കുക തുടങ്ങിയ കാര്യങ്ങളും പ്രോഗ്രാം പോളിസി ഓഫീസർ ചെയ്തുവരുന്നു. ഭക്ഷ്യവകുപ്പ്, ഭക്ഷ്യ മന്ത്രാലയം, പ്ലാനിംഗ് ബോർഡ്, യു.ഐ.ഡി.എ.ഐ, WFP- യുടെ കേന്ദ്ര ഓഫീസ് തുടങ്ങിയവയുമായി ബന്ധപ്പെട്ട് പദ്ധതിയുടെ യഥാസമയമുള്ള നടത്തിപ്പും കാര്യക്ഷമതയും ഉറപ്പുവരുത്തുന്നതിനും ഇദ്ദേഹം സഹായിക്കുന്നു. വിവിധ ഐ.ടി അനുബന്ധ വിഷയങ്ങളിൽ ഉപദേശങ്ങൾ നല്കുന്നതിനാണ് ഐ.ടി വിദഗ്ധനെ നിയമിച്ചിട്ടുള്ളത്. ടെക്നിക്കൽ കമ്മിറ്റികളിൽ ഐ.ടി വിഷയങ്ങളിൽ വകുപ്പിനു വേണ്ടി പങ്കെടുക്കുക, വകുപ്പിന്റെ ആവശ്യകത ടെക്നിക്കൽ ഡോക്യുമെന്റായി മാറ്റി ടെക്നിക്കൽ ഏജൻസികൾക്കു കൈമാറുക, എൻ.ഐ.സി./മറ്റ് ഏജൻസികൾ മുഖാന്തരം തയ്യാറാക്കുന്ന വിവിധ ആപ്ലിക്കേഷനുകളുടെ പരിശോധന, വിവിധ ഐ.ടി അനുബന്ധ ഉപകരണങ്ങളുടെ പർച്ചേസിനായി ടെണ്ടർ ഡോക്യുമെന്റുകൾ തയ്യാറാക്കുക, സോഫ്റ്റ് വെയർ ഡെവലപ്മെന്റ് ലൈഫ് സൈക്കിൾ, സോഫ്റ്റ്‌വെയർ ടെസ്റ്റിംഗ് ലൈഫ് സൈക്കിൾ തുടങ്ങിയവ റിവ്യൂ ചെയ്യുക തുടങ്ങിയ ടെക്നിക്കൽ മേഖലകളിൽ ഇദ്ദേഹത്തിന്റെ സേവനം തേടിവരുന്നു. സപ്ലൈ ചെയിൻ മാനേജ്മെന്റ് ഡോർ സ്റ്റെപ് ഡെലിവറി എന്നിവ ഫലപ്രദമായി നടപ്പാക്കുന്നതിന് ലോജിസ്റ്റിക്സ് വിദഗ്ധന്റെ സേവനം തേടി വരുന്നു. ട്രാൻസ്പോർട്ടേഷൻ കോസ്റ്റ് അനാലിസിസ്, ഫിനാൻഷ്യൽ ഫീസിബിലിറ്റി സ്റ്റഡി, വിവിധ ലോജിസ്റ്റിക്സ് മാതൃകകളുടെ പരിശോധന തുടങ്ങിയവയും ഇദ്ദേഹം ചെയ്തു വരുന്നു. ട്രാൻസ്പോർട്ടർമാരുടെ തെരഞ്ഞെടുപ്പ്, വേയിംഗ് മെഷീൻ പർച്ചേസ്, ജി.പി.എസ് ഉപകരണങ്ങളുടെ സ്ഥാപനം എന്നിവയ്ക്കായി ടെണ്ടർ ഡോക്യുമെന്റുകൾ തയ്യാറാക്കുന്നതിനും ലോജിസ്റ്റിക്സ് വിദഗ്ധന്റെ സേവനം ലഭിച്ചിട്ടുണ്ട്.

(സി) പ്രോഗ്രാം പോളിസി ഓഫീസറുടെ സേവനം സൗജന്യമായാണ് ലഭ്യമാക്കുന്നത്. ഐ.ടി വിദഗ്ധനുവേണ്ടി 21,32,289 രൂപയും ലോജിസ്റ്റിക്സ് വിദഗ്ധനുവേണ്ടി 37,61,417 രൂപയും നാളിതുവരെ WFP -യ്ക്ക് കൈമാറിയിട്ടുണ്ട്.

**അഖിലേന്ത്യാ സർവ്വീസ് ഉദ്യോഗസ്ഥരുടെ കുറവ്**

12 (*312) <u>ശ്രീ. പി. കെ. അബ്ദു റബ്ബ് :</u>
<u>ശ്രീ. എൻ. ഷംസുദ്ദീൻ :</u>
<u>ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് :</u>
<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സിവിൽ സർവ്വീസിൽ അഖിലേന്ത്യാ സർവ്വീസ് ഉദ്യോഗസ്ഥരുടെ കുറവാണ് ഭരണ നടപടികൾക്ക് വേഗത കുറയുവാൻ കാരണമെന്ന റിപ്പോർട്ടുകൾ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ബി) പ്രസ്തുത ഉദ്യോഗസ്ഥരുടെ കുറവ് ഭരണ നടപടികളെ ദോഷകരമായി ബാധിക്കാതിരിക്കാൻ എന്തെല്ലാം മുൻകരുതലുകളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ&ബി) ഭരണ നടപടികൾക്ക് വേഗത കുറവുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സംസ്ഥാനത്ത് ഐ.എ.എസ്., ഐ.പി.എസ്., ഐ.എഫ്.എസ്. എന്നീ കേഡറുകളിൽപ്പെട്ട അഖിലേന്ത്യാ സർവ്വീസ് ഉദ്യോഗസ്ഥരുടെ കുറവുണ്ടെങ്കിലും നിലവിലുള്ളവർക്ക് അധിക ചുമതല നൽകി കുറവ് താൽക്കാലികമായി പരിഹരിച്ചിട്ടുണ്ട്. കൂടാതെ നേരിട്ടുള്ള നിയമനത്തിൽക്കൂടിയും ഉദ്യോഗക്കയറ്റം മുഖേനയും വിവിധ കേഡറുകളിലെ കുറവുകൾ നികത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നുണ്ട്.

**ഐ.ടി. വികസനം**

13 (*313) ശ്രീ. പുരുഷൻ കടലുണ്ടി:
ശ്രീ. ആർ. രാജേഷ്:
ശ്രീ. യു. ആർ. പ്രദീപ്:
ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ.ടി. രംഗത്ത് കൂടുതൽ തൊഴിൽ സൃഷ്ടിക്കുകയെന്ന ഉദ്ദേശ്യത്തോടെ നടപ്പാക്കുന്ന പദ്ധതികൾ എന്തെല്ലാമാണ്;

(ബി) സോഫ്റ്റ്‌വെയർ രംഗത്ത് വളർച്ച നേടുന്നതിനോടൊപ്പം ഹാർഡ് വെയർ രംഗത്തുകൂടി ചുവടുറപ്പിക്കാനായി പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) ഐ.ടി. രംഗത്തെ വികസനം സാമൂഹ്യ ശാക്തീകരണത്തിന് ഉപയുക്തമാക്കുന്നതിനായി പദ്ധതികൾ വ്യാപിപ്പിക്കാനായി നടത്തുന്ന പ്രവർത്തനങ്ങൾ അറിയിക്കാമോ;

(ഡി) കേരളത്തെ ഇലക്ട്രോണിക് ഹബ്ബ് ആക്കി മാറ്റുവാനുള്ള പരിപാടിയുടെ വിശദാംശം അറിയിക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) ഡിജിറ്റൽ ഭരണ സംവിധാനം (ഇ-ഗവേണൻസ്), മാനവശേഷി മൂലധന വികസനം, പശ്ചാത്തല/അടിസ്ഥാന വികസന സൗകര്യങ്ങൾ, ഐ.റ്റി പാർക്കുകൾ, ഏകജാലക സർക്കാർ പോർട്ടൽ, സ്വതന്ത്ര ഓപ്പൺ സോഫ്റ്റ് വെയറുകളുടെ ഉപയോഗവും, ഉല്പാദനവും, ഇലക്ട്രോണിക്സ് സേവനങ്ങൾ, വിഭവസമാഹരണങ്ങൾ, ജനസേവന കേന്ദ്രങ്ങൾ, ഡിജിറ്റൽ സാക്ഷരത, ഡിജിറ്റൽ

കൊമേഴ്സ്, ഇ-കൊമേഴ്സ്, മൊബൈൽ കൊമേഴ്സ്, ടെക്നോളജി ഇന്നവേഷൻ സോൺ, സ്റ്റാർട്ട്അപ്പ് സംരംഭങ്ങൾ, ഓൺലൈൻ വിപണന കേന്ദ്രങ്ങൾ, സൈബർ മേഖല, ഫാബ് ലാബുകൾ, സ്മാർട്ട് ഗ്രാമങ്ങൾ, വ്യവസായ വികസനം തുടങ്ങിയവയിലൂടെ പരമാവധി തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ സാധിക്കും.

ഇൻഫർമേഷൻ ടെക്നോളജി വ്യവസായ രംഗത്ത് വിദ്യാർത്ഥി സംരംഭകർക്ക് പ്രോത്സാഹനവും വ്യവസായ സാഹചര്യവും സൃഷ്ടിക്കുക എന്ന ഉദ്ദേശത്തോടെ ഇൻഫോപാർക്ക്-നാസ്കോം സംയുക്തമായി സഹകരിച്ചുകൊണ്ട് ഇൻഫോപാർക്ക് - കൊച്ചിയിൽ നാസ്കോം സ്റ്റാർട്ട് അപ്പ് വെയർഹൗസ് എന്ന സ്റ്റാർട്ട് അപ്പ് ഇൻക്യൂബേറ്റർ സംവിധാനം പ്രവർത്തിച്ചുവരുന്നു. ഇതിലൂടെ പ്രോഡക്ട് സ്റ്റാർട്ട് അപ്പുകൾക്ക് വളരാൻവേണ്ട എല്ലാ പ്രോത്സാഹനങ്ങളും നൽകിവരുന്നു. കൂടാതെ തുടക്കക്കാരായ പ്രവാസി നിക്ഷേപകരെ പ്രോത്സാഹിപ്പിക്കാനായി NRI-TBI എന്ന പേരിൽ ഒരു സ്ഥാപനം കൊച്ചി ഇൻഫോപാർക്കിലും ചെറുകിട ഐ.ടി സംരംഭകരെ പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ കലൂർ കേന്ദ്രമാക്കി ഇൻഫോപാർക്ക് ടി.ബി.സി. എന്ന പേരിൽ ഒരു സ്ഥാപനവും പ്രവർത്തിച്ചുവരുന്നു.

സംരംഭകർക്കും നിക്ഷേപകർക്കുംവേണ്ടി സൈബർ പാർക്കിൽ കമ്പനികൾക്ക് കുറഞ്ഞ നിരക്കിലാണ് സ്പെയ്സ് നല്കുന്നത്. 5000 ച.അടി മുതൽ 25000 ച.അടി വരെ വാടകയിനത്തിൽ 5% ഇളവ് നല്കുന്നുണ്ട്. കൂടാതെ കെ.എസ്.ഇ.ബി. കമ്പനികൾക്കുവേണ്ടി സ്പെഷ്യൽ താരിഫിൽ വൈദ്യുതി നല്കുന്നുണ്ട്.

(ബി) സോഫ്റ്റ്‌വെയർ രംഗത്തെ വളർച്ചയോടൊപ്പം ഹാർഡ്‌വെയർ അധിഷ്ഠിത വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും ഐ.ടി. രംഗത്തെ വികസനം സാമൂഹിക ശാക്തീകരണത്തിന് ഉതകുംവിധം പ്രയോജനപ്പെടുത്തുന്നതിനുമുള്ള പദ്ധതികൾ ഐ.ടി. പോളിസി 2017-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) ഡിജിറ്റൽ സാങ്കേതികവിദ്യയുടെ ഗുണഫലങ്ങൾ സാധാരണക്കാരിൽ എത്തിക്കുന്നതിനുവേണ്ടി അക്ഷയകേന്ദ്രങ്ങൾ, ജനസേവന കേന്ദ്രങ്ങൾ എന്നിവയുമായി സഹകരിച്ച് ഓൺലൈൻ ബാങ്കിംഗ് സംവിധാനം, ബാങ്കിംഗ് കിയോസ്കുകൾ, ആധാർ എൻറോൾമെന്റുകൾ, വിവിധയിനം പണമിടപാടുകൾ തുടങ്ങിയ പരിപാടികൾ സർക്കാർ ഏകോപിപ്പിച്ച് വരുന്നു. അതോടൊപ്പം ഇ – ഡിസ്ട്രിക്റ്റ്, ഓൺലൈൻ ടെണ്ടർ സംവിധാനം, ഇ – ഹെൽത്ത്, വിവിധയിനം മൊബൈൽ ആപ്ലിക്കേഷനുകൾ സേവന പോർട്ടലുകൾ തുടങ്ങിയവയും ഡിജിറ്റൽ സാങ്കേതികവിദ്യ ജനങ്ങളിലേയ്ക്ക് എത്തുന്നതിൽ പ്രധാന പങ്ക് വഹിക്കുന്നു.

(ഡി) കേരളത്തെ ഇലക്ട്രോണിക് ഹബ്ബ് ആക്കി മാറ്റുന്നതിന്റെ ഭാഗമായി ഇലക്ട്രോണിക്സ് രംഗത്ത് കൂടുതൽ ശ്രദ്ധ പതിപ്പിക്കുന്നതിനും കൂടുതൽ നിക്ഷേപ തൊഴിൽ സംരംഭങ്ങൾ സൃഷ്ടിക്കുന്നതിനും സേവനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനുമായി സംസ്ഥാന വിവരസാങ്കേതിക വകുപ്പ്, ഇലക്ട്രോണിക്സ് ആന്റ് ഇൻഫർമേഷൻ ടെക്നോളജി വകുപ്പ് എന്ന് പുനർ നാമകരണം ചെയ്തു. ഇലക്ട്രോണിക്സ് ഉൾപ്പെടെയുള്ള വ്യവസായ മേഖലകളിലെ സാങ്കേതിക നവീനതയും സംരംഭകത്വവും വർദ്ധിപ്പിക്കുന്നതിനായി കേരളാ സ്റ്റാർട്ട്അപ്പ് മിഷൻ, ടെക്നോളജി ഇന്നവേഷൻ സോൺ, ഫാബ് ലാബ്സ്, കേരളാ ഐ.ടി. മിഷൻ തുടങ്ങിയ സ്ഥാപനങ്ങൾ പ്രവർത്തിച്ചുവരുന്നു.

**അങ്കണവാടികളുടെ നടത്തിപ്പിന് കേന്ദ്ര സഹായം**

14 (*314) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:</u>
<u>ശ്രീ. ടി. എ. അഹമ്മദ് കബീർ:</u>
<u>ശ്രീ. കെ. എം. ഷാജി:</u>
<u>ശ്രീ. സി. മമ്മൂട്ടി :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കണവാടികളുടെ ചുമതലയിൽനിന്നും കേന്ദ്രസർക്കാർ പിൻവാങ്ങുന്നതുമൂലം സംസ്ഥാനം നേരിടേണ്ടിവരുന്ന പ്രശ്നങ്ങൾ സംബന്ധിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) അങ്കണവാടി പ്രവർത്തകർക്ക് നല്കുന്ന ഓണറേറിയത്തിന്റെ അപ്പോർഷൻമെന്റ് നിലവിൽ ഏതുവിധത്തിലാണെന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തെ എത്ര ശതമാനം കുട്ടികളാണ് അങ്കണവാടി സംവിധാനത്തിന്റെ ഗുണഭോക്താക്കളായുള്ളതെന്ന് വിശദമാക്കുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (<u>ശ്രീമതി കെ.കെ. ശൈലജ ടീച്ചർ</u>):

(എ) നടത്തിയിട്ടുണ്ട്. ഐ.സി.ഡി.എസ്. പദ്ധതിയിൽ മൂന്ന് ഘടകങ്ങളെ കൂടാതെ ഇന്ദിരാഗാന്ധി മാതൃത്വ സഹയോഗ് യോജന, രാജീവ് ഗാന്ധി സ്കീം ഫോർ എംപവർമെന്റ് ഓഫ് അഡോളസെന്റ് ഗേൾസ് (സബല) എന്നീ പദ്ധതികൾക്കാണ് കേന്ദ്ര സർക്കാർ ധനസഹായം ലഭിക്കുന്നത്. 2014-15 വരെ

താഴെ പറയുന്ന അനുപാതത്തിൽ കേന്ദ്ര സഹായം ലഭിച്ചിരുന്നു:

| പദ്ധതി | കേന്ദ്ര വിഹിതം | സംസ്ഥാന വിഹിതം |
|---|---|---|
| ഐ.സി.ഡി.എസ്. ജനറൽ | 90% | 10% |
| ട്രെയിനിംഗ് | 75% | 25% |
| പൂരകപോഷകാഹാരം | 50% | 50% |
| ഇന്ദിരാഗാന്ധി മാതൃത്വ സഹയോഗ് യോജന | 100% | - |
| രാജീവ്ഗാന്ധി സ്കീം ഫോർ എംപവർമെന്റ് ഓഫ് അഡോളസെന്റ് ഗേൾസ് (സബല) | 50% | 50% |

എന്നാൽ 2015-16 മുതൽ പൂരകപോഷകാഹാര വിഹിതം 50 :50 ആയി തുടരുകയും മറ്റെല്ലാ മേഖലയിലും കേന്ദ്ര സഹായം 60% മായി നിജപ്പെടുത്തുകയും ചെയ്തു. ഇത്തരത്തിൽ കുറവു വന്ന കേന്ദ്ര വിഹിതം സംസ്ഥാന സർക്കാർ വഹിച്ചു വരുന്നു.

(ബി) ഓണറേറിയത്തിൻെറ അപ്പോർഷൻമെന്റ് സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു:

| പ്രവർത്തകർ | കേന്ദ്ര സർക്കാർ നിശ്ചയിച്ചിട്ടുള്ളത് (ആകെ) | കേന്ദ്ര വിഹിതം | സംസ്ഥാന വിഹിതം | പഞ്ചായത്ത് വിഹിതം | കേരളം നൽകി വരുന്നത് |
|---|---|---|---|---|---|
| വർക്കർ | 3,000 | 1,800 | 7,200 | 1,000 | 10,000 |
| ഹെൽപ്പർ | 1,500 | 900 | 5,100 | 1,000 | 7,000 |

(സി) 26.83% (2017 ജൂൺ MPR പ്രകാരം 0-6 കുട്ടികളുടെ ജനസംഖ്യ-2675628 ജൂൺ 2017-ലെ MPR കണക്കു പ്രകാരമുള്ള ഗുണഭോക്താക്കളായ കുട്ടികൾ - 718041).

## സർക്കാരിനെ അപകീർത്തിപ്പെടുത്താൻ നടത്തുന്ന ശ്രമം തുറന്നുകാട്ടാൻ നടപടി

15 (*315) ശ്രീ. വി. ജോയി:
ശ്രീ. കെ. സുരേഷ് കുറുപ്പ്:
ശ്രീ. എം. നൗഷാദ്:
ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്ത് ഗുണ്ടാ കുടിപ്പകയുടെ ഫലമായുണ്ടായ ഏറ്റുമുട്ടലിൽ രാജേഷ് എന്ന ആർ.എസ്.എസ്.-കാരൻ കൊല്ലപ്പെട്ട കേസിൽ കുറ്റവാളികളെയെല്ലാം അതിവേഗം അറസ്റ്റുചെയ്ത് മാതൃകാപരമായ നടപടി പോലീസ് സ്വീകരിച്ചെങ്കിലും മാധ്യമ പിന്തുണയോടെയുള്ള നുണപ്രചരണത്തിലൂടെ സർക്കാരിനെ അപകീർത്തിപ്പെടുത്താൻ നടത്തുന്ന ശ്രമം തുറന്നുകാട്ടാൻ നടപടിയെടുക്കുമോ;

(ബി) ക്രമസമാധാനം ഉറപ്പുവരുത്താനുള്ള സംസ്ഥാന സർക്കാരിന്റെ ശ്രമങ്ങളെ ദുർബ്ബലപ്പെടുത്തുന്ന തരത്തിൽ കേന്ദ്ര മന്ത്രിമാർ ഇത്തരം സംഭവങ്ങളിൽ ഇടപെട്ട് ക്രിമിനൽ സംഘങ്ങളെ പ്രോത്സാഹിപ്പിക്കുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ച നടപടി വിശദമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) നടപടിയെടുത്തിട്ടുണ്ട്. ഇത് സംബന്ധിച്ച് സംസ്ഥാന പോലീസ് മേധാവി ഉൾപ്പെടെ ഉന്നത പോലീസ് ഉദ്യോഗസ്ഥർ നേരിട്ടും പോലീസ് ഇൻഫർമേഷൻ സെന്റർ മുഖേനയും ദേശീയ തലത്തിലുൾപ്പെടെയുള്ള മാധ്യമങ്ങളിലൂടെ കേരളത്തിൽ നടക്കുന്ന യഥാർത്ഥ സ്ഥിതിയെക്കുറിച്ചും വികസന സാദ്ധ്യത തടസ്സപ്പെടുത്തുന്ന തരത്തിൽ സംസ്ഥാനത്തെ അപകീർത്തിപ്പെടുത്താനുള്ള നടപടിക്കെതിരെ പ്രചാരം നൽകിയിട്ടുണ്ട്. അന്വേഷണ സംഘത്തിന് പാരിതോഷികവും പ്രശംസാ പത്രവും നല്കാൻ തീരുമാനിച്ചതിനും മാധ്യമങ്ങളിലൂടെ വലിയ പ്രചാരം നല്കുകയുണ്ടായി. 2017 ജൂലൈ 27, 28 തീയതികളിൽ തിരുവനന്തപുരത്ത് നടന്ന അതിക്രമങ്ങൾ സത്വര നടപടികളിലൂടെ തടഞ്ഞ് സമാധാനം ഉറപ്പുവരുത്തുന്നതിന് മാധ്യമങ്ങളിലൂടെ പ്രചാരം നല്കിയിട്ടുണ്ട്. കൂടാതെ ഗുണ്ടാ സംഘങ്ങൾക്കെതിരെയുള്ള നടപടികൾ സംബന്ധിച്ചുള്ള അറിയിപ്പുകൾ മാധ്യമങ്ങളിലൂടെ നല്കിവരുന്നുണ്ട്.

(ബി) ക്രമസമാധാനം ദുർബ്ബലപ്പെടുത്തുന്ന തരത്തിൽ കേന്ദ്ര മന്ത്രിമാർ ഇടപെട്ട് ക്രിമിനൽ സംഘങ്ങളെ പ്രോത്സാഹിപ്പിക്കുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## ഐ.ടി. വ്യവസായം പ്രോത്സാഹിപ്പിക്കുന്നതിന് ഇളവുകൾ

16 (*316) ശ്രീ. ആർ. രാജേഷ്:

ശ്രീ. എം. മുകേഷ്:

ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഐ.ടി. വ്യവസായം പ്രോത്സാഹിപ്പിക്കുന്നതിന് സംരംഭകർക്കും നിക്ഷേപകർക്കും ഇളവുകൾ നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതനുസരിച്ച് ഐ.ടി. പാർക്കുകളിലെ യൂണിറ്റുകൾക്ക് എന്തെല്ലാം ഇളവുകളാണ് നൽകുകയെന്ന് വിശദമാക്കാമോ;

(ബി) സർക്കാരിന്റെ ഐ.ടി. പാർക്കുകളെ സംയോജിപ്പിച്ച് 'കേരള ഐ.ടി. പാർക്ക്സ്' എന്ന പേരിൽ ഒരു കുടക്കീഴിൽ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ;

(സി) ഈ മേഖലയിൽ സർക്കാരിന് ഉപദേശം നൽകാൻ ഉപദേശക ബോർഡ് രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ഡി) സംസ്ഥാനത്ത് നൂറ് ശതമാനം ഇലക്ട്രോണിക് സാക്ഷരത കൈവരിക്കാനും ഇൻഫർമേഷൻ കമ്മ്യൂണിക്കേഷൻ ടെക്നോളജിയുടെ നേട്ടം എല്ലാ മേഖലകളിലും പ്രയോജനപ്പെടുത്താനും എന്തെല്ലാം പദ്ധതികൾ ആവിഷ്കരിക്കാനുമാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) ഉണ്ട്. ലോ-ടെൻഷൻ (LT), ഹൈ-ടെൻഷൻ (HT) വിഭാഗങ്ങളിലെ വ്യവസായങ്ങൾക്കുള്ള വിദ്യുച്ഛക്തി നിരക്കിലുള്ള ഇളവുകൾ, കെട്ടിടവാടകയിലുള്ള 3 മാസത്തെ ഇളവ്, സ്റ്റാർട്ട് അപ്പ് നൂതന ആശയങ്ങൾക്കുള്ള സഹായം, സ്റ്റാന്റേർഡ് നിക്ഷേപ സബ്സിഡി, സ്റ്റാർട്ട്അപ്പ് കമ്പനികൾക്കുള്ള സീഡ് ധനസഹായം, കേരളം കേന്ദ്രീകരിച്ചുള്ള ആൾട്ടർനേറ്റ് ഇൻവെസ്റ്റ്മെന്റ് ഫണ്ട്, കെ.എസ്.ഐ.ഡി.സി., കെ.എഫ്.സി എന്നീ സ്ഥാപനങ്ങളുടെ പ്രാരംഭ നിക്ഷേപ സഹായം, സ്റ്റാർട്ട്അപ്പ് കമ്പനികൾക്ക് തുടർന്ന് ലഭിക്കുന്ന സ്കെയിലപ്പുകൾ തുടങ്ങി നിരവധി ഇളവുകൾ നൽകാൻ ഉദ്ദശിക്കുന്നു. ഇതിനായുള്ള നിർദ്ദേശങ്ങൾ പുതിയ ഐ.ടി. നയത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) ഉണ്ട്. വിവിധ ടെക്നോളജി പാർക്കുകൾ എന്ന രീതി മാറി കേരളാ ഐ.ടി.-യ്ക്ക് ഒറ്റ ബ്രാന്റ് എന്നുള്ളത് നടപ്പിലാക്കും. ഇതിനായി ടെക്നോപാർക്ക് തിരുവനന്തപുരം, ഇൻഫോപാർക്ക് കൊച്ചി, സൈബർപാർക്ക് കോഴിക്കോട് തുടങ്ങിയ പാർക്കുകൾ "കേരളാ ഐ.ടി." എന്ന ഒരു ഒറ്റ ബ്രാന്റിൽ നിലനിർത്തി എല്ലാ പാർക്കുകളുടേയും പ്രവർത്തനങ്ങൾ ഏകീകരിക്കുകയും പാർക്കുകളിലെ

റിസോഴ്സുകൾ, മാനവശേഷി, മറ്റ് വരുമാന ഉപാധികൾ എന്നിവ ഒരു കുടക്കീഴിൽ കൊണ്ടുവന്ന് അവയെ ക്രിയാത്മകമായി പ്രവർത്തിപ്പിക്കുവാനും കൂടുതൽ കാര്യക്ഷമമാക്കുവാനും പദ്ധതിയുണ്ട്.

(സി) ഉണ്ട്.

(ഡി) ഈ ഉദ്ദേശ്യത്തോടെയാണ് ഐ.ടി. നയം 2017 രൂപീകരിച്ചിരിക്കുന്നത്. ഇലക്ട്രോണിക്സ് വിവര സാങ്കേതികവിദ്യ, ടെലികോം, വിദ്യാഭ്യാസം, ജനസേവന മേഖലകൾ, ഡിജിറ്റൽ- ഇലക്ട്രോണിക്സ് വിവര-വിനിമയ ശൃംഖലകൾ, ശാസ്ത്ര സാങ്കേതിക മേഖലകൾ, മാനവശേഷി വികസനം, ഇ-ഗവേണൻസ്, വിവരാധിഷ്ഠിത ഡിജിറ്റൽ സാങ്കേതിക വിദ്യകളുടെ വ്യാപനം, ഉപയോഗം, പരിശീലനം, അത്തരം സംരംഭങ്ങളിലുള്ള നിക്ഷേപം, നൂതനാശയങ്ങൾ, സംരംഭകത്വം എന്നിവ പരമാവധി പ്രോത്സാഹിപ്പിക്കുകയും അതുവഴി നേരിട്ടും അല്ലാതെയും തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യുക തുടങ്ങി നിരവധി പദ്ധതികൾ വികസിപ്പിക്കുന്നതിനും പുതിയവ ആവിഷ്കരിക്കുന്നതിനും ഉദ്ദേശിക്കുന്നുണ്ട്.

**വൃദ്ധസദനങ്ങൾ, ശിശുമന്ദിരങ്ങൾ എന്നിവയുടെ നവീകരണം**

17 (*317) ശ്രീ. സി. എഫ്. തോമസ്:
ശ്രീ. റോഷി അഗസ്റ്റിൻ:
ശ്രീ. പി. ജെ. ജോസഫ്:
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൃദ്ധസദനങ്ങൾ, ശിശുമന്ദിരങ്ങൾ എന്നിവയുടെ നവീകരണത്തിന് നടപ്പ് സാമ്പത്തിക വർഷം എന്തെല്ലാം കാര്യങ്ങൾ ചെയ്യാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ;

(ബി) സാമൂഹ്യ പ്രതിബദ്ധതയോടെ നല്ലനിലയിൽ പ്രവർത്തിക്കുന്നതും എന്നാൽ രജിസ്ട്രേഷൻ ലഭിച്ചിട്ടില്ലാത്തതുമായ സ്ഥാപനങ്ങൾക്ക് രജിസ്ട്രേഷൻ നൽകാനും അവരെ സഹായിക്കാനും നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ):

(എ) സംസ്ഥാനത്ത് 228 വൃദ്ധസദനങ്ങളും 682 ശിശുമന്ദിരങ്ങളും ഉൾപ്പെടെ 910 സ്ഥാപനങ്ങൾക്കാണ് സർക്കാർ ഗ്രാന്റിന് അർഹതയുള്ളത്. 228 വൃദ്ധസദനങ്ങളിലായി 8775 വയോജനങ്ങളേയും 682 ശിശുമന്ദിരങ്ങളിലായി 28811 കുട്ടികളേയും സംരക്ഷിച്ചു വരുന്നു. ഓർഫനേജ് കൺട്രോൾ ബോർഡിന്റെ

അംഗീകാരത്തോടെ പ്രവർത്തിക്കുന്ന വൃദ്ധസദനങ്ങൾ, ശിശുമന്ദിരങ്ങൾ തുടങ്ങിയ ധർമ്മ സ്ഥാപനങ്ങളിലെ അന്തേവാസികൾക്ക് ബോർഡിംഗ് ഗ്രാന്റായി ഒരു അന്തേവാസിക്ക് പ്രതിമാസം 1,000 രൂപ നിരക്കിൽ സ്ഥാപനങ്ങൾക്ക് ഗ്രാന്റ് നൽകി വരുന്നുണ്ട്. വൃദ്ധസദനങ്ങൾ, ശിശു മന്ദിരങ്ങൾ തുടങ്ങിയ ധർമ്മ സ്ഥാപനങ്ങൾക്ക് നടപ്പ് സാമ്പത്തിക വർഷം ഗ്രാന്റ് നൽകുന്നതിനായി 45,10,32,000 രൂപ സർക്കാർ അനുവദിച്ചിട്ടുണ്ട്. വൃദ്ധജനങ്ങളുടെ ക്ഷേമത്തിനായി സാമൂഹ്യനീതി വകുപ്പിന് കീഴിൽ ആരംഭിച്ചിട്ടുള്ള 'സായംപ്രഭ' പദ്ധതിയുടെ കീഴിൽ നടപ്പു സാമ്പത്തിക വർഷം 500.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയിലൂടെ ക്ഷേമ സ്ഥാപനങ്ങളിലെ പരിരക്ഷാ നിലവാരം മെച്ചപ്പെടുത്തുക, സ്ഥാപനങ്ങളിലെ പശ്ചാത്തല സൗകര്യങ്ങൾ വയോജന സൗഹൃദമാക്കുക, വൃദ്ധസദനങ്ങളിൽ യോഗ, മെഡിക്കൽ ക്യാമ്പ്, മ്യൂസിക് തെറാപ്പി, കൗൺസിലിംഗ് സേവനങ്ങൾ, ഉയർന്ന സാങ്കേതികവിദ്യ സജ്ജീകരിച്ച ബെഡ്ഡുകൾ, വീൽ ചെയർ എന്നിവ പോലുള്ള ചലന സാമഗ്രികൾ വാങ്ങുക തുടങ്ങി വൃദ്ധസദനങ്ങളെ ഹൈടെക് രീതിയിലേയ്ക്ക് കൊണ്ടുവരിക എന്നീ കാര്യങ്ങൾ ലക്ഷ്യമിടുന്നു. നിലവിൽ പ്രവർത്തിച്ചുവരുന്ന പകൽ പരിപാലന കേന്ദ്രങ്ങൾ അപ്ഗ്രേഡ് ചെയ്ത് കൂടുതൽ സൗകര്യങ്ങളോടെ 'സായംപ്രഭ' ഹോമുകളാക്കി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങളും നടത്തി വരുന്നുണ്ട്. ഓർഫനേജ് കൺട്രോൾ ബോർഡ് അംഗീകാരം നൽകിയിട്ടുള്ള ക്ഷേമസ്ഥാപനങ്ങളിൽ സംരക്ഷിച്ചിരിക്കുന്നവർക്ക് മെച്ചപ്പെട്ട സേവനങ്ങൾ നൽകുന്നതിനും, നടത്തിപ്പുമായി ബന്ധപ്പെട്ട കാര്യങ്ങൾ, നിയമങ്ങൾ തുടങ്ങിയവ സ്ഥാപന മേധാവികളെ അറിയിക്കുന്നതിനുമായി ജില്ലാതലത്തിൽ സ്ഥാപന നടത്തിപ്പുകാർക്കായി ഓറിയന്റേഷൻ ട്രെയിനിംഗ് പ്രോഗ്രാം ഈ സാമ്പത്തിക വർഷം ജില്ലകളിൽ നടത്തുകയുണ്ടായി.

(ബി) സംസ്ഥാനത്തെ വയോജനങ്ങൾ, കുട്ടികൾ, മാനസിക വൈകല്യമുള്ളവർ, യാചകർ, വികലാംഗർ തുടങ്ങിയവരെ സംരക്ഷിക്കുന്ന ക്ഷേമസ്ഥാപനങ്ങളെ നിയന്ത്രിക്കുന്നതും മേൽനോട്ടം വഹിക്കുന്നതും പ്രസ്തുത ക്ഷേമസ്ഥാപനങ്ങൾക്ക് അംഗീകാരം നൽകുന്നതും ബോർഡ് ഓഫ് കൺട്രോൾ ഫോർ ഓർഫനേജസ് ആൻറ് അദർ ചാരിറ്റബിൾ ഹോംസാണ്. അഗതികളെയും അനാഥരെയും സംരക്ഷിക്കുന്ന സാമൂഹ്യ ക്ഷേമ സ്ഥാപനങ്ങൾ ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരം വാങ്ങിയിരിക്കേണ്ടതാണ്. ആവശ്യമായ രേഖകൾ സഹിതം ലഭിക്കുന്ന അപേക്ഷയിന്മേൽ ജില്ലകളിൽ ചുമതലയുള്ള ഓർഫനേജ് കൺട്രോൾ ബോർഡ് അംഗം സ്ഥാപനം സന്ദർശിച്ച് പരിശോധന നടത്തി റിപ്പോർട്ട് ബോർഡിന് മുമ്പാകെ സമർപ്പിക്കും. ബോർഡ് യോഗം ചേർന്നാണ് അംഗീകാരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നത്. നാല് വർഷത്തേയ്ക്കാണ് അംഗീകാരം നൽകുന്നത്. നാല് വർഷത്തിനുശേഷം അംഗീകാരം പുതുക്കുന്നതിനായി സ്ഥാപനം വീണ്ടും അപേക്ഷ സമർപ്പിക്കണം.

**കേരളത്തെ ഇകഴ്ത്തിക്കാട്ടാനുള്ള ശ്രമത്തിനെതിരെ നടപടി**

18 (*318) ശ്രീ. റ്റി. വി. രാജേഷ്:
ശ്രീ. കെ. വി. വിജയദാസ്:
ശ്രീ. പി. വി. അൻവർ:
ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ മാധ്യമങ്ങളെ തെറ്റിദ്ധരിപ്പിച്ചും അല്ലാതെയും കേരളത്തെ ഇകഴ്ത്തിക്കാട്ടാനുള്ള വർഗീയശക്തികളുടെ ശ്രമം തുറന്നുകാട്ടുന്നതിനും ദേശീയ-അന്തർദ്ദേശീയ മാധ്യമങ്ങളുടെ ശ്രദ്ധയിൽ യഥാർത്ഥ വസ്തുത കൊണ്ടുവന്ന് സംസ്ഥാനത്തിന്റെ യശസ്സ് ഉയർത്തുന്നതിനും സർക്കാർ ശ്രമം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) സാമുദായിക ധ്രുവീകരണത്തിനായി ചില പ്രതിലോമ ശക്തികൾ നടത്തുന്ന ശ്രമങ്ങളെ ജനകീയ പങ്കാളിത്തത്തോടെ കർശനമായി അടിച്ചമർത്താൻ സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ; പോലീസിൽ ആർ.എസ്.എസ്. - സംഘപരിവാർ പരിശീലനം നേടിയവരുണ്ടെന്ന ബി.ജെ.പി. നേതാവിന്റെ പ്രസ്താവന കണക്കിലെടുത്ത് അന്വേഷണം നടത്തി തുടർനടപടിയെടുക്കുമോ;

(സി) 2,500 രൂപയിൽ കൂടുതൽ പണമായി ഫണ്ട് ശേഖരിക്കരുതെന്ന നിയമത്തിന് വിരുദ്ധമായി ആർ.എസ്.എസ്. സംസ്ഥാനത്തുനിന്ന് 500 കോടി രൂപ സമാഹരിക്കുന്നുവെന്നും ജനപ്രതിനിധികളെ നേടാനായി ബി.ജെ.പി. 700 കോടി രൂപ സമാഹരിക്കുന്നുവെന്നുമുള്ള വാർത്തയുടെ അടിസ്ഥാനത്തിൽ ഇന്റലിജൻസ് നിരീക്ഷണം ശക്തമാക്കാൻ നടപടിയെടുക്കുമോ; അതോടൊപ്പം സംഘടിത ആക്രമണത്തിന് പരിശീലനം നൽകുന്ന കേന്ദ്രങ്ങൾക്ക് പോലീസ് ആക്ടിലെ വ്യവസ്ഥകൾക്ക് വിധേയമായി കർശന നിയന്ത്രണം ഏർപ്പെടുത്തുമോ;

(ഡി) ഫസൽ വധക്കേസിലെ യഥാർത്ഥ പ്രതികളെ സംരക്ഷിക്കാനും നിരപരാധികളെന്ന് കൊലയാളി സംഘം വെളിപ്പെടുത്തിയ പൊതുപ്രവർത്തകരെ കേസിൽപ്പെടുത്താനുമുള്ള ശ്രമം നിയമപരമായി നേരിടാൻ തയ്യാറാകുമോയെന്ന് അറിയിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) ഉണ്ട്.

കേരളത്തെ ഇകഴ്ത്തിക്കാട്ടാനുള്ള ശ്രമങ്ങളെ ചെറുക്കണമെന്ന സർവ്വകക്ഷി യോഗത്തിലെ നിർദ്ദേശം കൂടി കണക്കിലെടുത്ത് ദേശീയ അന്തർദ്ദേശീയതലത്തിൽ സംസ്ഥാന സർക്കാരിന്റെ യശസ്സ് ഉയർത്തുന്നതിനും തദ്വാര സംസ്ഥാനത്തേയ്ക്ക്

നിക്ഷേപകരെ ആകർഷിക്കുന്നതിനുമായി സർക്കാരിന്റെ ഭരണനേട്ടങ്ങളെപ്പറ്റി പ്രതിപാദിക്കുന്ന "കേരള നമ്പർ 1" എന്ന പരസ്യം പ്രമുഖ ഇംഗ്ലീഷ് പത്രങ്ങളായ ടൈംസ് ഓഫ് ഇൻഡ്യ, ഹിന്ദുസ്ഥാൻ ടൈംസ്, ഇൻഡ്യൻ എക്സ്പ്രസ്സ്, ദി ഹിന്ദു എന്നിവയുടെ ഡൽഹി എഡിഷനുകളിലും പ്രമുഖ ഹിന്ദി പത്രങ്ങളായ ദൈനിക്ക് ഭാസ്കർ, ദൈനിക്ക് ജാഗരൺ, നവ ഭാരത് ടൈംസ് എന്നിവയുടെ ഡൽഹി എഡിഷനുകളിലും ഫുൾ പേജിലായി നല്കിയിട്ടുണ്ട്.

(ബി) ഇത്തരം കാര്യങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ കർശന നടപടി സ്വീകരിക്കുന്നതാണ്.

(സി) സംസ്ഥാന പോലീസ് വിഭാഗം ഇക്കാര്യങ്ങൾ പരിശോധിച്ച് ശക്തമായ നടപടികൾ സ്വീകരിച്ചു വരുന്നു.

(ഡി) നിരപരാധികളെ കേസ്സിൽപ്പെടുത്താനുള്ള ശ്രമം അനുവദിക്കുന്നതല്ല.

**ദേശീയ മനുഷ്യാവകാശ കമ്മീഷന്റെ സന്ദർശനം**

19 (*319) പ്രൊഫ. കെ. യു. അരുണൻ:
ശ്രീ. ഇ. പി. ജയരാജൻ:
ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലപ്പെട്ട രാജേഷിന്റെയും മറ്റ് ആർ.എസ്.എസ്.-കാരുടെയും വീട് ദേശീയ മനുഷ്യാവകാശ കമ്മീഷൻ സന്ദർശിക്കുന്നുവെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിരുന്നോ; ഇക്കാര്യം സംസ്ഥാന സർക്കാരിനെ അറിയിച്ചിട്ടുണ്ടോ; എങ്കിൽ ആരുടെയൊക്കെ വീടുകളാണ് സന്ദർശിക്കുന്നത്; കൊലചെയ്യപ്പെട്ട ആർ.എസ്.എസുകാരായിരുന്ന അനന്തു, നിർമ്മൽ എന്നീ വിദ്യാർത്ഥികളുടെ വീടുകൾ സന്ദർശിച്ചോ എന്നറിയിക്കാമോ;

(ബി) പശുവിന്റെ പേരിൽ വിവിധ സംസ്ഥാനങ്ങളിൽ നിരവധി ഇസ്ലാം മതവിശ്വാസികളും ദളിതരും കൊലചെയ്യപ്പെട്ട കേസുകളിലും ട്രെയിൻ യാത്രയ്ക്കിടയിൽ സ്കൂൾ വിദ്യാർത്ഥിയായ ജുനൈദിനെ മർദ്ദിച്ച് കൊലപ്പെടുത്തിയ കേസിലും ദേശീയ മനുഷ്യാവകാശ കമ്മീഷൻ എന്തെങ്കിലും നടപടി സ്വീകരിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഏതെങ്കിലും വിഭാഗത്തിന്റെ താത്പര്യസംരക്ഷകരായി ഇത്തരം സ്ഥാപനങ്ങളെ മാറ്റരുതെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുമോ എന്നറിയിക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

തിരുവനന്തപുരം ജില്ലയിൽ കൊല്ലപ്പെട്ട രാജേഷിന്റെ വീടും നഗരസഭാ കൗൺസിലർമാരായ എസ്.കെ.പി. രമേഷ്, ബീന, സിമി ജ്യോതിസ് ബി.ജെ.പി പ്രവർത്തകരായ സുനിൽ, കണ്ണൻ, പത്മദാസ്, അനിൽകുമാർ, കുമാരി, രാമചന്ദ്രൻ എന്നിവരുടെ വീടുകളും ദേശീയ മനുഷ്യാവകാശ കമ്മീഷൻ സന്ദർശിച്ചു. കൊലചെയ്യപ്പെട്ട ആർ.എസ്.എസ്-കാരായിരുന്ന അനന്തു, നിർമ്മൽ എന്നിവരുടെ വീടുകൾ സന്ദർശിച്ചതായ വിവരം ലഭിച്ചിട്ടില്ല.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) നിലവിൽ ഇക്കാര്യം തീരുമാനിച്ചിട്ടില്ല.

**ആർദ്രം മിഷന്റെ പുരോഗതി**

20 (*320) ശ്രീ. വി. കെ. സി. മമ്മത് കോയ:
ശ്രീ. കെ. കുഞ്ഞിരാമൻ:
ശ്രീ. കെ. ഡി. പ്രസേനൻ:
ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ സേവനരംഗത്ത് ഗുണമേന്മയുള്ളതും രോഗീസൗഹൃദവുമായ സേവനം ഉറപ്പാക്കാൻ ഈ സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന ആർദ്രം മിഷന്റെ പുരോഗതി വിശദമാക്കുമോ;

(ബി) സ്ഥാപന ശാക്തീകരണത്തിന്റെ ഭാഗമായി മെഡിക്കൽ, പാരാമെഡിക്കൽ, മറ്റ് ജീവനക്കാർ എന്നിവരുടെ തസ്തികകൾ ആവശ്യത്തിന് സൃഷ്ടിക്കാനും ഇവർ സേവനസജ്ജരാണെന്ന് ഉറപ്പുവരുത്താനും നടപടിയായിട്ടുണ്ടോ;

(സി) സർക്കാർ ആശുപത്രികൾ സ്വകാര്യ മേഖലയ്ക്ക് വിട്ടുനൽകണമെന്ന് കേന്ദ്ര സർക്കാർ നിർദ്ദേശം ഉണ്ടോ; എങ്കിൽ സംസ്ഥാനത്തിന്റെ നിലപാട് അറിയിക്കുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ):

(എ) സംസ്ഥാനത്തെ ആരോഗ്യമേഖലയിലെ ചികിത്സാ സംവിധാനങ്ങളെ എല്ലാ രീതിയിലും രോഗീസൗഹൃദമാക്കുന്നതിനുള്ള സംരംഭമാണ് ആർദ്രം മിഷൻ. ഔട്ട് പേഷ്യന്റ് വിഭാഗങ്ങളിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി രോഗീസൗഹൃദമായ രീതിയിൽ ചികിത്സ ലഭ്യമാക്കുക, ജില്ലാ/താലൂക്ക്/ജനറൽ ആശുപത്രികളിൽ നിശ്ചിത മാനദണ്ഡങ്ങളോടെ അടിസ്ഥാന സൗകര്യങ്ങളും ആശുപത്രി ഉപകരണങ്ങളും ലഭ്യമാക്കിക്കൊണ്ടും ആവശ്യത്തിന് ജീവനക്കാരെ നിയമിച്ചുകൊണ്ടും സൗകര്യങ്ങൾ ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ഇതിന്റെ ഭാഗമായി കുടുംബ ആരോഗ്യ കേന്ദ്രങ്ങളായി തെരഞ്ഞെടുത്ത 170 പി.എച്ച്.സി-കളിൽ 680 തസ്തികകൾ സൃഷ്ടിക്കുകയും പ്രൈമറി ഹെൽത്ത് സെന്ററുകളെ കുടുംബ ആരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുന്നതിന് 23 കോടി രൂപയുള്ള ഭരണാനുമതിയും നൽകിയിട്ടുണ്ട്. 5 കോടി രൂപയുടെ ലബോറട്ടറി ഉപകരണങ്ങൾ കെ.എം.എസ്.സി.എൽ. വഴി വാങ്ങുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ജില്ലാ/താലൂക്ക്/ജനറൽതല ആശുപത്രികളിലേയ്ക്ക് ആദ്യഘട്ടമെന്ന നിലയിൽ 280 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. മറ്റ് ജീവനക്കാരുടെ അധിക തസ്തിക സൃഷ്ടിക്കുന്നതു സംബന്ധിച്ച പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്. ഇവ കൂടാതെ ഈ സ്ഥാപനങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും കാത്ത് ലാബ് സൗകര്യങ്ങളോടുകൂടിയ കാർഡിയോളജി യൂണിറ്റുകൾ ഉൾപ്പെടെയുള്ള സൂപ്പർ സ്പെഷ്യാലിറ്റി യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. KIIFB-യിൽ ഉൾപ്പെടുത്തി 8 ജില്ലാതല ആശുപത്രികളിൽ കാത്ത് ലാബ് സൗകര്യവും 44 താലൂക്ക് ആശുപത്രികളിൽ ഡയാലിസിസ് യൂണിറ്റും സജ്ജമാക്കുവാനുള്ള പ്രവർത്തനങ്ങൾ കെ.എം.എസ്.സി.എൽ. വഴി നടന്നുവരുന്നു. ജില്ലാ താലൂക്കുതല ആശുപത്രികളുടെ മാസ്റ്റർ പ്ലാൻ അടിസ്ഥാനമാക്കിയുള്ള നിർമ്മാണ പ്രവർത്തനങ്ങൾ KIIFB, പ്ലാൻ ഫണ്ട്, നബാർഡ് സ്കീം തുടങ്ങിയവ വഴി നടന്നുവരുന്നു.

8 മെഡിക്കൽ കോളേജുകളിലെ ഒ.പി. സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി " Patient Friendly Transformation of outpatient services to ensure quality of care" എന്ന പദ്ധതി നടപ്പിലാക്കുന്നതിനായി 51.8184 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷത്തിൽ, മാർച്ചിലെ ഉപധനാഭ്യർത്ഥന പ്രകാരം, 12.92 കോടി രൂപ അനുവദിക്കുകയും ഈ തുക പദ്ധതിയുടെ ആദ്യഘട്ട നടത്തിപ്പിനായി ഡയറക്ടർ, നാഷണൽ ഹെൽത്ത് മിഷന് കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ കൈമാറുകയും ചെയ്തിട്ടുണ്ട്.

(ബി) ഇതിനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) സർക്കാർ ആശുപത്രികൾ സ്വകാര്യ മേഖലയ്ക്ക് വിട്ടുനൽകാൻ സാധിക്കില്ല എന്നതാണ് സർക്കാർ നിലപാട്.

**വിശപ്പുരഹിത കേരളം പദ്ധതി**

21 (*321) ശ്രീ. ബി. സത്യൻ:
ശ്രീ. എസ്. രാജേന്ദ്രൻ:
ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആവശ്യമുള്ളവർക്ക് ഒരു നേരത്തെ ഭക്ഷണം സൗജന്യമായി നൽകുന്നത് ലക്ഷ്യമിട്ട് കൊണ്ട് വിശപ്പ് രഹിത കേരളം പദ്ധതി ആരംഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി സർക്കാരിതര സംഘടനകളുടെയും കുടുംബശ്രീയുടെയും മറ്റ് സന്നദ്ധ സംഘടനകളുടെയും സഹായം ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) നിലവിൽ ഏതെല്ലാം ജില്ലകളിലാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) ന്യായവിലയ്ക്ക് നല്ല ഭക്ഷണം ലഭ്യമാക്കുന്നതിനായി വിവിധ വകുപ്പുകളുമായി ചേർന്ന് എല്ലാ ജില്ലാ കേന്ദ്രങ്ങളിലും മാതൃകാ ഹോട്ടൽ ആരംഭിയ്ക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ):

(എ-ഡി)

പൊതുവിതരണ വകുപ്പിന് കീഴിൽ ഹോട്ടലുകൾ തുടങ്ങി ഭക്ഷണ വില നിയന്ത്രിക്കുകയും കുറഞ്ഞ വിലയിൽ ഭക്ഷ്യ ധാന്യങ്ങൾ സമൂഹത്തിലെ പാവപ്പെട്ട ജനങ്ങളിൽ എത്തിക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടുകൂടി "വിശപ്പ് രഹിത കേരളം" എന്ന പദ്ധതി നടപ്പാക്കുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിനായി 9-5-2017-ന് ഒരു യോഗം കൂടിയിരുന്നു. പ്രസ്തുത യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കുടുംബശ്രീ, മറ്റ് സന്നദ്ധ സംഘടനകൾ എന്നിവർക്ക് സബ്സിഡി നിരക്കിൽ ഭക്ഷ്യ വസ്തുക്കൾ നല്കിയും എണ്ണക്കമ്പനികളുടെ സി.എസ്.ആർ. ഫണ്ട് ഉപയോഗിച്ച് കുറഞ്ഞ നിരക്കിൽ പാചകവാതകം നല്കിയും വിവിധ വകുപ്പുകളുമായി ചേർന്ന് പരീക്ഷണാടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലയിൽ ടി പദ്ധതി നടപ്പാക്കുന്ന കാര്യം പരിശോധിച്ചുവരികയാണ്. വിവിധ വകുപ്പുകളുമായി ചർച്ചചെയ്ത് ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനും നടത്തിപ്പിനുള്ള ഏജൻസികൾ, സന്നദ്ധ സംഘടനകൾ എന്നിവരെ കണ്ടെത്തുന്നതിനുമുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

## പി.എസ്.സി. ചോദ്യപേപ്പറുകൾ മലയാളത്തിൽക്കൂടി തയ്യാറാക്കുന്നതിന് നടപടി

22 (*322) ശ്രീമതി സി. കെ. ആശ:
ശ്രീ. ചിറ്റയം ഗോപകുമാർ:
ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 97 ശതമാനം ജനങ്ങളും മാതൃഭാഷയായ മലയാളം സംസാരിക്കുന്ന കേരളത്തിൽ, പി.എസ്.സി. പരീക്ഷകളിൽ ഇംഗ്ലീഷിൽ മാത്രം ചോദ്യപേപ്പറുകൾ തയ്യാറാക്കുന്നത് ശരിയായ നടപടിയാണോയെന്ന്പരിശോധിച്ചിട്ടുണ്ടോ;

(ബി) സാധാരണ ജനങ്ങളുമായി ബന്ധപ്പെടുന്ന ഓഫീസുകളിൽ മലയാളം അറിയാത്തവർ നിയമിക്കപ്പെടുന്നത് ഒഴിവാക്കുന്നതിനായി എല്ലാ പി.എസ്.സി പരീക്ഷകളും മലയാള മാധ്യമത്തിൽക്കൂടി നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(സി)ഒരു ഭാഷയെന്ന നിലയിൽ മലയാളം പഠിച്ചിട്ടില്ലാതെ നിയമിക്കപ്പെടുന്ന ഉദ്യോഗസ്ഥർ, നിയമനം ലഭിച്ച് രണ്ട് വർഷത്തിനുള്ളിൽ മലയാളം തുല്യതാ പരീക്ഷ പാസ്സാകണമെന്ന നിർദ്ദേശം നടപ്പാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) പരിശോധിച്ചിട്ടുണ്ട്. പി.എസ്.സി. നടത്തുന്ന എല്ലാ പരീക്ഷകളിലും ആവശ്യമുള്ളവർക്ക് മലയാളത്തിൽ ചോദ്യപേപ്പറുകൾ നൽകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് കേരള പബ്ലിക് സർവ്വീസ് കമ്മീഷനോട് നിരവധി തവണ ആവശ്യപ്പെട്ടിരുന്നു. എന്നാൽ ചില പ്രായോഗിക ബുദ്ധിമുട്ടുകൾ ഇക്കാര്യത്തിൽ പി.എസ്.സി. ചൂണ്ടിക്കാട്ടിയിരുന്നു.

(ബി) എസ്.എസ്.എൽ.സി-യും അതിനുതാഴെ വിദ്യാഭ്യാസ യോഗ്യതയുമുള്ള എല്ലാ തസ്തികകൾക്കും എച്ച്.എസ്.എ. തസ്തികകൾക്കും (ഭാഷാവിഷയങ്ങൾ ഒഴികെ) പരീക്ഷകൾ മലയാളത്തിലാണ് നടത്തുന്നത്. എസ്.എസ്.എൽ.സി.-ക്ക് മുകളിൽ വിദ്യാഭ്യാസ യോഗ്യതയുള്ള തസ്തികകൾക്ക് മാത്രമാണ് ഇംഗ്ലീഷ് ഭാഷയിൽ പരീക്ഷ നടത്തുന്നത്. ഡിഗ്രി യോഗ്യതയായുള്ള അസിസ്റ്റന്റ് പരീക്ഷകളിൽ പത്തുമാർക്കിന് ഭരണഭാഷാ ചോദ്യങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) പത്താം ക്ലാസ്സുവരെ അല്ലെങ്കിൽ പ്ലസ് ടു/ബിരുദ തലത്തിൽ മലയാളം ഒരു വിഷയമായി പഠിച്ചിട്ടില്ലാത്തവർ സർക്കാർ സർവ്വീസിൽ പ്രവേശിച്ചാൽ അവരുടെ പ്രൊബേഷൻ പൂർത്തിയാക്കുന്നതിന് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തുന്ന മലയാളം പരീക്ഷ വിജയിക്കണമെന്ന വ്യവസ്ഥ ഉൾപ്പെടുത്തി 19-10-2013-ലെ സ.ഉ.(കൈ) നമ്പർ 29/2013/ഉ.ഭ.പ.വ. പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് കെ.എസ്. & എസ്.എസ്.ആർ. ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്നതിനുള്ള കരട് വിജ്ഞാപനം നിയമസഭയുടെ വിഷയനിർണ്ണയ സമിതിയുടെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്. അതേസമയം എൽ.ഡി.ക്ലാർക്ക് (കന്നഡ & മലയാളം) എൽ.ഡി.ക്ലാർക്ക് (തമിഴ് & മലയാളം) തസ്തികകളിൽ ഉദ്യോഗത്തിൽ പ്രവേശിക്കുന്നവർ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തുന്ന സെക്കന്റ് ക്ലാസ് ലാംഗ്വേജ് ടെസ്റ്റ് (വകുപ്പുതല പരീക്ഷ) പാസ്സാകേണ്ടതുണ്ട്.

**അളവ് തൂക്ക വെട്ടിപ്പ് നടത്തുന്നവർക്കെതിരെ നടപടികൾ**

23 (*323) ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. കെ. സി. ജോസഫ്:
ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലീഗൽ മെട്രോളജി വകുപ്പിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ;

(ബി) അളവ് തൂക്ക വെട്ടിപ്പ് നടത്തുന്നവർക്കെതിരെ നടപടി സ്വീകരിക്കുവാൻ വകുപ്പിന് എത്രമാത്രം കഴിയുന്നുണ്ട് എന്നറിയിക്കാമോ;

(സി) പെട്രോൾ പമ്പുകളിൽ നടക്കുന്ന അളവിലെ തട്ടിപ്പ് തടയുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കുമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ):

(എ) ഉണ്ട്.

(ബി) ജില്ലാതലത്തിൽ ജനറൽ അസിസ്റ്റന്റ് കൺട്രോളർമാരും ഫ്ലയിംഗ് സ്ക്വാഡ് അസിസ്റ്റന്റ് കൺട്രോളർമാരും താലൂക്ക് തലത്തിൽ ഇൻസ്പെക്ടർമാരും ലീഗൽ മെട്രോളജി നിയമപ്രകാരമുള്ള പരിശോധന ജോലികളും വെരിഫിക്കേഷൻ ജോലികളും നടത്തിവരുന്നു. ഉപഭോക്താക്കൾ ഉപയോഗിക്കുന്ന അളവ് തൂക്ക

ഉപകരണങ്ങൾ പരിശോധനവിധേയമാക്കി നിയമം അനുശാസിക്കുന്ന പ്രകാരമുള്ളവ മുദ്ര ചെയ്യും അല്ലതെയുള്ളവ തിരസ്കരിച്ചും വെരിഫിക്കേഷൻ ജോലികൾ കാലാനുസൃതമായി ലീഗൽ മെട്രോളജി വകുപ്പ് ചെയ്തുവരുന്നു. കൃത്യമായ അളവിലും തൂക്കത്തിലുമാണ് സാധനങ്ങൾ ഉപഭോക്താവിന് ലഭിക്കുന്നതെന്ന് ഉറപ്പാക്കുന്നതിനായി മിന്നൽ പരിശോധനകൾ നടത്തി കുറ്റം ചെയ്തവർക്കെതിരെ നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു. പായ്ക്കുചെയ്ത ഉൽപ്പന്നങ്ങൾ നിശ്ചിത അളവിലും തൂക്കത്തിലും തന്നെയാണ് പായ്ക്ക് ചെയ്തത് എന്നത് സംബന്ധിച്ച പരിശോധനകൾ നടത്തുന്നതിലേയ്ക്ക് കേരള ലീഗൽ മെട്രോളജി വകുപ്പിന് ഒരു നെറ്റ് കണ്ടന്റ് വെരിഫിക്കേഷൻ യൂണിറ്റ് ഉണ്ട്. പ്രസ്തുത യൂണിറ്റ് ഉൽപാദകർ/ ഇംപോർട്ടർ/പായ്ക്കർ എന്നീ സ്ഥാപനങ്ങളിൽ പരിശോധനകൾ നടത്തി അളവിലും തൂക്കത്തിലും കുറവ് വരുത്തി പായ്ക്ക് ചെയ്ത് നിയമലംഘനം നടത്തുന്നവർക്കെതിരെ പ്രോസിക്യൂഷൻ ഉൾപ്പെടെയുള്ള നിയമ നടപടികൾ സ്വീകരിക്കാറുണ്ട്.

(സി) പരിശോധനയിൽ പെട്രോൾ പമ്പുകളിൽ (ഫ്യൂവൽ ഡിസ്പെൻസിംഗ് ഔട്ട്‌ലെറ്റുകളിൽ) അനുവദനീയമായ പരിധിയിലും കവിഞ്ഞ് കുറവ് കാണുന്ന അവസരങ്ങളിൽ അവയിലൂടെ ഉള്ള ഇന്ധന വിതരണം നിർത്തിവെച്ച് ന്യൂനത പരിഹരിച്ചതിനുശേഷം മാത്രം ഇന്ധനവിതരണത്തിന് അനുമതി നല്കുകയാണ് ചെയ്യുന്നത്.

### പ്രവാസികളുടെ കണക്കെടുപ്പ്

24 (*324) ശ്രീ. എം. ഉമ്മർ:
ഡോ. എം. കെ. മുനീർ:
ശ്രീ. പാറക്കൽ അബ്ദുല്ല:
ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസികളുടെ കണക്കെടുപ്പിന് എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ ഇതുപ്രകാരം തയ്യാറാക്കുന്ന ഡാറ്റാബേസ് ഏതെല്ലാം ആവശ്യങ്ങൾക്ക് ഉപയോഗപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്; വിശദവിവരം നൽകാമോ;

(സി) വിവരശേഖരണവുമായി ബന്ധപ്പെട്ട് ഓൺലൈൻ രജിസ്ട്രേഷൻ നടത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) ഉണ്ട്.

പ്രവാസികളുടെ കണക്ക് ശേഖരിക്കുന്നതിനായി 2017-18 സാമ്പത്തിക വർഷത്തിൽ "ഓൺലൈൻ രജിസ്ട്രേഷൻ സമ്പ്രദായവും ഡാറ്റാബേസ് രൂപീകരണവും" എന്ന ഒരു പുതിയ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്.

(ബി) പ്രവാസികളെയും തിരികെയെത്തുന്ന പ്രവാസികളെയും കുറിച്ചുള്ള കൃത്യവും സമഗ്രവുമായ ഒരു ഡാറ്റാബേസ് രൂപീകരിക്കുന്നതിലൂടെ നൈപുണ്യ സംബന്ധമായ വിവരങ്ങൾ നല്കുന്നതിനും പരസ്പര സമ്പർക്ക സഹായം നല്കുന്നതിനും അടിയന്തര ഘട്ടങ്ങളിൽ വിവരങ്ങൾ എത്തിക്കുന്നതിനും, പ്രവാസികൾക്കായി നയപരമായ തീരുമാനങ്ങൾ കൈക്കൊള്ളാനും അവർക്ക് വേണ്ടുന്ന ക്ഷേമപ്രവർത്തനങ്ങൾ രൂപീകരിക്കാനും പ്രവാസികളുടെ പ്രശ്നങ്ങളിൽ ഇടപെട്ട് പരിഹാരം സാധ്യമാക്കാനും ഈ ഡാറ്റാബേസ് ഉപയോഗപ്പെടുത്തുന്നതാണ്.

(സി) വിവരശേഖരണവുമായി ബന്ധപ്പെട്ട് ഓൺലൈൻ രജിസ്ട്രേഷൻ നടത്തുന്നതിനായി നോർക്ക - റൂട്ട്സ് മുഖേന കൃത്യവും സമഗ്രവുമായ ഒരു തത്സമയ ഓൺലൈൻ ഡാറ്റാബേസ് രൂപീകരിക്കുന്നതിന് ഒരു വെബ്സൈറ്റ് തയ്യാറാക്കിയിട്ടുണ്ട്.

**സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് പദ്ധതി**

25 (*325) ശ്രീ. ഒ. ആർ. കേളു :
ശ്രീ. ജെയിംസ് മാത്യു :
ശ്രീ. പി. ടി. എ. റഹീം :
ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് പദ്ധതി ഫലപ്രദമായി നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി നൂറ് സ്കൂളുകളിൽക്കൂടി ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ അതിനായി വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് ഒരു ഏകീകൃത സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(സി) നിലവിൽ എത്ര സർക്കാർ സ്കൂളുകളിൽ ഈ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടെന്നും എത്ര കുട്ടികൾ പദ്ധതിയിൽ അംഗമായിട്ടുണ്ടെന്നുമുള്ള കണക്ക് ലഭ്യമാണോ; എങ്കിൽ പ്രസ്തുത കണക്ക് ലഭ്യമാക്കാമോ;

(ഡി) ഈ പദ്ധതി കൂടുതൽ സ്കൂളുകളിലേയ്ക്ക് വ്യാപിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) സർക്കാർ ഉത്തരവ് (പി) നമ്പർ121/2010/ആഭ്യ. തീയതി, 29-5-2010 പ്രകാരമാണ് സംസ്ഥാനത്തെ സ്കൂളുകളിൽ എസ്.പി.സി. പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. ഈ ഉത്തരവിൽ പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ, ഘടന, പോലീസ് സ്റ്റുഡന്റ് ലെയ്സൺ ഓഫീസറുടെ ചുമതലകളും പ്രവർത്തനങ്ങളും, പദ്ധതി നടപ്പിലാക്കുന്നതിന് സ്കൂളുകളെ തെരഞ്ഞെടുക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ, സ്കൂളുകളിൽ കേഡറ്റുകളെ തെരഞ്ഞെടുക്കുന്നതിന് വേണ്ടിയുള്ള യോഗ്യതകൾ, കേഡറ്റുകളുടെ യൂണിഫോം, ഭരണ നിർവ്വഹണം, ധനകാര്യം, കേഡറ്റുകളുടെ പരിശീലനം, വിവിധതരം ക്യാമ്പുകൾ എന്നിവയെക്കുറിച്ച് പരാമർശിച്ചിട്ടുണ്ട്. 2010-ൽ രൂപീകരിച്ച സ്റ്റേറ്റ് ലെവൽ അഡ്വൈസറി കമ്മിറ്റിയും 2016-ൽ എ.ഡി.ജി.പി., ചെയർമാൻ/ചെയർപേഴ്സൺ ആയി രൂപീകരിച്ച പ്രോജക്ട് മാനേജ്മെന്റ് കമ്മിറ്റിയും ചേർന്ന് പദ്ധതിയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും നിരീക്ഷിക്കുകയും ചെയ്യുന്നു.

(ബി) ബഹുമാനപ്പെട്ട ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ നടപ്പ് അദ്ധ്യയന വർഷം 100 സർക്കാർ സ്കൂളുകളിൽക്കൂടി പദ്ധതി വ്യാപിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് കൂടുതൽ തീരുമാനങ്ങളെടുക്കുന്നത് സ്റ്റേറ്റ് ലെവൽ അഡ്വൈസറി കമ്മിറ്റിയുമായി കൂടിയാലോചിച്ചാണ്.

(സി) സംസ്ഥാനത്ത് നിലവിൽ പ്രവർത്തിച്ചുവരുന്ന 573 എസ്.പി.സി. യൂണിറ്റുകളിലായി 47784 കേഡറ്റുകൾ പരിശീലനത്തിൽ ഏർപ്പെട്ടിരിക്കുന്നു. ഇവയിൽ 280 യൂണിറ്റുകൾ (പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പുകൾക്ക് കീഴിൽ പ്രവർത്തിക്കുന്ന 27 മോഡൽ റെസിഡൻഷ്യൽ സ്കൂളുകൾ ഉൾപ്പെടെ) പ്രവർത്തിക്കുന്നത് സർക്കാർ സ്കൂളുകളാണ്.

(ഡി) കൂടുതൽ സ്കൂളുകളിൽ എസ്.പി.സി. പദ്ധതി വ്യാപിപ്പിക്കുവാൻ ഉദ്ദേശ്യമുണ്ട്.

## റേഷൻ വിതരണം അഴിമതിരഹിതമാക്കാനുള്ള നടപടികൾ

26 (*326) ശ്രീമതി പി. അയിഷാ പോറ്റി:
ശ്രീ. കെ. വി. അബ്ദുൾ ഖാദർ:
ശ്രീ. ആന്റണി ജോൺ:
ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ വിതരണം അഴിമതിരഹിതമാക്കാനായി സ്വീകരിച്ച നടപടികൾ അറിയിക്കാമോ; റേഷൻ കടക്കാർക്ക് കമ്മീഷന് പകരം വേതനം നൽകാനായി സ്വീകരിച്ചിട്ടുള്ള മാനദണ്ഡം അറിയിക്കാമോ;

(ബി) സബ്സിഡി പഞ്ചസാരയും മണ്ണെണ്ണയും അനുവദിക്കുന്നത് നിർത്തലാക്കിയ രീതിയിൽ റേഷൻ അരിയുടെ സബ്സിഡിയും നിർത്തലാക്കാൻ കേന്ദ്രം ആലോചിക്കുന്നതായ വാർത്ത ശ്രദ്ധയിൽപ്പെട്ടിരുന്നോ; ഇക്കാര്യത്തിൽ എന്തെങ്കിലും അറിയിപ്പ് ലഭിച്ചിട്ടുണ്ടോ;

(സി) മുൻഗണനാ കാർഡുകാർക്ക് ഭക്ഷ്യധാന്യം നൽകേണ്ട വില സംബന്ധിച്ച് 2013-ലെ ഭക്ഷ്യഭദ്രതാ നിയമം വകുപ്പ് 3(1)-ൽ വ്യവസ്ഥ ചെയ്തിരിക്കുന്നത് എന്താണെന്ന് അറിയിക്കാമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ):

(എ) പരിശോധനാ ഉദ്യോഗസ്ഥർ നിരന്തരം പരിശോധനകൾ നടത്തുകയും നിയമ ലംഘനം നടത്തുന്നവർക്കെതിരെ കർശനമായ നിയമ നടപടികൾ 1955-ലെ അവശ്യ സാധന നിയം, 1966-ലെ കെ.ആർ.ഒ. എന്നിവ പ്രകാരം സ്വീകരിച്ചു വരികയും ചെയ്യുന്നുണ്ട്. പൊതുവിതരണ കേന്ദ്രങ്ങളിലെ ക്രമക്കേടുകൾക്കെതിരെ 1966-ലെ കെ.ആർ.ഒ.-യിലെ നിർദ്ദിഷ്ട വകുപ്പ് പ്രകാരം നടപടി എടുക്കുന്നുണ്ട്. സിവിൽ സപ്ലൈസ് കമ്മീഷണറുടെ 7-1-2017-ലെ 1/17- നമ്പർ സർക്കുലർ പ്രകാരം റേഷണിംഗ് ഇൻസ്പെക്ടർമാർ പ്രതിവാരം 10 കാർഡുകളെങ്കിലും പരിശോധിച്ച് പരിശോധനയുടെ അടിസ്ഥാനത്തിൽ കാർഡുടമകൾക്ക് റേഷൻ സാധനങ്ങൾ കൃത്യമായി ലഭിക്കുന്നുണ്ടോയെന്നും റേഷൻ വ്യാപാരി കണക്കുകൾ കൃത്യമായി സൂക്ഷിക്കുന്നുണ്ടോയെന്നും ഉറപ്പുവരുത്തുന്നതിനും വീഴ്ചവരുത്തുന്നവരുടെ പേരിൽ കർശന നടപടികൾ സ്വീകരിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. ഉത്സവ കാലത്ത് സ്പെഷ്യൽ സ്ക്വാഡുകൾ പ്രവർത്തിച്ചുവരുന്നു. റേഷൻകടക്കാർക്ക് കമ്മീഷന് പകരം വേതനം നൽകുന്നത് സംബന്ധിച്ച പാക്കേജ് സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) ഭക്ഷ്യഭദ്രതാ നിയമം, 2013 സംസ്ഥാനത്ത് നടപ്പിൽവരുത്തുന്നതിന് മുമ്പ് എ.എ.വൈ./ബി.പി.എൽ. വിഭാഗങ്ങൾക്ക് ലഭ്യമായിരുന്ന പഞ്ചസാര സബ്സിഡി എ.എ.വൈ. വിഭാഗത്തിന് മാത്രമായി നിജപ്പെടുത്തിക്കൊണ്ട് 12-5-2017-ലെ അർദ്ധ ഔദ്യോഗിക കത്ത് നമ്പർ 2(1)/2017-എസ്.പി.-1 നമ്പരിലുള്ള കേന്ദ്ര സർക്കാരിന്റെ അറിയിപ്പ് ലഭ്യമായിട്ടുണ്ട്. 1 കി.ഗ്രാം പഞ്ചസാരയ്ക്ക് 18.50 രൂപയാണ് കേന്ദ്ര സർക്കാർ സബ്സിഡി ഇനത്തിൽ ചെലവഴിക്കുന്നത്. എന്നാൽ അലോട്ട്മെന്റ് ഇതുവരെ ലഭ്യമായിട്ടില്ല.

മണ്ണെണ്ണയുടെ വിഹിതത്തിൽ കുറവ് വന്നിട്ടുണ്ട്. എന്നാൽ നിർത്തലാക്കിയിട്ടില്ല.

1/6 മുതൽ 3/16 വരെ പ്രതിമാസം 29436 കി.ലി.

4/16 മുതൽ 6/16 വരെ പ്രതിമാസം 27960 കി.ലി.

7/16 മുതൽ 9/16 വരെ പ്രതിമാസം 26568 കി.ലി.

10/16 മുതൽ 12/16 വരെ പ്രതിമാസം 16908 കി.ലി.

1/17 മുതൽ 3/17 വരെ പ്രതിമാസം 16908 കി.ലി.

4/17 മുതൽ 6/17 വരെ പ്രതിമാസം 15456 കി.ലി.

7/17 മുതൽ 9/17 വരെ പ്രതിമാസം 15456 കി.ലി.

റേഷനരിയുടെ സബ്സിഡി നിർത്തലാക്കുന്നത് സംബന്ധിച്ച് ഇതുവരെ അറിയിപ്പൊന്നും ലഭ്യമായിട്ടില്ല.

(സി) ഭക്ഷ്യഭദ്രതാ നിയമം, 2013-ലെ വകുപ്പ് 3(1) പ്രകാരം നിയമത്തിന്റെ പ്രാബല്യ തീയതി മുതൽ 3 വർഷത്തേയ്ക്ക് അരിക്ക് കി.ഗ്രാമിന് 3 രൂപയിലും, ഗോതമ്പിന് കി.ഗ്രാമിന് 2 രൂപയിലും അരി, ഗോതമ്പ് എന്നിവ ഒഴികെയുള്ള ഭക്ഷ്യ ധാന്യങ്ങൾ കി.ഗ്രാമിന് 1 രൂപയിലും കൂടാതെയുള്ള വിലയിൽ മുൻഗണനാ വിഭാഗങ്ങൾക്ക് വിതരണം ചെയ്യേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത നിയമപ്രകാരം 3 വർഷങ്ങൾക്കുശേഷം അരിയുടെയും ഗോതമ്പിന്റെയും വില പുതുക്കി നിശ്ചയിക്കാൻ കേന്ദ്ര സർക്കാരിന് അധികാരമുണ്ട്.

**കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ്**

27 (*327) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസുമായി ബന്ധപ്പെട്ട് ചട്ടങ്ങൾ രൂപീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്നത്തേക്ക് രൂപീകരിക്കാനാകും എന്നറിയിക്കാമോ;

(ബി) കെ.എ.എസ്.-ലേക്ക് നേരിട്ട് നിയമനത്തിനുള്ള പ്രായപരിധി എത്രയാണെന്നും അടിസ്ഥാനവിദ്യാഭ്യാസ യോഗ്യത എന്താണെന്നും വ്യക്തമാക്കാമോ;

(സി) ഇതിന്റെ റാങ്ക് പട്ടിക തയ്യാറാക്കുന്ന ചുമതല ആർക്കാണ് എന്നറിയിക്കാമോ; അഭിമുഖം, എഴുത്തുപരീക്ഷ എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ഡി) ചട്ടങ്ങളുടെ അന്തിമരൂപം തയ്യാറാക്കുന്നതിനുമുമ്പ് സർവ്വീസ് സംഘടനകളുമായി ചർച്ച നടത്തുമോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ-ഡി) ഇല്ല. കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരിച്ചുകൊണ്ട് 4-1-2017-ലെ സ.ഉ(എം. എസ്.) നമ്പർ 1/17/പി.&എ.ആർ.ഡി. പ്രകാരം ഉത്തരവായിരുന്നു. ആയതു സംബന്ധിച്ച ചട്ടങ്ങൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. പ്രായപരിധി, വിദ്യാഭ്യാസയോഗ്യത, റാങ്ക് പട്ടിക തയ്യാറാക്കുന്നത് തുടങ്ങിയവ സംബന്ധിച്ച് സർവ്വീസ് സംഘടനകളുമായി ചർച്ച നടത്തുന്നതിന് ചീഫ് സെക്രട്ടറി അദ്ധ്യക്ഷയായ ഒരു സെക്രട്ടറിതല സമിതി രൂപീകരിക്കുകയും 17-8-2017-ന് പ്രസ്തുത കമ്മിറ്റി സർവ്വീസ് സംഘടനകളുമായി ചർച്ച നടത്തുകയുമുണ്ടായി. പ്രസ്തുത ചർച്ചയുടെ അടിസ്ഥാനത്തിൽ ഉരുത്തിരിഞ്ഞ നിർദ്ദേശങ്ങൾകൂടി പരിഗണിച്ചുകൊണ്ടും നടപടിക്രമങ്ങൾ പാലിച്ചുകൊണ്ടും കെ.എ.എസ്. സംബന്ധിച്ച ചട്ടങ്ങൾക്ക് അന്തിമരൂപം നൽകുന്നതാണ്.

**ചിൽഡ്രൻസ് ഹോമുകളിൽനിന്ന് കുട്ടികളെ കാണാതാകുന്ന സംഭവങ്ങൾ**

28 (*328) ശ്രീ. അബ്ദുൽ ഹമീദ്. പി.:
ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. പി. കെ. ബഷീർ:
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിൽഡ്രൻസ് ഹോമുകളിൽനിന്ന് അന്തേവാസികളായ കുട്ടികളെ കാണാതാകുന്ന സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കുട്ടികൾ ഇത്തരത്തിലുള്ള സ്ഥാപനങ്ങൾ ഉപേക്ഷിച്ച് പോകുന്നതിന് ഇടയാക്കുന്ന സാഹചര്യം എന്താണെന്ന് ഓരോ കേസ്സിലും പരിശോധിക്കാറുണ്ടോ;

(സി) സംസ്ഥാനത്തെ ചിൽഡ്രൻസ് ഹോമുകളിലും ഇത്തരത്തിലുള്ള മറ്റ് സ്ഥാപനങ്ങളിലും ഉള്ള അന്തേവാസികളായ കുട്ടികൾക്ക് മെച്ചപ്പെട്ട സാഹചര്യം ഒരുക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ):

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

സാമൂഹ്യനീതി വകുപ്പിനുകീഴിൽ 10 ചിൽഡ്രൻസ് ഹോമുകളും 6 ഒബ്സർവേഷൻ ആന്റ് സ്പെഷ്യൽ ചിൽഡ്രൻസ് ഹോമുകളും സന്നദ്ധ സംഘടനയുടെ സഹായത്തോടെ പ്രവർത്തിക്കുന്ന ഒരു ചിൽഡ്രൻസ് ഹോമുമുണ്ട്. ഈ ചിൽഡ്രൻസ് ഹോമുകളിൽ നിന്നും താമസക്കാരായ ചില കുട്ടികളെ കാണാതാവുന്ന സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പരിശോധിക്കാറുണ്ട്.

(സി) സംസ്ഥാനത്തെ ചിൽഡ്രൻസ് ഹോമുകളിലെ അടിസ്ഥാന സൗകര്യവികസനങ്ങൾക്കും, കുട്ടികൾക്ക് മെച്ചപ്പെട്ട ഭക്ഷണം, സംരക്ഷണം, വിദ്യാഭ്യാസം എന്നിവ നൽകുന്നതിനും കലാ-കായിക പ്രവർത്തനങ്ങൾ, സർഗ്ഗവാസനകൾ, വായനാശീലം എന്നിവ പരിപോഷിപ്പിക്കുന്നതിനും കുട്ടികളുടെ മാനസിക-ശാരീരിക-സാമൂഹ്യ ഉന്നമനം ലക്ഷ്യംവച്ചുകൊണ്ടും ഒട്ടേറെ പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്.

**ജുഡീഷ്യൽ കമ്മീഷനുകൾ**

29 (*329) ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. സി. ദിവാകരൻ:
ശ്രീ. ആർ. രാമചന്ദ്രൻ:
ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ജുഡീഷ്യൽ കമ്മീഷനുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ജുഡീഷ്യൽ അന്വേഷണം പ്രഖ്യാപിക്കുന്നത് സംബന്ധിച്ചുള്ള നടപടിക്രമങ്ങൾ വ്യക്തമാക്കാമോ;

(സി) ആരേയും കുറ്റപ്പെടുത്താത്തതും പൊതുജന നന്മമാത്രം ലക്ഷ്യമാക്കിയും നൽകിയിട്ടുള്ള അന്വേഷണ കമ്മീഷൻ റിപ്പോർട്ടുകൾപോലും നടപ്പാക്കാത്തതിന്റെ കാരണങ്ങൾ വിശദമാക്കാമോ;

(ഡി) കേരളത്തിലെ പ്രധാന റോഡുകളിലെ അപകടസാധ്യത കൂടിയ 761 ബ്ലാക്ക് സ്പോട്ടുകൾ ചൂണ്ടിക്കാട്ടിയ ജസ്റ്റിസ് ചന്ദ്രശേഖരദാസ് കമ്മീഷൻ റിപ്പോർട്ടിന്മേൽ, റോഡപകടങ്ങൾ തടയുന്നത് സംബന്ധിച്ച എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>):

(എ) സംസ്ഥാനത്ത് ആഭ്യന്തര വകുപ്പ് നിയമിച്ച അഞ്ച് ജൂഡീഷ്യൽ കമ്മീഷനുകളും മത്സ്യബന്ധന തുറമുഖ വകുപ്പ് നിയമിച്ച ഒരു ജൂഡീഷ്യൽ കമ്മീഷനും നിലവിലുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു:

1. സോളാർ തട്ടിപ്പും അനുബന്ധ സാമ്പത്തിക ഇടപാടുകളും അന്വേഷിക്കുന്നതിനായി രൂപീകരിച്ച ജസ്റ്റിസ് ജി. ശിവരാജൻ അന്വേഷണ കമ്മീഷൻ.
2. കോട്ടയം മരങ്ങാട്ടുപള്ളി പോലീസ് സ്റ്റേഷനിൽ പോലീസ് ഉദ്യോഗസ്ഥർ കസ്റ്റഡിയിലെടുത്ത സിബി എന്ന യുവാവിന്റെ മരണത്തെക്കുറിച്ച് അന്വേഷിക്കുന്നതിനായി നിയമിച്ച ജസ്റ്റിസ് ഡി. ശ്രീവല്ലഭൻ അന്വേഷണ കമ്മീഷൻ.
3. പുറ്റിങ്ങൽ വെടിക്കെട്ട് ദുരന്തത്തെക്കുറിച്ച് അന്വേഷിക്കുന്നതിനായി ജസ്റ്റിസ് ഗോപിനാഥൻ കമ്മീഷൻ.
4. 20 ജൂലൈ 2016-ന് കേരള ഹൈക്കോടതിയുടെ മുന്നിൽ അഭിഭാഷകരും മാധ്യമ പ്രവർത്തകരും തമ്മിലുണ്ടായ പോലീസ് ലാത്തിച്ചാർജിനെക്കുറിച്ച് അന്വേഷിക്കുന്നതിനായി ജസ്റ്റിസ് പി. എ. മുഹമ്മദ് അന്വേഷണ കമ്മീഷൻ.
5. 26-3-2017-ന് മംഗളം ചാനലിൽ സംപ്രേഷണം ചെയ്ത വാർത്തയെക്കുറിച്ച് അന്വേഷിക്കുന്നതിനായി നിയമിച്ച ജസ്റ്റിസ്. പി.എസ്. ആന്റണി കമ്മീഷൻ.
6. വിഴിഞ്ഞം കരാർ സംസ്ഥാന താൽപ്പര്യങ്ങൾക്കെതിരാണെന്ന, കംപ് ട്രോളർ ആന്റ് ആഡിറ്റർ ജനറലിന്റെ റിപ്പോർട്ടിൻെറ അടിസ്ഥാനത്തിൽ കരാറിനെക്കുറിച്ച് അന്വേഷിക്കാൻ നിയമിച്ച ജസ്റ്റിസ് സി. എൻ. രാമചന്ദ്രൻ നായർ കമ്മീഷൻ.

(ബി) 1952-ലെ കമ്മീഷൻ ഓഫ് ഇൻക്വയറി ആക്ടിലെ (1952- ലെ 60-ാം കേന്ദ്ര ആക്റ്റ്) മൂന്നാം വകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ചാണ് ജുഡീഷ്യൽ അന്വേഷണം പ്രഖ്യാപിക്കുന്നത്.

(സി) അന്വേഷണ കമ്മീഷൻ റിപ്പോർട്ട് ലഭിച്ചുകഴിഞ്ഞാൽ അന്വേഷണ കമ്മീഷന്റെ നിർദ്ദേശങ്ങളും അഭിപ്രായങ്ങളും കൃത്യമായി പരിശോധിച്ച് വിലയിരുത്തി മന്ത്രിസഭായോഗത്തിന്റെ അനുമതിയോടെ തുടർ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(ഡി) കേരളത്തിലെ പ്രധാന റോഡുകളിലെ അപകടസാധ്യത കൂടിയ 761 ബ്ലാക്ക് സ്പോട്ടുകൾ ചൂണ്ടിക്കാട്ടിയ ജസ്റ്റിസ് ചന്ദ്രശേഖരദാസ് കമ്മീഷൻ റിപ്പോർട്ടിൽ പരാമർശിക്കുന്ന പൊതുമരാമത്ത് നിരത്തുകളും പാലങ്ങളും വിഭാഗത്തിൻെറ കീഴിൽ വരുന്ന റോഡുകളിലെ അപാകതകൾ പരിഹരിക്കുന്നതിനും പൊതുമരാമത്ത് വകുപ്പിലെ നിരത്തുകളും, പാലങ്ങളും വിഭാഗങ്ങളും എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് നിർദ്ദേശം നൽകിയതിൻപ്രകാരം നടപടികൾ സ്വീകരിച്ചുവരുന്നു.

**ഭക്ഷ്യവും പൊതുവിതരണവും സംബന്ധിച്ച പരാതികൾ**

30 (*330) ശ്രീ. എം. നൗഷാദ് :
ശ്രീ. സി. കൃഷ്ണൻ :
ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭക്ഷ്യവും പൊതുവിതരണവും സംബന്ധിച്ച് ജനങ്ങൾക്കുണ്ടാകുന്ന പരാതികൾ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പിൽ അഡീഷണൽ ജില്ലാ മജിസ്ട്രേറ്റുമാരെ പരാതി പരിഹാര ഉദ്യോഗസ്ഥരായി നിയമിച്ചിട്ടുണ്ടോ;

(സി) പൊതുജനങ്ങളുടെ പരാതികൾ പരിഹരിക്കുന്നതിന് കാൾസെന്റർ ഓൺലൈൻ പരാതി പരിഹാര സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ;

(ഡി) ഈ മേഖലയിൽ സംസ്ഥാന ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷന്റെ പ്രവർത്തനങ്ങൾ എന്തൊക്കെയാണ്;

(ഇ) സംസ്ഥാന, ജില്ല, താലൂക്ക്, ന്യായവില റേഷൻകട തലങ്ങളിൽ രൂപീകരിച്ച പ്രത്യേക വിജിലൻസ് കമ്മിറ്റികളുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ):

(എ) ഭക്ഷ്യവും പൊതുവിതരണവും സംബന്ധിച്ച് പൊതുജനങ്ങളിൽനിന്നുള്ള പരാതികൾ സ്വീകരിക്കുന്നതിനായി കേരള സ്റ്റേറ്റ് ഐ.ടി. മിഷന്റെ ആഭിമുഖ്യത്തിലുള്ള 1967, 1800-425-1550 എന്നീ ടോൾ ഫ്രീ നമ്പറുകൾ പ്രവർത്തിച്ചുവരുന്നു. കൂടാതെ പരാതികൾ ഓൺലൈനായി പരിഹരിക്കുന്നതിനായി 'ഗ്രീവൻസ് റിഡ്രസ്സൽ' എന്ന സോഫ്റ്റ്‌വെയർ എൻ.ഐ.സി. തയ്യാറാക്കി വരുന്നു. താലൂക്ക് സപ്ലൈ ഓഫീസുകൾ, ജില്ലാ സപ്ലൈ ഓഫീസുകൾ, ഡെപ്യൂട്ടി റേഷനിംഗ് കൺട്രോളർ ഓഫീസുകൾ, സിവിൽ സപ്ലൈസ് കമ്മീഷണറുടെ കാര്യാലയം എന്നിവിടങ്ങളിൽ ലഭിക്കുന്ന പരാതികളിന്മേൽ യഥാസമയം അന്വേഷണം നടത്തി നടപടി സ്വീകരിച്ചു വരുന്നുണ്ട്. കൂടാതെ സിവിൽ സപ്ലൈസ് ഉദ്യോഗസ്ഥർ റേഷൻകട പരിശോധന നടത്തിവരികയും ക്രമക്കേട് നടത്തുന്നവർക്കെതിരെ കേരള റേഷണിംഗ് ഉത്തരവ്, 1966 പ്രകാരമുള്ള സസ്പെൻഷൻ, റദ്ദാക്കൽ തുടങ്ങിയ ശിക്ഷാനടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു. റേഷൻ ഭക്ഷ്യ ധാന്യ വിതരണവുമായി ബന്ധപ്പെട്ടുണ്ടാകുന്ന പരാതികൾ പരിഹരിക്കുന്നതിനായി ഭക്ഷ്യോപദേശക വിജിലൻസ് കമ്മിറ്റികൾ ടി.പി.ഡി.എസ്. കൺട്രോൾ ഓർഡർ, 2001-ന്റെ അടിസ്ഥാനത്തിൽ രൂപീകരിച്ചിട്ടുണ്ട്. ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 അനുശാസിക്കുന്ന രീതിയിലുള്ള വിജിലൻസ് കമ്മിറ്റികൾ, സ്റ്റേറ്റ് ഫുഡ് കമ്മീഷൻ എന്നിവ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നിലവിൽ ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷന് സ്റ്റേറ്റ് ഫുഡ് കമ്മീഷന്റെ ചുമതല നൽകിയിട്ടുണ്ട്. ഓണത്തോടനുബന്ധിച്ച് ഭക്ഷ്യ വസ്തുക്കളുടെയും മറ്റ് നിത്യോപയോഗ സാധനങ്ങളുടെയും കരിഞ്ചന്ത, പൂഴ്ത്തിവെയ്പ്പ്, അമിത വില ഈടാക്കൽ എന്നിവ പരിഹരിക്കുന്നതിന് സിവിൽ സപ്ലൈസ് കമ്മീഷണറേറ്റിൽ ഒരു കൺട്രോൾ റൂം 16-8-2017 മുതൽ 2-9-2017 വരെ പ്രവർത്തിക്കുന്നതാണ്. ഉത്സവകാലത്ത് സ്പെഷ്യൽ സ്ക്വാഡുകൾ പ്രവർത്തിച്ചുവരുന്നു.

(ബി) 13-10-2016-ലെ സ.ഉ.(കൈ.) നമ്പർ 16/2016/ഭ.സി.സ.വ ഉത്തരവ് പ്രകാരം ജില്ലാതല പരാതി പരിഹാര ഓഫീസർമാരായി അഡീഷണൽ ജില്ലാ മജിസ്ട്രേട്ടുമാരെ നിയമിച്ചിട്ടുണ്ട്.

(സി) പൊതുജനങ്ങളുടെ പരാതികൾ പരിഹരിക്കുന്നതിന് കേരള സ്റ്റേറ്റ് ഐ.ടി. മിഷന്റെ അധീനതയിലുള്ള 1967, 1800-425-1550 എന്നീ ടോൾ ഫ്രീ നമ്പറുകൾ പ്രവർത്തിച്ചുവരുന്നു. കൂടാതെ പരാതികൾ ഓൺലൈനായി പരിഹരിക്കുന്നതിനായി 'ഗ്രീവൻസ് റിഡ്രസ്സൽ' എന്ന സോഫ്റ്റ്‌വെയർ എൻ.ഐ.സി. തയ്യാറാക്കി വരുന്നു.

(ഡി) 13-10-2016-ലെ സ.ഉ.(കൈ) നമ്പർ 16/2016/ഭ.സി.സ.വ. ഉത്തരവ് പ്രകാരം സ്റ്റേറ്റ് ഫുഡ് കമ്മീഷൻ നിലവിൽ വരുന്നതുവരെ ചുമതല സംസ്ഥാന ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷന് നൽകിയിട്ടുണ്ട്. ഭക്ഷ്യഭദ്രതാ നിയമ പ്രകാരമുള്ള പരാതികൾ പരിഹരിക്കുന്നതിനുള്ള സംസ്ഥാനതല അധികാരം കമ്മീഷനുണ്ട്. ജില്ലാതല പരാതി പരിഹാര സംവിധാനത്തിന്റെ അപ്പീൽ അധികാരം, ദേശീയ ഭക്ഷ്യഭ്രദതാ നിയമം, 2013 സംബന്ധിച്ച് സർക്കാരിന് നിർദ്ദേശങ്ങളും ഉപദേശങ്ങളും നൽകുക എന്നിവയും കമ്മീഷന്റെ ചുമതലകളാണ്.

(ഇ) ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 ക്ലോസ് 29 അനുശാസിക്കുന്ന തരത്തിലുള്ള വിജിലൻസ് കമ്മിറ്റികൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ടി.പി.ഡി.എസ്. കൺട്രോൾ ഓർഡർ, 2001 പ്രകാരമുള്ള സംസ്ഥാനതല വിജിലൻസ് കമ്മിറ്റികൾ വർഷത്തിൽ രണ്ട് വട്ടവും ജില്ല/താലൂക്ക് തല കമ്മറ്റികൾ എല്ലാ രണ്ട് മാസവും കൂടുമ്പോൾ കൃത്യമായി യോഗം ചേരണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ താലൂക്ക് വികസന സമിതി യോഗങ്ങളിലും വകുപ്പിന്റെ പ്രാതിനിധ്യമുണ്ട്.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### സർക്കാർ ജീവനക്കാർക്ക് ഐ.ഡി. കാർഡ്

1 (3289) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സർക്കാർ ജീവനക്കാർ എല്ലാവരും ജോലിസമയത്ത് നിർബന്ധമായും ഐ.ഡി. കാർഡ് ധരിക്കണമെന്ന ഉത്തരവ് പാലിക്കപ്പെടുന്നുണ്ടോ;

(ബി) വില്ലേജ്/പഞ്ചായത്ത് ഓഫീസുകളിലെ ജീവനക്കാർക്ക് ഐ.ഡി. കാർഡ് നൽകിയിട്ടുണ്ടോ; എങ്കിൽ ഇവർ ഇത് കൃത്യമായി ധരിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തിയിട്ടുണ്ടോ;

(സി) പഞ്ചായത്ത് ഓഫീസുകളിലെ ജീവനക്കാർക്ക് ഡയറക്ടറേറ്റ്, ഡി.ഡി.പി. ഓഫീസുകൾ മറ്റ് അനുബന്ധ ഓഫീസുകൾ എന്നിവടങ്ങളിൽ നൽകുന്നതുപോലെ പെൻ നമ്പറിന്റെ അടിസ്ഥാനത്തിൽ ഏകീകൃത ഐ .ഡി കാർഡ് നൽകുവാൻ നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) കേരളത്തിലെ എല്ലാ സർക്കാർ ഓഫീസുകളിലും ജീവനക്കാർ ഡ്യൂട്ടി സമയത്ത് ഐ.ഡി. കാർഡ് നിർബന്ധമായും ധരിക്കണമെന്ന് 19-9-2015-ലെ 13671/എ.ആർ/13(2)/15 ഉഭപ. സർക്കുലർ പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ സർക്കുലറിലെ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കുന്നുവെന്ന് ഉറപ്പുവരുത്തുവാൻ അതത് വകുപ്പദ്ധ്യക്ഷന്മാർക്ക് നിർദ്ദേശം നൽകിക്കൊണ്ടും എല്ലാ സർക്കാർ ഓഫീസുകളിലും പെൻ നമ്പറിന്റെ അടിസ്ഥാനത്തിൽ ഐ.ഡി. കാർഡിന്റെ ഏകീകൃത മാതൃക ഉൾക്കൊള്ളിച്ചുകൊണ്ടും 18-8-2016-ൽ 7318/ എ.ആർ 13(2)16/ഉഭപ. സർക്കുലറും പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി & സി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

**ഐ.എം.ജി.-യുടെ പരിശീലന പരിപാടികൾ**

2(3290) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ.എം.ജി.-യുടെ ചുമതലയിൽ വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർക്കുവേണ്ടി നടത്തി വന്നിരുന്ന പരിശീലന പരിപാടികൾക്ക് നടപ്പ് വർഷം തുക വകയിരുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ ജില്ലതിരിച്ച് അനുബന്ധ തുക വിവരങ്ങൾ ലഭ്യമാക്കുമോ;

(സി) ഇത്തരത്തിൽ ലഭ്യമാക്കിയിരുന്ന പരിശീലന പരിപാടി നിലവിൽ നിർത്തിവച്ചിട്ടുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ആയതിന്റെ സാഹചര്യം സംബന്ധിച്ചുള്ള വിശദാംശം അറിയിക്കുമോ;

(ഇ) ജീവനക്കാരുടെ ഔദ്യോഗിക മികവ് ശാക്തീകരിക്കുന്നതിന് അനിവാര്യമായ ഈ പരിശീലന പരിപാടി ഉടൻ പുനരാരംഭിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) നടപ്പുസാമ്പത്തിക വർഷം സ്റ്റേറ്റ് ട്രെയിനിംഗ് പോളിസി പരിശീലന പരിപാടികൾക്കായി മൊത്തം 13 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

(ബി) ജില്ലതിരിച്ച് തുക അനുവദിച്ചിട്ടില്ല.

(സി - ഇ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഐ.എം.ജി. എക്സിക്യൂട്ടീവ് കമ്മിറ്റി അംഗീകരിച്ച ട്രെയിനിംഗ് കലണ്ടർ പ്രകാരമാണ് ജീവനക്കാർക്ക് പരിശീലനം നൽകുന്നത്. എന്നാൽ 18-7-2017 - ൽ ഐ.എം.ജി. ഡയറക്ടർ ജനറലിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗം എക്സിക്യൂട്ടീവ് കമ്മിറ്റി അംഗീകരിച്ച പരിശിലന കലണ്ടർ പുനഃക്രമീകരിക്കാൻ തീരുമാനിക്കുകയുണ്ടായി. പ്രസ്തുത തിരുമാനം പരിശീലനത്തെ ബാധിക്കുമെന്നതിനാൽ ട്രെയിനിംഗ് കലണ്ടർ പിന്തുടരുവാനും, ഗവേണിംഗ് ബോഡിയുടെ അംഗീകാരമില്ലാതെ പുതിയ ട്രെയിനിംഗ് പ്രോഗ്രാം ആരംഭിക്കരുതെന്നും ഐ.എം.ജി. ഡയറക്ടർ ജനറലിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

**കെ.എസ്.ഇ.ബി.- യിലെ കാഷ്യർ തസ്തികകളുടെ നിയമനം**

3(3291) <u>ശ്രീ. കോവൂർ കുഞ്ഞുമോൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) kerala administrative vigilance cell-ന്റെ വിശദ പരിശോധനയിൽ കെ. എസ്. ഇ. ബി.-യിൽ കണ്ടെത്തിയ 497 കാഷ്യർ തസ്തികകൾ നികത്തുന്നതിന് 18-2-2017 ൽ പ്രിൻസിപ്പൽ സെക്രട്ടറി 120877/എ.വി.സി (1) 2016 നമ്പർ കത്ത് പ്രകാരം കെ. എസ്. ഇ. ബി. ചേർമാനോട് ആവശ്യപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതുൾപ്പെടെ നാളിതുവരെ വിരമിച്ച ജീവനക്കാരുടെ കണക്ക് ചേർത്ത് എത്ര ഒഴിവുകൾ നിലവിലുണ്ട്; എന്നാൽ ഈ ഒഴിവുകൾ നാളിതുവരെ റിപ്പോർട്ട് ചെയ്യാതിരിക്കുന്നതിന് എന്തെങ്കിലും കാരണമുണ്ടോ; റാങ്ക് ലിസ്റ്റിന്റെ കാലാവധി 21-9-2017-ൽ അവസാനിക്കുന്നതാണെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതിനാൽ റാങ്ക് ലിസ്റ്റിന്റെ കാലാവധി അവസാനിക്കുന്നതിനുമുമ്പ് ഒഴിവുകൾ പി. എസ്. സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ നടപടി കൈക്കൊള്ളുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) റാങ്ക് ലിസ്റ്റിന്റെ കാലാവധി 21-9-2017-ൽ അവസാനിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഭിന്നശേഷിക്കാർക്കായി പി.എസ്.സി-യിൽ റിപ്പോർട്ട് ചെയ്ത ഒഴിവുകൾ കിഴിച്ച്, ജീവനക്കാർ വിരമിച്ചതുമൂലമുണ്ടായതുൾപ്പെടെ, പി.എസ്.സി. വഴി നികത്തേണ്ട 432 ഒഴിവുകൾ കാഷ്യർ തസ്തികയിൽ കെ.എസ്.ഇ.ബി.-യിൽ നിലവിലുണ്ട്. ജീവനക്കാർ അധികമെന്ന വിലയിരുത്തലിൽ ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷൻ 6000 -ത്തോളം ജീവനക്കാരുടെ ശമ്പളവും മറ്റാനുകൂല്യങ്ങളും അനുവദിച്ചിട്ടില്ലെന്നും കാഷ്യർ/ ജൂനിയർ അസിസ്റ്റന്റ് തസ്തികയിലുൾപ്പെടെയുള്ളവരെ പുനർവിന്യസിക്കാൻ കമ്മീഷൻ നിർദ്ദേശിച്ചിട്ടുണ്ടെന്നും കെ.എസ്.ഇ.ബി. അറിയിച്ചിട്ടുണ്ട്.

കെ.എസ്.ഇ.ബി.-യിൽ വിവിധ തസ്തികയിൽ ആവശ്യമുള്ള ജീവനക്കാർ എത്രയെന്നു കണക്കാക്കി പുനർവിന്യാസം ഉൾപ്പെടെയുള്ളവ പരിശോധിച്ചതിനു ശേഷമേ കാഷ്യർ/ജൂനിയർ അസിസ്റ്റന്റ് തസ്തികയിലെ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച് തീരുമാനമെടുക്കാൻ കഴിയൂ എന്നും കെ.എസ്.ഇ.ബി. അറിയിച്ചിട്ടുണ്ട്. എന്നാൽ നിലവിലുള്ള എല്ലാ ഒഴിവുകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യണമെന്ന സർക്കാർ നിലപാട് 18-2-2017-ലെ കത്ത് മുഖാന്തരം കെ.എസ്.ഇ.ബി.- യെ അറിയിച്ചിട്ടുണ്ട്.

## കെ.എസ്.ഇ.ബി. മീറ്റർ റീഡർ തസ്തികയുടെ ചുരുക്കപ്പട്ടിക

4(3292) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 7-4-2016-ന് പരീക്ഷ നടത്തിയ കെ.എസ്.ഇ.ബി. മീറ്റർ റീഡർ (കാറ്റഗറി നമ്പർ 557/2014) തസ്തികയുടെ ചുരുക്കപ്പട്ടിക നാളിതുവരെയായിട്ടും പി.എസ്.സി. പ്രസിദ്ധപ്പെടുത്തിയിട്ടില്ല എന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത റാങ്ക് ലിസ്റ്റ് പ്രസിദ്ധപ്പെടുത്തുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ ?

ഉത്തരം

(എ & ബി) ഉണ്ട്., KSEB -യിലെ മീറ്റർ റീഡർ തസ്തികയുടെ ചുരുക്കപ്പട്ടിക തയ്യാറാക്കുന്നതിനുമുൻപ് നിലവിലുള്ളതും ഭാവിയിൽ ഉണ്ടാകുവാൻ ഇടയുള്ളതുമായ ഒഴിവുകളുടെ എണ്ണംകൂടി കണക്കിലെടുത്താണ് റാങ്ക് പട്ടികയിൽ ഉൾപ്പെടുത്തേണ്ടവരുടെ എണ്ണം നിശ്ചയിക്കുന്നത്. ഇതനുസരിച്ച് ഒഴിവുകളുടെ എണ്ണം അറിയിക്കുവാൻ PSC, KSEB ചീഫ് എഞ്ചിനീയർക്ക് 19-6-2017-ൽ കത്ത് നൽകിയിട്ടുണ്ട്. മറുപടി ലഭ്യമാകുന്നമുറയ്ക്ക് ചുരുക്കപ്പട്ടിക തയ്യാറാക്കുന്ന നടപടികൾ PSC ത്വരിതപ്പെടുത്തുന്നതാണ്.

## ബി.എസ്.സി. ഫോറസ്ട്രിക്കാർക്ക് ഫോറസ്റ്റ് റേഞ്ചർ തസ്തികയിൽ സംവരണം

5(3293) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതു പ്രവേശന പരീക്ഷ വഴി എത്തുന്ന ബി.എസ്.സി. ഫോറസ്ട്രി ബിരുദധാരികൾക്ക് ഫോറസ്റ്റ് റേഞ്ചർ തസ്തിക നിയമനത്തിൽ 50 ശതമാനം സംവരണം ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ;

(ബി) സംസ്ഥാന പൊതുപരീക്ഷ വഴി വരുന്ന അഗ്രികൾച്ചർ, വെറ്ററിനറി ബിരുദധാരികൾക്ക് ബന്ധപ്പെട്ട മേഖലകളിൽ 50 ശതമാനം തൊഴിൽ സംവരണമുണ്ട് എന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതിന്റെ വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) ഇപ്പോൾ പരിഗണനയിലില്ല.

(ബി) അംഗീകൃത സർവ്വകലാശാലകളിൽനിന്നും കൃഷി ശാസ്ത്രത്തിൽ ബിരുദം നേടിയവർക്ക് സംസ്ഥാന കൃഷി വകുപ്പിലെ ആകെയുള്ള 1097 തസ്തികയുടെ 85% ഒഴിവിലേയ്ക്ക് പി.എസ്.സി. മുഖേന നേരിട്ട് കൃഷി ഓഫീസറായി നിയമനം നൽകി വരുന്നുണ്ട്. കൂടാതെ കൃഷി വകുപ്പിൽത്തന്നെ കാർഷിക ബിരുദം കരസ്ഥമാക്കിയതിന് ശേഷം മൂന്ന് വർഷം കൃഷി അസിസ്റ്റന്റായി സേവനം പൂർത്തിയാക്കിയവർക്ക് കൃഷി വകുപ്പിലെ ആകെയുള്ള 1097 തസ്തികയുടെ 2% ആയ 22 തസ്തിക നിയമനത്തിനായി സംവരണം ചെയ്തിട്ടുണ്ട്.

മൃഗസംരക്ഷണ വകുപ്പിലെ വെറ്ററിനറി സർജൻ തസ്തിക വെറ്ററിനറി സർജൻ ബിരുദധാരികൾക്കുവേണ്ടി മാത്രമായിട്ടുള്ളതാണ്.

**പി.എസ്.സി. റാങ്ക് പട്ടികകളുടെ കാലാവധി ദീർഘിപ്പിക്കാൻ നടപടി**

6(3294) <u>ഡോ. എൻ. ജയരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പി.എസ്.സി. റാങ്ക് പട്ടികകളുടെ കാലാവധി ദീർഘിപ്പിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) എങ്കിൽ ഏതെല്ലാം റാങ്ക് ലിസ്റ്റുകളുടെ കാലാവധി എത്ര പ്രാവശ്യം വീതം നീട്ടിനൽകിയെന്ന് പട്ടിക തിരിച്ച് വിശദമാക്കുമോ; ഏതൊക്കെ തീയതികളിലെ കാബിനറ്റ് തീരുമാനപ്രകാരമാണ് കാലാവധി ദീർഘിപ്പിച്ചത് എന്ന് വ്യക്തമാക്കുമോ;

(സി) പി.എസ്.സി. പുതുതായി വിജ്ഞാപനം പുറപ്പെടുവിക്കാത്ത തസ്തികകളിൽ നിലവിലുള്ള റാങ്ക് പട്ടികകളുടെ കാലാവധി ദീർഘിപ്പിക്കുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ഡി) ഒരിക്കൽപ്പോലും കാലാവധി ദീർഘിപ്പിക്കാത്ത പട്ടികകളിൽ ഉൾപ്പെട്ട,

പ്രായപരിധി കഴിഞ്ഞ ഉദ്യോഗാർത്ഥികളോട് അനുഭാവപൂർവ്വമായ സമീപനം സ്വീകരിക്കുമോ;

(ഇ) പുതിയ വിജ്ഞാപനം പുറപ്പെടുവിച്ച് പരീക്ഷാ നടത്തിപ്പ് ഉൾപ്പെടെയുള്ള നടപടികൾ പൂർത്തീകരിക്കുന്നതുവരെ നിലവിലുള്ള പട്ടികകളുടെ കാലാവധി ദീർഘിപ്പിച്ച്, പിൻവാതിൽ/താൽക്കാലിക നിയമനങ്ങൾക്ക് തടയിടാൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ & ബി) ഈ സർക്കാർ അധികാരമേറ്റശേഷം രണ്ട് തവണ പി.എസ്.സി റാങ്ക് ലിസ്റ്റുകളുടെ കാലാവധി ദീർഘിപ്പിച്ചിട്ടുണ്ട്.

1. 29-6-2016-ലെ AV(2)4182/02/GW നമ്പർ വിജ്ഞാപന പ്രകാരം 30-6-2016-ന് നിലവിലുള്ളതും 30-12-2016 വരെയുള്ള കാലയളവിൽ കാലാവധി അവസാനിപ്പിക്കുന്നതുമായ എല്ലാ റാങ്ക് പട്ടികകളുടെയും കാലാവധി നിബന്ധനകൾക്ക് വിധേയമായി 31-12-2016 വരെ ദീർഘിപ്പിച്ച് നൽകിയിരുന്നു.

2. 30-12-2016-ലെ AV(2)4182/02/GW നമ്പർ വിജ്ഞാപന പ്രകാരം 31-12-2016 മുതൽ 29-6-2017 വരെയുള്ള കാലയളവിൽ സ്വാഭാവിക കാലാവധിയായ 3 വർഷം പൂർത്തിയാകുന്ന എല്ലാ റാങ്ക് പട്ടികകളുടെയും കാലാവധി നിബന്ധനകൾക്ക് വിധേയമായി 30-6-2017 വരെ ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്. 22-6-2016, 28-12-2016 എന്നീ തീയതികളിലെ മന്ത്രിസഭായോഗ തീരുമാന പ്രകാരമാണ് റാങ്ക് പട്ടികകളുടെ കാലാവധി ദീർഘിപ്പിക്കുവാൻ പി.എസ്.സി.-യോട് ശിപാർശ ചെയ്തത്.

(സി - ഇ) റാങ്ക് ലിസ്റ്റുകളുടെ കാലാവധി ദീർഘിപ്പിക്കുവാൻ പബ്ലിക് സർവ്വീസ് കമ്മീഷനോട് ശിപാർശ ചെയ്യുന്ന വിഷയം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

## പി.എസ്.സി. പരീക്ഷകൾക്ക് ചോദ്യം തയ്യാറാക്കുന്നതിലെ ക്രമക്കേടുകൾ

7(3295) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി. പരീക്ഷകൾക്ക് ചോദ്യം തയ്യാറാക്കുന്നതിന് നിലവിൽ എന്തെല്ലാം സംവിധാനങ്ങളാണ് അവലംബിച്ച് വരുന്നത്; ഇതുസംബന്ധിച്ച് പി.എസ്.സി. കണ്ടെത്തിയ ക്രമക്കേടുകൾ എന്തെല്ലാം; ഭാവിയിൽ ഇത്തരം ക്രമക്കേടുകൾ ആവർത്തിക്കാതിരിക്കാൻ എന്തുനടപടികൾ സ്വീകരിച്ചുവരുന്നു; വ്യക്തമാക്കുമോ;

(ബി) അടുത്തകാലത്ത് പാലക്കാട് ജില്ലയിൽനടന്ന ആരോഗ്യ വകുപ്പിലെ സ്റ്റാഫ് നഴ്സ് പരീക്ഷ, വിവിധ ജില്ലകളിൽ നടത്തിയ എൽ.ഡി.സി. പരീക്ഷ തുടങ്ങി പല പരീക്ഷകൾക്കും ചില ഗൈഡുകളിലെ ചോദ്യങ്ങൾ അതേപടി പകർത്തി ചോദിച്ചതും തെറ്റായ ചോദ്യങ്ങൾ നിരവധി ഉണ്ടായതുമായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടുവോ; എങ്കിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) 2015-ലെ സ്റ്റാഫ് നഴ്സ് പരീക്ഷ ഉൾപ്പെടെ മുൻകാലങ്ങളിൽ പരീക്ഷാ ക്രമക്കേടുകളിൽനടന്ന വിജിലൻസ് ഉൾപ്പെടെയുള്ള അന്വേഷണങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ;

(ഡി) ഇത്തരം അന്വേഷണങ്ങളിൽ ഗൈഡുലോബികളുമായി ചേർന്നും അല്ലാതെയും ക്രമക്കേട് നടത്തിയതായി കണ്ടെത്തിയ സംഭവങ്ങൾ ഏതെല്ലാം; കുറ്റക്കാരുടെ പേരിൽ എന്ത് നടപടി സ്വീകരിച്ചു;

(ഇ) പല പരീക്ഷകളിലും പി.എസ്.സി. നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി സിലബസ്സിന് പുറത്തുനിന്ന് ചോദ്യങ്ങൾ ചോദിക്കുന്നതും ഗൈഡുകൾ/പുസ്തകങ്ങൾ ഇവ പകർത്തി അതേ ചോദ്യങ്ങൾ ചോദിക്കുന്നതുമായ പ്രവണതയും അതിലെ അഴിമതിയും തടയുവാനും പരീക്ഷ കുറ്റമറ്റ രീതിയിൽ നടത്താനും എന്തുനടപടികൾ സ്വീകരിക്കും എന്നും വ്യക്തമാക്കുമോ?

### ഉത്തരം

(എ & ബി) ഓരോ തസ്തികയ്ക്കും നിഷ്കർഷിച്ചിട്ടുള്ള വിദ്യാഭ്യാസ/പരിചയ യോഗ്യതകളുടെ അടിസ്ഥാനത്തിലുള്ള ചോദ്യങ്ങളാണ് ആ തസ്തികയുടെ തെരഞ്ഞെടുപ്പിനുവേണ്ടി നടത്തുന്ന മൽസര പരീക്ഷയിൽ പ്രധാനമായും

ഉൾപ്പെടുത്തുന്നത്. ബന്ധപ്പെട്ട കോഴ്സ് നടത്തുന്ന സർക്കാർ/എയിഡഡ് മേഖലയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ/സർവ്വകലാശാലകളിലെ അദ്ധ്യാപകരുടെയും സർക്കാർ സ്ഥാപനങ്ങളിലെ വിദഗ്ദ്ധരുടെയും സേവനം പ്രയോജനപ്പെടുത്തിയാണ് അതിനുള്ള ചോദ്യങ്ങൾ തയ്യാറാക്കുന്നത്. അതീവ രഹസ്യ സ്വഭാവത്തോടുകൂടി തയ്യാറാക്കപ്പെടുന്ന ചോദ്യപേപ്പർ പരീക്ഷ നടക്കുന്ന സമയംവരെ പി.എസ്.സി. ഉദ്യോഗസ്ഥർക്കോ കമ്മീഷനോ തുറന്ന് പരിശോധിക്കാൻ കഴിയുകയില്ല.

ചോദ്യപേപ്പറിലെ ചോദ്യങ്ങൾ സംബന്ധിച്ച് ഉദ്യോഗാർത്ഥികളിൽനിന്നും ലഭിക്കുന്ന പരാതികൾ അതത് വിഷയുമായി ബന്ധപ്പെട്ട വിദഗ്ദ്ധ സമിതി പരിശോധിച്ച് അവരുടെ പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കമ്മീഷൻ നടപടികൾ കൈക്കൊള്ളാറുണ്ട്.

(സി & ഡി) 1-12-2016 - ന് നടന്ന ലൈബ്രേറിയൻ ഗ്രേഡ് II തസ്തികയുടെ OMR പരീക്ഷയുടെ ചോദ്യകർത്താക്കളിൽ രണ്ട് പേർക്കെതിരെ, അവർ പി.എസ്.സി. നിർദ്ദേശങ്ങൾക്കെതിരായി പ്രവർത്തിച്ചതിനാൽ അന്വേഷണത്തിനും ക്രിമിനൽ കേസെടുക്കുന്നതിനും വകുപ്പുതലനടപടികൾ കൈക്കൊള്ളുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. ഗൈഡുലോബിയുമായി ചേർന്ന് നടത്തിയ ക്രമക്കേടുകൾ ഒന്നുംതന്നെ കണ്ടെത്തിയിട്ടില്ല

(ഇ) ഓരോ തസ്തികയ്ക്കും നിഷ്കർഷിച്ചിട്ടുള്ള വിദ്യാഭ്യാസ/പരിചയ യോഗ്യതകളുടെ അടിസ്ഥാനത്തിലുള്ള ചോദ്യങ്ങളാണ് ആ തസ്തികയുടെ തെരഞ്ഞെടുപ്പിനുവേണ്ടി നടത്തുന്ന മൽസര പരീക്ഷയിൽ പ്രധാനമായും ഉൾപ്പെടുത്തുന്നത്. ബന്ധപ്പെട്ട കോഴ്സ് നടത്തുന്ന സർക്കാർ/എയിഡഡ് മേഖലയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ/സർവ്വകലാശാലകളിലെ അദ്ധ്യാപകരുടെയും സർക്കാർ സ്ഥാപനങ്ങളിലെ വിദഗ്ദ്ധരുടെയും സേവനം പ്രയോജനപ്പെടുത്തിയാണ് അതിനുള്ള ചോദ്യങ്ങൾ തയ്യാറാക്കുന്നത്. അതീവ രഹസ്യ സ്വഭാവത്തോടുകൂടി തയ്യാറാക്കപ്പെടുന്ന ചോദ്യപേപ്പർ പരീക്ഷ നടക്കുന്ന സമയംവരെ പി.എസ്.സി. ഉദ്യോഗസ്ഥർക്കോ കമ്മീഷനോ തുറന്ന് പരിശോധിക്കാൻ കഴിയുകയില്ല.

ചോദ്യപേപ്പറിലെ ചോദ്യങ്ങൾ സംബന്ധിച്ച് ഉദ്യോഗാർത്ഥികളിൽനിന്നും ലഭിക്കുന്ന പരാതികൾ അതത് വിഷയുമായി ബന്ധപ്പെട്ട വിദഗ്ദ്ധ സമിതി പരിശോധിച്ച് അവരുടെ പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കമ്മീഷൻ നടപടികൾ കൈക്കൊള്ളാറുണ്ട്.

**എം.എൽ.എ.- മാർക്ക് സെക്രട്ടേറിയറ്റിലെ ഫയൽനീക്കം അറിയുവാൻ സംവിധാനം**

8(3296) ശ്രീ. റോഷി അഗസ്റ്റിൻ:
ശ്രീ. പി. ജെ. ജോസഫ്:
ശ്രീ. മോൻസ് ജോസഫ്:
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റിലെ ഭൂരിപക്ഷം ഫയലുകളും ഇ-ഓഫീസ് സംവിധാനത്തിലൂടെ കൈകാര്യം ചെയ്യുന്നതിനാലും വിവിധ നമ്പരുകളിൽ ഫയൽ നീക്കം നടക്കുന്നതിനാലും എം.എൽ.എ.മാർക്ക് ഫയലിന്റെ സ്ഥിതി നേരിട്ട് അറിയുവാൻ കഴിയാത്ത അവസ്ഥയാണെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ആയത് പരിഹരിക്കുന്നതിനും എം.എൽ.എ.-മാർക്ക് സെക്രട്ടേറിയറ്റിലെ ഇന്റേണൽ ഫയലുകളുടെ നമ്പർ അനുസരിച്ച് ഫയൽ മൂവ്മെന്റ് അറിയുവാനുള്ള സത്വര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ & ബി) ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കിയിട്ടുള്ള വകുപ്പുകളിലെ ഫയൽനീക്കം സംബന്ധിച്ച വിവരം പൊതുജനങ്ങൾക്ക് ലഭിക്കുന്നതിനായി സിറ്റിസൺ ഇന്റർഫേസ് ഇ-ഓഫീസിൽ ഏർപ്പെടുത്തിയിട്ടുണ്ട്. http://eoffice.kerala.gov.in എന്ന URL മുഖാന്തരം പൊതുജനങ്ങൾക്കും ജനപ്രതിനിധികൾക്കും ഐ.ഡി.-യും പാസ് വേർഡും ഇല്ലാതെ തന്നെ എവിടെ നിന്നു വേണമെങ്കിലും ഇന്റർനെറ്റിലൂടെ ഫയൽനീക്കം സംബന്ധിച്ച വിവരം ലഭ്യമാകുന്നതാണ്.

**കരമന -കളിയിക്കാവിള റോഡ് വികസനവുമായി ബന്ധപ്പെട്ട പുനരധിവാസം**

9(3297) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരമന-കളിയിക്കാവിള റോഡ് വികസനവുമായി ബന്ധപ്പെട്ട് വീടും ഭൂമിയും നഷ്ടപ്പെട്ട പഴയ രാജപാത നിവാസികളുടെ പുനരധിവാസത്തിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച് നൽകപ്പെട്ട നിവേദനം (G 160700898) പ്രകാരം എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; വിശദീകരിക്കാമോ?

ഉത്തരം

(എ & ബി) കരമന കളിയിക്കാവിള റോഡ് വികസനവുമായി ബന്ധപ്പെട്ട് കൺവീനർ ശ്രീ.എസ്. പ്രേംലാൽ 16-6-2016-ൽ സമർപ്പിച്ച നിവേദനം (G 160700898) ബി1/268/2016-റവ നമ്പർ ഫയലിൽ നടപടികൾ സ്വീകരിച്ചു വരുന്നു. പ്രസ്തുത ഫയലിൽ രാജപാതയിൽനിന്നും കുടിയൊഴിപ്പിക്കുന്ന 22 കുടുംബങ്ങൾക്ക് പള്ളിച്ചൽ വില്ലേജിൽ ബ്ലോക്ക് നമ്പർ 4-ൽ റിസർവ്വേ 58/1-ൽ ഉൾപ്പെട്ട ഭൂമിയിൽ നിന്നും 3 സെന്റ് വീതവും ലൈഫ് മിഷനിൽപ്പെടുത്തി വീട് നിർമ്മിച്ച് നൽകുന്ന കാര്യവും പരിശോധിച്ചുവരുന്നു.

**പുതിയ റവന്യൂ ഡിവിഷനുകളും താലൂക്കുകളും**

10(3298) <u>ശ്രീമതി ഗീതാ ഗോപി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ ബജറ്റിൽ തൃശ്ശൂർ ജില്ലയിൽ ഉൾപ്പെടെ രൂപീകരിക്കുമെന്ന് പ്രഖ്യാപിച്ചിരുന്ന 6 പുതിയ റവന്യൂ ഡിവിഷനുകളുടെയും 2 താലൂക്കുകളുടെയും ആസ്ഥാനം എവിടെയൊക്കെയാണെന്ന് നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത റവന്യൂ ഡിവിഷനുകളുടെയും താലൂക്കുകളുടെയും പ്രവർത്തനത്തിനാവശ്യമായ തസ്തികകൾ എത്രയെന്ന് നിശ്ചയിച്ചിട്ടുണ്ടോ;

(സി) ഇവ എന്ന് പ്രവർത്തനം ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ – സി) കഴിഞ്ഞ ബജറ്റിൽ രൂപീകരിക്കുമെന്ന് പ്രഖ്യാപിച്ചിരുന്ന പുതിയ റവന്യൂ ഡിവിഷനുകളുടെയും താലൂക്കുകളുടെയും ആസ്ഥാനം, പ്രസ്തുത ഓഫീസുകളുടെ പ്രവർത്തനത്തിനാവശ്യമായ തസ്തികകൾ എന്നിവ സംബന്ധിച്ച് അന്തിമതീരുമാനമെടുത്തിട്ടില്ല. നടപടിക്രമങ്ങൾ പൂർത്തിയാക്കി പുതിയ റവന്യൂ ഡിവിഷനുകളും താലൂക്കുകളും രൂപീകരിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ച് വിജ്ഞാപനം പ്രസിദ്ധപ്പെടുത്തുന്നമുറയ്ക്ക് ആയതിന്റെ പ്രവർത്തനം ആരംഭിക്കുന്നതാണ്.

**മലയാളം സംസാരിച്ചതിന്റെ പേരിൽ കുട്ടികൾക്ക് ശിക്ഷ**

11(3299) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മലയാള ഭാഷ സംസാരിച്ചതിന്റെ പേരിൽ സംസ്ഥാനത്തെ എത്ര സ്കൂളുകളിൽ അധികൃതർ കുട്ടികളെ ശിക്ഷിച്ചിട്ടുള്ളതായ പരാതി ലഭിച്ചിട്ടുണ്ട്; ഏതെല്ലാം സ്കൂളുകളിൽ; വ്യക്തമാക്കാമോ ;

(ബി) മലയാള ഭാഷയുമായി ബന്ധപ്പെട്ട പുതിയ നിയമത്തിൽ

ഇതിനാവശ്യമായ വ്യവസ്ഥ ഉൾപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ;

(സി) കൂടാതെ, പ്രാബല്യത്തിലുള്ള എല്ലാ നിയമങ്ങളുടെയും സർക്കാർ ഉത്തരവുകളുടെയും മലയാള പരിഭാഷ തയ്യാറാക്കി പ്രസിദ്ധീകരിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്തെ ഒരു സ്കൂളിൽനിന്നും മലയാളം ഭാഷ സംസാരിച്ചതിന് അധികൃതർ വിദ്യാർത്ഥികളെ ശിക്ഷിച്ചതായിട്ടുള്ള പരാതികളൊന്നും ലഭിച്ചിട്ടില്ല.

(ബി) സംസ്ഥാനത്തെ എല്ലാ സർക്കാർ എയ്ഡഡ്, അൺ എയ്ഡഡ് (സി.ബി.എസ്.ഇ, സി.ഐ.എസ്.സി.ഇ. സിലബസ് പഠിപ്പിക്കുന്ന സ്കൂളുകൾ ഉൾപ്പെടെ) സ്കൂളുകളിലും മലയാളം പഠിപ്പിക്കുന്നതിന് വ്യവസ്ഥ ചെയ്തുകൊണ്ടുള്ള മലയാള ഭാഷാപഠന ആക്ട് 2017-ലെ സെക്ഷൻ 3(2), പ്രകാരം സംസ്ഥാനത്തെ സ്കൂളുകളിൽ മലയാളം സംസാരിക്കുന്നതിന് പ്രത്യക്ഷമായോ, പരോക്ഷമായോ യാതൊരു നിരോധനവും ഏർപ്പെടുത്താൻ പാടില്ലാത്തതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഈ വ്യവസ്ഥ ലംഘിക്കുന്ന സ്കൂളുകളിലെ പ്രധാനാധ്യാപകന് അയ്യായിരം രൂപ പിഴ ചുമത്തേണ്ടതാണെന്നും ഈ വ്യവസ്ഥകളുടെ ലംഘനം മൂന്നുതവണ ഉണ്ടാകുന്ന പക്ഷം നിർണ്ണയിക്കാവുന്ന രീതിയിൽ സർക്കാരിന് പ്രസ്തുത സ്കൂളിന്റെ അംഗീകാരം റദ്ദാക്കുകയും ചെയ്യാമെന്ന് ആക്ടിന്റെ 4-ാം വകുപ്പിൽ പരാമർശിച്ചിട്ടുണ്ട്. ആക്ടിന്റെ 3-ാം വകുപ്പിൽ സംസ്ഥാനത്തെ സ്കൂളുകളിൽ മലയാളഭാഷ സംസാരിക്കുന്നതിന് വിലക്ക് ഏർപ്പെടുത്തിക്കൊണ്ടോ മറ്റേതെങ്കിലും ഭാഷ മാത്രമേ സംസാരിക്കാവൂ എന്ന രീതിയിലോ ഉള്ള ബോർഡുകളോ നോട്ടീസുകളോ പ്രദർശിപ്പിക്കുകയോ മറ്റേതെങ്കിലും തരത്തിലുള്ള പ്രചാരണങ്ങളോ നടത്താൻ പാടുള്ളതല്ലെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(സി) ഇപ്പോൾ പരിഗണനയിലില്ല.

**മലയാളം സർവ്വകലാശാലയ്ക്ക് ഭൂമി**

12(3300) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയാളം സർവ്വകലാശാലയ്ക്ക് ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട വിഷയത്തിൽ മുഖ്യമന്ത്രിക്ക് സ്ഥലം എം.എൽ.എ.-യിൽനിന്നും ലഭിച്ച പരാതിയിന്മേൽ നാളിതുവരെ സ്വീകരിച്ച നടപടിയുടെ വിശദാംശം ലഭ്യമാക്കുമോ ;

(ബി) സെന്റ് ഒന്നിന് 3,000 മുതൽ 9,000 വരെയുള്ള വിലക്ക് വാങ്ങിയ ഭൂമി

സെന്റ് ഒന്നിന് 1,60,000 രൂപ വില നിശ്ചയിച്ച് മലപ്പുറം DLPC സർക്കാരിലേയ്ക്ക് ശിപാർശ ചെയ്യുകവഴി കോടിക്കണക്കിന് രൂപയുടെ നഷ്ടം സംഭവിക്കാനിടയുണ്ടെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിന് നടപടി സ്വീകരിക്കുമോ ;

(സി) മലപ്പുറം ജില്ലാ കളക്ടർ സർക്കാരിലേയ്ക്കയച്ച ശിപാർശയിൽമേൽ സൂചിപ്പിച്ച ഭൂമി തണ്ണീർത്തടവും കണ്ടൽകാടും നിറഞ്ഞതും നിർമ്മാണ യോഗ്യമല്ലാത്തതും ആണെന്ന സ്പെഷ്യൽ തഹസിൽദാറുടെയും ഫിനാൻസ് ഓഫീസറുടെയും റിമാർക്സ് റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഭൂമി ഒഴിവാക്കി നിർമ്മാണ യോഗ്യമായ കരഭൂമി ഇതിനായി കണ്ടെത്താൻ നടപടി സ്വീകരിക്കുമോ ;

(ഡി) ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട വിഷയത്തിൽ പരാതികൾ ലഭിച്ചിട്ടുള്ള സാഹചര്യത്തിൽ പ്രസ്തുത ഭൂമി മലയാളം സർവ്വകലാശാലയ്ക്കുവേണ്ടി ഏറ്റെടുക്കുന്നത് ഉചിതമല്ലെന്ന് അറിയിച്ചുകൊണ്ട് സർവ്വകലാശാല വൈസ് ചാൻസലർ സർക്കാരിന് കത്ത് നൽകിയിട്ടുണ്ടോ; എങ്കിൽ ഇതിന്മേൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്;

(ഇ) മലയാളം സർവ്വകലാശാലയ്ക്ക് നിലവിൽ ശിപാർശ ചെയ്തതിനേക്കാളും കുറഞ്ഞ വിലക്ക് കരഭൂമി നൽകാൻ ആരെങ്കിലും സർക്കാരിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ അതിന്മേൽ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ട്; ആയത് റവന്യൂ അധികാരികൾ അടങ്ങിയ കമ്മിറ്റിയാണോ പരിശോധിച്ചത്;

(എഫ്) കുറഞ്ഞ വിലയ്ക്ക് നിർമ്മാണ യോഗ്യമായ കരഭൂമി കണ്ടെത്തി മലയാളം സർവ്വകലാശാലയ്ക്ക് ആവശ്യമായ ക്യാമ്പസ് നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ബഹു. മുഖ്യമന്ത്രിക്ക് സ്ഥലം എം.എൽ.എ. നൽകിയ പരാതി, ബഹു. മുഖ്യമന്ത്രിസമക്ഷം സമർപ്പിച്ച സമാന പരാതികൾ എന്നിവയിൽ മലപ്പുറം ജില്ലാ കളക്ടറുടെ റിപ്പോർട്ട് ആവശ്യപ്പെട്ടിരിക്കുകയാണ്.

(ബി) ലാൻഡ് അക്വിസിഷൻ ഓഫീസറായ തിരൂർ എൽ.എ.(ജനറൽ) സ്പെഷ്യൽ തഹസിൽദാർ സമർപ്പിച്ച അടിസ്ഥാന വിലനിർണ്ണയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തിരൂർ താലൂക്കിലെ വെട്ടം വില്ലേജിൽനിന്നും ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന ഭൂമിയുടെ വില നിശ്ചയിക്കുന്നതിനുവേണ്ടി 17-2-2016 തീയതിയിൽ ജില്ലാതല വില നിർണ്ണയ സമിതി യോഗം ചേർന്ന് സെന്റ് ഒന്നിന് 1,70,000 രൂപ

പ്രകാരം വില നിശ്ചയിച്ച് എസ്.എൽ.ഇ.സി. അംഗീകാരത്തിനായി 23-6-2016-ൽ സമർപ്പിച്ചിരുന്നു. മലയാളം സർവ്വകലാശാലയ്ക്ക് അനുയോജ്യമാണെന്ന് കണ്ടെത്തിയിട്ടുള്ള തിരൂർ താലൂക്കിലെ വെട്ടം വില്ലേജിലെ വിവിധ സർവ്വെ നമ്പരുകളിൽപ്പെട്ട 17.21 ഏക്കർ സ്ഥലത്തിന്റെ വില സംബന്ധിച്ച് റീ നെഗോഷ്യേറ്റ് ചെയ്ത് ഇപ്പോൾ നിശ്ചയിച്ച വിലയിൽനിന്നും പരമാവധി കുറയ്ക്കാനാകുമോ എന്ന വിവരം അറിയിക്കുവാൻ 26-4-2017 തീയതിയിലെ ബി2/37/2017/ഉവിവ. നമ്പർ ഗവ. കത്ത് പ്രകാരം നിർദ്ദേശിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ 30-5-2017 തീയതിയിൽ ജില്ലാതല വില നിർണ്ണയ സമിതി യോഗം വീണ്ടും ചേർന്ന് സെന്റ് ഒന്നിന് 1,60,000 രൂപ പ്രകാരം വില നിർണ്ണയിച്ച് എസ്.എൽ.ഇ.സി. യുടെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്.

(സി) ഉണ്ട്. പ്രസ്തുത വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

(ഡി) സ്ഥലം ഏറ്റെടുക്കൽ സംബന്ധിച്ച് വിവാദങ്ങൾ നിലനിൽക്കുന്ന സാഹചര്യത്തിൽ സർവ്വകലാശാലയുടെ ശിപാർശയും, ജില്ലാ കളക്ടറുടെ റിപ്പോർട്ടും അംഗീകരിച്ച് അന്തിമ തീരുമാനം കൈക്കൊള്ളുന്നതിനുമുൻപ് റവന്യൂ, മരാമത്ത്, പരിസ്ഥിതി എന്നീ മേഖലകളിൽ നിന്നുള്ള സമിതി പരിശോധന നടത്തി ആശങ്കകൾ ദൂരീകരിക്കണമെന്നതാണ് വൈസ് ചാൻസലറുടെ ശിപാർശ. ഇക്കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

(ഇ) ഉണ്ട്. പ്രസ്തുത വിലയേക്കാൾ കുറഞ്ഞ വിലയ്ക്ക് ഭൂമി വിട്ടുനൽകാൻ തയ്യാറാണെന്ന് കാണിച്ചുകൊണ്ട് തിരൂർ ബെഞ്ച്മാർക്ക് എജ്യൂക്കേഷൻ ട്രസ്റ്റിന്റെ അപേക്ഷ പരിശോധിക്കുകയും മലയാളം സർവ്വകലാശാല വൈസ് ചാൻസലർ, സാങ്കേതിക സമിതിയെ നിയോഗിച്ച് പഠനം നടത്തുകയും നിലവിൽ എസ്.എൽ.ഇ.സി. മുമ്പാകെ സമർപ്പിച്ച പ്രൊപ്പോസൽ പ്രകാരമുള്ള ഭൂമി അനുയോജ്യമാണെന്ന് അറിയിക്കുകയും ചെയ്തിട്ടുണ്ട്.

(എഫ്) ഇക്കാര്യം സർക്കാർ പരിശോധിക്കുന്നതാണ്.

**കമ്പനി/കോർപ്പറേഷൻ റാങ്ക് ലിസ്റ്റ്**

13(3301) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കമ്പനി/കോർപ്പറേഷൻ ജൂനിയർ അസിസ്റ്റന്റ്, കാഷ്യർ, ജൂനിയർ ക്ലാർക്ക്, അസിസ്റ്റന്റ് ഗ്രേഡ്-2 എന്നീ തസ്തികകളിലേക്കുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റ് (കാറ്റഗറി നമ്പർ 489/2011) നിലവിൽ വന്നതെന്നാണ്;

(ബി) പ്രസ്തുത റാങ്ക് ലിസ്റ്റിൽനിന്നും എത്ര ഉദ്യോഗാർത്ഥികൾക്ക് ഇതുവരെ നിയമനം നല്കിയിട്ടുണ്ട്;

(സി) പ്രസ്തുത തസ്തികകളിൽ എത്ര ഒഴിവുകൾ ഇപ്പോൾ നിലവിലുണ്ട്;

(ഡി) ഒഴിവുള്ള തസ്തികകളിൽ അടിയന്തരമായി നിയമനം നല്കുന്നതിനും കൂടുതൽ ഉദ്യോഗാർത്ഥികൾക്ക് ജോലി നല്കുന്നതിനുംവേണ്ട നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) 22-9-2014 -നാണ് റാങ്ക് പട്ടിക പ്രാബല്യത്തിൽ വന്നത്.

(ബി) 2530 പേർക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്.

(സി) 9 NJD ഒഴിവുകൾ ഉൾപ്പെടെ 33 ഒഴിവുകൾ നിലവിലുണ്ട്.

(ഡി) ഒഴിവുകൾ റിപ്പോർട്ട് ചെയ്തുവയിലും ലിസ്റ്റിന്റെ കാലാവധിക്കുള്ളിൽ അറിയിക്കുന്ന ഒഴിവുകളിലേയ്ക്കും പബ്ലിക് സർവ്വീസ് കമ്മീഷൻ നിയമന ശിപാർശ നൽകുന്നതാണ്. പി.എസ്.സി. മുഖേന നിയമനം നടത്തേണ്ട തസ്തികകളിലെ ഒഴിവുകൾ അടിയന്തരമായി പി.എസ്.സി-യ്ക്ക് റിപ്പോർട്ട് ചെയ്യാൻ എല്ലാ വകുപ്പു മേധാവികൾക്കും നിയമനാധികാരികൾക്കും സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ നിലവിലുള്ള റാങ്ക് പട്ടികയിൽനിന്ന് കമ്പനി/ബോർഡ്/ കോർപ്പറേഷനിലേക്കുള്ള ഒഴിവുകൾ അടിയന്തരമായി റിപ്പോർട്ട് ചെയ്യാൻ ത്വരിത പരിശോധന നടത്തുന്നതിന് ഉദ്യോഗസ്ഥ ഭരണപരിഷ്കാര (അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് സെൽ) വകുപ്പ് തീരുമാനിച്ചിട്ടുണ്ട്.

**സിവിൽ സർവ്വീസ് മേഖലയിൽ മാറ്റങ്ങൾ**

14(3302) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ സിവിൽ സർവ്വീസ് മേഖലയിൽ എന്തെല്ലാം മാറ്റങ്ങൾ വരുത്തുന്നതിനാണ് ഉദ്ദേശിക്കുന്നത്; വിശദവിവരം നൽകുമോ;

(ബി) സാമാന്യ ജനങ്ങൾക്ക് കൂടുതൽ സേവനമികവ് ലഭ്യമാക്കുന്നതരത്തിൽ എന്തെല്ലാം അടിയന്തര മാറ്റങ്ങളാണ് വരുത്തുവാൻ ഉദ്ദേശിക്കുന്നത്; ഇക്കാര്യത്തിൽ മുൻഗണനാ വിഷയങ്ങൾ ആസൂത്രണം ചെയ്തിട്ടുണ്ടോ; വിശദവിവരം നൽകുമോ?

ഉത്തരം

(എ) പ്രഗത്ഭരായ യുവജനങ്ങളെ പബ്ലിക് സർവ്വീസിലേയ്ക്ക് ആകർഷിക്കുക, അതിന്റെ കാര്യക്ഷമത മെച്ചപ്പെടുത്തുക, വകുപ്പുതല ചട്ടക്കൂട് ഇല്ലാതാക്കുക എന്നീ വിവിധ ഉദ്ദേശങ്ങളോടുകൂടി കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരിച്ചുകൊണ്ട് 4-1-2017 -ലെ G.O.(Ms.) No.1/17/P&ARD ഉത്തരവ് പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. ആയതിന്റെ സ്പെഷ്യൽറൂൾസ് രൂപീകരണം പുരോഗമിക്കുന്നു.

(ബി) സേവനാവകാശ നിയമം കാലോചിതമായി പരിഷ്ക്കരിക്കുന്നതുൾപ്പെടെ സിവിൽ സർവ്വീസിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതിനുമായി ഭരണ പരിഷ്ക്കാര കമ്മീഷനെ നിയമിക്കുകയും കമ്മീഷൻ ഒന്നാമത് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

**എറണാകുളം ഓൾഡ് റെയിൽവേ സ്റ്റേഷൻ പാതയിലെ കയ്യേറ്റം**

15(3303) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ഓൾഡ് റെയിൽവേ സ്റ്റേഷൻ പാതയിലെ കയ്യേറ്റം ഒഴിപ്പിക്കാൻ ബന്ധപ്പെട്ട വകുപ്പുകൾ നടപടി സ്വീകരിക്കാത്തതിനാൽ അനുവദിച്ച നാലര കോടി രൂപ വിനിയോഗിക്കാൻ സാധിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പാതയിലെ കയ്യേറ്റം ഒഴിപ്പിക്കുന്നതിനായി നടപടി സ്വീകരിക്കാത്തതിന്റെ കാരണം വിശദമാക്കാമോ?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) എറണാകുളം ഓൾഡ് റെയിൽവേ സ്റ്റേഷൻ പാതയിലെ കയ്യേറ്റം ഒഴിപ്പിക്കുവാൻ ബന്ധപ്പെട്ട റെയിൽവേ, കൊച്ചി കോർപ്പറേഷൻ, റവന്യൂ വകുപ്പ് എന്നിവർ സംയുക്തമായി ഒഴിപ്പിക്കൽ നടപടി സ്വീകരിച്ചുവരവേ, കയ്യേറ്റ കക്ഷികളായ 25-ഓളം പേർ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ ഡബ്ല്യൂ. പി. (സി)531/2017 നമ്പർ കേസ് ഫയൽ ചെയ്തിട്ടുള്ളതും ഇനിയൊരു ഉത്തരവ് ഉണ്ടാകുന്നതുവരെ ഒഴിപ്പിക്കൽ നടപടികൾ സ്റ്റേ ചെയ്തുകൊണ്ട് 8-6-2017-ൽ ബഹു. കേരള ഹൈക്കോടതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. സ്റ്റേ ഉത്തരവ് ഒഴിവാക്കി കയ്യേറ്റം ഒഴിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

## സർവ്വേ - ഭൂരേഖാ വകുപ്പിലെ ജീവനക്കാർ

16(3304) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സർവ്വേ ഭൂരേഖാ വകുപ്പിൽ സർവ്വേയർ, ഡ്രാഫ്റ്റ്സ്മാൻ തസ്തികയിലുള്ള ജീവനക്കാരെ സംയോജിപ്പിച്ച് ഒരേവിഭാഗം ജീവനക്കാരാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോയെന്ന കാര്യം മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തന്മൂലം ഫീൽഡ് സർവ്വേ ജോലിയും സാങ്കേതിക പരിശോധനയും ഒരേ വിഭാഗം ജീവനക്കാർതന്നെ ചെയ്യുന്ന സാഹചര്യം സംജാതമാകുകയും സർവ്വേ റിക്കാർഡുകളിലെ കൃത്യത നഷ്ടപ്പെടുന്നതിന് സാദ്ധ്യതയുമുള്ളതിനാൽ പ്രസ്തുത തീരുമാനം വകുപ്പിന്റെ പ്രവർത്തനത്തെ ബാധിക്കുമോ; വിശദീകരിക്കുമോ;

(സി) സർവ്വേയർ ഡ്രാഫ്റ്റ്സ്മാൻ തസ്തികയുടെ യോഗ്യതകൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ; പ്രസ്തുത തസ്തികയ്ക്ക് ഫീൽഡ് സർവ്വേ പ്രാവീണ്യ പരീക്ഷ നടത്താറുണ്ടോ; വിശദീകരിക്കുമോ?

ഉത്തരം

(എ) സർവ്വേയും ഭൂരേഖയും വകുപ്പിലെ സർവ്വേയർ ഡ്രാഫ്റ്റ്സ്മാൻ തസ്തികകൾ സംയോജിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടില്ല. എന്നാൽ ഈ വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

(ബി) വകുപ്പിന്റെ പ്രവർത്തനത്തെ ബാധിക്കില്ല. സാങ്കേതിക പരിശോധന കൃത്യമായി നടത്തി റിക്കാർഡുകളിലെ കൃത്യത ഉറപ്പാക്കാവുന്നതാണ്.

(സി)സർവ്വേയർ ഡ്രാഫ്റ്റ്സ്മാൻ തസ്തികയുടെ യോഗ്യതകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.* പ്രസ്തുത തസ്തികകൾക്ക് ഫീൽഡ് സർവ്വേ പ്രാവീണ്യ പരീക്ഷ നടത്താറില്ല.

## പേഴ്സണൽ സ്റ്റാഫിൽ ജോലി നോക്കിയവരുടെ പെൻഷൻ

17(3305) ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-2016 കാലഘട്ടത്തിൽ മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫിൽ ജോലി നോക്കിയവർക്ക് പെൻഷൻ നൽകിത്തുടങ്ങിയോ; നടപടിക്രമങ്ങൾ വിവരിക്കാമോ;

(ബി) പ്രസ്തുത കാലയളവിൽ വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ പേഴ്സണൽ സ്റ്റാഫിലുണ്ടായിരുന്നവരുടെ പെൻഷൻ നൽകുന്നതിനുള്ള തടസ്സങ്ങൾ എന്തെല്ലാം; പെൻഷൻ ലഭ്യമാക്കുന്നതിന് ഇവരിൽ ഓരോരുത്തർക്കും ഇനി പൂർത്തീകരിക്കേണ്ട നടപടിക്രമങ്ങളെന്താണ്; വിശദമാക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ & ബി) 2011-2016 കാലഘട്ടത്തിൽ മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫിൽ ജോലി നോക്കിയിരുന്നവരിൽ, 432 പേർ പേഴ്സണൽ സ്റ്റാഫ് പെൻഷനുള്ള അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ആയതിൽ 76 പേർക്ക് പെൻഷൻ ആനുകൂല്യങ്ങൾ അനുവദിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ബാക്കിയുള്ളവർക്ക് പെൻഷൻ ആനുകൂല്യങ്ങൾ അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങൾ നടന്നു കൊണ്ടിരിക്കുകയാണ്. വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ പേഴ്സണൽ സ്റ്റാഫിലുണ്ടായിരുന്നവരുടെ പെൻഷൻ അപേക്ഷകളിലും നടപടികൾ സ്വീകരിച്ചുവരുന്നു. പെൻഷൻ അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

**അഴിമതിയും സ്വജനപക്ഷപാതവും ഒഴിവാക്കുന്നതിന് സ്വീകരിച്ച നടപടി**

18(3306) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലവിഭവ വകുപ്പിൽ ഈയിടെ നടത്തിയ 72 എ.ഇ മാരുടെ നിയമനത്തിൽ അഴിമതിയും സ്വജനപക്ഷപാതവും ഒഴിവാക്കാനായി വകുപ്പ് സ്വീകരിച്ച നടപടി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരത്തിലുള്ള നിയമനവും തുടർന്നുള്ള സ്ഥലംമാറ്റവും ഇതേ രീതിയിൽ എല്ലാ വകുപ്പുകളിലും അവലംബിച്ചാൽ ജീവനക്കാർക്കും സർക്കാരിനും ഒരുപോലെ ഗുണം ചെയ്യുമെന്ന വസ്തുത കണക്കിലെടുത്ത് ഈ രീതി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ;

(സി) എല്ലാ വകുപ്പുകളിലെയും ജീവനക്കാർക്ക് അവരുടെ തന്നെ ജില്ലകളിൽ ജോലി ചെയ്യാൻ കഴിയുന്നവണ്ണം ഒരു സുതാര്യമായ രീതി നടപ്പിലാക്കാൻ നടപടി കൈക്കൊള്ളുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേരള ജല അതോറിറ്റിയിൽ 8-5-2017-ൽ പി.എസ്.സി മുഖേന 88 പേർക്ക് അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിലേയ്ക്ക് നിയമനം നൽകിയിരുന്നു. ഇവരിൽ 11 പേർ ജോലിയിൽ പ്രവേശിച്ചിട്ടില്ല. 5 പേർ ജോലിയിൽ പ്രവേശിക്കുന്നതിന് സമയം നീട്ടി നൽകുന്നതിന് അപേക്ഷിച്ചിരുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ബാക്കിയുള്ള 72 പേർക്ക് ജല അതോറിറ്റിയിൽ നിലവിലുള്ള അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ ഒഴിവുകളുടെ ഡിവിഷൻ തലത്തിലുള്ള ലിസ്റ്റ് നൽകുകയും അവരവരുടെ താൽപ്പര്യമനുസരിച്ച് മുൻഗണനാക്രമത്തിൽ നിയമനം ലഭിക്കേണ്ട ഓഫീസിന്റെ പട്ടിക രഹസ്യമായി തയ്യാറാക്കി നൽകുവാൻ നിർദ്ദേശിക്കുകയും ചെയ്തിരുന്നു. ഇതിൻപ്രകാരം അവർ നൽകിയ ഓപ്ഷനുകളിൽ 53 പേർക്ക് അവർ ആവശ്യപ്പെട്ട ആദ്യ ഓപ്ഷൻ പ്രകാരവും 9 പേർക്ക് രണ്ടാമത്തെ ഓപ്ഷൻ പ്രകാരവും 7 പേർക്ക് മൂന്നാമത്തെ ഓപ്ഷൻ പ്രകാരവും 3 പേർക്ക് നാലാമത്തെ ഓപ്ഷൻ പ്രകാരവും നിയമനം നൽകിയിട്ടുണ്ട്.

(ബി & സി) ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് ഇതിനായി സ.ഉ.(പി) നമ്പർ 3/17 ഉഭപവ. ആയി പൊതുമാനദണ്ഡങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും നിശ്ചയിച്ച് ഉത്തരവായിട്ടുണ്ട്.

**ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ ഐ.ടി. പാർക്ക്**

19(3307) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരങ്ങൾക്കൊപ്പം ഗ്രാമങ്ങളെയും പഞ്ചായത്തുകളെയും സ്മാർട്ടാക്കുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണ് ലക്ഷ്യമിടുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) വിവര സാങ്കേതിക രംഗത്തെ തൊഴിൽ അവസരങ്ങൾ വർദ്ധിപ്പിക്കുന്നതിനായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാം;

(സി) ഇതിന്റെ ഭാഗമായി ഒറ്റപ്പാലം മണ്ഡലത്തിൽ ഒരു ഐ.ടി. പാർക്ക് തുടങ്ങുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) നഗരങ്ങൾക്കൊപ്പം ഗ്രാമങ്ങളേയും പഞ്ചായത്തുകളെയും സ്മാർട്ടാക്കുന്നതിനായുള്ള നടപടികൾ സർക്കാരിന്റെ ഐ.ടി. പോളിസിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

വിവരസാങ്കേതികവിദ്യ നയരൂപരേഖ അനുസരിച്ച് നഗരങ്ങൾക്കൊപ്പം ഗ്രാമങ്ങളേയും പഞ്ചായത്തുകളേയും ഉൾപ്പെടുത്തിക്കൊണ്ടുള്ള സമഗ്ര വികസനമാണ് സ്മാർട്ട് ഗ്രാമങ്ങൾ/പഞ്ചായത്തുകൾ പദ്ധതികൊണ്ട് സർക്കാർ ലക്ഷ്യമിടുന്നത്.

(ബി) വിവര സാങ്കേതിക രംഗത്ത് തൊഴിലവസരങ്ങൾ നടപ്പിലാക്കുന്നതിനുള്ള നിരവധി പദ്ധതികൾ ഐ.ടി. നയത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനായി ഐ.ടി പാർക്കുകളിൽ നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും കൂടുതൽ ഐ.ടി. പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കി സ്വകാര്യ സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും പദ്ധതിയുണ്ട്.

(സി) ഇപ്പോൾ പരിഗണനയിൽ ഇല്ല.

**പങ്കാളിത്ത പെൻഷൻ പദ്ധതി**

20(3308) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാർ നടപ്പിലാക്കിയ പങ്കാളിത്ത പെൻഷൻ പദ്ധതി സംബന്ധിച്ചുള്ള വിശദമായ പഠനത്തിന് ഈ സർക്കാർ ഏതെങ്കിലും കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ടോ എന്നറിയിക്കാമോ;

(ബി) പ്രസ്തുത കമ്മിറ്റി സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ;

(സി) കേന്ദ്രസർക്കാർ നടപ്പിൽവരുത്തിയിട്ടുള്ള പി.എഫ്.ആർ.ഡി.എ -യുമായി ബന്ധപ്പെട്ട് പങ്കാളിത്ത പെൻഷൻ പദ്ധതി പിൻവലിക്കുന്നതിനുള്ള നിയമ തടസ്സങ്ങൾ എന്തൊക്കെയാണ്; വിശദ വിവരം നൽകുമോ?

<u>ഉത്തരം</u>

(എ-സി) പങ്കാളിത്ത പെൻഷൻ സംബന്ധിച്ച് സർക്കാർ ആലോചിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

**കാസർഗോഡ് ജില്ലയിൽ വിവിധ വകുപ്പുകളിലുള്ള ഒഴിവുകൾ**

21(3309) <u>ശ്രീ. കെ. കുഞ്ഞിരാമൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ വിവിധ വകുപ്പുകളിലെ നിലവിലുള്ള ഒഴിവുകളുടെ എണ്ണം തസ്തിക തിരിച്ച് വിശദമാക്കാമോ;

(ബി) ഈ തസ്തികകളിൽ ജീവനക്കാരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കുമോ?

## ഉത്തരം

(എ) വിവരം ശേഖരിച്ചു വരുന്നു.

(ബി) വകുപ്പുകളിലെ നിലവിലുള്ള ഒഴിവുകളും പ്രതീക്ഷിത ഒഴിവുകളും അടിയന്തരമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് വിവിധ സർക്കുലറുകൾ മുഖേന വകുപ്പദ്ധ്യക്ഷന്മാർക്കും നിയമനാധികാരികൾക്കും സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് സെൽ വിഭാഗം വിവിധ വകുപ്പുകളിൽ ദ്രുത പരിശോധന നടത്തി റിപ്പോർട്ട് ചെയ്യപ്പെടാത്ത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുവാൻ നടപടി സ്വീകരിച്ചു വരുന്നുണ്ട്.

## സംസ്ഥാനത്തെ ആശ്രിത നിയമനങ്ങൾ

22(3310) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ വകുപ്പുകളിൽ ആശ്രിത നിയമനങ്ങൾ നടത്തുന്നതിന്റെ മാനദണ്ഡങ്ങൾ എന്താണ്; ഇതിനായി മാറ്റിവയ്ക്കുന്ന ഒഴിവുകൾ എത്ര ശതമാനമെന്നും ഏതൊക്കെ തസ്തികകളിലേക്കാണ് നിയമിക്കുന്നതെന്നും നിയമനങ്ങൾ റെഗുലറൈസ് ചെയ്യുന്നതിന്റെ മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും വിശദമാക്കാമോ;

(ബി) വിവിധ വകുപ്പുകളിൽ മാനദണ്ഡങ്ങൾ ലംഘിച്ച് ആശ്രിത നിയമനങ്ങൾ നേടിയവരുടെ സർവ്വീസ് റെഗുലറൈസ് ചെയ്തുവെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വീഴ്ചവരുത്തിയ ഉദ്യോഗസ്ഥർക്ക് എതിരെ നടപടികൾ സ്വീകരിക്കുമോ; ആഭ്യന്തര വകുപ്പിൽ ഏതെങ്കിലും ഉദ്യോഗസ്ഥർക്കെതിരെ ഇത്തരത്തിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യേണ്ട ഒഴിവുകളിലേയ്ക്ക് മാനദണ്ഡങ്ങൾ പാലിക്കാതെ ഇത്തരത്തിൽ നിയമനം നല്കി അവരുടെ സർവ്വീസ് റെഗുലറൈസ് ചെയ്യുന്നത് വഴി റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടവരുടെ ജോലിസാധ്യത നഷ്ടപ്പെടുന്ന ഗുരുതര സ്ഥിതിവിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് ഒഴിവാക്കുന്നതിനായി കർശന നിലപാടുകൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ നൽകുമോ?

<u>ഉത്തരം</u>

(എ) 24-5-1999-ലെ G.O.(P)12/99/P&ARD നമ്പർ ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പ്രകാരമാണ് സംസ്ഥാനത്ത് നിലവിൽ ആശ്രിത നിയമനം നടത്തി വരുന്നത്. ടി ഉത്തരവ് പ്രകാരം മരണമടഞ്ഞ ജീവനക്കാരന്റെ ആശ്രിതന് ജീവനക്കാരൻ ജോലിചെയ്തിരുന്ന വകുപ്പിൽ (മാതൃ വകുപ്പ്) തന്നെ നിയമനം നൽകുന്നതിന് നിശ്ചിത ശതമാനം/ക്വാട്ടാ നിശ്ചയിച്ചിട്ടില്ല. നിലവിലുള്ളതോ/അടുത്ത് ഉണ്ടാകുന്നതോ ആയ ഒഴിവിലേയ്ക്ക് ആശ്രിതന് നിയമനം നൽകേണ്ടതാണ്. മാതൃ വകുപ്പിൽ നിലവിലില്ലാത്തതും എന്നാൽ ആശ്രിത നിയമന പദ്ധതി പ്രകാരം നിയമനം നൽകുവാൻ കഴിയുന്നതുമായ തസ്തികകളിലേയ്ക്ക് നിയമനം നൽകുന്നതിലേയ്ക്കായി അതത് വകുപ്പുകൾ നിശ്ചിത ശതമാനം ഒഴിവുകൾ പൊതുഭരണ (കംപാഷണേറ്റ് എംപ്ലോയ്മെന്റ്) സെല്ലിൽ എല്ലാ വർഷവും റിപ്പോർട്ട് ചെയ്യണമെന്നും മേൽഉത്തരവിൽ വ്യവസ്ഥയുണ്ട്. Class III, class IV, Last Grade Service, Part-time Contingent Service എന്നിങ്ങനെയുള്ള എൻട്രി കേഡർ തസ്തികകളിലേയ്ക്കാണ് ആശ്രിത നിയമന പദ്ധതി പ്രകാരമുള്ള നിയമനം നൽകുവാൻ വ്യവസ്ഥ ചെയ്തിട്ടുള്ളത്.

(ബി & സി) വിവരം ശേഖരിച്ചുവരുന്നു.

**ശമ്പളത്തിന് റേഷൻ കാർഡിന്റെ പകർപ്പ്**

23(3311) <u>ശ്രീ. ടി. എ. അഹമ്മദ് കബീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ കാർഡിന്റെ പകർപ്പ് ലഭ്യമാക്കാത്ത ജീവനക്കാർക്ക് ശമ്പളവും പെൻഷൻകാർക്ക് പെൻഷനും നൽകില്ലെന്നതായുള്ള വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരത്തിൽ നിർദ്ദേശം അടങ്ങിയ എന്തെങ്കിലും ഉത്തരവ് സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കാമോ;

(സി) ഇത്തരത്തിൽ ഉത്തരവിറക്കാൻ പ്രേരിപ്പിച്ച സന്ദർഭം വിശദീകരിക്കാമോ; ആയത് സംബന്ധിച്ച ഔദ്യോഗിക റിപ്പോർട്ടുകൾ നിലവിൽ ഉണ്ടോ; ഉണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കാമോ?

## ഉത്തരം

(എ-സി) ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന്റെ ഭാഗമായി മുൻഗണനാ പട്ടിക തയ്യാറാക്കുകയും പ്രസ്തുത മുൻഗണനാ പട്ടികയിൽ കടന്നു കൂടിയ അനർഹരെ ഒഴിവാക്കുന്നതിനുള്ള നടപടികളുടെ ഭാഗമായി 5-8-2017-ൽ ഭ.പൊ.വി.വ.ബി3/258/2017-ഭ.പൊ.വി.വ. (അനുബന്ധം) ആയി പരിപത്രം പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്.* ഇതനുസരിച്ച് സംസ്ഥാനത്തെ എല്ലാ സർക്കാർ/അർദ്ധ സർക്കാർ ജീവനക്കാർ, അദ്ധ്യാപകർ, പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർ, യൂണിവേഴ്സിറ്റി ജീവനക്കാർ, സംസ്ഥാന-ജില്ലാ പ്രാഥമിക സഹകരണ സംഘങ്ങളിലെ ജീവനക്കാർ, ദേശസാൽകൃത/ഷെഡ്യൂൾഡ് ബാങ്ക് ജീവനക്കാർ, സർക്കാർ നിയന്ത്രണത്തിലുള്ള കോർപ്പറേഷനുകൾ, ലിമിറ്റഡ് കമ്പനികൾ എന്നിവയിലെ ജീവനക്കാർ അവരവരുടെ പേര് ഉൾപ്പെട്ട റേഷൻ കാർഡുകൾ ഡ്രോയിംഗ് ആന്റ് ഡിസ്ബേഴ്സിംഗ് ഓഫീസർ മുമ്പാകെ 2017 ആഗസ്റ്റ് 20-നുമുമ്പ് പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. റേഷൻ കാർഡിൽ പേരില്ലാത്തവർക്ക് ഇത് സംബന്ധിച്ച് സത്യവാങ്മൂലം നൽകിയാൽ മതിയാകും.

മുൻഗണനാ പട്ടിക സംബന്ധിച്ചുണ്ടായ പരാതികളുടെ അടിസ്ഥാനത്തിലാണ് ഇത്തരത്തിൽ ഒരു നടപടി സ്വീകരിക്കാൻ സർക്കാർ തീരുമാനിച്ചത്.

## പത്തനംതിട്ട ജില്ലയിലെ ലോവർ ഡിവിഷൻ ക്ലാർക്ക് പരീക്ഷ

24(3312) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി. നടത്തിയ പത്തനംതിട്ട ജില്ലയിലെ ലോവർ ഡിവിഷൻ ക്ലാർക്ക് പരീക്ഷയിലെ ചോദ്യങ്ങളിൽ ഒരു ഗൈഡിലെ ചോദ്യങ്ങൾ അതേപടി ആവർത്തിച്ച് വന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരം അപാകതകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; ഈ ജില്ലയിൽ വീണ്ടും പരീക്ഷ നടത്തുമോ;

(ബി) പി.എസ്.സി.-യിൽ ഇത്തരം അപാകതകൾ മുൻപും ഉണ്ടായിട്ടുള്ളതിനാൽ ഈ പിഴവ് ആവർത്തിക്കാതിരിക്കാൻ കർശന നടപടി സ്വീകരിക്കുമോ; ചോദ്യങ്ങൾ തയ്യാറാക്കുന്നതിലെ മാനദണ്ഡങ്ങൾ എന്തെല്ലാമാണ്; ഇത് പാലിക്കാത്തവരെ ചോദ്യങ്ങൾ തയ്യാറാക്കുന്നതിൽനിന്നും ഒഴിവാക്കി പരീക്ഷ നടത്തിപ്പ് കാര്യക്ഷമമാക്കുമോ; വിവരങ്ങൾ നൽകാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ & ബി) കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തുന്ന പരീക്ഷകളെ സംബന്ധിച്ച് നിഗമനങ്ങളും വിഭിന്ന അഭിപ്രായങ്ങളും ഉണ്ടാകാറുണ്ട്. ഉദ്യോഗാർത്ഥികൾക്ക് പരാതി ഉന്നയിക്കുവാനുള്ള സംവിധാനം കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷൻ ഒരുക്കിയിട്ടുണ്ട്. ഉദ്യോഗാർത്ഥികളിൽനിന്നും ലഭിക്കുന്ന പരാതികൾ ഒരു വിദഗ്ദ്ധസമിതി പരിശോധിച്ചശേഷം കമ്മീഷൻ ഉചിതമായ തീരുമാനം കൈക്കൊള്ളാറുണ്ട്.

ഓരോ തസ്തികയ്ക്കും നിഷ്കർഷിച്ചിട്ടുള്ള വിദ്യാഭ്യാസ/പരിചയ യോഗ്യതകളുടെ അടിസ്ഥാനത്തിലുള്ള ചോദ്യങ്ങളാണ് ആ തസ്തികയുടെ തെരഞ്ഞെടുപ്പിനുവേണ്ടി നടത്തുന്ന മൽസര പരീക്ഷയിൽ പ്രധാനമായും ഉൾപ്പെടുത്തുന്നത്. ബന്ധപ്പെട്ട കോഴ്സ് നടത്തുന്ന സർക്കാർ/എയിഡഡ് മേഖലയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ/സർവ്വകലാശാലകളിലെ അദ്ധ്യാപകരുടെയും സർക്കാർ സ്ഥാപനങ്ങളിലെ വിദഗ്ദ്ധരുടെയും സേവനം പ്രയോജനപ്പെടുത്തിയാണ് ചോദ്യങ്ങൾ തയ്യാറാക്കുന്നത്. അതീവ രഹസ്യസ്വഭാവത്തോടുകൂടി തയ്യാറാക്കപ്പെടുന്ന ചോദ്യപേപ്പർ പരീക്ഷ നടക്കുന്ന സമയംവരെ പി.എസ്.സി. ഉദ്യോഗസ്ഥർക്കോ കമ്മീഷനോ തുറന്ന് പരിശോധിക്കാൻ കഴിയുകയില്ല. ഏതാനും ചില പരാതികൾ ഉയർന്നു എന്ന കാരണത്താൽ പരീക്ഷ റദ്ദുചെയ്യണമെന്ന ആവശ്യം ന്യായീകരിക്കാവുന്നതല്ല.

**സർക്കാർ ഉദ്യോഗസ്ഥരുടെ സ്ഥലംമാറ്റം**

25(3313) <u>ശ്രീ. ഒ. രാജഗോപാൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ വകുപ്പുകളിലെ സർക്കാർ ഉദ്യോഗസ്ഥരുടെ സ്ഥലംമാറ്റം സംബന്ധിച്ച് പൊതുവായ മാനദണ്ഡങ്ങൾ നിലവിലുണ്ടോ ;

(ബി) പ്രസ്തുത മാനദണ്ഡങ്ങൾ കർശനമായി പാലിക്കപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കാറുണ്ടോ; രാഷ്ട്രീയ പ്രേരിതങ്ങളായ അന്യായമായ സ്ഥലംമാറ്റങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്നറിയിക്കാമോ ;

(സി) സ്ഥലംമാറ്റം സംബന്ധിച്ച മാനദണ്ഡങ്ങൾ കർശനമായി പാലിക്കുന്നതിന് വകുപ്പ് തലവന്മാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ – സി) ഉണ്ട്. സർക്കാർ ജീവനക്കാരുടെ പൊതുസ്ഥലംമാറ്റവും നിയമനവും സംബന്ധിച്ച് പരിഷ്കരിച്ച മാനദണ്ഡങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും 25-2-2017 ലെ സ.ഉ.(പി) നമ്പർ3/2017/ഉഭപവ. പ്രകാരം അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അതിൻപ്രകാരം മിക്ക വകുപ്പുകളിലും അപേക്ഷ ക്ഷണിച്ചിട്ടില്ലായെന്ന് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള പൊതുസ്ഥലംമാറ്റ മാനദണ്ഡങ്ങൾ പ്രകാരം ജീവനക്കാരുടെ പൊതുസ്ഥലംമാറ്റം നിശ്ചിത സമയപരിധിക്കുള്ളിൽ നടത്തുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുവാൻ എല്ലാ വകുപ്പ് മേധാവികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. രാഷ്ട്രീയ പ്രേരിതങ്ങളായ അന്യായമായ സ്ഥലംമാറ്റങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**സർക്കാർ നയങ്ങൾക്കെതിരെ സാമൂഹ്യമാധ്യമങ്ങളിലൂടെ പ്രചരണം നടത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി**

26(3315) <u>ശ്രീ. ഇ. പി. ജയരാജൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ നയങ്ങൾക്കെതിരെ സാമൂഹ്യമാധ്യമങ്ങളിലൂടെ രാഷ്ട്രീയ പ്രചരണം നടത്തിയ ഉദ്യോഗസ്ഥർക്കെതിരെയുള്ള പരാതികളിൻമേൽ കേരള പോലീസിന്റെ ഹൈടെക് ക്രൈം എൻക്വയറി സെൽ കുറ്റവാളികളാണെന്നു കണ്ടെത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ ശിക്ഷാനടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് വകുപ്പുമേധാവികൾക്ക് നൽകുന്ന റിപ്പോർട്ടിന്മേൽ സ്വീകരിച്ച നടപടികൾ പരിശോധിക്കുവാൻ ഒരു കേന്ദ്രീകൃത സംവിധാനം നിലവിലുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഇല്ലെങ്കിൽ ഇത്തരം ഒരു സംവിധാനം രൂപപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്നു വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) നിലവിൽ ഈ വിഷയം സർക്കാരിന്റെ പരിഗണനയിലില്ല.

## പത്തനംതിട്ട, പാലക്കാട് ജില്ലകളിലെ എൽ.ഡി.സി. പരീക്ഷ

27(3316) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 5-8-2017-ന് പത്തനംതിട്ട, പാലക്കാട് ജില്ലകളിലേയ്ക്കായി പി.എസ്.സി. നടത്തിയ എൽ.ഡി.സി. പരീക്ഷയുടെ ചോദ്യങ്ങളനവധിയും പി.എസ്.സി. ലഭ്യമാക്കിയിരുന്ന സിലബസിന് പുറത്തു നിന്നുമാണ് ചോദിച്ചിട്ടുള്ളതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിശ്ചിത സിലബസ് മാസങ്ങൾക്ക് മുൻപേ ലഭ്യമാക്കിയ ശേഷം ആയത് അവഗണിച്ച് സിലബസിന് പുറത്തുനിന്നും പൊതുവിജ്ഞാന വിഭാഗത്തിലുള്ള പകുതിയിലേറെ ചോദ്യങ്ങൾ നൽകിയതടക്കമുള്ള വിഷയങ്ങളിൽ അടിയന്തര അന്വേഷണം നടത്തുമോ;

(സി) ഈ പരീക്ഷയ്ക്ക് സ്വകാര്യ പ്രസാധകരുടെ ഗൈഡിൽനിന്നും ചോദ്യങ്ങൾ പകർത്തി നൽകിയതായുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ആയതിന്മേൽ ഉചിതമായ അന്വേഷണം നടത്തുന്നതിന് നിർദ്ദേശം നൽകുമോ;

(ഇ) സിലബസിന് പുറത്തുള്ള ചോദ്യാവലി ഒഴിവാക്കി വാല്യുവേഷൻ ക്രമപ്പെടുത്തിയാൽ ചില പ്രത്യേക വിഷയങ്ങളിൽ മാത്രം പ്രാവീണ്യമുള്ളവർക്ക് റാങ്ക് ലിസ്റ്റിൽ കയറുന്നതിനുള്ള സാഹചര്യം പി.എസ്.സി.-യുടെ പൊതു യോഗ്യതാ മാനദണ്ഡത്തിന് അനുസരണമല്ല എന്നത് ബോധ്യപ്പെടുമോ;

(എഫ്) പി.എസ്.സി. നൽകിയിരുന്ന സിലബസിനെക്കുറിച്ചുള്ള അടിസ്ഥാന അറിവുപോലുമില്ലാത്ത നിലയിൽ തികച്ചും നിരുത്തരവാദിത്തപരമായി ചോദ്യങ്ങൾ ലഭ്യമാക്കിയ ഈ പരീക്ഷകൾ റദ്ദ് ചെയ്ത് വീണ്ടും ഈ ജില്ലകളിൽ പരീക്ഷകൾ നടത്തുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; ഇല്ലായെങ്കിൽ ആയതിന്റെ വിശദാംശം അറിയിക്കുമോ;

(ജി) പരീക്ഷാ നടത്തിപ്പിൽ വരുത്തിയിട്ടുള്ള ഗുരുതരമായ ഈ വീഴ്ചകളിന്മേൽ ചോദ്യകർത്താക്കളോട് നിലവിൽ വിശദീകരണം ആവശ്യപ്പെട്ടിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ - എഫ്) കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തുന്ന പരീക്ഷകളെ സംബന്ധിച്ച് ഉദ്യോഗാർത്ഥികൾക്ക് പരാതി ഉന്നയിക്കുവാനുള്ള സംവിധാനം പി.എസ്.സി. ഒരുക്കിയിട്ടുണ്ട്. ഇത്തരത്തിൽ ലഭിക്കുന്ന പരാതികൾ ഒരു വിദഗ്ദ്ധ സമിതി പരിശോധിച്ചശേഷം കമ്മീഷൻ ഉചിതമായ തീരുമാനം കൈക്കൊള്ളാറുണ്ട്. ഏതാനും ചില പരാതികൾ ഉയർന്നുവെന്ന കാരണത്താൽ പരീക്ഷ റദ്ദുചെയ്യണമെന്ന ആവശ്യം ന്യായീകരിക്കാവുന്നതല്ല.

(ജി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**മുനിസിപ്പൽ കോമൺ സർവ്വീസ്**

28(3317) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കേരള സർക്കാരിന്റെ ജി.ഒ.(പി) നമ്പർ7/2016/ധന. തീയതി 20-1-2016 നമ്പർ ശമ്പള പരിഷ്കരണ ഉത്തരവിൽ ടൈപ്പിസ്റ്റുമാരുടെ റേഷ്യോ 1:1:1:1 എന്ന് പുനഃക്രമീകരിച്ചിട്ടുണ്ട്. ആയത് മുനിസിപ്പൽ കോമൺ സർവ്വീസിൽ നടപ്പിൽ വരുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ ?

ഉത്തരം

നടപ്പിൽ വരുത്തിയിട്ടില്ല. സർക്കാരിന്റെ 26-2-2011-ലെ സ.ഉ.(പി) 85/11/ധന നമ്പർ ഉത്തരവ് പ്രകാരം ടൈപ്പിസ്റ്റ് തസ്തികയിലെ റേഷ്യോ നിശ്ചയിച്ചതിന്റെ അടിസ്ഥാനത്തിൽ കേരള മുനിസിപ്പൽ കോമൺ സർവ്വീസിലെ ടൈപ്പിസ്റ്റ് തസ്തികയിലെ റേഷ്യോ 1:1:1 എന്ന് നിജപ്പെടുത്തിക്കൊണ്ടുള്ള റേഷ്യോ പ്രൊമോഷൻ ഉത്തരവ് നഗരകാര്യ ഡയറക്ടറുടെ 3-3-2016 ലെ 6/619710/13-ാം നമ്പർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിരുന്നതാണ്. എന്നാൽ ടി ശമ്പള പരിഷ്കരണ ഉത്തരവിൽ ടൈപ്പിസ്റ്റ് തസ്തികയിൽ അനുവദിച്ചിട്ടുള്ള റേഷ്യോ പ്രകാരം വർക്കല നഗരസഭയിൽ ജോലി ചെയ്തിരുന്ന ടൈപ്പിസ്റ്റ് ശ്രീ. ശ്രീരാഗിന് യു.ഡി. ടൈപ്പിസ്റ്റ് തസ്തികയിലേയ്ക്ക് 1-2-2011 പ്രാബല്യത്തിൽ റേഷ്യോ പ്രൊമോഷൻ അനുവദിക്കണമെന്ന ആവശ്യവുമായി ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ടിയാൻ സമർപ്പിച്ച ഒ.എ.1764/16 മേലുള്ള ബഹു. ട്രൈബ്യൂണലിന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ നഗരകാര്യ ഡയറക്ടറുടെ 3-3-2016-ലെ ഉത്തരവ് പ്രകാരം അനുവദിക്കപ്പെട്ട ടൈപ്പിസ്റ്റ് തസ്തികയിലെ റേഷ്യോ പ്രൊമോഷൻ ഉത്തരവിന് തിരുത്തൽ വരുത്തിയ ഉത്തരവ് പുറപ്പെടുവിക്കേണ്ടതായി വരികയും ആയതിന് 2008 മുതലുള്ള ഗ്രേഡേഷൻ ലിസ്റ്റ് പരിശോധിച്ച് തീരുമാനമെടുക്കേണ്ടിയും വന്നിട്ടുള്ളതാണ്. ബന്ധപ്പെട്ട രേഖകൾ പരിശോധിച്ച്

13-6-2017-ൽ കരട് തിരുത്തൽ ഉത്തരവും തുടർന്ന് ആക്ഷേപങ്ങൾ ക്ഷണിച്ച് 1-8-2017 -ൽ അന്തിമ തിരുത്തൽ ഉത്തരവും പുറപ്പെടുവിച്ചിട്ടുള്ളതാണ്. 9-ാം ശമ്പള പരിഷ്കരണ ഉത്തരവിലെ അനുപാതം നിജപ്പെടുത്തിയാൽ മാത്രമേ 10-ാം ശമ്പള പരിഷ്കരണ ഉത്തരവ് പ്രകാരം റേഷ്യോ പ്രൊമോഷൻ അനുവദിക്കാൻ നിർവ്വാഹമുണ്ടായിരുന്നുള്ളൂ. 9-ാം ശമ്പള പരിഷ്കരണ ഉത്തരവ് പ്രകാരം ടൈപ്പിസ്റ്റ് തസ്തികയിലെ റേഷ്യോ പ്രൊമോഷൻ അനുവദിച്ച് ഇപ്പോൾ ടൈപ്പിസ്റ്റ് തസ്തികയിലെ അനുപാതം അന്തിമമായി നിജപ്പെടുത്തിയിട്ടുള്ള സാഹചര്യത്തിൽ 20-1-2016 ലെ സ.ഉ.(പി)7/16/ധന. നമ്പർ ഉത്തരവ് പ്രകാരമുള്ള റേഷ്യോ പ്രൊമോഷൻ അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

## മലയാള ഭാഷയുടെ പൂർണ്ണമായ പ്രയോഗം

29(T3318) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയാളഭാഷയുടെ പൂർണ്ണമായ പ്രയോഗം ഏതെല്ലാം വകുപ്പുകളിൽ നടപ്പിലായിട്ടുണ്ട്;

(ബി) ഫയലുകൾ മലയാളത്തിൽ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥരെ പ്രോത്സാഹിപ്പിക്കുവാൻ സർക്കാർ നടപ്പിലാക്കുന്ന പരിപാടികൾ എന്തെല്ലാം;

(സി) സംസ്ഥാനത്ത് വിദ്യാഭ്യാസം പോലുള്ള വകുപ്പുകളിൽ ഇപ്പോഴും ഉത്തരവുകൾ പൂർണ്ണമായും മലയാളത്തിൽ ഇറങ്ങുന്നില്ലെന്ന പരാതി പരിശോധിക്കുമോ;

(ഡി) ചട്ടങ്ങളുടെ പകർപ്പുകൾ മലയാളത്തിൽ ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ;

(ഇ) പഴയ നിയമങ്ങൾ മലയാളത്തിൽ തർജ്ജമ ചെയ്യുവാൻ നടപടികൾ ആരംഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഔദ്യോഗികഭാഷാ വകുപ്പിൽ മലയാളഭാഷയുടെ പൂർണ്ണമായ പ്രയോഗം നടപ്പിലായിട്ടുണ്ട്.

(ബി) ഭരണഭാഷയായി മലയാളം ഉപയോഗിക്കുന്ന ക്ലാസ്സ് 3 വിഭാഗത്തിൽപ്പെട്ട ജീവനക്കാർക്ക് സംസ്ഥാന/ജില്ലാതല ഭരണഭാഷാ സേവന പുരസ്കാരവും, എല്ലാ വിഭാഗങ്ങളിലുംപെട്ട സർക്കാർ ജീവനക്കാർക്കായി

---

T മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

സംസ്ഥാനതല ഗ്രന്ഥരചനാ പുരസ്കാരവും ക്ലാസ്സ്-3 വിഭാഗത്തിൽപ്പെട്ട ടൈപ്പിസ്റ്റ്/കംപ്യൂട്ടർ അസിസ്റ്റന്റ്/ സ്റ്റെനോഗ്രാഫർ എന്നിവർക്കായി സംസ്ഥാനതല ഭരണഭാഷാ സേവനപുരസ്കാരവും നൽകിവരുന്നുണ്ട്. ഭരണം പൊതുജനങ്ങളുടെ ഭാഷയിലായിരിക്കണമെന്ന സർക്കാർ നയം നടപ്പിലാക്കുന്നതിന് സഹായകമാകുന്ന തരത്തിൽ മികച്ച പ്രവർത്തനം നടത്തി വരുന്ന ക്ലാസ്സ് 1,2 വിഭാഗത്തിൽപ്പെട്ട ജീവനക്കാർക്കും പുരസ്കാരം ഏർപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പുരസ്കാരം ഓരോ വിഭാഗത്തിനും ഒന്നാം സമ്മാനമായി 20,000 രൂപയും സത്സേവനരേഖയും ഫലകവും രണ്ടാം സമ്മാനമായി 10,000 രൂപയും സത്സേവനരേഖയും ഫലകവും ഏർപ്പെടുത്തിയിട്ടുണ്ട്. കേരള സർക്കാരിന്റെ വിവിധ വകുപ്പുകളിലും സ്ഥാപനങ്ങളിലും ജോലിചെയ്യുന്ന ക്ലാസ്സ്-3 വിഭാഗത്തിൽപ്പെട്ട എല്ലാ ഉദ്യോഗസ്ഥരെയും പരിഗണിച്ച് ജില്ലാതലത്തിൽ നൽകുന്ന ജില്ലാതല ഭരണഭാഷാ പുരസ്കാരം 10,000 രൂപയും സത്സേവനരേഖയുമാണ്. കൂടാതെ പൂർണ്ണമായ ഭാഷാമാറ്റപുരോഗതി കൈവരിക്കുന്ന ജില്ലയ്ക്കും വകുപ്പിനും ഭരണഭാഷാ പുരസ്കാരം ഏർപ്പെടുത്തി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) നിയമപരമായി ഇംഗ്ലീഷും സംസ്ഥാനത്തെ ന്യൂനപക്ഷഭാഷകളും ഉപയോഗിക്കേണ്ട സാഹചര്യങ്ങളിലൊഴികെയുള്ള എല്ലാ ഔദ്യോഗിക ആവശ്യങ്ങൾക്കും മലയാളം മാത്രം ഉപയോഗിക്കണമെന്നതാണ് നിലവിലുള്ള വ്യവസ്ഥ. എന്നാൽ ചില വകുപ്പുകളും സ്ഥാപനങ്ങളും ഈ വ്യവസ്ഥ പാലിക്കുന്നില്ലെന്ന് 10-4-2017-ന് മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന ഔദ്യോഗികഭാഷ സംബന്ധിച്ച ഉന്നതതലസമിതി യോഗം വിലയിരുത്തുകയും 2017 മേയ്-1 മുതൽ സെക്രട്ടേറിയറ്റ് ഉൾപ്പെടെയുള്ള സർക്കാർ, അർദ്ധ സർക്കാർ, പൊതുമേഖല, സ്വയംഭരണ, സഹകരണ സ്ഥാപനങ്ങളിൽ ഔദ്യോഗിക ഭാഷയായി മലയാളം ഉപയോഗിക്കുന്നത് നിർബന്ധമാക്കിക്കൊണ്ടും, ഇവിടങ്ങളിൽനിന്ന് പുറപ്പെടുവിക്കുന്ന എല്ലാവിധ ഉത്തരവുകളും സർക്കുലറുകളും മറ്റ് കത്തിടപാടുകളും ഫയൽനടപടികളും റിപ്പോർട്ടുകളും മേൽപ്പറഞ്ഞ നിബന്ധനകൾക്കു വിധേയമായി മലയാളത്തിലായിരിക്കണമെന്ന് നിർദ്ദേശം നൽകി മുഖ്യമന്ത്രി ഭരണഭാഷാ പ്രഖ്യാപനം നടത്തുകയും ഇതിൻ പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ച് ആവശ്യമായ നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

(ഡി) വിവിധ വകുപ്പുകളിലെ കോഡുകൾ, മാന്വലുകൾ, ചട്ടങ്ങൾ തുടങ്ങിയവ പരിഭാഷപ്പെടുത്തി പ്രസിദ്ധീകരിക്കുന്നതിനായി ഓരോ വകുപ്പിലും ഡെപ്യൂട്ടി സെക്രട്ടറി റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥന്റെ നേതൃത്വത്തിൽ പരിഭാഷാസെൽ രൂപീകരിക്കണമെന്ന നിർദ്ദേശം സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും നൽകിയിട്ടുണ്ട്.

(ഇ) വിവരം ശേഖരിച്ചുവരുന്നു.

## പ്രിവെൻഷൻ ഓഫ് ക്രൂവൽറ്റി ടു ആനിമൽസ് (റെഗുലേഷൻസ് ഓഫ് ലൈവ്സ്റ്റോക്ക് മാർക്കറ്റ്) കരട് നോട്ടിഫിക്കേഷൻ

30(T 3319) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രിവെൻഷൻ ഓഫ് ക്രൂവൽറ്റി ടു ആനിമൽസ് (റെഗുലേഷൻസ് ഓഫ് ലൈവ്സ്റ്റോക്ക് മാർക്കറ്റ്) ചട്ടങ്ങളുടെ കരട് 2017 ജനുവരി 16-ാം തീയതി കേന്ദ്ര വനം പരിസ്ഥിതി കാലാവസ്ഥ മന്ത്രാലയം കേന്ദ്ര ഗസറ്റിൽ പ്രസിദ്ധീകരിച്ചിരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ നോട്ടിഫിക്കേഷൻമേലുള്ള നിർദ്ദേശങ്ങളും എതിർപ്പും സമർപ്പിക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നോട്ടിഫിക്കേഷന്റെ പകർപ്പ് സംസ്ഥാന സർക്കാരിന് ലഭിച്ചിരുന്നുവോ;എങ്കിൽ എന്നാണ് ലഭിച്ചത്;

(സി) പ്രസ്തുത നോട്ടിഫിക്കേഷൻമേലുള്ള സർക്കാരിന്റെ അഭിപ്രായം കേന്ദ്രത്തെ രേഖാമൂലം നിശ്ചിത സമയത്തിനുള്ളിൽ അറിയിച്ചിരുന്നോ; ഇല്ലെങ്കിൽ ഇക്കാര്യത്തിൽ ഉണ്ടായ വീഴ്ചയുടെ കാരണമെന്താണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ & ബി) നോട്ടിഫിക്കേഷന്റെ പകർപ്പ് 9-8-2017-ൽ ആണ് സംസ്ഥാന സർക്കാരിൽ ലഭിച്ചത്.

(സി) സംസ്ഥാന സർക്കാരിന്റെ അഭിപ്രായം കേന്ദ്രസർക്കാരിനെ രേഖാമൂലം അറിയിക്കാനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

## ആശ്രിതർക്ക് നിയമനം നൽകുന്നതിന് നിശ്ചയിച്ചിട്ടുള്ള വരുമാനം

31(3320) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവ്വീസിലിരിക്കെ മരണമടയുന്ന ജീവനക്കാരുടെ ആശ്രിതർക്ക് നിയമനം നൽകുന്നതിന് നിശ്ചയിച്ചിട്ടുള്ള കുടുംബവാർഷിക വരുമാനം എത്രയെന്ന് വ്യക്തമാക്കുമോ; ആയത് സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) വരുമാന പരിധി കാലോചിതമായി പരിഷ്കരിക്കുമോ; വിശദീകരിക്കുമോ; ആയത് സംബന്ധിച്ച പരിഷ്കരിച്ച ഉത്തരവ് ഇറക്കുന്നതിന് നടപടി സ്വീകരിക്കുമോ?

T മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

ഉത്തരം

(എ) 25-7-2015 ലെ G.O.(P)No.23/15/P&ARD ഉത്തരവ് പ്രകാരം സർവ്വീസിലിരിക്കെ മരണമടയുന്ന ജീവനക്കാരുടെ ആശ്രിതർക്ക് നിയമനം നൽകുന്നതിന് നിശ്ചയിച്ചിട്ടുള്ള കുടുംബ വാർഷിക വരുമാനം 6 ലക്ഷം രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.+

(ബി) വരുമാന പരിധി കാലോചിതമായി പരിഷ്കരിക്കാറുണ്ട്. വരുമാന പരിധി വർദ്ധിപ്പിക്കുന്ന വിഷയം പരിശോധിക്കാവുന്നതാണ്.

**സെക്രട്ടേറിയറ്റ് സബോർഡിനേറ്റ് സർവ്വീസ്**

32( 3321) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റിലെ താഴ്ന്നവിഭാഗം ജീവനക്കാരെ സെക്രട്ടേറിയറ്റ് സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെടുത്താനുള്ള തീരുമാനം നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) ഏതെങ്കിലും പഠനത്തിന്റെയോ, റിപ്പോർട്ടിന്റെയോ അടിസ്ഥാനത്തിലാണോ ഇപ്രകാരം തീരുമാനമെടുത്തത്;

(സി) എതെല്ലാം തസ്തികകളാണ് പ്രസ്തുത സർവ്വീസിൽ ഉൾക്കൊള്ളിക്കുന്നതെന്നും അതിന് നിശ്ചയിച്ചിരിക്കുന്ന യോഗ്യതകൾ എന്തെല്ലാമാണെന്നും വിശദീകരിക്കാമോ;

(ഡി) ഇതനുസരിച്ചുള്ള നിയമന നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ്;

(ഇ) ഇപ്രകാരം തീരുമാനിച്ചശേഷം പഴയ റാങ്ക് ലിസ്റ്റുകളിൽനിന്നും നിയമനം നടത്തിയിട്ടുണ്ടോ;

(എഫ്) പുതുതായി ഏതെങ്കിലും തസ്തികകൾകൂടി സെക്രട്ടേറിയറ്റ് സബോർഡിനേറ്റ് സർവ്വീസിൽ ഉൾക്കൊള്ളിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

ഉത്തരം

(എ) SRO 107/16 പ്രകാരം താഴ്ന്നവിഭാഗം ജീവനക്കാരെ കേരള സെക്രട്ടേറിയറ്റ് സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെടുത്തി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

+ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) അല്ല.

(സി) മോട്ടോർ സൈക്കിൾ ഓർഡർലി, ക്ലറിക്കൽ അസിസ്റ്റന്റ്, ബൈൻഡർ, ലിഫ്റ്റ് ഓപ്പറേറ്റർ, ഡ്യൂപ്ലിക്കേറ്റിങ് മെഷീൻ ഓപ്പറേറ്റർ, അറ്റൻഡർ, ഓഫീസ് അറ്റൻഡന്റ് തസ്തികകളാണ് SRO 107/2016 പ്രകാരം പുതുതായി സെക്രട്ടേറിയറ്റ് സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. നിശ്ചയിച്ച യോഗ്യതകൾ അനുബന്ധമായി ചേർക്കുന്നു.+

(ഡി) ഒഴിവുകൾ വിജ്ഞാപനം ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ഇ) 14 ജില്ലകളിലും നിലവിലുള്ള ലാസ്റ്റ് ഗ്രേഡ് സെർവന്റ്സ് റാങ്ക് ലിസ്റ്റിലുള്ള ഉദ്യോഗാർത്ഥികളുടെ നിയമനത്തെ ബാധിക്കാതിരിക്കുന്നതിനുവേണ്ടി സേവിംഗ്സ് ക്ലോസ് ഉൾപ്പെടുത്തി ഭേദഗതി വിജ്ഞാപനം എസ്.ആർ.ഒ. 500/2017 തീയതി 8-8-2017 ആയി പുറപ്പെടുവിച്ചിരുന്നു. എസ്.ആർ.ഒ നമ്പർ 500/2017-ന്റെ അടിസ്ഥാനത്തിൽ നിലവിൽ പഴയ റാങ്ക് ലിസ്റ്റുകളിൽ നിന്നാണ് നിയമനം നടത്തുന്നത്.

(എഫ്) കൂടുതൽ തസ്തികകൾ ഉൾപ്പെടുത്തുന്ന കാര്യം പരിശോധിച്ചു വരികയാണ്.

**വരൾച്ചാക്കെടുതി വിലയിരുത്താനായി കേന്ദ്ര സംഘം**

33 (3322) <u>ശ്രീ. പി. കെ. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിന്റെ രൂക്ഷമായ വരൾച്ചാക്കെടുതി വിലയിരുത്താനായി 2017 ഏപ്രിൽ 19 മുതൽ 21 വരെയുള്ള കാലയളവിൽ സംസ്ഥാനത്ത് എത്തിയ കേന്ദ്ര സംഘത്തിനായി സംസ്ഥാനം ചെലവഴിച്ചത് എത്ര തുകയാണെന്ന് വ്യക്തമാക്കുമോ;

(ബി) എത്ര പേരാണ് കേന്ദ്ര സംഘത്തിൽ ഉണ്ടായിരുന്നത്; ഏതൊക്കെ ജില്ലകൾ സന്ദർശിച്ചു; വ്യക്തമാക്കുമോ;

(സി) രൂക്ഷമായ വരൾച്ചാക്കെടുതിയുടെ അടിസ്ഥാനത്തിൽ സംസ്ഥാനം കേന്ദ്രത്തോട് ആവശ്യപ്പെട്ട തുക എത്ര; ആയതുപ്രകാരം കേന്ദ്രം നാളിതുവരെ എത്ര തുക നൽകി; വ്യക്തമാക്കുമോ?

---

+ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) 12-4-2017-ലെ സ.ഉ(സാധാ.) നമ്പർ1764/2017/റവ. ഉത്തരവ് പ്രകാരം കേന്ദ്ര വരൾച്ചാ വിലയിരുത്തൽ സംഘം സന്ദർശിച്ച 6 ജില്ലകൾക്കായി സംസ്ഥാന സർക്കാർ 9,40,000 രൂപ അനുവദിക്കുകയുണ്ടായി.

(ബി) 11 പേരാണ് കേന്ദ്ര സംഘത്തിൽ ഉണ്ടായിരുന്നത്. തിരുവനന്തപുരം, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, വയനാട് എന്നീ ജില്ലകൾ സന്ദർശിച്ചു.

(സി) 992.5 കോടി രൂപയാണ് സംസ്ഥാനം കേന്ദ്രത്തോട് ആവശ്യപ്പെട്ടത്. ഇതുപ്രകാരം ധനസഹായം അനുവദിക്കുന്നത് സംബന്ധിച്ച് തീരുമാനമൊന്നും കേന്ദ്ര സർക്കാരിൽ നിന്ന് നാളിതുവരെ ലഭ്യമായിട്ടില്ല.

## സംസ്ഥാനസർക്കാരിനും ഉദ്യോഗസ്ഥർക്കും എതിരായുള്ള കോടതി പരാമർശങ്ങൾ

34(3323) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനസർക്കാരിനും ഉദ്യോഗസ്ഥർക്കും എതിരായുള്ള കോടതി പരാമർശങ്ങൾ നിരന്തരമായി ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്റെ കാരണങ്ങളെ സംബന്ധിച്ച് സർക്കാർ വിശദമായി പരിശോധിച്ചിട്ടുണ്ടോ;

(സി) സർക്കാർ സംവിധാനത്തിന്റെ പ്രവർത്തനങ്ങളുടെ പോരായ്മയാണ് ഇതിന് കാരണമെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ - സി) സംസ്ഥാന സർക്കാരിനും ഉദ്യോഗസ്ഥർക്കും എതിരായി കോടതി പരാമർശങ്ങൾ നിരന്തരമായി ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## ഗ്രാമപഞ്ചായത്തുകളിൽ എൽ.ഡി. ടൈപ്പിസ്റ്റ് തസ്തിക സൃഷ്ടിക്കൽ

35 (3324) ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമപഞ്ചായത്തുകളിലൊന്നിലും എൽ.ഡി. ടൈപ്പിസ്റ്റ് തസ്തിക നിലവിലില്ലെന്നിരിക്കെ, പ്രസ്തുത തസ്തിക സൃഷ്ടിക്കുന്നത് സംബന്ധിച്ച സർക്കാർ നയം വ്യക്തമാക്കാമോ;

(ബി) നിലവിൽ ഗ്രാമപഞ്ചായത്തുകളിലെല്ലാംതന്നെ പ്രസ്തുത തസ്തികയിലെ ജോലി നിർവ്വഹിക്കുന്നത് ദിവസ വേതനാടിസ്ഥാനത്തിലാണെന്ന വസ്തുത മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) 2016 ആഗസ്റ്റിൽ പ്രസ്തുത തസ്തികയിലേയ്ക്കുള്ള റാങ്ക് ലിസ്റ്റ് 14 ജില്ലകളിലും നിലവിൽവന്നെങ്കിലും നാമമാത്രമായ നിയമന ശിപാർശ മാത്രം നടന്നിട്ടുള്ളതിനാലും റാങ്ക് ലിസ്റ്റിൽപ്പെട്ട പലരുടെയും അവസാന അവസരമെന്ന നിലയിൽ പരിഗണിച്ചും എല്ലാ ഗ്രാമപഞ്ചായത്തുകളിലും പ്രസ്തുത തസ്തിക സൃഷ്ടിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ; വിശദാംശം നല്കാമോ?

<u>ഉത്തരം</u>

(എ) ഇക്കാര്യത്തിൽ സർക്കാർ നയപരമായ തീരുമാനമെടുത്തിട്ടില്ല.

(ബി) ഗ്രാമപഞ്ചായത്തുകളിലെ ടൈപ്പിംഗ് ജോലികൾ അതത് ഓഫീസിലെ ഡി.റ്റി.പി. വർക്ക് അറിയാവുന്ന ജീവനക്കാർ തന്നെ നിർവ്വഹിച്ചു വരുന്നു.

(സി) പഞ്ചായത്തുകളിൽ എൽ.ഡി. ടൈപ്പിസ്റ്റ് തസ്തിക സൃഷ്ടിക്കുന്നത് സംബന്ധിച്ച് സർക്കാർ തീരുമാനമെടുത്തിട്ടില്ല.

**വിവരാവകാശ നിയമപ്രകാരമുള്ള പകർപ്പുകൾക്ക് ഓഫീസിൽ ഹാജരാകാനുള്ള നിർദ്ദേശം**

36(3325) <u>ശ്രീ. സി. മമ്മൂട്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവരാവകാശ നിയമപ്രകാരം രേഖകളുടെ പകർപ്പുകൾ ആവശ്യപ്പെടുന്നവരോട് തിരിച്ചറിയൽ രേഖകളുമായി പ്രസ്തുത ഓഫീസിൽ ഹാജരാകണമെന്ന് ഓഫീസ് മേധാവികൾ ആവശ്യപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇങ്ങനെ എത്ര അപേക്ഷകർക്ക് മലപ്പുറം വിദ്യാഭ്യാസ ഉപഡയറക്ടറുടെ ഓഫീസിൽനിന്നും മറുപടികൾ അയച്ചിട്ടുണ്ട്; ഒരു വർഷത്തെ കണക്കുകൾ വെളിപ്പെടുത്തുമോ;

(സി) ആവശ്യപ്പെട്ട രേഖകളുടെ പകർപ്പുകൾ നൽകുന്നതിന് പകരം മനഃപൂർവ്വം മറുപടി നൽകുന്നതിന് കാലതാമസം വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) മൂന്ന് കേസുകളിൽ തിരിച്ചറിയൽ രേഖ സഹിതം ഹാജരാകാൻ മലപ്പുറം വിദ്യാഭ്യാസ ഉപഡയറക്ടറുടെ ഓഫീസിൽനിന്നും ഒരു വർഷത്തിനുള്ളിൽ നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) വിവരാവകാശ നിയമപ്രകാരം മറുപടി നൽകുന്നതിനുള്ള സമയപരിധി നിശ്ചയിച്ചിട്ടുണ്ട്. മനഃപൂർവ്വം കാലതാമസം വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ വിവരാവകാശ കമ്മീഷൻ നടപടി സ്വീകരിക്കുന്നുണ്ട്.

**പഞ്ചവത്സരപദ്ധതി മാർഗ്ഗരേഖ**

37(3326) ശ്രീ. കെ. കൃഷ്ണൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതൊക്കെ വകുപ്പുകൾ പഞ്ചവത്സരപദ്ധതി മാർഗ്ഗരേഖ സമർപ്പിച്ചുവെന്ന് വ്യക്തമാക്കാമോ ;

(ബി) സംസ്ഥാന സർക്കാരിന്റെ പഞ്ചവൽസര പദ്ധതി സംബന്ധമായ രേഖയുടെ കോപ്പി ലഭ്യമാക്കാമോ ;

(സി) ജലവിഭവം, കൃഷി, മൃഗസംരക്ഷണം എന്നീ വകുപ്പുകൾ സമർപ്പിച്ച പഞ്ചവത്സര പദ്ധതി രേഖകളുടെ പകർപ്പുകൾ ലഭ്യമാക്കാമോ?

ഉത്തരം

(എ - സി) പഞ്ചവത്സര പദ്ധതിയുടെ മാർഗ്ഗരേഖ തയ്യാറാക്കുന്നത് വകുപ്പ് തലത്തിലല്ല. സംസ്ഥാന ആസൂത്രണ ബോർഡ് തയ്യാറാക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ച് വകുപ്പുകൾ പ്രൊപ്പോസലുകൾ സമർപ്പിക്കുകയാണ് ചെയ്യുന്നത്

പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ ഡോക്കുമെന്റ് തയ്യാറാക്കുന്നതിനായി വകുപ്പ്/സർക്കാർ തലത്തിലുള്ള ചർച്ചകൾ പൂർത്തിയായി. ഇതിന്റെ അടിസ്ഥാനത്തിൽ പദ്ധതിരേഖ തയ്യാറാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു.

## ഹരിത കേരളം പദ്ധതി പ്രവൃത്തികളുടെ ഭരണാനുമതിക്കുള്ള കാലതാമസം

38(T3327) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിത കേരളം പദ്ധതിയിൽ നിർദ്ദേശിക്കപ്പെട്ട പ്രവൃത്തികൾക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ പദ്ധതിയിൽ കുളം നവീകരണം, തടയണ നിർമ്മാണം, ജലസംരക്ഷണ പ്രവൃത്തികൾ എന്നിവയ്ക്ക് മുൻഗണന നൽകുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) നിലവിൽ കാലതാമസം ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) നിലവിലുള്ള ജലസ്രോതസ്സുകളുടെ നവീകരണവും ശുദ്ധീകരണവും ഉറപ്പാക്കി അവയെ പ്രാദേശിക ജലസേചന- കുടിവെള്ള സ്രോതസ്സുകളായി ഉപയോഗിക്കുക എന്ന സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്. ആദ്യഘട്ടത്തിൽ കുളങ്ങൾ, തോടുകൾ, കനാലുകൾ എന്നിവ പുനരുജ്ജീവിപ്പിക്കുന്നതിനും നിലനിർത്തുന്നതിനുമുള്ള പ്രവർത്തനങ്ങളും, രണ്ടാം ഘട്ടത്തിൽ നദികൾ, കായലുകൾ മറ്റ് ജലസ്രോതസ്സുകൾ എന്നിവയുടെ ശുചീകരണവും ഏകോപനത്തോടെ പ്രാവർത്തികമാക്കുന്നതാണ്.

## സി.ഡബ്ല്യൂ.ആർ.ഡി.എം., കെ.എസ്.സി.എസ്.ടി.ഇ. എന്നീ സ്ഥാപനങ്ങളിലെ ശമ്പളപരിഷ്കരണം

39(3328) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്താം ശമ്പള കമ്മീഷൻ ശിപാർശ സി.ഡബ്ല്യൂ.ആർ.ഡി.എമ്മിലും കെ.എസ്.സി.എസ്.ടി.ഇ.-യുടെ കീഴിലുള്ള മറ്റ് സ്ഥാപനങ്ങളിലും നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ;

(ബി) കെ.എസ്.സി.എസ്.ടി.ഇ.-യുടെ കീഴിലുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരുടെ ഇ.പി.എഫ്, പെൻഷൻ പദ്ധതി എന്നിവ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

T മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

<u>ഉത്തരം</u>

(എ) പത്താം ശമ്പള കമ്മീഷൻ ശിപാർശ സി.ഡബ്ല്യൂ.ആർ.ഡി.എമ്മിലും കെ.എസ്.സി.എസ്.ടി.ഇ.-യുടെ കീഴിലുള്ള മറ്റ് സ്ഥാപനങ്ങളിലും നടപ്പിലാക്കുന്ന വിഷയത്തിൽ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഉണ്ട്. Employees Provident Fund Enrollment Campaign-2017 പ്രകാരം 5-10-2010-നും 31-3-2013-നും ഇടയിൽ കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിലും അനുബന്ധ ഗവേഷണ സ്ഥാപനങ്ങളിലും ജോലിയിൽ പ്രവേശിച്ച ജീവനക്കാരെ കൂടി EPF പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിൽ പെൻഷൻ പദ്ധതി നടപ്പിലാക്കുന്നത് സംബന്ധിച്ച് ഒരു ഉന്നതതല കമ്മിറ്റി രൂപീകരിക്കുകയും ഈ വിഷയം പഠന വിധേയമാക്കി വരികയും ചെയ്യുന്നു.

**കൃത്രിമ മഴ**

40(3329) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ:</u>
<u>ശ്രീ. കെ. മുരളീധരൻ:</u>
<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാലവർഷക്കാലത്ത് പ്രതീക്ഷിച്ച അളവിൽ മഴ ലഭിക്കാത്ത സാഹചര്യത്തിൽ പദ്ധതി പ്രദേശങ്ങളിൽ കൃത്രിമമഴ പെയ്യിക്കുന്നതിനുള്ള നടപടികൾ പരിഗണനയിലുണ്ടോ;

(ബി) ഇത് സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) കൃത്രിമ മഴയ്ക്കുള്ള സാധ്യത പരിശോധിക്കുന്നതിന്റെ ഭാഗമായുള്ള പദ്ധതിയുടെ ഏകോപന സമിതി (സാങ്കേതികം) ആയി കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിനെ നാമനിർദ്ദേശം ചെയ്യുകയും ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റിനെ ചെയർമാനാക്കി ഒരു കമ്മിറ്റി രൂപീകരിക്കുകയും ചെയ്തു. ടി പദ്ധതി നടപ്പിലാക്കുന്ന ഏജൻസി KSEB Ltd. ആണ്. 26-4-2017-ലെ സർക്കാർ ഉത്തരവ്(കൈ) നമ്പർ02/17/S&TD പ്രകാരമാണ് കമ്മിറ്റി രൂപീകരിച്ചത്.

**ദേവികുളം ബൊട്ടാണിക്കൽ ഗാർഡന്റെ നിർമ്മാണം**

41 (T 3331) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവികുളം നിയോജകമണ്ഡലത്തിൽ നടപ്പാക്കുന്ന ബൊട്ടാണിക്കൽ ഗാർഡന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഏതുവരെ ആയെന്ന് വ്യക്തമാക്കാമോ;

(ബി) നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തീകരിച്ച് ഗാർഡന്റെ പ്രവർത്തനം എന്ന് ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ & ബി) ദേവികുളം നിയോജകമണ്ഡലത്തിൽ ദേശീയ ജൈവ വൈവിദ്ധ്യ ഉദ്യാനവും പരമ്പരാഗത വിജ്ഞാന കേന്ദ്രവും നിർമ്മിക്കുന്നതിനായി കെ.ഡി.എച്ച്. വില്ലേജിൽ സർവ്വേ 8/1-ൽ പ്പെട്ട 62.53 ഏക്കർ ഭൂമി റവന്യൂ വകുപ്പിൽനിന്നും സംസ്ഥാന ജൈവ വൈവിദ്ധ്യ ബോർഡിന് കൈമാറ്റംചെയ്ത് ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ഭൂമി കൈമാറി കിട്ടിയാലുടൻ ഉദ്യാനത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങുവാൻ സാധിക്കുന്നതാണ്.

**പരിസ്ഥിതിലോല പ്രദേശങ്ങൾ**

42(3332) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പരിസ്ഥിതിലോല പ്രദേശമായി എത്ര ചതുരശ്ര കിലോമീറ്റർ പ്രദേശങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും ഇത് സംസ്ഥാന വിസ്തീർണ്ണത്തിന്റെ എത്ര ശതമാനമാണെന്നും വ്യക്തമാക്കാമോ;

(ബി) കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ ഏതെല്ലാം ഗ്രാമങ്ങളെയാണ് പരിസ്ഥിതിലോല പ്രദേശങ്ങളിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം 27-2-2017-ൽ S.O 667 (E) നമ്പരായി പുറപ്പെടുവിച്ച കരട് വിജ്ഞാപനത്തിൽ സംസ്ഥാനത്തെ 123 വില്ലേജുകളിലെ ആകെ 9993.7 ച.കി.മീ പ്രദേശം പരിസ്ഥിതിലോലമായി വിജ്ഞാപനം ചെയ്തിട്ടുണ്ട്. ഇതിൽ 9107 ച.കി.മീ. വനപ്രദേശവും (Forest ESA) യും 886.7 ച.കി.മീ വനേതര പ്രദേശവും (Non Forest ESA) ആണ്. കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുന്നമുറയ്ക്ക് മാത്രമേ കേരളത്തിലെ പരിസ്ഥിതി ലോല പ്രദേശങ്ങളെക്കുറിച്ചും ആയതിന്റെ വിസ്തൃതിയെക്കുറിച്ചും അന്തിമമായി അറിയിക്കുവാൻ കഴിയുകയുള്ളൂ.

---

T മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ബി) കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം 27-2-2017-ൽ S.O 667 (E) നമ്പരായി പുറപ്പെടുവിച്ച കരട് വിജ്ഞാപനത്തിൽ പരിസ്ഥിതിലോല പ്രദേശങ്ങൾ എന്ന് രേഖപ്പെടുത്തിയിരിക്കുന്ന പ്രദേശങ്ങളുടെ പട്ടിക അടങ്ങിയ ഭാഗത്തിന്റെ ഹിന്ദി പകർപ്പ് അനുബന്ധമായി ചേർക്കുന്നു.* കരട് വിജ്ഞാപനത്തിൽ ഇംഗ്ലീഷിലുള്ള പട്ടിക ചേർത്തിട്ടില്ല.

## അണക്കെട്ട് സുരക്ഷാ ബില്ലിന്റെ കരട്

43(3333) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ പുറത്തിറക്കിയ അണക്കെട്ട് സുരക്ഷാ ബില്ലിന്റെ കരട് സംസ്ഥാന താല്പര്യങ്ങളെ എപ്രകാരം ബാധിക്കുമെന്ന് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) എങ്കിൽ ഇത് സംബന്ധിച്ച സംസ്ഥാന സർക്കാരിന്റെ അഭിപ്രായം കേന്ദ്രത്തെ അറിയിച്ചിട്ടുണ്ടോ; കേന്ദ്ര പ്രതികരണം എന്തെന്ന് വെളിപ്പെടുത്തുമോ ?

### ഉത്തരം

(എ & ബി) കേന്ദ്ര സർക്കാർ പുറത്തിറക്കിയ 2016-ലെ ഡാം സുരക്ഷാ ബില്ലിന്റെ കരട് സംസ്ഥാന താല്പര്യങ്ങളെ എപ്രകാരം ബാധിക്കുമെന്നു പരിശോധിച്ചിട്ടുണ്ട്. കേരള സർക്കാർ പാസാക്കിയ 2003-ലെ കേരള ഇറിഗേഷൻ ആന്റ് വാട്ടർ കൺസർവേഷൻ ആക്ടിലും 2006-ലെ ഭേദഗതി ആക്ടിലും കേരളത്തിലെ ഡാമുകളുടെ സുരക്ഷിതത്വം, സംരക്ഷണം, അറ്റകുറ്റപ്പണികൾ എന്നിവ ഉറപ്പാക്കുന്നതിനുള്ള വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. പ്രസ്തുത ആക്ട് പ്രകാരം കേരളത്തിലെ ഡാമുകളുടെ നിലനിൽപ്പിനെക്കുറിച്ച് പഠിക്കുവാനും അറ്റകുറ്റപ്പണികളെക്കുറിച്ച് പരിശോധന നടത്തി ഉപദേശം നൽകുന്നതിനും കേരള ഡാം സേഫ്റ്റി അതോറിറ്റി രൂപീകരിച്ചിട്ടുണ്ട്.

കേരള ഡാം സേഫ്റ്റി അതോറിറ്റിയുടെ പ്രവർത്തനങ്ങളും കേന്ദ്രസർക്കാർ നിർദ്ദേശിക്കുന്ന അണക്കെട്ട് സുരക്ഷാ ബിൽ പ്രകാരം രൂപീകൃതമാകേണ്ട സ്റ്റേറ്റ് ഡാം സേഫ്റ്റി ഓർഗനൈസേഷന്റെ പ്രവർത്തനങ്ങളും ഒരേ സ്വഭാവത്തിലായതിനാൽ 2016-ലെ ഡാം സുരക്ഷാ ബില്ലിൽ നിർദ്ദേശിച്ചപോലുള്ള ഒരു കേന്ദ്ര നിയമം സംസ്ഥാനത്തിന്റെ അധികാരങ്ങളിലേയ്ക്കുള്ള കൈകടത്തലായതിനാൽ പ്രസ്തുത കേന്ദ്ര നിയമത്തിന്റെ ആവശ്യമില്ല എന്നതാണ് സംസ്ഥാന സർക്കാരിന്റെ നിലപാട്. ഈ നിലപാട് 23-6-2017-ലെ 11582/ISWCI/14/ജവിവ. നമ്പർ കത്ത് പ്രകാരം കേന്ദ്ര ജലവിഭവ മന്ത്രാലയത്തിനെ അറിയിക്കുകയും പ്രസ്തുത നിയമം നടപ്പിലാക്കുകയാണെങ്കിൽ സംസ്ഥാന താല്പര്യം സംരക്ഷിച്ചുകൊണ്ട് പ്രസ്തുത ആക്ടിൽ വരുത്തേണ്ട ഭേദഗതികളും കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കസ്തൂരിരംഗൻ റിപ്പോർട്ട്

44(3334) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കസ്തൂരിരംഗൻ റിപ്പോർട്ട് നടപ്പാക്കുന്നത് സംബന്ധിച്ച് കേന്ദ്ര വനം - പരിസ്ഥിതി മന്ത്രാലയം അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുന്നതുവരെ നൽകിയിട്ടുള്ള കരടു വിജ്ഞാപനത്തിന്റെ കാലാവധി അവസാനിക്കുന്നതെന്നാണ്; അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കാത്ത സാഹചര്യത്തിൽ കരടു വിജ്ഞാപനത്തിന്റെ കാലാവധി നീട്ടിവാങ്ങുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചത് എന്ന് വിശദമാക്കാമോ;

(സി) കസ്തൂരിരംഗൻ റിപ്പോർട്ടിൽ പരിസ്ഥിതിലോലപ്രദേശമെന്ന് കണ്ടെത്തിയ കേരളത്തിലെ 123 വില്ലേജുകൾ ഉൾപ്പെട്ടിട്ടുള്ള ജനവാസ കേന്ദ്രങ്ങളേയും തോട്ടങ്ങളേയും കസ്തൂരിരംഗൻ റിപ്പോർട്ടിൽ നിന്നും ഒഴിവാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; ഇത് സംബന്ധിച്ച് സംസ്ഥാന സർക്കാർ ഏർപ്പെടുത്തിയ ഉമ്മൻ വി. ഉമ്മൻ കമ്മീഷന്റെ കണ്ടെത്തലുകൾ റിപ്പോർട്ടായി കേന്ദ്ര സർക്കാരിന് എന്നാണ് സംസ്ഥാനം നൽകിയത്; ഈ റിപ്പോർട്ട് കേന്ദ്രം അംഗീകരിച്ചിട്ടുണ്ടോ;

(ഡി) അന്തിമ വിജ്ഞാപനത്തിൽ കേരളം നൽകിയിട്ടുള്ള പരിസ്ഥിതിലോല മേഖലകളെക്കുറിച്ചുള്ള പുതിയ റിപ്പോർട്ട് ഉൾക്കൊള്ളിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഇ) ജനവാസ കേന്ദ്രങ്ങളെ ഒഴിവാക്കിയുള്ള റിപ്പോർട്ട് നടപ്പാക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ?

### ഉത്തരം

(എ) ഇല്ല.

(ബി) കേന്ദ്ര സർക്കാരിന്റെ 27-2-2017 ലെ പുതുക്കിയ വിജ്ഞാപനത്തിന്റെ കാലാവധി Enviornment Protection Rules 86 പ്രകാരം കരട് വിജ്ഞാപനം ഇറക്കുന്ന തീയതി മുതൽ 540 ദിവസം വരെയാണ്. കേരളത്തിലെ പരിസ്ഥിതി ലോല പ്രദേശങ്ങളെ നിശ്ചയിക്കുമ്പോൾ ജനവാസ കേന്ദ്രങ്ങളെയും കൃഷിസ്ഥലങ്ങളെയും ESA-യുടെ പരിധിയിൽനിന്നും ഒഴിവാക്കണമെന്ന സംസ്ഥാന സർക്കാരിന്റെ നിലപാട് വീണ്ടും കേന്ദ്ര സർക്കാരിനെ അറിയിക്കുകയും എത്രയും വേഗം അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുമുണ്ട്.

(സി-ഇ) കസ്തൂരിരംഗൻ റിപ്പോർട്ടുമായി ബന്ധപ്പെട്ട് ജനവാസ കേന്ദ്രങ്ങളെയും കൃഷിയിടങ്ങളെയും പരിസ്ഥിതിലോല പ്രദേശത്തിന്റെ പരിധിയിൽനിന്നും ഒഴിവാക്കണമെന്നതാണ് സംസ്ഥാന സർക്കാരിന്റെ നിലപാട്.

ജനവാസ കേന്ദ്രങ്ങളെയും കൃഷിസ്ഥലങ്ങളെയും ESA യുടെ പരിധിയിൽ നിന്നും ഒഴിവാക്കണമെന്നാവശ്യപ്പെട്ട് 30-1-2014- ന് കേരള നിയമസഭ ഐക്യകണ്ഠേന പ്രമേയം പാസ്സാക്കി കേന്ദ്ര സർക്കാരിന് അയച്ചു കൊടുത്തിരുന്നു. കൂടാതെ, ഇക്കാലമത്രെയും Reserved Forests, Protected Area, World Heritage Sites എന്നിവയെ മാത്രമേ ESA യിൽ ഉൾപ്പെടുത്താവൂ എന്ന നിലപാടാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുള്ളത്.

ഈ വിഷയം സംബന്ധിച്ച് പൊതുജനങ്ങൾ, ജനപ്രതിനിധികൾ, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ, വിവിധ സംഘടനകൾ തുടങ്ങിയവരിൽനിന്നും സർക്കാരിന് ലഭിച്ച അപേക്ഷകളെല്ലാം കേന്ദ്ര സർക്കാരിന്റെ പരിഗണനയ്ക്കായി അയച്ചുകൊടുത്തിട്ടുണ്ട്.

കരട് വിജ്ഞാപനത്തിൽ ഉൾപ്പെടുത്തിയിരുന്ന വനേതര ഇ.എസ്.എ. മേഖലയായ 886.7 ച.കി.മീ. പ്രദേശം ആയതിൽനിന്നും ഒഴിവാക്കി സംസ്ഥാന സർക്കാരിന്റെ ഉത്തരവാദിത്വത്തിൽ സംരക്ഷിക്കാനുള്ള ശക്തമായ നടപടികൾ സംസ്ഥാന സർക്കാർ കൈക്കൊള്ളുന്നതാണെന്നും ഇതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും പഞ്ചായത്തുതല ബയോഡൈവേഴ്സിറ്റി മാനേജ്മെന്റ് സമിതികളുടെയും അർത്ഥവത്തായ പങ്ക് ഉറപ്പാക്കാമെന്നും നിലവിലുള്ള സംസ്ഥാന നിയമങ്ങൾ നടപ്പാക്കാമെന്നും 23-2-2017 ലെയും 3-5-2017 ലെയും കത്തുകൾ മുഖാന്തരം കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

സംസ്ഥാന സർക്കാർ ഏർപ്പെടുത്തിയ ഉമ്മൻ വി. ഉമ്മൻ കമ്മീഷന്റെ കണ്ടെത്തലുകൾ റിപ്പോർട്ടായി 17-2-2014-ന് കേന്ദ്ര സർക്കാരിന് നൽകിയിട്ടുണ്ട്. ഈ റിപ്പോർട്ട് കേന്ദ്ര സർക്കാർ അംഗീകരിച്ചതായി ഇതേവരെ സർക്കാരിനെ അറിയിച്ചിട്ടില്ല.

## ഫ്ലക്സ്ബോർഡുകൾ, പ്ലാസ്റ്റിക് മാലിന്യം എന്നിവ ഇല്ലായ്മ ചെയ്യുന്നതിനായി നടപടി

45(3335) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫ്ലക്സ് ബോർഡുകൾ, പ്ലാസ്റ്റിക്, പ്ലാസ്റ്റിക് മാലിന്യം ഇവ ഇല്ലായ്മ ചെയ്യുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ;

(ബി) ഇവയുടെ ഉപയോഗം കുറച്ചുകൊണ്ടുവരുന്നതിനും കാലക്രമേണ പൂർണ്ണമായും ഒഴിവാക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നു; വ്യക്തമാക്കാമോ;

(സി) അനുവദനീയമായ കനത്തിൽ കുറഞ്ഞ പ്ലാസ്റ്റിക് ക്യാരിബാഗുകൾ നിർമ്മിക്കുന്നില്ലെന്ന് ഉറപ്പ് വരുത്തുവാനും പേപ്പർ ബാഗുകൾ പ്രോത്സാഹിപ്പിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ?

ഉത്തരം

(എ) 6-11-2014 ലെ സ.ഉ.(കൈ) നമ്പർ195/2014/തസ്വഭവ. പ്രകാരം പ്ലാസ്റ്റിക് ഫ്ലക്സ് ബോർഡുകൾക്ക് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. 24-9-2016 ലെ 576/ഡിസി1/16/തസ്വഭവ സർക്കുലർ പ്രകാരം പ്ലാസ്റ്റിക് ക്യാരിബാഗുകളുടെ ഉപയോഗം സംബന്ധിച്ച് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

1. സർക്കാർ തലത്തിൽ സംഘടിപ്പിക്കുന്ന പൊതുപരിപാടികളിലും മീറ്റിംഗുകളിലും ഫ്ലക്സ് ബോർഡുകളും പ്ലാസ്റ്റിക് തോരണങ്ങളും ഉപയോഗിക്കുന്നത് ഒഴിവാക്കണമെന്നും പകരമായി തുണി കൊണ്ടുള്ള ബാനറുകളും പേപ്പർ തോരണങ്ങളും ഉപയോഗിക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

2. പ്ലാസ്റ്റിക് കൊണ്ട് നിർമ്മിച്ച ടമ്പറുകളും കപ്പുകളും സർക്കാർ ചടങ്ങുകളിൽ ഒഴിവാക്കേണ്ടതും, പകരമായി പേപ്പർ കപ്പുകളോ സ്റ്റീൽ ടമ്പ്ലറുകളോ, കുപ്പി ഗ്ലാസുകളോ ഉപയോഗിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

3. ഡിപ്പാർട്ട്മെന്റ് സ്റ്റോറുകൾ, സൂപ്പർ മാർക്കറ്റുകൾ തുടങ്ങിയ (സിവിൽ സപ്ലൈസ് ഉൾപ്പെടെ) കച്ചവട സ്ഥാപനങ്ങളിൽ പ്ലാസ്റ്റിക് സഞ്ചികളുടെ ഉപയോഗം പരമാവധി കുറയ്ക്കാനും, പ്ലാസ്റ്റിക് സഞ്ചികൾക്ക് പകരമായി തുണി സഞ്ചികളോ പേപ്പർ സഞ്ചികളോ ഉപയോഗപ്പെടുത്താനും നിർദ്ദേശിച്ചിട്ടുണ്ട്.

4. 50 മൈക്രോണിൽ താഴെ കട്ടിയുള്ള പ്ലാസ്റ്റിക് സഞ്ചികൾ/ക്യാരി ബാഗുകൾ ഉപയോഗിക്കാനോ, വിൽക്കാനോ പാടുള്ളതല്ലെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

5. പ്ലാസ്റ്റിക് അടക്കമുള്ള അജൈവ മാലിന്യങ്ങൾ ശേഖരിച്ച് റീസൈക്ലിങ്ങിനായി ചാനലൈസ് ചെയ്യപ്പെടുന്നതിനുള്ള നിർദ്ദേശങ്ങൾ ഹരിതകേരളം മിഷന്റെ ഉപദൗത്യമായ ശുചിത്വ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനുള്ള മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുണ്ട്. സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ

സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി സ്ഥാപിച്ച് വീടുകളിൽനിന്നും സ്ഥാപനങ്ങളിൽ നിന്നും ശേഖരിക്കപ്പെടുന്ന അജൈവമാലിന്യങ്ങൾ റീസൈക്ലിങ് ചെയ്യുന്നതിന് അനുസൃതമായി ടി മാലിന്യത്തിൽ കുറവുവരുന്നതാണ്.

(ബി) അജൈവമാലിന്യ പരിപാലനത്തിൽ ഏറ്റവും പ്രധാനപ്പെട്ട തത്വമാണ് വസ്തുക്കളുടെ ഉപയോഗം കുറയ്ക്കുക (Reduce), പുനരുപയോഗിക്കുക (Reuse), പുനഃചംക്രമണം ഉറപ്പാക്കുക (Recycle) എന്നത്. പ്ലാസ്റ്റിക് ക്യാരിബാഗുകളും ഡിസ്പോസിബിൾ സാധനങ്ങളും ഒഴിവാക്കപ്പെടുന്നതിനുള്ള ശക്തമായ വിവര വിജ്ഞാപന വ്യാപന പ്രവർത്തനങ്ങൾ (പ്രധാനമായും ഗ്രീൻ പ്രോട്ടോകോൾ നടപടികൾ) ശുചിത്വമിഷൻ മുഖേന നടപ്പിലാക്കി വരുന്നുണ്ട്. അതുപോലെ വിവര വിജ്ഞാന വ്യാപന പ്രവർത്തനത്തിന്റെ ഭാഗമായ ടി.വി, റേഡിയോ പരസ്യങ്ങളിലൂടെയും പ്ലാസ്റ്റിക് മാലിന്യം കത്തിക്കുന്നതിന്റെ ദൂഷ്യഫലങ്ങളും പ്ലാസ്റ്റിക് മാലിന്യങ്ങൾ കൂട്ടിയിട്ട് കത്തിക്കരുതെന്ന സന്ദേശവും നൽകിവരുന്നുണ്ട്. പ്ലാസ്റ്റിക് മാലിന്യം കത്തിക്കുന്നത് പൊതുജനാരോഗ്യത്തിനും പരിസ്ഥിതിക്കും ആഘാതം ഉണ്ടാക്കുന്നതായതിനാൽ കുറ്റക്കാർക്കെതിരെ ഇന്ത്യൻ പീനൽ കോഡ്, കേരള പോലീസ് ആക്ട് എന്നിവയിലെ ബന്ധപ്പെട്ട നിയമങ്ങൾ പ്രകാരം നടപടി എടുക്കുവാൻ ബഹു. കേരള ഹൈക്കോടതിയുടെ നിർദ്ദേശപ്രകാരം കേരള സംസ്ഥാന പോലീസ് ചീഫ് പോലീസുദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് റൂൾസ്-2016-ൽ 50 മൈക്രോണിൽ താഴെ കനമുള്ള പ്ലാസ്റ്റിക് ക്യാരി ബാഗുകൾ/പ്ലാസ്റ്റിക് ഷീറ്റുകൾ എന്നിവ നിരോധിച്ചിട്ടുണ്ട്. 50 മൈക്രോണിൽ താഴെ കനമുള്ള പ്ലാസ്റ്റിക് ക്യാരി ബാഗുകൾ/പ്ലാസ്റ്റിക് ഷീറ്റുകൾ സംസ്ഥാനത്ത് മലിനീകരണ നിയന്ത്രണ ബോർഡ് പ്ലാസ്റ്റിക് ക്യാരി ബാഗുകൾ/പ്ലാസ്റ്റിക് ഷീറ്റുകൾ നിർമ്മിക്കുന്ന സ്ഥാപനങ്ങൾക്ക് അംഗീകാരം നൽകുന്ന പ്രക്രിയവഴി ഉറപ്പാക്കുന്നു.

നഗരസഭകൾ പ്ലാസ്റ്റിക് ക്യാരി ബാഗുകൾക്ക് പകരം പരിസ്ഥിതി സൗഹൃദ ബദൽ ഉൽപ്പന്നങ്ങൾ ഉപയോഗിക്കുവാൻ പൊതുജനങ്ങളെ പ്രോത്സാഹിപ്പിക്കുന്നുണ്ട്.

## മാലിന്യ സംസ്കരണയജ്ഞം

46(3336) <u>ശ്രീ. മോൻസ് ജോസഫ് </u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിത കേരള മിഷന്റെ ശുചിത്വ മാലിന്യ സംസ്കരണയജ്ഞത്തിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ബി) ഓരോ പഞ്ചായത്തിലും എത്ര പേർക്കാണ് മാലിന്യ സംസ്കരണത്തെക്കുറിച്ചുള്ള പരിശീലനം നൽകിയിട്ടുള്ളത്; ഇത്തരം പ്രവർത്തനങ്ങൾക്കായി ഓരോ പഞ്ചായത്തിലും സർക്കാർ എത്ര തുകയാണ് വകയിരുത്തിയിട്ടുള്ളത്;

(സി) മാലിന്യ സംസ്കരണത്തെക്കുറിച്ചുള്ള ബോധവൽക്കരണ പരിപാടികൾ ഹരിത കേരള മിഷൻ ഏത് രീതിയിലാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത് എന്നറിയിക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ജനപങ്കാളിത്തത്തോടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന നവകേരളം കർമ്മ പദ്ധതിയിലെ ശുചിത്വ-മാലിന്യ സംസ്കരണം, മണ്ണ്-ജലസംരക്ഷണം, ജൈവകൃഷിരീതിക്ക് പ്രാമുഖ്യം കൊടുത്തുകൊണ്ടുള്ള കൃഷിവികസനം എന്നീ മൂന്ന് മേഖലകൾക്ക് ഊന്നൽ നൽകുന്ന പദ്ധതിയാണ് ഹരിത കേരളം മിഷൻ. ഇവയിൽ ഒന്നാണ് ശുചിത്വ-മാലിന്യ സംസ്കരണ ഉപമിഷൻ. ഇതിന്റെ ലക്ഷ്യങ്ങളും പ്രവർത്തനങ്ങളും താഴെ വിവരിക്കുന്നു:

ലക്ഷ്യങ്ങൾ

1. പുതിയ നഗര ഖര-മാലിന്യ സംസ്ക്കരണ നിയമപ്രകാരം ഒരു സാധാരണ പൗരന്റെ ഉത്തരവാദിത്തവും ചുമതലയും വ്യക്തമാക്കി അവബോധം സൃഷ്ടിക്കുക.
2. ഉത്തരവാദിത്വ മാലിന്യ പരിപാലന രീതികൾ അവലംബിക്കുന്നതിനോട് പൗരന്മാരിൽ അനുകൂല മനോഭാവവും ശീലങ്ങളും ഉണ്ടാക്കി സമൂഹത്തിലാകെ ഒരു പുതിയ മാലിന്യ പരിപാലന സംസ്കാരം സൃഷ്ടിക്കുക.
3. സങ്കീർണ്ണമായ മാലിന്യ പരിപാലന പ്രശ്നങ്ങൾ കണ്ടെത്തുന്നതിനും പരിഹാരം സാധ്യമാക്കുന്നതിനുമുള്ള സഹായം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കുക.
4. ശാസ്ത്രീയ മാലിന്യ പരിപാലനം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സുസ്ഥിരമാക്കുക.

<u>പ്രവർത്തനങ്ങൾ</u>

1. ഗാർഹിക/സ്ഥാപനങ്ങളിലെ ജൈവമാലിന്യങ്ങൾ പരമാവധി ഉറവിടത്തിൽത്തന്നെ ഉല്പാദകന്റെ ഉത്തരവാദിത്തത്തിൽ സംസ്കരിക്കുന്ന രീതിയും (വികേന്ദ്രീകൃത ഉറവിട ജൈവമാലിന്യ സംസ്കരണം) അത് സാധ്യമാകാത്ത ഇടങ്ങളിൽ കമ്മ്യൂണിറ്റിതല കമ്പോസ്റ്റിംഗ്/ ബയോമെഥനേഷൻ രീതി ഉചിതമായ തലങ്ങളിലും (അയൽക്കൂട്ടം/ വാർഡ്/തദ്ദേശസ്വയംഭരണ സ്ഥാപനം) പ്രാവർത്തികമാക്കുന്നതാണ്.
2. അജൈവ മാലിന്യങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ തരംതിരിച്ച് വൃത്തിയാക്കി ശേഖരിച്ച് പുനഃചംക്രമണം ഉറപ്പാക്കുന്നതിനുള്ള സംവിധാനം സൃഷ്ടിക്കുന്നതാണ്.
3. ദ്രവമാലിന്യ പരിപാലനത്തിന് അനുയോജ്യമായ വീകേന്ദ്രീകൃത സംവിധാനങ്ങൾ ഉചിതമായ തലങ്ങളിൽ പ്രാവർത്തികമാക്കുന്നതാണ്.
4. തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് തുടങ്ങിയ വലിയ നഗരങ്ങളിൽ ഉറവിട മാലിന്യ സംസ്കരണത്തോടൊപ്പംതന്നെ നൂതന രീതിയിലുള്ള കേന്ദ്രീകൃത സംസ്കരണ സംവിധാനങ്ങളും നടപ്പാക്കുന്നതാണ്.
5. മാലിന്യ സംസ്കരണത്തിന് ഓരോ വീട്ടിലും നിലവിൽ ഏത് രീതിയാണ് അവലംബിക്കുന്നതെന്ന് വിലയിരുത്തിയതിനുശേഷം ജൈവ കമ്പോസ്റ്റിംഗ്, ബയോഗ്യാസ് എന്നിവയിൽ ഏത് രീതിയാണ് പ്രായോഗികമാകുക എന്ന് കണ്ടെത്തുകയും ആ രീതിയിലേക്ക് മാറുന്നതിന് വീട്ടുകാരെ സജ്ജരാക്കുകയും ചെയ്യുന്നതാണ്.
6. ചന്തകൾ, അറവുശാലകൾ, കല്യാണ മണ്ഡപങ്ങൾ എന്നിവിടങ്ങളിൽ മാലിന്യ സംസ്കരണത്തിന് ആവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നതാണ്.
7. ജലസ്രോതസ്സുകളിൽ മാലിന്യം നിക്ഷേപിക്കുന്നത് കർശനമായി തടയുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.
8. ഉറവിട മാലിന്യ സംസ്കരണം വ്യാപകമാക്കുകയും അനുയോജ്യമായ മാലിന്യ സംസ്കരണ സങ്കേതങ്ങൾ ഉപയോഗിച്ച് മാലിന്യത്തെ ജൈവകൃഷിക്ക് അനുയോജ്യമായ വളമാക്കി മാറ്റി വീടുകളിൽതന്നെ കൃഷി വ്യാപിപ്പിക്കുകയും ചെയ്യുന്നതാണ്.
9. ബയോഗ്യാസ് സംവിധാനങ്ങളും തുമ്പൂർമുഴി മാതൃകയിലുള്ള വികേന്ദ്രീകൃത മാലിന്യ സംസ്കരണ സംവിധാനങ്ങളും, പ്ലാസ്റ്റിക്, ഇ-വേസ്റ്റ്, ആശുപത്രി മാലിന്യങ്ങൾ തുടങ്ങിയവ സംസ്കരിക്കുന്നതിന് ആവശ്യമുള്ള സംവിധാനങ്ങളും വിവിധ തലങ്ങളിൽ ഏർപ്പെടുത്തുന്നതാണ്.

10. മാലിന്യം കുറയ്ക്കുക (Reduce), വസ്തുക്കളുടെ പുനരുപയോഗം (Reuse) പ്രോത്സാഹിപ്പിക്കുക, പുനഃചംക്രമണം (Recycle) ഉറപ്പാക്കുക എന്നീ തത്വങ്ങൾ പ്രാവർത്തികമാക്കുന്നതിനുള്ള വിവിധ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് നടപ്പാക്കുന്നതാണ്.

11. അനുകൂലമായ മനോഭാവവും ശീലങ്ങളും രൂപീകരിക്കുന്നതിനും സുരക്ഷിത മാലിന്യ പരിപാലന സംസ്കാരം വളർത്തുന്നതിനും അനുയോജ്യമായ വിവര വിജ്ഞാന വ്യാപന പ്രവർത്തനങ്ങളും കാമ്പയിനും സംഘടിപ്പിക്കുന്നതാണ്.

(ബി) ഇതുവരെ നടത്തിയിട്ടുള്ള പരിശീലനങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

സംസ്ഥാനതല പരിശീലനം 15-7-2017 ന് നടന്നു. തുടർന്ന് ജില്ലാ-ബ്ലോക്ക്/മുനിസിപ്പൽ തല പരിശീലനങ്ങളും വാർഡ് തല പരിശീലനങ്ങളും സംഘടിപ്പിച്ചു. ബ്ലോക്ക് തല പരിശീലനത്തിൽ ഗ്രാമപഞ്ചായത്തിൽ നിന്നുള്ള റിസോഴ്സ് പേർസണ്മാരും ഉദ്യോഗസ്ഥരുമാണ് പങ്കെടുത്തത്. ജില്ലാതല പരിശീലനത്തിൽ 1425 പേരും ബ്ലോക്ക് തലത്തിൽ ഗ്രാമപഞ്ചായത്തുകൾക്ക് നടത്തിയ പരിശീലനത്തിൽ 11,344 പേരും മുനിസിപ്പാലിറ്റി കോർപ്പറേഷനുകളുടെ പരിശീലനത്തിൽ 14,276 പേരും പങ്കെടുത്തു. വാർഡുതല പരിശീലനങ്ങളിൽ ഗ്രാമപഞ്ചായത്തുകളിൽ 2,65,339 പേരും നഗരസഭകളിൽ 53,525 പേരും ചേർന്ന് ആകെ 3,18,864 പേർ പങ്കെടുത്തു. ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.* പരിശീലനപരിപാടികൾക്കായി പ്രത്യേക തുക വകയിരുത്തിയിട്ടില്ല. ഹരിത കേരളം മിഷൻ പദ്ധതി തദ്ദേശസ്വയം ഭരണസ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കുന്നതിനാവശ്യമായ പരിശീലന സഹായം നൽകുന്നത് സർക്കാർ സ്ഥാപനമായ 'കില'യാണ്.

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ 'മാലിന്യത്തിൽ നിന്ന് സ്വാതന്ത്ര്യം' എന്ന സന്ദേശം പ്രചരിപ്പിക്കുന്നതിനായി അമ്പതു വീടുകൾക്ക് ഒരു സന്നദ്ധ സേന എന്ന നിലയിൽ ഭവനസന്ദർശനം നടത്തി. ഈ സന്ദർശനവേളയിൽ ഒരു ചോദ്യാവലിയുടെ അടിസ്ഥാനത്തിൽ അവസ്ഥാനിർണ്ണയം നടത്തുകയും ലഘുലേഖ വിതരണം ചെയ്യുകയും ചെയ്തു. ഉറവിടമാലിന്യ സംസ്കരണ രീതികളും അടിയന്തരമായി ചെയ്യേണ്ട ശുചിത്വ പ്രവർത്തനങ്ങളും ഓരോ ഭവനത്തിലും വിശദീകരിച്ചു. തുടർന്ന് വാർഡു തലത്തിൽ അവസ്ഥാ നിർണ്ണയം ക്രോഡീകരിക്കുകയും വാർഡു തലത്തിലും തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിലും ശുചിത്വ സംഗമവും 'മാലിന്യത്തിൽനിന്നു സ്വാതന്ത്ര്യം' എന്ന പ്രതിജ്ഞ എടുക്കലും നടത്തി.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് അവാർഡ്

47(3337) ശ്രീ. പി. ടി. തോമസ്:
ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ഏർപ്പെടുത്തിയിട്ടുള്ള അവാർഡിന് അർഹരായവരെ കണ്ടെത്തുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാം; വിശദമാക്കുമോ; ഇതിൽ അശാസ്ത്രീയമായ മാനദണ്ഡങ്ങൾ കണ്ടെത്തി പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു;

(ബി) അവാർഡിനത്തിൽ ആകെ ഉണ്ടാകുന്ന ചെലവെത്ര; ഏതെല്ലാം വിഭാഗത്തിലാണ് അവാർഡുകൾ നൽകുന്നതെന്ന് വിശദമാക്കുമോ;

(സി) 2017-ലെ അവാർഡ് ലഭിച്ച ഏതെങ്കിലും കമ്പനി മലിനീകരണം ഉണ്ടാക്കുന്നതായി സർക്കാരിനോ മലിനീകരണ നിയന്ത്രണ ബോർഡിനോ പരാതി ലഭിച്ചിട്ടുണ്ടോ; ഇതിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

### ഉത്തരം

(എ) കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ഏർപ്പെടുത്തിയിട്ടുള്ള അവാർഡിന് അർഹരായവരെ കണ്ടെത്തുന്നതിനുള്ള മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു:

1. ജല-വായു മലിനീകരണ നിയന്ത്രണത്തിൽ കഴിഞ്ഞവർഷം കൈവരിച്ച നേട്ടങ്ങൾ
2. ഊർജ്ജ സംരക്ഷണത്തിനും ജല സംരക്ഷണത്തിനും ശുദ്ധീകരിച്ച പാഴ്ജലത്തിന്റെ പുനരുപയോഗത്തിനും നടപ്പിലാക്കിയ പദ്ധതികൾ
3. ഖരമാലിന്യ സംസ്കരണത്തിലും പുനരുപയോഗത്തിലും കൈവരിച്ച നേട്ടങ്ങൾ
4. പരിസ്ഥിതി സംരക്ഷണത്തിൽ കൈവരിച്ച നേട്ടങ്ങൾ
5. പാരമ്പര്യേതര ഊർജ്ജ വിനിയോഗം
6. സാമൂഹിക പ്രതിബദ്ധതയിൽ പൊതുജനോപകാരപ്രദമായി നടപ്പിലാക്കിയ പദ്ധതികൾ കൂടാതെ, ജഡ്ജിംഗ് കമ്മിറ്റിയുടെ ഇൻസ്പെക്ഷൻ തീരുമാനങ്ങൾ എന്നിവയാണ് മാനദണ്ഡങ്ങൾ. അശാസ്ത്രീയമായ മാനദണ്ഡങ്ങൾ അവാർഡ് നിർണ്ണയത്തിനായി ഉൾപ്പെടുത്തിയിട്ടില്ല.

(ബി) എല്ലാ വിഭാഗത്തിലും ഒന്നും രണ്ടും മൂന്നും സ്ഥാനം ലഭിച്ചവർക്ക് യഥാക്രമം 1,00,000 രൂപയും 50,000 രൂപയും 25,000 രൂപയും ക്യാഷ് പ്രൈസായി നൽകുന്നതാണ്. വളരെ വലിയ വ്യവസായങ്ങൾ, വലിയ വ്യവസായങ്ങൾ എന്നിവ ഒഴികെയുള്ള വിഭാഗങ്ങളിൽ എക്സലൻസിന് 1,00,000 രൂപ ക്യാഷ് അവാർഡ് നൽകുന്നതാണ്. എല്ലാ അവാർഡ് ജേതാക്കൾക്കും ട്രോഫിയും സർട്ടിഫിക്കറ്റും നൽകുന്നതാണ്.

പരിസ്ഥിതി ദിനാചരണത്തോടനുബന്ധിച്ച് നടന്ന പരിസ്ഥിതി സംരക്ഷണ അവാർഡ് ഇനത്തിൽ മാത്രമായി ഈ വർഷം ചെലവായ ആകെ തുക 5872125 ആണ്.

I മലിനീകരണ നിയന്ത്രണ അവാർഡ് നൽകുന്ന വിഭാഗങ്ങൾ :

- വളരെ വലിയ വ്യവസായം
- വലിയ വ്യവസായം
- ഇടത്തരം വ്യവസായം ഗ്രൂപ്പ് - എ
- ഇടത്തരം വ്യവസായം ഗ്രൂപ്പ് - ബി
- ചെറുകിട വ്യവസായം
- സ്റ്റോൺ ക്രഷർ
- ഡയറി
- എൻജിനീയറിങ് ആന്റ് ഇലക്ട്രോണിക് ഇൻഡസ്ട്രീസ്
- പ്രിന്റ് ആന്റ് വിഷ്വൽ മീഡിയ
- റിസോൾട്ട്
- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ -മുനിസിപ്പാലിറ്റി
- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ - പഞ്ചായത്ത്
- ആശുപത്രികൾ
- സർക്കാർ ആശുപത്രി (പ്രൈമറി ഹെൽത്ത് സെന്റർ)
- സർക്കാർ ആശുപത്രി (കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ)
- സർക്കാർ ആശുപത്രി (താലൂക്ക്)
- സർക്കാർ ആശുപത്രി (ജില്ല/ജനറൽ ആശുപത്രി)

- സർക്കാർ ആശുപത്രി(ഡബ്ല്യൂ & സി)
- ആശുപത്രി (മെഡിക്കൽ കോളേജ്/സ്വയംഭരണ ആശുപത്രി)
- ആയുർവ്വേദ ആശുപത്രി
- സ്വകാര്യ ആശുപത്രി
- സ്വകാര്യ ആശുപത്രി (>=500 കിടക്കകൾ)
- സ്വകാര്യ ആശുപത്രി -200 മുതൽ 499 കിടക്കകൾ വരെ
- സ്വകാര്യ ആശുപത്രി -100 മുതൽ 200 കിടക്കകൾ വരെ
- സ്വകാര്യ ആശുപത്രി - 100 കിടക്കകൾക്ക് താഴെ
- മറ്റു സ്ഥാപനങ്ങൾ

II. ഹരിത വിദ്യാലയ പുരസ്കാരം:

പരിസ്ഥിതി സംരക്ഷണത്തിനും അതുവഴി പൊതുജന സേവനത്തിനും മികവു കാട്ടിയ സംസ്ഥാനത്തെ സർക്കാർ ഹൈസ്കൂളുകൾക്ക് സംസ്ഥാന തലത്തിൽ നൽകുന്ന അവാർഡ്

III ഹരിത കേരള അവാർഡ് :

മലിനീകരണ നിയന്ത്രണ ബോർഡ് ജീവനക്കാർ തങ്ങളുടെ വീടുകളിൽ മാതൃകാ ഖര-ദ്രവ മാലിന്യ ശേഖരണ സംസ്കരണ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനും ജൈവ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കാനും പരിസ്ഥിതിയുമായി ഇണങ്ങി ജീവിക്കാൻ പ്രേരിപ്പിക്കുന്നതിനുമായി നൽകുന്ന അവാർഡ്.

(സി) വിവരം ശേഖരിച്ചുവരുന്നു.

## മലിനീകരണ നിയന്ത്രണ ബോർഡിലെ ജീവനക്കാർക്ക് സത്യസന്ധമായി പ്രവർത്തിക്കുവാൻ അവസരം

48(3338) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ ഹരിത ട്രിബ്യൂണൽ ഉത്തരവുപ്രകാരം മലിനീകരണ നിയന്ത്രണ ബോർഡ് ചെയർമാന് പരമാവധി എത്ര തവണ തുടരാം എന്ന് അറിയിക്കുമോ ; സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ചെയർമാൻ നിശ്ചിത

കാലാവധിക്കുശേഷവും പ്രസ്തുത സ്ഥാനത്ത് തുടരുന്നുണ്ടോ; എങ്കിൽ അദ്ദേഹത്തിന്റെ കാലാവധി എന്നുമുതലാണെന്നും അപ്രകാരം തുടരുന്നതിനുള്ള കാരണവും വ്യക്തമാക്കാമോ;

(ബി) ദേശീയ ഹരിത ട്രിബ്യൂണൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ, സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിലെ സെക്രട്ടറി, ചെയർമാൻ, ശാസ്ത്രജ്ഞർ എന്നീ തസ്തികകളിലെ നിയമനങ്ങൾക്ക് കേന്ദ്ര മലിനീകരണ ബോർഡിന് സമാനമായ രീതിയിൽ ചട്ടങ്ങൾ/ മാനദണ്ഡങ്ങൾ രൂപീകരിക്കാൻ നടപടി എടുക്കുമോ; വിശദമാക്കാമോ;

(സി) എറണാകുളത്ത് എടയാറിൽ പ്രവർത്തിക്കുന്ന കൊച്ചിൻ മിനറൽസ് റൂട്ടൈൽ ലിമിറ്റഡിന് 1993 മുതൽ 2007 വരെയും തുടർന്ന് 2009 വരെയും കേരള മലിനീകരണ നിയന്ത്രണ ബോർഡ് തന്നെ പ്രവർത്തനാനുമതിയിൽ നിഷ്കർഷിച്ചിരിക്കുന്ന ഘടകങ്ങളിൽ നിന്നും പരിസ്ഥിതിക്കും പൊതുജനാരോഗ്യത്തിനും ഹാനികരമായ മെർക്കുറി, ലെഡ്, സയനൈഡ്, കാഡ്മിയം, നിക്കൽ, സിങ്ക്, കോപ്പർ, മാംഗനീസ്, ടൈറ്റാനിയം എന്നിവ ഒഴിവാക്കിയത് പുനഃസ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശം നൽകാമോ;

(ഡി) സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ജീവനക്കാരുടെ സംഘടന, ബഹു. മുഖ്യമന്ത്രിയ്ക്ക് നൽകിയ നിവേദനത്തിൽ സത്യസന്ധരായ ജീവനക്കാരെ പീഡിപ്പിക്കുന്നതായും അഴിമതിക്കാരെ സംരക്ഷിക്കുന്നതായും ആരോപിച്ചിരുന്നതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാം;

(ഇ) 2016 സെപ്റ്റംബറിൽ പെരിയാറിലേയ്ക്ക് മലിനജലം ഒഴുക്കിയ കമ്പനിക്കെതിരെ വിശദീകരണം ചോദിച്ച ഉദ്യോഗസ്ഥനെതിരെ അതേദിവസം തന്നെ അന്വേഷണ കമ്മീഷനെ നിയമിച്ചത് ജലനിയമം സെക്ഷൻ 9-ന്റെ ലംഘനമല്ലേയെന്നും അക്കാര്യത്തിൽ എന്ത് നടപടി സ്വീകരിച്ചു എന്നും അറിയിക്കാമോ ;

(എഫ്) ജലനിയമം സെക്ഷൻ 59, സെക്ഷൻ 4 എന്നിവപ്രകാരം ജീവനക്കാർക്ക് ഔദ്യോഗിക സംരക്ഷണം ഉറപ്പാക്കേണ്ട ചെയർമാൻ 2017 ഏപ്രിൽ 23-ാം തീയതി കീഴ്-ജീവനക്കാരനെതിരെ പോലീസിൽ പരാതി കൊടുത്തതിന്റെ കാരണം വിശദമാക്കാമോ;

(ജി) ബോർഡ് ജീവനക്കാർക്ക് സത്യസന്ധമായും നിർഭയമായും പ്രവർത്തിക്കുവാൻ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ) OA 318/13 നമ്പരിൽ ദേശീയ ഹരിത ട്രിബ്യൂണലിന്റെ 24-8-2016- ലെ ഉത്തരവിലെ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ചെയർമാന് ഒരു തവണ ആ സ്ഥാനം വഹിക്കാം. 7-12-2010 മുതൽ 2-12-2014 വരെ മൂന്ന് തവണകളായി സർക്കാർ നിയമിച്ച പ്രകാരം ശ്രീ.കെ. സജീവൻ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ചെയർമാനായി തുടരുന്നു. 2-12-2015 മുതൽ രണ്ട് വർഷത്തേക്ക് ടിയാന്റെ കാലാവധി ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. ടിയാന്റെ കാലാവധി 1-12-2017-ൽ അവസാനിക്കുന്നതാണ്. ദേശീയ ഹരിത ട്രിബ്യൂണലിന്റെ 4-7-2017-ലെ ഉത്തരവിൽ കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ചെയർമാനെതിരെയുള്ള പരാമർശം നീക്കിയതിനാൽ ടിയാൻ തൽസ്ഥാനത്ത് തുടരുന്നു.

(ബി) ദേശീയ ഹരിത ട്രിബ്യൂണൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ, സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ചെയർമാൻ, മെമ്പർ സെക്രട്ടറി എന്നീ തസ്തികകളിലെ നിയമനങ്ങൾക്ക് ചട്ടം രൂപീകരിക്കുന്നതിനുള്ള നടപടികൾ സർക്കാർ ആരംഭിച്ചിട്ടുണ്ട്.

(സി) കാലാകാലങ്ങളിലുള്ള സ്ഥാപനങ്ങളുടെ പ്രവർത്തനം നിരീക്ഷിച്ചാണ് പ്രവർത്തനാനുമതിയിലെ ഘടകങ്ങൾ നിശ്ചയിക്കുന്നത്. 2007 കാലയളവിൽ ജനറൽ സ്റ്റാന്റേർഡ്സാണ് അനുമതിപത്രത്തിൽ നൽകിയിരുന്നത്. എന്നാൽ 2009 മുതൽ ഇൻഡസ്ട്രി സ്പെസിഫിക് സ്റ്റാന്റേർഡ്സാണ് നൽകി വരുന്നത്. മെർക്കുറി, ലെഡ്, സയനൈഡ്, കാഡ്മിയം, നിക്കൽ, സിങ്ക്, കോപ്പർ, മാംഗനീസ്, ടൈറ്റാനിയം എന്നീ ഘടകങ്ങൾ പുനഃസ്ഥാപിക്കാൻ സാധ്യതയുണ്ടോ എന്ന കാര്യം പരിശോധിക്കുന്നതാണ്.

(ഡി) സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ജീവനക്കാരുടെ സംഘടന, ബഹു. മുഖ്യമന്ത്രിയ്ക്ക് നൽകിയ നിവേദനത്തിന്മേൽ ബോർഡിന്റെ റിപ്പോർട്ട് സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത പരാതി ബോർഡ് പരിശോധിച്ചു വരികയാണ് എന്നാണ് മലിനീകരണ നിയന്ത്രണ ബോർഡ് അറിയിച്ചിട്ടുള്ളത്.

(ഇ) ഉദ്യോഗസ്ഥർക്കെതിരെ നടപടിയെടുക്കാനല്ല മറിച്ച് നടന്ന സംഭവം അന്വേഷിക്കുന്നതിനാണ് ബോർഡ് കമ്മിറ്റിയെ നിയമിച്ചത്. 23-9-2016 -ന് രാത്രിയിൽ നടന്ന സംഭവത്തിൽ ഉദ്യോഗസ്ഥൻ കമ്പനിക്ക് നോട്ടീസ് നൽകിയത് 26-9-2016 തീയതിയിലാണ്. അന്വേഷണ കമ്മീഷനെ നിയമിച്ചത് 27-9-2016-ന് ആണ്. കമ്മീഷനെ നിയമിക്കുന്നതിന് സമയപരിധി പറഞ്ഞിട്ടില്ലാത്തതിനാൽ ജല നിയമം സെക്ഷൻ 9-ന്റെ ലംഘനം നടന്നിട്ടില്ലെന്നാണ് മലിനീകരണ നിയന്ത്രണ ബോർഡ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്.

(എഫ്) ഇങ്ങനെയൊരു പരാതി കൊടുത്തിട്ടില്ല. അന്വേഷണ ഉദ്യോഗസ്ഥരുടെ കണ്ടെത്തലിന്റെ അടിസ്ഥാനത്തിൽ പുറമേ നിന്നുള്ള വ്യക്തികൾ ഈ സംഭവത്തിൽ ഉൾപ്പെട്ടിട്ടുണ്ടോയെന്ന് സംശയമുള്ളതിനാലാണ് ബോർഡിലെ അന്വേഷണ റിപ്പോർട്ട് തുടർ അന്വഷണം നടത്തുന്നതിനായി പോലീസ് കൈമാറിയത്.

(ജി) ബോർഡ് ജീവനക്കാർക്ക് സത്യസന്ധമായും നിർഭയമായും പ്രവർത്തിക്കാനുള്ള സാഹചര്യങ്ങൾ സർക്കാർ ഉറപ്പുവരുത്തുന്നുണ്ട്, ബോർഡ് ജീവനക്കാർ എന്നനിലയിൽ എന്തെങ്കിലും ബുദ്ധിമുട്ടുണ്ടായാൽ ബന്ധപ്പെട്ട വകുപ്പുമായി ചേർന്ന് നിലവിലുള്ള നിയമനമനുസരിച്ച് നടപടികൾ കൈകൊള്ളുന്നതാണ്.

**സംസ്ഥാനത്തെ മലിനീകരണത്തിന്റെ തോത്**

49(3339) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:</u>
<u>ശ്രീ. അൻവർ സാദത്ത്:</u>
<u>ശ്രീ. ഷാഫി പറമ്പിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാക്ഷരതാ മിഷൻ അതോറിറ്റി നടത്തിയ പരിസ്ഥിതി സാക്ഷരതാ സർവ്വേയിൽ സംസ്ഥാനത്തെ മലിനീകരണത്തിന്റെ തോത് അപകടകരമായ തരത്തിലാണെന്ന് കണ്ടെത്തിയിട്ടുണ്ടോ;

(ബി) പരിസരമലിനീകരണം കാരണം ജനങ്ങൾ അതിവേഗം രോഗികളാകുന്നുവെന്നതും സംസ്ഥാനത്ത് ശ്വാസകോശ രോഗങ്ങളും, ത്വക്ക് രോഗങ്ങളും, അർബുദവും വർദ്ധിക്കുന്നുവെന്നതും വസ്തുതയാണോ;

(സി) ചുരുക്കം ചില മേഖലകളിലൊഴികെ സംസ്ഥാനത്തെ മിക്ക നഗരസഭകളും പഞ്ചായത്തുകളും മാലിന്യ നിർമ്മാർജ്ജനത്തിൽ പരാജയപ്പെട്ടിരിക്കുന്നുവെന്ന ആക്ഷേപം കണക്കിലെടുത്ത് മാലിന്യ നിർമ്മാർജ്ജനത്തെ ജനകീയ പ്രസ്ഥാനമായി വളർത്തിക്കൊണ്ടുവരുവാൻ എന്ത് നടപടികളാണ് ആവിഷ്കരിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) പരിസ്ഥിതി സാക്ഷരതാ സർവ്വേ റിപ്പോർട്ട് 2017 പ്രകാരം കേരളത്തിൽ നിലവിലെ സാഹചര്യത്തിൽ ഗുരുതമായ പരിസര മലിനീകരണവും പരിസ്ഥിതി മലിനീകരണവും നിലനിൽക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്. കേരളത്തിൽ പരിസരമലിനീകരണ പ്രശ്നങ്ങൾ അനുഭവിക്കുന്നവർ 79.5% ആണ്.

(ബി) പരിസ്ഥിതി മലിനീകരണംമൂലമുള്ള രോഗങ്ങളിൽ ശ്വാസകോശ രോഗങ്ങൾ 42.73%, ചർമ്മരോഗങ്ങൾ 36.37%, കാൻസർ രോഗങ്ങൾ 14.044%, മറ്റുള്ള രോഗങ്ങൾ 6.86% ആണ് എന്ന് സർവ്വേ പഠനം ചൂണ്ടിക്കാണിക്കുന്നു.

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉത്തരവാദിത്വത്തിൽ ജനകീയ പങ്കാളിത്തത്തോടെ മാലിന്യ നിർമ്മാർജ്ജനം നടപ്പാക്കുക എന്ന പൊതു സമീപനമാണ് സ്വീകരിച്ചുവരുന്നത്. സംസ്ഥാന തലത്തിൽ മാലിന്യ നിർമ്മാണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് സംസ്ഥാനത്ത് നവകേരളം കർമ്മ പദ്ധതിയുടെ ഭാഗമായി ഹരിത കേരളം മിഷന് രൂപം നൽകിയിട്ടുണ്ട്. പ്രസ്തുത മിഷന്റെ ഒരു ഉപദൗത്യമാണ് ശുചിത്വ മാലിന്യ സംസ്കരണം. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ജനപങ്കാളിത്തം ഉറപ്പാക്കി ശുചിത്വ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനുള്ള സർക്കാർ മാർഗ്ഗരേഖ 15-7-2017-ൽ പുറപ്പെടുവിച്ചിട്ടുണ്ട്. അതിൻപ്രകാരം നടപടികൾ ആരംഭിച്ചു കഴിഞ്ഞിട്ടുണ്ട്.

**ഫുൾടൈം തസ്തികയിൽ നിയമനം നല്കുന്നതിനുള്ള മുൻഗണനാ പട്ടിക**

50(3340) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാർട്ട്ടൈം തസ്തികയിൽ സേവനം അനുഷ്ഠിക്കുന്ന ജീവനക്കാർക്ക് തസ്തികമാറ്റം മുഖേന ഫുൾടൈം തസ്തികയിലേക്ക് നിയമനം നല്കുന്നതിന് വേണ്ടിയുള്ള മുൻഗണനാ പട്ടിക ഏതെല്ലാം ജില്ലാ കളക്ടർമാർ തയ്യാറാക്കിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) തിരുവനന്തപുരം ജില്ലയിൽ പ്രസ്തുത മുൻഗണനാ പട്ടിക നിലവിലുണ്ടോ; ഇല്ലെങ്കിൽ ആയത് അടിയന്തരമായി തയ്യാറാക്കുന്നതിന് നിർദ്ദേശം നല്കുമോ?

ഉത്തരം

(എ) പാർട്ട് ടൈം തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാർക്ക് തസ്തികമാറ്റം മുഖേന ഫുൾടൈം തസ്തികകളിലേയ്ക്ക് നിയമനം നൽകുന്നതിന് വേണ്ടിയുള്ള മുൻഗണനാ പട്ടിക കൊല്ലം, ആലപ്പുഴ, പത്തനംതിട്ട, ഇടുക്കി, എറണാകുളം, പാലക്കാട്, കോഴിക്കോട്, മലപ്പുറം, വയനാട്, കാസർഗോഡ് എന്നീ ജില്ലാ കളക്ടർമാർ തയ്യാറാക്കിയിട്ടുണ്ട്.

(ബി) ഇല്ല. തിരുവനന്തപുരം ജില്ലയിൽ 1-1-2016 മുതൽ 31-12-2016 വരെയുള്ള കാലയളവിലെ പാർട്ട്ടൈം കണ്ടിൻജന്റ് ജീവനക്കാരുടെ സേവനവിവരങ്ങൾ ലഭ്യമാക്കാൻ എല്ലാ വകുപ്പ് തലവന്മാർക്കും കത്ത് നൽകിയിട്ടുണ്ട്.

## പി.എസ്.സി. റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ച് നിയമനം നടത്താൻ നടപടി

51(3341) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാറ്റഗറി നമ്പർ 222/2015 പ്രകാരം സിവിൽ സപ്ലൈസ് കോർപ്പറേഷനിലെ അസിസ്റ്റന്റ് സെയിൽസ്മാൻ തസ്തികയിലേയ്ക്ക് നടത്തിയ പി.എസ്.സി. പരീക്ഷയുടെ ചുരുക്കപ്പട്ടിക പ്രസിദ്ധീകരിച്ചിട്ടുണ്ടോ;

(ബി) പഴയ ലിസ്റ്റിന്റെ കാലാവധി കഴിഞ്ഞിട്ടും പുതിയ ലിസ്റ്റ് പ്രസിദ്ധീകരിച്ച് നിയമനം നടത്താൻ കഴിയാത്ത സാഹചര്യം ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കാമോ?

ഉത്തരം

(എ) കാറ്റഗറി നമ്പർ 222/2015 ആയുള്ള സിവിൽ സപ്ലൈസ് കോർപ്പറേഷനിലെ അസിസ്റ്റന്റ് സെയിൽസ്മാൻ തസ്തികയുടെ ചുരുക്കപ്പട്ടിക പ്രസിദ്ധീകരിച്ചിട്ടില്ല.

(ബി) ചുരുക്കപ്പട്ടിക പ്രസിദ്ധീകരിക്കുന്ന നടപടികൾ പുരോഗമിച്ചുവരുന്നു.

## പി.എസ്.സി. മുഖേനയുള്ള നിയമനം ത്വരിതപ്പെടുത്താൻ നടപടി

52(3342) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പി.എസ്.സി. എത്ര തസ്തികകളിലേയ്ക്ക് അപേക്ഷ ക്ഷണിച്ചിട്ടുണ്ട്;

(ബി) പ്രസ്തുത കാലയളവിൽ എത്ര റാങ്ക് ലിസ്റ്റുകൾ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്;

(സി) പി.എസ്.സി. മുഖേനയുള്ള നിയമനം ത്വരിതപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാം; വിശദമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരമേറ്റ 25-5-2016 മുതൽ 31-7-2017 വരെയുള്ള കാലയളവിൽ ആകെ 527 തസ്തികകളിലേയ്ക്ക് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരമേറ്റ 25-5.2016 മുതൽ 31-7-2017 വരെയുള്ള കാലയളവിൽ 1342 റാങ്ക് പട്ടികകൾ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

(സി) വിജ്ഞാപനം പുറപ്പെടുവിച്ച പരമാവധി തസ്തികകളിൽ പരീക്ഷാ നടപടികൾ എത്രയുംവേഗത്തിൽ പൂർത്തീകരിച്ച് റാങ്ക് പട്ടിക പ്രസിദ്ധംചെയ്ത് നിയമന ശിപാർശ നൽകുക എന്ന ലക്ഷ്യം മുൻനിർത്തിയുള്ള പ്രവർത്തനങ്ങൾ പി.എസ്.സി. കൈക്കൊണ്ടുവരുന്നു. ഇതിന്റെ ഭാഗമായി 3000 (മൂവായിരം)-ൽ അധികം അപേക്ഷകരുള്ള തസ്തികകളിൽ നിലവിൽ OMR പരീക്ഷ നടത്തിവരുന്നു. 3000 (മൂവായിരം)-ൽ താഴെ അപേക്ഷകരുള്ള സൂപ്പർ സ്പെഷ്യാലിറ്റി, ടെക്നിക്കൽ തസ്തികകളിൽ online-പരീക്ഷ നടത്തിവരുന്നു. ടി തസ്തികകളിൽ എല്ലാംതന്നെ എത്രയുംവേഗത്തിൽ തെരഞ്ഞെടുപ്പ് നടപടിക്രമങ്ങൾ പൂർത്തിയാക്കാൻ കഴിഞ്ഞിട്ടുണ്ട്. കൂടുതൽ online പരീക്ഷാ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതോടുകൂടി കൂടുതൽ തസ്തികകളിലേയ്ക്ക് ഈ രീതി വ്യാപിപ്പിക്കാൻ കഴിയും. ഇതിന്റെ ഭാഗമായി കാസർഗോഡ്, പാലക്കാട്, മലപ്പുറം, ആലപ്പുഴ, കോട്ടയം ജില്ലകളിൽ online പരീക്ഷാകേന്ദ്രം സ്ഥാപിക്കുന്നതിനാവശ്യമായ സ്ഥലം സർക്കാർ അനുവദിച്ച് നൽകിയിട്ടുണ്ട്. മെഡിക്കൽ വിദ്യാഭ്യാസം, ആരോഗ്യം എന്നീ മേഖലകളിലെ തെരഞ്ഞെടുപ്പിനായി പുതിയ ഒരു വിഭാഗം രൂപീകരിച്ചിട്ടുണ്ട്. പി.എസ്.സി.-യിൽ പുതുതായി അനുവദിച്ച 120 തസ്തികകൾ പ്രയോജനപ്പെടുത്തി പരീക്ഷാവിഭാഗം വിപുലപ്പെടുത്തി അപേക്ഷകളിൽ വേഗത്തിൽ തീർപ്പുകൽപ്പിക്കുവാൻവേണ്ട പ്രവർത്തനം കൈക്കൊണ്ടിട്ടുണ്ട്.

**കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരണം കൊണ്ടുള്ള നേട്ടങ്ങൾ**

53(3343) <u>ശ്രീ. വി. ഡി. സതീശൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള അഡ്മിനിസ്ട്രേറ്റീവ് സർവീസ് രൂപീകരണംകൊണ്ട് എന്തെല്ലാം നേട്ടങ്ങളാണ് സർക്കാർ പ്രതീക്ഷിക്കുന്നത്;

(ബി) നിലവിലെ ജീവനക്കാരുടെ പ്രൊമോഷനെ ഇത് ബാധിക്കുമോ; കെ.എ.എസ്. കേഡറിനായി പുതിയ തസ്തികകൾ അനുവദിക്കേണ്ടി വരുമോയെന്നും ഇത് നടപ്പിലാക്കുമ്പോൾ സർക്കാരിന് സാമ്പത്തിക ബാധ്യത ഉണ്ടാകുമോയെന്നും വ്യക്തമാക്കാമോ;

(സി) പോലീസ്, വനം എന്നീ വകുപ്പുകളിലെ രണ്ടാം ഗസറ്റഡ് തസ്തികയിലേക്ക് നേരിട്ട് നിയമനം നൽകിയിരുന്നത് നിർത്തലാക്കിയതിന്റെ കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ) പ്രഗത്ഭരായ യുവജനങ്ങളെ പബ്ലിക് സർവ്വീസിലേയ്ക്ക് ആകർഷിക്കുക, അതിന്റെ കാര്യക്ഷമത മെച്ചപ്പെടുത്തുക, വകുപ്പുതല ചട്ടക്കൂട് ഇല്ലാതാക്കുക എന്നീ ഉദ്ദേശ്യങ്ങളോടെയാണ് കെ.എ.എസ്. നടപ്പിലാക്കുന്നത്.

വികസനരംഗത്ത് നേരിടുന്ന നിരവധി വെല്ലുവിളികൾ തരണംചെയ്യുവാനും കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരണത്തിലൂടെ ലക്ഷ്യമിടുന്നു. കൂടാതെ, പദ്ധതി നിർവ്വഹണ തലത്തിലെ പരിചയക്കുറവും പ്രൊഫഷണലുകളുടെ കുറവും ഇതര വകുപ്പുകളുടെ പ്രശ്നങ്ങൾ മനസ്സിലാക്കുന്നതിനുള്ള അപര്യാപ്തതയും ഉദ്യോഗക്കയറ്റത്തിലെ ചില ന്യൂനതകളും കെ.എ.എസ്. രൂപീകരിക്കുന്നതിലൂടെ മാറ്റിക്കൊണ്ടുവരാൻ കഴിയും.

(ബി) കെ.എ.എസ് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട സ്പെഷ്യൽ റൂൾസ് രൂപീകരണം പുരോഗമിക്കുന്നു. ജീവനക്കാരുടെ സംഘടനയുമായി ചീഫ് സെക്രട്ടറി അദ്ധ്യക്ഷയായ കമ്മിറ്റി ഇക്കാര്യത്തിൽ 17-8-2017-ൽ ചർച്ച നടത്തിയിട്ടുണ്ട്. പ്രസ്തുത ചർച്ചയിൽ ഉയർന്നുവന്ന അഭിപ്രായങ്ങളും നിലവിൽ പാലിക്കേണ്ട സർക്കാർ നടപടിക്രമങ്ങളും പാലിച്ചുകൊണ്ട് സർക്കാർ ഇക്കാര്യത്തിൽ അന്തിമതീരുമാനമെടുക്കുന്നതാണ്.

(സി) വിവരം ശേഖരിച്ചുവരുന്നു.

**തസ്തികമാറ്റ നിയമനങ്ങൾ**

54(3344) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ ഗസറ്റഡ് ഉൾപ്പെടെയുള്ള ഏതെല്ലാം തസ്തികകളിലാണ് തസ്തികമാറ്റ നിയമനങ്ങൾ നടത്തുന്നത്;

(ബി) പി.എസ്.സി.വഴി നടത്തുന്ന തസ്തികമാറ്റ നിയമനങ്ങളിൽ സാമുദായിക സംവരണം പാലിക്കാറുണ്ടോ; എങ്കിൽ എങ്ങനെയെന്നും ഇതിനായി പിന്തുടരുന്ന റൊട്ടേഷൻ ചാർട്ട് ഏതെന്നും വ്യക്തമാക്കുമോ;

(സി) നിലവിൽ ഏതെല്ലാം ഗസറ്റഡ് തസ്തികകളിലെ തസ്തികമാറ്റ നിയമനങ്ങൾക്കാണ് സാമുദായിക സംവരണം നൽകുന്നതെന്ന് വെളിപ്പെടുത്തുമോ;

(ഡി) ജില്ലാ വിദ്യാഭ്യാസ ഓഫീസർ നിയമനത്തിലെ തസ്തികമാറ്റ നിയമനത്തിന് സാമുദായിക സംവരണം പാലിക്കുന്നുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(ഇ) പുതുതായി രൂപീകരിക്കുന്ന കേരള അഡ്മിനിസ്ട്രേറ്റീവ് സർവീസിൽ തസ്തികമാറ്റ നിയമനങ്ങൾക്ക് സാമുദായിക സംവരണത്തിന് കരട് ചട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(എഫ്) കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിലെ ആദ്യ ഗസറ്റഡ് തസ്തികയിലേയ്ക്കുള്ള നിയമനത്തിന് സാമുദായിക സംവരണാനുകൂല്യം ലഭ്യമാകുമോ; വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി-ഡി) തസ്തികമാറ്റ നിയമനങ്ങൾക്ക് സംവരണ ചട്ടങ്ങൾ ബാധകമാക്കിയിട്ടില്ല.

(ഇ & എഫ്) 1958-ലെ കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസസ് റൂൾസ് 14 മുതൽ 17 വരെയുള്ള സംവരണം സംബന്ധിച്ച ചട്ടങ്ങൾ കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിലേയ്ക്കുള്ള നേരിട്ടുള്ള നിയമനങ്ങൾക്ക് ബാധകമായിരിക്കും എന്ന് കരട് സ്പെഷ്യൽ റൂളിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

**കോഴിക്കോട് എച്ച്.എസ്.എ. മലയാളം റാങ്ക് ലിസ്റ്റ്**

55(3345) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എഴുത്തുപരീക്ഷയും ഇന്റർവ്യൂവും കഴിഞ്ഞ കോഴിക്കോട് ജില്ല എച്ച്.എസ്.എ. മലയാളം തസ്തികയുടെ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കാൻ വൈകുന്നതിന്റെ കാരണം വിശദമാക്കുമോ;

(ബി) റാങ്ക് ലിസ്റ്റ് എന്നത്തേയ്ക്ക് പ്രസിദ്ധീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ & ബി) കോഴിക്കോട് ജില്ലയിൽ വിദ്യാഭ്യാസ വകുപ്പിൽ എച്ച്.എസ്.എ. (മലയാളം) തസ്തികയുടെ നേരിട്ടുള്ള നിയമനത്തിനായി റാങ്ക് പട്ടിക 9-8-2017-ന് പ്രസിദ്ധീകരിച്ചിട്ടുണ്ട്.

**പത്തനംതിട്ട ജില്ലയിൽ നടന്ന എൽ.ഡി. ക്ലാർക്ക് പരീക്ഷ**

56(3346) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ജില്ലയിൽ പി.എസ്.സി. നടത്തിയ എൽ.ഡി. ക്ലാർക്ക് പരീക്ഷയിൽ കൂടുതൽ ചോദ്യങ്ങളും സിലബസിനുപുറത്തുനിന്നായിരുന്നവെന്നുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ചോദ്യങ്ങളിൽ കൂടുതലും ഗുരുതരമായ തെറ്റുകളായിരുന്നുവെന്ന പരാതി ലഭിച്ചിട്ടുണ്ടോ;

(സി) ചോദ്യം തയ്യാറാക്കിയ ആളിന്റെ പേരിൽ നടപടി കൈക്കൊള്ളുമോ;

(ഡി) പ്രസ്തുത പരീക്ഷ റദ്ദ് ചെയ്ത് പുതുതായി പരീക്ഷ നടത്തുന്നതിന് നിർദ്ദേശം നൽകുമോ;

(ഇ) ഇത്തരത്തിൽ ഗുരുതരമായ തെറ്റുകൾ വരുത്തി ചോദ്യം തയ്യാറാക്കുന്നവരെ പുറത്താക്കുന്നതിന് നടപടികൾ കൈക്കൊള്ളുമോ?

ഉത്തരം

(എ - ഇ) കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തുന്ന പരീക്ഷകളെ സംബന്ധിച്ച് ഉദ്യോഗാർത്ഥികൾക്ക് പരാതികൾ ഉന്നയിക്കുവാനുള്ള സംവിധാനം പി.എസ്.സി. തന്നെ ഒരുക്കിയിട്ടുണ്ട്. ഇപ്രകാരം ലഭ്യമാകുന്ന പരാതികൾ ഒരു വിദഗ്ദ്ധ സമിതി പരിശോധിച്ചശേഷം കമ്മീഷൻ ഉചിതമായ തീരുമാനം കൈക്കൊള്ളുകയും ചെയ്യും. ഏതാനും ചിലർ പരാതി ഉന്നയിക്കുന്നു എന്ന കാരണത്താൽ പരീക്ഷ റദ്ദ് ചെയ്യണമെന്ന ആവശ്യം ന്യായീകരിക്കാവുന്നതല്ല.

**സർക്കാർ ജീവനക്കാർ സർക്കാർ നയങ്ങളെയും നടപടികളെയും വിമർശിക്കുന്നതിനുള്ള വിലക്ക്**

57(3347) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാർ സമൂഹ്യമാധ്യമങ്ങളിലും ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളിലും സർക്കാർ നയങ്ങളെയും നടപടികളെയും കുറിച്ച് ചർച്ച ചെയ്യുന്നതും വിമർശിക്കുന്നതും വിലക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) ഏത് സാഹചര്യത്തിലാണ് ഇത്തരം ഒരു ഉത്തരവ് പുറപ്പെടുവിച്ചത്;

(സി) ജീവനക്കാരുടെ അഭിപ്രായ സ്വാതന്ത്ര്യത്തിന് വിലക്ക് ഏർപ്പെടുത്തി കൊണ്ട് സർക്കാരിന്റെ തെറ്റായ നടപടികൾ ജനമധ്യത്തിലെത്തുന്നത് തടയുവാൻ കഴിയുമോയെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ - സി) 1960-ലെ സർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ടങ്ങളിലെ ചട്ടം 60 (എ) പ്രകാരം സർക്കാർ ജീവനക്കാർ ഏതെങ്കിലും സംഭാഷണത്തിലൂടെയോ, എഴുത്തിലൂടെയോ മറ്റ് രീതിയിലോ സർക്കാർ അനുവർത്തിക്കുന്ന നയത്തെയോ സർക്കാർ എടുക്കുന്ന നടപടികളെയോ, പൊതുജനമദ്ധ്യത്തിലോ അസോസിയേഷനിലോ, സംഘത്തിലോ ചർച്ച ചെയ്യുവാനോ വിമർശിക്കുവാനോ പാടില്ലെന്നും അങ്ങനെയുള്ള ചർച്ചയിലോ വിമർശനത്തിലോ യാതൊരു രീതിയിലും പങ്കെടുക്കുവാൻ പാടില്ലെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ 19-10-2012-ലെ 19469/ഉപസി2/12/ഉഭപവ. നമ്പർ സർക്കുലർ പ്രകാരം സർക്കാർ ജീവനക്കാർ മാധ്യമങ്ങളിലൂടെ സർക്കാർ നയങ്ങളെയും നടപടികളെയും കുറിച്ച് സർക്കാരിന്റെ മുൻകൂർ അനുമതി വാങ്ങാതെ അഭിപ്രായ പ്രകടനം നടത്തുന്നതിന് വിലക്ക് ഏർപ്പെടുത്തിയിരുന്നു. പ്രസ്തുത സർക്കുലറിലെ നിർദ്ദേശങ്ങൾ സർക്കാർ ജീവനക്കാർ കർശനമായി പാലിക്കുന്നില്ലെന്ന് ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് 19-10-2012-ലെ സർക്കുലർ കാലോചിതമായി പരിഷ്കരിച്ച് 31-1-2017-ലെ 78/ഉപസി2/17 ഉഭപവ. നമ്പർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്.

**ആഗോള ഐ.ടി.കമ്പനികളെ സംസ്ഥാനത്തേയ്ക്ക് ആകർഷിക്കുന്നതിന് നടപടി**

58(3349) <u>ശ്രീ. എ. എൻ. ഷംസീർ:</u>
<u>ശ്രീ. എം. സ്വരാജ്:</u>
<u>ശ്രീ. കെ. ദാസൻ:</u>
<u>ശ്രീ. കെ. ഡി. പ്രസേനൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമഗ്രമായ ഐ.ടി. നയം പ്രഖ്യാപിച്ച സാഹചര്യത്തിൽ ആഗോള ഐ.ടി കമ്പനികളെ സംസ്ഥാനത്തേയ്ക്ക് ആകർഷിക്കുന്നതിനും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും എന്തെല്ലാം പദ്ധതികളാണ് ആവിഷ്ക്കരിക്കാനുദ്ദേശിക്കുന്നത്;

(ബി) ഐ.ടി. പാർക്കുകൾ വികസിപ്പിക്കുന്നതിന് സഹകരണ മേഖലയുടെയും പ്രവാസികളുടെയും നിക്ഷേപം പ്രയോജനപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(സി) സംസ്ഥാനത്തെ ചെറുകിട - ഇടത്തരം ഐ.ടി. സംരംഭങ്ങളുടെ ഗുണനിലവാരവും അന്താരാഷ്ട്ര വിപണിയിൽ അവയുടെ മത്സരക്ഷമതയും വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കേരള ഐ.ടി വികസിപ്പിക്കുന്നതിന്റെ ഭാഗമായി ഒരു ഹൈ പവർ ഐ.ടി. കമ്മിറ്റി (HPIC) രൂപീകരിച്ചിട്ടുണ്ട്. ഈ കമ്മിറ്റിയുടെ തീരുമാന പ്രകാരം ആഗോള ഐ.ടി. കമ്പനികളെ സംസ്ഥാനത്തേയ്ക്ക് ആകർഷിക്കുന്നതിനും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും 6-പേർ അടങ്ങുന്ന Chief Minister's Fellow-IT (CMF-IT) എന്ന പേരിൽ ഒരു സെൽ രൂപീകരിച്ചിട്ടുണ്ട്.

തെരഞ്ഞെടുക്കപ്പെട്ട പ്രദേശങ്ങളിലും രാജ്യങ്ങളിലും വ്യവസായ സ്ഥാപനങ്ങളുമായും ഐ.ടി. സംരംഭകരുമായും സഹകരിച്ച് ഐ.ടി. സംരംഭകരെ കൂടി ഐ.ടി. പ്രതിനിധി സംഘത്തിലുൾപ്പെടുത്തി (Kerala IT Banner) യൂറോപ്പ്, ഓസ്ട്രേലിയ, മിഡിൽ ഈസ്റ്റ് തുടങ്ങിയ രാജ്യങ്ങളിലും ഐ.ടി. മേളകളിലും മറ്റും പങ്കെടുക്കുന്നതിനായുള്ള നിരവധി SME ഐ.ടി. കമ്പനികൾക്ക് എക്സ്പോഷറിനുള്ള അവസരങ്ങൾ ലഭിക്കുന്നു. ദേശീയ-അന്തർദേശീയ തലത്തിൽ സംസ്ഥാനത്തെ ഐ.ടി. കമ്പനികൾ കൂടുതൽ ശ്രദ്ധിക്കപ്പെടുവാനും നിരവധി പുതു സംരംഭങ്ങൾക്ക് അവസരമൊരുക്കുവാനും ഇതുമൂലം സാധിച്ചിട്ടുണ്ട്.

ഐ.ടി. രംഗത്ത് കൂടുതൽ വിദേശ നിക്ഷേപ സാധ്യതകൾ ലക്ഷ്യമാക്കി സംസ്ഥാന സർക്കാരിന്റെ നേതൃത്വത്തിൽ CeBIT-Germay, Australia, GITEX-Dubai എന്നിവിടങ്ങളിൽ നടക്കുന്ന ഐ.ടി. മേളകൾ, വൻകിട ഐ.ടി. കമ്പനികളുടെ പ്രതിനിധികളുമായി ചർച്ചകൾ, Leadership Summit തുടങ്ങിയവയിലെ പങ്കാളിത്തം, NASSCOM, CII, TIE എന്നീ അസോസിയേഷനുകളുമായി സഹകരിച്ചുള്ള പ്രവർത്തനങ്ങൾ തുടങ്ങിയവ എല്ലാം കൂടുതൽ വിദേശ ഐ.ടി. കമ്പനികളെ കേരളത്തിലേയ്ക്ക് ആകർഷിക്കാൻ സഹായമാകുന്നു.

(ബി) ഐ.ടി. പാർക്കുകൾ വികസിപ്പിക്കുന്നതിന് സഹകരണ മേഖലയിലെ സാമൂഹ്യ സ്ഥാപനങ്ങളുടെ കഴിവും പ്രവാസി മൂലധനത്തെയും പാർക്കുകളുടെ നിർമ്മാണത്തിനായി ഉപയോഗിക്കുന്നതിനും ഐ.ടി. നയത്തിൽ പദ്ധതിയുണ്ട്. ഇത് സംബന്ധിച്ച വിശദമായ ചർച്ചകൾക്കുശേഷം മാത്രമേ പദ്ധതിക്ക് അന്തിമ രൂപം നല്കുകയുള്ളൂ.

(സി) സംസ്ഥാനത്തെ ചെറുകിട-ഇടത്തരം ഐ.ടി. സംരംഭങ്ങളുടെ ഗുണനിലവാരവും അന്താരാഷ്ട്ര വിപണിയിൽ അവയുടെ മത്സരക്ഷമതയും വർദ്ധിപ്പിക്കുന്നതിനുവേണ്ടി എല്ലാ വർഷവും G-Tec, CeBIT തുടങ്ങിയ ഐ.ടി. ഇവെന്റുകൾ വിദേശ രാജ്യങ്ങളിൽ നടത്തിവരുന്നുണ്ട്.

ഐ.ടി. മേഖലയിൽ കേരളത്തിനുള്ള പ്രാവീണ്യം ലോകത്തിനുമുന്നിൽ അവതരിപ്പിക്കുന്നതിനും ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള അത്യന്താധുനിക സാങ്കേതികവിദ്യകൾ കേരളത്തിലെ സംരംഭകർക്ക് പരിചയപ്പെടുത്താനും, വാർഷിക ഐ.ടി. എക്സ്പോ സംഘടിപ്പിക്കുന്നതിലൂടെ കഴിയും. സംസ്ഥാനത്തെ ഐ.ടി. കമ്പനികൾക്ക് ദേശീയ അന്തർദേശീയ ബിസിനസ്സ് ചെയ്യാനുള്ള അവസരങ്ങൾ കണ്ടെത്താനുള്ള വേദിയായി ഐ.ടി. എക്സ്പോ മാറും. കേരളത്തിലെ കമ്പനികൾക്ക് മെച്ചപ്പെട്ട അവസരങ്ങളുള്ള മറ്റു രാജ്യങ്ങളിൽനിന്ന് വാണിജ്യ സംഘങ്ങളെ ഇവിടേയ്ക്ക് ക്ഷണിക്കുന്നതിനും സ്റ്റാർട്ട് സങ്കേതങ്ങൾ ആരോഗ്യം, മൊബിലിറ്റി എന്നീ മേഖലയിൽ കൂടുതൽ സംരംഭകരെ ആകർഷിക്കുന്നതിനും ഇത്തരം മേളകൾക്ക് കഴിയും.

## ഇ-ഗവേണൻസ്

59(3350) <u>ശ്രീ. മഞ്ഞളാംകുഴി അലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവരസാങ്കേതികവിദ്യയിൽ പ്രാവീണ്യമുള്ള സർക്കാർ ജീവനക്കാരെ കണ്ടെത്തി ഇ-ഗവേണൻസ് ശക്തിപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ബി) എല്ലാ വകുപ്പുകളിലും ഇത്തരത്തിൽ പ്രാവീണ്യമുള്ളവരെ ഉൾപ്പെടുത്തി ഐ.ടി. അധിഷ്ഠിത പദ്ധതികളുടെ നടത്തിപ്പ് കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) വെർച്വൽ ഐ.ടി. കാഡർ പദ്ധതി എല്ലാ വകുപ്പുകളിലേയ്ക്കും വ്യാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഇതുവഴി എന്തുമാറ്റമാണ് വകുപ്പുകളുടെ പ്രവർത്തനത്തിൽ പ്രതീക്ഷിക്കുന്നതെന്ന് അറിയിക്കുമോ ?

<u>ഉത്തരം</u>

(എ) ഇ-ഗവേണൻസ് ഫലപ്രദമായി നടപ്പിലാക്കുന്നതിനുവേണ്ടി സർക്കാർ ജീവനക്കാരെ പ്രാപ്തരാക്കുകയെന്ന ലക്ഷ്യത്തോടുകൂടി വിവരസാങ്കേതികവിദ്യയിൽ കപ്പാസിറ്റി ബിൽഡിംഗ് പ്രോഗ്രാമും വെർച്ചൽ ഐ.ടി കേഡർ എന്ന പദ്ധതിയും പി.ജി.ഡി.ഇ.ജി. എന്ന ഒരു വർഷത്തെ കോഴ്സും ഫലപ്രദമായി നടപ്പിലാക്കി വരുന്നുണ്ട്. ഇ-ഗവേണൻസ് പദ്ധതികളുടെ വിഭാവനം, നടത്തിപ്പ്, മേൽനോട്ടം എന്നിവ അതത് വകുപ്പുകളുടെതന്നെ ഉദ്യോഗസ്ഥരുടെ ടീമിനെ ഉപയോഗിച്ച് നടപ്പിലാക്കുക, വിവര സാങ്കേതിക വിദ്യയിലുള്ള അവരുടെ അറിവ് വർദ്ധിപ്പിക്കുക എന്നീ ഉദ്ദേശ്യലക്ഷ്യങ്ങളോടെ സെക്രട്ടേറിയറ്റിലേയും, മറ്റ് വകുപ്പുകളിലേയും

ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി 10 ദിവസം നീണ്ടുനിൽക്കുന്ന വെർച്ചൽ ഐ.ടി. കേഡർ എന്ന പദ്ധതിയും, ഈ ഉദ്യോഗസ്ഥരിൽ നിന്നും സമർത്ഥരായ 20 ഉദ്യോഗസ്ഥരെ കണ്ടെത്തി ഇ-ഗവേണൻസ് മേഖലയിൽ ഒരു വർഷം നീണ്ടുനിൽക്കുന്ന ബിരുദാനന്തര ഡിപ്ലോമ പ്രോഗ്രാമും നടപ്പിലാക്കി വരുന്നുണ്ട്.

(ബി) വിവിധ വകുപ്പുകളിൽ തെരഞ്ഞെടുത്തവരെ ഉൾപ്പെടുത്തി വകുപ്പുതല ഐ.ടി. സെൽ രൂപീകരിക്കുകയും ഇവ സംസ്ഥാന ഐ.ടി. മിഷനുമായി ചേർന്ന് പ്രവർത്തിക്കുകയും വകുപ്പുതല പ്രവർത്തനങ്ങൾ മൊത്തത്തിലുള്ള പദ്ധതികളുമായി സമന്വയമുള്ളതാണെന്നും ഇവ തടസ്സം കൂടാതെ നടപ്പിലാക്കുന്നുണ്ടെന്നും ഉറപ്പുവരുത്തുന്നതിന് ഐ.ടി.നയം 2017 വിഭാവനം ചെയ്യുന്നു.

(സി) വെർച്ചൽ ഐ.ടി. കേഡർ പദ്ധതി എല്ലാ വകുപ്പുകളിലേയ്ക്കും വ്യാപിപ്പിച്ചിട്ടുണ്ട്. ഈ പദ്ധതി മുഖാന്തരം ഓരോ വകുപ്പുകളിലും ഓരോ ഇൻഹൗസ് ടീമുകൾ രൂപീകരിക്കുകയും വിദഗ്ദ്ധ പരിശീലനം ലഭിച്ച ഉദ്യോഗസ്ഥർ മേൽനോട്ടം വഹിക്കുകയും ചെയ്യുന്നതുവഴി സർക്കാരിന്റെ വിവിധ പദ്ധതികൾ ഏകോപിപ്പിക്കുവാനും അതുവഴി കാര്യക്ഷമത വർദ്ധിപ്പിക്കുവാനും കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

**കേരള ഫൈബർ ഒപ്റ്റിക് നെറ്റ്‌വർക്ക്**

60(3351) <u>ശ്രീ. സി. മമ്മൂട്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഫൈബർ ഒപ്റ്റിക് നെറ്റ്‌വർക്ക് വഴി സംസ്ഥാനത്തെ എല്ലാ സർക്കാർ ഓഫീസുകളെയും സ്ഥാപനങ്ങളെയും സംരംഭങ്ങളെയും പരസ്പരം ബന്ധിപ്പിക്കുന്നതിനുള്ള പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ടോ;

(ബി) ഈ പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(സി) ഇതുമൂലം ഉണ്ടാകുന്ന പ്രയോജനങ്ങൾ എന്തെല്ലാമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) കേരള ഫൈബർ ഒപ്റ്റിക് നെറ്റ്‌വർക്ക് സംവിധാനം നടപ്പിലാക്കുന്നതിന് 18-5-2017-ൽ 1028.20 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഐ.ടി. മിഷൻ ടെക്നിക്കൽ കൺസൽട്ടന്റിനെ നിയമിക്കുകയും പദ്ധതിരേഖ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതി നടത്തിപ്പിനാവശ്യമായ ഫണ്ട് ലഭ്യമാക്കുന്നതിനായി പ്രോജക്റ്റ് റിപ്പോർട്ട് കിഫ്ബിക്ക് സമർപ്പിച്ചിട്ടുണ്ട്.

(സി) കേരള ഫൈബർ ഒപ്റ്റിക് നെറ്റ്‌വർക്കിലൂടെ ഒരു സംസ്ഥാനതല ഒപ്റ്റിക്കൽ ഫൈബർ ശൃംഖല രൂപീകരിക്കുവാനാണ് ലക്ഷ്യമിടുന്നത്. ഈ പദ്ധതിയിലൂടെ സംസ്ഥാനത്തെ 30,000-ത്തോളം വരുന്ന സർക്കാർ/വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഒപ്റ്റിക്കൽ ഫൈബർ കണക്ടിവിറ്റി നൽകുവാൻ സാധിക്കും. കൂടാതെ ടെലികോം/ഇന്റർനെറ്റ് സേവനദാതാക്കൾക്ക് ഈ നെറ്റ്‌വർക്കിലൂടെ വിവിധ സേവനങ്ങൾ ജനങ്ങൾക്ക് ലഭ്യമാക്കുവാൻ സാധിക്കും. 20 ലക്ഷത്തോളം വരുന്ന പാവപ്പെട്ട കുടുംബങ്ങൾക്ക് സൗജന്യ ഇന്റർനെറ്റും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വിവരസാങ്കേതികവിദ്യ ഉപയോഗിച്ച് സർക്കാർ സേവനങ്ങൾ മെച്ചപ്പെടുത്തുവാനും അവ ജനങ്ങളുടെ അടുത്തേയ്ക്ക് വേഗത്തിൽ എത്തിക്കുവാനും കേരള ഫൈബർ ഒപ്റ്റിക് നെറ്റ്‌വർക്ക് വഴി സാധിക്കും. സർക്കാരിന്റെ പ്രവർത്തനക്ഷമത ഉയർത്തുവാനും ധനവിനിയോഗം മെച്ചപ്പെടുത്തുവാനും സാധിക്കും. കൂടാതെ പൊതുവിതരണ ശൃംഖല, സാമൂഹ്യക്ഷേമ പദ്ധതികൾ എന്നിവയുടെ കാര്യക്ഷമമായ നടത്തിപ്പ് സാധ്യമാക്കും. ഡിപ്പാർട്ട്മെന്റുകൾ തമ്മിൽ വീഡിയോ കോൺഫറൻസിംഗ് വഴി ബന്ധിപ്പിക്കുക, സ്റ്റാർട്ട്അപ്പുകൾക്ക് പ്രോത്സാഹനം നൽകുക, പൊതുജനങ്ങൾക്ക് വിവര സാങ്കേതികവിദ്യയിലധിഷ്ഠിതമായ സർക്കാർ സേവനങ്ങൾ സൗജന്യമായി ലഭ്യമാക്കുക, പൊതുസ്ഥലങ്ങളിൽ പബ്ലിക് വൈഫൈ സാധ്യമാക്കുക എന്നിവ ഈ പദ്ധതിയിലൂടെ പ്രാവർത്തികമാകും. വിദൂരസ്ഥലങ്ങളിലേയ്ക്കുപോലും വിദഗ്ദ്ധ ഡോക്ടർമാരുടെ സേവനം ടെലി ഹെൽത്ത് വഴി ലഭ്യമാക്കുവാനും ഐ.ടി. പാർക്കുകൾ, എയർപോർട്ട്, സീ പോർട്ട് മറ്റ് വാണിജ്യ വ്യവസായ സ്ഥാപനങ്ങൾ എന്നിവയ്ക്കാവശ്യമായ ഹൈസ്പീഡ് കണക്ടിവിറ്റി നൽകുവാനും കേരള ഫൈബർ ഒപ്റ്റിക് നെറ്റ്‌വർക്ക്‌വഴി സാധ്യമാകുന്നതാണ്.

### കൊച്ചി സ്മാർട്ട് സിറ്റി പദ്ധതിയുടെ പുരോഗതി

61(T 3352) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചിയെ സ്മാർട്ട് സിറ്റി ആക്കുവാനുള്ള പദ്ധതിയുടെ പുരോഗതി വെളിപ്പെടുത്തുമോ;

(ബി) കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെയും നഗരസഭകളുടെയും സ്വകാര്യപങ്കാളികളുടെയും വിഹിതമായി എത്ര കോടി രൂപയുടെ വികസന പദ്ധതികളാണ് കൊച്ചിയിൽ ആസൂത്രണം ചെയ്തിട്ടുള്ളത്;

(സി) പദ്ധതി നടത്തിപ്പിനായി രൂപീകരിച്ച സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ഇതിനകം നടപ്പിലാക്കിയ പദ്ധതികൾ എന്തൊക്കെയാണ്;

(ഡി) പദ്ധതി നടത്തിപ്പിൽ എന്തെങ്കിലും കാലതാമസം വന്നതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ സമയബന്ധിതമായി പദ്ധതി പൂർത്തീകരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

T മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്ന

ഉത്തരം

(എ) നഗരങ്ങളുടെ സുസ്ഥിര വികസനത്തിനും നഗര ജീവിതനിലവാരം ഉയർത്തുന്നതിനും ലക്ഷ്യമിട്ട് നൂറു നഗരങ്ങളെ സ്മാർട്ടാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതിക്കായി സംസ്ഥാനത്തുനിന്ന് തെരഞ്ഞെടുക്കപ്പെട്ടത് ആദ്യമായി കൊച്ചി നഗരമാണ്. പദ്ധതി നിർവ്വഹണത്തിനായി കൊച്ചിൻ സ്മാർട്ട് മിഷൻ ലിമിറ്റഡ് എന്ന പേരിൽ ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (കമ്പനി) രൂപീകരിച്ചിട്ടുണ്ട്. ചീഫ് സെക്രട്ടറി ചെയർമാനായ ബോർഡാണ് കമ്പനികളുടെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നത്. 2076.24 കോടി രൂപയുടെ പദ്ധതികൾക്കാണ് അംഗീകാരം ലഭിച്ചിട്ടുള്ളത്.

പദ്ധതി നിർവ്വഹണത്തിന് സാങ്കേതിക സഹായത്തിനായുള്ള കൺസൾട്ടന്റായി ഐ.പി.ഇ. ഗ്ലോബൽ പ്രൈവറ്റ് ലിമിറ്റഡിനെ ദർഘാസ് മുഖേന തെരഞ്ഞെടുത്തിട്ടുണ്ട്. കൂടാതെ പദ്ധതിയുടെ നിർവ്വഹണ സഹായ ഏജൻസിയായി കൊച്ചി മെട്രോ റെയിൽ ലിമിറ്റഡിനെ (കെ.എം.ആർ.എ.) നിയമിക്കുകയും ചെയ്തു.

പദ്ധതിയുടെ കാര്യക്ഷമമായ നടത്തിപ്പിനായി പദ്ധതി മേഖലയെ മൂന്ന് നഗരാസൂത്രണ മേഖലകളായി തിരിച്ചിട്ടുണ്ട്. ഈ മേഖലയ്ക്കായുള്ള ആസൂത്രണ നഗര ഗ്രാമാസൂത്രണ വകുപ്പാണ് നിർവ്വഹിക്കുന്നത്. കൂടാതെ കൊച്ചി നഗരത്തിലെ ഗതാഗത മാർഗ്ഗങ്ങൾ (ജലഗതാഗതം ഉൾപ്പെടെ) കാര്യക്ഷമമാക്കുന്നതിനുള്ള പദ്ധതികൾ കെ.എം.ആർ.എൽ. ആസൂത്രണം ചെയ്തുവരുന്നു. നഗര ഗതാഗതം ഐ.ടി.സെക്ടർ തുടങ്ങിയ സെക്ടറുകളിൽ ഭരണാനുമതി നൽകി. (പദ്ധതികൾ അനുബന്ധമായി ചേർത്തിട്ടുണ്ട്)*.

(ബി) കേന്ദ്ര വിഹിതമായ 500 കോടി രൂപയും സംസ്ഥാനത്തിന്റേയും നഗരസഭയുടെയും സംയുക്ത വിഹിതമായ 577 കോടി രൂപയും മറ്റു പദ്ധതികളുടെ സംയോജിത വിഹിതമായ 505 കോടി രൂപയും പൊതു സ്വകാര്യ പങ്കാളിത്തത്തോടെയും മറ്റ് ഫണ്ടിംഗ് ഏജൻസികളിലൂടെയും സമാഹരിക്കുന്ന 494 കോടി രൂപയും ചേർത്ത് ആകെ 2076 കോടി രൂപയുടെ വികസന പദ്ധതികളാണ് സ്മാർട്ട് സിറ്റി പദ്ധതിക്കായി ആസൂത്രണം ചെയ്തിട്ടുള്ളത്.

(സി) 2016 മാർച്ച് 16-ന് കൊച്ചിൻ സ്മാർട്ട് സിറ്റി മിഷൻ ലിമിറ്റഡ് എന്ന പേരിൽ കമ്പനി രജിസ്റ്റർ ചെയ്ത് സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിച്ചാണ് സ്മാർട്ട് സിറ്റി മിഷൻ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത്. കൊച്ചിൻ സ്മാർട്ട് മിഷൻ ലിമിറ്റഡിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും പ്രോജക്ടുകൾ നടപ്പാക്കുന്നതിൽ പങ്കാളിയുമായി കെ.എം.ആർ.എൽ.-നെ നിയോഗിച്ചിട്ടുണ്ട്. നഗര ഗതാഗതം ഐ.ടി. തുടങ്ങിയ വിഭാഗങ്ങളിലായി 6 പദ്ധതികൾക്ക് ഭരണാനുമതി നല്കിയിട്ടുണ്ട്. 61.70 കോടി രൂപയുടെ പദ്ധതികൾക്കാണ് ഭരണാനുമതി നല്കിയത്. (പദ്ധതികൾ അനുബന്ധമായി ചേർത്തിട്ടുണ്ട്)*.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) സ്മാർട്ട് സിറ്റി പദ്ധതി നടത്തിപ്പിലെ കാലതാമസം ഒഴിവാക്കാനാവശ്യമായ ഭരണപരമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിനായുള്ള പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടന്റിനെ (ഐ.പി.ഇ.ഗ്ലോബൽ കമ്പനി) ബോർഡ് ഓഫ് ഡയറക്ടേഴ്സിന്റെ അംഗീകാരം ലഭിച്ചാലുടൻ നിയമിക്കുന്നതാണ്. പദ്ധതിയുടെ നടത്തിപ്പിന് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായി സിവിൽ സപ്ലൈസ് മാനേജിംഗ് ഡയറക്ടർ ശ്രീ. മുഹമ്മദ് ഹനീഷ് ഐ.എ.എസ്.-നെ നിയമിച്ചിട്ടുണ്ട്.

**കൊലയാളി ഗെയിം**

62(3353) ശ്രീ. എം. ഉമ്മർ:

ശ്രീ. പാറക്കൽ അബ്ദുല്ല:

ശ്രീ. പി. ഉബൈദുള്ള:

ഡോ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊലയാളി ഗെയിം എന്നറിയപ്പെടുന്ന ബ്ലൂവെയിൽ ഗെയിംപോലെ ആത്മഹത്യ പ്രവണതയുളവാക്കുന്ന മറ്റ് ഗെയിമുകൾ സംസ്ഥാനത്ത് വ്യാപകമാകുന്നത് സംബന്ധിച്ച വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യം വിശദമായി പരിശോധിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇത്തരം സൈബർഗെയിമുകൾ തടയുന്നതിന് എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിരിക്കുന്നത്; വിശദമാക്കാമോ;

(സി) ഇത് സംബന്ധിച്ച് പൊതുജനങ്ങൾക്കിടയിൽ വ്യാപകമായ ബോധവത്ക്കരണം നടത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

ഉത്തരം

(എ) ബ്ലൂവെയിൽ ഗെയിം എന്ന് സ്ഥിരീകരിക്കാത്ത വാർത്ത മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ ആധികാരികമായി ഇതേവരെ സ്ഥിരീകരിക്കാൻവേണ്ട വിവരം ലഭിച്ചിട്ടില്ല.

(ബി) ഇത്തരം സൈബർ ഗെയിം തടയുന്നതിന്റെ മുന്നോടിയായി ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി കേന്ദ്ര സർക്കാരിലേയ്ക്ക് ഈ ആപ്ലിക്കേഷന്റെ ലിങ്കുകൾ ഇന്റർനെറ്റിൽനിന്നും നീക്കംചെയ്യുന്നതിനുള്ള കത്ത് അയച്ചിരുന്നു. നിലവിൽ ഗൂഗിൾ പ്ലേ സ്റ്റോറിലോ, ആപ്സ്റ്റോറിലോ, വിൻഡോസ് പ്ലേ സ്റ്റോറിലോ ഇത്തരത്തിലുള്ള ഗെയിമുകൾ ലഭ്യമല്ല. ഇത്തരം ആപ്ലിക്കേഷൻ സ്റ്റോറുകൾ നിരന്തരം നിരീക്ഷിച്ചുവരുന്നു.

(സി) ഉണ്ട്. പത്രമാധ്യമങ്ങൾ വഴിയും, സോഷ്യൽ മീഡിയ വഴിയും, പോലീസ് ഇൻഫർമേഷൻ സെന്റർ മുഖാന്തിരവും, സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് വഴിയും ബോധവൽക്കരണം നടത്തിവരുന്നു.

## സർക്കാർ വെബ്സൈറ്റുകളുടെ പ്രവർത്തനം

63(3354) ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. സി. മമ്മൂട്ടി:

ഡോ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിനുകീഴിലെ വിവിധ വകുപ്പുകളുടെ വെബ് സൈറ്റുകളുടെ പ്രവർത്തന രീതിയിൽ ഐകരൂപ്യമില്ലെന്ന കാര്യം ശ്രദ്ധിച്ചിട്ടുണ്ടോ;

(ബി) വെബ്സൈറ്റുകൾ അപ്ഡേറ്റ് ചെയ്യാത്തതുമൂലം അതിലെ വിവരങ്ങളെ ആശ്രയിക്കുന്നവർ അബദ്ധത്തിൽപ്പെടുന്ന കാര്യം ശ്രദ്ധിക്കുമോ;

(സി) സർക്കാർ സ്ഥാപനങ്ങളുടെയെല്ലാം വെബ്സൈറ്റുകൾക്ക് ഐകരൂപ്യം വരുത്താനും വിവരങ്ങൾ കൃത്യമായി അപ്ഡേറ്റ് ചെയ്യുവാനും നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) ഓരോ വകുപ്പുകളും അതത് വകുപ്പുകൾ നൽകുന്ന സേവനങ്ങൾക്ക് അനുസൃതമായ വിധത്തിൽ വിവിധ ഏജൻസികൾ മുഖേനയാണ് വെബ്സൈറ്റുകൾ രൂപകല്പന ചെയ്യുന്നത്. എങ്കിലും വെബ്സൈറ്റുകളുടെ പൊതുവായുള്ള പ്രവർത്തനരീതിയിൽ കാര്യമായ വ്യത്യാസങ്ങൾ ഉണ്ടാകാറില്ല.

(ബി) വിവിധ വകുപ്പുകളുടെ വെബ്സൈറ്റുകൾ യഥാസമയം അതത് വകുപ്പുകൾ അപ്ഡേറ്റ് ചെയ്യുന്നതിനുള്ള നിർദ്ദേശം എല്ലാ വകുപ്പ് അദ്ധ്യക്ഷന്മാർക്കും നൽകിയിട്ടുണ്ട്.

(സി) സർക്കാർ സ്ഥാപനങ്ങളുടെയെല്ലാം വെബ് സൈറ്റുകൾക്ക് ഐകരൂപ്യം വരുത്തുവാൻ കേന്ദ്ര സർക്കാർ Guidelines for Indian Government Websites (GIGW) എന്ന മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത മാർഗ്ഗരേഖക്കനുസൃതമായി വെബ്സൈറ്റുകൾ രൂപകല്പന ചെയ്യുവാൻ വേണ്ടനിർദ്ദേശങ്ങൾ എല്ലാ വകുപ്പുകൾക്കും നൽകിയിട്ടുണ്ട്. കൂടാതെ വിവിധ വകുപ്പുകളുടെ വെബ് സൈറ്റുകൾ യഥാസമയം അപ്ഡേറ്റ് ചെയ്യുന്നതിനുവേണ്ടി അതത് വകുപ്പുകൾക്ക് കീഴിൽ ഒരു കണ്ടന്റ് മാനേജ്മെന്റ് ടീം (CMI) രൂപീകരിക്കുവാനും അതുവഴി വിവരങ്ങൾ കൃത്യമായി അപ്ഡേറ്റു ചെയ്യുവാനും നിർദ്ദേശിച്ചിട്ടുണ്ട്.

## സാർവ്വത്രിക അടിസ്ഥാനത്തിൽ ഇന്റർനെറ്റ് സൗകര്യം

64(3355) ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. പി. ടി. തോമസ്:
ശ്രീ. റോജി എം. ജോൺ:
ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാർവ്വത്രിക അടിസ്ഥാനത്തിൽ ഇന്റർനെറ്റ് സൗകര്യം എല്ലാ പൗരന്മാർക്കും സർക്കാർ സംവിധാനങ്ങളിലൂടെ ലഭ്യമാക്കുന്ന പദ്ധതി ആരംഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) കെ-ഫോൺ ശൃംഖലയ്ക്ക് കിഫ്ബി വഴി ധനസഹായം ഉറപ്പാക്കിയിട്ടുണ്ടോ; ഇതുവരെ എത്ര കോടി രൂപ ഈ പദ്ധതിക്ക് കിഫ്ബിയിൽ നിന്നും അനുവദിച്ചു;

(സി) ഏത് ഏജൻസി വഴിയാണ് പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്?

ഉത്തരം

(എ) ഉണ്ട്. കേരള ഫൈബർ ഒപ്റ്റിക് നെറ്റ്‌വർക്കിലൂടെ ഒരു സംസ്ഥാനതല ഒപ്റ്റിക്കൽ ഫൈബർ ശൃംഖല രൂപീകരിക്കുവാനാണ് ലക്ഷ്യമിടുന്നത്. ഈ പദ്ധതിയിലൂടെ സംസ്ഥാനത്തെ 30,000-ത്തോളം വരുന്ന സർക്കാർ/വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഒപ്റ്റിക്കൽ ഫൈബർ കണക്റ്റിവിറ്റി നൽകുവാൻ സാധിക്കും. കൂടാതെ ടെലികോം/ഇന്റർനെറ്റ് സേവനദാതാക്കൾക്ക് ഈ നെറ്റ്‌വർക്കിലൂടെ വിവിധ സേവനങ്ങൾ ലഭ്യമാക്കുവാൻ സാധിക്കും. 20 ലക്ഷത്തോളം വരുന്ന പാവപ്പെട്ട കുടുംബങ്ങൾക്ക് സൗജന്യ ഇന്റർനെറ്റ് ലഭ്യമാക്കുവാൻ പദ്ധതി വിഭാവനം ചെയ്യുന്നു. കിഫ്ബിയിൽനിന്ന് അനുമതി ലഭിക്കുന്ന മുറയ്ക്ക് ഈ പദ്ധതി പ്രായോഗികമാക്കുവാനുള്ള നടപടികൾ ആരംഭിക്കുന്നതാണ്.

(ബി) കേരള ഫൈബർ ഒപ്റ്റിക് നെറ്റ്‌വർക്ക് സംവിധാനം നടപ്പിലാക്കുന്നതിന് 18-5-2017-ൽ 1028.20 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതി നടത്തിപ്പിനാവശ്യമായ ഫണ്ട് ലഭ്യമാക്കുന്നതിനായി പ്രോജക്ട് റിപ്പോർട്ട് കിഫ്ബിക്ക് സമർപ്പിച്ചിട്ടുണ്ട്. കിഫ്ബിയുടെ ധനസഹായത്തിനായുള്ള ചർച്ചകൾ നടന്നുവരുന്നു. ഈ പദ്ധതിക്ക് കിഫ്ബിയിൽ നിന്നും ഇതുവരെ തുകയൊന്നും അനുവദിച്ചിട്ടില്ല.

(സി) കേരള സ്റ്റേറ്റ് ഐ.ടി. ഇൻഫ്രാസ്ട്രക്ച്ചർ ലിമിറ്റഡ് (കെ.എസ്.ഐ.ടി.ഐ.എൽ) വഴിയാണ് ഈ പദ്ധതി നടപ്പാക്കുവാൻ ഉദ്ദേശിക്കുന്നത്.

## സി. എം. ഡി. ആർ. എഫ്. അപേക്ഷകളുടെ മൂവ്മെന്റ് അറിയാൻ നടപടി

65(3356) ശ്രീ. റോഷി അഗസ്റ്റിൻ:
ശ്രീ. പി. ജെ.ജോസഫ്:
ശ്രീ. മോൻസ് ജോസഫ്:
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സി.എം.ഡി.ആർ.എഫ്. അപേക്ഷകളുടെ മൂവ്മെൻറ് അറിയുന്നതിന് പ്രത്യേക ആപ്ലിക്കേഷൻ ഏർപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ചികിത്സാ ധനസഹായങ്ങൾക്കുവേണ്ടി എം.എൽ.എ.-മാർ ശിപാർശ ചെയ്യുന്ന അപേക്ഷകളുടെ മൂവ്മെൻറ് അറിയുന്നതിന് എം.എൽ.എ.-മാർക്ക് പ്രത്യേക പാസ്സ്‌വേർഡ്, ഐ.ഡി. എന്നിവ നൽകാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. cmo.kerala.gov.in എന്ന വെബ് ആപ്ലിക്കേഷനിലൂടെ അപേക്ഷകളുടെ മൂവ്മെന്റ് അറിയുന്നതിനുള്ള സംവിധാനമേർപ്പെടുത്തിയിട്ടുണ്ട്.

(ബി) ചികിത്സാ ധനസഹായങ്ങൾക്കായി എം.എൽ.എ.-മാർ ശിപാർശ ചെയ്യുന്ന അപേക്ഷകളുടെ മൂവ്മെന്റ് അറിയുന്നതിന് എം.എൽ.എ.-മാർക്ക് പ്രത്യേക യൂസർ ഐ.ഡി, പാസ്സ്‌വേർഡ് എന്നിവ നൽകിയിട്ടുണ്ട്. എം.എൽ.എ.- മാർക്ക് സംവിധാനം ഉപയോഗിക്കുന്നതിനായുള്ള പരിശീലനവും നൽകി കഴിഞ്ഞിട്ടുണ്ട്.

## കേന്ദ്രത്തിൽനിന്നും ലഭിച്ച വരൾച്ചാ ദുരിതാശ്വാസം

66(3357) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വരൾച്ചാ ദുരിതാശ്വാസമായി കേന്ദ്രത്തിൽനിന്നും 2010-11 മുതൽ 2017-18 വർഷംവരെ ലഭിച്ച തുകകൾ എത്രയാണെന്ന് വിശദമാക്കാമോ; ഓരോ വർഷവും കേന്ദ്രത്തിനോട് ആവശ്യപ്പെട്ട തുകകൾ എത്രയെന്നും വ്യക്തമാക്കാമോ;

(ബി) മറ്റ് സംസ്ഥാനങ്ങളോട് താരതമ്യം ചെയ്യുമ്പോൾ കേരളത്തിന് ലഭിക്കേണ്ടതായ തുക ലഭിക്കുന്നുണ്ടോ; കേരളത്തിനോട് കേന്ദ്രം വിവേചനം കാണിക്കുന്നു എന്ന് കരുതാമോ; വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) വരൾച്ചാ ദുരിതാശ്വാസവുമായി ബന്ധപ്പെട്ട് 2012-ൽ സമർപ്പിച്ച മെമ്മോറാണ്ടം പ്രകാരം കേന്ദ്രത്തിൽനിന്നും ലഭിച്ച തുക ചുവടെ ചേർക്കുന്നു:

(രൂപ കോടിയിൽ)

| വരൾച്ച 2012 | ആവശ്യപ്പെട്ട തുക | കേന്ദ്ര മാനദണ്ഡം അനുസരിച്ച് | |
|---|---|---|---|
| | | അനുവദിച്ച തുക | ലഭിച്ച തുക |
| ഖാരിഫ് സീസൺ | 1995.38 | 62.61 | 18.31 |
| റാബി സീസൺ | 492.8 | 107.89 | 61.74 |

കേന്ദ്ര വരൾച്ചാ വിലയിരുത്തൽ സംഘത്തിന്റെ 2017-ലെ സന്ദർശനത്തിന് മുന്നോടിയായി സമർപ്പിച്ച വരൾച്ചാ മെമ്മോറാണ്ടത്തിനുള്ള ധനസഹായം ഇതുവരെ ലഭ്യമായിട്ടില്ല.

(ബി) കേരളത്തെ മറ്റ് സംസ്ഥാനങ്ങളുമായി വരൾച്ചയുടെ കാര്യത്തിൽ താരതമ്യപ്പെടുത്തുവാൻ സാങ്കേതിക കാരണങ്ങൾകൊണ്ട് സാധിക്കില്ല.

**മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി**

67(3358) <u>ശ്രീ. ടി. വി. ഇബ്രാഹിം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ധനസഹായം ലഭിക്കുന്നതിനുള്ള അപേക്ഷ നൽകുന്ന രീതി പരിഷ്കരിച്ചിട്ടുണ്ടോ. ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ഇനിമുതൽ ഓൺലൈൻ സംവിധാനത്തിലൂടെ മാത്രമേ ധനസഹായത്തിന് (CMDRF) അപേക്ഷിക്കാൻ സാധിക്കുകയുള്ളോ എന്നറിയിക്കാമോ;

(സി) ഈ സർക്കാർ അധികാരമേറ്റശേഷം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി വഴി നൽകിയ ധനസഹായത്തിന്റെ ആകെ തുക ജില്ല തിരിച്ച് അറിയിക്കാമോ;

(ഡി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ലഭിച്ച CMDRF അപേക്ഷകളിന്മേൽ ഇനിയും തീർപ്പ്കൽപ്പിക്കാത്ത അപേക്ഷകളുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ & ബി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ധനസഹായം ലഭിക്കുന്നതിനായി അപേക്ഷ നൽകുന്നത് ഓൺലൈൻ സംവിധാനത്തിലൂടെ മാത്രമായി പരിഷ്കരിച്ചിട്ടുണ്ട്. എന്നാൽ ഓഫ്‌ലൈൻ ആയി വരുന്ന അപേക്ഷകളും ഓൺലൈൻ ആക്കി മാറ്റി നടപടി സ്വീകരിച്ചു വരുന്നുണ്ട്. ധനസഹായ വിതരണം കഴിയുന്നത്ര വേഗത്തിലാക്കാൻ ജില്ലാ കളക്ടർക്ക് പകരം ബന്ധപ്പെട്ട തഹസിൽദാർമാരെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചു. കൂടാതെ തുക അനുവദിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവ് ജില്ലാ കളക്ടർക്ക് നൽകുന്നതിനോടൊപ്പം ബന്ധപ്പെട്ട തഹസിൽദാർമാർക്കും ഇപ്പോൾ സർക്കാരിൽ നിന്നും നൽകി വരുന്നു. ഫണ്ട് ജില്ലാ കളക്ടർക്ക് നൽകുന്നതിന് പകരമായി തഹസീൽദാർമാരുടെ പേരിലുള്ള സ്പെഷ്യൽ ടി.എസ്.ബി. അക്കൗണ്ടിലേയ്ക്ക് അനുവദിക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. അനുവദിക്കുന്ന തുക അടിയന്തരമായി വിതരണം ചെയ്യുന്നതിന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) അനുബന്ധമായി ചേർത്തിരിക്കുന്നു.+

(ഡി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ലഭിച്ച അർഹതയുള്ള അപേക്ഷകളിൽ തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പലവിധ കാരണങ്ങളാൽ ഇനിയും തീർപ്പുകൽപ്പിക്കാൻ 699 അപേക്ഷകൾ ബാക്കിയുണ്ട്.

## മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി

68(3359) ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും വൈക്കം, മീനച്ചിൽ എന്നീ താലൂക്കുകളിൽ ഒരു ലക്ഷം രൂപയോ അതിൽ കൂടുതലോ ധനസഹായം ലഭിച്ച വ്യക്തികളുടെ വിവരങ്ങൾ ലഭ്യമാക്കുമോ;

(ബി) ഒരു ലക്ഷം രൂപയിൽതാഴെ വാർഷിക വരുമാനമുള്ളതും വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് വിധേയരാകുന്നതുമായ രോഗികൾക്ക് മിനിമം മൂന്നുലക്ഷം രൂപ ചികിത്സാ സഹായം ഉറപ്പുവരുത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) പരിശോധിക്കാവുന്നതാണ്.

---

\+ ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി

69(3360) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും അനുവദിച്ച തുക നൽകുന്നതിന് ഉത്തരവായി, കളക്ടേറ്റിൽ നിന്നും കൊച്ചി താലൂക്ക് ഓഫീസിലേക്ക് കഴിഞ്ഞ 1-1-2017 മുതൽ നാളിതുവരെ എത്ര തവണ ലിസ്റ്റ് നൽകിയിട്ടുണ്ട് എന്നറിയിക്കാമോ; ഏതെല്ലാം തീയതികളിലാണ് ഈ ലിസ്റ്റുകൾ താലൂക്ക്ഓഫീസിലേയ്ക്ക് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും അനുവദിച്ച തുക നൽകുന്നതിനായി എറണാകുളം കളക്ടറേറ്റിൽനിന്നും കൊച്ചി താലൂക്ക് ഓഫീസിലേയ്ക്ക് 1-1-2017 മുതൽ നാളിതുവരെ 4 തവണ ലിസ്റ്റ് നൽകിയിട്ടുണ്ട്. 2-2-2017, 17-3.2017, 24-5-2017, 23-6-2017 എന്നീ തീയതികളിലാണ് താലൂക്ക് ഓഫീസിലേക്ക് ലിസ്റ്റുകൾ നൽകിയിട്ടുള്ളത്.

## മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നുള്ള സഹായം

70(3361) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽവന്നശേഷം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള സഹായത്തിനായി വയനാട് ജില്ലയിൽനിന്നും എത്ര അപേക്ഷകൾ ലഭിച്ചുവെന്ന് വ്യക്തമാക്കുമോ; നാളിതുവരെ എത്ര പേർക്ക് ധനസഹായം അനുവദിച്ചു; ആകെ അനുവദിച്ച തുക എത്രയെന്നറിയിക്കാമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള സഹായത്തിനായി വയനാട് ജില്ലയിൽനിന്നും 3173 അപേക്ഷകൾ ലഭിക്കുകയും, ആയതിൽ 4-8-2017 വരെ 2595 പേർക്ക് ആകെ 1,98,96,087 രൂപ ധനസഹായം അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

## ശബരിമല വിമാനത്താവളം

71(3362) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറുവള്ളി എസ്റ്റേറ്റ് ഏറ്റെടുത്ത് ശബരിമല വിമാനത്താവളം നിർമ്മിക്കുമെന്നുള്ള ക്യാബിനറ്റ് തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ അനന്തരനടപടികൾ ഏതുഘട്ടംവരെ ആയി എന്ന് വിശദമാക്കുമോ;

(ബി) ഏതുസ്ഥാപനത്തെയാണ് ഇതിന്റെ പ്രായോഗികതാ പഠനത്തിന് വ്യവസായവികസന കോർപ്പറേഷൻ തെരഞ്ഞെടുത്തിരിക്കുന്നതെന്ന് വിശദമാക്കുമോ;

(സി) ഇവരുടെ പഠനത്തിന് എത്രമാസത്തെ സമയപരിധി നൽകിയിട്ടുണ്ട്;

(ഡി) രാജ്യാന്തര വിമാനത്താവളത്തിനുള്ള എല്ലാവിധ സാധ്യതകളും ഉള്ളതിനാൽ ഈ വിമാനത്താവളത്തെ രാജ്യാന്തര വിമാനത്താവളമാക്കാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ - സി) ശബരിമല തീർത്ഥാടകരുടെ സൗകര്യാർത്ഥം ഒരു ഗ്രീൻ ഫീൽഡ് എയർപോർട്ട് സ്ഥാപിക്കുന്നതിന്, ആധികാരിക ഏജൻസി മുഖേന സാധ്യതാ പഠനം നടത്തുന്നതിനായി കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡവലപ്മെന്റ് കോർപ്പറേഷനെ (കെ.എസ്.ഐ.ഡി.സി.) ചുമതലപ്പെടുത്തിയിരുന്നു. തുടർന്ന് ഇതിനായി കെ.എസ്.ഐ.ഡി.സി. താൽപര്യ പത്രം ക്ഷണിക്കുകയും 3 കമ്പനികൾ താൽപര്യപത്രം സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. തുടർനടപടികൾ പൂർത്തിയാക്കി കൺസൾട്ടന്റിനെ നിയമിക്കുന്നതിനുള്ള നിർദ്ദേശം സർക്കാർ പരിശോധിച്ചുവരുന്നു.

(ഡി) തെരഞ്ഞെടുക്കപ്പെട്ട ഏജൻസി നടത്തുന്ന സാധ്യതാപഠനം പൂർത്തിയായതിനുശേഷം മാത്രമേ ഈ വിഷയം പരിശോധിക്കാൻ സാധിക്കുകയുള്ളൂ.

**തിരുവമ്പാടി വിമാനത്താവളം**

72(3363) <u>ശ്രീ. ജോർജ് എം. തോമസ് :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവമ്പാടി വിമാനത്താവള നിർമ്മാണത്തിന് സാധ്യതാപഠനം നടത്തുവാൻ നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ & ബി) തിരുവമ്പാടി വിമാനത്താവള നിർമ്മാണത്തിന് സാധ്യതാ പഠനം നടത്തുവാൻ നിർദ്ദേശം നൽകിയിട്ടില്ല.

## വിമാനയാത്രാക്കൂലിയിൽ വൻവർദ്ധന

73(3364) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അവധിക്കാലങ്ങളിലും മറ്റ് വിശേഷ ദിവസങ്ങളിലും വിദേശത്തുള്ള ഇന്ത്യാക്കാർ പ്രത്യേകിച്ചും ഗൾഫ് മലയാളികൾ നാട്ടിലേയ്ക്കും തിരികെ വിദേശത്തേയ്ക്കും പോകുന്ന അവസരങ്ങളിൽ വിമാനക്കമ്പനികൾ യാത്രാക്കൂലിയിൽ വൻ വർദ്ധന വരുത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം അമിത യാത്രാക്കൂലി ഈടാക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ; ഇതിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(സി) ഇത്തരം സമയങ്ങളിൽ ഗൾഫ് മേഖലയിൽ നിന്നും കേരളത്തിലേയ്ക്ക് വരുന്ന വിമാനങ്ങളിൽമാത്രമാണ് വൻചാർജ്ജ് വർദ്ധനവ് എന്നും, ഇന്ത്യയിലെ മറ്റ് സ്ഥലങ്ങൾ വഴി (മുംബൈ, ഗോവ, ഹൈദ്രാബാദ്) കേരളത്തിൽ എത്തുന്നവർക്ക് ഈ അമിത ചാർജ്ജ് നൽകേണ്ടിവരുന്നില്ലയെന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഗൾഫ് മലയാളികൾ അനുഭവിക്കുന്ന ഈ ചൂഷണത്തിൽ നിന്നും അവരെ രക്ഷിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഇ) കേരളത്തിൽ സ്വന്തമായി ഒരു വിമാനക്കമ്പനി സ്ഥാപിക്കുന്നത് സംബന്ധിച്ച് സർക്കാരിന്റെ നിലപാട് എന്താണെന്ന് വിശദമാക്കാമോ?

### ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി - ഡി) അമിത യാത്രാക്കൂലി ഈടാക്കുന്നത് സംബന്ധിച്ച് പരാതി ലഭിച്ചിട്ടുണ്ട്. ഗൾഫ് മേഖലയിൽനിന്നും കേരളത്തിലേയ്ക്ക് വരുന്ന വിമാനങ്ങളിൽ മാത്രമാണ് വൻചാർജ്ജ് വർദ്ധനവ് എന്നും ഇന്ത്യയിലെ മറ്റ് സ്ഥാപനങ്ങൾ വഴി (മുംബൈ, ഗോവ, ഹൈദ്രാബാദ്) കേരളത്തിൽ എത്തുന്നവർക്ക് ഈ അമിത ചാർജ്ജ് നൽകേണ്ടിവരുന്നില്ലയെന്നതും ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അവധി കാലങ്ങളിലും മറ്റ് വിശേഷ ദിവസങ്ങളിലും വിമാനക്കമ്പനികൾ പ്രവാസികളിൽ നിന്നും ഉയർന്ന നിരക്കുകൾ ഈടാക്കുന്ന എന്നും ഇക്കാര്യത്തിൽ ഇടപെടണമെന്നും കേന്ദ്രവ്യോമയാന മന്ത്രാലയത്തിനോട് സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടിരുന്നു. എന്നാൽ വിമാന യാത്രാ നിരക്കുകൾ നിശ്ചയിക്കുന്നത് കേന്ദ്ര വ്യോമയാന മന്ത്രാലയമല്ലെന്നും, 1937-ലെ എയർക്രാഫ്റ്റ് ചട്ടങ്ങൾ പ്രകാരം സർവ്വീസിന്റെ പ്രത്യേകത, നടത്തിപ്പ്, ചെലവ്, മിതമായ ലാഭം, യാത്രക്കാരുടെ തിരക്ക് എന്നിവ പരിഗണിച്ച് യാത്രാനിരക്ക് നിശ്ചയിക്കുന്നതിന് വിമാന

കമ്പനികൾക്ക് പൂർണ്ണ അധികാരമുണ്ടെന്നുമാണ് കേന്ദ്ര വ്യോമയാന മന്ത്രാലയം അറിയിച്ചിട്ടുള്ളത്. മാത്രവുമല്ല, ലോകത്തിലെ എല്ലാ വിമാന കമ്പനികളും യാത്രക്കാരുടെ തിരക്കിനനുസരിച്ചാണ് അവരുടെ വിമാന യാത്രാനിരക്കുകൾ ക്രമീകരിച്ചിരിക്കുന്നത്. ആയതിനാൽ സംസ്ഥാന സർക്കാരിന് ഈ വിഷയത്തിൽ ഇടപെടുന്നതിന് പരിമിതികളുണ്ട്. എന്നിരുന്നാലും വിഷയത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് കേന്ദ്രവ്യോമയാന മന്ത്രാലയവുമായും സിവിൽ ഏവിയേഷൻ ഡയറക്ടർ ജനറലുമായും ബന്ധപ്പെട്ട് പ്രശ്നപരിഹാരത്തിന് സംസ്ഥാന സർക്കാർ ശ്രമിച്ചുവരുന്നുണ്ട്.

(ഇ) ഗൾഫ് മേഖലയിൽ ജോലിചെയ്യുന്ന മലയാളികളുടെ വിമാനയാത്ര ചെലവ് ചുരുക്കുന്നതിനും സുഗമമാക്കുന്നതിനും വേണ്ടിയാണ് 'എയർ കേരള' ഫെബ്രുവരി 2006-ൽ തുടങ്ങിയത്. എയർ കേരള ലിമിറ്റഡ് സിയാലിന്റെ ഒരു അനുബന്ധ കമ്പനിയാണ്. ഇത് സംബന്ധിച്ച് സിയാൽ വളരെ വിശദമായ ഒരു സാധ്യതാപഠനം നടത്തിയിട്ടുണ്ട്. എന്നാൽ കേന്ദ്ര സർക്കാരിന്റെ പുതിയ വ്യോമയാന നയപ്രകാരം രാജ്യാന്തര സർവ്വീസുകൾ ആരംഭിക്കുന്നതിന് 20 വിമാനങ്ങളോ, അല്ലെങ്കിൽ മൊത്തം സീറ്റുകളുടെ 20 ശതമാനമോ ആഭ്യന്തര സർവ്വീസുകൾക്കായി മാറ്റിവയ്ക്കേണ്ടതായിട്ടുണ്ട്. ആഭ്യന്തര മേഖലയിലുള്ള അഞ്ച് വർഷത്തെ വിമാന ഗതാഗത പരിചയം എന്ന പഴയ നിബന്ധന എടുത്തുകളഞ്ഞെങ്കിലും 20 വിമാനങ്ങൾ വേണമെന്ന നിബന്ധന നിലനിൽക്കുന്നത് എയർ കേരള പദ്ധതി യാഥാർത്ഥ്യമാക്കുന്നതിന് തടസ്സമാകുമെന്നതിനാൽ പദ്ധതി പുനഃപരിശോധിക്കാൻ ശ്രമിച്ചു വരുന്നു.

**കൊച്ചി മെട്രോയുടെ അനന്തര ഘട്ടങ്ങൾ**

74(3365) <u>ശ്രീ. എസ്. ശർമ്മ :</u>
<u>ശ്രീ. ഐ. ബി. സതീഷ് :</u>
<u>ശ്രീ. കാരാട്ട് റസാഖ് :</u>
<u>ശ്രീ. എം. സ്വരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി മെട്രോയുടെ തുടർന്നുള്ള ഘട്ടങ്ങൾ പൂർത്തീകരിക്കാനുള്ള പ്രവർത്തനത്തിന്റെ പുരോഗതി വിശദീകരിക്കാമോ;

(ബി) തിരുവനന്തപുരം, കോഴിക്കോട് നഗരങ്ങളിൽ ഉദ്ദേശിക്കുന്ന ലൈറ്റ് മെട്രോ പദ്ധതികൾ നടപ്പിലാക്കാനായി സ്വീകരിച്ചിട്ടുള്ള നടപടി എന്തെല്ലാമാണെന്ന് അറിയിക്കാമോ;

(സി) ഈ പദ്ധതികൾക്കുവേണ്ട സ്ഥലം ഏറ്റെടുക്കൽ, ഫണ്ടിന്റെ സോത്രസ്സ് തുടങ്ങിയ കാര്യങ്ങളിലെ നിലവിലെ സ്ഥിതി അറിയിക്കാമോ?

ഉത്തരം

(എ) കൊച്ചി മെട്രോ റെയിൽ പദ്ധതിയുടെ വിവിധ ഘട്ടങ്ങളും ആയതിന്റെ പുരോഗതിയും അനുബന്ധമായി ചേർക്കുന്നു.*

(ബി) 11-9-2015-ലെ സ.ഉ.(കൈ) നമ്പർ74/2015/പി.ഡബ്ല്യൂ.ഡി. നമ്പർ ഉത്തരവ് പ്രകാരം 6728 കോടി രൂപ ചെലവിൽ തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതികൾ നടപ്പാക്കാൻ സംസ്ഥാന സർക്കാർ അനുമതി നൽകി. ഈ പദ്ധതികൾ കേന്ദ്രസർക്കാരിന്റെ പരിഗണനയിലാണ്. ലൈറ്റ് മെട്രോ പദ്ധതികൾക്കായി സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(സി) തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതികളുടെ സ്ഥലമേറ്റെടുക്കൽ നിർമ്മാണച്ചെലവ് എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

കൊച്ചി മെട്രോയുടെ ആലുവ മുതൽ പേട്ട വരെയുള്ള പദ്ധതിക്കാവശ്യമായ സ്ഥലം ഏറ്റെടുത്ത് കഴിഞ്ഞു. പേട്ട മുതൽ തൃപ്പൂണിത്തുറ എസ്.എൻ. ജംഗ്ഷൻ വരെയുള്ള പദ്ധതിയുടെ ഭാഗമായി റോഡ് നവീകരിക്കുന്നതിനും, സ്റ്റേഷൻ നിർമ്മാണത്തിനുമായി ഏകദേശം 3 ഏക്കർ 65 സെന്റ് സ്ഥലം വേണ്ടതുണ്ട്. ടി സ്ഥലം ഏറ്റെടുക്കുന്നതിനുള്ള അർത്ഥനാപത്രം കൊച്ചി മെട്രോ, ജില്ലാ കളക്ടർക്ക് സമർപ്പിച്ചുകഴിഞ്ഞു. ഇതിന്റെ ഭാഗമായി നടത്തുന്ന സാമൂഹിക പ്രത്യാഘാത പഠനം (Social Impact Assessment Study) അന്തിമ ഘട്ടത്തിലാണ്. കാക്കനാട് വരെയുള്ള ഘട്ടം II കേന്ദ്രസർക്കാരിന്റെ പരിഗണനയിലാണ്.

കൊച്ചി മെട്രോ റെയിൽ പദ്ധതിയുടെ ഫണ്ടിന്റെ സ്രോതസ്സ് തുടങ്ങിയ കാര്യങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

**കൊച്ചിയിലെ സംയോജിത ജലഗതാഗത പദ്ധതി**

75(3366) ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി മെട്രോ റെയിൽ കോർപ്പറേഷൻ നടപ്പിലാക്കുന്ന കൊച്ചിയിലെ സംയോജിത ജലഗതാഗത പദ്ധതി ഏത് ഘട്ടത്തിലാണ്;

(ബി) ഇതിനായി ജർമ്മൻ ധനകാര്യ സ്ഥാപനത്തിൽനിന്നും ധനസഹായം ലഭിച്ചിട്ടുണ്ടോ; എങ്കിൽ എത്ര തുകയെന്ന് വ്യക്തമാക്കാമോ;

(സി) കൊച്ചിയുടെ ടൂറിസം വികസനത്തിന് ഈ പദ്ധതി എത്രമാത്രം സഹായകമാകും എന്ന് വിശദീകരിക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) പദ്ധതിയുടെ ജനറൽ കൺസൾട്ടന്റായി M/s. AECOM Consortium-ത്തെ നിയമിച്ചുകഴിഞ്ഞു. പദ്ധതിക്കാവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിനുള്ള പാരിസ്ഥിതികാനുമതിക്കുവേണ്ട നടപടികൾ സ്വീകരിച്ചു വരികയാണ്. ഹൈഡ്രോഗ്രാഫിക് സർവ്വേ പുരോഗമിച്ചുവരുന്നു. ടെർമിനൽ കെട്ടിടങ്ങളുടെ സമ്പ്രദായ (Schematic) ലേ ഔട്ടുകൾ, അതിനൂതനമായ ബോട്ടുകൾക്കുവേണ്ടിയുള്ള ഡിസൈനുകൾ എന്നിവ ജനറൽ കൺസൾട്ടന്റ് പൂർത്തിയാക്കി വരികയാണ്.

(ബി) പദ്ധതിക്കുവേണ്ടി ജർമ്മൻ ധനകാര്യ സ്ഥാപനമായ KFW-ൽ നിന്ന് 85 ദശലക്ഷം യൂറോ (579.71 കോടി രൂപ) വായ്പ ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട കരാർ ഒപ്പുവച്ചു കഴിഞ്ഞു. ഇതിൽ നിന്നും 4.68 കോടി രൂപയോളം ലഭിച്ചിട്ടുണ്ട്.

(സി) കൊച്ചി ദ്വീപസമൂഹങ്ങളെയും, കൊച്ചി നഗരത്തേയും, പ്രാന്തപ്രദേശങ്ങളേയും ബന്ധിപ്പിക്കുവാനുതകുന്നവിധത്തിലാണ് സംയോജിത ജലഗതാഗത പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. കൊച്ചി കായലിലെ ദ്വീപുകളിൽ താമസിക്കുന്ന ജനങ്ങൾക്ക് വൻകരയിലേയ്ക്കുള്ള യാത്രാസൗകര്യം മെച്ചപ്പെടുത്തുകയും ചെയ്യുകവഴി ഒരു വിപ്ലവകരമായ പുരോഗതിയാണ് പദ്ധതിയുടെ പ്രധാന ഉദ്ദേശ്യം. അതോടൊപ്പം ഈ ദ്വീപുകളിലുള്ള ദൃശ്യമനോഹരമായ വിനോദസഞ്ചാര കേന്ദ്രങ്ങളെ ബന്ധിപ്പിക്കുന്നതിന് കൊച്ചി മെട്രോയുടെ ജലഗതാഗത പദ്ധതി വളരെയേറെ ഫലപ്രദമായി പ്രയോജനപ്പെടുത്താനാകും. ആഭ്യന്തര/വിദേശ വിനോദസഞ്ചാരികൾക്ക് ഈ ദ്വീപ സമൂഹത്തിലെ പ്രകൃതിഭംഗി അതിന്റെ തനിമയോടെ അനുഭവിച്ചാസ്വദിക്കുന്നതിന് ജലഗതാഗത പദ്ധതിയിൽ വിഭാവനം ചെയ്യുന്ന സുരക്ഷിതവും, നൂതനവും വിശ്വസനീയവുമായ ജലയാനങ്ങൾ ഏറെ സഹായകരമാകുമെന്നും അങ്ങനെ ഈ പദ്ധതി വിനോദസഞ്ചാര വികസനത്തിന് സഹായകരമാകുമെന്നും പ്രതീക്ഷിക്കുന്നു.

**അന്തർസംസ്ഥാന നദീജല കരാറുകൾ**

76(3367) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രധാനപ്പെട്ട അന്തർ സംസ്ഥാന നദീജലക്കരാറുകൾ ഏതൊക്കെ; എന്നുമുതലാണ് ഇവ ഓരോന്നും പ്രാവർത്തികമാക്കിയത്; കരാറിലെ വ്യവസ്ഥകൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) എന്തൊക്കെ ആവശ്യങ്ങൾക്കാണ് മറ്റ് സംസ്ഥാനങ്ങൾക്ക് ജലം നൽകുന്നത്; ഇതിന് എന്തെങ്കിലും വില ഈടാക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എത്രയാണെന്ന് വ്യക്തമാക്കാമോ;

(സി) പമ്പ-അച്ചൻ കോവിൽ-വൈപ്പാർ നദീസംയോജനം സംബന്ധിച്ച് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ഡി) കേരളത്തിലെ നദികളിൽ ജലലഭ്യത കുറഞ്ഞുവരുന്ന സാഹചര്യത്തിൽ പമ്പ-അച്ചൻ കോവിൽ-വൈപ്പാർ നദീജലകരാർ ഒഴിവാക്കാൻ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എന്തൊക്കെ നടപടികളാണ് സ്വീകരിച്ചത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഇ) നിലവിലുള്ള നദീജല കരാർ പ്രകാരം കേരളത്തിന് അർഹമായ വെള്ളം വിവിധ നദികളിൽനിന്നും ലഭ്യമാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) നദീജലം പങ്കുവയ്ക്കുന്നതുമായി ബന്ധപ്പെട്ട് കേരളം തമിഴ്നാടുമായി താഴെ പറയുന്ന കരാറുകളിൽ ഏർപ്പെട്ടിട്ടുണ്ട്. 29-5.1970-ൽ കേരളവും തമിഴ്നാടും 09.11.1958 മുതൽ മുൻകാല പ്രാബല്യത്തോടെ ഒപ്പുവച്ച പറമ്പിക്കുളം ആളിയാർ പദ്ധതി (പി.എ.പി) കരാർ, 19-8-1973- ൽ ഒപ്പുവച്ച ശിരുവാണി കുടിവെള്ള പദ്ധതി കരാർ, 1886 ഒക്ടോബർ 29-ന് തിരുവിതാംകൂർ മഹാരാജാവും, സെക്രട്ടറി ഓഫ് സ്റ്റേറ്റ് ഫോർ ഇന്ത്യ ഇൻ കൗൺസിലും ഒപ്പുവെച്ച പെരിയാർ പാട്ട കരാർ, 29-5.1970-ലെ മുല്ലപ്പെരിയാർ അനുബന്ധ കരാറുകൾ എന്നിവയാണ് അവ. മേൽ കരാറുകളിലെ വ്യവസ്ഥകൾ അനുബന്ധമായി ചേർക്കുന്നു. *

(ബി) ജലസേചനത്തിനും, കുടിവെള്ളത്തിനും വൈദ്യുത ഉല്പാദനത്തിനും വേണ്ടിയാണ് കേരളം മറ്റ് സംസ്ഥാനങ്ങൾക്ക് ജലം നൽകുന്നത്. ജലസേചനത്തിനും കുടിവെള്ളത്തിനുമുള്ള ജലത്തിന് വില ഈടാക്കുന്നില്ല. 29-5-1970-ൽ കേരളവും തമിഴ്നാട്ടും തമ്മിൽ ഒപ്പുവച്ച മുല്ലപ്പെരിയാർ അനുബന്ധ കരാർ പ്രകാരം പെരിയാർ ജലമുപയോഗിച്ച് വൈദ്യുതി ഉല്പാദിപ്പിക്കാൻ തമിഴ്നാടിന് അനുവാദം നൽകിയിട്ടുണ്ട്. ഇതുപ്രകാരം ഓരോ വർഷവും ആദ്യത്തെ 350 മില്ല്യൺ യൂണിറ്റ് വൈദ്യുതി ഉല്പാദനത്തിന് പ്രതിവർഷം കിലോവാട്ടിന് 12 രൂപയും അതിൽ കൂടുതലായി ഉല്പാദിപ്പിക്കുന്നുണ്ടെങ്കിൽ അതിന് പ്രതിവർഷം കിലോവാട്ടിന് 18 രൂപയും ഈടാക്കാമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി & ഡി) സംസ്ഥാനത്തെ വളരെ പ്രതികൂലമായി ബാധിക്കുന്ന പമ്പ, അച്ചൻകോവിൽ, വൈപ്പാർ നദി സംയോജന പദ്ധതി സംസ്ഥാനത്തെ പമ്പ, അച്ചൻകോവിൽ നദികളെയും അവ വന്നുപതിക്കുന്ന വേമ്പനാട് കായലിനേയും ഏതുവിധത്തിൽ ബാധിക്കും എന്നതിനെപ്പറ്റി CWRDM കോഴിക്കോട്, IIT ഡൽഹി എന്നീ വിദഗ്ദ്ധ ഏജൻസികളെകൊണ്ട് പഠനങ്ങൾ നടത്തി കേരളം വ്യക്തത വരുത്തിയിട്ടുണ്ട്.

കേന്ദ്ര സർക്കാരിന്റെ നദി സംയോജന പദ്ധതിയിൽ സംസ്ഥാന സർക്കാരിന്റെ അനുമതി ഇല്ലാതെയാണ് പമ്പ-അച്ചൻകോവിൽ - വൈപ്പാർ ലിങ്ക് പദ്ധതിയെ ഉൾപ്പെടുത്തിയത്. പമ്പ-അച്ചൻകോവിൽ-വൈപ്പാർ നദി സംയോജന പദ്ധതിയെ പൂർണ്ണമായി എതിർക്കുന്ന കേരള സർക്കാരിന്റെ ശക്തമായ നിലപാട് ഈ പദ്ധതിയുടെ സാധ്യതാ പഠന റിപ്പോർട്ട് തയ്യാറാക്കിയ NWDA (നാഷണൽ വാട്ടർ ഡെവലപ്പ്മെന്റ് ഏജൻസി)-യുടെ Technical Advisory Committee, Governing Body, Annual General Meeting എന്നീ യോഗങ്ങളിലും Special Committee on Interlinking of Rivers-ന്റെ യോഗങ്ങളിലും പങ്കെടുത്ത കേരളത്തിന്റെ പ്രതിനിധികൾ ആവർത്തിച്ച് വ്യക്തമാക്കിയിട്ടുണ്ട്. പദ്ധതി പൂർണ്ണമായി ഉപേക്ഷിക്കണമെന്ന് 11-ാം നിയമസഭയുടെ 6-ാം സമ്മേളനത്തിൽ 6-8-2003-ന് കേരള നിയമസഭ പ്രമേയം പാസ്സാക്കുകയുണ്ടായി. 22-6-2016-ൽ NWDA യുടെ 30-ാം മത് വാർഷിക പൊതുയോഗത്തിൽ പങ്കെടുത്ത ബഹു: കേരള ജലവിഭവ വകുപ്പുമന്ത്രിയും പമ്പ-അച്ചൻകോവിൽ-വൈപ്പാർ ലിങ്ക് പദ്ധതി നടപ്പിലാക്കരുതെന്ന് ആവശ്യപ്പെട്ടിരുന്നു. NWDA-യുടെ വിവിധ യോഗങ്ങളിലൂടെ കേരളത്തിന്റെ സമ്മതമില്ലാതെ പമ്പ-അച്ചൻകോവിൽ-വൈപ്പാർ നദി സംയോജന പദ്ധതി സംബന്ധിച്ച് തുടർനടപടികൾ ഒന്നും ആരംഭിക്കുകയില്ലെന്ന് കേരളത്തിന് ഉറപ്പു ലഭിച്ചിട്ടുണ്ട്.

കേരളത്തിന്റെ ഊർജ്ജ, ജല ലഭ്യതയ്ക്കായും സംസ്ഥാനത്തിനകത്തുകൂടി ഒഴുകുന്ന (Intra State) നദികളായ പമ്പയേയും അച്ചൻകോവിൽ ആറിനേയും ബന്ധിപ്പിച്ചുകൊണ്ടുള്ള 'Twin Kallar Multipurpose Project' നടപ്പിലാക്കാനുള്ള ശ്രമങ്ങളും കേരളസർക്കാർ നടത്തിവരുന്നു.

പമ്പ-അച്ചൻകോവിൽ-വൈപ്പാർ ലിങ്ക് പദ്ധതി നടപ്പിലാക്കാനുള്ള ഏതൊരു ശ്രമവും കേരളത്തിന്റെ ഭാഗത്തുനിന്ന് തടയുവാൻ വേണ്ട സാധ്യമായ എല്ലാ മുൻകരുതലുകളും വകുപ്പ് തലത്തിലും സർക്കാർ തലത്തിലും സ്വീകരിച്ചുവരുന്നുണ്ട്.

(ഇ) കേരളത്തിന് പറമ്പിക്കുളം ആളിയാർ പദ്ധതി കരാറിൽ നിന്നാണ് പ്രധാനമായും ജലം ലഭിക്കുന്നത്. പറമ്പിക്കുളം ആളിയാർ പദ്ധതി

(പി.എ.പി)-യിൽ നിന്ന് കേരളത്തിന് അവകാശപ്പെട്ട ജലം നേടിയെടുത്ത് നിലവിലെ ജലക്ഷാമം പരിഹരിക്കാനുള്ള ഊർജ്ജിത നടപടികൾ സർക്കാർ സ്വീകരിച്ചുവരികയാണ്. നടപ്പ് ജല വർഷം ആരംഭിക്കുന്നതിനു മുൻപുതന്നെ ഈ വർഷത്തെ കൃഷിക്കും, വൈദ്യുതോല്പ്പാദനത്തിനും വേണ്ട ജലം പി.എ.പി.- യിൽ നിന്നും ലഭ്യമാക്കാനുള്ള തീവ്ര ശ്രമങ്ങൾ കേരള സർക്കാരും, ജലസേചന വകുപ്പും, കേരള വൈദ്യുതി ബോർഡും ആരംഭിച്ചിട്ടുണ്ട്.

2016-17 ജലവർഷത്തിലും നടപ്പ് ജലവർഷത്തിലും പി.എ.പി കരാർ പ്രകാരം കേരളത്തിന് അർഹതപ്പെട്ട ജലം ലഭിക്കാത്ത സാഹചര്യത്തിൽ വകുപ്പുതലത്തിലും ജലവിഭവ വകുപ്പുമന്ത്രി തലത്തിലും മുഖ്യമന്ത്രി തലത്തിലും കേന്ദ്ര ജലവിഭവ വകുപ്പ് മന്ത്രിക്കുൾപ്പെടെ നിരവധി കത്തുകൾ സർക്കാർ അയച്ചിട്ടുണ്ട്. പാലക്കാട് ജില്ലയിലെ ഗുരുതരമായ വരൾച്ച കണക്കിലെടുത്ത് പറമ്പിക്കുളം റിസർവോയറിലെ ഉപയോഗയോഗ്യമായ ജലം കരാർ പ്രകാരം ആളിയാറിൽ എത്തിച്ച് അവിടെ നിന്നും ചിറ്റൂർ പുഴ പ്രദേശത്ത് ലഭ്യമാക്കണം എന്നാവശ്യപ്പെട്ട് തമിഴ്നാട് മുഖ്യമന്ത്രിക്ക് കേരള മുഖ്യമന്ത്രി അയച്ച 16-9-2016 -ലെ കത്ത് പി.എ.പി കരാർ പ്രകാരമുള്ള ജലം അടിയന്തരമായി ലഭ്യമാക്കണം എന്നാവശ്യപ്പെട്ട് തമിഴ്നാട് പൊതു മരാമത്ത്, ഹൈവേ, ചെറുകിട തുറമുഖ വകുപ്പ് മന്ത്രിയായിരുന്ന ശ്രീ. എടപ്പാടി.കെ. പളനി സ്വാമിക്കയച്ച ജലവിഭവ വകുപ്പുമന്ത്രിയുടെ 8-10-2016 തീയതിയിലെ കത്ത്, കേന്ദ്ര സർക്കാരിന്റെ അടിയന്തര ഇടപെടൽ ഇക്കാര്യത്തിൽ ഉണ്ടാകണമെന്ന് അഭ്യർത്ഥിച്ച് സംസ്ഥാന ജലവിഭവ വകുപ്പുമന്ത്രി അതേ തീയതിയിൽ കേന്ദ്ര ജലവിഭവവകുപ്പ് മന്ത്രിക്കയച്ച കത്ത്, 2017 മാർച്ചിൽ ചിറ്റൂർ പുഴ പ്രദേശത്ത് കരാർ പ്രകാരം 6.350 റ്റി.എം.സി ജലം ലഭ്യമാക്കേണ്ട സ്ഥലത്ത് 3.762 റ്റി.എം.സി ജലം മാത്രം ലഭ്യമാക്കിയതിനെ തുടർന്ന് കരാർ പ്രകാരമുള്ള ജലം ലഭ്യമാക്കണമെന്നാവശ്യപ്പെട്ടും പി.എ.പി. കരാർ പുനഃരവലോകനത്തിനായി ക്ഷണിച്ചുകൊണ്ടും കേരള മുഖ്യമന്ത്രി തമിഴ്നാട് മുഖ്യമന്ത്രിക്കയച്ച 29-4-2017 തീയതിയിലെ കത്ത് മണക്കടവ് വിയറിൽ കരാർ പ്രകാരം 2017 ജൂലൈ മാസത്തിൽ 260 എം.സി.എഫ്.റ്റി. ജലം ലഭ്യമാക്കേണ്ട സ്ഥലത്ത് 161 എം.സി.എഫ്.റ്റി. ജലം വിതരണം ചെയ്യുകയും പറമ്പിക്കുളം ഡാമിൽ നിന്നും ആളിയാർ ഡാമിലേയ്ക്ക് വെള്ളം ലഭ്യമാക്കാതെ കോണ്ടൂർ കനാൽ വഴി തിരുമൂർത്തി ഡാമിലേയ്ക്ക് തുറന്നുവിട്ട സാഹചര്യത്തിലും ചിറ്റൂർ പുഴ, ചാലക്കുടി ബേസിനുകളിലെ ജലദൗർലഭ്യം പരിഹരിക്കാനായി കരാർ പ്രകാരമുള്ള വ്യവസ്ഥകൾ കർശനമായി പാലിക്കണമെന്നാവശ്യപ്പെട്ട് കേരള മുഖ്യമന്ത്രി തമിഴ്നാട് മുഖ്യമന്ത്രിക്കയച്ച 9-8-2017 തീയതിയിലെ കത്ത് എന്നിവ സർക്കാരിന്റെ അടിയന്തര ഇടപെടലുകളിൽ ഉൾപ്പെടുന്നു.

12-6-2017-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ തിരുവനന്തപുരത്ത് വച്ച് അന്തർ സംസ്ഥാന ജല വിഷയങ്ങളും അവയുമായി ബന്ധപ്പെട്ട കേസുകളുടെ നടത്തിപ്പും സംബന്ധിച്ച് നടന്ന യോഗത്തിലെടുത്ത തീരുമാനപ്രകാരം 2016-2017 ജലവർഷത്തിൽ, കേരളത്തിന് കരാർ പ്രകാരം അർഹതപ്പെട്ട ജലം പി.എ.പി.-യിൽ നിന്ന് ലഭിക്കാത്ത സാഹചര്യത്തിൽ തമിഴ്‌നാടിന്റെ, പി.എ.പി. കരാർ വ്യവസ്ഥാ ലംഘനങ്ങൾക്കെതിരായി ഒരു ഇടക്കാല ഹർജി ഫയൽ ചെയ്യുന്നതിനുവേണ്ടിയുള്ള നടപടിക്രമങ്ങൾ ആരംഭിച്ചുകഴിഞ്ഞു. 2016-17 ജല വർഷത്തിൽ തമിഴ്‌നാട് നടത്തിയ പി.എ.പി കരാർ വ്യവസ്ഥാ ലംഘനങ്ങളുടെ അടിസ്ഥാനത്തിൽ ആർബിട്രേഷനുള്ള വകുപ്പും കൂടി ഉൾപ്പെടുത്തിക്കൊണ്ട് ഒരു ഇടക്കാല ഹർജ്ജി ഫയൽ ചെയ്യുവാനും, നിലവിലെ കേസിന്റെ (Orginal Suit 2 of 2013 ) കോടതിയിലെ നടപടിക്രമങ്ങൾ വേഗത്തിലാക്കാൻവേണ്ടി ഒരു അപേക്ഷ സമർപ്പിക്കുവാനുമുള്ള സാധ്യത സുപ്രീം കോടതിയിലെ കേരളത്തിന്റെ അഭിഭാഷകരോടും, സ്റ്റാൻഡിംഗ് കൗൺസലിനോടും കൂടിയാലോചന നടത്തി പരിശോധിച്ച് വേണ്ടനടപടികൾ സ്വീകരിക്കാൻ പി.എ.പി.- യുടെ നോഡൽ ഓഫീസറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

പറമ്പിക്കുളം ആളിയാർ പദ്ധതി (പി.എ.പി)-യിൽ നിന്ന് കേരളത്തിന് അവകാശപ്പെട്ട ജലം നേടിയെടുത്ത് നിലവിലെ ജലക്ഷാമം പരിഹരിക്കാനുള്ള ഊർജ്ജിത നടപടികൾ കേരള സർക്കാരും, ജലസേചന വകുപ്പും, കേരള വൈദ്യുതി ബോർഡും തുടർന്നും നടത്തുന്നതായിരിക്കും.

## സർക്കാരിന്റെ വാർഷികാഘോഷങ്ങളുടെ പരസ്യ പ്രചരണം

77(3369) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ വാർഷികാഘോഷങ്ങളുടെ ഭാഗമായി സാമൂഹ്യ മാധ്യമങ്ങൾ വഴി പ്രചരണം നടത്തിയിരുന്നോ; എങ്കിൽ ഏതെല്ലാം തരത്തിലുള്ള സാമൂഹ്യമാധ്യമങ്ങൾ വഴിയാണ് പ്രചരണം നടത്തിയത്;

(ബി) സാമൂഹ്യമാധ്യമങ്ങൾ വഴി പ്രചരണം നടത്തുന്നതിന് സ്ഥാപനവുമായി കരാറിൽ ഏർപ്പെട്ടത് സംബന്ധിച്ച് ആരെങ്കിലും ആക്ഷേപമുന്നയിച്ചിട്ടുണ്ടോ;

(സി) സർക്കാരിന്റെ ഒന്നാം വാർഷികാഘോഷങ്ങളുടെ പ്രചരണത്തിനായി ആകെ എന്ത് തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) പ്രചരണം നടത്തിയിരുന്നു. ഫേയ്സ് ബുക്ക്, വാട്സ് ആപ് എന്നീ സാമൂഹ്യ മാധ്യമങ്ങൾ വഴിയാണ് പ്രചരണം നടത്തിയത്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) സർക്കാരിന്റെ ഒന്നാം വാർഷികാഘോഷങ്ങളുടെ പ്രചാരണത്തിനായി ഇതുവരെ ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ഇപ്രകാരമാണ്.

1. സംസ്ഥാനത്തുടനീളം 250 ഇൻസ്റ്റലേഷൻ വർക്കുകൾ - 31,06,785 രൂപ.
2. കെ.എസ്.ആർ.ടി.സി. ബസ് പരസ്യം - 24,15,000 രൂപ.
3. എൽ.ഇ.ഡി. ഹോർഡിംഗുകളിൽ പരസ്യം - 2,27,700 രൂപ.
4. സോഷ്യൽ മീഡിയ വഴിയുള്ള പ്രചരണം - 21,24,000 രൂപ.

**കേരള പ്രവാസി ക്ഷേമപെൻഷൻ**

78(3370) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പ്രവാസി ക്ഷേമ പെൻഷൻ വർദ്ധിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(ബി) പ്രവാസി ക്ഷേമ പദ്ധതിയിൽ തദ്ദേശീയരായ എത്രപേരും വിദേശത്ത് താമസിക്കുന്ന എത്രപേരും രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) പ്രവാസി ക്ഷേമനിധി അംഗങ്ങളുടെ പെൻഷൻ ഏകീകരിച്ച് 2,000 രൂപയായി വർദ്ധിപ്പിക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച ഉത്തരവ് ഉടൻ പുറപ്പെടുവിക്കുന്നതാണ്.

(ബി) പ്രവാസി കേരളീയ ക്ഷേമനിധിയിൽ പ്രവാസി കേരളീയൻ (വിദേശം) വിഭാഗത്തിൽ 131816 പേരും, മുൻപ്രവാസി കേരളീയൻ (വിദേശം) വിഭാഗത്തിൽ 46047 പേരും അംഗങ്ങളായിട്ടുണ്ട്.

**വിദേശ രാജ്യങ്ങളിൽ ജോലി വാഗ്ദാനം**

79(3371) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശ രാജ്യങ്ങളിൽ ജോലി വാഗ്ദാനംചെയ്ത് വ്യാജരേഖകൾ ചമച്ച് റിക്രൂട്ടിംഗ് നടത്തുന്ന ഏജന്റുമാരെക്കുറിച്ചുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇത്തരം ഏജൻസികൾക്കെതിരെ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) വ്യാജ റിക്രൂട്ടിംഗ് ഏജൻസികളെക്കുറിച്ച് ലഭിക്കുന്ന വിവരങ്ങൾ പോലീസിന് കൈമാറുന്നു. പോലീസ് വകുപ്പ് ഇവരുടെ പ്രവർത്തനങ്ങൾ നിരീക്ഷിച്ച് അന്വേഷണം നടത്തി ഉചിതമായ നിയമ നടപടികൾ സ്വീകരിച്ചു വരുന്നു. ചൂഷണങ്ങൾക്ക് ഇരയാകുന്നവർ നൽകുന്ന പരാതികൾ സൂപ്രണ്ട് ഓഫ് പോലീസ്, എൻ.ആർ.ഐ. സെൽ, സംസ്ഥാന പോലീസ് മേധാവി എന്നിവർക്ക് കൈമാറുകയും അപേക്ഷകൾ അതത് പോലീസ് സ്റ്റേഷനുകൾ നേരിട്ട് ഇടപെട്ട് തീർപ്പാക്കുകയുമാണ് നിലവിൽ ചെയ്യുന്നത്.

**വ്യാജ റിക്രൂട്ടിംഗ് ഏജൻസികൾക്കെതിരെ നടപടി**

80(3372) <u>ശ്രീ. പി. ഉബൈദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗൾഫ് രാജ്യങ്ങളിലേക്ക് തൊഴിൽ ആവശ്യാർത്ഥം സ്ത്രീകൾ ഉൾപ്പെടെയുള്ളവരെ റിക്രൂട്ട് ചെയ്യുന്ന വ്യാജ ഏജൻസികൾ വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവരുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുവാൻ എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്; വിശദാംശം നൽകുമോ;

(സി) തൊഴിലാളികൾക്ക് നൽകിയ വാഗ്ദാനങ്ങൾ പാലിക്കാതെ അവരെ ചൂഷണംചെയ്യുന്ന ഇത്തരം റിക്രൂട്ടിംഗ് ഏജൻസികളെ നിയമത്തിനുമുമ്പിൽ കൊണ്ടുവരാൻ കർശന നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) വ്യാജ ഏജൻസികളെക്കുറിച്ച് ലഭിക്കുന്ന വിവരങ്ങൾ പോലീസിനു കൈമാറി ഇവരുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുകയും ഉചിതമായ നിയമ നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു. കൂടാതെ Awareness Campaign on Illegal Recruitment & Visa Check പദ്ധതി മുഖാന്തരം വിദേശ റിക്രൂട്ടുമെന്റുമായി ബന്ധപ്പെട്ട ചൂഷണങ്ങൾ, വിസ തട്ടിപ്പ് എന്നിവയ്ക്കെതിരെയുള്ള ബോധവത്ക്കരണ പരിപാടികൾ, വിവിധ ദൃശ്യ, ശ്രവ്യപത്ര മാധ്യമങ്ങളിലൂടെ നൽകിവരുന്നുണ്ട്.

(സി) ചൂഷണങ്ങൾക്ക് ഇരയാകുന്നവർ നൽകുന്ന പരാതികൾ സൂപ്രണ്ട് ഓഫ് പോലീസ്, എൻ.ആർ.ഐ. സെൽ, സംസ്ഥാന പോലീസ് മേധാവി എന്നിവർക്ക് കൈമാറുകയും അപേക്ഷകൾ അതത് പോലീസ് സ്റ്റേഷനുകൾ നേരിട്ട് ഇടപെട്ട് തീർപ്പാക്കുകയുമാണ് നിലവിൽ ചെയ്യുന്നത്.

**നോർക്ക ക്ഷേമപദ്ധതികൾ**

81(3373) ശ്രീ. കെ. സി.ജോസഫ്:

ശ്രീ. പി. ടി. തോമസ്:

ശ്രീ. വി. ഡി. സതീശൻ:

ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡൽഹി, മുംബൈ, ചെന്നൈ, ബംഗ്ലൂരു എന്നിവിടങ്ങളിൽ നോർക്ക ഓഫീസ് പ്രവർത്തിക്കുന്നുവെങ്കിലും വളരെ ചുരുക്കം മലയാളികൾ മാത്രമേ നോർക്കയുടെ ക്ഷേമ പദ്ധതികളിൽ അംഗങ്ങളായിട്ടുള്ളൂ എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സമൂഹത്തിന്റെ അടിത്തട്ടിൽ കഴിയുന്ന, ആനുകൂല്യങ്ങളും ആരോഗ്യസുരക്ഷാ പദ്ധതികളും ലഭ്യമല്ലാത്ത മറുനാടൻ മലയാളികളിലേയ്ക്ക് നോർക്കയുടെ ക്ഷേമ പദ്ധതികൾ എത്തിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) മറുനാടൻ മലയാളികൾ കൂടുതലായി താമസിക്കുന്ന സംസ്ഥാനങ്ങളിൽ നോർക്ക സെല്ലുകൾ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. ഈ സെല്ലുകളിലെ ഉദ്യോഗസ്ഥർ അതത് സംസ്ഥാനത്തെ മലയാളികളുടെ പ്രശ്നങ്ങൾ മനസ്സിലാക്കുകയും അപേക്ഷകളും പരാതികളും സ്വീകരിച്ച് ആവശ്യമായ സഹായങ്ങൾ നൽകുകയും ചെയ്തുവരുന്നുണ്ട്. നോർക്ക ക്ഷേമപദ്ധതികളെക്കുറിച്ച് വ്യാപകമായ പരസ്യ പ്രചാരണങ്ങൾ പത്ര മാധ്യമങ്ങളിലൂടെ നൽകിവരുന്നുണ്ട്. മറുനാടൻ മലയാളികൾക്കിടയിൽ കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിന്റെ ഭാഗമായി ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നതിന് ബോർഡ് തീരുമാനിച്ചിട്ടുണ്ട്.

## പ്രവാസി ക്ഷേമ പ്രവർത്തനങ്ങൾ

82(3374) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

പ്രവാസി ക്ഷേമ പ്രവർത്തനങ്ങൾ ഫലപ്രദമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

പ്രവാസി ക്ഷേമ പ്രവർത്തനങ്ങൾ ഫലപ്രദമാക്കുന്നതിന് നോർക്ക റൂട്ട്സ്, കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ് എന്നിവ മുഖേന താഴെപ്പറയുന്ന ക്ഷേമപദ്ധതികളും അവ ഫലപ്രദമായി നടപ്പിലാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

സാന്ത്വന പദ്ധതി -

തിരികെയെത്തിയ ദുരിതമനുഭവിക്കുന്ന പ്രവാസി കേരളീയർക്കായുള്ള ദുരിതാശ്വാസ നിധിയായ സാന്ത്വന പദ്ധതി 2005 മുതൽ സംസ്ഥാന സർക്കാർ നടപ്പിലാക്കിവരുന്നു. നിർദ്ധനരായ പ്രവാസി കുടുംബാംഗങ്ങളെ അത്യാവശ്യ ഘട്ടങ്ങളിൽ സാമ്പത്തികമായി സഹായിക്കുകയെന്ന ലക്ഷ്യത്തോടെയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്.

കാരുണ്യം പദ്ധതി -

പ്രവാസികളായ കേരളീയരുടെ (ഇന്ത്യയ്ക്ക് പുറത്തോ ഇതര സംസ്ഥാനങ്ങളിലോ ഉള്ളവർ) മൃതശരീരം സ്വദേശത്തേയ്ക്ക് കൊണ്ടുവരുന്നതിനുള്ള പദ്ധതി, ടി പദ്ധതിയിലൂടെ, മരണമടഞ്ഞ പ്രവാസിയുടെ നിയമാനുസൃതമായ അവകാശിക്ക് ധനസഹായം നൽകിവരുന്നു. അന്യസംസ്ഥാനത്തുനിന്നും മൃതശരീരം നാട്ടിലെത്തിക്കുന്നതിന് 15,000 രൂപയും വിദേശത്തുനിന്നും മൃതശരീരം നാട്ടിലെത്തിക്കുന്നതിന് പരമാവധി 50,000 രൂപയുമാണ് നൽകിവരുന്നത്.

പെൻഷൻ പദ്ധതി -

കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ് മുഖേന 2014 സെപ്റ്റംബർ മാസം മുതൽ പ്രവാസികൾക്കുള്ള പെൻഷൻ പദ്ധതി നടപ്പാക്കിയിട്ടുണ്ട്. ക്ഷേമനിധിയിൽ അംഗങ്ങളായിട്ടുള്ളവരിൽനിന്നും 4925 പേർക്ക് പെൻഷൻ നല്കിവരുന്നു.

വ്യാജ റിക്രൂട്ട്മെന്റ്, വിസ തട്ടിപ്പ് എന്നിവയ്ക്കെതിരെയുള്ള ബോധവൽക്കരണം -

വിദേശ റിക്രൂട്ട്മെന്റുമായി ബന്ധപ്പെട്ട ചൂഷണങ്ങൾ, വിസ തട്ടിപ്പ് എന്നിവക്കെതിരെയുള്ള ബോധവൽക്കരണ പരിപാടികൾ വിവിധ ദൃശ്യ, ശ്രവ്യ പത്ര മാധ്യമങ്ങളിലൂടെ നൽകുന്നതിനായി, സർക്കാരിന്റെ പി.ആർ.ഡി, തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള ഏജൻസികൾ മുഖേന ബോധവൽക്കരണം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

തിരിച്ചുവന്ന പ്രവാസികളുടെ പുനരധിവാസ പദ്ധതി -

തൊഴിൽ രഹിതരായി തിരികെ എത്തിയ പ്രവാസികളുടെ പുനരധിവാസ ത്തിനായി നടപ്പിലാക്കിയിരിക്കുന്ന പദ്ധതിയാണ് നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്റ്റ് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM). പരമാവധി ഇരുപത് ലക്ഷം രൂപ അടങ്കൽ മൂലധന ചെലവ് വരുന്ന പദ്ധതികൾക്ക് 15% മൂലധന സബ്സിഡിയും ആദ്യ നാലു വർഷം 3% പലിശ സബ്സിഡിയും നൽകി ബാങ്ക് വായ്പ ലഭ്യമാക്കുന്നതാണ് ഈ പദ്ധതി.

എൻ.ബി.എഫ്.സി.

പ്രവാസികളിൽ നിക്ഷേപം നടത്തുവാനും സംരംഭം തുടങ്ങുവാനും താല്പര്യമുള്ളവർക്ക് സംരംഭമേഖലയെക്കുറിച്ച് സമഗ്രമായ സഹായം നല്കുന്നതിനായി ഒരു പ്രത്യേക സെൽ രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

സ്വപ്ന സാഫല്യം

തങ്ങളുടേതല്ലാത്ത കാരണങ്ങളാൽ ചെറിയ കുറ്റങ്ങൾക്ക് വിദേശ ജയിലുകളിൽ ശിക്ഷ അനുഭവിച്ച് മോചിതരാകുന്ന മലയാളികൾക്ക് സൗജന്യ വിമാന ടിക്കറ്റ് നല്കുന്ന പദ്ധതിയാണിത്.

കോൾ സെന്റർ

നോർക്ക വകുപ്പ്, നോർക്ക റൂട്ട്സ് ഇവയുടെ കീഴിൽ വരുന്ന മറ്റ് ഓഫീസുകൾ സംബന്ധിച്ച വിവരങ്ങൾ, സേവനങ്ങൾ, പദ്ധതികൾ, പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ, അത്യാവശ്യ ഘട്ടങ്ങളിൽ ആവശ്യമായ ഉപദേശങ്ങൾ എന്നിവ ലഭ്യമാക്കുന്നതിനായി 24 മണിക്കൂറും ഒരു കോൾ സെന്റർ പ്രവർത്തിക്കുന്നു.

<u>സർട്ടിഫിക്കറ്റ് അറ്റസ്റ്റേഷൻ</u>

വിദേശ രാജ്യങ്ങളിൽ തൊഴിൽതേടുന്നവർക്ക് അവരുടെ വിദ്യാഭ്യാസ/വിദ്യാഭ്യാസേതര സർട്ടിഫിക്കറ്റിൽ എച്ച്.ആർ.ഡി. അറ്റസ്റ്റേഷൻ, എം.ഇ.എ. അറ്റസ്റ്റേഷൻ, പോകുന്ന രാജ്യത്തിന്റെ എംബസി അറ്റസ്റ്റേഷൻ എന്നിവ നോർക്ക റൂട്ട്സിൽ വളരെ കുറഞ്ഞ സർവ്വീസ് ചാർജ്ജിൽ ചെയ്തുകൊടുക്കുന്നുണ്ട്. കൂടാതെ ഓൺലൈൻ സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്.

<u>ഓൺലൈൻ രജിസ്ട്രേഷൻ സംവിധാനവും ഡാറ്റാബേസ് രൂപീകരണവും പദ്ധതി</u>

പ്രവാസികളേയും തിരികെയെത്തുന്ന പ്രവാസികളേയും കുറിച്ചുള്ള കൃത്യവും സമഗ്രവുമായ ഒരു ഡാറ്റാബേസ് നോർക്ക റൂട്ട്സ് മുഖേന രൂപീകരിക്കുന്നതിനുള്ള പദ്ധതിക്കായി ഭരണാനുമതി നല്കിയിട്ടുണ്ട്.

<u>എൻ.ആർ.കെ.ഐ.ഡി കാർഡ്/പ്രവാസി ഐ.ഡി. കാർഡ് (വിദേശത്തുള്ള പ്രവാസികൾക്ക്)</u>

പ്രവാസികൾക്ക് വിതരണംചെയ്യുന്ന ഐ.ഡി. കാർഡിനായുള്ള അപേക്ഷകളിൽ വർദ്ധന ഉണ്ടായതുമൂലം ഉണ്ടായ പരാതികൾ തീർപ്പാക്കുന്നതിനായി പ്രവാസി അസോസിയേഷനുകൾവഴി ലഭ്യമായ എല്ലാ അപേക്ഷകളും കുടുംബശ്രീയുടെ സഹായത്തോടെ ഡാറ്റാ എൻട്രി ചെയ്ത് കാർഡ് പ്രിന്റ് ചെയ്ത് നല്കിവരുന്നു.

കൂടാതെ കുടുംബ പെൻഷൻ, മരണാനന്തര ധനസഹായം, ചികിത്സാ ധനസഹായം, വിവാഹ ധനസഹായം, പ്രസവാനുകൂല്യം, വിദ്യാഭ്യാസ ഗ്രാന്റ്, തുടങ്ങിയ പദ്ധതികളും പദ്ധതി ആനുകൂല്യങ്ങൾ നേടിയെടുക്കുന്നതിനുള്ള ബോധവത്ക്കരണ പരിപാടികളും കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ് മുഖേന നടപ്പാക്കി വരുന്നു. ഗുരുതരമായ അസുഖങ്ങൾ പിടിപെട്ട് നാട്ടിലെത്തുന്ന പ്രവാസികളെ വിവിധ എയർപോർട്ടുകളിൽ നിന്നും അവരുടെ വീട്ടിലേക്കോ/ ആശുപത്രികളിലേക്കോ സൗജന്യമായി എത്തിക്കുന്നതിനാവശ്യമായ ആംബുലൻസ് സേവനം ഏർപ്പെടുത്തുന്നതിനാവശ്യമായ നടപടികളും സ്വീകരിച്ചുവരുന്നു.

**പ്രവാസി വകുപ്പ് മുഖേനയുള്ള അപകടമരണ ധനസഹായം**

83(3375) <u>ശ്രീ. യു. ആർ. പ്രദീപ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ പ്രവാസി വകുപ്പ് മുഖേനയുള്ള അപകടമരണ ധനസഹായം എത്രപേർക്ക് നൽകാൻ ഉണ്ടായിരുന്നുവെന്ന് വ്യക്തമാക്കാമോ ; ഇതിനായി എത്ര കോടി രൂപ അനുവദിച്ചു നൽകിയെന്ന് അറിയിക്കാമോ ;

(ബി) പ്രവാസി വകുപ്പുമുഖേനയുള്ള അപകടമരണ ധനസഹായം വിതരണം ചെയ്യുന്നതിന് 2016-17 സാമ്പത്തിക വർഷം എത്ര കോടി രൂപ വകയിരുത്തിയിരുന്നു; 2017-18 സാമ്പത്തിക വർഷം എത്ര കോടി രൂപ വകയിരുത്തിയിട്ടുണ്ട്;

(സി) നിലവിൽ എത്ര അപേക്ഷകൾ പ്രവാസികാര്യവകുപ്പിൽ തീർപ്പുകൽപ്പിക്കാനായിട്ടുണ്ട് ; കഴിവതും വേഗത്തിൽ ഈ അപേക്ഷകളിൽ തീർപ്പു കൽപിച്ച് ധനസഹായം വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ ; നടപടി സ്വീകരിച്ചുവെങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ - സി) അപകട മരണത്തിന് മാത്രമായി പ്രവാസികാര്യ വകുപ്പ് ധനസഹായം നല്കുന്നില്ല. എന്നാൽ സാന്ത്വന ധനസഹായ പദ്ധതി പ്രകാരം 1,00,000 രൂപ വരെ മരണാനന്തര ധനസഹായം നല്കിവരുന്നുണ്ട്. കൂടാതെ, കേരളീയ പ്രവാസി കേരളീയ ബോർഡ്, ക്ഷേമ നിധിയിൽ അംഗമായിരിക്കെ അസുഖംമൂലമോ അപകടംമൂലമോ മരണമടയുന്ന പ്രവാസി കേരളീയരായ (വിദേശം) അംഗത്തിന്റെ ആശ്രിതർക്ക് 50,000 രൂപയും വിദേശത്തുനിന്നും തിരിച്ചു വന്ന പ്രവാസി കേരളീയനായ (വിദേശം) അംഗത്തിന്റെ ആശ്രിതർക്ക് 30,000 രൂപയും പ്രവാസി കേരളീയനായ (ഭാരതം) അംഗത്തിന്റെ ആശ്രിതർക്ക് 25,000 രൂപയും കല്പിത അംഗങ്ങളുടെ ആശ്രിതർക്ക് 20,000 രൂപയും മരണാനന്തര ധനസഹായമായി അനുവദിച്ചുവരുന്നു.

**പ്രവാസികളുടെ മൃതദേഹങ്ങൾ നാട്ടിൽ എത്തിക്കുന്നതിനുള്ള നടപടിക്രമങ്ങൾ**

84(3376) <u>ശ്രീ. അബ്ദുൽ ഹമീദ്. പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസികളുടെ മൃതദേഹങ്ങൾ നാട്ടിൽ എത്തിക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണ്; വ്യക്തമാക്കുമോ;

(ബി) ഇത് സംബന്ധിച്ച് കേന്ദ്ര സർക്കാരോ സംസ്ഥാന സർക്കാരോ ചട്ടങ്ങൾ രൂപീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കുമോ;

(സി) മൃതദേഹങ്ങൾ നാട്ടിലെത്തിക്കുന്നതിന് സംസ്ഥാന സർക്കാർ ചെയ്യുന്ന സഹായങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) പ്രവാസികളുടെ മൃതദേഹം നാട്ടിലെത്തിക്കുന്നതിനുള്ള പൂർണ്ണ ചുമതല സ്പോൺസറിൽ നിക്ഷിപ്തമാണ്. സ്പോൺസർ, ഇന്ത്യൻ എംബസ്സി, വിദേശ രാജ്യത്തെ വിവിധ ഗവൺമെന്റ് വകുപ്പുകൾ എന്നിവയുമായി ബന്ധപ്പെട്ട് ഇതിനായുള്ള രേഖകൾ തയ്യാറാക്കി, മൃതദേഹം കൊണ്ടുവരുന്നതിനുള്ള ചെലവ് വഹിച്ചാണ് നാട്ടിലേക്ക് അയയ്ക്കേണ്ടത്. ഇതിനാവശ്യമായ എല്ലാ സഹായവും വിവിധ രാജ്യങ്ങളിൽ പ്രവർത്തിക്കുന്ന ഇന്ത്യൻ എംബസ്സികൾ നല്കിവരുന്നുണ്ട്.

(ബി) ഇത് സംബന്ധിച്ച് സംസ്ഥാന സർക്കാർ പ്രത്യേകമായി ചട്ടങ്ങൾ രൂപീകരിച്ചിട്ടില്ല. വിദേശ രാജ്യങ്ങളിൽവച്ച് മരണപ്പെടുന്ന ഇന്ത്യക്കാരുടെ മൃതദേഹം കൊണ്ടുവരുന്നതിന് കേന്ദ്ര സർക്കാർ നിഷ്കർഷിക്കുന്ന നടപടിക്രമങ്ങൾ (കേന്ദ്ര വിദേശകാര്യ മന്ത്രാലയത്തിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചത്) അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) വിദേശ രാജ്യങ്ങളിൽവച്ച് മരണപ്പെടുന്ന മലയാളികളുടെ മൃതദേഹങ്ങൾ നാട്ടിലെത്തിക്കുന്നതിനുള്ള അപേക്ഷ കുടുംബാംഗങ്ങളിൽ നിന്നോ മലയാളി സംഘടനകളിൽ നിന്നോ വ്യക്തികളിൽ നിന്നോ പ്രവാസികാര്യ വകുപ്പിൽ ലഭിച്ചാലുടനെ, പ്രസ്തുത വിഷയം അതത് ഇന്ത്യൻ എംബസികളുടെ ശ്രദ്ധയിൽ കൊണ്ടുവരികയും മൃതദേഹവും മറ്റ് അനുബന്ധ വസ്തുക്കളും/രേഖകളും അടിയന്തരമായി നാട്ടിലെത്തിക്കുന്നതിന് ഇന്ത്യൻ എംബസിയുടെ സഹായത്തോടെ നടപടി സ്വീകരിച്ചുവരുകയും ചെയ്യുന്നുണ്ട്. മരണപ്പെട്ട പ്രവാസികളുടെ കുടുംബാംഗങ്ങളുമായി നേരിട്ട് ബന്ധപ്പെട്ടാണ് ഇന്ത്യൻ എംബസികൾ മൃതദേഹം നാട്ടിലെത്തിക്കുന്നത്.

ECR(Emigration Clearance Required) രാജ്യങ്ങളിൽ മരണമടയുന്ന ഇന്ത്യാക്കാരുടെ മൃതദേഹം നാട്ടിലെത്തിക്കുന്നതിനായി കേന്ദ്ര വിദേശകാര്യ മന്ത്രാലയത്തിന്റെ www.moia.gov.in എന്ന വെബ്സൈറ്റിൽ ഒരു സോഫ്റ്റ് വെയർ മോഡ്യൂൾ 12-08-2014 മുതൽ ലഭ്യമാണ്. പ്രവാസികളുടെ മൃതദേഹം നാട്ടിലെത്തിക്കുന്നതിനുള്ള ചെലവ് സ്പോൺസറോ, എംബസിയോ വഹിക്കാത്ത സാഹചര്യങ്ങളിൽ നിബന്ധനകൾക്ക് വിധേയമായി പരമാവധി 50,000 രൂപ വരെ ധനസഹായം അനുവദിക്കുന്നതിന് 'കാരുണ്യം' എന്ന സംസ്ഥാന സർക്കാർ പദ്ധതി നിലവിലുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## നോർക്കയുടെ പ്രവർത്തനങ്ങൾ

85(3377) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആവശ്യത്തിന് ജീവനക്കാരില്ലാത്തത് നോർക്കയുടെ പ്രവർത്തനങ്ങളെ ബാധിച്ചു എന്ന തരത്തിലുള്ള മാധ്യമ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) പ്രവാസികളുടെ തിരിച്ചറിയൽ കാർഡിനായുള്ള അപേക്ഷകൾ പരിഗണിക്കുന്നതിന് കാലതാമസമുണ്ടാകുന്നത് ജീവനക്കാരുടെ കുറവ് മൂലമാണോ; വ്യക്തമാക്കുമോ;

(സി) നോർക്ക റൂട്ട്സിന്റെ സുഗമമായ പ്രവർത്തനത്തിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) പ്രവാസി തിരിച്ചറിയൽ കാർഡിനുള്ള അപേക്ഷകരുടെ എണ്ണത്തിൽ അഭൂതപൂർവ്വമായ വർദ്ധനവുണ്ടായതുകൊണ്ടാണ് ചില കേസുകളിൽ കാല താമസമുണ്ടായത്.

(സി) നോർക്ക റൂട്ട്സിന്റെ സുഗമമായ പ്രവർത്തനം ഉറപ്പാക്കുന്നതിനായി അംഗീകൃത തസ്തികകളിലേയ്ക്ക് നിയമനം നടത്താൻ തീരുമാനിച്ചിട്ടുണ്ട്. കൂടാതെ പ്രധാന പദ്ധതികളെല്ലാം പുനരാവിഷ്കരിച്ച് ലളിതമാക്കാനും കാലതാമസം ഒഴിവാക്കാനും നടപടി സ്വീകരിച്ചിട്ടുണ്ട്.

## കൊലപാതകങ്ങൾ

86(3378) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര സി.പി.ഐ.(എം.) പ്രവർത്തകർ കൊലചെയ്യപ്പെട്ടു എന്ന് അറിയിക്കുമോ;

(ബി) ഈ കൊലപാതകങ്ങളിൽ എത്ര എണ്ണം ആർ.എസ്.എസ്., ബി.ജെ.പി.-ക്കാർ നടത്തിയതാണെന്ന് അറിയിക്കുമോ?

ഉത്തരം

(എ&ബി) 2 സി.പി.ഐ.(എം.) പ്രവർത്തകർ കൊലചെയ്യപ്പെട്ടു. രണ്ട് കൊലപാതകങ്ങളിലും ആർ.എസ്.എസ്., ബി.ജെ.പി. പ്രവർത്തകരാണ് പ്രതികളായിട്ടുള്ളത്.

**മൊഴിമാറ്റവും കൂറുമാറ്റവും തടയുവാൻ നടപടി**

87(3379) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പോലീസ് രജിസ്റ്റർചെയ്ത് കോടതികൾ മുമ്പാകെ വരുന്ന കേസ്സുകളിൽ കൂറുമാറുന്ന സാക്ഷികളുടേയും, മൊഴിമാറ്റുന്ന അഭിഭാഷകരുടെയും എണ്ണം നാൾക്കുനാൾ കൂടിവരുന്നത് ശ്രദ്ധയിൽപ്പെട്ടുവോ, എങ്കിൽ കഴിഞ്ഞ 5 വർഷ കാലയളവിൽ ഉണ്ടായ ഇത്തരം സംഭവങ്ങളുടെ വിശദാംശം വർഷം തിരിച്ച് വ്യക്തമാക്കുമോ;

(ബി) പൊതുജനങ്ങൾക്ക് നിയമോപദേശം നൽകേണ്ടവരും നിയമ സംരക്ഷണം ഉറപ്പുവരുത്തേണ്ടതുമായ അഭിഭാഷകർ ഇത്തരത്തിൽ മൊഴിമാറ്റി പോലീസിനേയും കോടതികളേയും കുഴക്കുന്നതും അതുപോലെ സാക്ഷികൾ കൂറുമാറുന്നതും തടയുവാൻ എന്തു നടപടികൾ സ്വീകരിക്കും എന്നു വ്യക്തമാക്കുമോ;

(സി) ഇതിനായി സർക്കാർ ഒരു പെരുമാറ്റച്ചട്ടമോ നിയമനിർമ്മാണമോ നടത്തുന്നത് പരിഗണിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇത്തരം സംഭവങ്ങളുടെ വിവരങ്ങൾ കോടതി രേഖകളുടെ ഭാഗമായതിനാൽ സർക്കാരിൽ ലഭ്യമല്ല.

(ബി&സി) ഇത്തരത്തിലുള്ള സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ ബഹുമാനപ്പെട്ട കോടതികളുടെ നിർദ്ദേശപ്രകാരവും നിയമപരമായി തടയാൻ കഴിയുന്നതുമായ നടപടികൾ സ്വീകരിക്കുന്നതാണ്.

**പോലീസ് പിടിച്ചെടുത്ത വാഹനങ്ങൾ**

88(3380) ശ്രീ. എൻ .എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് പിടിച്ചെടുത്ത എത്ര വാഹനങ്ങൾ പോലീസ് സ്റ്റേഷൻ വളപ്പുകളിൽ ഉണ്ടെന്നും അവ എത്രകാലമായി അവിടെ സൂക്ഷിച്ചിട്ടുണ്ടെന്നുമുള്ള കണക്കുകൾ ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) കാസർഗോഡ് ജില്ലയിൽ എത്ര വാഹനങ്ങൾ എത്രകാലമായി സ്റ്റേഷൻ പറമ്പുകളിൽ കിടക്കുന്നുണ്ടെന്നും എതെല്ലാം കേസുകളിലാണ് ഈ വാഹനങ്ങൾ ഉൾപ്പെട്ടിട്ടുള്ളതെന്നും പോലീസ് സ്റ്റേഷൻ തിരിച്ച് വ്യക്തമാക്കാമോ;

(സി) പിടിച്ചെടുക്കുന്ന വാഹനങ്ങൾ കാരണം പോലീസ് സ്റ്റേഷനുകളിലെ ജീപ്പുകളും വിവിധ ആവശ്യങ്ങൾക്കായെത്തുന്ന പൊതുജനങ്ങളുടെ വാഹനങ്ങളും പാർക്ക് ചെയ്യാൻ ബുദ്ധിമുട്ടുകയാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഈ വാഹനങ്ങൾ ഉടമകൾക്ക് വിട്ടുകൊടുക്കാനുള്ള നടപടികൾ സ്വീകരിക്കുമോ;

(ഇ) സാമൂഹികവിരുദ്ധർ അടക്കമുള്ളവർ ഈ വാഹനങ്ങളുടെ സ്പെയർപാർട്ട്സുകൾ മോഷ്ടിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) പിടിച്ചെടുത്ത വാഹനങ്ങൾ ഉൾപ്പെട്ട കേസ്സുകൾ അതിവേഗ കോടതികളിലോ മറ്റ് സംവിധാനങ്ങൾ ഉപയോഗിച്ചോ തീർപ്പുകൽപ്പിക്കാനായാൽ ലക്ഷങ്ങൾ വിലമതിക്കുന്ന വാഹനങ്ങൾ തുരുമ്പെടുത്ത് നശിക്കുന്നത് തടയാനും ലേലത്തിലൂടെ സർക്കാരിന് വൻതുക ലഭിക്കാനും വഴിയൊരുക്കുമെന്ന കാര്യം ആലോചിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) പോലീസ് പിടിച്ചെടുത്ത 36768 വാഹനങ്ങൾ പോലീസ് സ്റ്റേഷൻ വളപ്പുകളിൽ ഉണ്ട്. ജില്ലതിരിച്ചുള്ള കണക്കുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) കാസർഗോഡ് ജില്ലയിൽ 1264 വാഹനങ്ങൾ പോലീസ് സ്റ്റേഷൻ പറമ്പുകളിൽ കിടക്കുന്നുണ്ട്. ഏതെല്ലാം കേസുകളിലാണ് ഈ വാഹനങ്ങൾ ഉൾപ്പെട്ടിട്ടുള്ളതെന്ന് പോലീസ് സ്റ്റേഷൻതിരിച്ച് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) സ്ഥലപരിമിതിമൂലം ചില സ്റ്റേഷനുകളിൽ പിടിച്ചെടുക്കുന്ന വാഹനങ്ങൾ പാർക്ക് ചെയ്യുന്നതുമൂലം അസൗകര്യം ഉണ്ടാകുന്നുണ്ട്. എന്നാൽ കഴിവതും ഡിപ്പാർട്ട്മെന്റുവക വാഹനങ്ങളും സ്റ്റേഷനിൽ എത്തുന്ന പൊതുജനങ്ങളുടെ വാഹനങ്ങളും പാർക്ക് ചെയ്യാൻ അസൗകര്യമുണ്ടാകാത്ത വിധത്തിൽ പിടിച്ചെടുക്കുന്ന വാഹനങ്ങൾ പാർക്കുചെയ്യുന്നുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) വാഹനാപകടങ്ങളിൽപ്പെട്ട് കേസുകളിൽ ഉൾപ്പെടുന്ന വാഹനങ്ങൾ നിയമനടപടികൾ പൂർത്തിയാക്കിയശേഷം ഉടമസ്ഥർക്ക് യഥാസമയം വിട്ടുനൽകുന്നതാണ്. കേസുകളിൽ ഉൾപ്പെട്ടിരിക്കുന്ന വാഹനങ്ങൾ ബഹു.കോടതികളുടെ നിർദ്ദേശാനുസരണം ഉടമസ്ഥർക്ക് നൽകിവരുന്നു. അല്ലാത്തവ ലേലം ചെയ്ത് സർക്കാരിൽ മുതൽക്കൂട്ടുന്ന നടപടികൾ സ്വീകരിച്ച് വരുന്നു.

(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(എഫ്) ഇക്കാര്യത്തിൽ ശാശ്വതപരിഹാരം ഉണ്ടാക്കുന്നതിനായി നിയമനിർമ്മാണം നടത്തുന്നതിനെക്കുറിച്ച് ആലോചിച്ചുവരുന്നു.

**പോലീസ് വകുപ്പിലെ സി.എ.-ക്കും മാനേജർക്കുമെതിരെയുള്ള പരാതികൾ**

89(3381) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് ആസ്ഥാനത്തെ എ.ഐ.ജി.-യുടെ സി.എ. ആയ ശ്രീ. രാമരാജന് എതിരെ വനിതാ പോലീസുകാരി നൽകിയ പരാതിയിലും എറണാകുളം സിറ്റി മാനേജർ ശ്രീ. ഷാജു ജേക്കബിനെതിരെ വനിതാ ജീവനക്കാരി നൽകിയ പരാതിയിലും എന്ത് നടപടി സ്വീകരിച്ചു;

(ബി) പോലീസ് ആസ്ഥാനത്തെ സി.എ.-ക്ക് എതിരെ മുൻപ് സമാന രീതിയിലുള്ള പരാതിയിലും പത്മനാഭസ്വാമി ക്ഷേത്രത്തിലെ പോലീസുകാരുടെ സ്ഥലംമാറ്റത്തിന്റെ ഓർഡർ ചോർത്തിയതായ പരാതിയിലും എന്ത് നടപടി സ്വീകരിച്ചു;

(സി) മുൻപ് പോലീസ് ആസ്ഥാനത്തെ ജീവനക്കാരെ ഭീഷണിപ്പെടുത്തി പണപ്പിരിവ് നടത്തിയതുമായി ബന്ധപ്പെട്ട പരാതിയിൽ ടിയാനെ തിരുവനന്തപുരം റൂറലിലേക്ക് സ്ഥലം മാറ്റുകയും തുടർന്ന് അന്വേഷണം നടക്കുകയും ചെയ്തിരുന്നോ ; പ്രസ്തുത അന്വേഷണത്തിന്റെ തൽസ്ഥിതി എന്താണെന്ന് വ്യക്തമാക്കുമോ;

(ഡി) ആരോപണവിധേയർ തൽസ്ഥാനങ്ങളിൽ തുടരുന്നത് അന്വേഷണത്തെ ബാധിക്കുന്നതിനാൽ അന്വേഷണം കഴിയും വരെ തൽസ്ഥാനങ്ങളിൽ നിന്ന് മാറ്റിനിർത്തുമോ?

ഉത്തരം

(എ) പോലീസ് ആസ്ഥാനത്തെ എ.ഐ.ജി.-യുടെ സി.എ. ആയ ശ്രീ. രാമരാജനെതിരെ വനിതാ പോലീസുകാരി നൽകിയ പരാതിയിന്മേൽ വനിതാ ബറ്റാലിയൻ കമാണ്ടന്റ് അന്വേഷണം നടത്തി വരുന്നതാണ്.

കൊച്ചി പോലീസ് ഓഫീസിലെ മാനേജരായ ശ്രീ. ഷാജു ജേക്കബിനെതിരെ പരാതി ലഭിച്ചതായി കാണുന്നില്ല. എന്നാൽ എറണാകുളം സിറ്റി പോലീസ് മേധാവിയുടെ ഓഫീസിലെ അക്കൗണ്ട്സ് ഓഫീസറായ ശ്രീ. ഷാജു ജേക്കബിനെ വൈപ്പിൻ ബീച്ചിൽവച്ച് ഒരു യുവതിയുമായി നാട്ടുകാർ പിടികൂടിയ സംഭവുമായി ബന്ധപ്പെട്ട് ശ്രീ. ഷാജു ജേക്കബ് ഞാറയ്ക്കൽ പോലീസ് സ്റ്റേഷനിൽ നൽകിയ പരാതിയിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതാണ്.

(ബി & സി) ഇത്തരത്തിലുള്ള പരാതി ലഭിച്ചതായി കാണുന്നില്ല.

(ഡി) വനിതാ പോലീസുകാരി ആരോപണവിധേയനെതിരെ നൽകിയ പരാതിയിന്മേൽ പരാതിക്കാരിക്ക് നീതി ലഭ്യമാകുമെന്ന് ഉറപ്പാക്കുന്നതിനായി വനിതാ ബറ്റാലിയൻ കമാന്റന്റാണ് അന്വേഷണം നടത്തി വരുന്നത്. ഇക്കാര്യത്തിൽ നീതിയുക്തമായ അന്വേഷണമാണ് നടന്നു വരുന്നത്.

**ആർ.എസ്.എസ്., ബി.ജെ.പി. സംഘടനകളാൽ കൊല്ലപ്പെട്ടവർ**

90(3382) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഇതുവരെ ആർ.എസ്.എസ്., ബി.ജെ.പി., സംഘപരിവാർ സംഘടനകളാൽ കൊല്ലപ്പെട്ടവരുടെ എണ്ണം രാഷ്ട്രീയപാർട്ടി തിരിച്ച് വിശദമാക്കാമോ;

(ബി) ആർ.എസ്.എസ്., ബി.ജെ.പി., സംഘപരിവാർ സംഘടനകളുടെ നേതൃത്വത്തിൽ നടന്നതായി ആക്ഷേപമുള്ള വർഗ്ഗീയകലാപങ്ങളെ സംബന്ധിച്ച് രൂപീകരിച്ച വിവിധ അന്വേഷണ കമ്മീഷനുകളുടെ കണ്ടെത്തലുകൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്താമോ;

(സി) ക്ഷേത്രങ്ങളിൽ ആർ.എസ്.എസ്.-ന്റെ ആയുധ പരിശീലനം/ശാഖ തടയുന്നത് സംബന്ധിച്ച് എന്തെങ്കിലും കോടതി/സർക്കാർ ഉത്തരവുകൾ നിലവിലുണ്ടോ; ഇല്ലെങ്കിൽ നിയമനിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

<u>ഉത്തരം</u>

(എ &ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) ആരാധനാലയങ്ങളിൽ ആയുധ പരിശീലനം നടത്തുന്നത് തടയുന്നതിനായി കേരള പോലീസ് ആക്ടിൽ ഭേദഗതി വരുത്തുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

## ദളിത് പീഡനം

91(T3383) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ദളിത് പീഡനം വർദ്ധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതു തടയാൻ എന്തൊക്കെ കർശന നടപടികൾ സ്വീകരിക്കാൻ കഴിയുമെന്ന് വിശദമാക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ദളിത് വിഭാഗത്തിൽ എത്ര പേർ കൊലചെയ്യപ്പെട്ടിട്ടുണ്ടെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) നാഷണൽ ക്രൈം റെക്കോർഡ്സ് ബ്യൂറോയുടെ 'ക്രൈം ഇൻ ഇന്ത്യ' കണക്ക് കാണിക്കുന്നതു കേരളത്തിൽ നേരിയതോതിൽ ദളിത് പീഡനം സംബന്ധിച്ച കേസെടുക്കുന്നത് കൂടിയിട്ടുണ്ടെന്നാണ്.

(ബി) ദളിത് പീഡനം സംബന്ധിച്ച പരാതികൾ ലഭിച്ചാൽ സത്വര നടപടികൾ സ്വീകരിച്ച് തീർപ്പുകൽപ്പിക്കുകയും കുറ്റകൃത്യങ്ങൾ കണ്ടെത്തിയാൽ കർശന നിയമ നടപടി സ്വീകരിച്ചും പൊതുജനങ്ങൾക്ക് ബോധവൽക്കരണ ക്ലാസ്സുകൾ നൽകിയും ഇത്തരം കുറ്റകൃത്യങ്ങൾ തടയുന്നതിനും കുറ്റവാളികളെ കണ്ടെത്തുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) ദളിത് വിഭാഗത്തിൽ 15 പേർ കൊല ചെയ്യപ്പെട്ടിട്ടുണ്ട്.

## കൊല്ലം എ.ആർ. ക്യാമ്പിലെ ക്യാഷ് വിഭാഗത്തിലെ സാമ്പത്തിക തിരിമറി

92(3384) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം എ.ആർ. ക്യാമ്പിലെ ക്യാഷ് വിഭാഗം കൈകാര്യം ചെയ്തിരുന്ന ഉദ്യോഗസ്ഥർ സാമ്പത്തിക തിരിമറി നടത്തിയെന്ന സംഭവത്തിൽ കുറ്റക്കാരായവർക്ക് എതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; ഇത്തരം സാഹചര്യങ്ങൾ ഒഴിവാക്കുന്നതിന് എന്തെല്ലാം കരുതലുകൾ വകുപ്പ് തലത്തിൽ എടുത്തിട്ടുണ്ട്; വിശദമാക്കാമോ;

(ബി) നിലവിലും പോലീസ് വകുപ്പിൽ വിവിധ സ്ഥലങ്ങളിൽ കാഷ്യർ തസ്തികയിലുള്ളവരല്ലാത്തവർ ക്യാഷ് ചെസ്റ്റും, ക്യാഷ് ബുക്കും കൈകാര്യം ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത്തരം നടപടികൾ അടിയന്തരമായി വിലക്കുമോ; വിശദവിവരം നൽകുമോ;

---

T മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(സി) കാഷ്യർ തസ്തികയിലുള്ളവർക്ക് മറ്റ് അധിക ചുമതലകൾ നൽകി ക്യാഷ് ചെസ്റ്റിൽനിന്നും മാറ്റി നിയമിക്കുന്നത് കാരണം ക്യാഷ് ചെസ്റ്റ് ചുമതലക്കാരല്ലാത്തവർ കൈകാര്യം ചെയ്യുന്ന അവസ്ഥ ഉണ്ടാക്കുന്നതിനാൽ കാഷ്യർമാർക്ക് മറ്റ് ചുമതലകൾ നൽകാൻ പാടില്ലായെന്ന കർശന നിർദ്ദേശം ബന്ധപ്പെട്ടവർക്ക് നൽകാമോ; ഇത്തരം നടപടികൾ കേരള ട്രഷറി കോഡിന് വിരുദ്ധമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) കാഷ്യർമാർതന്നെ ക്യാഷ് ബുക്കും ക്യാഷ് ചെസ്റ്റും കൈകാര്യം ചെയ്യുന്നുവെന്ന് ഉറപ്പാക്കുന്നതിനായി ക്യാഷ് ചെസ്റ്റുള്ള സ്ഥലത്തുതന്നെ ഹാജർ രേഖപ്പെടുത്തുന്നുവെന്ന് ഉറപ്പാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(ഇ) കാഷ്യർമാർ ക്യാഷിലും, കെ.പി.ഡബ്ല്യൂ.എ. ഫണ്ടിലും സാമ്പത്തിക തിരിമറി നടത്തിയത് സംബന്ധിച്ച് എത്ര പരാതികൾ നിലവിലുണ്ട്; ഇങ്ങനെയുള്ള എത്ര കേസ്സുകളിൽ അന്വേഷണം നടത്തി കുറ്റക്കാർക്ക് എതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദവിവരം നൽകാമോ ?

<u>ഉത്തരം</u>

(എ) കൊല്ലം എ.ആർ. ക്യാമ്പിലെ ക്യാഷ് വിഭാഗം കൈകാര്യം ചെയ്തിരുന്ന ഉദ്യോഗസ്ഥർ സാമ്പത്തിക തിരിമറി നടത്തിയെന്ന സംഭവത്തിൽ കുറ്റക്കാരായവർക്കെതിരെ താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്:

- കാഷ്യറായി ജോലി ചെയ്തിരുന്ന ശ്രീ. സുനിൽ കുമാറിനെതിരായി വാച്യാന്വേഷണം ഉത്തരവായിട്ടുണ്ട്. പി. ആർ. മിനിട്സിൽ അന്തിമ തീർപ്പുകൽപ്പിക്കുന്നതിനുള്ള നടപടികൾ അനുവർത്തിച്ചിട്ടുണ്ട്.
- കാഷ്യറുടെ സഹായിയായി പ്രവർത്തിച്ചിരുന്ന എ.ആർ സി.പി.ഒ 5489 ശ്രീകുമാറിനെതിരെ അവാച്യാന്വേഷണത്തിന് ഉത്തരവായിട്ടുള്ളതും സേവനത്തിൽനിന്നും സസ്പെന്റ് ചെയ്തിട്ടുള്ളതുമാണ്. കൂടാതെ കൊല്ലം ഈസ്റ്റ് പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 2302/15 u/s 406,409,380, 465,471,420 IPC പ്രകാരം കേസ്സ് രജിസ്റ്റർ ചെയ്തിട്ടുള്ളതുമാണ്. പ്രസ്തുത കേസ്സിൽ ഇപ്പോൾ വിജിലൻസ് അന്വേഷണം നടന്നുവരികയാണ്.

ഇത്തരം സാഹചര്യങ്ങൾ ഒഴിവാക്കുന്നതിനായി ക്യാഷിന്റെ ചുമതല കാഷ്യർ തന്നെ വഹിക്കണമെന്നുള്ള കർശന ഉത്തരവ് നൽകിയിട്ടുണ്ട്.

(ബി) കാഷ്യർ തസ്തിക നിലവിലില്ലാത്ത സ്ഥലങ്ങളിൽ സീനിയർ ക്ലാർക്ക് ക്യാഷ് ചെസ്റ്റും ക്യാഷ് ബുക്കും കൈകാര്യം ചെയ്യാറുണ്ട്. ഇത്തരം സാഹചര്യങ്ങളിൽ പ്രസ്തുത ഉദ്യോഗസ്ഥർ ഉത്തരവാദിത്തബോധത്തോടു കൂടി കൃത്യനിർവ്വഹണത്തിലേർപ്പെടുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ഇത്തരം സംഭവങ്ങൾ ശ്രദ്ധയിൽപ്പെടുന്നപക്ഷം ആയതിനുവേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

(ഡി) ക്യാഷ് ചെസ്റ്റ് ഉള്ള സ്ഥലത്തു തന്നെയാണ് കാഷ്യർമാർ ഹാജർ രേഖപ്പെടുത്തി വരുന്നത്. ഇതുമായി ബന്ധപ്പെട്ട് ആക്ഷേപം ശ്രദ്ധയിൽപ്പെടുന്ന പക്ഷം പരിശോധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

(ഇ) ഇത് സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

## ബ്ലേഡ് മാഫിയാ ഭീഷണി

93 (3385) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഓപ്പറേഷൻ കുബേരയ്ക്ക് ശേഷവും ബ്ലേഡ് പലിശ മാഫിയ നിശബ്ദമായി പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇത്തരം നിശബ്ദ ബ്ലേഡ് മാഫിയകളെ പിടികൂടുന്നതിന് സർക്കാർ എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ബ്ലേഡ് മാഫിയ ഭീഷണിമൂലം എത്ര ആത്മഹത്യാ കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; വിശദമാക്കാമോ?

### ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ പരിപാടിയിലെ കുറവുകൾ പരിഹരിച്ച് നടപ്പാക്കുക വഴി കേസുകളുടെ എണ്ണത്തിൽ കുറവുണ്ടായിട്ടുണ്ട്.

(ബി) ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾക്കെതിരെ നിരീക്ഷണം നടത്തിയും, സന്നദ്ധ സംഘടനയുടെ സഹായത്തോടെ ജനമൈത്രി ബീറ്റ് ഓഫീസർമാർ വഴി വിവരങ്ങൾ ശേഖരിച്ചും, റെയ്ഡുകളും മറ്റും നടത്തിയും കുറ്റക്കാർക്കെതിരെ ശക്തമായ നിയമ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ബ്ലേഡ് മാഫിയായുടെ ഭീഷണിമൂലം ആത്മഹത്യാ കേസുകൾ ഒന്നും തന്നെ റിപ്പോർട്ട് ചെയ്തിട്ടില്ല.

---

\+ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ആളൂർ പോലീസ് സ്റ്റേഷൻ പ്രവർത്തനം

94(3386) പ്രൊഫ. കെ. യു. അരുണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇരിങ്ങാലക്കുട നിയോജകമണ്ഡലത്തിൽ പ്രവർത്തനം ആരംഭിച്ച ആളൂർ പോലീസ് സ്റ്റേഷന്റെ അധികാര പരിധി നിശ്ചയിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ നൽകാമോ?

ഉത്തരം

(എ&ബി) 31-3-2017-ലെ സ.ഉ(സാധാ.) നമ്പർ.821/2017/ആഭ്യന്തരം ഉത്തരവ് പ്രകാരം ആളൂർ പോലീസ് സ്റ്റേഷനും അതിന്റെ അധികാരപരിധിയും നിർണ്ണയിച്ച് ഉത്തരവാകുകയും ആയത് 3-4-2017-ലെ 655-ാം നമ്പർ അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. നമ്പർ172/2017 ആയി വിജ്ഞാപനം പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്.

## അതിവേഗ കോടതികൾ

95(3387) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര അതിവേഗ കോടതികൾ നിലവിലുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കോടതികൾ ഏതുതരം കേസ്സുകളുടെ വിചാരണയ്ക്കായിട്ടാണ് രൂപീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്തെ അതിവേഗ കോടതികളിൽ എത്ര കേസ്സുകൾ വിചാരണയ്ക്കായി അവശേഷിക്കുന്നു എന്ന് വിശദമാക്കാമോ?

ഉത്തരം

(എ-സി) ഇപ്പോൾ സംസ്ഥാനത്ത് അതിവേഗ കോടതികൾ പ്രവർത്തിക്കുന്നില്ല. സർക്കാർ ഉത്തരവ്(കൈ) നമ്പർ 285/2012/ആഭ്യന്തരം തീയതി 14-11-2012 പ്രകാരം സംസ്ഥാനത്ത് പ്രവർത്തിച്ചിരുന്ന 38 അതിവേഗ കോടതികൾ, അഡീഷണൽ ജില്ലാ സെഷൻസ് കോടതികളായി മാറ്റിയിട്ടുണ്ട്.

## പോലീസ് മോട്ടോർ ട്രാൻസ്പോർട്ട് വിഭാഗത്തിൽ നേരിട്ട് സബ് ഇൻസ്പെക്ടർ നിയമനം

96(3388) <u>ശ്രീ. പി. കെ. ബഷീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 19-പോലീസ് ജില്ലകളിൽ ഒരു ജില്ലയിലും പോലീസ് മോട്ടോർ ട്രാൻസ്പോർട്ട് വിഭാഗത്തിൽ നേരിട്ട് സബ് ഇൻസ്പെക്ടർ നിയമനം ലഭിച്ച ഉദ്യോഗസ്ഥരാരും ഇല്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിലവിൽ സബ് ഇൻസ്പെക്ടർ തസ്തികകൾ സൃഷ്ടിച്ചിട്ടില്ലാത്ത 12 പോലീസ് ജില്ലകളിൽ അടിയന്തരമായി അവ സൃഷ്ടിച്ച് നിയമനം നടത്തുവാൻ വേണ്ട നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) പോലീസ് വകുപ്പിലെ മോട്ടോർ ട്രാൻസ്പോർട്ട് വിഭാഗത്തിൽ പി.എസ്.സി. വഴി നേരിട്ട് നിയമനം ലഭിച്ചവരാരും നിലവിൽ മോട്ടോർ ട്രാൻസ്പോർട്ട് സബ് ഇൻസ്പെക്ടർ തസ്തികയിൽ ജോലിചെയ്യുന്നില്ല. എന്നാൽ മോട്ടോർ ട്രാൻസ്പോർട്ട് സബ് ഇൻസ്പെക്ടർ തസ്തികയിലേയ്ക്ക് നേരിട്ട് നിയമനം ലഭിക്കുന്നതിനായി 4 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുകയും ഇതിൽ നിന്ന് ഒരു നിയമന ശിപാർശ ലഭിച്ച ഉദ്യോഗാർത്ഥിക്ക് 1-3-2017 മുതൽ കേരള പോലീസ് അക്കാദമിയിൽ ട്രെയിനിംഗ് നടന്നു വരികയുമാണ്. ബാക്കി 3 ഒഴിവുകളിലേയ്ക്കുള്ള തെരഞ്ഞെടുപ്പിനായി സ്പെഷ്യൽ റൂളിലെ പുതുക്കിയ വ്യവസ്ഥകൾക്ക് വിധേയമായി കാറ്റഗറി നമ്പർ 13/2016 പ്രകാരം പി.എസ്.സി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ ഇതുസംബന്ധിച്ച് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഒരു കേസ്സ് നിലവിലുള്ളതിനാൽ ബഹു. കോടതിയുടെ അന്തിമ ഉത്തരവ് ലഭ്യമാകുന്നമുറയ്ക്ക് മാത്രമേ ടി തസ്തികയ്ക്കായി തുടർ തെരഞ്ഞെടുപ്പ് നടപടികൾ സ്വീകരിക്കാനാവുകയുള്ളൂ.

(ബി) മോട്ടോർ ട്രാൻസ്പോർട്ട് വിഭാഗത്തിൽ മോട്ടോർ ട്രാൻസ്പോർട്ട് ഇൻസ്പെക്ടർ, മോട്ടോർ ട്രാൻസ്പോർട്ട് സബ് ഇൻസ്പെക്ടർ, ഡെപ്യൂട്ടി സൂപ്രണ്ട് ഓഫ് പോലീസ് (മോട്ടോർ ട്രാൻസ്പോർട്ട്) എന്നീ തസ്തികകൾ സൃഷ്ടിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരികയാണ്.

## പോലീസ് വാഹനങ്ങൾ റിപ്പയർ ചെയ്യുന്നതിന് വകുപ്പ് മേധാവിക്ക് അനുവദിക്കാവുന്ന തുകയുടെ പരിധി വർദ്ധിപ്പിക്കുന്നതിന് നടപടി

97(3389) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 24 മണിക്കൂറും ഡ്യൂട്ടിക്കായി ഉപയോഗിച്ചുവരുന്നതും തകരാറിലായാൽ അടിയന്തരമായി റിപ്പയർ വർക്കുകൾ പൂർത്തിയാക്കേണ്ടതുമായ പോലീസ് വകുപ്പിന്റെ വാഹനങ്ങൾ റിപ്പയർ ചെയ്യുന്നതിനായി പോലീസ് മേധാവിക്ക് അനുമതി നല്കുവാൻ കഴിയുന്ന പരമാവധി തുക 15,000 രൂപ മാത്രമായതിനാൽ റിപ്പയർ വർക്കുകൾ സമയബന്ധിതമായി പൂർത്തിയാക്കാൻ സാധിക്കാതെവരികയും ഇക്കാരണത്താൽ ഈ വാഹനങ്ങൾ തികച്ചും ശോചനീയ അവസ്ഥയിൽ നിരത്തുകളിൽ ഉപയോഗിക്കേണ്ടിവരുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പോലീസ് വകുപ്പിന്റെ പ്രാധാന്യം പരിഗണിച്ച് വകുപ്പിലെ വാഹനങ്ങൾ റിപ്പയർ ചെയ്യുന്നതിന് വകുപ്പ് മേധാവിക്ക് 1,00,000 (ഒരു ലക്ഷം) രൂപ വരെ അനുവദിക്കുന്നതിന് അധികാരം നല്കുന്ന കാര്യം അടിയന്തരമായി പരിഗണിക്കുമോ; ഇല്ലായെങ്കിൽ ഇതിനുള്ള തടസ്സം എന്താണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) പരിശോധിച്ചുവരുന്നു.

## പോലീസ് കസ്റ്റഡിയിൽ നേരിടേണ്ടി വരുന്ന പീഡനങ്ങൾ

98(T 3390) ശ്രീ. അബ്ദുൽ ഹമീദ് പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് പോലീസ് കസ്റ്റഡിയിൽ നേരിടേണ്ടി വരുന്ന പീഡനങ്ങളും അവഹേളനങ്ങളും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളെ സാമൂഹികമായ ഒറ്റപ്പെടുത്തലുകളിൽനിന്നും വിമോചിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് പോലീസ് കസ്റ്റഡിയിൽ പീഡനങ്ങളും അവഹേളനങ്ങളും നേരിടേണ്ടി വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

T മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

(ബി) ജനമൈത്രി സംവിധാനം ഉപയോഗിച്ചും മറ്റ് ബോധവത്ക്കരണം നടത്തിയും പോലീസ് സാന്നിദ്ധ്യം ഉറപ്പുവരുത്തിയും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്കെതിരെയുള്ള അതിക്രമങ്ങൾക്ക് കർശന നടപടികൾ സ്വീകരിച്ചും ഈ വിഭാഗങ്ങളെ സാമൂഹികമായ ഒറ്റപ്പെടുത്തലുകളിൽനിന്നും മോചിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**കാണാതായ നിസാമുദ്ദീനെ കണ്ടെത്തുന്നതിനായുള്ള അന്വേഷണം**

99(3391) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ മണ്ഡലത്തിലെ പാണാവള്ളി പഞ്ചായത്തിലെ തോട്ടത്തിൽ നികർത്തിൽ താജുവിന്റെ കാണാതായ മകൻ നിസാമുദ്ദീനെ കണ്ടെത്തുന്നതിനായി നിയമിച്ച സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീമിൽ ആരൊക്കെയാണ് ഉൾപ്പെട്ടിട്ടുള്ളത്;

(ബി) ഈ കേസിന്റെ അന്വേഷണ പുരോഗതി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പ്രസ്തുത കേസിന്റെ അന്വേഷണത്തിനായി ബഹു. കേരള ഹൈക്കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ശ്രീ. ഹിമേന്ദ്രനാഥ്, ഐ.പി.എസ്, എസ്.പി, പി.എച്ച്.ക്യൂ-വിന്റെ നേതൃത്വത്തിൽ ഒരു ഇൻവെസ്റ്റിഗേഷൻ ടീം രൂപീകരിച്ചിട്ടുണ്ട്. ടീമിൽ ഉൾപ്പെട്ടവരുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.+

(ബി) അന്വേഷണം ത്വരിതഗതിയിൽ നടന്നുകൊണ്ടിരിക്കുകയാണ്.

**സംസ്ഥാന ഭരണം പിരിച്ചുവിടണമെന്ന ആർ.എസ്.എസ്.-ന്റെ വ്യാജ പ്രചരണം**

100(3392) ശ്രീ. ജെയിംസ് മാത്യു:
ശ്രീ. വി. അബ്ദുറഹിമാൻ:
ശ്രീ. എം. സ്വരാജ്:
ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഭരണം പിരിച്ചുവിടണമെന്ന ആർ.എസ്.എസ്.-ന്റെ ആവശ്യത്തെ തുറന്നുകാട്ടാൻ ആവശ്യമായ പ്രചരണം നടത്താൻ തയ്യാറാകുമോ;

---

\+ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ദേശീയ ക്രൈം റിക്കാർഡ്സ് ബ്യൂറോയുടെ കണക്കുപ്രകാരം കൊലപാതകം, കൊലപാതകശ്രമം തുടങ്ങിയ കുറ്റകൃത്യങ്ങളിൽ താരതമ്യേന സംസ്ഥാനത്തിന്റെ നില എന്താണെന്ന് മറ്റ് സംസ്ഥാനങ്ങളുമായി താരതമ്യപ്പെടുത്തി അറിയിക്കുമോ;

(സി) വർഗ്ഗീയശക്തികൾ ഗുജറാത്തിൽ വംശഹത്യ നടത്തിയപ്പോഴോ , കാശ്മീരിൽ കലാപം വ്യാപകമാക്കിയപ്പോഴോ, യു.പി.യിൽ ദളിത്, ന്യൂനപക്ഷ വേട്ട നടത്തിക്കൊണ്ടിരിക്കുമ്പോഴോ , ആ സർക്കാരുകളെ പിരിച്ചുവിടുകയോ അങ്ങനെ ചെയ്യണമെന്ന് ആർ.എസ്.എസ്. ആവശ്യപ്പെടുകയോ ചെയ്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; യു.പി.-യിൽ ബി.ജെ.പി. അധികാരത്തിലെത്തിയശേഷമുള്ള ക്രമസമാധാന നില കേരളത്തിലെ ക്രമസമാധാന നിലയുമായി നാഷണൽ ക്രൈം റിക്കാർഡ്സ് ബ്യൂറോയുടെ കണക്കുകളുടെ അടിസ്ഥാനത്തിൽ താരതമ്യംചെയ്ത് അറിയിക്കുമോ;

(ഡി) 2016-ൽ കേന്ദ്ര സർക്കാർ അരുണാചൽ പ്രദേശ് സർക്കാരിനെ പിരിച്ചുവിട്ട കേസ്സിൽ സുപ്രീം കോടതി നടത്തിയ നിരീക്ഷണങ്ങളും വിധിയും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;എങ്കിൽ വിശദാംശം അറിയിക്കുമോ?

<u>ഉത്തരം</u>

(എ) സർക്കാർ ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) ദേശീയ ക്രൈം റിക്കാർഡ്സ് ബ്യൂറോയുടെ 'ക്രൈം ഇൻ ഇൻഡ്യ' അവസാനമായി പ്രസിദ്ധീകരിച്ചത് 2015 വർഷത്തെ കണക്കുകൾ ആണ്. കൊലപാതകങ്ങളുടെയും കൊലപാതക ശ്രമങ്ങളുടെയും എണ്ണം താരതമ്യം ചെയ്യുമ്പോൾ സംസ്ഥാനത്തിന്റെ നില 18-ാം സ്ഥാനമാണ്. കൊലപാതകങ്ങളുടെ കാര്യത്തിൽ ആദ്യത്തെ മൂന്ന് സ്ഥാനങ്ങൾ ഉത്തർപ്രദേശ്, ബീഹാർ, മഹാരാഷ്ട്ര എന്നീ സംസ്ഥാനങ്ങൾക്കും കൊലപാതക ശ്രമങ്ങളുടെ കാര്യത്തിൽ ആദ്യത്തെ മൂന്ന് സ്ഥാനങ്ങൾ പശ്ചിമ ബംഗാൾ, ബീഹാർ, ഉത്തർപ്രദേശ് എന്നീ സംസ്ഥാനങ്ങൾക്കുമാണ്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(സി) ഗുജറാത്ത്, യു.പി. കാശ്മീർ എന്നീ സർക്കാരുകളെ പിരിച്ചുവിട്ടതായോ ഈ സർക്കാരുകളെ പിരിച്ചുവിടണമെന്ന് ആർ.എസ്.എസ്. ആവശ്യപ്പെട്ടതായോ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ദേശീയ ക്രൈം റിക്കാർഡ്സ് ബ്യൂറോ 2015 വരെയുള്ള കണക്കുകൾ മാത്രമേ പ്രസിദ്ധീകരിച്ചിട്ടുള്ളൂ. യു.പി. യിൽ ബി.ജെ.പി. സർക്കാർ അധികാരത്തിലെത്തിയശേഷമുള്ള കണക്കുകൾ പ്രസിദ്ധീകരിച്ചിട്ടില്ല.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ബഹുമാനപ്പെട്ട സുപ്രീം കോടതി Nabam Rabia and ors.v. Deputy Speaker and ors (2016) എന്ന കേസിൽ 13-7-2016-ൽ പുറപ്പെടുവിച്ച വിധിന്യായത്തിൽ ഇന്ത്യൻ ഭരണഘടനയിലെ അനുച്ഛേദം 163174 എന്നിവ പ്രകാരം ഗവർണറിൽ നിക്ഷിപ്തമായ അധികാരങ്ങൾ മുഖ്യമന്ത്രിയുടെയും മന്ത്രിസഭയുടെയും അംഗീകാരമില്ലാതെ പുറപ്പെടുവിക്കുന്നത് സംബന്ധിച്ച തടസ്സമാണ് ചൂണ്ടിക്കാട്ടിയിട്ടുള്ളത്. പ്രസ്തുത വിധിന്യായത്തിൽ ഗവർണറുടെ നടപടി ഭരണഘടനാവിരുദ്ധമാണെന്ന് കോടതി അഭിപ്രായപ്പെടുകയും ഇതുസംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. ബഹു. സുപ്രീം കോടതിയുടെ അഞ്ചംഗ ജഡ്ജിമാരടങ്ങിയ ഭരണഘടനാ ബഞ്ചാണ് ടി കേസിൽ 383 ഖണ്ഡികകളുള്ള വിശദമായ വിധിന്യായം പുറപ്പെടുവിച്ചിട്ടുള്ളത്.

**ആഫ്റ്റർ കെയർ ഹോമിലെ പെൺകുട്ടികളുടെ മരണം**

101(3393) <u>ശ്രീ. എം. മുകേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം അഞ്ചാലുംമൂട് ആഫ്റ്റർ കെയർ ഹോമിലെ അന്തേവാസികളായ രണ്ട് പെൺകുട്ടികൾ മരണപ്പെട്ട സംഭവത്തിൽ അഞ്ചാലുംമൂട് പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത കേസിന്റെ ഇപ്പോഴത്തെ സ്ഥിതി എന്താണ്; കേസിന്റെ ഫൈനൽ റിപ്പോർട്ട് കോടതിയിൽ സമർപ്പിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) മരണപ്പെട്ട പെൺകുട്ടികളുടെ കുടുംബങ്ങൾക്ക് ബഹു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം അനുവദിച്ചിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ പ്രസ്തുത കുടുംബങ്ങൾക്ക് ദുരിതാശ്വാസനിധിയിൽനിന്ന് പരമാവധി ധനസഹായം അനുവദിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് അഞ്ചാലുംമൂട് പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ക്രൈം. 1504/17 നമ്പർ കേസ് ഇപ്പോൾ അന്വേഷണാവസ്ഥയിലാണ്.

(ബി & സി) സർക്കാരിന്റെ പരിഗണനയിലാണ്.

## സജീറിനെ പോലീസ് മർദ്ദിച്ച സംഭവം

102(3394) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) യൂത്ത് കോൺഗ്രസ് നേതാവ് ശ്രീ.സജീറിനെ നേമം എസ്.ഐ.-യും പോലീസുകാരും ചേർന്ന് ക്രൂരമായി മർദ്ദിച്ച സംഭവത്തിന്റെ അന്വേഷണം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) കുറ്റക്കാരായ പോലീസുദ്യോഗസ്ഥർക്കെതിരെ എന്ത് നടപടിയാണ് കൈക്കൊണ്ടത്;

(സി) ഇതുസംബന്ധിച്ച് മനുഷ്യാവകാശ കമ്മീഷൻ ആവശ്യപ്പെട്ട റിപ്പോർട്ട് നൽകിയിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ഉത്തരം

(എ&ബി) യൂത്ത് കോൺഗ്രസ് നേതാവ് ശ്രീ. സജീറിനെ നേമം എസ്.ഐ.-യും പോലീസുകാരും ചേർന്ന് മർദ്ദിച്ച സംഭവത്തിൽ പ്രാഥമിക അന്വേഷണം നടത്തിയതിന്റെ അടിസ്ഥാനത്തിൽ സബ് ഇൻസ്പെക്ടർ ശ്രീ. സമ്പത്ത്, സിവിൽ പോലീസ് ഓഫീസർ റ്റി. 1532 അജയകുമാർ എന്നിവരെ സസ്പെന്റ് ചെയ്തിട്ടുള്ളതും കുറ്റാരോപണ മെമ്മോ നൽകിയിട്ടുള്ളതുമാണ്.

(സി) പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

## ഫിംഗർ പ്രിന്റ് സെർച്ചർ തസ്തിക

103(3395) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് വിഭാഗത്തിലെ ഫിംഗർ പ്രിന്റ് സെർച്ചർ തസ്തികയിലേക്ക് നിയമനം നടത്തുന്നത് എങ്ങനെയാണെന്നറിയിക്കാമോ;

(ബി) പ്രസ്തുത തസ്തികയിലേക്ക് മിനിസ്റ്റീരിയൽ സ്റ്റാഫിന് എത്ര ശതമാനമാണ് സംവരണം ചെയ്തിട്ടുള്ളത്;

(സി) ഈ തസ്തികയ്ക്ക് സർക്കാർ നിശ്ചയിച്ചിട്ടുള്ള യോഗ്യതകളെന്താണെന്നറിയിക്കാമോ;

(ഡി) സിവിൽ പോലീസ് ഓഫീസർമാരിൽനിന്നും യോഗ്യതയുള്ളവർക്ക് ഫിംഗർ പ്രിന്റ് സെർച്ചർ തസ്തികയിലേക്ക്, മിനിസ്റ്റീരിയൽ സ്റ്റാഫിന് അനുവദിക്കുന്നതുപോലെ സംവരണം ഏർപ്പെടുത്തുന്നതിന് തടസ്സങ്ങളുണ്ടോ; വ്യക്തമാക്കാമോ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) പി.എസ്.സി. വഴി നേരിട്ടും പോലീസ് മിനിസ്റ്റീരിയൽ സ്റ്റാഫിൽ നിന്നും വിജിലൻസ് മിനിസ്റ്റീരിയൽ സ്റ്റാഫിൽനിന്നും തസ്തിക മാറ്റം വഴിയും 10:9:1 എന്ന അനുപാതത്തിലാണ് ഫിംഗർ പ്രിന്റ് സെർച്ചർ തസ്തികയിലേക്ക് നിലവിൽ നിയമനം നടത്തുന്നത്.

(ബി) പോലീസിലെയും വിജിലൻസിലെയും ചേർത്ത് 50 ശതമാനമാണ് മിനിസ്റ്റീരിയൽ സ്റ്റാഫിന് സംവരണം ചെയ്തിട്ടുള്ളത്.

(സി) ഫിസിക്സിലോ, കെമിസ്ട്രിയിലോ ഉള്ള ബി.എസ്.സി. ബിരുദവും കൂടാതെ നല്ല കാഴ്ചശക്തിയുമുണ്ടായിരിക്കണം.

(ഡി) നിലവിലെ സർക്കാർ ഉത്തരവുകൾ പ്രകാരം സിവിൽ പോലീസ് ഓഫീസർമാരിൽ നിന്നും ഫിംഗർ പ്രിന്റ് സെർച്ചർ തസ്തികയിലേയ്ക്ക് നിയമനം നടത്തുന്നതിന് സംവരണം ഏർപ്പെടുത്തിയിട്ടില്ല.

**അടാട്ട് ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്ക് മുൻഭരണസമിതിക്കെതിരെയുള്ള കേസ്സ്**

104(3396) <u>ശ്രീ. അനിൽ അക്കര</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ അടാട്ട് ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്ക് ഭരണസമിതി പ്രസിഡന്റായിരുന്ന സുകുമാരൻ ഉൾപ്പെടെയുള്ള ഭരണസമിതി അംഗങ്ങൾക്കെതിരെ ഏതെങ്കിലും കേസ് നിലവിലുണ്ടോ;

(ബി) എങ്കിൽ കേസിലെ പ്രതികൾക്ക് ജാമ്യം അനുവദിച്ചിട്ടുണ്ടോ; കേസിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) തൃശ്ശൂർ ജില്ലയിലെ അടാട്ട് ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്ക് ഭരണസമിതി പ്രസിഡന്റായിരുന്ന ശ്രീ. സുകുമാരൻ ഉൾപ്പെടെയുള്ള ഭരണസമിതി അംഗങ്ങൾക്കെതിരെ പേരാമംഗലം പോലീസ് സ്റ്റേഷനിൽ 5 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) കേസ്സിനെ സംബന്ധിച്ച നിലവിലെ സ്ഥിതി ചുവടെ ചേർക്കുന്നു:

| ക്രൈം നമ്പർ | കേസ്സിന്റെ ഇപ്പോഴത്തെ അവസ്ഥ |
|---|---|
| (1) 1611/2012 | പ്രതികൾക്കെതിരെ കുറ്റപത്രം സമർപ്പിച്ചിട്ടുള്ളതും ആയത് ബഹു. കുന്ദംകുളം JFCM കോടതിയിൽ വിചാരണയിലുമാണ്. |
| (2) 68/2013 | പ്രതികൾക്കെതിരെ കുറ്റപത്രം സമർപ്പിച്ചിട്ടുള്ളതും ആയത് ബഹു.കുന്ദംകുളം JFCM കോടതിയിൽ വിചാരണയിലുമാണ്. |
| (3) 587/2013 | പ്രതികൾക്കെതിരെ കുറ്റപത്രം സമർപ്പിച്ചിട്ടുള്ളതും ആയത് ബഹു.കുന്ദംകുളം JFCM കോടതിയിൽ വിചാരണ നടന്നുവന്നിരുന്നതും 4-8-2015 തീയതിയിൽ പ്രതികളോട് 2,000 രൂപ പിഴയടയ്ക്കുന്നതിന് ഉത്തരവായി കേസ്സ് നടപടികൾ അവസാനിപ്പിച്ചിട്ടുള്ളതുമാണ്. |
| (4) 588/2013 | പ്രതികൾക്കെതിരെ കുറ്റപത്രം സമർപ്പിച്ചിട്ടുള്ളതും ആയത് ബഹു.കുന്ദംകുളം JFCM കോടതിയിൽ വിചാരണയിലുമാണ്. |
| (5) 1821/2013 | പ്രസ്തുത കേസ്സിന്റെ അന്വേഷണം നടത്തി അന്തിമ റിപ്പോർട്ട് False ആയി 13-3-2014 തീയതിയിൽ ബഹു.കുന്ദംകുളം JFCM കോടതിയിൽ അന്തിമ റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതാകുന്നു. |

**പോലീസ് ഉദ്യോഗസ്ഥർക്ക് ചികിത്സയും ധനസഹായവും**

105(3397) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃത്യനിർവ്വഹണത്തിനിടെ പരിക്കുപറ്റുകയും, അപകടത്തിൽപ്പെടുകയും ചെയ്യുന്ന പോലീസ് ഉദ്യോഗസ്ഥർക്ക് ചികിത്സയും, ധനസഹായവും അനുവദിക്കുന്നതിന് നിലവിൽ എന്തെങ്കിലും സൗകര്യങ്ങൾ ഉണ്ടോ;

(ബി) ഇല്ലെങ്കിൽ ഇതിനായി ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) കൃത്യനിർവ്വഹണത്തിനിടെ പരിക്കുപറ്റുകയും അപകടത്തിൽ പ്പെടുകയും ചെയ്യുന്ന പോലിസ് ഉദ്യോഗസ്ഥർക്ക് കേരള പോലീസ് വെൽഫെയർ ഫണ്ടിൽനിന്നും കേരള പോലീസ് വെൽഫെയർ ബ്യൂറോയിൽനിന്നും ഗ്രാന്റും പലിശ രഹിത വായ്പയും നൽകുന്നുണ്ട്. കൂടാതെ ഉദ്യോഗസ്ഥർ ഇടപെടുന്ന കൃത്യ നിർവ്വഹണത്തിന്റെ ഗൗരവം കണക്കിലെടുത്ത് സർക്കാർ നേരിട്ട് ധനസഹായവും ചികിത്സാസഹായവും അനുവദിക്കാറുണ്ട്.

**ടോട്ടൽ ഫോർ യു തട്ടിപ്പ് കേസ്സ്**

106(3398) <u>ശ്രീ. റോഷി അഗസ്റ്റിൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടോട്ടൽ ഫോർ യു തട്ടിപ്പ് കേസിന്റെ നിലവിലുള്ള സ്ഥിതി എന്താണ്; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കേസുമായി ബന്ധപ്പെട്ട് അന്വേഷണ ഉദ്യോഗസ്ഥർ കണ്ടെടുത്ത സ്വത്തുവകകൾ നിക്ഷേപകർക്ക് നൽകുവാനുള്ള നടപടിക്രമങ്ങൾ ഏതുഘട്ടംവരെയായി; വിശദാംശങ്ങൾ നൽകുമോ;

(സി) പ്രസ്തുത കേസുമായി ബന്ധപ്പെട്ട് കോടതി നിയോഗിച്ച ഒഫീഷ്യൽ റിസീവർ ചുമതല ഏറ്റെടുത്ത ശേഷം ഇതിനോടകം എന്തെല്ലാം കാര്യങ്ങൾ ചെയ്തെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ടോട്ടൽ ഫോർ യു തട്ടിപ്പുമായി ബന്ധപ്പെട്ട്, തിരുവനന്തപുരം ജില്ലയിലെ വിവിധ പൊലീസ് സ്റ്റേഷനുകളിൽ രജിസ്റ്റർചെയ്ത 34 കേസുകൾ അന്വേഷണത്തിനായി സംസ്ഥാന ക്രൈംബ്രാഞ്ച് വിഭാഗത്തിന് നൽകിയിട്ടുള്ളതാണ്. ഈ 34 കേസുകളും ഇതുമായി സമാന സ്വഭാവമുള്ള കേസ്സുകളും ക്ലബ്ബ്ചെയ്ത് 10 കേസുകളായി ക്രൈംബ്രാഞ്ച് വിഭാഗം അന്വേഷിച്ചിട്ടുള്ളതാണ്. ആയതിൽ ഒരു കേസ്സ് False കേസ്സാണെന്ന് കണ്ടെത്തി റഫർ ചെയ്തിട്ടുള്ളതും ബാക്കി 9 കേസുകളിൽ കുറ്റപത്രം സമർപ്പിച്ചിട്ടുള്ളതും ആയവ ബഹുമാനപ്പെട്ട തിരുവനന്തപുരം അഡീഷണൽ ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതിയിൽ വിചാരണാവസ്ഥയിലുമാണ്.

(ബി) അന്വേഷണ ഉദ്യോഗസ്ഥർ കണ്ടെടുത്ത സ്വത്തുവകകൾ നിക്ഷേപകർക്ക് നൽകുവാനുള്ള നടപടിക്രമങ്ങൾ ബഹുമാനപ്പെട്ട തിരുവനന്തപുരം 1-ാം അഡീഷണൽ സബ് കോടതിയിൽ നടന്നുവരുന്നു.

(സി) ഒഫീഷ്യൽ റിസീവർ ചുമതല ഏറ്റെടുത്തശേഷം ഗതാഗത യോഗ്യമല്ലാത്ത 6 വാഹനങ്ങളൊഴികെയുള്ളവ പരസ്യമായി ലേലംചെയ്ത് ബാങ്ക് അക്കൗണ്ടിൽ പണം നിക്ഷേപിച്ചിട്ടുള്ളതുമാണ്. കേസിലെ പ്രതിയെ പാപ്പരായി പ്രഖ്യാപിച്ച് ബഹുമാനപ്പെട്ട കോടതി ഉത്തരവുണ്ടാകുന്നമുറയ്ക്ക് വസ്തുക്കളും മറ്റും ലേലം ചെയ്ത് പണം വസൂലാക്കുന്നതാണെന്ന് ഒഫീഷ്യൽ റിസീവർ അറിയിച്ചിട്ടുണ്ട്.

**സോഷ്യൽ മീഡിയവഴിയുള്ള വ്യാജപ്രചരണങ്ങൾ**

107(3399) ശ്രീ. എ. പ്രദീപ്കുമാർ:
ശ്രീ. ഐ. ബി. സതീഷ്:
ശ്രീ. എ. എൻ. ഷംസീർ:
പ്രൊഫ. കെ. യു. അരുണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അതിക്രമങ്ങളോ അത്യാഹിതങ്ങളോ സംഭവിക്കുമ്പോൾ അവയുടെ യഥാർത്ഥ വസ്തുതകൾ പഠിക്കാതെ സോഷ്യൽ മീഡിയ വഴി അഭിപ്രായങ്ങൾ പ്രചരിക്കുന്നതുമൂലം ജനങ്ങളിൽ ഉണ്ടാകുന്ന ആശങ്കയും അഭിപ്രായ ഭിന്നതയും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തീവ്രവാദ സംഘടനകളും വർഗ്ഗീയ രാഷ്ട്രീയ സംഘടനകളും ബോധപൂർവ്വം നടത്തുന്ന ഇത്തരം പ്രചരണങ്ങൾ ഉണ്ടാക്കാനിടയുള്ള പ്രശ്നങ്ങൾ ഗൗരവമായിക്കാണുന്നുണ്ടോ;

(സി) നിക്ഷിപ്തതാത്പര്യക്കാർ ബോധപൂർവ്വം നടത്തുന്ന വ്യാജപ്രചരണങ്ങൾ നിരീക്ഷിക്കുന്നതിനും നിയന്ത്രിക്കുന്നതിനും നിലവിലുള്ള സംവിധാനങ്ങൾ പര്യാപ്തമാണോ;

(ഡി) സൈബർ സെല്ലുകളുടെ പ്രവർത്തനം ശക്തമാക്കുന്നതിനും സൈബർകുറ്റങ്ങൾ തടയുന്നതിനുള്ള നിയമങ്ങൾ കാലാനുസൃതമായി പരിഷ്കരിക്കുന്നതിനും സോഷ്യൽ മീഡിയ ഉപയോഗിക്കുന്ന സാധാരണക്കാർക്ക് ബോധവൽക്കരണവും ജാഗ്രതാനിർദ്ദേശവും നൽകുന്നതിനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇത്തരത്തിൽ ഉണ്ടാകാനിടയുള്ള പ്രശ്നങ്ങൾ ഗൗരവമായി കാണുന്നുണ്ട്.

(സി&ഡി) സാമൂഹ്യ മാധ്യമങ്ങളിൽ വ്യക്തിഹത്യയും അപവാദ പ്രചരണങ്ങളും വർദ്ധിച്ചുവരുന്നതിൽ 6-8-2017-ന് ചേർന്ന സർവ്വകക്ഷി യോഗം ആശങ്ക പ്രകടിപ്പിക്കുകയും ഇക്കാര്യത്തിൽ സർക്കാർ ഇടപെടണമെന്നും ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും സർക്കാരിനോട് അഭ്യർത്ഥിക്കുകയുമുണ്ടായി. നവമാധ്യമങ്ങളിലൂടെ നടത്തിക്കൊണ്ടിരിക്കുന്ന പ്രചരണങ്ങൾ വ്യക്തിഹത്യ മാത്രമല്ല, ക്രിമിനൽ കുറ്റകൃത്യങ്ങൾ വർദ്ധിച്ചുവരുന്നതിനും ഇടയാക്കുന്നുണ്ട്. ഇക്കാര്യത്തിൽ അഭിപ്രായ സ്വാതന്ത്ര്യം നിലനിർത്തിക്കൊണ്ടുതന്നെ സർക്കാരിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാനാകുമെന്ന് പരിശോധിച്ച് ഒരു മാസത്തിനകം റിപ്പോർട്ട് സമർപ്പിക്കാൻ താഴെപ്പറയുന്ന കമ്മിറ്റി രൂപീകരിച്ച് ചുമതലപ്പെടുത്താൻ നിർദ്ദേശിച്ചിട്ടുണ്ട്.

1. പൊതുഭരണ-ഇൻഫർമേഷൻ പബ്ലിക് റിലേഷൻ വകുപ്പ് സെക്രട്ടറി (കൺവീനർ)
2. നിയമ വകുപ്പ് സെക്രട്ടറി
3. ഐ.ടി. സെക്രട്ടറി
4. ഡോ. പി. വിനോദ് ഭട്ടതിരിപ്പാട് പൊൽപായ മന, തിരുത്തിയാട്, കോഴിക്കോട്-673 004.

### കോതമംഗലം പോലീസ് സ്റ്റേഷനിലെ ലോക്കപ്പ് മർദ്ദനം

108(3400) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015 ഡിസംബർ 5-ാം തീയതി അമൽരാജ് എന്ന ദളിത് വിദ്യാർത്ഥിക്ക് കോതമംഗലം പോലീസ് സ്റ്റേഷനിൽ ലോക്കപ്പ് മർദ്ദനമേറ്റതുമായി ബന്ധപ്പെട്ട കേസ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ കേസിന്റെ നിലവിലെ അവസ്ഥ വ്യക്തമാക്കുമോ;

(സി) ഈ കേസ് പുനരന്വേഷിക്കണമെന്ന് ആവശ്യപ്പെട്ട് അമൽരാജിന്റെ സഹോദരൻ അരുൺരാജ് നല്കിയ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഈ പരാതിയിൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ടി കാര്യത്തിന് കോതമംഗലം പോലിസ് സ്റ്റേഷനിൽ ക്രൈം 80/16 u/s 326, 323, 324, 341, 294 (b), 506, 34 IPC & Sec.3(1), Viii, X of SC/ST Act പ്രകാരം 11-1-2016-ാം തീയതി കേസ്സ് രജിസ്റ്റർചെയ്ത് അന്വേഷണം നടത്തിയിട്ടുള്ളതും അന്വേഷണത്തിൽ പരാതി ശരിയല്ലെന്ന് കണ്ട് ടി കേസ്സ് ഫാൾസായി ബഹു. കോടതിയിൽ റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതുമാണ്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) ടി പരാതിയുടെ അടിസ്ഥാനത്തിൽ കേസ് വിശദമായി പരിശോധിക്കുന്നതിനായി മൂവാറ്റുപുഴ ഡിവൈ.എസ്.പി - യ്ക്ക് നൽകിയിട്ടുള്ളതും ആയത് പരിശോധിച്ചതിൽ പരാതി വാസ്തവവിരുദ്ധമാണെന്ന് കണ്ട് റിപ്പോർട്ട് നൽകിയതിന്റെ അടിസ്ഥാനത്തിൽ തുടർ നടപടി സ്വീകരിച്ചിട്ടില്ലാത്തതുമാണ്.

**അയിരൂർ പോലീസ് സ്റ്റേഷനിലെ ഉദ്യോഗസ്ഥനെതിരെ നടപടി**

109(3401) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല മണ്ഡലത്തിലെ അയിരൂർ ആർ. എസ്. ഭവനിൽ ശ്രീ. സുനിൽകുമാറിന്റെ മകൻ പ്ലസ്.വൺ വിദ്യാർത്ഥിയായ ശ്രീ. അജയ്-നെ അയിരൂർ പോലീസ് സ്റ്റേഷനിലെ ഉദ്യോഗസ്ഥൻ അകാരണമായി മർദ്ദിച്ചുവെന്ന ആരോപണത്തെത്തുടർന്ന് പ്രസ്തുത ഉദ്യോഗസ്ഥനെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ഈ വിഷയവുമായി ബന്ധപ്പെട്ട് അയിരൂർ പോലീസ് സ്റ്റേഷനിലെ ഏതെങ്കിലും ഉദ്യോഗസ്ഥനെ സസ്പെന്റ് ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) ഈ ഉദ്യോഗസ്ഥനെതിരെ വിദ്യാർത്ഥിയുടെ പിതാവ് ശ്രീ. സുനിൽ കുമാർ നൽകിയ പരാതിയിന്മേൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന്റെ കാരണമെന്ത് എന്ന് വ്യക്തമാക്കാമോ;

(ഡി) ഈ വിഷയവുമായി ബന്ധപ്പെട്ട് പ്രസ്തുത ഉദ്യോഗസ്ഥനെതിരെ വകുപ്പ് തലത്തിൽ എന്തെങ്കിലും ശിക്ഷാ നടപടികൾ നിലവിലുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ഇ) ഈ ഉദ്യോഗസ്ഥനെതിരെ മുൻകാലത്ത് സസ്പെൻഷൻ തുടങ്ങി മറ്റ് അച്ചടക്ക നടപടികൾ എന്തെങ്കിലും സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(എഫ്) ഈ ഉദ്യോഗസ്ഥനെതിരെ വിദ്യാർത്ഥിയുടെ പിതാവ് ശ്രീ. സുനിൽകുമാർ തിരുവനന്തപുരം റൂറൽ എസ്.പി.-യ്ക്ക് സമർപ്പിച്ച പരാതിയിന്മേൽ എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ & ബി) ആരോപണവിധേയനായ ഗ്രേഡ് എ.എസ്.ഐ. സവാദ്ഖാനെ സർവ്വീസിൽനിന്നും സസ്പെന്റ് ചെയ്തിട്ടുള്ളതും ടിയാനെതിരെ അച്ചടക്കനടപടി സ്വീകരിക്കുന്നതിനായി അന്വേഷണത്തിന് ഉത്തരവായിട്ടുള്ളതുമാണ്.

(സി) കേസ് രജിസ്റ്റർ ചെയ്തിട്ടില്ല. അജയ്-നെ വൈദ്യപരിശോധനയ്ക്ക് വിധേയനാക്കാതെ സ്റ്റേഷനിലേക്ക് കൂട്ടിക്കൊണ്ടുവരികയും നടപടി ക്രമങ്ങൾ പാലിക്കാതെ വിട്ടയച്ച നിരുത്തരവാദപരമായ പ്രവൃത്തിക്കാണ് ആരോപണ വിധേയനായ ഗ്രേഡ് എ.എസ്.ഐ. സവാദ്ഖാനെ സർവ്വീസിൽനിന്നും സസ്പെന്റ് ചെയ്തിട്ടുള്ളത്. വിദ്യാർത്ഥിയായ അജയ്-നെ മർദ്ദിച്ചുവെന്നുള്ള ആരോപണത്തിന് പ്രാഥമികമായ തെളിവ് ലഭിക്കാത്തതിനാലാണ് ടി ഗ്രേഡ് എ.എസ്.ഐ-ക്കെതിരെ ക്രൈം കേസ് രജിസ്റ്റർ ചെയ്യാതിരുന്നത്.

(ഡി) ടിയാനെതിരെ വകുപ്പുതല അച്ചടക്ക നടപടിക്ക് ഉത്തരവായിട്ടുണ്ട്.

(ഇ) ടിയാൻ മറ്റ് അച്ചടക്ക നടപടികൾക്ക് വിധേയനായിട്ടില്ല.

(എഫ്) വിദ്യാർത്ഥിയുടെ പിതാവ് തിരുവനന്തപുരം റൂറൽ ജില്ലാ പോലീസ് മേധാവിക്ക് സമർപ്പിച്ച പരാതിയിന്മേൽ അന്വേഷണം നടത്തിയിട്ടുള്ളതും ആയതിന്റെ അടിസ്ഥാനത്തിൽ ആരോപണവിധേയനായ ഗ്രേഡ് എ.എസ്.ഐ. സവാദ്ഖാനെ സർവ്വീസിൽനിന്നും സസ്പെന്റ്ചെയ്ത് വകുപ്പുതല അന്വേഷണം നടത്തിവരുന്നതുമാകുന്നു.

**എരഞ്ഞോണ അബ്ദുൽ കരീം കൊല്ലപ്പെട്ടുവെന്നു കരുതുന്ന കേസ്**

110(3402) <u>ശ്രീ. പി. ടി. എ. റഹീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) താമരശ്ശേരി പോലീസ് സ്റ്റേഷൻ പരിധിയിൽ എരഞ്ഞോണ അബ്ദുൽ കരീം കൊല്ലപ്പെട്ടുവെന്ന് കരുതുന്ന സംഭവത്തിൽ ക്രൈംബ്രാഞ്ച് കണ്ടെത്തിയ പ്രതികൾ ആരെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) അബ്ദുൾ കരീമിന്റെ മൃതദേഹം ഇതുവരെയും കണ്ടെത്താൻ സാധിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) പ്രതികളുമായി നടത്തിയ തിരച്ചിലിൽ കർണാടകയിലെ കബനി കനാലിൽനിന്ന് അബ്ദുൽ കരീമിന്റെ ശരീരത്തോട് സാമ്യമുള്ള ഒരു മൃതശരീരം ക്രൈംബ്രാഞ്ച് സംഘം കണ്ടെത്തിയിരുന്നുവോ;

(ഡി) പ്രസ്തുത മൃതശരീരം തിരിച്ചറിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ ഇത് സംബന്ധിച്ച് അന്വേഷണം നടത്താൻ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ഇ) അബ്ദുൽ കരീം വധത്തിലെ പ്രതികൾക്ക് തിരച്ചിലിൽ മൃതശരീരം കണ്ടെത്തിയ സംഭവവുമായി എന്തെങ്കിലും ബന്ധമുണ്ടോ എന്നത് അന്വേഷണപരിധിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ;

(എഫ്) അന്വേഷണ ഉദ്യോഗസ്ഥരെ തെറ്റിദ്ധരിപ്പിക്കുന്നതിനും തെളിവുകൾ നശിപ്പിക്കുന്നതിനുമായി അബ്ദുൽ കരീമിന് പകരം മറ്റൊരാളുടെ മൃതശരീരം കൊണ്ടുപോയി തള്ളുന്നതിനുള്ള സാധ്യത സംബന്ധിച്ച് പരിശോധിച്ചിട്ടുണ്ടോ;

(ജി) യഥാർത്ഥ മൃതശരീരം ഇതുവരെയും കണ്ടെത്താൻ കഴിയാത്തതിനാലും, കേസിൽ ഇതുവരെയും അന്വേഷണം പൂർത്തീകരിച്ച് കുറ്റപത്രം സമർപ്പിക്കാൻ സാധിക്കാത്ത സാഹചര്യത്തിലും ഒരു പ്രത്യേക ടീമിനെ ഇത് സംബന്ധിച്ച അന്വേഷണം ഏൽപ്പിക്കുന്ന കാര്യം പരിഗണിക്കുമോ എന്ന് വെളിപ്പെടുത്താമോ?

<u>ഉത്തരം</u>

(എ) മിഥിലാജ്, ഫിർദൗസ്, മുഹമ്മദ് ഫായിസ്, മൈമൂന, റഫീക്ക് എന്നിവരാണ് കേസിലുൾപ്പെട്ടതായി കണ്ടെത്തിയിട്ടുള്ള പ്രതികൾ.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) കണ്ടെത്തിയിരുന്നു. കേസിലെ ഒന്നും രണ്ടും പ്രതികളുടെ കുറ്റസമ്മതമൊഴി പ്രകാരം അബ്ദുൾ കരീമിന്റെ ശവശരീരം ഒഴുക്കിക്കളഞ്ഞു എന്നുപറയപ്പെടുന്ന കബനീ കനാലിൽ വീണ്ടും തെരച്ചിൽ നടത്തിയിരുന്നു. 16-1-2017-ാം തീയതി കനാലിൽ നിന്നും കണ്ടെടുത്ത മൃതശരീരാവശിഷ്ടങ്ങൾ കോഴിക്കോട് മെഡിക്കൽ കോളേജ് ഫോറൻസിക് വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ ആന്റ് അസിസ്റ്റന്റ് പോലീസ് സർജന്റെ പരിശോധനയ്ക്ക് ശേഷം ഇൻക്വസ്റ്റ് റിപ്പോർട്ട് തയ്യാറാക്കി ബഹുമാനപ്പെട്ട കോടതി മുഖാന്തരം 27-1-2017-ാം തീയതി തിരുവനന്തപുരം ഫോറൻസിക് സയൻസ് ലാബിലേയ്ക്ക് ഡി.എൻ.എ പരിശോധനയ്ക്കായി നൽകിയിട്ടുണ്ട്.

(ഡി) തിരിച്ചറിഞ്ഞിട്ടില്ല. പ്രസ്തുത മൃതദേഹം ലഭിച്ച സ്ഥലം കർണാടകയിലെ ചാമരാജ് നഗർ ഈസ്റ്റ് പോലീസ് സ്റ്റേഷൻ പരിധിയിലായതിനാൽ, മൃതശരീരാവശിഷ്ടങ്ങൾ സംബന്ധിച്ച തുടരന്വേഷണം നടത്തുന്നതിനായി കർണാടക ചാമരാജ് നഗർ പോലീസ് സൂപ്രണ്ടിന് റിപ്പോർട്ട് സമർപ്പിക്കുകയും, തുടർന്ന് ചാമരാജ് നഗർ ഈസ്റ്റ് പോലിസ് സ്റ്റേഷനിൽ Cr;251/2016 u/s 302, 201 IPC ആയി കേസ് രജിസ്റ്റർചെയ്ത് അന്വേഷണം നടത്തി വരികയും ചെയ്യുന്നു.

(ഇ) ആയതു സംബന്ധിച്ച് അന്വേഷണം നടത്തി വരുന്നു.

(എഫ്) അന്വേഷണ പരിധിയിൽ ഈ വിഷയവും ഉൾക്കൊള്ളുന്നുണ്ട്.

(ജി) നിലവിൽ ക്രൈംബ്രാഞ്ച് വിഭാഗം ഊർജ്ജിതമായി കേസന്വേഷണം നടത്തി വരുന്നതിനാൽ പ്രത്യേക അന്വേഷണ സംഘത്തിന്റെ ആവശ്യകത ഇപ്പോൾ നിലവിലില്ല.

**മേൽബാര കോളനിയിലെ ദുരൂഹമരണം**

111(3403) <u>ശ്രീ. കെ. കുഞ്ഞിരാമൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ഉദുമ പഞ്ചായത്തിൽ മേൽബാര കോളനിയിലെ ചന്ദ്രൻ എന്ന വ്യക്തി 2016 മാർച്ചിൽ ദുരൂഹ സാഹചര്യത്തിൽ മരണപ്പെട്ട വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) ഈ കേസിന്റെ അന്വേഷണം പ്രത്യേക ടീമിനെ നിയോഗിച്ച് നടത്തണമെന്ന ആക്ഷൻ കമ്മിറ്റിയുടെ നിവേദനത്തിന്മേൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇത് സംബന്ധിച്ച് ബേക്കൽ പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 129/16 പ്രകാരം രജിസ്റ്റർചെയ്ത കേസ് സംസ്ഥാന ക്രൈംബ്രാഞ്ച് വിഭാഗത്തിന് കൈമാറിയിട്ടുള്ളതും ആയത് സി.ബി.സി.ഐ.ഡി. ക്രൈം നമ്പർ 132/CR/HHW-III/KKD/2017 ആയി റീ-നമ്പർചെയ്ത് അന്വേഷണം നടത്തി വരുന്നതുമാണ്.

(സി) പോലീസ് ആസ്ഥാനത്തെ ഉത്തരവ് നമ്പർ D4/106944/2017 തീയതി 13-7-2017 പ്രകാരം പ്രസ്തുത കേസിന്റെ അന്വേഷണം സംസ്ഥാന ക്രൈംബ്രാഞ്ച് വിഭാഗത്തിന് കൈമാറിയിട്ടുള്ളതും അന്വേഷണം ഊർജ്ജിതമായി നടന്നുവരുന്നതുമാണ്.

### ആഭ്യന്തര വിജിലൻസ് സെൽ

112(3404) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പോലീസ് സേനയിലെ ആഭ്യന്തര വിജിലൻസ് സെൽ പുനർജീവിപ്പിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ പ്രവർത്തനം വിശദമാക്കുമോ;

(ബി) കേസന്വേഷണത്തിൽ വീഴ്ചവരുത്തുക, പരാതികൾ അന്വേഷിക്കാതിരിക്കുക, കൈക്കൂലി വാങ്ങുക എന്നീ കുറ്റങ്ങൾ ചെയ്യുന്ന പോലീസുദ്യോഗസ്ഥർ ഈ സെല്ലിന്റെ അന്വേഷണപരിധിയിൽ ഉൾപ്പെടുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) ഉണ്ട്. ക്രൈംസ് അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പോലീസ് ശ്രീ. നിതിൻ അഗ്രവാൾ, ഐ.പി.എസ്. ചീഫ് വിജിലൻസ് ഓഫീസറായി വിജിലൻസ് സെൽ പുനർജീവിപ്പിച്ചിട്ടുണ്ട്. പൊതുജനത്തോടുള്ള പോലീസിന്റെ ഇടപെടൽ, പൊതുസ്ഥലങ്ങളിലുള്ള പോലീസ് നടപടി എന്നിവ സംബന്ധിച്ചും പോലീസ് സ്റ്റേഷനുകൾ, സർക്കിൾ ഓഫിസുകൾ, സബ് ഡിവിഷണൽ ഓഫീസുകൾ ഉൾപ്പെടെയുള്ള സംസ്ഥാന പോലീസ് മേധാവിയുടെ കീഴിൽവരുന്ന എല്ലാ സ്ഥാപനങ്ങളിലും മിന്നൽ പരിശോധന നടത്തുക, പ്രസ്തുത സ്ഥാപനങ്ങളിലെ വിവിധ തരത്തിലുള്ള അഴിമതി കണ്ടെത്തുക എന്നതുമാണ് സെല്ലിന്റെ പ്രാഥമിക ലക്ഷ്യം. കൂടാതെ, അതത് പരിശോധന സംബന്ധിച്ചുള്ള റിപ്പോർട്ട് വിജിലൻസ് സെല്ലിന്റെ തലവനായ ചീഫ് വിജിലൻസ് ഓഫീസർ സംസ്ഥാന പോലീസ് മേധാവിക്ക് നൽകണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്.

(ബി) പോലീസ് ഉദ്യോഗസ്ഥരുമായി ബന്ധപ്പെട്ടുള്ള പ്രസ്തുത പരാതികളെല്ലാം സെല്ലിന്റെ അന്വേഷണപരിധിയിൽ ഉൾപ്പെടുന്നതാണ്.

### താനൂരിൽ നടന്ന സംഘർഷം

113(3405) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ താനൂരിൽ നടന്ന സംഘർഷത്തിന്റെ ഭാഗമായി പോലീസ് കസ്റ്റഡിയിൽ എടുത്തിരുന്നവരെ പോലീസ് മർദ്ദിച്ചതായി പരാതികൾ ഉണ്ടായിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പ്രതികൾ പോലീസ് മർദ്ദിച്ചതായി മജിസ്ട്രേറ്റിന് മുമ്പാകെ നൽകിയ മൊഴി പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) കസ്റ്റഡിയിൽവച്ച് പോലിസ് മർദ്ദിച്ചതായി പരാതി ലഭിച്ചിട്ടില്ല

(ബി) 'എ '-യുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

**എലത്തൂർ പോലീസ് സ്റ്റേഷൻ കെട്ടിടനിർമ്മാണം**

114(3406) <u>ശ്രീ. എ. കെ. ശശീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ.ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് കോഴിക്കോട് ജില്ലയിലെ എലത്തൂർ പോലീസ് സ്റ്റേഷന് കെട്ടിടം നിർമിക്കുന്നത് സംബന്ധിച്ച ഡി.പി.ആർ. ആവശ്യപ്പെട്ട് സമർപ്പിച്ച -എച്ച്.11 -667332017 -29-4.2017-നംപർ ഫയലിന്മേൽ സിറ്റി പോലീസ് കമ്മിഷണർ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ എന്ന വ്യക്തമാക്കാമോ;

(ബി) ഇല്ലെങ്കിൽ കാലതാമസത്തിനുള്ള കാരണം വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ & ബി) എലത്തൂർ പോലീസ് സ്റ്റേഷൻ കെട്ടിടനിർമ്മാണത്തിനുള്ള പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കുന്നതിന് സംസ്ഥാന പോലീസ് മേധാവി കേരളാ പോലീസ് ഹൗസിംഗ് & കൺസ്ട്രക്ഷൻ കോർപ്പറേഷൻ പ്രോജക്ട് എഞ്ചിനീയറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഡി.പി.ആർ തയ്യാറാക്കുന്നത് അന്തിമ ഘട്ടത്തിലാണ്.

**സ്കൂൾ ഹാജർനില പോലീസിനെ അറിയിക്കുന്ന സോഫ്റ്റ്‌വെയർ**

115(3408) <u>ശ്രീ. അടൂർ പ്രകാശ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അദ്ധ്യാപകർക്കുപുറമെ സ്കൂൾ ഹാജർനില പോലീസിനെയും അറിയിക്കുന്ന സോഫ്റ്റ്‌വെയർ പോലീസ് തയ്യാറാക്കിയിട്ടുണ്ടോ;

(ബി) ഈ അദ്ധ്യയന വർഷം സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും ഈ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ഇതിന്റെ ഉദ്ദേശ്യം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കോട്ടയം ജില്ലയിൽ <u>ഇപ്രകാരമുള്ള</u> ഒരു സോഫ്റ്റ്‌വെയർ ഉപയോഗിച്ചുവരുന്നു.

(ബി) സംസ്ഥാനത്ത് കോട്ടയം ജില്ല ഒഴികെ മറ്റ് ജില്ലകളിലൊന്നും ഈ സംവിധാനം നിലവിലില്ല. കോട്ടയം ജില്ലയിൽ ഹൈസ്കൂൾ മുതൽ മുകളിലോട്ടുള്ള എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ഈ സംവിധാനം നടപ്പിലാക്കി വരുന്നു. വിദ്യാർത്ഥികളിലെ ലഹരി പദാർത്ഥങ്ങളുടെ ഉപയോഗം പൂർണ്ണമായും ഇല്ലാതാക്കി അവരെ നേരായ ജീവിതത്തിലേക്ക് നയിച്ച് ഉത്തമ പൗരന്മാരാക്കി മാറ്റുകയെന്നതാണ് ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യം.

**ജനമൈത്രി പോലീസിന്റെ ആഭിമുഖ്യത്തിൽ സ്ത്രീകൾക്കുള്ള സ്വയം പ്രതിരോധ പരിശീലന പദ്ധതി**

116(3410) <u>ശ്രീമതി യു. പ്രതിഭ ഹരി:</u>
<u>ശ്രീ. പുരുഷൻ കടലുണ്ടി:</u>
<u>ശ്രീ. പി. കെ. ശശി:</u>
<u>ശ്രീ. വി. ജോയി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്ത്രീകൾക്ക് സുരക്ഷയും കൂടുതൽ ആത്മവിശ്വാസവും പ്രദാനം ചെയ്യുക എന്ന ലക്ഷ്യത്തോടെ ജനമൈത്രി പോലിസിന്റെ ആഭിമുഖ്യത്തിൽ സ്ത്രീകൾക്കുള്ള സ്വയം പ്രതിരോധ പരിശീലന പദ്ധതി നടപ്പാക്കിയിട്ടുണ്ടോയെന്നും ഇത്തരം പരിശീലന കേന്ദ്രങ്ങൾ എല്ലാ ജില്ലകളിലും ആരംഭിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ;

(ബി) കുടുംബശ്രീ,റസിഡന്റ്സ് അസോസിയേഷനുകൾ, സന്നദ്ധ സംഘടനകൾ എന്നിവയുടെ സഹകരണത്തോടെ പ്രസ്തുത പരിശീലന പരിപാടി പ്രാദേശിക തലത്തിലും വ്യാപിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) സ്ത്രീകൾക്ക് സുരക്ഷയും ആത്മവിശ്വാസവും പ്രദാനം ചെയ്യുക എന്ന ലക്ഷ്യത്തോടെ ജനമൈത്രി പോലീസിന്റെ ആഭിമുഖ്യത്തിൽ സ്ത്രീകൾക്കുള്ള സ്വയം പ്രതിരോധ പരിശീലന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. നിർഭയ വോളന്റിയർമാരുടെ നേതൃത്വത്തിൽ സ്ത്രീകളെ സ്വയരക്ഷയ്ക്ക് പ്രാപ്തരാക്കുന്നതിന് സെൽഫ് ഡിഫൻസ് ക്ലാസ്സുകൾ, സ്ത്രീകളുടെ പരാതികൾ സംബന്ധിച്ച് പ്രത്യേക അദാലത്തുകൾ, എസ്.പി.സി., എസ്.പി.ജി., ജനമൈത്രി സമിതികൾ, റെസിഡന്റ്സ് അസോസിയേഷനുകൾ എന്നിവയുടെ സഹകരണത്തോടെ ബോധവൽക്കരണ ക്ലാസ്സുകൾ തുടങ്ങിയവ നടപ്പിലാക്കി വരുന്നു. പൂവാലശല്യം ഒഴിവാക്കുന്നതിനായി വനിതാ പോലീസ് ഉദ്യോഗസ്ഥരെ സ്കൂൾ, കോളേജ്, മാർക്കറ്റ് പരിസരങ്ങളിൽ

നിയോഗിച്ചിട്ടുണ്ട്. തിരക്കുള്ള സമയങ്ങളിൽ ബസ്റ്റാന്റ്, റെയിൽവേ സ്റ്റേഷൻ, മറ്റു തിരക്കേറിയ സ്ഥലങ്ങൾ എന്നിവിടങ്ങളിൽ പിങ്ക് പോലീസ് പട്രോളിംഗ് നടത്തി വരുന്നുണ്ട്. സ്ത്രീ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി 24 മണിക്കൂർ പ്രവർത്തിക്കുന്ന പിങ്ക് പട്രോൾ സംവിധാനവും, വനിതാ ഹെൽപ്പ്ലൈനും കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു. സ്ത്രീകൾക്കുള്ള സ്വയം പ്രതിരോധ പരിശീലന കേന്ദ്രങ്ങൾ എല്ലാ ജില്ലയിലും ആരംഭിച്ചിട്ടുണ്ട്.

(ബി) കുടുംബശ്രീ, റെസിഡന്റ്സ് അസോസിയേഷനുകൾ, സന്നദ്ധ സംഘടനകൾ എന്നിവയുടെ സഹകരണത്തോടെ പ്രാദേശിക തലത്തിൽ സ്ത്രീകൾക്കായി സ്വയം രക്ഷാ പരിശീലന പരിപാടികൾ സംഘടിപ്പിച്ചുവരുന്നുണ്ട്.

**പോലീസിൽ ക്രമസമാധാനവും ഇൻവെസ്റ്റിഗേഷനും വേർതിരിക്കൽ**

117(3411) ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ പോലീസിൽ ലോ & ഓർഡറും ഇൻവെസ്റ്റിഗേഷനും വേർതിരിച്ച് നടപ്പാക്കുന്നതിന്റെ നടപടിക്രമങ്ങൾ എന്തെല്ലാമായി;

(ബി) ഇത് ഏതെങ്കിലും സ്റ്റേഷനിൽ നടപ്പാക്കിയിട്ടുണ്ടോ ; എങ്കിൽ വിശദീകരിക്കാമോ;

(സി) ഇല്ലെങ്കിൽ തടസ്സം എന്താണെന്ന് വ്യക്തമാക്കാമോ;

(ഡി) കേരളാ പോലീസിന്റെ ജോലിഭാരം കുറയ്ക്കുന്നതിന് പ്രവൃത്തിസമയം 8 മണിക്കൂർ ആയി നിജപ്പെടുത്തുന്നതിനുള്ള നടപടികൾ പൂർത്തിയായോ, വ്യക്തമാക്കുമോ?

ഉത്തരം

(എ - സി) സർക്കാരിന്റെ സജീവ പരിഗണനയിലാണ്. പ്രസ്തുത കാര്യത്തിൽ നയപരമായ തീരുമാനം കൈക്കൊള്ളേണ്ടതുണ്ട്. ആയതിനായുള്ള നടപടിക്രമങ്ങൾ അന്തിമഘട്ടത്തിലാണ്.

(ഡി) പൂർത്തിയായിട്ടില്ല. ഇതിനോടകം കേരളത്തിലെ 51 പോലീസ് സ്റ്റേഷനുകളിൽ 8 മണിക്കൂർ ഡ്യൂട്ടി സമ്പ്രദായം നടപ്പിലാക്കിയിട്ടുണ്ട്. സേനയിലെ അംഗബലം വർദ്ധിപ്പിക്കുന്നതിനനുസരിച്ച് ബാക്കിയുള്ള സ്റ്റേഷനുകളിലും പ്രസ്തുത കാര്യം നടപ്പിലാക്കുന്നതാണ്.

## കളമശ്ശേരി കേന്ദ്രമായുള്ള എൻ.എസ്.ജി. ട്രെയിൻഡ് കേരള പോലീസ് കമാൻഡോ വിംഗ്

118(3412) ശ്രീ. പി. ടി. തോമസ്:

ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) Order No-4/2010 dated 14-7.2010/ADGP(Ind) പ്രകാരം എറണാകുളം ജില്ലയിലെ കളമശ്ശേരി കേന്ദ്രമാക്കി തീവ്രവാദ ഭീഷണി നേരിടുന്നതിനും വി.വി.ഐ.പി. സുരക്ഷ ഒരുക്കുന്നതിനുംവേണ്ടി രൂപീകരിച്ച എൻ. എസ്. ജി. ട്രെയിൻഡ് കേരള പോലീസ് കമാൻഡോ വിംഗ് നിലവിൽ അവിടെ പ്രവർത്തിക്കുന്നുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ; എൻ എസ് ജി കേരള പോലീസ് കമാൻഡോ ട്രെയിനിംഗ് നേടിയവരെ വിന്യസിച്ച് ഇത് പ്രവർത്തനക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) മെട്രോ റെയിൽ സുരക്ഷയുമായി ബന്ധപ്പെട്ട് എൻ എസ് ജി ട്രെയിൻഡ് കേരള പോലീസ് കമാൻഡോ വിംഗ്-ന്റെ സേവനം ഉപയോഗപ്പെടുത്തുന്നുണ്ടോ;

(സി) Order No.P1/7143/2012 SB dated 01-8.2012 പ്രകാരം പുനർ വിന്യസിച്ചിരുന്ന എറണാകുളം കമാൻഡോ വിംഗിന്റെ പാർട്ടി കമാൻഡർ നിലവിൽ കമാൻഡോ വിംഗിൽ ജോലി ചെയ്യുന്നുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(ഡി) DGO No.1897/2016 പ്രകാരം അച്ചടക്ക നടപടിയുടെ ഭാഗമായി സ്പെഷ്യൽ ഡ്യൂട്ടികളിൽ നിന്നും ഒഴിവാക്കിയ ഓഫീസർ നിലവിൽ കേരള പോലീസ് കമാൻഡോ വിങ്ങിൽ ജോലി ചെയ്യുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ഇ) എൻ.എസ്.ജി.-ൽ നിന്നും കമാൻഡോ കോഴ്സ് (PCIC) പൂർത്തിയാക്കിയ എത്ര ഇൻസ്പെക്ടർമാർ (CI, RI, API) നിലവിൽ ഉണ്ട്; വിശദവിവരം നൽകാമോ?

ഉത്തരം

(എ) എൻ.എസ്.ജി. പരിശീലനം നേടിയ കേരള പോലീസ് കമാൻഡോകളെ തിരുവനന്തപുരത്ത് പോലീസ് ട്രെയിനിംഗ് കോളേജ് കേന്ദ്രമാക്കിയും, എറണാകുളം ജില്ലയിലെ കളമശ്ശേരി കേന്ദ്രമാക്കിയും രണ്ട്

വിംഗുകളാക്കി വിന്യസിച്ചിരുന്നു. സുരക്ഷാ ഭീഷണി നേരിടുന്ന ക്ഷേത്രങ്ങളുടെയും വ്യക്തികളുടെയും സുരക്ഷാ ഡ്യൂട്ടികൾക്ക് നിയോഗിക്കുവാൻ വേണ്ടത്ര അംഗബലം തിരുവനന്തപുരം കേന്ദ്രമാക്കി വിന്യസിച്ചിരുന്ന കേരളാ പോലീസ് കമാൻഡോ വിംഗിന് ഇല്ലാതിരുന്ന സാഹചര്യത്തിൽ 3-7-2012 തീയതിയിലെ ഉത്തരവ് നമ്പർ P1-7143/2012/SB പ്രകാരം കളമശ്ശേരി കേന്ദ്രമാക്കി രൂപീകരിച്ച കേരള കമാൻഡോ വിംഗിനെ തിരുവനന്തപുരം കമാൻഡോ വിംഗുമായി കൂട്ടിച്ചേർക്കപ്പെട്ടു.

എൻ.എസ്.ജി. പരിശീലനം നേടിയ കേരള പോലീസ് കമാൻഡോകളുടെ അംഗബലം വർദ്ധിക്കുന്ന മുറയ്ക്ക് കളമശ്ശേരി കേന്ദ്രമാക്കി രൂപീകരിച്ച കേരള പോലീസ് കമാൻഡോ വിംഗിനെ പുനഃസ്ഥാപിക്കുന്നത് പരിശോധിക്കുന്നതാണ്.

(ബി) മെട്രോ റെയിൽ സുരക്ഷയുമായി ബന്ധപ്പെട്ട് കേരള പോലിസ് കമാൻഡോകളുടെ സേവനം നിലവിൽ ഉപയോഗപ്പെടുത്തുന്നില്ല.

(സി) എറണാകുളം കമാൻഡോ വിംഗിന്റെ പാർട്ടി കമാൻഡർ നിലവിൽ കമാൻഡോ വിംഗിൽ ജോലി ചെയ്യുന്നില്ല. ടിയാനെ കമാൻഡോ വിംഗിൽ അറ്റാച്ച് ചെയ്തിരുന്ന ഡി.ജി.ഒ.-യുടെ കാലാവധി കഴിഞ്ഞതിനാൽ കമാൻഡോ വിംഗിൽ നിന്നും വിടുതൽ ചെയ്തിട്ടുള്ളതാകുന്നു.

(ഡി) DGO No.1897/2016 പ്രകാരം ടിയാനെ മാതൃയൂണിറ്റിലേക്ക് മടക്കി അയ്ക്കുകയും ചുമതലപ്പെടുത്തിയിരുന്ന പ്രത്യേക ഡ്യൂട്ടികളിൽനിന്നും ഒഴിവാക്കിയതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഏതെങ്കിലും തരത്തിലുള്ള അച്ചടക്കനടപടിയുടെ ഭാഗമായിട്ടാണ് കമാൻഡോ വിംഗിൽനിന്നും വിടുതൽ ചെയ്തതെന്ന് രേഖപ്പെടുത്തിയിട്ടില്ല. DGO.No.1252/2017 dated. 17-5-2017 പ്രകാരം ടിയാൾ കേരള പോലീസ് കമാൻഡോ വിംഗിൽ ജോലി ചെയ്തു വരുന്നുണ്ട്.

(ഇ) എൻ.എസ്.ജി-ൽനിന്നും കമാൻഡോ കോഴ്സ് പൂർത്തിയാക്കിയ ഇൻസ്പെക്ടർ റാങ്കിലുള്ള ആരും തന്നെ നിലവിൽ കേരളാ പോലിസ് കമാൻഡോ വിംഗിൽ ജോലി ചെയ്യുന്നില്ല.

## പോലീസിന്റെ പെരുമാറ്റം

119(3413) <u>ശ്രീ. അൻവർ സാദത്ത്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാഹനപരിശോധനയ്ക്കിടെ പോലീസിനെകണ്ട് സ്കൂട്ടർ തിരിച്ച യാത്രക്കാരന്റെ കോളറിൽ പോലീസ് ഉദ്യോഗസ്ഥൻ പിടിച്ചതുമൂലം ഉണ്ടായ അപകടത്തിൽ അണപ്പാട് പൂവൻപറമ്പ് വിനായകയിൽ വിക്രമൻനായർ മരണപ്പെടുകയുണ്ടായോ;

(ബി) ഇതിന്റെ അന്വേഷണം ഏത് ഘട്ടത്തിലാണ്; കുറ്റക്കാരായ പോലീസ് ഉദ്യോഗസ്ഥർക്കെതിരെ കൊലക്കുറ്റത്തിന് കേസ് രജിസ്റ്റർ ചെയ്യുമോ;

(സി) ഈ സർക്കാർ നിലവിൽ വന്നശേഷം പോലീസിന്റെ ഇത്തരത്തിലുള്ള പെരുമാറ്റംമൂലമുണ്ടായ അപകടത്തിൽ എത്രപേർ മരണപ്പെട്ടുവെന്ന് വ്യക്തമാക്കുമോ;

(ഡി) ഇപ്രകാരം മരണമടഞ്ഞവർക്ക് സാമ്പത്തിക സഹായം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ നൽകുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ?

ഉത്തരം

(എ & ബി) വിക്രമൻ നായർ ഓടിച്ചുവന്ന വാഹനം ഏതോ വിധേന ഇലക്ട്രിക് പോസ്റ്റിൽ കൊണ്ടിടിച്ച് മരണപ്പെട്ടതിലേയ്ക്ക് മാറനല്ലൂർ പോലീസ് സ്റ്റേഷനിൽ 841/17 U/s Motor Occurrence പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു.

(സി & ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഇത്തരം സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**കോഴിക്കോട് സി. പി. ഐ. (എം.) ജില്ലാ ഓഫീസ് ആക്രമിച്ച കേസ്**

120(3414) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017 ജൂൺ 9-ാം തീയതി അർദ്ധരാത്രി കോഴിക്കോട് സി. പി. എം.(ഐ) ജില്ലാ ഓഫീസ് ആക്രമിച്ച കേസിന്റെ അന്വേഷണം ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) ആരെയെങ്കിലും പ്രതി ചേർത്തിട്ടുണ്ടോയെന്നും പ്രതികളിൽ എത്ര പേരെ അറസ്റ്റ് ചെയ്തുവെന്നും പ്രതികൾ ഏത് രാഷ്ട്രീയ കക്ഷിയിൽപെട്ടവരാണെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) 9-6-2017 തീയതിയിൽ, കോഴിക്കോട് സി.പി.ഐ.(എം.) ജില്ലാ കമ്മിറ്റി ഓഫീസ് വളപ്പിലേയ്ക്ക് കണ്ടാലറിയാവുന്ന 5 പേർ അതിക്രമിച്ച് കയറി ജില്ലാ സെക്രട്ടറി ശ്രീ. മോഹൻ മാസ്റ്റർക്കുനേരെ ബോംബെറിഞ്ഞതുമായി ബന്ധപ്പെട്ട് നടക്കാവ് പോലീസ് സ്റ്റേഷനിൽ Cr.No.444/17 ആയി രജിസ്റ്റർചെയ്ത കേസ് സംസ്ഥാന ക്രൈംബ്രാഞ്ച് വിഭാഗത്തിന് കൈമാറിയിട്ടുള്ളതും പ്രസ്തുത കേസ് ക്രൈംബ്രാഞ്ചിൽ, Cr.No.120/CR/HHW-III/17 ആയി റീനമ്പർ ചെയ്ത്, CBCID HHW-III, കോഴിക്കോട് DySp.-യുടെ നേതൃത്വത്തിൽ അന്വേഷിച്ചു വരുന്നതുമാകുന്നു.

(ബി) നാളിതുവരെയുള്ള അന്വേഷണത്തിൽ പ്രതികളെ തിരിച്ചറിഞ്ഞിട്ടില്ലാത്തതാകുന്നു.

## നോക്കുകൂലി തടയാൻ പോലീസ് നടപടി

121(T 3415) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നോക്കുകൂലി വ്യാപകമായിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ നോക്കുകൂലി തടയുന്നതിന് പോലീസിന്റെ ഭാഗത്തുനിന്ന് വ്യാപകമായി വീഴ്ച സംഭവിച്ചിട്ടുണ്ടോ;ഉണ്ടെങ്കിൽ ഇത്തരത്തിൽ വീഴ്ചവരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് അറിയിക്കുമോ ?

ഉത്തരം

(എ) വ്യാപകമായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) നോക്കുകൂലി തടയുന്നതിന് പോലീസിന്റെ ഭാഗത്തുനിന്ന് വ്യാപകമായി വീഴ്ച സംഭവിച്ചിട്ടില്ല. എന്നാൽ ആലപ്പുഴ സൗത്ത് പോലീസ് സ്റ്റേഷനിലെ എസ്.എച്ച്.ഒ., എം.കെ. രാജേഷ്, ഗ്രേഡ് എസ്.ഐ. മുകേഷ്, സിവിൽ പോലീസ് ഓഫീസർ റിഷിലാൽ എന്നിവരെയും ഈ കാര്യത്തിന് ആലപ്പുഴ പോലീസ് കൺട്രോൾ റൂമിൽ ലഭിച്ച ഫോൺ കോൾ കൈകാര്യം ചെയ്യുന്നതിന് വീഴ്ച വരുത്തിയ സീനിയർ സിവിൽ പോലീസ് ഓഫീസർ പുഷ്പകുമാറിനെതിരെയും ആലപ്പുഴ ജില്ലാ പോലീസ് മേധാവിയുടെ ഉത്തരവ് പ്രകാരം അവാച്യാന്വേഷണത്തിന് ഉത്തരവായിട്ടുള്ളതും ഗ്രേഡ് എസ്.ഐ. മുകേഷ്, സിവിൽ പോലീസ് ഓഫീസർ റിഷിലാൽ, സീനിയർ സിവിൽ പോലീസ് ഓഫീസർ പുഷ്പകുമാർ എന്നിവരെ യഥാക്രമം തൃക്കുന്നപ്പുഴ, വീയപുരം, രാമങ്കരി എന്നീ പോലീസ് സ്റ്റേഷനിലേയ്ക്ക് ട്രാൻസ്ഫർ ചെയ്തിട്ടുള്ളതുമാണ്.

## മലക്കപ്പാറ പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം

122(3416) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട അതിരപ്പിള്ളി പഞ്ചായത്തിലെ മലക്കപ്പാറയിൽ ജീർണ്ണാവസ്ഥയിലായ വാടകക്കെട്ടിടത്തിൽ പരിമിതമായ സൗകര്യങ്ങളോടുകൂടി പ്രവർത്തിച്ചുവരുന്ന പോലീസ് സ്റ്റേഷനുവേണ്ടി അതേ സ്ഥലത്ത് പുതിയ കെട്ടിടം പണിയുന്നതിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷയിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ നടപടികൾ ഏത് ഘട്ടത്തിലാണ്;

(സി) വനമേഖലയിലുള്ള ഈ സ്ഥലത്ത് നിർദ്ദിഷ്ട പോലീസ് സ്റ്റേഷന് വേണ്ടി പുതിയ കെട്ടിടം പണിയുന്നതിന് വനം വകുപ്പിന്റെ ഉൾപ്പെടെയുള്ള അനുമതി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

---

T മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

ഉത്തരം

(എ-സി) മലക്കപ്പാറ പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം പണിയുന്നതിനുള്ള സ്ഥലം അനുവദിച്ച് കിട്ടുന്നതിന് ടാറ്റാ കോഫി ലിമിറ്റഡിൽ നിന്നും NOC ലഭിച്ചിട്ടുള്ളതാണ്. ടി ഭൂമി പോലീസ് വകുപ്പിന് കൈമാറി ലഭിക്കുന്നതിനുള്ള അനന്തര നടപടികൾ തൃശ്ശൂർ ജില്ലാ പോലീസ് മേധാവി തലത്തിൽ സ്വീകരിച്ചുവരുന്നു.

**കോടതിയിൽനിന്നും പരിപൂർണ്ണ ജാമ്യം**

123 (3417) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അന്വേഷണത്തിലിരിക്കുന്ന കൊലപാതക കേസുകളിൽ പ്രതിചേർക്കപ്പെട്ടവരിൽ ആർക്കെങ്കിലും കോടതിയിൽനിന്നും പരിപൂർണ്ണ ജാമ്യം ലഭിക്കാത്തതിനാൽ വർഷങ്ങളായി സ്വന്തം നാട്ടിലും വീട്ടിലും കടക്കാൻ സാധിക്കാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അവർ ആരെല്ലാമാണെന്നും ഏത് കേസിലാണ് പ്രതിചേർക്കപ്പെട്ടതെന്നും സ്വന്തം നാട്ടിലും വീട്ടിലും കടക്കാൻ കഴിയാതായിട്ട് എത്രനാളായെന്നും വെളിപ്പെടുത്താമോ;

(സി) പ്രസ്തുത കേസിൽ പ്രതി ചേർക്കപ്പെട്ടവർ നാട്ടിൽ പ്രവേശിക്കാതെ കഴിയേണ്ടിവരുമ്പോൾ അവരുടെ താമസവും ഭക്ഷണവും ഉൾപ്പെടെയുള്ള പരിരക്ഷ സർക്കാർ നൽകുന്നുണ്ടോ ; വിശദമാക്കുമോ;

(ഡി) പ്രസ്തുത കേസുകളിൽ ഇതുവരെയുണ്ടായിട്ടുള്ള നടപടിക്രമങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ;

(ഇ) സംസ്ഥാനത്ത് ഈ സർക്കാർ കാലയളവിൽ ഏതെങ്കിലും കൊലപാതക കേസുകളിൽ പ്രതിചേർക്കപ്പെട്ടവർക്ക് സമാനമായ ജാമ്യവ്യവസ്ഥകൾക്ക് വിധേയരാകേണ്ടി വന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ ആരൊക്കെയെന്ന് അറിയിക്കുമോ ?

ഉത്തരം

(എ & ബി) കണ്ണൂർ ജില്ലയിലെ തലശ്ശേരി പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്തതും (ക്രൈം നമ്പർ 442/2006) ഇപ്പോൾ സി.ബി.ഐ. അന്വേഷിച്ചു കൊണ്ടിരിക്കുന്നതുമായ ക്രൈം നമ്പർ RC(2)S/2008/CBI/SCB, Chennai u/s 143, 147, 148, 302, 341, 120B r/w 149 IPC and sec. 27 of the Arms Act എന്ന കൊലപാതക കേസിൽ 7, 8 ആയി പ്രതിചേർക്കപ്പെട്ട കാരായി ചന്ദ്രശേഖരൻ, കാരായി രാജൻ എന്നിവർ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ ജാമ്യവ്യവസ്ഥ പ്രകാരം കേസ്സ് ഡിസ്പോസൽ ആകുന്നതുവരെ

എറണാകുളം ജില്ലയിൽ തങ്ങണം (Stay within Ernakulam District) എന്നും ബഹുമാനപ്പെട്ട എറണാകുളം 4th അഡീഷണൽ സെഷൻസ് കോടതിയുടെയോ അല്ലെങ്കിൽ പ്രസ്തുത കോടതിയുടെ ചാർജ് വഹിക്കുന്ന കോടതിയുടെയോ അനുമതി ഇല്ലാതെ എറണാകുളം ജില്ല വിട്ടുപോകാൻ പാടില്ലാത്തതുമാണ് എന്നും 7-11-2013 തീയതിയിലെ ജാമ്യഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ളതാണ്.

(സി) താമസവും ഭക്ഷണവും ഉൾപ്പെടെയുള്ള പരിരക്ഷ സർക്കാർ നൽകുന്നില്ല.

(ഡി) സി.ബി.ഐ. അന്വേഷിക്കുന്ന കേസായതിനാൽ വിലയിരുത്തിയിട്ടില്ല.

(ഇ) ആലപ്പുഴ ജില്ലയിൽ ഹരിപ്പാട് പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 237/17 പ്രകാരം രജിസ്റ്റർചെയ്ത കേസ്സിലെ 5 പ്രതികൾക്കെതിരെ രണ്ട് മാസത്തേയ്ക്ക് ആലപ്പുഴ ജില്ലയിൽ പ്രവേശിക്കുന്നതിന് ബഹുമാനപ്പെട്ട കേരള ഹൈക്കോടതി ഉത്തരവ് പ്രകാരം വിലക്കിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു:

(1) അഖിൽ അശോക്

(2) ഗോകുൽ

(3) സജീർ

(4) മനു @ പാര മനു

(5) ശ്രീജിത്ത്.

**കള്ളനോട്ട് കൈമാറ്റം ചെയ്തതുമായി ബന്ധപ്പെട്ട കേസ്സുകൾ**

124(3418) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഈ വർഷം കള്ളനോട്ട് അച്ചടിക്കൽ,സൂക്ഷിക്കൽ, കൈമാറ്റം ചെയ്യൽ തുടങ്ങിയ കുറ്റകൃത്യങ്ങളിലായി എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തുവെന്ന് അറിയിക്കാമോ;

(ബി) ഇവയിൽ ഏതെങ്കിലും രാഷ്ട്രീയപ്പാർട്ടി നേതാക്കളോ ഭാരവാഹികളോ പ്രവർത്തകരോ പ്രതിപ്പട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ അവയുടെ വിശദാംശങ്ങൾ നൽകാമോ;

(ഡി) തൃശ്ശൂർ ജില്ലയിലെ കൊടുങ്ങല്ലൂരിൽ കള്ളനോട്ട് അച്ചടിച്ചതുമായി ബന്ധപ്പെട്ട കേസിൽ പ്രതികളുടെമേൽ ചുമത്തിയ വകുപ്പുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് ഈ വർഷം കള്ളനോട്ട് അച്ചടിക്കലുമായി ബന്ധപ്പെട്ട് 3 കേസുകളും കള്ളനോട്ട് സൂക്ഷിക്കലുമായി ബന്ധപ്പെട്ട് 2 കേസുകളും കള്ളനോട്ട് കൈമാറ്റവുമായി ബന്ധപ്പെട്ട് 11 കേസുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി&സി) ഇതുമായി ബന്ധപ്പെട്ട് ഒരു കേസ് മതിലകം പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 962/2017 ആയി രജിസ്റ്റർ ചെയ്തിട്ടുണ്ട്.

ടി കേസ്സിലെ 1-ാം പ്രതിയായ രാകേഷ്, ബി.ജെ.പി., എസ്.എൻ. പുരം പഞ്ചായത്ത് 6-ാം വാർഡ് പ്രസിഡന്റായി സ്ഥാനംവഹിച്ചിരുന്ന ആളും 2-ാം പ്രതിയായ രാജീവ് ബി.ജെ.പി.-യുടെ OBC മോർച്ച കയ്പമംഗലം നിയോജക മണ്ഡലത്തിൽ ജനറൽ സെക്രട്ടറിയായി സ്ഥാനംവഹിച്ചിരുന്ന ആളുമാണ്. ഇരുവരും മേൽകേസ്സിൽ ബഹു. JFCM കൊടുങ്ങല്ലൂർ കോടതിയുടെ ജുഡീഷ്യൽ കസ്റ്റഡിയിൽ ഇരിങ്ങാലക്കുട സബ് ജയിലിൽ റിമാന്റിൽ കഴിഞ്ഞുവരികയാണ്. പ്രസ്തുത കേസ്സ് ഇപ്പോൾ സംസ്ഥാന ക്രൈംബ്രാഞ്ച് അന്വേഷിച്ച് വരുന്നു.

(ഡി) ഈ കേസ്സുമായി ബന്ധപ്പെട്ട് പ്രതികളുടെമേൽ u/s 489 A,B,C 212 r/w 34 IPC & 17 of Kerala Money Lenders Act, 1958 എന്നീ വകുപ്പുകൾ ചുമത്തിയിട്ടുണ്ട്.

**മസ്കറ്റ് ഹോട്ടലിൽ നടന്ന സമവായ ചർച്ച**

125(3419) <u>ശ്രീ. ഹൈബി ഈഡൻ:</u>
<u>ശ്രീ. സണ്ണി ജോസഫ്:</u>
<u>ശ്രീ. റോജി എം. ജോൺ:</u>
<u>ശ്രീ. അടൂർ പ്രകാശ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാഷ്ട്രീയസംഘർഷത്തിന്റെ പശ്ചാത്തലത്തിൽ മുഖ്യമന്ത്രി 31-7-2017-ൽ മാസ്കറ്റ് ഹോട്ടലിൽ സമവായ ചർച്ചയ്ക്ക് വിളിച്ചുചേർത്ത യോഗംനടന്ന ഹാളിലെ പ്രാരംഭ ദൃശ്യങ്ങൾ പകർത്താനെത്തിയ മാധ്യമപ്രവർത്തകരെ യോഗഹാളിൽ നിന്ന് പുറത്താക്കിയിട്ടുണ്ടോ;

(ബി) ഇത്തരം യോഗങ്ങൾ റിപ്പോർട്ട് ചെയ്യുന്നതിൽനിന്ന് മാധ്യമപ്രവർത്തകരെ വിലക്കിക്കൊണ്ടുള്ള നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ; 31-7-2017-ലെ യോഗം റിപ്പോർട്ട് ചെയ്യുവാൻ പാടില്ലെന്ന് മാധ്യമപ്രവർത്തകരെ നേരത്തെ അറിയിച്ചിട്ടുണ്ടായിരുന്നോ;

(സി) രാഷ്ട്രീയസംഘർഷങ്ങൾ ഇല്ലാതാക്കുവാൻ വിളിച്ചുചേർക്കുന്ന ഇത്തരം യോഗങ്ങൾ മാധ്യമപ്രവർത്തകർ കവർചെയ്യുന്നത്അനുവദിക്കാതിരിക്കുവാനുള്ള കാരണമെന്തെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ - സി) മാധ്യമപ്രവർത്തകർക്ക് പ്രവേശനമുള്ളതും അവർ റിപ്പോർട്ട് ചെയ്യേണ്ടതുണ്ടെന്ന് കരുതുന്നതുമായ പരിപാടികൾ അവരെ നേരത്തെ അറിയിക്കാറുണ്ട്. ഈ യോഗം പരസ്യസ്വഭാവത്തിലുള്ളതായിരുന്നില്ല. അതുകൊണ്ടുതന്നെ, അവിടേക്ക് മാധ്യമപ്രവർത്തകരെ ആരും ക്ഷണിച്ചിരുന്നില്ല. യോഗതീരുമാനങ്ങൾ പിന്നീട് മാധ്യമ പ്രവർത്തകരെ അറിയിച്ചിരുന്നു.

**കാസർഗോഡ് ജില്ലയിൽ പുതിയ പോലീസ് സ്റ്റേഷനുകൾ**

126(3420) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18 സാമ്പത്തിക വർഷത്തെ ബജറ്റിൽ കാസർഗോഡ് ജില്ലയിൽ പുതിയ പോലീസ് സ്റ്റേഷനുകൾ അനുവദിക്കുന്നതിന് തുക വകയിരുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) എങ്കിൽ ഇത് യാഥാർത്ഥ്യമാക്കുന്നതിന് എന്തെങ്കിലും തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ ?

ഉത്തരം

(എ & ബി) പ്രത്യേകമായി തുക വകയിരുത്തിയിട്ടില്ല. 2017-18 വർഷത്തെ ബജറ്റിൽ കാസർഗോഡ് ജില്ലയിലെ മേൽപ്പറമ്പ് എന്ന സ്ഥലത്ത് പോലീസ് സ്റ്റേഷൻ ആരംഭിക്കും എന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച് സംസ്ഥാന പോലീസ് മേധാവി സമർപ്പിച്ച ശിപാർശ സർക്കാർതലത്തിൽ പരിശോധിച്ചു വരുന്നു.

**വിനായകന്റെ കുടുംബത്തിന് ധനസഹായം**

127(3421) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

തൃശ്ശൂർ പാവറട്ടി പോലീസ് സ്റ്റേഷൻ പരിധിയിൽ പോലീസ് കസ്റ്റഡിയിൽ നിന്ന് വിട്ടയച്ച ശേഷം ജീവനൊടുക്കിയ വിനായകൻെറ കുടുംബത്തിന് പത്തുലക്ഷം രൂപയിൽ കുറയാത്ത തുക ധനസഹായം നൽകുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

ധനസഹായം നൽകുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

## സ്റ്റുഡന്റ് പോലീസ് കേഡറ്റ്

128(3422) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര സ്കൂളുകളിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) കോതമംഗലം മണ്ഡലത്തിൽ ഏതെല്ലാം സ്കൂളുകളിലാണ് പ്രസ്തുത സംവിധാനം നടപ്പിലാക്കിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ; സ്കൂളുകളിൽ പ്രസ്തുത സംവിധാനം അനുവദിക്കുന്നതിനുള്ള മാനദണ്ഡം എന്തെന്ന് വ്യക്തമാക്കാമോ;

(സി) കൂടുതൽ സ്കൂളുകളിൽ പ്രസ്തുത സംവിധാനം ഏർപ്പെടുത്തുമോ എന്ന് അറിയിക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് നിലവിൽ 573 സ്കൂളുകളിൽ എസ്.പി.സി. യൂണിറ്റുകൾ പ്രവർത്തിച്ചുവരുന്നു.

(ബി) കോതമംഗലം നിയോജക മണ്ഡലത്തിലെ 2 സ്കൂളുകളിൽ എസ്.പി.സി. യൂണിറ്റുകൾ പ്രവർത്തിച്ചുവരുന്നു.

(1) മാർ ബേസിൽസ് എച്ച്.എസ്. കോതമംഗലം

(2) ഗവൺമെന്റ് എച്ച്.എസ്. പൊയ്ക

എസ്.പി.സി. സംവിധാനം സ്കൂളുകളിൽ അനുവദിക്കുന്നതിനുള്ള മാനദണ്ഡം ഇതോടൊപ്പം അനുബന്ധമായി ഉൾക്കൊള്ളിക്കുന്നു.+

(സി) ബഹു. ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ നടപ്പ് അധ്യയന വർഷം 100 സർക്കാർ സ്കൂളുകളിൽക്കൂടി എസ്.പി.സി. പദ്ധതി വ്യാപിപ്പിക്കുവാൻ ഉദ്ദേശ്യമുണ്ടെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്.

## മേനംകുളത്ത് അശ്വതി ഗാർഡൻസിൽ വില്ല വാങ്ങിയ സംഭവം

129(3423) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴക്കൂട്ടം മേനംകുളത്ത് അശ്വതി ഗാർഡൻസിൽ വില്ല വാങ്ങിയ സി.പി.എം. കിളിമാനൂർ ഏരിയ കമ്മിറ്റി അംഗം കെ. വിജയൻ മുഴുവൻ തുകയും

---

\+ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

നൽകാതെ വീട് സ്വന്തമാക്കി വഞ്ചിച്ചതായി അശ്വതി ഗാർഡൻസ് എം.ഡി. ശ്രീ. അലക്സാണ്ടർ വടക്കേടത്ത് മുഖ്യമന്ത്രിക്ക് പരാതി നൽകിയിട്ടുണ്ടോ; എങ്കിൽ പരാതിയിലെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) പരാതി വിഷയത്തിൽ ഇടപെട്ട് മനുഷ്യവകാശ കമ്മീഷൻ പോലീസിനെ വിമർശിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(സി) മനുഷ്യാവകാശ കമ്മീഷൻ എന്തെല്ലാം കാര്യങ്ങളാണ് ഗവൺമെന്റിനോട് ആവശ്യപ്പെട്ടത്; വിവരിക്കുമോ;

(ഡി) ശ്രീ. അലക്സാണ്ടർ വടക്കേടത്തിന്റെ പരാതിയിലും മനുഷ്യാവകാശ കമ്മീഷന്റെ ഇടപെടലുകളിലും എന്തെല്ലാം നടപടികളാണ് ഗവൺമെന്റ് സ്വീകരിച്ചത്; വിശദമാക്കുമോ;

(ഇ) ശ്രീ. അലക്സാണ്ടർ വടക്കേടത്തിന്റെ പരാതിയിൽ അടിയന്തരമായി നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ലഭിച്ചിട്ടുണ്ട്. പരാതിക്കാരനായ ശ്രീ. അലക്സാണ്ടർ വടക്കേടം എന്നയാളിന്റെവക അശ്വതി ഗാർഡൻസിലെ യു-100-ാം നമ്പർ വീട് ഒരു കോടി ഇരുപത്തിയഞ്ച് ലക്ഷം രൂപ വില സമ്മതിച്ച് വാങ്ങാൻ തീരുമാനിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ 38 ലക്ഷം രൂപ എതിർകക്ഷി മുൻകൂറായി പരാതി കക്ഷിയ്ക്ക് നല്കുകയും ബാക്കി തുക 36 തവണകളായി നൽകാമെന്ന് പരസ്പരം സമ്മതിച്ച് കരാറിൽ ഏർപ്പെട്ടിട്ടുള്ളതും എന്നാൽ കരാർ പ്രകാരമുള്ള പണം യഥാസമയം നൽകാതെ വിശ്വാസവഞ്ചന നടത്തി എന്നുള്ളതുമാണ്.

(ബി) പരാതി വിഷയത്തിൽ ഇടപെട്ട് മനുഷ്യാവകാശ കമ്മീഷൻ പോലീസിനെ വിമർശിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി - ഇ) മനുഷ്യാവകാശ കമ്മീഷന് നൽകിയ പരാതിയിന്മേൽ കമ്മീഷനിൽനിന്നും സർക്കാരിന് നിർദ്ദേശങ്ങൾ ഒന്നും ലഭിച്ചിട്ടില്ല. പോലീസ് വകുപ്പിന് ലഭിച്ച പരാതിയിന്മേൽ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് സൈബർ സിറ്റി പോലീസ് അസിസ്റ്റന്റ് കമ്മീഷണർക്കും തിരുവനന്തപുരം സിറ്റി ജില്ലാ ക്രൈംബ്രാഞ്ച് പോലീസ് അസിസ്റ്റന്റ് കമ്മീഷണർക്കും സംസ്ഥാന പോലീസ് മേധാവി നിർദ്ദേശം നൽകിയിട്ടുണ്ട്. അന്വേഷണ റിപ്പോർട്ട് ലഭിക്കുന്നമുറയ്ക്ക് സർക്കാർ ഉചിത നടപടി സ്വീകരിക്കുന്നതാണ്

## സെൻട്രൽ പോലീസ് കാന്റീനുകൾക്ക് നികുതിയിളവുകൾ നിലനിർത്താൻ നടപടി

130(3424) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.എസ്.റ്റി. നികുതി സംമ്പ്രദായം നിലവിൽ വന്നതോടെ സംസ്ഥാനത്തിലെ സബ്സിഡിയറി സെൻട്രൽ പോലീസ് കാന്റീനുകൾക്ക് അനുവദിച്ചിരുന്ന നികുതി ഇളവുകൾ ഇല്ലാതായിരിക്കുന്നുവെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വാറ്റ് നികുതി സമ്പ്രദായം നിലവിലുണ്ടായിരുന്ന കാലത്ത് പ്രസ്തുത കാന്റീനുകൾക്ക് അനുവദിച്ചിരുന്ന നികുതിയിളവുകൾ തുടർന്നും ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ;

(സി) അത് സാധ്യമായില്ലെങ്കിൽ ജി.എസ്.റ്റി.യിലെ സംസ്ഥാന നികുതി വിഹിതമായ എസ്.ജി.എസ്.റ്റി.-യിൽ പൂർണ്ണമായോ, ഭാഗികമായോ ഇളവുകൾ അനുവദിച്ചുകൊണ്ട് ഈ കാന്റീനുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി & സി) പരിശോധിച്ചുവരുന്നു.

## കേരളത്തിൽ ആത്മഹത്യാനിരക്ക് വർദ്ധിക്കുന്നതായിട്ടുള്ള റിപ്പോർട്ടുകൾ

131(3425) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ആത്മഹത്യാനിരക്ക് വർദ്ധിക്കുന്നതായിട്ടുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 2010 മുതൽ 2016 വരെ ആകെ ആത്മഹത്യ ചെയ്തവരുടെ കണക്കുകൾ ലഭ്യമാക്കാമോ;

(സി) ഇതിൽ സ്ത്രീകളുടെയും കുട്ടികളുടെയും കണക്കുകൾ പ്രത്യേകം ലഭ്യമാക്കുമോ?

ഉത്തരം

(എ) നാഷണൽ ക്രൈം റിക്കാർഡ്സ് ബ്യൂറോ പ്രസിദ്ധീകരിച്ച കണക്കുകൾ പ്രകാരം കഴിഞ്ഞ 3 വർഷം കേരളത്തിൽ റിപ്പോർട്ടായ ആത്മഹത്യാ കേസുകളുടെ വിവരം ചുവടെ ചേർക്കുന്നു:

| 2014 | 2015 | 2016 |
|---|---|---|
| 8446 | 7692 | 7705 |

ഇതിന്റെ അടിസ്ഥാനത്തിൽ 2014 വർഷത്തെ അപേക്ഷിച്ച് 2015-ലും 2016-ലും ആത്മഹത്യകളുടെ എണ്ണം കുറയുകയും 2015 വർഷത്തെ അപേക്ഷിച്ച് 2016-ൽ നേരിയ വർദ്ധനവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 2010 മുതൽ 2016 വരെയുള്ള ആത്മഹത്യകളുടെ കണക്ക് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) ഇതിൽ എൻ.സി.ആർ.ബി പ്രസിദ്ധീകരിച്ച കണക്കുകൾ പ്രകാരം 14 വയസിൽ താഴെയുള്ള 447 കുട്ടികളും 13938 സ്ത്രീകളും (15 വയസിനുമുകളിൽ) ആത്മഹത്യ ചെയ്തിട്ടുണ്ട്. വർഷംതിരിച്ചും വയസ്സ് തിരിച്ചുമുള്ള വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്. +

**റോഡപകടങ്ങൾ**

132(3426) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് 2016 വർഷത്തിൽ വിവിധ റോഡപകടങ്ങളിൽ മരിച്ചവർ, പരിക്കേറ്റവർ എന്നിവരുടെ കണക്കുകൾ ലഭ്യമാക്കുമോ; ഇതിൽ ഇരുചക്രവാഹനങ്ങളുമായി ബന്ധപ്പെട്ട അപകടത്തിൽപ്പെട്ടവരുടെ വിവരം പ്രത്യേകം വിശദമാക്കുമോ?

ഉത്തരം

സംസ്ഥാനത്ത് 2016 വർഷത്തിൽ വിവിധ റോഡപകടങ്ങളിൽ 4287 പേർ മരണമടയുകയും 44108 പേർക്ക് പരിക്കേൽക്കുകയും ചെയ്തു. ഇതിൽ 1965 പേർ ഇരുചക്രവാഹനങ്ങൾ ഉൾപ്പെട്ട അപകടങ്ങളുമായി ബന്ധപ്പെട്ട് മരണമടയുകയും 22828 പേർക്ക് പരിക്കേൽക്കുകയും ചെയ്തു.

---

\+ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി

133(3427) പ്രൊഫ. കെ. യു. അരുണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂളുകളിൽ വളരെ വിജയകരമായി നടപ്പിലാക്കി വരുന്ന സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതിയിൽ താല്പര്യമുള്ള മുഴുവൻ കുട്ടികൾക്കും നിലവിൽ ചേരാൻ സാഹചര്യമില്ലാത്തതിനാൽ ഈ പദ്ധതി കുറേക്കൂടി വിപുലീകരിക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) ഈ പദ്ധതിയിൽ വിജയകരമായി പരിശീലനം പൂർത്തിയാക്കുന്ന കുട്ടികൾക്ക് സംസ്ഥാനത്തെ വിവിധ സേനകളിലേയ്ക്കുള്ള തെരഞ്ഞെടുപ്പിൽ നിശ്ചിത ശതമാനം സംവരണം ഏർപ്പെടുത്താൻ ആലോചിക്കുന്നുണ്ടോ; എങ്കിൽ വിശദവിവരങ്ങൾ നല്കാമോ?

ഉത്തരം

(എ) ബഹുമാനപ്പെട്ട ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ നടപ്പ് അധ്യയന വർഷം 100 സർക്കാർ സ്കൂളുകളിൽക്കൂടി എസ്.പി.സി. പദ്ധതി വ്യാപിപ്പിക്കുവാൻ ഉദ്ദേശ്യമുണ്ടെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. അതിൻപ്രകാരം കൂടുതൽ സ്കൂളുകളിൽ ആരംഭിക്കുന്നതിന് ഉദ്ദേശ്യമുണ്ട്.

(ബി) ഈ വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണയിലില്ല

## ഇരിങ്ങാലക്കുട എസ്.ഐ. യുടെ വീടിനുനേർക്ക് നടന്ന ആക്രമണം

134(3428) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിങ്ങാലക്കുട എസ്.ഐ. ആയിരുന്ന ശ്രീ. ജിജോയുടെ വെറ്റിലപ്പാറയിലെ വീട് ആക്രമിക്കുകയും വീടിന്റെ പോർച്ചിലുണ്ടായിരുന്ന ബൈക്ക് പൂർണ്ണമായും കത്തിച്ച് നശിപ്പിക്കുകയും ചെയ്ത സംഭവത്തിലെ ഗൂഢാലോചനയടക്കം നടത്തിയ മുഴുവൻ പ്രതികളെയും നിയമത്തിന്റെമുൻപിൽ കൊണ്ടുവരുന്നതിന് കഴിഞ്ഞിട്ടുണ്ടോ;

(ബി) കത്തി നശിച്ച ബൈക്കിനുപകരം പുതിയ ബൈക്ക് നൽകുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ഏങ്കിൽ ആയത് അനുവദിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഇരിങ്ങാലക്കുട എസ്.ഐ ആയിരുന്ന ശ്രീ. ജിജോയുടെ വെറ്റിലപ്പാറയിലെ വീട് ആക്രമിക്കുകയും വീടിന്റെ പോർച്ചിലുണ്ടായിരുന്ന ബൈക്ക് പൂർണ്ണമായും കത്തി നശിക്കുകയും ചെയ്ത സംഭവത്തിൽ മുഴുവൻ പ്രതികളെയും അറസ്റ്റ് ചെയ്ത് കുറ്റപത്രം ബഹു.കോടതിയിൽ സമർപ്പിച്ചിട്ടുള്ളതാണ്.

(ബി & സി) ഇരിങ്ങാലക്കുട എസ്.ഐ ശ്രീ. ജിജോ എം. ജെ യുടെ അഗ്നിക്കിരയായ ബൈക്കിനുപകരം ബൈക്കിന്റെ കാലപ്പഴക്കം കണക്കാക്കിയുള്ള തുകയായ 20,000 രൂപയിൽനിന്നും ഇൻഷ്വറൻസ് ക്ലെയിം ആയ 11,000 രൂപ കുറവ് ചെയ്ത് 9,000 (ഒൻപതിനായിരം രൂപ മാത്രം) നിലവിലുള്ള ചട്ടങ്ങൾക്കും ഫണ്ടിന്റെ ലഭ്യതയും അനുസരിച്ച് അനുവദിക്കുന്നതിന് അനുമതി നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

**ആയഞ്ചേരിയിൽ പോലീസ് സ്റ്റേഷൻ**

135(3429) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി നിയോജകമണ്ഡലത്തിലെ ആയഞ്ചേരി, തിരുവള്ളൂർ എന്നീ പഞ്ചായത്തുകളും, വേളം പഞ്ചായത്തിലെ ചേരാപുരം, പൂളക്കൽ പ്രദേശവും നിലവിൽ വടകര, നാദാപുരം, കുറ്റ്യാടി എന്നീ പോലീസ് സ്റ്റേഷനുകളുടെ പരിധിയിലാണ് ഉൾപ്പെടുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മുകളിൽ സൂചിപ്പിച്ച പ്രദേശങ്ങളിൽനിന്ന് ബന്ധപ്പെട്ട പോലീസ് സ്റ്റേഷനിലെത്താൻ 20 കിലോമീറ്ററും അതിലധികവും യാത്ര ചെയ്യണമെന്ന സാഹചര്യം പരിശോധിച്ചിട്ടുണ്ടോ;

(സി) പൊതുവെ സംഘർഷഭരിതമായ പ്രസ്തുത പ്രദേശങ്ങളിൽ പോലീസിന് അടിയന്തരമായി എത്തിച്ചേരുന്നതിനും സാധാരണ ജനങ്ങൾക്ക് പോലീസ് സ്റ്റേഷനിൽ എത്തിച്ചേരുന്നതിനും നേരിടുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ആയതിന് പരിഹാരമായി ആയഞ്ചേരി ആസ്ഥാനമായി ഒരു പോലീസ് സ്റ്റേഷൻ ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലുണ്ടോ;

(ഇ) എങ്കിൽ ഇതുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ - സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി & ഇ) ആയതിനുള്ള പ്രൊപ്പോസലുകൾ സർക്കാരിന് ലഭിച്ചിട്ടില്ല. സംസ്ഥാന പോലീസ് മേധാവിതലത്തിൽ നടപടി സ്വീകരിച്ചുവരുന്നു.

**ക്രൈംബ്രാഞ്ച് അന്വേഷണം**

136(3430) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രീ. ടോണി മാത്യു കോതമംഗലം തട്ടേക്കാട് വനത്തിൽവച്ച് വെടിയേറ്റ് മരിച്ച സംഭവത്തിലുള്ള അന്വേഷണം എന്തായി എന്ന് വിശദീകരിക്കാമോ;

(ബി) പ്രസ്തുത സംഭവം ക്രൈംബ്രാഞ്ച് അന്വേഷിക്കണമെന്ന് ആവശ്യപ്പെട്ട് മരണപ്പെട്ട ടോണി മാത്യുവിന്റെ പിതാവ് അപേക്ഷ നല്കിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അപേക്ഷയിൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ശ്രീ. ടോണി മാത്യു കോതമംഗലം തട്ടേക്കാട് വനത്തിൽ വച്ച് വെടിയേറ്റ് മരിച്ച സംഭവുമായി ബന്ധപ്പെട്ട് കുട്ടമ്പുഴ പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 10/17 ആയി രജിസ്റ്റർ ചെയ്ത കേസ്സ് മൂവാറ്റുപുഴ ഡിവൈ.എസ്.പി. യുടെ നേതൃത്വത്തിൽ അന്വഷണം നടത്തിവരുന്നു.

(ബി) പരാതി നൽകിയിട്ടുണ്ട്.

(സി) പ്രസ്തുത പരാതിയിന്മേൽ ക്രൈംബ്രാഞ്ചിന്റെ HHW-II എറണാകുളം യൂണിറ്റിൽ അന്വേഷണം നടത്തിയിട്ടുള്ളതും ടോണി മാത്യു മരണപ്പെട്ടതിലേയ്ക്ക് കുട്ടമ്പുഴ പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത ക്രൈം നമ്പർ 10/17 കേസ്സിൽ പോസ്റ്റ്മോർട്ടം നടത്തിയ ഡോക്ടറേയും ബാലിസ്റ്റിക് പരിശോധന നടത്തിയ വിദഗ്ധനേയുംകണ്ട് ചോദിച്ച് വിശദമായ അന്വേഷണം നടത്തുന്നതിനും നായാട്ട് സംഘത്തിലുണ്ടായിരുന്നവരുടെ സംഭവ ദിവസങ്ങളിലെ CDR പരിശോധി ക്കുന്നതിനും സംഘത്തിലുണ്ടായിരുന്ന ഷൈറ്റും മരണപ്പെട്ട ടോണിയും തമ്മിലുള്ള സാമ്പത്തിക ഇടപാടുകളെക്കുറിച്ച് വിശദമായ അന്വേഷണം നടത്തുന്നതിനുമുള്ള നിർദ്ദേശങ്ങൾ നിലവിലെ അന്വേഷണ ഉദ്യോഗസ്ഥനായ മൂവാറ്റുപുഴ ഡിവൈ.എസ്.പി.-ക്ക് നൽകുന്നതിന് ശിപാർശ ചെയ്യുകയുമുണ്ടായി.

## പ്രസംഗവേദിക്ക് സമീപം ബോംബ് പൊട്ടിയ സംഭവത്തിന്മേലുള്ള അന്വേഷണം

137(3431) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017 ജനുവരി 26-ന് തലശ്ശേരിയിൽ സി.പി.എം. സംസ്ഥാന സെക്രട്ടറി, ശ്രീ. കോടിയേരി ബാലകൃഷ്ണന്റെ പ്രസംഗവേദിക്ക് സമീപം ബോംബ് പൊട്ടിയ സംഭവത്തിന്റെ അന്വേഷണം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) എത്രപേരെ പ്രതികളാക്കി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്; പ്രതികൾ ഏത് രാഷ്ട്രീയ കക്ഷിയിലെ അംഗങ്ങളാണ്;

(സി) പ്രതികളിൽ എത്രപേരെ അറസ്റ്റ് ചെയ്തുവെന്നും, ഇല്ലെങ്കിൽ എന്തുകൊണ്ടെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) തലശ്ശേരിയിൽ സി.പി.എം. സംസ്ഥാന സെക്രട്ടറി ശ്രീ. കോടിയേരി ബാലകൃഷ്ണന്റെ പ്രസംഗവേദിക്കുസമീപം ബോംബ് പൊട്ടിയ സംഭവുമായി ബന്ധപ്പെട്ട് ന്യൂമാഹി പോലീസ് സ്റ്റേഷനിൽ രജിസ്റ്റർചെയ്ത ക്രൈം നമ്പർ 69/17 എന്ന കേസ്, സംസ്ഥാന ക്രൈംബ്രാഞ്ച് വിഭാഗത്തിന് കൈമാറിയിട്ടുള്ളതും ടി കേസ് ക്രൈം നമ്പർ 121/CR/HHW-III/KKD/17 ആയി റീ നമ്പർ ചെയ്ത് 6-7-2017 തീയതി മുതൽ ക്രൈംബ്രാഞ്ച് വിഭാഗം അന്വേഷിച്ചുവരുന്നു. ടി കേസ് അന്വേഷണാവസ്ഥയിലാണ്.

(ബി) FIR പ്രകാരം ആറുപേരാണ് പ്രതികളായിട്ടുള്ളത്. പ്രതികൾ BJP-RSS പ്രവർത്തകരാണ്.

(സി) ആരേയും അറസ്റ്റുചെയ്തിട്ടില്ല. അന്വേഷണം ഊർജ്ജിതമായി നടന്നു വരുന്നു.

## പെരുവന്താനത്തെ അനധികൃത മരംമുറി സംബന്ധിച്ച പോലീസ് കേസ്സുകൾ

138(3432) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിലെ പെരുവന്താനം ഗ്രാമപഞ്ചായത്തുവക കരണിക്കാട് ഉള്ള മൂന്നേക്കറോളം വസ്തുവിലെ നൂറിൽപ്പരം മരങ്ങൾ അനധികൃതമായി മുറിച്ചുകൊണ്ടുപോയത് സംബന്ധിച്ച് ഏതെങ്കിലും കേസ്സുകൾ പെരുവന്താനം പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്തിട്ടുണ്ടോ; എങ്കിൽ കേസ് ആരുടെ പേരിലാണെന്നും ഇതിന്മേൽ സ്വീകരിച്ച നടപടി എന്തെന്നും വിശദമാക്കുമോ;

(ബി) ഇത് സംബന്ധിച്ച് പഞ്ചായത്ത് എന്തെങ്കിലും പരാതി നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ നല്കാമോ;

(സി) ബന്ധപ്പെട്ട പ്രതികളെ അറസ്റ്റ് ചെയ്ത് തൊണ്ടിമുതൽ കണ്ടെടുത്തിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ഡി) ഇപ്രകാരം മുറിച്ചെടുത്ത തടി എപ്രകാരം ഏത് വാഹനത്തിലാണ് കൊണ്ടുപോയതെന്നും ഈ വാഹനം ആരുടെ ഉടമസ്ഥതയിൽ ഉള്ളതാണെന്നും തടി കടത്തിക്കൊണ്ടുപോകാൻ കൂട്ടുനിന്നവർ ആരെല്ലാമെന്നും വിശദമാക്കുമോ?

ഉത്തരം

(എ) പെരുവന്താനം പോലീസ് സ്റ്റേഷനിൽ ക്രൈം 272/2017 U/s 379 IPC പ്രകാരം കേസ്സ് രജിസ്റ്റർചെയ്ത് അന്വേഷണം നടത്തിവരുന്നു. പ്രതികളെ ഇതുവരെ തിരിച്ചറിഞ്ഞിട്ടില്ല.

(ബി) പെരുവന്താനം പഞ്ചായത്ത് സെക്രട്ടറി പോലീസ് സ്റ്റേഷനിൽ ഹാജരായി മൊഴി നൽകിയതിന്റെ അടിസ്ഥാനത്തിലാണ് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളത്.

(സി&ഡി) പ്രതികളെ തിരിച്ചറിഞ്ഞിട്ടില്ലാത്തതിനാൽ അറസ്റ്റ് ചെയ്തിട്ടില്ലാത്തതും തൊണ്ടിമുതൽ കണ്ടെത്തിയിട്ടില്ലാത്തതുമാണ്. ഇതു സംബന്ധിച്ച അന്വേഷണം നടന്നുവരുന്നു.

**മുഖ്യവിവരാവകാശകമ്മീഷണറുടെ ഉത്തരവ്**

139(3433) ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് ആസ്ഥാനത്തെ റ്റി ബ്രാഞ്ചിൽ നിന്നുള്ളതടക്കം എല്ലാ രേഖകളും വിവരാവകാശ നിയമപ്രകാരം നൽകണമെന്ന മുഖ്യവിവരാവകാശ കമ്മീഷണറുടെ ഉത്തരവ് നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണമെന്തെന്ന് വ്യക്തമാക്കുമോ;

(ബി) പോലീസുദ്യോഗസ്ഥരുടെ സ്ഥാനക്കയറ്റം ഉൾപ്പെടെയുള്ള രേഖകൾ നൽകാതെ അപേക്ഷകൾ നിരസിക്കുന്നത് വിവരാവകാശ നിയമത്തിന്റെ അന്തഃസത്തയ്ക്ക് വിരുദ്ധമാണോ; എങ്കിൽ മുഖ്യവിവരാവകാശ കമ്മീഷണറുടെ ഉത്തരവ് നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) മുഖ്യവിവരാവകാശ കമ്മീഷണറുടെ ഉത്തരവ് നടപ്പിലാക്കിയിട്ടുണ്ട്.

(ബി) വിവരാവകാശ നിയമത്തിലെ വകുപ്പ് 8, 9, 24 എന്നിവ പ്രകാരം വിവരം നൽകുന്നതിൽനിന്നും ഒഴിവാക്കപ്പെട്ടിട്ടുള്ളവ ഒഴിച്ച് ലഭ്യവും അനുവദനീയവുമായ എല്ലാ വിവരം/രേഖകളും വിവരാവകാശ നിയമ പ്രകാരം അപേക്ഷകർക്ക് ലഭ്യമാക്കി വരുന്നു. ഇതുസംബന്ധിച്ച് മുഖ്യ വിവരാവകാശ കമ്മീഷണറുടെ ഉത്തരവ് നടപ്പിലാക്കിയിട്ടുണ്ട്.

**സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള അക്രമങ്ങൾ**

140 (3434) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള അക്രമങ്ങളും പീഡനങ്ങളും ഇല്ലായ്മ ചെയ്യുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കാമോ;

(ബി) സ്ത്രീകളെയും കുട്ടികളെയും ആക്രമിക്കുകയും പീഡിപ്പിക്കുകയും ചെയ്തു എന്ന പരാതിയിന്മേൽ 1-6-2016 മുതൽ 31-7-2017 വരെയുള്ള കാലയളവിൽ എത്ര കേസുകൾ രജിസ്റ്റർ ചെയ്യപ്പെട്ടു; വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷയ്ക്കായി വനിതാ സെല്ലും, 24 മണിക്കൂറും പ്രവർത്തിച്ചുവരുന്ന വനിതാ ഹെൽപ്പ്‌ലൈനും നിലവിലുണ്ട്. പൊതുസ്ഥലങ്ങളിൽ സ്ത്രീകൾക്കും കുട്ടികൾക്കും സുരക്ഷ ഉറപ്പാക്കുക, പൂവാലശല്യം ഒഴിവാക്കുക, സ്ത്രീകൾക്കും കുട്ടികൾക്കും ആവശ്യമായ അടിയന്തര സഹായം ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടുകൂടി പിങ്ക് ബീറ്റ്, പിങ്ക് പട്രോൾ, Woman Self Defence Training Programme എന്നിവ നടപ്പിലാക്കി വരുന്നു. പരിശീലന പരിപാടിയിൽ സ്കൂൾ/കോളേജ് വിദ്യാർത്ഥിനികൾ, വീട്ടമ്മമാർ, പലവിധ ഓഫീസിൽ നിന്നുള്ള സ്ത്രീകൾ, കുടുംബശ്രീ യൂണിറ്റ് മെമ്പർമാർ എന്നിവർക്ക് പരിശിലനം നൽകിവരുന്നു. കുടുംബശ്രീ, റെസിഡന്റ്സ് അസോസിയേഷനുകൾ, സ്കൂൾ, കോളേജ് എന്നീ തലങ്ങളിൽ ബോധവത്കരണ ക്ലാസ്സുകൾ നടത്തിവരുകയും ചെയ്യുന്നുണ്ട്.

റെയിൽവേ സ്റ്റേഷനുകളിലും പരിസരങ്ങളിലും എല്ലാ ട്രെയിനുകളിലും സ്ത്രീകളുടേയും കുട്ടികളുടേയും സുരക്ഷ ഉറപ്പാക്കുന്നതിനും പരാതികൾ പരിഹരിക്കുന്നതിനും കുറ്റകൃത്യങ്ങൾ തടയുന്നതിനും വനിതാ പോലീസ് ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥരെ ബീറ്റ് ഡ്യൂട്ടിക്കും, പട്രോളിംഗ് ഡ്യൂട്ടിക്കും നിയോഗിച്ചും, ട്രെയിനുകളിലെ വനിതാ കോച്ചുകളിൽ പ്രത്യേകം വനിതാ

പോലീസുകാരെ ഡ്യൂട്ടിക്കായി നിയോഗിച്ചും വനിതാ കോച്ചുകൾക്ക് സമീപമുള്ള മറ്റ് കോച്ചുകളിൽ പ്രത്യേക ഡ്യൂട്ടിക്കാരെ നിയോഗിച്ചും, റെയിൽവേ സ്റ്റേഷനുകളിൽ ട്രെയിനുകൾ എത്തിച്ചേരുമ്പോൾ കമ്പാർട്ട്മെന്റിന്റെ സമീപമെത്തി നിരീക്ഷിച്ചും നടപടികൾ സ്വീകരിച്ചു വരുന്നു.

പൊതുജനങ്ങളിൽനിന്നും 1515 എന്ന ടോൾഫ്രീ നമ്പർ വഴി കൺട്രോൾ റൂമിൽ പരാതി സ്വീകരിച്ച് പട്രോളിംഗ് വാഹനത്തിൽ ഘടിപ്പിച്ചിട്ടുള്ള ടാബ് വഴി വിവരം നൽകി സംഭവസ്ഥലത്ത് പട്രോളിംഗ് വാഹനം എത്തി, പൊതുജനങ്ങൾക്ക് പ്രത്യേകിച്ച് സ്ത്രീകൾക്കാവശ്യമായ സഹായം നൽകിയും, കൂടാതെ പട്രോളിംഗിനിടയിൽ സ്കൂളിൽ കയറാതെയും മറ്റും അലക്ഷ്യമായി നടക്കുന്ന കുട്ടികളുടെ രക്ഷിതാക്കളെ വിവരം അറിയിച്ചും, വഴിയിൽ അശരണരായി കിടക്കുന്ന സ്ത്രീകളെയും മറ്റും ആശുപത്രിയിൽ എത്തിച്ച് ആതുരസേവനം ലഭ്യമാക്കിയും ജനോപകാരപ്രദമായ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

(ബി) 1-6-2016 മുതൽ 31-7-217 വരെയുള്ള കാലയളവിൽ സ്ത്രീകൾക്കെതിരെ നടന്ന അതിക്രമങ്ങളും പീഡനങ്ങളുമായി ബന്ധപ്പെട്ട് 17031 കേസ്സുകളും, കുട്ടികൾക്കെതിരെ നടന്ന അതിക്രമങ്ങളും പീഡനങ്ങളുമായി ബന്ധപ്പെട്ട് 3818 കേസ്സുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്.

## ശ്രീപത്മനാഭ സ്വാമിക്ഷേത്രത്തിലെ നഷ്ടപ്പെട്ട രത്നങ്ങൾ

141(3435) ശ്രീ. കെ. മുരളീധരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിലെ അമൂല്യങ്ങളായ രത്നങ്ങൾ നഷ്ടപ്പെട്ടത് സംബന്ധിച്ച് സർക്കാർതല അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) ബഹു. സുപ്രീം കോടതി നിയോഗിച്ച വിദഗ്ധ സമിതിയുടെ കണക്കെടുപ്പും കെൽട്രോണിന്റെ മൂല്യനിർണ്ണയവും പൂർത്തീകരിച്ചതിന് ശേഷമാണോ രത്നങ്ങൾ നഷ്ടപ്പെട്ടത് എന്നുള്ള കാര്യം വ്യക്തമാക്കാമോ;

(സി) നഷ്ടപ്പെട്ട രത്നങ്ങളും സ്വർണ്ണാഭരണങ്ങളും വീണ്ടെടുക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ?

### ഉത്തരം

(എ) ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിലെ ശ്രീകോവിലിൽ പ്രധാന വിഗ്രഹത്തിൽ ചാർത്തിയിരുന്ന ആഭരണങ്ങളിലെ അമൂല്യങ്ങളായ രത്നങ്ങൾ നഷ്ടപ്പെട്ടത് സംബന്ധിച്ച് മുൻക്ഷേത്ര മാനേജർ ശ്രീ. ഡി. വേണുഗോപാൽ

നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ തിരുവനന്തപുരം സിറ്റിയിലെ ഫോർട്ട് പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 1990/2016 u/s 381 IPC പ്രകാരം രജിസ്റ്റർ ചെയ്ത കേസ് പോലീസ് ആസ്ഥാനത്തെ ഉത്തരവ് നമ്പർ.ഡി. 1/185774/2016 തീയതി 9-11-2016 പ്രകാരം സംസ്ഥാന ക്രൈംബ്രാഞ്ച് വിഭാഗത്തിന് കൈമാറിയിട്ടുണ്ട്. CBCID Crime No.155/സി.ആർ./എസ്.എ.റ്റി./2016 ആയി റീ-നമ്പർ ചെയ്ത് അന്വേഷണം നടത്തിവരുന്നു.

(ബി) ശ്രീ പത്മനാഭസ്വാമി ക്ഷേത്രത്തിലെ നിത്യോപയോഗത്തിലിരിക്കുന്ന ആഭരണങ്ങളിൽനിന്നും വൈരക്കല്ലുകളും സ്വർണ്ണ ആലിലകളും നഷ്ടപ്പെട്ടത് ഏത് കാലയളവിലാണെന്ന് അറിവായിട്ടില്ല.

(സി) അന്വേഷണം പൂർത്തിയായി മോഷണം സംബന്ധിച്ചും നഷ്ടപ്പെട്ട വസ്തുക്കൾ സംബന്ധിച്ചും വ്യക്തത വന്നതിനുശേഷം മാത്രമേ മറ്റ് നടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ.

**കാർഷിക കടബാധ്യതയെത്തുടർന്ന് ആത്മഹത്യകൾ**

142(T3436) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാർഷികകടബാധ്യതയെ തുടർന്ന് സംസ്ഥാനത്ത് എത്ര ആത്മഹത്യകൾ നടന്നിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ പാലക്കാട് ജില്ലയിൽ എത്ര ആത്മഹത്യകൾ നടന്നു;

(സി) ഇങ്ങനെ മരണപ്പെട്ടവരുടെ കുടുംബങ്ങൾക്ക് നൽകിയ ആനുകൂല്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ - സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കർഷക ആത്മഹത്യകൾ (ഫാം സൂയിസൈഡ്) റിപ്പോർട്ട് ചെയ്തിട്ടില്ല.

**അതിവേഗ വിജിലൻസ് കോടതികൾ**

143(T3437) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

അഴിമതിക്കേസുകൾ വേഗത്തിൽ തീർപ്പാക്കുന്നതിനായി സംസ്ഥാനത്തെ പ്രധാന സ്ഥലങ്ങളിൽ അതിവേഗ വിജിലൻസ് കോടതികൾ തുടങ്ങുവാൻ നടപടി സ്വീകരിക്കുമോ?

---

T മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

ഉത്തരം

തിരുവനന്തപുരം, കൊല്ലം, എറണാകുളം, മലപ്പുറം, കണ്ണൂർ എന്നിവിടങ്ങളിൽ അതിവേഗ വിജിലൻസ് കോടതികൾ തുടങ്ങുന്നതിനായി വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ സമർപ്പിച്ച നിർദ്ദേശം സർക്കാർ പരിശോധിച്ചു വരികയാണ്.

**അടാട്ട് സർവ്വീസ് സഹകരണ ബാങ്ക് ഭരണ സമിതിക്ക് എതിരെയുള്ള അന്വേഷണം**

144(3438) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂരിലെ അടാട്ട് ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്കിൽ നിലവിലുള്ള ഭരണസമിതിക്ക് എതിരായുള്ള വിജിലൻസ് അന്വേഷണം ഏത് ഘട്ടത്തിലാണ്;

(ബി) ഇത് സംബന്ധിച്ച് ഏതെങ്കിലും റിപ്പോർട്ട് വിജിലൻസ് സർക്കാരിലേയ്ക്ക് സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കുമോ?

ഉത്തരം

(എ) വിജിലൻസ് അന്വേഷണം (വി.3/2017 ടി.എസ്.ആർ) നടന്നുവരുന്നു.

(ബി) ഇല്ല.

**അഴിമതിരഹിത കേരളം**

145(3439) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴിമതിരഹിത കേരളം എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദാംശം ലഭ്യമാക്കാമോ;

(ബി) മുൻസർക്കാരിന്റെ കാലത്ത് നടന്ന അഴിമതികൾ വെളിച്ചത്ത് കൊണ്ടുവരുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ; എത്ര അന്വേഷണങ്ങൾ നടത്തിയെന്നും ആർക്കെതിരെയെല്ലാം കേസ് രജിസ്റ്റർ ചെയ്തുവെന്നുമുള്ള വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) സംസ്ഥാന സിവിൽ സർവ്വീസിലെ അഴിമതിയും കൈക്കൂലിയും അവസാനിപ്പിക്കുന്നതിനായി വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോയുടെ നേതൃത്വത്തിൽ പല പ്രകാരമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പരാതികളിന്മേൽ അന്വേഷണം, മിന്നൽ പരിശോധന, ത്വരിത പരിശോധന, വിജിലൻസ് അന്വേഷണം, ഓഫീസ് സന്ദർശനങ്ങൾ, ബോധവൽക്കരണ പരിപാടികൾ എന്നിവ നടത്തുന്നുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിവിധ വകുപ്പുകളിൽ 2011-2016 കാലയളവിലെ അഴിമതിയുമായി ബന്ധപ്പെട്ട് വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോയിൽ അന്വേഷണം നടത്തിയ വിജിലൻസ് അന്വേഷണം/വിജിലൻസ് കേസ് എന്നിവയുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

**വിജിലൻസ് അന്വേഷണം നേരിടുന്ന സഹകരണ ബാങ്ക് ഭരണസമിതികൾ**

146(3440) <u>ശ്രീ. അനിൽ അക്കര</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഏതെല്ലാം സഹകരണ ബാങ്ക് ഭരണ സമിതികൾക്കെതിരെ വിജിലൻസ് അന്വേഷണം നടക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്ത് അന്വേഷണം നേരിടുന്ന സംഘങ്ങൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ;

(സി) വിജിലൻസ് അന്വേഷണം നേരിടുന്ന സംഘങ്ങളിൽ ഭരണസമിതിയെ സസ്പെന്റ്ചെയ്ത് സർക്കാർ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയെ നിയോഗിച്ച് ഭരണം നടത്തുന്നവ ഏതെല്ലാമെന്ന് വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ & ബി) വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

(സി) വിവരം ശേഖരിച്ച് വരുന്നു.

**ബാർക്കോഴക്കേസിലെ രണ്ടാം തുടരന്വേഷണ നടപടികൾ**

147(3441) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാർക്കോഴക്കേസിന്റെ രണ്ടാം തുടരന്വേഷണ നടപടികൾ ഏതുവരെയായി എന്ന് വിശദമാക്കുമോ;

(ബി) ഇതിലെ കുറ്റാരോപിതർ ആരെല്ലാമെന്ന് പേര് സഹിതം വിശദമാക്കുമോ;

(സി) അന്വേഷണം എത്രയുംവേഗം പൂർത്തീകരിച്ച് നിയമനടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(എ) ബാർക്കോഴക്കേസിൽ (വി.സി.6/2014/എസ്.ഐ.യു-1) രണ്ടാം തുടരന്വേഷണത്തിന്റെ ഭാഗമായി സാക്ഷികളുടെ മൊഴി രേഖപ്പെടുത്തൽ, രേഖകൾ ശേഖരിക്കൽ, ശാസ്ത്രീയ പരിശോധനാ റിപ്പോർട്ടുകൾ അടക്കമുള്ള തെളിവുകളുടെ പരിശോധന തുടങ്ങിയ പ്രവൃത്തികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

(ബി) വി.സി.6/2014/എസ്.ഐ.യു-1 കേസിൽ 1988-ലെ അഴിമതി നിരോധന നിയമത്തിലെ 7, 13 (1) (ഡി) പ്രകാരം പ്രഥമ വിവര റിപ്പോർട്ടിൽ മുൻ സർക്കാരിലെ ധനകാര്യമന്ത്രി ശ്രീ. കെ. എം. മാണിയാണ് കുറ്റാരോപിതനായി ഉൾപ്പെട്ടിട്ടുള്ളത്.

(സി) ടി കേസിലേയ്ക്കുള്ള എല്ലാ വസ്തുതകളും വിശദമായും വ്യക്തമായും പരിശോധിച്ച് എത്രയും പെട്ടന്ന് അന്വേഷണം പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**മുൻമന്ത്രിമാർക്കെതിരെയുള്ള അഴിമതി കേസുകൾ**

148(3442) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

മുൻസർക്കാരിന്റെ ഭരണ കാലത്ത് മുഖ്യമന്ത്രി, ധനകാര്യ , എക്സൈസ് വകുപ്പ് മന്ത്രിമാർ എന്നിവരുടെ പേരിൽ ഉന്നയിക്കപ്പെട്ട അഴിമതി ആരോപണങ്ങളുടെ അടിസ്ഥാനത്തിൽ രജിസ്റ്റർ ചെയ്ത കേസുകളിൽ ഈ സർക്കാർ സ്വീകരിച്ച തുടർ നടപടികൾ എന്തെല്ലാമെന്ന് വിശദീകരിക്കാമോ?

<u>ഉത്തരം</u>

മുൻസർക്കാരിന്റെ ഭരണകാലത്ത് അന്നത്തെ മുഖ്യമന്ത്രി, ധനകാര്യ, എക്സൈസ് വകുപ്പുമന്ത്രിമാർ എന്നിവരുടെ പേരിൽ ഉന്നയിക്കപ്പെട്ട അഴിമതി ആരോപണങ്ങളുടെ അടിസ്ഥാനത്തിൽ രജിസ്റ്റർചെയ്ത കേസുകളുടേയും അവയിൽ സ്വീകരിച്ചു വരുന്ന നടപടികളുടേയും വിവരം അനുബന്ധമായി ചേർക്കുന്നു.*

**മലപ്പുറം കൊണ്ടോട്ടിയിൽ പുതിയ കോടതി ആരംഭിക്കുന്നതിന് നടപടി**

149(T 3443) <u>ശ്രീ. ടി. വി. ഇബ്രാഹിം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ കോടതികൾ ആരംഭിക്കുന്നതിനുള്ള ഏതെങ്കിലും തരത്തിലുള്ള ശിപാർശകളോ റിപ്പോർട്ടുകളോ പരിഗണനയിലുണ്ടോ എന്നറിയിക്കുമോ;

(ബി) പുതിയ കോടതികൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ: എങ്കിൽ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

T മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

ഏതെല്ലാം കോടതികൾ എവിടെയെല്ലാം ആരംഭിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ;

(സി) മലപ്പുറം ജില്ലയിലെ കൊണ്ടോട്ടിയിൽ ഏതെങ്കിലും കോടതി ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ;

(ഡി) ഇതുമായി ബന്ധപ്പെട്ട റിപ്പോർട്ടുകൾ എന്തെങ്കിലും ലഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ & ബി) സർക്കാർ ഉത്തരവ് (കൈ) നമ്പർ 79/2016/ആഭ്യന്തരം തീയതി 2-3-2016 പ്രകാരം കോടതി രൂപീകരണത്തിനായി മുൻഗണനാ ലിസ്റ്റ് നിലവിലുണ്ട്. അത് പ്രകാരം മൂന്ന് വിഭാഗങ്ങളിലായി 68 കോടതികൾ വിവിധ സ്ഥലങ്ങളിൽ സ്ഥാപിക്കുന്നതിനായി തരംതിരിച്ചിട്ടുണ്ട്. (ഉത്തരവിന്റെ പകർപ്പ് അനുബന്ധം ചെയ്യുന്നു).+ മുൻഗണന അനുസരിച്ചുമാത്രമേ കോടതികൾ രൂപീകരിക്കാൻ സാധിക്കുകയുള്ളൂ. നിലവിൽ മുൻസിഫ് മജിസ്ട്രേറ്റ് കോടതി രൂപീകരണ വിഭാഗത്തിലെ ഒന്നാം സ്ഥാനത്തുള്ള അട്ടപ്പാടി മുൻസിഫ് മജിസ്ട്രേറ്റ് കോടതി രൂപീകരണ വിഭാഗത്തിലെ ഒന്നാം സ്ഥാനത്തുള്ള അട്ടപ്പാടി മുൻസിഫ് മജിസ്ട്രേറ്റ് കോടതി രൂപീകരിക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരികയാണ്.

(സി & ഡി) കോടതി രൂപീകരണ മുൻഗണനാലിസ്റ്റിൽ 45-ാം മതായി കൊണ്ടോട്ടിയിലെ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റ് കോടതി ഉൾപ്പെട്ടിട്ടുണ്ട്.

**നെയ്യാറ്റിൻകരയിൽ ആരംഭിക്കുന്ന കുടുംബകോടതി**

150(3444) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകരയിൽ കുടുംബകോടതി ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വിശദീകരിക്കാമോ ;

(ബി) നെയ്യാറ്റിൻകരയിൽ ആരംഭിക്കുന്ന കുടുംബ കോടതിയിൽ എത്ര തസ്തികകൾ സൃഷ്ടിച്ചു എന്ന് വ്യക്തമാക്കാമോ;

(സി) കുടുംബ കോടതിക്കായി പഴയ പോലീസ് സ്റ്റേഷൻ നിലനിന്നിരുന്ന സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് ജില്ലാ കളക്ടർക്ക് നൽകിയ കത്തിന്റെ മറുപടി ലഭിച്ചിട്ടുണ്ടോ ;

(ഡി) നെയ്യാറ്റിൻകര കുടുംബ കോടതി 2017-ൽ ആരംഭിക്കാൻ കഴിയുമോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

---

\+ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(എ&ബി) 30 തസ്തികകൾ സൃഷ്ടിച്ചുകൊണ്ട് നെയ്യാറ്റിൻകരയിൽ കുടുംബകോടതി അനുവദിക്കണമെന്ന് ഹൈക്കോടതി രജിസ്ട്രാർ 29-9-2015-ൽ സർക്കാരിൽ ശിപാർശ സമർപ്പിച്ചിരുന്നു. ഇക്കാര്യം ധനകാര്യ വകുപ്പുമായി കൂടിയാലോചിക്കുകയും കുടുംബകോടതിക്ക് ആവശ്യമായ സ്ഥലം, കെട്ടിടം, മറ്റടിസ്ഥാന സൗകര്യങ്ങൾ എന്നിവയുടെ വിവരങ്ങൾ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടു. നെയ്യാറ്റിൻകര പോലീസ് സർക്കിൾ ഇൻസ്പെക്ടറുടെ പഴയ ഓഫീസ് കെട്ടിടം ഒഴിഞ്ഞുകിടക്കുകയാണെന്നും ഈ കെട്ടിടം കോടതി പ്രവർത്തിക്കുവാൻ അനുയോജ്യമാണെന്നും കൂടാതെ ഇതിനോട് ചേർന്നുകിടക്കുന്ന വനിതാ പോലീസിന്റെ സെൽ മറ്റൊരു കെട്ടിടത്തിലേയ്ക്ക് മാറ്റുകയും ഈ കെട്ടിടം ജുഡീഷ്യൽ ഡിപ്പാർട്ട്മെന്റിന് കൈമാറുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും ഹൈക്കോടതി രജിസ്ട്രാർ അറിയിച്ചിരുന്നു. തിരുവനന്തപുരം റൂറൽ എ.ആർ. ക്യാപിന്റെ രണ്ട് സേനാവിഭാഗം ഇപ്പോൾ നെയ്യാറ്റിൻകര പോലീസ് സർക്കിൾ ഇൻസ്പെക്ടറുടെ പഴയ ഓഫീസ് കെട്ടിടത്തിൽ പ്രവർത്തിക്കുന്നതിനാൽ കെട്ടിടം കുടുംബകോടതിക്കായി വിട്ടു നല്കുവാൻ സാധിക്കുകയില്ലെന്ന് സംസ്ഥാന പോലീസ് മേധാവി റിപ്പോർട്ട് നല്കി. ഇക്കാര്യം ഹൈക്കോടതി രജിസ്ട്രാറെ അറിയിക്കുകയും മറ്റൊരു കെട്ടിടം കണ്ടെത്തി നല്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്.

(സി) ജില്ലാ കളക്ടർക്ക് സർക്കാരിൽനിന്നും കത്ത് നല്കിയിട്ടില്ല.

(ഡി) ധനകാര്യ വകുപ്പ് ആവശ്യപ്പെട്ട സ്ഥലം, കെട്ടിടം, മറ്റടിസ്ഥാന സൗകര്യങ്ങൾ എന്നിവയുടെ വിവരങ്ങൾ ലഭ്യമാകുന്നമുറയ്ക്ക് അക്കാര്യം ആ വകുപ്പിനെ അറിയിക്കുകയും കുടുംബകോടതി അനുവദിക്കുന്നതിന് അനുമതി നല്കുകയും വേണം.

## സ്ത്രീപീഡനകേസുകൾക്കായി അതിവേഗ കോടതികൾ

151(3445) <u>ശ്രീ. മുല്ലക്കര രത്നാകരൻ</u> : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് സ്ത്രീപീഡനകേസ്സുകൾ താമസംവിനാ വിചാരണ ചെയ്ത് കുറ്റവാളികളെ ശിക്ഷിക്കുന്നതിനുവേണ്ടി അതിവേഗകോടതികൾ ആരംഭിക്കുന്ന കാര്യം സർക്കാർ പരിഗണനയിലുണ്ടോ; എത്ര സ്ത്രീപീഡനകേസ്സുകൾ വിചാരണ കാത്ത് വിവിധ കോടതികളിൽ നിലവിലുണ്ട് എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

സംസ്ഥാനത്തെ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ 3 ജില്ലകളിലെ ഒരു അഡീഷണൽ ജില്ലാ സെഷൻസ് കോടതി സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള അതിക്രമങ്ങൾ വിചാരണ ചെയ്യുന്നുണ്ട്. 30-6-2017 വരെയുള്ള കണക്കനുസരിച്ച് 26375 കേസുകൾ തീർപ്പാക്കാനുണ്ട്. അതിവേഗ കോടതികൾ പുതുതായി ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

## ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷനുകളുടെ ചാർജ്ജ് നൽകുന്നതിലെ

**ആശയക്കുഴപ്പം പരിഹരിക്കുന്നതിന് നടപടി**

152(3446) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷനുകളുടെ ചുമതലയുള്ള മേധാവികളുടെ അഭാവത്തിൽ ചാർജ്ജ് നൽകുന്നതു സംബന്ധിച്ചുള്ള ആശയക്കുഴപ്പം പരിഹരിക്കുന്നതിന് ഡയറക്ടർ ജനറലിന്റെ 7-6-2017 ലെ E2-17210/16- ാം നമ്പർ കത്തിൻമേൽ 4/2017- ാം നമ്പർ സ്റ്റാൻഡിംഗ് ഓർഡർ പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത സ്റ്റാൻഡിംഗ് ഓർഡർ എല്ലാ ഫയർ സ്റ്റേഷനുകളിലും എത്തിയിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ പ്രസ്തുത സ്റ്റാൻഡിംഗ് ഓർഡറിന്റെ പകർപ്പ് എല്ലാ സ്റ്റേഷനുകളിലും എത്തിച്ചുകൊടുക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി & സി) എല്ലാ നിലയങ്ങളിലും ടി സ്റ്റാൻഡിംഗ് ഓർഡർ ലഭ്യമാക്കിയിട്ടുണ്ട്.

**അരൂർ ഫയർ സ്റ്റേഷന് കെട്ടിടം**

153(3447) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 വർഷത്തെ ബജറ്റിൽ പ്രഖ്യാപിച്ച അരൂർ ഫയർ സ്റ്റേഷന്റെ കെട്ടിടനിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) നിർദ്ദിഷ്ട ഫയർ സ്റ്റേഷൻ കെട്ടിടം നിർമ്മിക്കുന്നതിന് തയ്യാറാക്കി വരുന്ന വിശദമായ എസ്റ്റിമേറ്റിന് ഭരണാനുമതി ലഭ്യമാക്കുമോ എന്ന് വിശദമാക്കാമോ?

ഉത്തരം

(എ&ബി) അരൂർ ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ കെട്ടിട നിർമ്മാണത്തിനായി വകുപ്പിന് കൈമാറി ലഭിച്ച സ്ഥലം വകുപ്പ് ഏറ്റെടുക്കുകയും പ്രസ്തുത സ്ഥലത്ത് സ്ഥിതിചെയ്യുന്ന വളരെ കാലപ്പഴക്കം ചെന്നതും ജീർണ്ണാവസ്ഥയിലുള്ളതുമായ പോലീസ് സ്റ്റേഷൻ കെട്ടിടം പൊളിച്ചുമാറ്റുകയും

ചെയ്തു. നിർദ്ദിഷ്ട സ്ഥലത്ത് മണ്ണ് പരിശോധന നടത്തിയിട്ടുണ്ടെങ്കിലും റിപ്പോർട്ട് ലഭിച്ചിട്ടില്ല. റിപ്പോർട്ട് ലഭ്യമായതിനുശേഷം പൊതുമരാമത്ത് വകുപ്പ് അധികാരികൾ നിർദ്ദിഷ്ട പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കി ലഭ്യമാക്കുന്ന മുറയ്ക്ക് ഫയർ സ്റ്റേഷൻ കെട്ടിട നിർമ്മാണത്തിന് ഭരണാനുമതി നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്.

**എരുമേലി ഫയർ സ്റ്റേഷൻ**

154(3448) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല മകര മണ്ഡല പൂജക്കാലത്ത് എരുമേലി ഫയർ സ്റ്റേഷൻ താല്ക്കാലികമായി പ്രവർത്തിക്കുന്ന ദേവസ്വം ബോർഡുവക സ്ഥലം, സ്ഥിരം ഫയർ സ്റ്റേഷനായി വിട്ടു നൽകുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ;

(ബി) 2016-17 -ലെ എം.എൽ.എ. ആസ്തി വികസന ഫണ്ടിൽനിന്നും 40 ലക്ഷം രൂപ പുതിയ എരുമേലി ഫയർ സ്റ്റേഷൻ നിർമ്മാണത്തിന് നൽകുവാൻ ധനകാര്യ വകുപ്പിൽ കത്ത് നൽകിയ പ്രകാരം ഈ സ്ഥലം എത്രയും വേഗം ദേവസ്വം വകുപ്പിൽനിന്നും വിട്ടുനൽകുവാൻ ബഹു. മുഖ്യമന്ത്രി ഇടപെട്ട് അനുകൂല നടപടി സ്വീകരിക്കുമോ;

(സി) ഫയർ & റെസ്ക്യു ഡയറക്ടർ ജനറൽ ഇതിലേയ്ക്കായി എന്തെങ്കിലും റിപ്പോർട്ട് / കത്ത് ദേവസ്വത്തിന് നൽകിയിട്ടുണ്ടോ; എങ്കിൽ ഇതിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ഉത്തരം

(എ & ബി) ദേവസ്വംവക സ്ഥലം ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ പ്രവർത്തിക്കുന്നതിന് അനുയോജ്യമായതിനാലും എരുമേലിയിൽ ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ ആരംഭിക്കേണ്ടതിന്റെ അടിയന്തര പ്രാധാന്യം കണക്കിലെടുത്ത് പ്രസ്തുത സ്ഥലം വകുപ്പിന് ലഭ്യമാക്കുന്നതിന് റവന്യൂ ദേവസ്വം വകുപ്പുമായി ചേർന്ന് നടപടി സ്വീകരിച്ചുവരുന്നു.

(സി) ഫയർ ആന്റ് റെസ്ക്യൂ ഡയറക്ടർ ജനറൽ കത്ത് നൽകിയിട്ടില്ല. കോട്ടയം ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ് അസിസ്റ്റന്റ് ഡിവിഷണൽ ഓഫീസർ തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡന്റിന് കത്ത് നൽകിയിട്ടുണ്ട്. ആയതിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ഹരിപ്പാട് നിയോജകമണ്ഡലത്തിലെ ഫയർ സ്റ്റേഷൻ

155(3449) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് നിയോജകമണ്ഡലത്തിലെ ഫയർ സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടി ഏത് ഘട്ടത്തിലാണ്എന്നറിയിക്കാമോ ;

(ബി) പ്രസ്തുത ഫയർ സ്റ്റേഷന് വേണ്ടിയുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ;

(സി) ഫയർ ഫോഴ്സ് യൂണിറ്റുകൾക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് ബജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടോ?

### ഉത്തരം

(എ & ബി) ഹരിപ്പാട് ഫയർ സ്റ്റേഷൻ കെട്ടിടം നിർമ്മിക്കുന്നതിനു വേണ്ടിയുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള പ്രൊപ്പോസൽ ആലപ്പുഴ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗത്തിന് നൽകിയിട്ടുണ്ട്.

(സി) സംസ്ഥാനത്തെ വിവിധ ഫയർസ്റ്റേഷനുകളുടെ നിർമ്മാണത്തിനും പൂർത്തീകരണത്തിനുമായി 2017-18 വർഷത്തെ ബജറ്റിൽ 5 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ ബജറ്റ് സ്പീച്ചിൽ പ്രഖ്യാപിച്ച പുതിയ ഫയർസ്റ്റേഷനുകളുടെ നിർമ്മാണത്തിന് ന്യൂ സർവ്വീസ് നടപടിക്രമം പാലിക്കുന്നതിനായി 2017-18-ലെ ആദ്യ ഉപധനാഭ്യർത്ഥനയിൽ ടോക്കൺ വിഹിതവും വകയിരുത്തിയിട്ടുണ്ട്.

## കാസർഗോഡ് ബദിയഡുക്കയിൽ അഗ്നിശമനസേനാ യൂണിറ്റ് തുടങ്ങാൻ നടപടി

156(3450) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് അഗ്നിശമനസേനാ ഡിവിഷൻ പരിധിയിൽ ഏറ്റവും കൂടുതൽ അപായങ്ങൾ ഉണ്ടാകുന്നത് ഏത് യൂണിറ്റിലാണെന്ന് വ്യക്തമാക്കാമോ;

(ബി) കഴിഞ്ഞ ഒരു വർഷത്തിനിടയിൽ എത്ര അപായ വിളികളാണ് കാസർഗോഡ് അഗ്നിശമനസേനാ യൂണിറ്റിൽ എത്തിയതെന്നും ഏതെല്ലാം കാര്യങ്ങൾക്കായിരുന്നു ഈ വിളികളെന്നും വ്യക്തമാക്കാമോ;

(സി) കാസർഗോഡ് അഗ്നിശമനസേനയ്ക്ക് രക്ഷാപ്രവർത്തനത്തിന് എത്ര കിലോമീറ്റർ ദൂരംവരെ സഞ്ചരിക്കേണ്ടിവരുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) കാസർഗോഡ് യൂണിറ്റിൽ എത്ര തസ്തികകളാണ് ഉള്ളതെന്നും ഇതിൽ ഏതെല്ലാം തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നുണ്ടെന്നും വ്യക്തമാക്കാമോ;

(ഇ) ബദിയടുക്കയിൽ അഗ്നിശമന സേനാ യൂണിറ്റ് തുടങ്ങുന്നതിനുവേണ്ടി സ്ഥലം അനുവദിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; എങ്കിൽ ഇതുസംബന്ധിച്ച തുടർനടപടികൾ ഏതുഘട്ടംവരെയായെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കാസർഗോഡ്.

(ബി) 15-8-2016 മുതൽ 15-8.2017 വരെ കാസർഗോഡ് നിലയത്തിൽ നിന്നും ആകെ 550 അപായ വിളികൾ (ഫയർകാൾ 362, ഇൻസിഡന്റ് കാൾ 188) അറ്റൻഡ് ചെയ്തിട്ടുണ്ട്. വിവിധതരം തീപിടുത്തങ്ങൾ, ജലാശയങ്ങളിലെ അപകടങ്ങൾ (കിണർ, കുളം, പുഴ, കടൽ എന്നിവയിൽ മനുഷ്യർ, വളർത്തുമൃഗങ്ങൾ അകപ്പെടുന്നത്) റോഡപകടങ്ങൾ, പാചകവാതക ചോർച്ചയും തീപിടുത്തവും, മരം വീണ് ഉണ്ടാകുന്ന അപകടങ്ങൾ മുതലായവയുമായി ബന്ധപ്പെട്ട വിളികളാണ് നിലയത്തിൽ എത്തുന്നത്.

(സി&ഡി) 50 കിലോമീറ്റർ വരെ സഞ്ചരിക്കേണ്ടി വരാറുണ്ട്. കാസർഗോഡ് നിലയത്തിൽ ആകെ 47 തസ്തികകളാണുള്ളത്:

| തസ്തികയുടെ പേര് | നിലവിലുള്ള തസ്തികകളുടെ എണ്ണം | ഒഴിഞ്ഞു കിടക്കുന്ന തസ്തികകളുടെ എണ്ണം |
|---|---|---|
| സ്റ്റേഷൻ ആഫീസർ | 1 | - |
| അസിസ്റ്റന്റ് സ്റ്റേഷൻ ഓഫീസർ | 1 | - |
| ഡ്രൈവർ മെക്കാനിക്ക് | 1 | 1 |
| ലീഡിംഗ് ഫയർമാൻ | 4 | - |
| ഫയർമാൻ ഡ്രൈവർ | 11 | 7 |
| ഫയർമാൻ | 28 | 4 |
| പാർട്ട്-ടൈം സ്വീപ്പർ | 1 | - |
| ആകെ | 47 | 12 |

(ഇ) ബദിയടുക്കയിൽ ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിനായി ബേള വില്ലേജിലെ നീർച്ചാൽ എന്ന സ്ഥലത്ത് റീ സർവ്വേ നമ്പർ 348-ൽ 2 ഏക്കർ റവന്യൂ വകുപ്പ് ഫയർ & റെസ്ക്യൂ വകുപ്പിന് കൈമാറാൻ കാസർഗോഡ് ജില്ലാ കളക്ടറോട് നിർദ്ദേശിച്ചിട്ടുള്ളതും ജില്ലാ കളക്ടറുടെ നിർദ്ദേശത്തെ തുടർന്ന് ഭൂമി കൈമാറ്റത്തിനുള്ള റിക്വസിഷൻ ഫോം ലഭ്യമാക്കിയിട്ടുള്ളതും ഈ സ്ഥലത്തിന്റെ അനുയോജ്യത വകുപ്പുതലത്തിൽ പരിശോധിച്ചുവരുകയും ചെയ്യുന്നു.

**കോതമംഗലത്ത് ഫയർ ഫോഴ്സിന് ചെറിയ ടാങ്കർ വാഹനം**

157(3451) <u>ശ്രീ. ആന്റണി ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനമേഖലയിലൂടെയും ദുർഘടംപിടിച്ച വഴികളിലൂടെയും യാത്ര ചെയ്യേണ്ടതായ സാഹചര്യമുള്ളതിനാൽ കോതമംഗലത്ത് ഫയർ ഫോഴ്സിന് ചെറിയ ടാങ്കർ വാഹനം അനുവദിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ;

(ബി) കുട്ടമ്പുഴ പഞ്ചായത്തിലെ വനമേഖലയിലെ ദുർഘടം പിടിച്ച വഴിയിലൂടെ ഫയർ ഫോഴ്സിന്റെ വലിയ ടാങ്കർ ലോറി പോകുന്നതിന് ബുദ്ധിമുട്ടുള്ളതിനാൽ, പുതിയ വാഹനം വാങ്ങുന്ന കാലതാമസം ഒഴിവാക്കി നിലവിൽ ഫയർ ഫോഴ്സിനുള്ള ചെറിയ ടാങ്കർ ലോറികളിൽ ഒന്ന് കോതമംഗലം ഫയർ ഫോഴ്സ് സ്റ്റേഷനിലേക്ക് അനുവദിക്കുമോ?

<u>ഉത്തരം</u>

(എ) കോതമംഗലം ഫയർ & റെസ്ക്യൂ സ്റ്റേഷനിൽ ലഭിക്കുന്ന കാളുകൾ അറ്റന്റ് ചെയ്യുന്നതിന്, വനമേഖലയിലൂടെയും ദുർഘടംപിടിച്ച വഴികളിലൂടെയും സഞ്ചരിക്കുന്നതിന് പര്യാപ്തമായ ചെറിയ ടാങ്കർ വാഹനം വകുപ്പിൽ ആവശ്യത്തിന് ലഭ്യമാകുന്നമുറയ്ക്ക് കോതമംഗലം നിലയത്തിന് അനുവദിക്കുന്ന കാര്യവും പരിഗണിക്കുന്നതാണ്

(ബി) പരിശോധിക്കാവുന്നതാണ്.

**കുറ്റിക്കോൽ ഫയർ സ്റ്റേഷൻ**

158(3452) <u>ശ്രീ. കെ. കുഞ്ഞിരാമൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ കുറ്റിക്കോൽ ഫയർ സ്റ്റേഷൻ എന്നാണ് പ്രവർത്തനം ആരംഭിച്ചിട്ടുള്ളത്; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) മലയോര മേഖലയിലുള്ള ഈ സ്ഥാപനത്തിൽ ആവശ്യത്തിന് ഉപകരണങ്ങളും വാഹനങ്ങളും ഇല്ലാതെ ബുദ്ധിമുട്ടുന്ന സ്ഥിതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ജില്ലയിലെ മലയോര മേഖലയിലെ സ്ഥാപനം എന്ന പരിഗണന നൽകി ആവശ്യത്തിന് സുരക്ഷാ ഉപകരണങ്ങൾ നൽകുന്ന കാര്യം പരിഗണിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ) കാസർഗോഡ് ജില്ലയിലെ കുറ്റിക്കോൽ നിലയം 30-1-2011-ന് സ്വന്തം കെട്ടിടത്തിൽ തുറന്ന് പ്രവർത്തനമാരംഭിച്ചു.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) കുറ്റിക്കോൽ നിലയത്തിൽ വാട്ടർ ടെണ്ടർ-2 എണ്ണം, ജീപ്പ്-1 എണ്ണം എന്നീ വാഹനങ്ങളും ആസ്കാ ലൈറ്റ്, ഫ്ളോട്ട് പമ്പ്, ചെയിൻ സോ എന്നീ ഉപകരണങ്ങളും നിലവിലുണ്ട്. പദ്ധതി വിഹിതം ഉപയോഗിച്ച് മതിയായ സുരക്ഷാ ഉപകരണങ്ങളും വാഹനങ്ങളും ലഭ്യമാകുന്നമുറയ്ക്ക് കുറ്റിക്കോൽ നിലയത്തിന് കൂടുതൽ സുരക്ഷാ ഉപകരണങ്ങൾ അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

**വയനാട് ജില്ലാ ജയിലിന്റെ വികസനം**

159(3453) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലാ ജയിൽ വികസിപ്പിക്കുന്ന കാര്യം സർക്കാർ പരിഗണിക്കുന്നുണ്ടോ;

(ബി) വയനാട് ജില്ലയിലെ നിലവിലുള്ള ജയിലുകളുടെ നവീകരണത്തിന് എന്തെങ്കിലും പദ്ധതികൾ സർക്കാരിന്റെ പരിഗണനയിലുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ) വയനാട് ജില്ലയിൽ വൈത്തിരിയിലും (സ്പെഷ്യൽ സബ് ജയിൽ), മാനന്തവാടി (ജില്ലാ ജയിൽ)-യിലുമായി രണ്ട് ജയിലുകൾ നിലവിൽ പ്രവർത്തിച്ചുവരുന്നു. പ്രസ്തുത ജയിലുകൾ വികസിപ്പിക്കുന്ന കാര്യം സർക്കാർ പരിഗണനയിലില്ല.

(ബി) ഉണ്ട്. 2017-18 സാമ്പത്തിക വർഷത്തെ ജയിലുകളുടെ നവീകരണം വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി തുക (2 കോടി രൂപ) അനുവദിച്ചിട്ടുണ്ട്. നിർമ്മാണ പ്രവൃത്തികൾ സംബന്ധമായ തുടർനടപടികൾ സ്വീകരിക്കുന്നതിന് പൊതുമരാമത്ത് വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

**ജയിൽ പരിഷ്കരണ കമ്മീഷൻ**

160(3454) ശ്രീ. കെ. മുരളീധരൻ:
ശ്രീ. അടൂർ പ്രകാശ്:
ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡോ. അലക്സാണ്ടർ ജേക്കബ് അദ്ധ്യക്ഷനായ ജയിൽ പരിഷ്കരണ കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; ഏങ്കിൽ എന്തൊക്കയാണ് പ്രധാന ശിപാർശകളെന്ന് അറിയിക്കുമോ;

(ബി) തടവുകാരുടെ ബാഹുല്യം കാരണം മൂന്ന് പുതിയ സെൻട്രൽ ജയിലുകൾ കൂടി ആരംഭിക്കണമെന്ന് കമ്മീഷൻ ശിപാർശ ചെയ്തിട്ടുണ്ടോ;

(സി) കമ്മീഷന്റെ ശിപാർശകൾ എന്നത്തേയ്ക്ക് നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

ജയിൽ പരിഷ്കരണ കമ്മീഷൻ നൽകിയ പ്രധാന നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു:-

1. 1983-ലെ എ.എം. മുള്ള കമ്മീഷനിൽ പ്രതിപാദിച്ചിട്ടുള്ള കാര്യങ്ങളിൽ നടപ്പിലാക്കാൻ ബാക്കി നിൽക്കുന്നവ വരുംവർഷങ്ങളിൽ നടപ്പിലാക്കാൻ ശ്രമിക്കേണ്ടതാണ്.
2. 1986-ലെ മോഡൽ പ്രിസൺ മാനുവലിലെ നടപ്പാക്കാനുള്ള ഭാഗങ്ങൾ കേരള നിയമസഭ ഭേദഗതി വരുത്തി കേരള പ്രിസൺ നിയമത്തിലോ ചട്ടത്തിലോ ഉൾപ്പെടുത്തേണ്ടതാണ്.
3. 1992-ലെ ജസ്റ്റിസ് ഉദയഭാനു കമ്മീഷൻ റിപ്പോർട്ടിലെ നിർദ്ദേശങ്ങളിൽ നടപ്പാക്കാൻ ബാക്കിയുള്ളത് വരും വർഷങ്ങൾ കൊണ്ട് നടപ്പാക്കേണ്ടതാണ്.
4. സർക്കാരിന്റെ സാമ്പത്തികസ്ഥിതി മെച്ചപ്പെടുത്തുവാനായി ജയിൽ വകുപ്പിൽ നടപ്പാക്കാവുന്ന കാര്യങ്ങൾ (ഭക്ഷണ പദാർത്ഥങ്ങളുടെ നിർമ്മാണം, വെട്ടുകല്ല് നിർമ്മാണം, ഔഷധസസ്യം വളർത്തൽ, മിനറൽ വാട്ടർ പദ്ധതി തുടങ്ങിയവ) പരമാവധി നടപ്പാക്കി വകുപ്പിന്റെ വരുമാനം 10 കോടിരൂപയെങ്കിലും വർദ്ധിപ്പിക്കാൻ ശ്രമിക്കേണ്ടതാണ്.

5. അധിക ചെലവില്ലാതെ വകുപ്പിൽ നടപ്പാക്കാൻ പറ്റുന്ന കാര്യങ്ങൾ പരമാവധി നടപ്പാക്കാൻ ശ്രമിക്കേണ്ടതാണ്.

6. അധിക ചെലവോടുകൂടി നടപ്പാക്കണം എന്ന് ജയിൽ ജീവനക്കാർ ആവശ്യപ്പെടുന്ന കാര്യങ്ങൾ സാധ്യതാപഠനവും സാമ്പത്തിക വിശകലനവും നടത്തി നടപ്പാക്കാൻ അനുയോജ്യമായവ നടപ്പാക്കുന്നതിന് പരമാവധി ശ്രമിക്കേണ്ടതാണ്.

7. ജയിൽ വകുപ്പിൽ നിലവിൽ 3 റേഞ്ചുകൾ മാത്രമുള്ളതിനാൽ പ്രായോഗിക ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നത് ഒഴിവാക്കുന്നതിലേയ്ക്കായി വകുപ്പിനെ 4 റേഞ്ചുകളിലായി പരിവർത്തനം ചെയ്യേണ്ടതാണ്.

8. കേരളത്തിൽ നിലവിലുള്ള 3 സെൻട്രൽ ജയിലുകൾക്കുപരിയായി കോഴിക്കോട്, എറണാകുളം, മുട്ടം എന്നീ സ്ഥലങ്ങളിൽക്കൂടി സെൻട്രൽ ജയിലുകൾ സ്ഥാപിച്ചെടുക്കേണ്ടതാണ്.

9. എല്ലാ ജില്ലകളിലും ജില്ലാ ജയിലുകൾ സ്ഥാപിക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

10. നിർദ്ദേശിക്കപ്പെട്ടിട്ടുള്ള 4 റേഞ്ചുകളിൽ 2 റേഞ്ചുകളിൽ മാത്രമേ തുറന്ന ജയിൽ നിലവിലുള്ളൂ. ആയതിനാൽ 2 റേഞ്ചുകളിൽക്കൂടി തുറന്ന ജയിൽ ഉണ്ടാക്കേണ്ടതാണ്.

11. അതീവ സുരക്ഷാ ജയിൽ ബാക്കി നിർമ്മാണം പൂർത്തിയാക്കി ടി ജയിലിലേയ്ക്ക് മാറ്റിപാർപ്പിക്കേണ്ട തടവുകാരെ ഉടനടി മാറ്റി പ്രവർത്തനം ആരംഭിക്കേണ്ടതാണ്.

12. ഓരോ പോലീസ് സബ് ഡിവിഷനുകളിലും ഒരു ജയിലെങ്കിലും ഉണ്ടാകേണ്ടതാണ്.

(ബി) ഉണ്ട്.

(സി) കമ്മീഷന്റെ ശിപാർശകൾ സർക്കാർ പരിശോധിച്ചുവരുന്നു.

## കുറ്റ്യാടി മണ്ഡലത്തിലെ കുന്നുമ്മൽ സബ് ജയിൽ ആരംഭിക്കാൻ നടപടി

161(3455) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലപ്പഴക്കംകൊണ്ട് ജീർണ്ണിച്ച വടകര സബ് ജയിലിന്റെ ശോച്യാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കാസർകോഡ് മുതൽ തൃശ്ശൂർ വരെയുള്ള നാർക്കോട്ടിക് കേസ് പ്രതികൾ, രാഷ്ട്രീയ സംഘട്ടനങ്ങളിൽ ഉൾപ്പെടെയുള്ള റിമാൻഡ് തടവുകാർ എന്നിങ്ങനെ ഉൾക്കൊള്ളാവുന്നതിന്റെ ഇരട്ടിയിലധികംപേരെ ഉൾക്കൊള്ളുന്നതിൽ ജയിലിന്റെ പരിമിതികൾ പരിശോധിക്കുകയുണ്ടായോ;

(സി) ഇത് ജയിലിന്റെ സുരക്ഷയ്ക്കുതന്നെ ഭീഷണിയാകുന്നുണ്ടോ; തടവുകാർക്കും ജയിൽ അധികൃതർക്കും ഇത് സൃഷ്ടിക്കുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇതിനു പരിഹാരമായി കുറ്റ്യാടി മണ്ഡലത്തിലെ കുന്നുമ്മൽ പഞ്ചായത്തിൽ ഒരു സബ് ജയിൽ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ ഇതുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഇപ്പോൾ ഏതുഘട്ടത്തിലാണെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കാസർഗോഡ് മുതൽ തൃശ്ശൂർ വരെയുള്ള 27 ജയിലുകളിൽ 6 ജയിലുകളിൽ അംഗീകൃത ശേഷിയേക്കാൾ ഇരട്ടിയിലധികം തടവുകാരെ പാർപ്പിച്ചിട്ടുണ്ട്. അംഗീകൃത ശേഷിയേക്കാൾ കൂടുതൽ തടവുകാരെ പാർപ്പിക്കേണ്ടിവരുന്ന ജയിലിന്റെ പരിമിതികൾ പരിശോധിച്ചിട്ടുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) പരിഗണനയിലില്ല. വടകരയിൽ പുതിയ ജയിൽ നിർമ്മിക്കുന്നതിന് വേണ്ടി സ്ഥലം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

**ടി. എസ്. കനാൽ**

162(3456) <u>ശ്രീ. ആർ. രാമചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ ജലപാതയായി വികസിപ്പിച്ചുകൊണ്ടിരിക്കുന്ന ടി.എസ്. കനാലിന്റെ ഇരുകരകളിലെയും സംരക്ഷണ ഭിത്തി തകർന്ന് കരയിലേയ്ക്ക് ഉപ്പുവെള്ളം കയറുന്നതും വിവിധ കാർഷിക വിളകൾക്ക് നാശമുണ്ടാകുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദീകരിക്കുമോ;

(ബി) ടി.എസ്. കനാലിന്റെ കരകൾ ഇടിഞ്ഞ് മണലും എക്കലും ജലപാതയുടെ ആഴത്തിന് വ്യതിയാനമുണ്ടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദീകരിക്കുമോ;

(സി) ഇരുകരകളിലെയും സംരക്ഷണഭിത്തി കെട്ടി കനാലിനെയും കരയെയും സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ - സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ടി.എസ്. കനാൽ ദേശീയജലപാത -3- ന്റെ ഭാഗമാണ്. ദേശീയ ജലപാതയുമായി ബന്ധപ്പെട്ട നിർമ്മാണ പ്രവൃത്തികളും നവീകരണവും നടത്തിപ്പും സംരക്ഷണവും കേന്ദ്ര സർക്കാർ സ്ഥാപനമായ ഇൻലാന്റ് വാട്ടർവേയ്സ് അതോറിറ്റി ഓഫ് ഇന്ത്യ (IWAI) ആണ് നടപ്പിലാക്കുന്നത്.

**ദേശീയ ജലപാതാ വികസനം**

163(3457) <u>ശ്രീ. വി. എസ്. ശിവകുമാർ:</u>
<u>ശ്രീ. വി. ഡി. സതീശൻ:</u>
<u>ശ്രീ. സണ്ണി ജോസഫ് </u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവളം മുതൽ നീലേശ്വരം വരെയുള്ള ദേശീയ ജലപാതാ വികസനം എത് ഘട്ടത്തിലാണ്; പ്രസ്തുത പാതയുടെ ദൈർഘ്യം എത്രയാണ്;

(ബി) ജലപാതാ നിർമ്മാണം എപ്പോൾ പൂർത്തിയാക്കുവാൻ കഴിയുമെന്നും എത്ര കോടി രൂപയുടെ പദ്ധതിക്കാണ് അനുമതി നൽകിയതെന്നും വ്യക്തമാക്കുമോ;

(സി) കേന്ദ്ര സർക്കാരിൽനിന്നും പ്രസ്തുത ദേശീയ ജലപാതാ വികസനത്തിന് ഇതിനകം എത്ര തുക ലഭ്യമായെന്നും അതിൽ എത്ര തുക ഇതിനകം ചിലവഴിച്ചുവെന്നും വ്യക്തമാക്കുമോ;

(ഡി) തിരുവനന്തപുരത്തെ പാർവ്വതിപുത്തനാർ, കൊല്ലം തോട്, മാഹി വളപട്ടണം മേഖലകളിലെ ദേശീയ ജലപാത എന്നിവയുടെ ഓരത്തെ കയ്യേറ്റം ഒഴിപ്പിക്കുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ടോ;എങ്കിൽ ഒഴിപ്പിക്കപ്പെടുന്നവരെ എപ്രകാരമാണ് പുനരധിവസിപ്പിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കേരളത്തിന്റെ തീരപ്രദേശത്തിന് സമാന്തരമായി കായലുകളെ പരസ്പരം ബന്ധിപ്പിച്ചും നിരവധി കനാലുകൾ നിർമ്മിച്ചും രൂപപ്പെടുത്തിയതാണ് വെസ്റ്റ് കോസ്റ്റ് കനാൽ എന്നറിയപ്പെടുന്ന തീരദേശജലപാത. ഇതിൽ കോവളം മുതൽ കൊല്ലം വരെയുള്ള 74.18 കി.മീ- ഉം കോഴിക്കോട് മുതൽ നീലേശ്വരം വരെയുള്ള 188 കി.മീ. ഉം സംസ്ഥാന ജലപാതയാണ്. സംസ്ഥാന ജലപാതയുടെ വികസനപ്രവർത്തനങ്ങൾ ജലസേചന വകുപ്പിനുകീഴിലുള്ള ഉൾനാടൻ

ജലഗതാഗത വകുപ്പാണ് നടപ്പിലാക്കി വരുന്നത്. കോവളം മുതൽ കൊല്ലം വരെയുള്ള 74.18 കി.മീ. ജലപാതയിൽ 27.50 കി.മീ. ഗതാഗതയോഗ്യമാണ്. 11.30 കി.മീ. ഭാഗികമായി ഗതാഗതയോഗ്യമാണ്. ശേഷിച്ച 16.14 കി.മീ. നീളം വരുന്ന പാർവ്വതിപുത്തനാറിന്റെ സമഗ്രവികസനം ലക്ഷ്യമാക്കിയുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. അനധികൃത കയ്യേറ്റങ്ങൾ ഒഴിപ്പിച്ചുകൊണ്ട് കനാലിന്റെ അതിർത്തി നിർണ്ണയിക്കൽ യുദ്ധകാലാടിസ്ഥാനത്തിൽ റവന്യൂ അധികൃതരുടെ നേതൃത്വത്തിൽ നടന്നുവരുന്നു. പാർവ്വതിപുത്തനാർ ശുചീകരിച്ച് നാവിഗേഷൻ കനാലായി വികസിപ്പിക്കുന്നതിന് 80 കോടി രൂപയുടെ പദ്ധതിയാണ് ഇപ്പോൾ പരിഗണനയിലുള്ളത്. വർക്കല തുരങ്കങ്ങൾ 14 മീറ്റർ വീതിയിൽ വികസിപ്പിക്കുന്നതിനുള്ള പഠനങ്ങൾ നടന്നു വരുന്നു. കോഴിക്കോടിനും വടകരയ്ക്കുമിടയിൽ 38.3 കി.മീ. ജലപാതയിലെ ആഴംകുറഞ്ഞ ഭാഗങ്ങളായ ഇരഞ്ഞിക്കൽ, കോരപ്പുഴ കനാൽ വികസനത്തിനായി 6 കോടി രൂപയുടെയും പയ്യോളി കനാലിന്റെ വികസനത്തിനായി 6.50 കോടി രൂപയുടെയും ഭരണാനുമതി നല്കിയിട്ടുണ്ട്. വടകര മാഹി കനാൽ ദേശീയ ജലപാതാ നിലവാരത്തിൽ നിർമ്മിക്കുന്നതിനായി 5 റീച്ചുകളായി തിരിച്ച് നിർമ്മാണ പ്രവൃത്തികൾ നടന്നുവരുന്നു. മാഹിയ്ക്കും വളപട്ടണത്തിനും ഇടയിലെ 3 അൺകെട്ട് ഭാഗങ്ങളും നീലേശ്വരം മുതൽ കാസർഗോഡ് വരെയുള്ള അൺകെട്ട് ഭാഗവും സ്ഥലം ഏറ്റെടുത്ത് പുതുതായി കനാൽ നിർമ്മിക്കേണ്ടതുണ്ട്.

ജലപാതകൾ വികസിപ്പിച്ച് യാത്രയ്ക്കും ചരക്ക് ഗതാഗതത്തിനും വിനോദ സഞ്ചാരത്തിനും പ്രയോജനപ്പെടുത്തുവാനുള്ള പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനും വികസന, പരിപാലന പ്രവർത്തനങ്ങൾ നടത്തുന്ന വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും നിരീക്ഷിക്കുന്നതിനും സാങ്കേതിക വൈദഗ്ദ്ധ്യമുള്ള ഒരു സ്ഥാപനം അനിവാര്യമായ സാഹചര്യത്തിൽ എസ്. പി.വി. യായി ഒരു പ്രത്യേക പബ്ലിക് ലിമിറ്റഡ് കമ്പനി രൂപീകരിക്കുവാൻ ജി.ഒ.(എം.എസ്.) 02/17 സി.എസ്.ഐ.എൻ.ഡി. 17-6-2017 തീയതി പ്രകാരം ഉത്തരവായിട്ടുണ്ട്.

കൊല്ലം മുതൽ കോട്ടപ്പുറം വരെയുള്ള 168 കി.മീറ്റർ ദേശീയ ജലപാത ഗതാഗതയോഗ്യമാണ്. 2016-ലെ കേന്ദ്ര സർക്കാർ വിജ്ഞാപന പ്രകാരം ദേശീയ ജലപാത കോഴിക്കോട്ടു വരെ നീട്ടിയിട്ടുണ്ട്. ഇതുകൂടാതെ 6 ഫീഡർ കനാലുകൾ കൂടി ദേശീയ ജലപാതയായി പ്രഖ്യാപിച്ചിട്ടുണ്ട്. ദേശീയ ജലപാതയുടെ നിർമ്മാണ പ്രവർത്തനങ്ങളും സംരക്ഷണവും നവീകരണവും കേന്ദ്ര ഗവൺമെന്റ് സ്ഥാപനമായ ഇൻലാന്റ് വാട്ടർവേയ്സ് അതോറിറ്റി ഓഫ് ഇന്ത്യ (IWAI) യുടെ കീഴിലാണ് നടപ്പിലാക്കി വരുന്നത്.

(ബി) 2020-ഓടുകൂടി പ്രസ്തുത ജലപാതയുടെ പ്രവൃത്തി പൂർത്തിയാക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. 13-ാം ധനകാര്യ കമ്മീഷനിൽനിന്നും നിലവിൽ 97-1 കോടി രൂപയും നബാർഡിൽനിന്നും 38.98 കോടി രൂപയും സംസ്ഥാന ഫണ്ടിൽനിന്നും 227.5625 കോടി രൂപയും ഭരണാനുമതി നൽകിയിരുന്നു. ഇതിൽ 146.77 കോടി രൂപയുള്ള പ്രവൃത്തികൾ നടപ്പിലാക്കിവരുന്നു.

(സി) ദേശീയ ജലപാതാ വികസനം ഇൻലാന്റ് വാട്ടർവേയ്സ് അതോറിറ്റി ഓഫ് ഇന്ത്യ (IWAI) ആണ് നടത്തിവരുന്നത്. ആയതിനാൽ ചെലവഴിച്ച തുകയുടെ കണക്കുകൾ ലഭ്യമല്ല. സംസ്ഥാന ജലപാതാ വികസനത്തിനായി കേന്ദ്രസർക്കാരിൽനിന്നും 12-ാം ധനകാര്യ കമ്മീഷനിൽ 225 കോടി രൂപ ലഭിക്കുകയും അതിൽ 101-00 കോടി രൂപ ചെലവഴിക്കുകയും ചെയ്തു. 13-ാം ധനകാര്യ കമ്മീഷനിൽനിന്നും 100 കോടി രൂപയ്ക്ക് ഭരണാനുമതി നൽകി. അതിൽ 97-1 കോടി രൂപയ്ക്ക് സിവിൽ പ്രവൃത്തികൾക്ക് അംഗീകാരം നൽകുകയും അതിൽ 57.88 കോടി രൂപ ചെലവഴിക്കുകയും ചെയ്തു. നബാർഡിൽ നിന്നും 38.98 കോടി രൂപ ലഭിക്കുകയും അതിൽ 18.28 കോടി രൂപ ചെലവഴിക്കുകയും ചെയ്തു.

(ഡി) തിരുവനന്തപുരത്തെ പാർവ്വതിപുത്തനാറിന്റെ (റ്റി.എസ്.കനാലിന്റെ) അതിർത്തി നിർണ്ണയിക്കുന്ന സർവ്വേ പ്രവൃത്തികൾ പൂർത്തിയായി വരുന്നു. 2718 കയ്യേറ്റങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇവരെ ലൈഫ് മിഷൻ പോലെയുള്ള പദ്ധതിയിൽ ഉൾപ്പെടുത്തി പുനരധിവസിപ്പിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു. കൊല്ലം ജില്ലയിലെ കൊല്ലം തോടിന്റെ ഓരത്തെ കയ്യേറ്റങ്ങൾ ഒഴിപ്പിക്കുകയും സുനാമി ഫണ്ട് ഉപയോഗിച്ച് ഇരവിപുരത്ത് നിർമ്മിച്ച ഫ്ളാറ്റുകളിൽ എല്ലാവരെയും പുനരധിവസിപ്പിക്കുകയും ചെയ്തിട്ടുണ്ട്. മാഹി-വളപട്ടണം ഭാഗത്തെ കനാൽ നിർമ്മാണത്തിന് ഭൂമി ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. അതിനുശേഷം മാത്രമേ എത്ര കുടുംബങ്ങളെ പുനരധിവസിപ്പിക്കണമെന്ന് അറിയാൻ കഴിയുകയുള്ളൂ.

## കല്ലഞ്ചേരി കായൽ മത്സ്യത്തൊഴിലാളി സമിതി സമർപ്പിച്ച നിവേദനം

164(3458) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

പശ്ചിമ കൊച്ചിയിലെ കല്ലഞ്ചേരി കായൽ ഡ്രഡ്ജ് ചെയ്ത് മത്സ്യബന്ധനത്തിന് അനുയോജ്യമാക്കണമെന്നാവശ്യപ്പെട്ട് കല്ലഞ്ചേരി കായൽ മത്സ്യത്തൊഴിലാളി സമിതി ബഹു. മുഖ്യമന്ത്രിക്ക് സമർപ്പിച്ച നിവേദനത്തിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടി വ്യക്തമാക്കാമോ?

ഉത്തരം

കല്ലഞ്ചേരി കായലിലെ നീരൊഴുക്ക് സുഗമമാക്കുന്നതിനായി കായലിൽ അടിഞ്ഞുകൂടിയിരിക്കുന്ന എക്കലും പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള മറ്റ് മാലിന്യങ്ങളും ഡ്രഡ്ജ്ചെയ്ത് നീക്കംചെയ്യേണ്ടതുണ്ട്. ഡ്രഡ്ജിംഗിന്റെ ഫലമായി ലഭിക്കുന്ന ഡ്രഡ്ജ്ഡ് മെറ്റീരിയൽസ് നിക്ഷേപിക്കാനുള്ള സ്ഥലം കുമ്പളങ്ങി പഞ്ചായത്ത് അധികൃതരോട് ആവശ്യപ്പെട്ടിട്ടുണ്ട്. മറുപടി ലഭ്യമാകുന്നമുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്.

**തിരുവനന്തപുരം മുതൽ കാസർഗോഡ് വരെ ജലപാത**

165(3459) <u>ശ്രീ. പി. കെ. അബ്ദു റബ്ബ് :</u>
<u>ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് :</u>
<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന് :</u>
<u>ശ്രീ. ടി. വി. ഇബ്രാഹിം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജലപാതകൾ വികസിപ്പിച്ച് തിരുവനന്തപുരം മുതൽ കാസർഗോഡുവരെ ജലഗതാഗതം സാധ്യമാക്കുന്ന പദ്ധതിയുടെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) ഇക്കാര്യത്തിൽ സമഗ്രമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദവിവരം വെളിപ്പെടുത്തുമോ;

(സി) മുൻരാഷ്ട്രപതി എ. പി. ജെ. അബ്ദുൾകലാം ജലപാതാ വികസനക്കാര്യത്തിൽ നിയമസഭ മുമ്പാകെവച്ച നിർദ്ദേശങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അദ്ദേഹത്തിന്റെ നിർദ്ദേശങ്ങൾ എത്രത്തോളം പരിഗണിച്ചിട്ടുണ്ട് എന്നതിന്റെ വിശദവിവരം നൽകാമോ?

<u>ഉത്തരം</u>

(എ) തിരുവനന്തപുരം ജില്ലയിലെ കോവളം മുതൽ കാസർഗോഡ് ജില്ലയിലെ നീലേശ്വരം വരെയുള്ള 590 കി.മീ. നീളം വരുന്ന വെസ്റ്റ് കോസ്റ്റ് കനാലിന്റെ നിലവിൽ കനാലുള്ള ഭാഗങ്ങൾ നവീകരിച്ചും പുതുതായി കനാൽ നിർമ്മിക്കേണ്ട ഭാഗങ്ങളിൽ സ്ഥലം ഏറ്റെടുത്ത് കനാൽ നിർമ്മിച്ചും ജലപാത യാഥാർത്ഥ്യമാക്കുവാൻ സർക്കാർ ലക്ഷ്യമിട്ടിട്ടുണ്ട്. കൊല്ലം മുതൽ കോട്ടപ്പുറം വരെയുള്ള 168 കി. മീറ്റർ ദേശീയ ജലപാത ഗതാഗതയോഗ്യമാണ്. 2016-ലെ കേന്ദ്ര സർക്കാർ വിജ്ഞാപന പ്രകാരം ദേശീയ ജലപാത കോഴിക്കോട്ടു വരെ നീട്ടിയിട്ടുണ്ട്. ഇതു കൂടാതെ 6 ഫീഡർ കനാലുകൾ കൂടി ദേശീയ ജലപാതയായി പ്രഖ്യാപിച്ചിട്ടുണ്ട്. ദേശീയ ജലപാതയുടെ നിർമ്മാണ പ്രവർത്തനങ്ങളും സംരക്ഷണവും നവീകരണവും കേന്ദ്ര ഗവൺമെന്റ് സ്ഥാപനമായ ഇൻലാന്റ് വാട്ടർവേയ്സ് അതോറിറ്റി ഓഫ് ഇന്ത്യ (IWAI) -യുടെ കീഴിലാണ് നടപ്പിലാക്കി വരുന്നത്.

കോവളം മുതൽ കൊല്ലം വരെയുള്ള 74.18 കി.മീ.-ഉം കോഴിക്കോട് മുതൽ

നീലേശ്വരം വരെയുള്ള 188 കി.മീ.-ഉം സംസ്ഥാന ജലപാതയാണ്. സംസ്ഥാന ജലപാതയുടെ വികസനപ്രവർത്തനങ്ങൾ സംസ്ഥാന സർക്കാരാണ് നടപ്പിലാക്കി വരുന്നത്. കോവളം മുതൽ കൊല്ലം വരെയുള്ള 74.18 കി. മീ. ജലപാതയിൽ 27.50 കി.മീ. ഗതാഗതയോഗ്യമാണ്. 11.30 കി.മീ ഭാഗികമായി ഗതാഗത യോഗ്യമാണ്. ശേഷിച്ച 16.14 കി.മീ. നീളം വരുന്ന പാർവ്വതി പുത്തനാറിന്റെ സമഗ്രവികസനം ലക്ഷ്യമാക്കിയുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. അനധികൃത കയ്യേറ്റങ്ങൾ ഒഴിപ്പിച്ചുകൊണ്ട് കനാലിന്റെ അതിർത്തി നിർണ്ണയിക്കൽ യുദ്ധകാലാടിസ്ഥാനത്തിൽ റവന്യൂ അധികൃതരുടെ നേതൃത്വത്തിൽ നടന്നുവരുന്നു. പാർവ്വതി പുത്തനാർ ശുചീകരിച്ച് നാവിഗേഷൻ കനാലായി വികസിപ്പിക്കുന്നതിന് 80 കോടി രൂപയുടെ പദ്ധതിയാണ് ഇപ്പോൾ പരിഗണനയിലുള്ളത്. വർക്കല തുരങ്കങ്ങൾ 14 മീറ്റർ വീതിയിൽ വികസിപ്പിക്കുന്നതിനുള്ള പഠനങ്ങൾ നടന്നുവരുന്നു. കോഴിക്കോടിനും വടകരയ്ക്കുമിടയിൽ 38.3 കി.മീ. ജലപാതയിലെ ആഴം കുറഞ്ഞ ഭാഗങ്ങളായ ഇരഞ്ഞിക്കൽ, കോരപ്പുഴ കനാൽ വികസനത്തിനായി 6 കോടി രൂപയുടെയും പയ്യോളി കനാലിന്റെ വികസനത്തിനായി 6.50 കോടി രൂപയുടെയും ഭരണാനുമതി നൽകിയിട്ടുണ്ട്. വടകര മാഹി കനാൽ ദേശീയ ജലപാതാ നിലവാരത്തിൽ നിർമ്മിക്കുന്നതിനായി 5 റീച്ചുകളായി തിരിച്ച് നിർമ്മാണ പ്രവൃത്തികൾ നടന്നുവരുന്നു. മാഹിയ്ക്കും വളപട്ടണത്തിനും ഇടയിലെ 3 അൺകെട്ട് ഭാഗങ്ങളും നീലേശ്വരം മുതൽ കാസർഗോഡ് വരെയുള്ള അൺകെട്ട് ഭാഗവും സ്ഥലം ഏറ്റെടുത്ത് പുതുതായി കനാൽ നിർമ്മിക്കേണ്ടതുണ്ട്.

ജലപാതകൾ വികസിപ്പിച്ച് യാത്രയ്ക്കും ചരക്ക് ഗതാഗതത്തിനും വിനോദസഞ്ചാരത്തിനും പ്രയോജനപ്പെടുത്തുവാനുള്ള പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനും വികസന, പരിപാലന പ്രവർത്തനങ്ങൾ നടത്തുന്ന വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും നിരീക്ഷിക്കുന്നതിനും സാങ്കേതികവൈദഗ്ദ്ധ്യമുള്ള ഒരു സ്ഥാപനം അനിവാര്യമായ സാഹചര്യത്തിൽ എസ്.പി.വി.- യായി ഒരു പ്രത്യേക പബ്ലിക്ക് ലിമിറ്റഡ് കമ്പനി രൂപീകരിക്കുവാൻ ജി.ഒ (എം.എസ്.) 02/17/ സി.എസ്.ഐ.എൻ.ഡി. 17-6-2017 തീയതി പ്രകാരം ഉത്തരവായിട്ടുണ്ട്.

(ബി) ജലപാതകളുടെ വികസനവുമായി ബന്ധപ്പെട്ട പ്രവൃത്തികൾ NATPAC പോലെയുള്ള ഏജൻസികൾ മുഖേന വിശദമായ പഠനം നടത്തി പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി ആവശ്യമായ അംഗീകാരം നൽകിയാണ് നടപ്പാക്കിവരുന്നത്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേരളത്തിന്റെ സുസ്ഥിര വികസനത്തിന്

മുൻ രാഷ്ട്രപതി എ. പി. ജെ. അബ്ദുൾ കലാം കേരള നിയമസഭ മുമ്പാകെ അവതരിപ്പിച്ച വിഷൻ 2020-ൽ പത്തിന കർമ്മ പദ്ധതികൾ നിർദ്ദേശിക്കുകയുണ്ടായി. അതിൽ രണ്ടാമത്തെ ഇനമായ Development of smart Waterways- യിൽ ഉൾപ്പെടുന്നതാണ് ജലപാതയുടെ നവീകരണവും വികസനവുമായി ബന്ധപ്പെട്ട പ്രവൃത്തികൾ.

തിരുവനന്തപുരം ജില്ലയിലെ കോവളം മുതൽ കൊല്ലം വരെയും തൃശ്ശൂർ ജില്ലയിലെ കോട്ടപ്പുറം മുതൽ കാസർഗോഡ് ജില്ലയിലെ നീലേശ്വരം വരെയുള്ള 422 കി.മീ. ജലപാതയാണ് സംസ്ഥാന ജലപാതയായി അംഗീകരിച്ചിരിക്കുന്നത്. കൊല്ലം മുതൽ തൃശ്ശൂർ കോട്ടപ്പുറം വരെയുള്ള 168 കി.മീ. ദേശീയപാതയും ഉൾപ്പെട്ടതാണ് വെസ്റ്റ് കോസ്റ്റ് കനാൽ. 2016-ലെ കേന്ദ്രസർക്കാർ വിജ്ഞാപനം പ്രകാരം ദേശീയ ജലപാത കോഴിക്കോട് വരെ ദീർഘിപ്പിച്ചിട്ടുണ്ട്.

വെസ്റ്റ് കോസ്റ്റ് കനാൽ കോവളം മുതൽ നീലേശ്വരം വരെയും പൂർത്തീകരിക്കുന്നതിലേയ്ക്ക് വിവിധ ഭാഗങ്ങളിൽ കനാൽ നിർമ്മാണം ആവശ്യമായി വന്നിട്ടുണ്ട്. വടകര മുതൽ മാഹിവരെയുള്ള ഭാഗത്തെ കനാൽ നിർമ്മാണം നടപ്പിലാക്കിവരുന്നു. മാഹിയ്ക്കും വളപട്ടണത്തിനും ഇടയിലുള്ള ഭാഗത്ത് കനാൽ നിർമ്മാണത്തിനുള്ള പര്യവേക്ഷണ പ്രവർത്തനങ്ങൾ നടക്കുന്നു. കൂടാതെ വിവിധ ഭാഗങ്ങളിലെ നവീകരണ പ്രവർത്തനങ്ങൾ, ആഴം വർദ്ധിപ്പിക്കൽ, വശങ്ങളിലെ സംരക്ഷണ പണികൾ, ബോട്ട്ജെട്ടികളുടെ നിർമ്മാണം മുതലായവ പുരോഗതിയിലാണ്.

കോട്ടപ്പുറം-നീലേശ്വരം ജലപാത കാസർഗോഡ് വരെ നീട്ടുന്നതിന്റെ ഭാഗമായി ഹോസ്ദുർഗ്ഗ് വരെയുള്ള പര്യവേക്ഷണ പ്രവൃത്തികൾ നടപ്പാക്കിവരുന്നു. ഹോസ്ദുർഗ്ഗ് മുതൽ കാസർഗോഡ് വരെയുള്ള ഭാഗത്തിന്റെ വികസനവുമായി ബന്ധപ്പെട്ട പര്യവേക്ഷണ പ്രവൃത്തികൾ നടന്നുവരുന്നു.

## ഹരിത കേരളം മിഷന്റെ വികസനദൗത്യം

166(T 3460) <u>ശ്രീ.ഇ.പി.ജയരാജൻ:</u>

<u>ശ്രീ.ബി.ഡി. ദേവസ്സി:</u>

<u>ശ്രീ.സി. കെ. ശശീന്ദ്രൻ:</u>

<u>ശ്രീമതി യു. പ്രതിഭ ഹരി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിത കേരളം മിഷന്റെ വികസനദൗത്യം അവലോകനം ചെയ്തിട്ടുണ്ടോ; ശുചിത്വകേരള നിർമ്മിതിയിൽ ഈ മിഷൻ എത്രമാത്രം വിജയിച്ചിട്ടുണ്ട്;

---

T മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ബി) പ്രസ്തുത പദ്ധതിയുടെ വിവിധ തലങ്ങളിലെ കർമ്മസേനകളുടെ പ്രവർത്തനം വിശദീകരിക്കാമോ; നിർദ്ദിഷ്ടരീതിയിൽ ഇവയുടെ പ്രവർത്തനം പുരോഗതി നേടിയിട്ടുണ്ടോ;

(സി) കാർഷികവികസനം, ജലസംരക്ഷണം, മാലിന്യസംസ്കരണം, പച്ചക്കറിയിൽ സ്വയംപര്യാപ്തത തുടങ്ങിയ ലക്ഷ്യങ്ങൾ സമയബന്ധിതമായി നേടുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വം കാര്യക്ഷമമാക്കുന്നതിനുവേണ്ട ഇടപെടൽ നടത്തുമോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. ഹരിതകേരളം മിഷൻ നിശ്ചിത കാലയളവിൽ വിവിധ തലങ്ങളിൽ അവലോകനം ചെയ്യാറുണ്ട്. ഇതിനായി ഓരോ ഉപമിഷനും പ്രത്യേകം സംവിധാനങ്ങൾ നിലവിലുണ്ട്. മുഖ്യമന്ത്രി തന്നെ ഇത് പ്രത്യേകം നിരീക്ഷിക്കുന്നുണ്ട്.

ശുചിത്വ-മാലിന്യ സംസ്കരണ ഉപമിഷന്റെ ഇതുവരെയുള്ള പ്രവർത്തനങ്ങളുടെ ചുരുക്കം താഴെ ചേർക്കുന്നു:

1. പരിപാടിയുടെ ഭാഗമായി 2017 ജൂലൈ മുതൽ 2018 ഏപ്രിൽ വരെയുള്ള പ്രവർത്തനങ്ങളുടെ സമയക്രമ പട്ടിക തയ്യാറാക്കി. ഇതിന്റെ അടിസ്ഥാനത്തിൽ പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തി നടപ്പാക്കുന്നുണ്ട്.

2. മാർഗ്ഗരേഖ പ്രിന്റ് ചെയ്തു. ഒരു തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ 3 വീതം കോപ്പികൾ നൽകിയിട്ടുണ്ട്. ആഗസ്ത് 22 മുതൽ 26 വരെ തീയതികളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ അദ്ധ്യക്ഷന്മാർ, ഉപാദ്ധ്യക്ഷന്മാർ, ആരോഗ്യം, വിദ്യാഭ്യാസം, വികസനം സ്റ്റാന്റിങ്ങ് കമ്മിറ്റി ചെയർമാന്മാർ, സെക്രട്ടറി, വർക്കിങ്ങ് ഗ്രൂപ്പ് കൺവീനർ, ആസൂത്രണസമിതി വൈസ് ചെയർപേഴ്സൺ എന്നിവർക്ക് കിലയുടെ നേതൃത്വത്തിൽ പരിശീലനം ആസൂത്രണം ചെയ്തിട്ടുണ്ട്. ഇവർക്കും മാർഗ്ഗരേഖ നൽകും.

3. മന്ത്രിമാർ പങ്കെടുത്ത ജില്ലാ മിഷൻ യോഗം എല്ലാ ജില്ലകളിലും നടന്നു. തുടർന്ന് തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ അദ്ധ്യക്ഷന്മാരുടേയും സെക്രട്ടറിമാരുടേയും യോഗം എല്ലാ ജില്ലകളിലും നടന്നു. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. *

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

4. ക്യാമ്പയിന്റെ ഭാഗമായി ചുവടെ ചേർത്ത പരിശീലന കൈപുസ്തകം തയ്യാറാക്കുകയും കിലയുടെ നേതൃത്വത്തിൽ അച്ചടിച്ച് വിതരണം ചെയ്യുകയും ചെയ്തു.

   (a) മാലിന്യത്തിൽനിന്നും സ്വാതന്ത്ര്യം - പരിശീലന കൈപുസ്തകം

   (b) മാലിന്യമുക്തകേരളം - പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുന്നതിനുള്ള കർമ്മപരിപാടി - പ്രധാന നാഴികക്കല്ലുകൾ

   (c) ഗാർഹികമാലിന്യസംസ്കരണം വിലയിരുത്തൽ ഫോറം.

   (d) നമ്മുടെ വീടും സ്ഥാപനവും ശുചിയാക്കാം - കുറിപ്പ്

5. പരിശീലനങ്ങൾ: സംസ്ഥാനതല പരിശീലനം 15-7-2017-ന് നടന്നു. തുടർന്ന് ജില്ലാ ബ്ളോക്ക്/മുനിസിപ്പൽ തല പരിശീലനങ്ങളും വാർഡ് തല പരിശീലനങ്ങളും സംഘടിപ്പിച്ചു. ബ്ലോക്ക്തല പരിശീലനത്തിൽ ഗ്രാമപഞ്ചായത്തിൽ നിന്നുള്ള റിസോഴ്സ് പേഴ്സണ്മാരും ഉദ്യോഗസ്ഥരുമാണ് പങ്കെടുത്തത്.

   ജില്ലാതല പരിശീലനത്തിൽ 1425 പേരും, ബ്ലോക്ക് തലത്തിൽ ഗ്രാമപഞ്ചായത്തുകൾക്ക് നടത്തിയ പരിശീലനത്തിൽ 11,344 പേരും മുനിസിപ്പാലിറ്റി കോർപ്പറേഷനുകളുടെ പരിശീലനത്തിൽ 14276 പേരും പങ്കെടുത്തു. വാർഡുതല പരിശീലനങ്ങളിൽ ഗ്രാമ പഞ്ചായത്തുകളിൽ 265339 പേരും നഗരസഭകളിൽ 53,525 പേരും ചേർന്ന് ആകെ 318864 പേർ പങ്കെടുത്തു. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

6. ഗൃഹസന്ദർശനത്തിനുള്ള ലഘുലേഖ കുറിപ്പുകൾ ആഗസ്റ്റ് 6 മുതൽ 13 വരെ വോളണ്ടിയർമാരുടെ നേതൃത്വത്തിൽ നടന്ന കാമ്പയിനിലൂടെ ഗൃഹസന്ദർശനം നടത്തുകയും അതിനാവശ്യമായ കുറിപ്പ്, വീടുകളിലെ ശുചിത്വ-മാലിന്യ അവസ്ഥാനിർണ്ണയഫോറം, അവസ്ഥാനിർണ്ണയ ക്രോഡീകരണഫോറം, മാലിന്യ സംസ്കരണത്തിനുള്ള വിവിധ രീതികൾ പരിചയപ്പെടുത്തുന്ന ലഘുലേഖ തുടങ്ങിയവയുടെ 50 ലക്ഷം കോപ്പികൾ അച്ചടിച്ച് ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും എത്തിച്ചു. കൂടുതൽ കോപ്പികൾ ആവശ്യമുണ്ടെങ്കിൽ അവ അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ അച്ചടിക്കുന്നതിനായി നിർദ്ദേശം നൽകി.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

7. ജില്ലകളിലെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, കളക്ടർ, ജില്ലാതല ഉദ്യോഗസ്ഥർ തുടങ്ങിയവരുമായി പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുമായി ഹരിത കേരളം മിഷന്റേയും ശുചിത്വ മിഷന്റേയും ഉദ്യോഗസ്ഥർക്ക് പ്രത്യേക ചുമതല നൽകുകയും ജൂലൈ 30 മുതൽ ആഗസ്റ്റ് 4 വരെ തീയതികളിൽ ജില്ലകളിൽ സന്ദർശനം നടത്തുകയും ചെയ്തു. തുടർന്ന് 5-8-2017-ന് ഈ പ്രവർത്തനങ്ങൾ അവലോകനംചെയ്ത് പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.

8. 31-7.2017-ന് തദ്ദേശസ്വയംഭരണ വകുപ്പിലെ വകുപ്പ് മേധാവികളുടെയും പ്രധാന ഉദ്യോഗസ്ഥരുടെയും യോഗം ചേരുകയും പ്രവർത്തനങ്ങൾ അവലോകനം ചെയ്യുകയും ചെയ്തു. അതിന്റെ അടിസ്ഥാനത്തിൽ ഉദ്യോഗസ്ഥരുടെ ചുമതലകൾ സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി പ്രത്യേക സർക്കുലർ പുറത്തിറക്കി. കൂടാതെ 3-8-2017-ന് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയും സെക്രട്ടറിയും ബന്ധപ്പെട്ട വകുപ്പു മേധാവികളേയും ഉൾപ്പെടുത്തി തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ സെക്രട്ടറിമാരുമായി വീഡിയോ കോൺഫറൻസിംഗ് നടത്തി. പ്രസ്തുത കോൺഫറൻസിംഗിൽ 'മാലിന്യത്തിൽ നിന്ന് സ്വാതന്ത്ര്യം' എന്ന ക്യാമ്പയിനുമായി ബന്ധപ്പെട്ട് സ്വീകരിക്കേണ്ട നടപടികൾ വിശദീകരിക്കുകയും ഉത്തരവാദിത്തങ്ങൾ നിർവചിച്ച് നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു.

9. ആഗസ്റ്റ് 6 മുതൽ 15 വരെ തീയതികളിലായി വാർഡ് സന്ദർശനം നടത്തി. ശുചിത്വ മിഷൻ സംവിധാനം ഉപയോഗപ്പെടുത്തി ശേഖരിച്ച പ്രാഥമിക കണക്കുകൾ പ്രകാരം ഇതിനകം 882820 വീടുകൾ നഗരസഭകളിലും 4282927 വീടുകൾ ഗ്രാമപഞ്ചായത്തുകളിലുമായി 5165747 വീടുകൾ സന്ദർശിക്കാൻ കഴിഞ്ഞു. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

ഇത്തരത്തിലുള്ള ചിട്ടയായ പ്രവർത്തനങ്ങളിലൂടെ സംസ്ഥാനത്ത് ശുചിത്വ മാലിന്യ സംസ്കരണ രംഗത്ത് നേട്ടം കൈവരിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) സംസ്ഥാനതല കർമ്മസേനകളുടെ ചുമതലകൾ.

<u>പൊതുചുമതലകൾ:</u>

1. മിഷന്റെ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് സ്വീകരിക്കേണ്ട നടപടികൾ നിർദ്ദേശിക്കുക. പ്രവർത്തന മാർഗ്ഗരേഖ തയ്യാറാക്കുക, സാങ്കേതിക സഹായം നൽകുക മുതലായവ.

2. ദൗത്യരേഖ (Mission document) തയ്യാറാക്കുക.

3. സംസ്ഥാന മിഷന്റെ മേൽനോട്ടത്തിൽ ദൈനംദിന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുക.

4. വിവിധ തലങ്ങളിലുള്ള മിഷൻ പ്രവർത്തനങ്ങൾ തുടർച്ചയായി നിരീക്ഷിച്ച് സുഗമമായ പ്രവർത്തനങ്ങൾക്കുവേണ്ട നടപടികൾ സ്വീകരിക്കുക.

5. മിഷന്റെ പ്രവർത്തനങ്ങൾക്ക് നിയോഗിക്കേണ്ടതായ സാങ്കേതിക വിദഗ്ധർ, കൺസൾട്ടന്റുമാർ, റിസോഴ്സ് പേഴ്സൺമാർ എന്നിവരെ കണ്ടെത്തി നിയോഗിക്കുന്നതിനുള്ള ശിപാർശ നൽകുക (ഇപ്രകാരം നിയോഗിക്കുന്നതിന് എംപവേർഡ് കമ്മിറ്റിയുടെ അംഗീകാരം ആവശ്യമാണ്).

6. ജില്ലാതല കർമ്മസേനകളുടെയും റിസോഴ്സ് പേഴ്സൺമാരുടേയും കാര്യക്ഷമമായ പ്രവർത്തനം ഉറപ്പാക്കുക, അവയെ ശാക്തീകരിക്കുക.

7. കൃത്യമായ ഇടവേളകളിൽ സംസ്ഥാന മിഷൻ യോഗങ്ങൾ ചേരുന്നതിന് നടപടി സ്വീകരിക്കുക.

8. സംസ്ഥാന മിഷന്റെ/എംപവേർഡ് കമ്മിറ്റിയുടെ/സർക്കാരിന്റെ അനുമതി ആവശ്യമായ സംഗതികളിൽ പ്രൊപ്പോസൽ തയ്യാറാക്കി സമർപ്പിക്കുക.

9. മിഷൻ പ്രവർത്തനങ്ങൾ പൂർണ്ണമായി ഡോക്യുമെന്റേഷൻ നടത്തുക, ജില്ലാതലത്തിലും തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിലും പ്രവർത്തനങ്ങൾ ഡോക്യുമെന്റ് ചെയ്യുന്നുണ്ടെന്ന് ഉറപ്പാക്കുക.

10. ഗവേഷണ-വികസന, പ്രൊഫഷണൽ സ്ഥാപനങ്ങളുടെ സാങ്കേതിക സഹായം തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്ക് ലഭ്യമാക്കുന്നതിനുള്ള സംവിധാനം ആവിഷ്കരിക്കുക.

11. സാങ്കേതിക സഹായം ലഭ്യമാക്കുന്നതിനുള്ള വിദഗ്ധരുടെ സംഘത്തെ സംസ്ഥാനതലത്തിലും ജില്ലാതലത്തിലും കണ്ടെത്തി ചുമതല നിറവേറ്റുന്നതിന് പ്രാപ്തരാക്കുക.

12. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കുന്ന പ്രവർത്തനങ്ങളുമായി അനുയോജ്യമായ സമന്വയവും ഏകോപനവും സാധ്യമാക്കുക.

13. മിഷൻ പ്രവർത്തനങ്ങളുടെ പുരോഗതി സംബന്ധിച്ചും നടത്തിപ്പു കാര്യങ്ങളെക്കുറിച്ചും ക്രമമായ ഇടവേളകളിൽ റിപ്പോർട്ടുകളും അവലോകന വിവരങ്ങളും സംസ്ഥാന മിഷനും എംപവേർഡ് കമ്മിറ്റിക്കും മിഷൻ മോണിറ്ററിംഗ് ടീമിനും സമർപ്പിക്കുക.

<u>ഹരിത കേരള മിഷൻ കർമ്മസേനയുടെ പ്രത്യേക ചുമതലകൾ:</u>

1. ഹരിത കേരളം മിഷന്റെ ലക്ഷ്യങ്ങൾ നേടിയെടുക്കുന്നതിനുവേണ്ട നടപടികളെടുക്കുക.
2. പാരിസ്ഥിതിക പുനഃസ്ഥാപനത്തിനും ഉത്പാദനക്ഷമതാ വർദ്ധനക്കും നൂതന മേഖലാ വികസനത്തിനും അനുയോജ്യമായ വിവിധതല പദ്ധതികൾക്കുള്ള പഠന ആസൂത്രണ പ്രവർത്തനങ്ങളും പദ്ധതിരേഖ തയ്യാറാക്കുന്നതിലും സാമ്പത്തിക സഹായവും ഉന്നത ഗുണനിലവാരമുള്ള സാങ്കേതിക സഹായവും ലഭ്യമാക്കുക.
3. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കുന്ന പദ്ധതികളുടെ സാങ്കേതിക തർക്കങ്ങൾ തീർപ്പാക്കുന്നതിന് സഹായിക്കുക.
4. പദ്ധതികൾക്ക് പ്രത്യേക സാങ്കേതിക സഹായം ആവശ്യമെങ്കിൽ അത് ലഭ്യമാക്കുക.
5. നൂതനവും അനുയോജ്യവുമായ സാങ്കേതികവിദ്യകളുടെ പ്രയോഗം തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ സാധ്യമാക്കുക.
6. മൂന്ന് ഉപമിഷനുകളുടെയും കർമ്മസേനാ പ്രവർത്തനങ്ങളിലെ ഏകോപന സാധ്യതകൾ വിലയിരുത്തി സംയോജനവും ഏകോപിത പ്രവർത്തനവും ഉറപ്പാക്കുക.

<u>ജില്ലാതല കർമ്മ സേനകളുടെ ചുമതലകൾ</u>

(1) <u>പൊതു ചുമതലകൾ:</u>

1. ജില്ലാ മിഷന്റെ മേൽനോട്ടത്തിൽ ദൈനംദിന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുക.
2. തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ പദ്ധതികൾ ക്രോഡീകരിച്ച് ജില്ലാ ദൗത്യരേഖ തയ്യാറാക്കുക.

3. ജില്ലയിലെ മിഷൻ പ്രവർത്തനങ്ങൾ കൃത്യമായി അവലോകനം ചെയ്ത് സുഗമമായ പ്രവർത്തനങ്ങൾക്കുവേണ്ട നടപടി സ്വീകരിക്കുക.

4. സാങ്കേതിക സഹായം ലഭ്യമാക്കുന്നതിനുള്ള വിദഗ്ധരുടെ ജില്ലാതല സംഘത്തെ കണ്ടെത്തി ചുമതല നിറവേറ്റുന്നതിന് പ്രാപ്തരാക്കുക.

5. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സാങ്കേതിക സഹായം ആവശ്യമായി വരുന്ന സന്ദർഭത്തിൽ വിദഗ്ധരുടെ സംഘത്തിൽ നിന്നോ ഗവേഷണ വികസന, പ്രൊഫഷണൽ സ്ഥാപനങ്ങളിൽ നിന്നോ അനുയോജ്യരായവരുടെ സേവനം യഥാസമയം ലഭ്യമാക്കുക.

6. ജില്ലാ മിഷന്റെ ജില്ലാ ആസൂത്രണ സമിതിയുടെ/ജില്ലാ കളക്ടറുടെ ഇടപെടൽ ആവശ്യമായി വരുന്ന ഘട്ടങ്ങളിൽ വിഷയം ശ്രദ്ധയിൽപ്പെടുത്തി പരിഹാരം കാണുക.

7. സംസ്ഥാനതലത്തിൽ തീരുമാനം ആവശ്യമായ സംഗതികളിൽ അതിനുവേണ്ട പ്രൊപ്പോസൽ തയ്യാറാക്കി സമർപ്പിക്കുക.

8. മിഷൻ പ്രവർത്തനങ്ങൾ നിരീക്ഷിച്ച് പൂർണ്ണമായി ഡോക്യുമെന്റ് ചെയ്യുന്നുണ്ടെന്ന് ഉറപ്പാക്കുക.

9. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ വർക്കിംഗ് ഗ്രൂപ്പുകളുടെയും റിസോഴ്സ് പേഴ്സൺമാരുടെയും കാര്യക്ഷമമായ പ്രവർത്തനം ഉറപ്പാക്കുക. അവയെ ശാക്തീകരിക്കുക.

10. മിഷൻ പ്രവർത്തനങ്ങളുടെ പുരോഗതി സംബന്ധിച്ചും നടത്തിപ്പ് കാര്യങ്ങളെക്കുറിച്ചും ക്രമമായ ഇടവേളകളിൽ റിപ്പോർട്ടുകളും അവലോകന വിവരങ്ങളും ജില്ലാ മിഷനും ജില്ലാ ആസൂത്രണ സമിതിക്കും സംസ്ഥാനതല കർമ്മസേനക്കും മിഷൻ മോണിറ്ററിംഗ് ടീമിനും സമർപ്പിക്കുക.

(2) <u>ഹരിതകേരളം ജില്ലാതല കർമ്മസേനയുടെ പ്രത്യേക ചുമതലകൾ:</u>

1. ജില്ലാതല കർമ്മസേനയുടെ ഉപസമിതികൾ (കൃഷി, ജലവിഭവം, ശുചിത്വ-മാലിന്യ സംസ്കരണം) രൂപീകരിക്കുന്നതിനുള്ള ശിപാർശ നൽകുക, ഉപസമിതികളുടെ പ്രവർത്തനം ഏകോപിപ്പിക്കുക.

2. കൃഷി, ജലവിഭവം, ശുചിത്വ-മാലിന്യ സംസ്കരണം എന്നീ മേഖലകളിൽ സംസ്ഥാന തല കർമ്മ സേനയുടെ നേതൃത്വത്തിൽ പഠന ആസൂത്രണ പദ്ധതി രൂപീകരണ സഹായം ആവശ്യമെങ്കിൽ അതിനുള്ള ശിപാർശ നൽകുക.

(കർമ്മ സേനയുടെ ചുമതലകൾ കാര്യക്ഷമമായും സമയബന്ധിതമായും നിറവേറ്റുന്നതിന് നേതൃത്വപരമായ പങ്ക് വഹിക്കുക എന്നതാണ് ജില്ലാ കോ-ഓർഡിനേറ്ററുടെ പ്രധാന ചുമതല).

<u>ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകളിലെയും നഗരസഭകളിലേയും കർമ്മസേനകളുടെ ചുമതലകൾ:</u>

1. വിവരശേഖരണത്തിന് വേണ്ട സാങ്കേതിക സഹായം നൽകുക.
2. മിഷനുകളുടെ ഹ്രസ്വകാല, ദീർഘകാല ലക്ഷ്യങ്ങൾ (targets) വ്യക്തമായി നിർണ്ണയിക്കുക.
3. ഗ്രാമപഞ്ചായത്ത് പ്രദേശത്തിനും നഗരസഭാ പ്രദേശത്തിനും വേണ്ടിയുള്ള പദ്ധതി തയ്യാറാക്കുക. (ഗ്രാമപഞ്ചായത്തുകളിലെയും നഗരസഭകളിലേയും വർക്കിംഗ് ഗ്രൂപ്പുകളാണ് ഈ ചുമതല നിറവേറ്റേണ്ടത്)
4. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള ആശുപത്രികൾക്കും സ്കൂളുകൾക്കും സ്ഥാപനതല പദ്ധതി തയ്യാറാക്കി അവയെ തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ ക്രോഡീകരിക്കുക.
5. സംയോജിത പദ്ധതിയെ അടിസ്ഥാനമാക്കിയുള്ള പ്രോജക്ടുകൾ അതത് തലങ്ങളിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പതിമൂന്നാം പഞ്ചവത്സര പദ്ധതികളുടെയും വാർഷിക പദ്ധതികളുടെയും ഭാഗമാക്കുന്നതിനുള്ള ശിപാർശ നൽകുക.
6. തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് സാങ്കേതിക സഹായം ആവശ്യമായി വരുന്ന സന്ദർഭങ്ങളിൽ ജില്ലാതല കർമ്മസേന മുഖേന സേവനം ലഭ്യമാക്കുക.
7. മിഷന്റെ/തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ഇടപെടൽ ആവശ്യമായി വരുന്ന വിഷയത്തിൽ പരിഹാര നിർദ്ദേശങ്ങൾ ബന്ധപ്പെട്ട സമിതികളുടെ പരിഗണനയ്ക്ക് സമർപ്പിക്കുക.
8. ജില്ലാ/സംസ്ഥാനതലങ്ങളിൽ തീരുമാനം ആവശ്യമായി വരുന്ന സംഗതികളിൽ അതിനുള്ള പ്രൊപ്പോസൽ തയ്യാറാക്കി തദ്ദേശസ്വയംഭരണസ്ഥാപനം മുഖേന സമർപ്പിക്കുക.
9. മിഷൻ പ്രവർത്തനങ്ങൾ പൂർണ്ണമായി ഡോക്യുമെന്റ് ചെയ്യുക.
10. മിഷൻ സംബന്ധമായ വിവരങ്ങൾ യഥാസമയം ഭരണസമിതിയ്ക്ക് റിപ്പോർട്ട് ചെയ്യുക.

11. മിഷൻ പ്രവർത്തനങ്ങളുടെ പുരോഗതി സംബന്ധിച്ചും നടത്തിപ്പുകാര്യങ്ങളെക്കുറിച്ചും ക്രമമായ ഇടവേളകളിൽ റിപ്പോർട്ടുകളും അവലോകന വിവരങ്ങളും ജില്ലാതല കർമ്മസേനയ്ക്കും ജില്ലാ ആസൂത്രണസമിതിയ്ക്കും സമർപ്പിക്കുക.

(സി) ഇടപെടൽ നടത്തുന്നുണ്ട്.

തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ പൂർണ്ണമായ നേതൃത്വത്തിൽ ജനപങ്കാളിത്തത്തോടെ ആയിരിക്കും മിഷനുകളുടെ പ്രവർത്തനങ്ങൾ നടക്കുക. ഇതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ അംഗങ്ങളെ പ്രാപ്തരാക്കുന്നതിനുള്ള പരിശീലന പരിപാടികൾ സമയബന്ധിതമായി നടക്കുന്നുണ്ട്. പദ്ധതികൾ രൂപീകരിക്കുന്നതിലും നടപ്പിലാക്കുന്നതിനും വിലയിരുത്തുന്നതിനും തദ്ദേശസ്വയംഭരണസ്ഥാപനങ്ങളെ പ്രാപ്തരാക്കുന്നതിനുള്ള നടപടികൾ ഇനിയും തുടരും. ഇതിനായി വിദഗ്ധരുടെ സേവനം ലഭ്യമാക്കും. ശുചിത്വ-മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നടത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും അതിനാവശ്യമായ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ജലവിഭവ സംരക്ഷണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും തയ്യാറാക്കിയിട്ടുണ്ട്. പ്രാദേശിക ജലസ്രോതസ്സുകളുടെ പുനരുജ്ജീവന പ്രവർത്തനങ്ങൾ ഇതിനകം തന്നെ നടപ്പിലാക്കി വരുന്നുണ്ട്.

**വികസന പദ്ധതികൾക്ക് ഭൂമി ഏറ്റെടുക്കുന്നതിനുള്ള തടസ്സം**

167(3461) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാതാ വികസനം, പ്രകൃതിവാതക പൈപ്പ് ലൈൻ , റെയിൽപാത ഇരട്ടിപ്പിക്കൽ എന്നീ പദ്ധതികൾ ഭൂമി ഏറ്റെടുക്കുന്നതിനുള്ള തടസ്സം കാരണം മന്ദീഭവിച്ചിട്ടുണ്ടോ;

(ബി) ദേശീയ പാതാ വികസനത്തിന് സ്ഥലമേറ്റെടുത്ത് നൽകണമെന്നും നടപടികൾ വേഗത്തിലാക്കിയില്ലെങ്കിൽ കേന്ദ്ര ഫണ്ട് നഷ്ടമാകുമെന്നും കേന്ദ്ര സർക്കാർ സംസ്ഥാനത്തെ അറിയിച്ചിട്ടുണ്ടോ; ആയതിന്റെ അടിസ്ഥാനത്തിൽ ഭൂമിയേറ്റെടുക്കൽ ത്വരിതപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(സി) പൊതുആവശ്യങ്ങൾക്ക് ഭൂമിയേറ്റെടുക്കുമ്പോൾ ന്യായമായ നഷ്ടപരിഹാരം ഉറപ്പാക്കണമെന്നും 2013 ലെ ഭൂമി ഏറ്റെടുക്കൽ നിയമത്തിലെ വ്യവസ്ഥകൾ പാലിക്കുവാൻ സർക്കാരിന് ബാധ്യതയുണ്ടെന്നുമുള്ള കേരള ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ ഭൂമി ഏറ്റെടുക്കൽ നടപടികൾ ത്വരിതപ്പെടുത്തുമോ?

ഉത്തരം

(എ) ദേശീയപാത വികസനം, റെയിൽപ്പാത ഇരട്ടിപ്പിക്കൽ എന്നിവയ്ക്കുള്ള ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് സാമൂഹിക ആഘാത പഠനം നടത്തുന്നതിന് കാലതാമസം നേരിട്ടിട്ടുണ്ട്. ചില സ്ഥലങ്ങളിൽ തദ്ദേശിയരുടെ എതിർപ്പ് കാരണം ഭൂമി ഏറ്റെടുക്കൽ നടപടികൾ മന്ദഗതിയിലായിട്ടുണ്ട്. പ്രകൃതി വാതക പൈപ്പ് ലൈനുമായി ബന്ധപ്പെട്ട ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിച്ചുവരികയാണ്.

(ബി) അപ്രകാരം അറിയിപ്പുകളൊന്നും ലഭിച്ചിട്ടില്ല. മേൽപ്പറഞ്ഞ വികസന പ്രവർത്തനങ്ങൾക്ക് ഭൂമി ത്വരിതഗതിയിൽ ഏറ്റെടുക്കുന്നതിലേയ്ക്കായി ഐ.എ.എസ്. കേഡറിലുള്ള ഒരു നോഡൽ ഓഫീസറെ നിയമിച്ചിട്ടുണ്ട്. കൂടാതെ മുഖ്യമന്ത്രി, പൊതുമരാമത്ത് വകുപ്പുമന്ത്രി, റവന്യൂ വകുപ്പുമന്ത്രി എന്നിവരുടെ സാന്നിദ്ധ്യത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി സ്ഥലമേറ്റെടുക്കൽ നടപടികൾക്കായി തുടർച്ചയായ ചർച്ചകളും അവലോകനവും നടത്തി വരുന്നു. സ്ഥലം നല്കാവുന്ന സ്ഥലങ്ങളിൽപ്പോലും NHAI ഏറ്റെടുക്കാൻ വൈകുന്നു.

(സി) പൊതുആവശ്യങ്ങൾക്കായി ഭൂമി ഏറ്റെടുക്കുമ്പോൾ നഷ്ടപരിഹാരം ഉറപ്പുവരുത്തുന്നുണ്ട്. വികസന പ്രവർത്തനങ്ങൾക്ക് ഭൂമി വിട്ടുനൽകുന്നവരുടെ താല്പര്യങ്ങൾ ബന്ധപ്പെട്ട നിയമങ്ങൾക്ക് അനുസൃതമായി പരമാവധി സംരക്ഷിച്ചുകൊണ്ട് ഭൂമി ഏറ്റെടുക്കൽ നടപടികൾ ത്വരിതഗതിയിൽ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**വ്യവസായ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിന് നടപടികൾ**

168(3462) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രകൃതിവാതകക്കുഴൽ പദ്ധതിക്കായി ഗെയിൽ ഏറ്റെടുത്ത സ്ഥലത്തിന് നഷ്ടം പരിഹാര വിതരണം തുടങ്ങിയോ എന്ന് വ്യക്തമാക്കാമോ;

(ബി) എങ്കിൽ എന്നാണ് വിതരണം തുടങ്ങിയതെന്നും ഇതുവരെ എത്രപേർക്ക് എത്ര തുക നൽകിയെന്നും ജില്ലതിരിച്ച് വ്യക്തമാക്കാമോ;

(സി) കേരളത്തിൽ വാതകക്കുഴൽ കടന്നുപോകുന്ന സ്ഥലത്തിന് ഭൂവുടമകൾക്ക് നഷ്ടപരിഹാരമായി എന്തുതുകയാണ് നൽകേണ്ടതെന്ന് വ്യക്തമാക്കാമോ;

(ഡി) ഈ തുക കൊടുത്തുതീർക്കുവാൻ അന്തിമ തീയതി നിശ്ചയിച്ചിട്ടുണ്ടോ;

(ഇ) എങ്കിൽ ഈ തീയതിക്കുള്ളിൽ കൊടുത്തുതീർത്തില്ലെങ്കിൽ തുക പാഴാകുന്ന സാഹചര്യമുണ്ടോ എന്ന് വ്യക്തമാക്കുമോ;

(എഫ്) ഭൂവുടമകൾക്ക് നഷ്ടപരിഹാരമായി നൽകുന്ന തുകയുടെ വിശദവിവരം വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ & ബി) നഷ്ടപരിഹാരത്തുക വിതരണംചെയ്ത് തുടങ്ങിയിട്ടുണ്ട്. പദ്ധതിയുടെ പുരോഗതിക്കനുസരിച്ചാണ് നഷ്ടപരിഹാരത്തുക നൽകിവരുന്നത്. 2012 മുതൽ നഷ്ടപരിഹാരത്തുക നൽകിത്തുടങ്ങി.

| ക്രമ നമ്പർ | ജില്ല | ഭൂവുടമകളുടെ എണ്ണം (ഏകദേശം) | നഷ്ടപരിഹാരത്തുക (വിളകൾക്കുംഭൂമിയുടെ ഉപയോഗാവകാശത്തിന്റെ തുകയും ഉൾപ്പെടെ) |
|---|---|---|---|
| 1 | എറണാകുളം | 125 | 1,82,82,659-00 |
| 2 | തൃശ്ശൂർ | 860 | 5,68,52,741-00 |
| 3 | പാലക്കാട് | 338 | 1,62,68,201-00 |
| 4 | കോഴിക്കോട് | 50 | 1,39,04,801-00 |
| 5 | കണ്ണൂർ | 203 | 83,62,750-00 |
| 6 | കാസർഗോഡ് | 398 | 9,27,17,265-00 |
| | ആകെ | 1974 | 20,63,88,417-00 |

(സി) ഗെയിൽ വാതക പൈപ്പ് ലൈൻ പദ്ധതിക്കുവേണ്ടി സ്ഥലത്തിന്റെ ഉപയോഗാവകാശം മാത്രമാണ് ഗെയിൽ ഏറ്റെടുക്കുന്നത്. നഷ്ടപരിഹാരം രണ്ട് ഘട്ടങ്ങളിലായാണ് നൽകുന്നത്.

1. വിളകളുടെ നഷ്ടപരിഹാരം.

2. സ്ഥലത്തിന്റെ നഷ്ടപരിഹാരം.

വിളകൾക്ക് competent authority നിശ്ചയിക്കുന്ന വിലയും ഭൂമിയുടെ ഉപയോഗാവകാശത്തിനായി സ്ഥലത്തിന് ന്യായവിലയുടെ 50% നഷ്ടപരിഹാരമായി നൽകുന്നതിനുള്ള വ്യവസ്ഥ നിലവിലുണ്ട്.

(ഡി) പൈപ്പ് ലൈൻ വിന്യസിക്കുന്നതിനനുസരിച്ചാണ് നഷ്ടപരിഹാരത്തുക നൽകുന്നത്. എന്നതിനാൽ സമയപരിധി നിശ്ചയിച്ചിട്ടില്ല. എങ്കിലും 2018 മാർച്ച് 31-ന് മുമ്പ് കൊടുത്തുതീർക്കുവാനാണ് ഗെയിൽ ലക്ഷ്യമിട്ടിരിക്കുന്നത്.

(ഇ) നഷ്ടപരിഹാരത്തുക പൂർണ്ണമായും നൽകുന്നത് ഗെയിൽ (ഇന്ത്യ) ലിമിറ്റഡ് ആണ്. തുക പാഴാകുന്ന സാഹചര്യം നിലനിൽക്കുന്നില്ല.

(എഫ്) ചമയങ്ങൾക്ക് ജില്ലാ കൃഷി ഓഫീസർ നിശ്ചയിക്കുന്ന ആയുഷ്കാല വിളവിന്റെ പശ്ചാത്തലത്തിലാണ് വിളകളുടെ നഷ്ടപരിഹാരം നിശ്ചയിക്കുന്നത്. നാണ്യവിളകളുടെ വില കണക്കാക്കുന്നത് Kerala Economics & Statistics Department-ന്റെ വാർഷിക വിലനിലവാര കണക്കുകൾ അനുസരിച്ചാണ്. വിളകൾക്ക് താരതമ്യേന ന്യായമായ നഷ്ടപരിഹാരം ലഭിക്കുന്നുണ്ട്. Rou സ്ഥലവിലയുടെ നഷ്ടപരിഹാരം, 1962-ലെ P & MP Act അനുസരിച്ച് മാർക്കറ്റ് വിലയുടെ 10% ആണ് നൽകേണ്ടത്. എന്നാൽ ഇത് താരതമ്യേന തുച്ഛമായതിനാൽ ന്യായവിലയുടെ 50% നൽകുവാനാണ് തീരുമാനിച്ചിട്ടുള്ളത്.

**ബാലസാന്ത്വനം പദ്ധതി**

169(3463) <u>ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടികളിലെ കാൻസർ ചികിത്സാ സഹായ പദ്ധതിയായ 'ബാലസാന്ത്വനം' പദ്ധതി നിലവിലുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) ബാലസാന്ത്വനം പദ്ധതിയിൽ സർക്കാർ ജീവനക്കാരുടെ പങ്കാളിത്തം എത്രയാണെന്ന് വിശദീകരിക്കുമോ ;

(സി) ഭൂരിപക്ഷം സർക്കാർ ജീവനക്കാരെയും പദ്ധതിയിൽ പങ്കാളികളാക്കി ബാലസാന്ത്വനം പദ്ധതി വിപുലപ്പെടുത്തുന്ന കാര്യം ആലോചിക്കുമോ?

<u>ഉത്തരം</u>

(എ) കുട്ടികളിലെ കാൻസർ ചികിത്സാപദ്ധതിയായ 'ബാലസാന്ത്വനം' 23-12-2014-ലെ ജി.ഒ.(പി) നമ്പർ575/2014/ധന ഉത്തരവ് പ്രകാരം രൂപം നൽകിയിട്ടുള്ളത്. ടി പദ്ധതി ഇപ്പോഴും നിലവിലുണ്ട്.

(ബി) സർക്കാർ ജീവനക്കാരുടെ ശമ്പളത്തിൽനിന്നും നിശ്ചിതതുക സ്വമേധയാ സംഭാവനയായി സ്വരൂപിച്ചുകൊണ്ടാണ് പങ്കാളിത്തം ഉറപ്പുവരുത്തുന്നത്.

(സി) ഭൂരിപക്ഷം ജീവനക്കാരെയും 'ബാലസാന്ത്വനം' പദ്ധതിയിൽ പങ്കാളികളാക്കി നടപടികൾ സ്വീകരിക്കാവുന്നതാണ്.

## സ്വകാര്യ ആശുപത്രികളുടെ ചൂഷണം

170(3464) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഴക്കാല രോഗങ്ങളുടെ മറവിൽ സ്വകാര്യ ആശുപത്രികൾ ജനങ്ങളെ ചൂഷണം ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അനാവശ്യമായ ലാബ് പരിശോധനകൾ, സ്കാനിംഗ് എന്നിവ നടത്തി രോഗികളിൽ നിന്നും അമിത ഫീസ് ഈടാക്കുന്ന പ്രവണതയ്ക്കെതിരെ എന്തെങ്കിലും നിയന്ത്രണം കൊണ്ടുവരുവാൻ ആലോചിക്കുന്നുണ്ടോ;

(സി) ക്ലിനിക്കൽ എസ്റ്റാബ്ലിഷ് മെന്റ് നിയമം നടപ്പ് സമ്മേളനകാലയളവിൽ സഭയിൽ അവതരിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ- സി) ഉണ്ട്. സ്വകാര്യ ചികിത്സാ സ്ഥാപനങ്ങളുടെ പ്രവർത്തനം നിയന്ത്രിക്കുന്നതിന് നിലവിൽ ആരോഗ്യ വകുപ്പിന് സംവിധാനമില്ല. എന്നാൽ സ്വകാര്യ ആശുപത്രികൾ, ലാബുകൾ, സ്കാനിംഗ് സെന്ററുകൾ തുടങ്ങിയ എല്ലാ ചികിത്സാ സ്ഥാപനങ്ങളുടെയും പ്രവർത്തനം വ്യവസ്ഥാപിതമായ നിയമം മുഖേന നിയന്ത്രിക്കുക എന്ന ലക്ഷ്യത്തോടെ "കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് (രജിസ്ട്രേഷൻ & റഗുലേഷൻ) ബിൽ 2017" ന് രൂപംനൽകിയിട്ടുണ്ട്. പ്രസ്തുത ബിൽ നിയമസഭയിൽ 10-8-2017-ന് അവതരിപ്പിക്കുകയുണ്ടായി. ബിൽ നിയമമാകുന്ന മുറയ്ക്ക് ലാബുകളുടെ പ്രവർത്തനനിലവാരവും പരിശോധന നിലവാരവും കുറ്റമറ്റതും നിയന്ത്രണ വിധേയവുമാക്കാൻ സാധിക്കുന്നതാണ്.

## വൈക്കം താലൂക്ക് ഗവൺമെന്റ് ആശുപത്രിയുടെ വികസന പ്രവർത്തനങ്ങൾ

171(3465) ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18 സാമ്പത്തിക വർഷത്തെ ബജറ്റിൽ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി പ്രഖ്യാപിച്ച വൈക്കം താലൂക്ക് ഗവൺമെന്റ് ആശുപത്രിയുടെ വികസന പദ്ധതി സംബന്ധിച്ച നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) വൈക്കം താലൂക്ക് ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ് ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ എന്നറിയിക്കുമോ;

(സി) ഡയാലിസിസ് യൂണിറ്റിന്റെ പ്രവർത്തനം എന്ന് ആരംഭിക്കാൻ

കഴിയുമെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത ആശുപത്രിയിൽ ഇപ്പോൾ ഏതെല്ലാം പദ്ധതിയിൽപ്പെട്ട നിർമ്മാണ പ്രവൃത്തികളാണ് നടന്നുകൊണ്ടിരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ആർദ്രം പദ്ധതിയുടെ ഭാഗമായി തെരഞ്ഞെടുക്കപ്പെട്ട താലൂക്ക് ആശുപത്രികളുടെ പട്ടികയിൽ വൈക്കം താലൂക്ക് ആശുപത്രിയും ഉൾപ്പെട്ടിട്ടുണ്ട്. മെച്ചപ്പെട്ട ചികിത്സാ സൗകര്യം ലഭ്യമാക്കുന്നതിനുവേണ്ടി ലാബ് ടെക്നീഷ്യന്റെ ഒരു തസ്തിക സൃഷ്ടിച്ചിട്ടുണ്ട്. താലൂക്ക് ആശുപത്രികളുടെ ഭൗതിക സൗകര്യം മെച്ചപ്പെടുത്തുന്നതിന് കിഫ്ബിയിൽ ഉൾപ്പെടുത്തി മുൻഗണന നൽകിയ ആശുപത്രികളുടെ പട്ടികയിൽ വൈക്കം താലൂക്ക് ആശുപത്രിയെ ഉൾപ്പെടുത്തിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ 50 കോടി രൂപയുടെ മാസ്റ്റർ പ്ലാൻ തയ്യാറാക്കിവരുന്നു.

(ബി & സി) ഇപ്പോൾ പരിഗണനയിലില്ല.

(ഡി) ടി ആശുപത്രി കോമ്പൗണ്ടിൽ സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

## ആരോഗ്യ അടിയന്തരാവസ്ഥ

172(3466) <u>ശ്രീ. ഷാഫി പറമ്പിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പകർച്ചപ്പനി നിയന്ത്രിക്കുന്നതിനുള്ള പ്രതിരോധ പ്രവർത്തനങ്ങൾ പാതി വഴിയിൽ ഉപേക്ഷിക്കുകയോ പേരിന് മാത്രമാകുകയോ ചെയ്തതോടെ പനി ബാധിതരുടെ എണ്ണത്തിൽ കുതിച്ചു ചാട്ടം ഉണ്ടായിട്ടുണ്ടോ;

(ബി) പ്രതിദിനം പിഞ്ചു കുഞ്ഞുങ്ങൾ ഉൾപ്പെടെ പത്തോളം പേർ പനിമൂലം മരിക്കുന്ന ഗുരുതര സാഹചര്യം ഉണ്ടായതിനു കാരണം ആരോഗ്യ വകുപ്പ് കാര്യക്ഷമമായി പ്രവർത്തിക്കാത്തതാണെന്നു കരുതുന്നുണ്ടോ;

(സി) കഴിഞ്ഞ ഏഴുമാസത്തിനകം 19 ലക്ഷത്തിലധികംപേർ വിവിധ പകർച്ചപ്പനി ബാധിച്ച് ആശുപത്രികളെ ശരണംപ്രാപിക്കുകയും 400 -ലധികം പേർ മരണപ്പെടുകയും ചെയ്ത അടിയന്തര സാഹചര്യം കണക്കിലെടുത്ത് സംസ്ഥാനത്ത് ആരോഗ്യ അടിയന്തരാവസ്ഥ പ്രഖ്യാപിക്കുന്നതിന് ഉദ്ദേശമുണ്ടോ?

<u>ഉത്തരം</u>

(എ) പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനം പാതിവഴിയിൽ ഉപേക്ഷിക്കുന്ന ഒന്നല്ല. ഒരു വർഷം നീണ്ടുനിൽക്കുന്ന കർമ്മ പരിപാടികളാണ് ആരോഗ്യ വകുപ്പ് നടപ്പിലാക്കിവരുന്നത്. ഇതര വകുപ്പുകളുടെ സഹകരണ ത്തോടെയും പൊതുജന പങ്കാളിത്തത്തോടെയുമാണ് ഇത് നടപ്പിലാക്കുന്നത്. കാലാവസ്ഥാ വ്യതിയാനങ്ങളും അന്തരീക്ഷ താപനിലയിലെ വർദ്ധനവ്, ഇടവിട്ടുള്ള മഴ, ജലദൗർലഭ്യം, മാലിന്യ നിർമ്മാർജ്ജനത്തിലുള്ള പോരായ്മ എന്നിവയും കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് പകർച്ചപ്പനി വർദ്ധിക്കുവാൻ കാരണമായിട്ടുണ്ട്.

(ബി) ഇല്ല. പനിമരണങ്ങൾ കൂടിയ സാഹചര്യത്തിൽ ആരോഗ്യ വകുപ്പ് ഓരോ ജില്ലകളിലെയും ചികിത്സാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുവാനും നിയന്ത്രണ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുവാനും നടപടികൾ സ്വീകരിച്ചിരുന്നു. മാർഗ്ഗരേഖകൾക്കനുസൃതമായി ശരിയായ ചികിത്സ സ്വകാര്യ ആശുപത്രികൾ അടക്കമുള്ള എല്ലാ ആശുപത്രികളിലും ഉറപ്പാക്കാൻവേണ്ട നിർദ്ദേശങ്ങൾ നൽകുകയുണ്ടായി. ആവശ്യത്തിന് ഡോക്ടർമാരുടെയും അനുബന്ധ ഉദ്യോഗസ്ഥരുടേയും ലഭ്യത ഉറപ്പുവരുത്തുകയുണ്ടായി. സ്വയം ചികിത്സ നടത്തിയും സ്വകാര്യ ആശുപത്രികൾ മാറി മാറി സന്ദർശിക്കുന്നതുമൊക്കെ മരണ നിരക്ക് കൂടുവാൻ കാരണമായതായി കരുതുന്നു.

(സി) തത്ക്കാലം പരിഗണനയിലില്ല.

**മെഡിക്കൽ ലബോറട്ടറികൾക്ക് ഫലപ്രദമായ നിയന്ത്രണം**

173(3467) <u>ശ്രീ. സി. മമ്മൂട്ടി:</u>
<u>ശ്രീ. ടി. എ. അഹമ്മദ് കബീർ:</u>
<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:</u>
<u>ശ്രീ. കെ. എം. ഷാജി :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യാതൊരു നിയന്ത്രണവും ഇല്ലാതെ പ്രവർത്തിക്കുന്ന മെഡിക്കൽ ലബോറട്ടറികൾക്ക് ഫലപ്രദമായ നിയന്ത്രണം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ എന്നറിയിക്കാമോ;

(ബി) അടിസ്ഥാന സൗകര്യങ്ങളുടെ കുറവും നിശ്ചിത യോഗ്യതയില്ലാത്തവർ ഈ രംഗത്ത് പ്രവർത്തിക്കുന്നതുമൂലം ഇവർ തയ്യാറാക്കുന്ന റിപ്പോർട്ടുകളിൽ ഗുരുതരമായ തെറ്റുകൾ കടന്നുകൂടുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഓരോ ടെസ്റ്റിനും വ്യത്യസ്തത നിരക്കിൽ ഫീസ് ഈടാക്കുന്നത് തടയാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

<u>ഉത്തരം</u>

(എ - സി) ഉണ്ട്. സ്വകാര്യ ചികിത്സാ സ്ഥാപനങ്ങളുടെ പ്രവർത്തനം നിയന്ത്രിക്കുന്നതിന് ആരോഗ്യ വകുപ്പിന് നിലവിൽ സംവിധാനമില്ല. എന്നാൽ സ്വകാര്യ ആശുപത്രികൾ, ലാബുകൾ, സ്കാനിംഗ് സെന്ററുകൾ തുടങ്ങിയ എല്ലാ ചികിത്സാ സ്ഥാപനങ്ങളുടെയും പ്രവർത്തനം വ്യവസ്ഥാപിതമായ നിയമം മുഖേന നിയന്ത്രിക്കുക എന്ന ലക്ഷ്യത്തോടെ "കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് (രജിസ്ട്രേഷൻ &റഗുലേഷൻ) ബിൽ 2017" -ന് രൂപം നൽകിയിട്ടുണ്ട്. പ്രസ്തുത ബിൽ നിയമസഭയിൽ 10-8-2017-ന് അവതരിപ്പിക്കുകയുണ്ടായി. ബിൽ നിയമമാകുന്ന മുറയ്ക്ക് ലാബുകളുടെ പ്രവർത്തന നിലവാരവും പരിശോധനാ നിലവാരവും കുറ്റമറ്റതാക്കുവാൻ സാധിക്കുന്നതാണ്.

## എ.സി.ഷണ്മുഖദാസ് മെമ്മോറിയൽ ആയുർവേദിക് ചൈൽഡ് ആന്റ് അഡോളസെന്റ് കെയർ സെന്റർ

174(3468) <u>ശ്രീ. എ. കെ. ശശീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുറക്കാട്ടേരി എ.സി.ഷണ്മുഖദാസ് മെമ്മോറിയൽ ആയുർവേദിക് ചൈൽഡ് ആന്റ് അഡോളസെന്റെ കെയർ സെന്റർ വികസനം സംബന്ധിച്ച് മന്ത്രിതല യോഗ തീരുമാനപ്രകാരം പ്രോജക്ട് ലഭിച്ചിട്ടുണ്ടോ എന്ന് വെളിപ്പെടുത്താമോ;

(ബി) ഈ ആശുപത്രി വികസനവുമായി ബന്ധപ്പെട്ട് ഇതുവരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) മന്ത്രിതല യോഗതീരുമാന പ്രകാരം 50 കിടക്കകളുള്ള ആയുർവ്വേദ സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രിയാക്കി ഉയർത്താനുള്ള പുതുക്കിയ പ്രോജക്ട് തയ്യാറാക്കി വരുന്നു.

(ബി) 2016-17 സാമ്പത്തിക വർഷം പ്ലാൻ ഫണ്ടിൽനിന്ന് 1,00,58,554 (ഒരു കോടി അൻപത്തെട്ടായിരത്തി അഞ്ഞൂറ്റി അൻപത്തിനാല് രൂപ മാത്രം) രൂപ കൂടാതെ ജില്ലാ പഞ്ചായത്തിൽനിന്നും ലഭിച്ച 46 ലക്ഷം രൂപ ഉപയോഗിച്ച് പഞ്ചകർമ്മ തിയേറ്റർ ആരംഭിക്കുകയും, 10 ലക്ഷം രൂപ ഉപയോഗിച്ച് കോമ്പൗണ്ടിനകത്ത് റോഡ് നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്.

2017-18 സാമ്പത്തിക വർഷം ആശുപത്രി പ്രവർത്തനത്തിനായി പ്ലാൻ ഫണ്ടിൽനിന്നും ഒരു കോടി രൂപ അനുവദിച്ചിട്ടുണ്ട്. കൂടാതെ ജില്ലാ പഞ്ചായത്തിൽ നിന്നും 10 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

## പനി വ്യാപനം തടയാൻ നടപടി

175(3470) ശ്രീ. കെ.സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷം സംസ്ഥാനത്ത് , പ്രത്യേകിച്ച് തലസ്ഥാനത്ത് പനി വ്യാപിക്കുന്നത് തടയാൻ സർക്കാർ തലത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത്;

(ബി) ഭാവിയിൽ ഇത്തരത്തിൽ പനി വ്യാപിക്കുന്നത് തടയാൻ സംസ്ഥാന തലത്തിൽ വിവിധ ഏജൻസികളെ ഏകോപിപ്പിച്ചുകൊണ്ട് ഒരു മാസ്റ്റർപ്ലാൻ തയ്യാറാക്കി പ്രതിരോധ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുമോ?

ഉത്തരം

(എ) പനി വ്യാപിക്കുന്നത് തടയുവാനായി താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചു:

1. ഗവൺമെന്റ് ആശുപത്രികളിൽ പ്രത്യേക പനി ക്ലിനിക്ക് ആരംഭിച്ചു.
2. ആശുപത്രികളിൽ ഒ.പി. സമയം ദീർഘിപ്പിച്ചു.
3. പനി പ്രത്യേകിച്ച് ഡങ്കിപ്പനിയായി ഐ.പി. ആയ രോഗികളെ കൊതുകുവലകളിൽ കിടത്തി.
4. ആവശ്യമായ മരുന്നുകളുടെ ലഭ്യത ഉറപ്പ് വരുത്തി.
5. കൊതുകുനിയന്ത്രണത്തിനായുള്ള കീടനാശിനികളുടെ ലഭ്യത ഉറപ്പ് വരുത്തി.
6. പ്ലാൻ ഫണ്ടും, എൻ.വി.ബി.ഡി.സി.പി. ഫണ്ടുകൾ ചെലവഴിച്ചു.
7. നാഷണൽ ഹെൽത്ത് മിഷൻ (എൻ.എച്ച്.എം.) വഴി ഓരോ വാർഡുകൾക്കും 10,000 രൂപ വീതം അനുവദിച്ചു വരുന്നു.
8. പ്രത്യേക അവലോകന മീറ്റിംഗ് വിളിച്ചുകൂട്ടി.
9. ഉറവിട നശീകരണപ്രവർത്തനങ്ങൾ ആശ, അങ്കണവാടി, ആരോഗ്യ പ്രവർത്തകർ തുടങ്ങിയവർവഴി നടത്തി.
10. ഫിവർ സർവ്വെയിലൻസ് (നിരീക്ഷണം നടത്തി)
11. കൊതുക് നിയന്ത്രണ പ്രവർത്തനങ്ങളായ സ്പ്രേയിംഗ്, ഫോഗിംഗ്, ഐ.എസ്.എസ്. എന്നിവ നടത്തി.
12. കൊതുകിന്റെ സാന്ദ്രതാപഠനം നടത്തി.
13. ആരോഗ്യ ബോധവൽക്കരണ പോസ്റ്ററുകൾ, നോട്ടീസ്, ലഘുലേഖകൾ, ബിറ്റ്നോട്ടീസ് എന്നിവ തയ്യാറാക്കി വിതരണംചെയ്തു.

14. വാഹന പ്രചരണം, ആരോഗ്യ സന്ദേശയാത്ര, മൈക്ക് പ്രചരണം എന്നിവ നടത്തി.

(ബി) മെഡിക്കൽ കോളേജ് കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗം, ഐ.എം.എ റെസിഡന്റ്സ് അസോസിയേഷൻ, സ്വകാര്യ ആശുപത്രി മാനേജ്മെന്റുകൾ, രാജീവ് ഗാന്ധി ബയോടെക്നോളജി എന്നീ സ്ഥാപനങ്ങളെ ഉൾപ്പെടുത്തിക്കൊണ്ട് മാസ്റ്റർപ്ലാൻ തയ്യാറാക്കി പ്രതിരോധ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചിട്ടുണ്ട്.

**പനി പടർന്നുപിടിക്കുന്നത് തടയുവാൻ ശാസ്ത്രീയ മാർഗ്ഗങ്ങൾ**

176(3471) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പനി ബാധിച്ച് മരണമടഞ്ഞവരുടെ വിശദമായ വിവരം ലഭ്യമാക്കുമോ;

(ബി) മഴക്കാല രോഗങ്ങൾ തടയുവാനും മാലിന്യങ്ങൾ നീക്കംചെയ്യുവാനും ആരോഗ്യ വകുപ്പിന് സ്ഥിരം സംവിധാനം ഉണ്ടായിരുന്നിട്ടും പനി പടർന്നു പിടിച്ച് ഡോക്ടർമാർ ഉൾപ്പെടെ ആരോഗ്യ പ്രവർത്തകർ മരണമടഞ്ഞ കാര്യം പരിശോധിച്ചിട്ടുണ്ടോ;

(സി) ഡെങ്കിപ്പനി പോലുള്ള രോഗങ്ങൾ പടർന്നുപിടിക്കുന്നത് തടയുവാൻ എന്തെങ്കിലും ശാസ്ത്രീയ മാർഗ്ഗങ്ങൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) പനി ബാധിക്കുന്നവരുടെ പരിശോധനയ്ക്കുള്ള ലാബുകൾ സംസ്ഥാനത്ത് വേണ്ടത്ര ഇല്ലെന്നുള്ള പരാതി പരിശോധിക്കുമോ; വ്യക്തമാക്കുമോ;

(ഇ) സംസ്ഥാനത്തെ നഗരസഭകളിലെ ഹെൽത്ത് ഇൻസ്പെക്ടർമാരുടെയും മറ്റ് ആരോഗ്യ പ്രവർത്തകരുടെയും യോജിച്ചുള്ള പ്രവർത്തനത്തിന് ആരോഗ്യ വകുപ്പ് നേതൃത്വം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ

ഉത്തരം

(എ) അനുബന്ധമായി ചേർക്കുന്നു. +

(ബി) പരിശോധിച്ചിട്ടുണ്ട്.

(സി) ഡെങ്കിപ്പനി തടയുന്നതിന് ശാസ്ത്രീയ മാർഗ്ഗങ്ങളാണ് ആരോഗ്യ വകുപ്പ്

\+ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

നടത്തി വരുന്നത്. ഡെങ്കിപ്പനി രോഗ നിരീക്ഷണത്തിനും സ്ഥിരീകരണത്തിനും അംഗീകൃത മാർഗ്ഗരേഖ അനുസരിച്ചുള്ള ചികിത്സയ്ക്കും വേണ്ട സംവിധാനങ്ങൾ നിലവിലുണ്ട്. ഡെങ്കിപ്പനി പരത്തുന്ന ഈഡിസ് കൊതുകുകളെ നിയന്ത്രിക്കുവാനുള്ള ഫലപ്രദമായ മാർഗ്ഗം ഉറവിട നശീകരണം തന്നെയാണ്. ഇതിനുള്ള അവബോധം എല്ലാ തലത്തിലും വകുപ്പ് സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ടെമിഫോസ് മുതലായ കൂത്താടി നാശിനികളും ഉപയോഗിക്കുന്നുണ്ട്. ജലാശയങ്ങളിലും വാട്ടർ ടാങ്കുകളിലും കൂത്താടി നാശിനികളായ മത്സ്യങ്ങളെ (ഗപ്പി) നിക്ഷേപിയ്ക്കുന്നുണ്ട്.പൂർണ്ണ വളർച്ചയെത്തിയ കൊതുകുകളെ നശിപ്പിക്കുന്നതിനായി രാസ നിയന്ത്രണ മാർഗ്ഗങ്ങളായ ഇൻഡോർ സ്പേസ് സ്പ്രേ, ഫോഗിംഗ് മുതലായവ രോഗം വ്യാപകമാകുന്ന സാഹചര്യങ്ങളിൽ നടത്തുന്നുണ്ട്. ഇവ കൂടാതെ വ്യക്തിഗത സുരക്ഷാ മാർഗ്ഗങ്ങൾ ഉപയോഗിക്കുവാനുള്ള അവബോധവും നൽകുന്നുണ്ട്. രോഗ പ്രതിരോധത്തിന് കൊതുക് ഉറവിട നശീകരണം ഉൾപ്പെടെയുള്ള പ്രവർത്തനങ്ങളും കൊതുക നിയന്ത്രണത്തിന് ഫോഗിംഗ്, ഇൻഡോർ സ്പ്രേയിംഗ് തുടങ്ങിയവ നടത്തിവരുന്നു.

(ഡി) ഡങ്കി, ചിക്കൻഗുനിയ മുതലായവ സ്ഥിരീകരിക്കുന്നതിനായി 26 സെന്റിനൽ സർവ്വേലൻസ് ലാബുകൾ, 14 ജില്ലകളിലായി പ്രവർത്തിക്കുന്നുണ്ട്. കൂടാതെ ജില്ല/ജനറൽ താലൂക്കാശുപത്രികൾ സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ എന്നിവിടങ്ങളിലെ ലാബുകളിലും രക്തപരിശോധനയ്ക്കുള്ള സംവിധാനമുണ്ട്. ഇത് കൂടാതെ എവെക്സ് റഫറൽ ലാബായ സ്റ്റേറ്റ് പബ്ലിക് ഹെൽത്ത് ലാബിൽ പി.സി.ആർ അടക്കമുള്ള എല്ലാ പരിശോധനകളും നടത്തുന്നുണ്ട്. ആലപ്പുഴയിലെ എൻ.ഐ.വി. യൂണിറ്റ്, മണിപ്പാൽ വൈറോളജി റിസർച്ച് സെന്റർ, രാജീവ് ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജി, തിരുവനന്തപുരം തുടങ്ങിയ ലാബുകൾ വഴിയും വിവിധതരം പനികൾക്കായുള്ള പരിശോധനകൾ നടത്തിവരുന്നു.

(ഇ) നഗരസഭകളിലെ ഹെൽത്ത് ഇൻസ്പെക്ടർമാർ ആരോഗ്യവകുപ്പിന് കീഴിൽ അല്ലാത്തതുകൊണ്ട് ആരോഗ്യ വകുപ്പിന് നേതൃത്വം നൽകുന്നതിന് പ്രായോഗിക വിഷമതകൾ ഉണ്ട്.

**ജനനീ ശിശു സുരക്ഷ കാര്യക്രമം**

177(3472) <u>ശ്രീ. കെ. എസ്. ശബരീനാഥൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗർഭിണികളായ സ്ത്രീകൾക്കും കുഞ്ഞുങ്ങൾക്കുമായിട്ടുള്ള ആരോഗ്യ പരിപാലന പദ്ധതിയായ 'ജനനീ ശിശു സുരക്ഷ കാര്യക്രമിലൂടെ സംസ്ഥാനത്തെ എല്ലാ ആശുപത്രികളിലും സൗജന്യ ചികിത്സ നൽകുന്നുണ്ടോ ; എങ്കിൽ ഈ പദ്ധതിയുടെ നടത്തിപ്പ് എങ്ങനെയാണെന്ന് വിശദമാക്കാമോ;

(ബി) തിരുവനന്തപുരം ജില്ലയിലെ നെടുമങ്ങാട് ജില്ലാ ആശുപത്രിയിൽ ഈ പദ്ധതിയുടെ ഗുണഫലം രോഗികൾക്ക് ലഭിക്കുന്നില്ലായെന്നുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ രോഗികൾക്ക് സൗജന്യ ചികിത്സയോ, പുറമേനിന്നും വാങ്ങുന്ന മരുന്നുകൾക്ക് തുക തിരികെ നൽകുന്നതിലോ കാലതാമസം ഉണ്ടാകുന്നത് ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) ഗർഭിണികളായ സ്ത്രീകൾക്കും കുഞ്ഞുങ്ങൾക്കുമായിട്ടുള്ള ആരോഗ്യ പരിപാലന പദ്ധതിയായ 'ജനനീ ശിശു സുരക്ഷ കാര്യക്രമം' നടപ്പിലാക്കുന്ന എല്ലാ ആശുപത്രികളിലും സൗജന്യ ചികിത്സ നൽകുന്നുണ്ട്. ഗർഭിണിയായ ഒരു സ്ത്രീക്ക് അവരുടെ ആന്റി നൊനറ്റൽ കെയർ മുതൽ പ്രസവം കഴിഞ്ഞ് 48 ദിവസം വരെയുള്ള മരുന്നുകളും ടെസ്റ്റ് സ്കാൻ തുടങ്ങിയവയും അതത് സർക്കാർ ആശുപത്രികളിൽ നിന്നും സൗജന്യമായി നൽകിവരുന്നു. ഇവ ഉറപ്പുവരുത്തേണ്ടത് അതത് ആശുപത്രികളിലെ മേലധികാരികളാണ്. ഈ സേവനം നൽകുന്നതിനായി ആവശ്യമായ സൗകര്യങ്ങൾ ഏതെങ്കിലും സാഹചര്യത്തിൽ ആശുപത്രികളിൽ ലഭ്യമല്ലാതായി വരുന്ന ഘട്ടത്തിൽ അധികൃതർക്ക് പുറത്തുള്ള സർക്കാർ അംഗീകൃത സ്വകാര്യ സ്ഥാപനങ്ങളുമായി (മരുന്നുകൾക്കും ടെസ്റ്റ്, സ്കാൻ എന്നിവയ്ക്കും) കരാറിൽ ഏർപ്പെടാവുന്നതാണ്.

(ബി) ഇത്തരം ഒരു പരാതി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ബാധകമല്ല.

**കോളറ പടരാതിരിക്കാൻ നടപടി**

178(3473) <u>ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തു പടർന്നുപിടിച്ച പകർച്ചപനിക്കു പിന്നാലെ കോളറ രോഗം പടർന്നുപിടിക്കാൻ സാധ്യതയുണ്ടെന്ന് ആരോഗ്യ വകുപ്പ് മുന്നറിയിപ്പ് നൽകിയിട്ടുണ്ടോ;

(ബി) അടുത്തകാലത്ത് കോളറമൂലമുള്ള മരണം റിപ്പോർട്ട് ചെയ്തിട്ടുണ്ടോ;

(സി) കോളറ പടരാതിരിക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(ഡി) കോളറ നിയന്ത്രിക്കുവാൻ സമഗ്രമായ ബോധവൽക്കരണ പരിപാടി ആവിഷ്ക്കരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കാമോ?

ഉത്തരം

(എ) നൽകിയിട്ടുണ്ട്.

(ബി) ഉണ്ട്. പത്തനംതിട്ട ജില്ലയിൽ വള്ളിക്കോട് പഞ്ചായത്തിൽ ഒരു ഇതര സംസ്ഥാന തൊഴിലാളി മരണപ്പെട്ടിട്ടുണ്ട്.

(സി) രോഗബാധിത പ്രദേശങ്ങളിൽ എല്ലാ കുടിവെള്ള സ്രോതസ്സുകളും തുടർച്ചയായി സൂപ്പർ ക്ലോറിനേഷൻ നടത്തി വരുന്നു. പഞ്ചായത്ത് പ്രതിനിധികളുടെ നേതൃത്വത്തിൽ പൊതുജനയോഗം നടത്തി പ്രതിരോധ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടപ്പിലാക്കി വരുന്നു. കൂടാതെ ഈ പ്രദേശങ്ങളിൽ താമസിക്കുന്ന മുഴുവൻ ഇതര സംസ്ഥാന തൊഴിലാളികൾക്കും അവരുടെ മാതൃഭാഷയിൽ ആരോഗ്യവിദ്യാഭ്യാസ ക്ലാസ്സുകൾ നടത്തി. കോഴിക്കോട് മെഡിക്കൽ കോളേജിന്റെ സഹായത്തോടുകൂടി രോഗബാധിത പ്രദേശത്ത് പൊതുജനങ്ങൾക്ക് ആരോഗ്യബോധവൽക്കരണ ക്ലാസ്സ് അടക്കമുള്ള പ്രതിരോധ പ്രവർത്തനങ്ങൾ നടത്തിവരുന്നു. വയറിളക്കമുള്ളവരെ എത്രയുംപെട്ടെന്ന് കണ്ടെത്തി ആവശ്യമായ ചികിത്സ നൽകുവാനുള്ള പ്രവർത്തനങ്ങൾ ചെറുപ്പ എം.സി.എച്ച്. യൂണിറ്റിന്റെ നേതൃത്വത്തിൽ നടത്തിവരുന്നുണ്ട്. ജില്ലാ ദ്രുതകർമ്മ സേനയും ആഗസ്റ്റ് 10,11 തീയതികളിൽ സംസ്ഥാനതല ദ്രുതകർമ്മ സേനാംഗങ്ങളും സ്ഥലം സന്ദർശിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ ജില്ലാ മെഡിക്കൽ ആഫീസർക്ക് നൽകിയിട്ടുണ്ട്.

പത്തനംതിട്ട ജില്ലയിൽ 25-7-2017 തീയതിയിൽ ജില്ലാ ദ്രുതകർമ്മ സേനായോഗംകൂടി രോഗബാധിത പ്രദേശങ്ങൾ സന്ദർശിച്ച് വേണ്ട പ്രതിരോധ നിയന്ത്രണ പ്രവർത്തനങ്ങൾ നടത്തി രോഗബാധിത പ്രദേശത്ത് 55 കിണറുകളിൽ ദിവസവും സൂപ്പർ ക്ലോറിനേഷൻ നടത്തുകയും വാർഡ് ഹെൽത്ത് കമ്മിറ്റിയുടെ നേതൃത്വത്തിൽ ആ വാർഡിലെ ആകെയുള്ള 485 കിണറുകളിലും ക്ലോറിനേഷൻ നടത്തുവാൻ ആരോഗ്യ വകുപ്പിലെ ഫീൽഡ് വിഭാഗം ജീവനക്കാരെയും സന്നദ്ധ പ്രവർത്തകരെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. തിളപ്പിച്ചാറിയ വെള്ളം കുടിക്കുവാനും കൈകൾ സോപ്പുപയോഗിച്ച് കഴുകുവാനും വ്യക്തിശുചിത്വവും പരിസരശുചിത്വവും പാലിക്കുവാനും ആരോഗ്യ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. രോഗബാധിത പ്രദേശത്ത് കുടുംബശ്രീ പ്രവർത്തകരെ ഉൾപ്പെടുത്തി പൊതുജനങ്ങൾക്ക് ബോധവൽക്കരണ ക്ലാസ്സുകൾ എടുക്കുകയും ഒ.ആർ.എസ്. വിതരണം നടത്തുകയും ചെയ്തു. 2300 ബോധവൽക്കരണ നോട്ടീസുകൾ പഞ്ചായത്തുകളിൽ വിതരണം ചെയ്യുകയുണ്ടായി. പഞ്ചായത്തുതലത്തിൽ മീറ്റിംഗ് നടത്തുകയും പ്രതിരോധ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്ത് മറ്റ് ജില്ലകളിൽ കോളറ അലർട്ട് നൽകുകയും പ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) കോളറ നിയന്ത്രിക്കാൻ സമഗ്രമായ ബോധവൽക്കരണ പരിപാടികൾ നടന്നുവരുന്നുണ്ട്

## ആർ.എസ്.ബി.വൈ. ഫണ്ട് ഉപയോഗിച്ചുള്ള പ്രവർത്തനങ്ങൾ

179(3474) ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർ.എസ്.ബി.വൈ. ഫണ്ട് ഉപയോഗിച്ച് എന്തൊക്കെ പ്രവർത്തനങ്ങളാണ് ആശുപത്രിയിൽ ചെയ്യാൻ സാധിക്കുകയെന്ന് വ്യക്തമാക്കുമോ;

(ബി) ആശുപത്രി കോമ്പൗണ്ടിനുള്ളിലെ റോഡ്, ടോയ്‌ലെറ്റ്, കുടിവെള്ള വിതരണ പൈപ്പ് ലൈനുകൾ എന്നിവയുടെ പുനരുദ്ധാരണ ജോലികൾ പ്രസ്തുത ഫണ്ട് ഉപയോഗിച്ച് ചെയ്യാൻ സാധിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ആർ.എസ്.ബി.വൈ. ഫണ്ടിന്റെ 40%-വരെ രോഗികൾക്കാവശ്യമായ അതിവേഗ സേവനങ്ങൾ കൊടുക്കുന്നതിനു വേണ്ടി ഡോക്ടർമാർ, നഴ്സുമാർ, നഴ്സിംഗ് അസിസ്റ്റന്റുമാർ, ലാബ് ടെക്നീഷ്യന്മാർ തുടങ്ങിയവരെ നിയമിക്കുന്നതിനും 20% വരെ രോഗികൾക്ക് ആവശ്യമായ മരുന്നുകൾ വാങ്ങുന്നതിനും ഉപയോഗിക്കാവുന്നതാണ്.

(ബി) ആശുപത്രി കോമ്പൗണ്ടിനുള്ളിലെ റോഡ്, ടോയ്‌ലെറ്റ്, കുടിവെള്ള വിതരണ പൈപ്പ് ലൈനുകൾ എന്നിവയുടെ പുനരുദ്ധാരണ ജോലികൾ എച്ച്.എം.സി/എച്ച്.ഡി.സി. ഫണ്ടുകൾ ഉപയോഗിച്ചാണ് ചെയ്യേണ്ടത്.

ആർ.എസ്.ബി.വൈ ഫണ്ട് ഉപയോഗിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ നടത്താൻ വ്യവസ്ഥയില്ല.

## എൻ.എച്ച്.എം ആയുർവേദ, ഹോമിയോ ഡോക്ടർമാരുടെ ട്രാൻസ്ഫർ & പോസ്റ്റിംഗ്

180(3475) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ എൻ.എച്ച്.എം. ആയുർവേദ, ഹോമിയോ ഡോക്ടർമാരുടെ സ്ഥലംമാറ്റവും നിയമനവും നടപ്പാക്കാത്തത് എന്തു കൊണ്ടാണെന്ന് വിശദമാക്കുമോ;

(ബി) സ്ഥലംമാറ്റവും നിയമനവും നടത്തുന്നതിന് അധികാരമുള്ള ഡി.പി.എം, ഹോമിയോ ഡോക്ടർമാരുടെ ട്രാൻസ്ഫർ ലിസ്റ്റ് നൽകുന്നതിനുള്ള നിർദ്ദേശം ഹോമിയോ ഡി.എം.ഒ.- യ്ക്ക് നൽകാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ & ബി) ജില്ലയിൽ സമീപകാലത്തു പടർന്നുപിടിച്ച സാംക്രമിക രോഗങ്ങളുടെ ഫലപ്രദമായ നിയന്ത്രണം തടയുന്നതിൽ സ്ഥലംമാറ്റ നടപടി ബാധിക്കുമെന്ന് പല തദ്ദേശ സ്വയംഭരണ സ്ഥാപന മേധാവികളും അറിയിച്ചതിനാലാണ് സ്ഥലം മാറ്റം നടപടികൾ വൈകാൻ കാരണമായത്.

**ആസ്തി വികസന ഫണ്ട്**

181(3476) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2016-17 വർഷത്തെ എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് തിയേറ്റർ കോംപ്ലക്സ്- ജനറൽ ഹോസ്പിറ്റൽ തലശ്ശേരി (150 ലക്ഷം) എന്ന പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമായോ; ഇല്ലെങ്കിൽ ഭരണാനുമതി ലഭ്യമാകാത്തതിന്റെ കാരണം വ്യക്തമാക്കുമോ?

ഉത്തരം

ഇല്ല. എസ്റ്റിമേറ്റിൽ ന്യൂനതകൾ ഉള്ളതിനാൽ ആയത് പരിഹരിച്ച സമർപ്പിക്കുവാൻ ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**കോളറ രോഗബാധ**

182(3477) ശ്രീമതി ഇ.എസ്. ബിജിമോൾ:

ശ്രീ. ജി. എസ്. ജയലാൽ:

ശ്രീ. എൽദോ എബ്രഹാം:

ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കോളറ രോഗബാധ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ജലത്തിലൂടെ പകരുന്ന രോഗമായ കോളറ തടയുന്നതിന് പൊതുജനങ്ങൾ എന്തെല്ലാം മുൻകരുതലുകൾ സ്വീകരിക്കണമെന്ന് വ്യക്തമാക്കുമോ;

(സി) കോളറ രോഗബാധയെ പ്രതിരോധിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. പത്തനംതിട്ട ജില്ലയിൽ വള്ളിക്കോട് പഞ്ചായത്തിൽ ഇതര സംസ്ഥാന തൊഴിലാളികൾക്കിടയിലും കോഴിക്കോട് ജില്ലയിൽ ചെറുപ്പ എം.സി.എച്ച്. യൂണിറ്റിന്റെ തെങ്ങിലക്കടവ് എന്ന സ്ഥലത്ത് 3 ഇതര സംസ്ഥാന തൊഴിലാളികൾക്കുമാണ് കോളറ രോഗബാധ റിപ്പോർട്ട് ചെയ്തിട്ടുള്ളത്.

(ബി) കോളറ രോഗബാധ തടയുന്നതിന് തിളപ്പിച്ചാറിയ വെള്ളം കുടിക്കുക, കൈകൾ സോപ്പുപയോഗിച്ച് കഴുകുകയും വ്യക്തിശുചിത്വവും പരിസരശുചിത്വവും പാലിക്കുക, തണുത്തതും തുറന്നുവെച്ചിരിക്കുന്നതുമായ ഭക്ഷണ പദാർത്ഥങ്ങൾ കഴിക്കാതിരിക്കുക. പൊതുസ്ഥലങ്ങളിൽ മലമൂത്ര വിസർജ്ജനം ഒഴിവാക്കുക എന്നീ മുൻകരുതലുകൾ സ്വീകരിക്കണം.

(സി) കോളറ രോഗബാധിതർക്ക് ആവശ്യമായ ചികിത്സ നൽകുന്നതിനുള്ള ഡോക്സിസൈക്ലിൻ, ഒ.ആർ.എസ്. ഉൾപ്പെടെയുള്ളവ ജില്ലകളിൽ ഉറപ്പു വരുത്തിയിട്ടുണ്ട്. കോളറ ബാധിത പ്രദേശത്തെ കുടിവെള്ള സ്രോതസ്സുകൾ ദിവസേന സൂപ്പർ ക്ലോറിനേഷൻ നടത്തിവരുന്നുണ്ട്. മറ്റ് പ്രദേശങ്ങളിൽ ആഴ്ചയിലൊരിക്കൽ ക്ലോറിനേഷൻ നടത്താനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ആരോഗ്യ വകുപ്പിലെ ഫീൽഡ് വിഭാഗം ജീവനക്കാരും മറ്റ് സന്നദ്ധ പ്രവർത്തകരും ഭവന സന്ദർശനം നടത്തി ആവശ്യമായ ബോധവൽക്കരണം നൽകിവരുന്നു. കൈകൾ സോപ്പ് ഉപയോഗിച്ച് കഴുകുവാനും വ്യക്തിശുചിത്വം, പരിസരശുചിത്വം പാലിക്കാനുമുള്ള ബോധവൽക്കരണം പൊതുജനങ്ങൾക്ക് നൽകുന്നു. നോട്ടീസ് വിതരണം, ആരോഗ്യവിദ്യാഭ്യാസ ക്ലാസ്സുകൾ എന്നിവയും നടത്തിവരുന്നു. കൂടാതെ സംസ്ഥാനത്ത് എല്ലാ ജില്ലകളിലും കോളറ അലർട്ട് നൽകുകയും ക്ലോറിനേഷൻ ഉൾപ്പെടെ പ്രതിരോധ പ്രവർത്തനം ഊർജ്ജിതമാക്കുകയും ചെയ്തിട്ടുണ്ട്. കോളറബാധിത പ്രദേശങ്ങളിൽ ഡോക്സിസൈക്ലിൻ ഗുളിക വിതരണം ചെയ്തു.

**ദേശീയ ആരോഗ്യ ദൗത്യത്തിൽ പ്രവർത്തിക്കുന്നവരുടെ വേതനം**

183(3478) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ പദ്ധതിയായ ദേശീയ ആരോഗ്യ ദൗത്യത്തിന്റെ ഭാഗമായി കേരളത്തിൽ പ്രവർത്തിക്കുന്ന ജീവനക്കാർക്ക് ലഭിക്കുന്നത് തുച്ഛമായ വേതനമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എൻ.എച്ച്.എം-ൽ എത്ര നഴ്സുമാർ ജോലി ചെയ്യുന്നുണ്ടെന്നും ഇവരുടെ ശമ്പളം എത്രയാണെന്നും വ്യക്തമാക്കാമോ;

(സി) എൻ.എച്ച്.എം-ൽ ഉള്ളവർക്ക് സർക്കാർ മേഖലയിൽ ഇതേ ജോലി ചെയ്യുന്നവരുടെ അടിസ്ഥാന ശമ്പളത്തിന്റെ അത്രപോലും പ്രതിഫലം ലഭിക്കുന്നില്ലായെന്നുള്ളത് വാസ്തവമാണോ;

(ഡി) സർക്കാർ സ്ഥാപനങ്ങളിലെ ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സുമാരുടെ പരമാവധി വേതനം എത്രയാണെന്ന് വ്യക്തമാക്കാമോ;

(ഇ) എൻ.എച്ച്.എം.-ൽ പ്രവർത്തിക്കുന്ന ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സുമാരുടെ പരമാവധി വേതനം എത്രയാണെന്ന് വ്യക്തമാക്കാമോ;

(എഫ്) സർക്കാർ മേഖലയിൽ കരാറടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന ഡോക്ടർമാർക്കും ഇതേജോലി ചെയ്യുന്ന എൻ.എച്ച്.എം.-ന് കീഴിൽ പ്രവർത്തിക്കുന്ന ഡോക്ടർമാർക്കും ലഭിക്കുന്ന വേതനം എത്രയാണ്; സംസ്ഥാന ജീവനക്കാരുടെ വേതനത്തിനു തുല്യമായി വേതനം ആരോഗ്യ കേരളം പദ്ധതിക്ക് കീഴിൽ പ്രവർത്തിക്കുന്നവർക്കുംകൂടി നൽകാൻ പദ്ധതിയുണ്ടോ എന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്. നാഷണൽ ഹെൽത്ത് മിഷനിലെ ഓരോ തസ്തികയ്ക്കും കേന്ദ്ര സർക്കാർ അംഗീകരിച്ചു തന്നിട്ടുള്ള തോതനുസരിച്ചു മാത്രമേ ശമ്പളം നൽകാൻ കഴിയൂ.

(ബി) നിലവിൽ എൻ.എച്ച്.എം.-ൽ 1140 സ്റ്റാഫ് നേഴ്സുമാർ ജോലി നോക്കി വരുന്നുണ്ട്. അതിൽ 358 പേർ 16,050 രൂപയും 208 പേർ 15,290 രൂപയും 574 പേർ 13,900 രൂപയുമാണ് കൺസോളിഡേറ്റഡ് പേ ആയി വാങ്ങുന്നത്.

(സി) എൻ.എച്ച്.എം.-ലെ ജീവനക്കാർക്കും സർക്കാർ മേഖലയിൽ ഇതേ ജോലി ചെയ്യുന്നവരുടെയും ശമ്പളത്തിൽ കാതലായ വ്യത്യാസമുണ്ട്. ഇത് സംസ്ഥാന സർക്കാരിന് മാത്രമായി പരിഹരിക്കാൻ കഴിയില്ല.

(ഡി) സർക്കാർ സ്ഥാപനങ്ങളിലെ സ്ഥിരം ജീവനക്കാരായ പബ്ലിക് ഹെൽത്ത് നേഴ്സുമാരുടെ പരമാവധി വേതനം 26500-56700 ശമ്പള സ്കെയിലിൽ ആണ് ലഭിക്കുന്നത്.

(ഇ) എൻ.എച്ച്.എം-ൽ ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സുമാരുടെ കുറഞ്ഞ വേതനം 11,620 രൂപയും ഇപ്പോൾ ലഭിച്ചുകൊണ്ടിരിക്കുന്ന പരമാവധി വേതനം 13,420 രൂപയുമാണ്.

(എഫ്) സർക്കാർ മേഖലയിൽ കരാറടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന ഡോക്ടർമാർക്ക് ലഭിക്കുന്ന വേതനത്തിൽ അടിസ്ഥാന ശമ്പളം, ഡി.എ. അലവൻസ് എന്നിവ ഉൾപ്പെടുന്നു. എൻ.എച്ച്.എം.-ന്റെ കീഴിൽ പ്രവർത്തിക്കുന്ന എം.ബി.ബി.എസ് ഡോക്ടർമാരുടെ നിലവിലെ ശമ്പളം 36,250 രൂപയാണ്. സംസ്ഥാന സർക്കാർ ജീവനക്കാരുടെ വേതനത്തിന് തുല്യമായ വേതനം ആരോഗ്യ കേരളത്തിനു കീഴിൽ പ്രവർത്തിക്കുന്നവർക്കും കൂടി നൽകുന്ന വിഷയം ദേശീയ ആരോഗ്യ ദൗത്യത്തിന്റെ ഭാഗമായി തീരുമാനിക്കപ്പെടേണ്ടതാണ്.

## അസ്ഥി സംബന്ധമായ ചികിത്സയ്ക്കും ഗവേഷണങ്ങൾക്കുമായി സ്വയംഭരണ ഇൻസ്റ്റിറ്റ്യൂട്ട്

184(3479) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അസ്ഥി സംബന്ധമായ ചികിത്സയ്ക്കും ഗവേഷണങ്ങൾക്കുമായി സ്വയംഭരണ സ്വഭാവത്തോട് കൂടിയ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിനായി സമർപ്പിച്ച നിവേദനത്തിന്റെ അടിസ്ഥാനത്തിൽ ആരോഗ്യ വകുപ്പിൽനിന്നും 377/FW1/2017 നമ്പർഫയൽ പ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് നൽകിയ കത്തിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെന്ന് വിശദമാക്കാമോ ?

ഉത്തരം

ഈ വിഷയം ആരോഗ്യ വകുപ്പ് ഡയറക്ടർ പരിശോധിച്ചുവരുന്നു.

## ഉണക്കമത്സ്യങ്ങളുടെ അശാസ്ത്രീയസംസ്കരണം

185(T3480) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വില്പനയ്ക്ക് എത്തുന്ന ഉണക്കമൽസ്യങ്ങളുടെ സംസ്കരണം ശാസ്ത്രീയരീതിയിലല്ലെന്ന പരാതി പരിശോധിക്കുമോ;

(ബി) ഉണക്കമീനുകളുടെ ഗുണനിലവാരം പരിശോധിക്കുവാനുള്ള എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ; ഇല്ലെങ്കിൽ ആയത് ഏർപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ;

(സി) ആയതിന് ആരെയെങ്കിലും ചുമതലപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

T മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ഡി) വൃത്തിഹീനമായ അന്തരീക്ഷത്തിൽ രാസപദാർത്ഥങ്ങൾ ചേർത്ത് ഉണക്കിയെടുക്കുന്ന മൽസ്യങ്ങൾ ഭക്ഷ്യയോഗ്യമല്ലെങ്കിൽ അവ നിരോധിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ഇ) ഭക്ഷ്യസുരക്ഷ വിഭാഗത്തിന് ഇക്കാര്യങ്ങൾ പരിശോധിക്കുവാൻ നിർദ്ദേശങ്ങൾ നൽകുമോ?

ഉത്തരം

(എ) പരാതി ലഭിച്ചാൽ പരിശോധിക്കുന്നതാണ്.

(ബി- ഇ) ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ അനലിറ്റിക്കൽ ലാബുകളിൽ പരിശോധന സംവിധാനം നിലവിലുണ്ട്. നാളിതുവരെയുള്ള പരിശോധനയിൽ രാസപദാർത്ഥങ്ങൾ ചേർത്ത് ഉണക്കിയെടുക്കുന്ന മത്സ്യങ്ങൾ കണ്ടെത്തിയിട്ടില്ല.

**ജില്ലാ ടി.ബി. ആശുപത്രിയുടെ ശോചനീയാവസ്ഥ**

186(3481) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ ജില്ലാ ടി.ബി. ആശുപത്രിയുടെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 18-5-2017-ൽ ആശുപത്രിയുടെ ശോചനീയാവസ്ഥ സംബന്ധിച്ച് ആരോഗ്യ വകുപ്പിന് സമർപ്പിച്ച കത്തിൽ സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വ്യക്തമാക്കാമോ;

(സി) ഇത് സംബന്ധിച്ച് എറണാകുളം ജില്ലാ മെഡിക്കൽ ഓഫീസർ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ പ്രസ്തുത റിപ്പോർട്ടിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി-ഡി) നിലവിലുള്ള കെട്ടിടങ്ങളിൽ ശോച്യാവസ്ഥ പരിഹരിക്കുവാൻ കഴിയുന്നവ അറ്റകുറ്റപ്പണികൾ നടത്തിയും അടിയന്തരമായി പൊളിച്ചുമാറ്റേണ്ടുന്ന കെട്ടിടങ്ങൾ പൊളിച്ചുമാറ്റി പുതിയവ പണിഞ്ഞും മാത്രമേ ഈ ആശുപത്രിയിൽ മെച്ചപ്പെട്ട സൗകര്യം ഏർപ്പെടുത്താൻ കഴിയൂ. ഇത് സംബന്ധിച്ച് ജില്ലാ

മെഡിക്കൽ ഓഫീസർ (ആരോഗ്യം), എറണാകുളം, ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് നൽകിയിരുന്ന റിപ്പോർട്ടിൽ കെട്ടിടം പൊളിക്കുന്നതിനാവശ്യമായ 'ഡിസ്മാന്റിലിങ് എസ്റ്റിമേറ്റ്' ഉൾക്കൊള്ളിച്ചിട്ടില്ലാത്തതിനാൽ ആയതുകൂടി ഉൾക്കൊള്ളിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ ആരോഗ്യ വകുപ്പ് ഡയറക്ടർ ആവശ്യപ്പെട്ടിരുന്നു. പ്രസ്തുത റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

**ആശ്രിത നിയമനം**

187(3482) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആശ്രിത നിയമനം ലഭിക്കുന്നതിന് ശ്രീമതി സുനിജ സുനിൽ, എ.ബി. കോട്ടേജ്, കടയ്ക്കാവൂർ, തിരുവനന്തപുരം സമർപ്പിച്ച അപേക്ഷയിന്മേൽ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ;

(ബി) ആരോഗ്യ വകുപ്പിലെ എച്ച്1/134/എച്ച്&എഫ് നമ്പർ കത്തുപ്രകാരം തിരുവനന്തപുരം കളക്ടറോട് ആവശ്യപ്പെട്ട ആശ്രിത സർട്ടിഫിക്കറ്റും വരുമാന സർട്ടിഫിക്കറ്റും സർക്കാരിൽ ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) ആയത് ലഭിച്ചിട്ടില്ലെങ്കിൽ അടിയന്തരമായി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ആശ്രിത നിയമന പദ്ധതി പ്രകാരം ആരോഗ്യ വകുപ്പിൽ എൽ.ഡി.ക്ലാർക്ക് തസ്തികയിലേയ്ക്ക് നിയമനം ലഭിക്കുന്നതിലേയ്ക്കായി ശ്രീമതി. സുനിജ സുനിൽ, ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖാന്തരം ലഭ്യമാക്കിയ അപേക്ഷ സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) ലഭ്യമായിട്ടുണ്ട്.

(സി) ബാധകമല്ല.

**ആയുർ ദീപ്തം പദ്ധതി**

188(3483) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കാൻസർ രോഗചികിത്സ മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

മലബാർ കാൻസർ സെന്ററിൽ ആയൂർദീപ്തം പദ്ധതി ആരംഭിക്കുകയുണ്ടായി. ഈ പദ്ധതി പ്രകാരം കണ്ണൂർ ജില്ലയിലെ കുറ്റ്യാട്ടൂര്, കണ്ണപുരം എന്നിവിടങ്ങളിൽ പി.എച്ച്.സി.-കളിൽ പ്രാരംഭ ഘട്ടത്തിൽ ചില ക്യാൻസറുകൾ കണ്ടുപിടിക്കുന്നതിനുള്ള ഏർലി കാൻസർ ഡിറ്റക്ഷൻ ക്ലിനിക്കുകൾ തുടങ്ങിയിട്ടുണ്ട്. മറ്റു ചില സർക്കാർ ആശുപത്രികളിലും ഇത്തരത്തിലുള്ള ക്ലിനിക്കുകൾ തുടങ്ങാനുള്ള പരിശീലനം മലബാർ കാൻസർ സെന്ററിൽ നടന്നുവരുന്നു. ഈ പദ്ധതി ഒരു പൈലറ്റ് പ്രോഗ്രാമായാണ് നടത്തിവരുന്നത്.

എല്ലാ ജില്ലകളിലും ഒരു കാൻസർ ചികിത്സാകേന്ദ്രമെന്ന ആശയത്തോടെ ആരംഭിച്ച ജില്ലാ കാൻസർ കെയർ സെന്ററുകൾ വിപുലീകരിക്കുന്നതിനും പുതിയ സെന്ററുകൾ ആരംഭിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിനായുള്ള പരിശീലനവും മറ്റു മുന്നൊരുക്കങ്ങളും കാൻസർ കെയർ ഫണ്ട് ഉപയോഗിച്ച് നടത്തി വരുന്നു. 2017-18 സാമ്പത്തിക വർഷത്തിൽ എല്ലാ ജില്ലകളിലും ജില്ലാ ആശുപത്രിയോടനുബന്ധിച്ച് പാലിയേറ്റീവ് കീമോതെറാപ്പി സെന്റർ ആരംഭിക്കുന്നതിന് ഭരണാനുമതി ലഭിക്കുകയും ഫണ്ട് ജില്ലകൾക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്.

കാൻസർ രോഗ പ്രതിരോധ പ്രവർത്തനത്തിന്റെ ഭാഗമായി സർക്കാർ മെഡിക്കൽ കോളേജുകളിൽ രോഗനിർണ്ണയ ക്യാമ്പുകളും ബോധവൽക്കരണ ക്ലാസ്സുകളും നടത്തിവരുന്നു. ചികിത്സാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിൽ ലീനിയർ ആക്സിലറേറ്ററും കോബാൾട്ട് മെഷീനും സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ആലപ്പുഴ സർക്കാർ മെഡിക്കൽ കോളേജിൽ സി.റ്റി.സിമുലേറ്റർ സ്ഥാപിച്ചിട്ടുമുണ്ട്. കോട്ടയം സർക്കാർ മെഡിക്കൽ കോളേജിൽ ലീനിയർ ആക്സിലേറ്റർ/എച്ച്.ഡി.ആർ മെഷീൻ എന്നിവവഴി ചികിത്സ നടത്തുന്നുണ്ട്. തൃശ്ശൂർ സർക്കാർ മെഡിക്കൽ കോളേജിലും ലീനിയർ ആക്സിലേറ്റർ വാങ്ങുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജിലെ കാൻസർ സെന്ററുകളിലെ ചികിത്സാ സൗകര്യം കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി പുതുതായി നിർമ്മിക്കുന്ന ടെർഷ്യറി കാൻസർ കെയർ സെന്ററിന്റെ നിർമ്മാണം അവസാന ഘട്ടത്തിലാണ്.

കാൻസർ ചികിത്സ മെച്ചപ്പെടുത്തുന്നതിനുവേണ്ടി നിലവിലുള്ള സർക്കാർ അധികാരത്തിൽ വന്നതിനുശേഷം റീജിയണൽ കാൻസർ സെന്ററിൽ സ്വീകരിച്ച നടപടികൾ താഴെപ്പറയുന്നവയാണ്.

- പുതുതായി നിർമ്മിച്ച പത്തു നിലക്കെട്ടിടത്തിൽ ഒ.പി. വിഭാഗം ഡേകെയർ കീമോതെറാപ്പി വാർഡ്, ലബോറട്ടറി സൗകര്യങ്ങൾ, ഭരണവിഭാഗം, ന്യൂക്ലിയർ മെഡിസിൻ, ഐ.ടി. വിഭാഗം എന്നീ സുപ്രധാന വകുപ്പുകൾ പ്രവർത്തനമാരംഭിച്ചു.
- അക്കാഡമിക് നിലവാരം ഉയർത്തുന്നതിനായി ഇൻഫോസിസിന്റെ സഹായത്തോടെ 5 കോടി രൂപയുടെ ഇൻഫോസിസ് ചെയർ ആർ.സി.സി.-യിൽ സ്ഥാപിച്ചു.
- ആർ.സി.സി.- യിലെ തിരക്ക നിയന്ത്രിക്കുന്നതിനും കൂടുതൽ ആധുനിക സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുമായി 187 കോടി രൂപ ചെലവിൽ 14 നിലക്കെട്ടിടം നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്.
- ആർ.സി.സി.-യുടെ ഉപകേന്ദ്രമായ പാലക്കാട് മുൻകൂർ കാൻസർ നിർണ്ണയ കേന്ദ്രത്തിന് പുതിയ കെട്ടിടം നിർമ്മിച്ച് കൂടുതൽ സാങ്കേതിക സൗകര്യങ്ങൾ ഏർപ്പെടുത്താൻ കഴിഞ്ഞു.
- ഡിജിറ്റൽ നേർവ് സെന്റർ എന്ന പേരിൽ ആർ.സി.സി-യെ പ്രമുഖ കാൻസർ ചികിത്സാ കേന്ദ്രങ്ങളുമായി ബന്ധിപ്പിക്കുന്ന പദ്ധതി ടാറ്റാ കൺസൾട്ടൻസി സർവ്വീസിന്റെ സഹകരണത്തോടെ പ്രവർത്തനമാരംഭിച്ചു.
- മെഡിക്കൽ കോളേജ് ക്യാമ്പസിലെ സ്ഥല ദൗർലഭ്യം കണക്കിലെടുത്ത് ആർ.സി.സി-യുടെ 2-ാം ക്യാമ്പസ് സ്ഥാപിക്കുന്നതിന് പുലയനാർ കോട്ടയിൽ ഭൂമി നൽകുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. സ്ത്രീകൾക്കും കുട്ടികൾക്കുമുള്ള കാൻസർ സെന്റർ, ന്യൂറോ ഓങ്കോളജി സെന്റർ, ഗവേഷണ വിഭാഗം, രോഗികൾക്കും കൂട്ടിരിപ്പുകാർക്കുമുള്ള ഡോർമെറ്ററി സൗകര്യം, ഹോം എവെ ഹോം, കമ്മ്യൂണിറ്റി ഓങ്കോളജി സെന്റർ തുടങ്ങി വിവിധ പദ്ധതികളാണ് പുലയനാർകോട്ടയിൽ ലക്ഷ്യമിടുന്നത്.
- റീജിയണൽ കാൻസർ സെന്ററിൽ പീഡിയാട്രിക് ഓങ്കോളജിയിൽ ഒ.പി. വിഭാഗം നവീകരിച്ചു.
- കൂടാതെ ഇക്കാലയളവിൽ ആർ.സി.സി-യിൽ താഴെപ്പറയുന്ന ഉപകരണങ്ങൾ സ്ഥാപിച്ച് പ്രവർത്തനമാരംഭിച്ചിട്ടുണ്ട് :

1. പെറ്റ് സി.ടി. സ്കാനർ
2. സ്പെക്ട് സി.ടി. ഗാമാക്യാമറ (പ്രവർത്തനക്ഷമമായിക്കൊണ്ടിരിക്കുന്നു)
3. വീഡിയോ എൻഡോസ്കോപ്പി യൂണിറ്റ്
4. ഹൈ ഡെഫിനിഷൻ ലാപ്രോസ്കോപ്പി യൂണിറ്റ്
5. ഡേറ്റാബേസ് മാനേജ്മെന്റ് സിസ്റ്റം അപ്ഗ്രഡേഷൻ

## ഭക്ഷ്യ സുരക്ഷ പരിശോധന ലബോറട്ടറികളിലെ ടെക്നിക്കൽ അസിസ്റ്റന്റ് തസ്തികയിലെ നിയമനം

189(3484) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഭക്ഷ്യ സുരക്ഷ പരിശോധനാ ലബോറട്ടറികളിലെ ടെക്നിക്കൽ അസിസ്റ്റന്റ് തസ്തികയുടെ ചുമതലകൾ, നിയമന യോഗ്യത, അഭിലഷണീയ യോഗ്യത ഇവ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) കേരളത്തിലെ ഏതെല്ലാം സ്ഥാപനങ്ങളിൽനിന്നും പ്രസ്തുത യോഗ്യതകൾ നേടുവാൻ സാധിക്കും എന്ന് അറിയിക്കുമോ ;

(സി)മൈസൂരിലെ കേന്ദ്രപ്രതിരോധ മന്ത്രാലയത്തിന്റെ ഡി.എഫ്.ആർ.എൽ. എന്ന സ്ഥാപനവും മൈസൂർ യൂണിവേഴ്സിറ്റിയും അംഗീകരിച്ച് നടത്തുന്നതും കെമിസ്ട്രിയിലോ ബയോകെമിസ്ട്രിയിലോ ഉള്ള ബിരുദത്തിനുശേഷം ചേരാവുന്നതുമായ ഭക്ഷ്യപരിശോധനയ്ക്കായുള്ള പി.ജി. ഡിപ്ലോമ കോഴ്സ്, സംസ്ഥാന പി.എസ്.സി. പ്രസ്തുത തസ്തികയിലേക്കുള്ള നിയമനത്തിന് അംഗീകരിച്ചിട്ടുണ്ടോ; എങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) ആയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത കോഴ്സ് അംഗീകരിക്കുന്നതിന് പ്രൊപ്പോസൽ നൽകാൻ ആരോഗ്യ വകുപ്പ് സെക്രട്ടറി ഭക്ഷ്യസുരക്ഷാ കമ്മീഷണർക്ക് 2013-ൽ നിർദ്ദേശം നൽകിയിട്ടും നാളിതുവരെയായി ആയത് നൽകാത്തതിന് കാരണമെന്താണ്; വിശദീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ ഭക്ഷ്യസുരക്ഷ പരിശോധന ലബോറട്ടറികളിലെ ടെക്നിക്കൽ അസിസ്റ്റന്റ് തസ്തികയുടെ ചുമതലകൾ റിസർച്ച് ഓഫീസറിന്റെ നിർദ്ദേശപ്രകാരമുള്ള അനാലിസിസ് നടത്തുക. റിപ്പോർട്ടുകൾ ജൂനിയർ റിസർച്ച് ഓഫീസർക്കോ, റിസർച്ച് ഓഫീസർക്കോ നൽകുക എന്നിവയാണ് ടെക്നിക്കൽ അസിസ്റ്റന്റ് തസ്തികയുടെ നിയമന യോഗ്യത ബി.എസ്.സി. കെമസ്ട്രി, ഫുഡ് ടെക്നോളജി ഡിപ്ലോമയിലുള്ള രണ്ടാം ക്ലാസ്സ് ബിരുദവുമാണ്.

(ബി) കേരള സർവ്വകലാശാല അംഗീകൃത സ്ഥാപനങ്ങളിൽനിന്നും പ്രസ്തുത യോഗ്യതകൾ നേടുവാൻ സാധിക്കും.

(സി)നിലവിൽ ടി കോഴ്സ് സർക്കാർ അംഗീകരിച്ചിട്ടില്ല.

(ഡി) കേന്ദ്ര പ്രതിരോധ മന്ത്രാലയത്തിന്റെകീഴിലുള്ള മൈസൂരിലെ ഡി.എഫ്.ആർ.എൽ എന്ന സ്ഥാപനവും മൈസൂർ യൂണിവേഴ്സിറ്റിയും അംഗീകരിച്ച് നടത്തുന്ന പി.ജി. ഡിപ്ലോമ കോഴ്സിന്റെ അംഗീകാരം സംബന്ധിച്ച് സബ്ജക്ട് കമ്മിറ്റി തീരുമാനപ്രകാരം ഭക്ഷ്യസുരക്ഷാ കമ്മീഷണർ ടി കോഴ്സിന്റെ വിശദാംശങ്ങൾ മൈസൂർ യൂണിവേഴ്സിറ്റിയിൽ നിന്നും ആരാഞ്ഞിരുന്നു. എങ്കിലും ആയത് ലഭ്യമാകാത്ത സാഹചര്യത്തിൽ എം.ജി. യൂണിവേഴ്സിറ്റിയിലെ ഒരു വിദഗ്ധനെ ഉൾപ്പെടുത്തി മൂന്നംഗ കമ്മിറ്റി രൂപീകരിക്കുകയും എം.ജി. യൂണിവേഴ്സിറ്റി ഒരു വിദഗ്ധനെ നിയമിക്കുകയും ചെയ്തിരുന്നു. തുടർന്ന് മൈസൂർ യൂണിവേഴ്സിറ്റി സന്ദർശിക്കുന്നതിനുള്ള ഫണ്ട് ലഭിക്കാനുണ്ടായ കാലതാമസംമൂലം സന്ദർശനം വൈകിയതിനാൽ പ്രൊപ്പോസൽ യഥാസമയം സർക്കാരിൽ ലഭിച്ചിരുന്നില്ല. എന്നാൽ ജോയിന്റ് ഫുഡ്സേഫ്റ്റി കമ്മീഷണറെ (അഡ്മിനിസ്ട്രേഷൻ & ലീഗൽ) പ്രത്യേകമായി ചുമതലപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ ടി ഓഫീസർ മൈസൂർ യൂണിവേഴ്സിറ്റി സന്ദർശിക്കുകയും അനുബന്ധരേഖകൾ ശേഖരിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ കോഴ്സ് അംഗീകരിക്കുന്നതിനുള്ള പ്രൊപ്പോസൽ 18-8-2017-ൽ സർക്കാരിൽ ലഭ്യമാക്കിയിട്ടുണ്ട്. ആയത് പരിശോധിച്ചുവരികയാണ്.

**രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആഭിമുഖ്യത്തിൽ ക്ലിനിക്കൽ ലാബുകൾ**

190(3485) ശ്രീ. വി. എസ്. ശിവകുമാർ:
ശ്രീ. ഹൈബി ഈഡൻ:
ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളോടനുബന്ധിച്ച് രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആഭിമുഖ്യത്തിൽ ക്ലിനിക്കൽ ലാബുകൾ ആരംഭിക്കുന്നതിന് പദ്ധതിയുണ്ടോ; വിശദാംശം നൽകുമോ;

(ബി) ഇതുവഴി ലാബ് പരിശോധനകളുടെ പേരിൽ നടക്കുന്ന തട്ടിപ്പുകൾ തടയാനാവും എന്ന് കരുതുന്നുണ്ടോ;

(സി) എല്ലാ താലൂക്ക്/ജില്ലാ ആശുപത്രികളിലും രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആഭിമുഖ്യത്തിൽ ക്ലിനിക്കൽ ലാബുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 29-5-2017-ലെ സ.ഉ. (സാധാ.) നമ്പർ 1515/2017/ആ.കു.വ. സർക്കാർ ഉത്തരവ് പ്രകാരം ഹോസ്പിറ്റൽ ഡെവലപ്മെന്റ് സൊസൈറ്റിയും രാജീവ് ഗാന്ധി

സെന്റർ ഫോർ ബയോടെക്നോളജിയും ചേർന്ന് മൾട്ടിഡിസിപ്ലിനറി ക്ലിനിക്കൽ ലബോറട്ടറി & റിസർച്ച് ഫെസിലിറ്റി ആരംഭിക്കുന്നതിന് തിരുവനന്തപുരം മെഡിക്കൽ കോളേജിലെ പഴയ ഹൗസ് സർജന്റ്സ് ക്വാർട്ടേഴ്സിലെ മുറികൾ അനുവദിച്ച് ഉത്തരവായിരുന്നു. മറ്റ് മെഡിക്കൽ കോളേജുകളോടനുബന്ധിച്ച് രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആഭിമുഖ്യത്തിൽ ക്ലിനിക്കൽ ലാബുകൾ ആരംഭിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസലുകൾ ലഭിച്ചിട്ടുണ്ട്.

(ബി) ഇതുവഴി കൂടുതൽ ശാസ്ത്രീയ വിശകലനം നടത്തി ആധികാരികമായ റിപ്പോർട്ട് ലഭ്യമാക്കാൻ കഴിയുന്നതാണ്.

(സി) രാജീവ് ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജിയുടെ ഭാഗമായ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഉദ്ദേശലക്ഷ്യങ്ങൾക്കുപരിയായി വ്യാവസായിക അടിസ്ഥാനത്തിൽ എല്ലാ താലൂക്ക്/ജില്ലാ ആശുപത്രികളിലും രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആഭിമുഖ്യത്തിൽ ക്ലിനിക്കൽ ലാബുകൾ ആരംഭിക്കുന്നതിന് അനുമതി നൽകുക എന്നതിലുപരി നിലവിലുള്ള സർക്കാർ സംവിധാനം കൂടുതൽ ആധുനികവും കുറ്റമറ്റതും സേവനോന്മുഖവുമാക്കുക എന്നതാണ് സർക്കാർ നയം. എന്നിരുന്നാലും സ്ഥലവും സൗകര്യവും സാമ്പിൾ പരിശോധനകൾ കൂടുതലായി നടത്താൻ ആവശ്യമുള്ളതായ ആശുപത്രികളിൽ ഇത്തരം സംവിധാനങ്ങൾ ഉണ്ടാകുന്നതിനോട് സർക്കാരിന് എതിർപ്പില്ല.

## ആരോഗ്യ മേഖലയിൽ നടപ്പിലാക്കിയ പുതിയ പദ്ധതികൾ

191(3486) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആരോഗ്യ മേഖലയിൽ നടപ്പിലാക്കിയ പുതിയ പദ്ധതികളിൽ ദേവികുളം നിയോജക മണ്ഡലത്തിലെ പദ്ധതികളുടെ വിവരങ്ങൾ ലഭ്യമാക്കുമോ?

### ഉത്തരം

ദേവികുളം നിയോജക മണ്ഡലത്തിലെ അടിമാലി ബ്ലോക്ക് പഞ്ചായത്തിന് കീഴിലുള്ള അടിമാലി താലൂക്കാശുപത്രിയെ ആർദ്രം മാനദണ്ഡമനുസരിച്ച് അധിക തസ്തിക സൃഷ്ടിച്ചുകൊണ്ടും ആവശ്യമായ ഉപകരണങ്ങൾ ലഭ്യമാക്കിക്കൊണ്ടും ചികിത്സാസൗകര്യം മെച്ചപ്പെടുത്തുന്നതിനായി തെരഞ്ഞെടുക്കുകയും ആർദ്രം മാനദണ്ഡപ്രകാരമുള്ള തസ്തികകൾ സൃഷ്ടിക്കുന്നതിനായുള്ള സമാഹൃത പ്രൊപ്പോസലിൽ ടി ആശുപത്രിയെ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ആയതിന്റെ ആദ്യഘട്ടമെന്ന നിലയിൽ ടി ആശുപത്രിയിൽ 2 സ്റ്റാഫ് നഴ്സിന്റെയും 2 ലാബ് ടെക്നീഷ്യന്റെയും തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആരോഗ്യ മേഖലയിൽ നടപ്പിലാക്കിയ പുതിയ പദ്ധതിയായ ആർദ്രം പദ്ധതിയിൽ ദേവികുളം നിയോജക മണ്ഡലത്തിലെ വട്ടവട പി.എച്ച്.സി-യെ കുടുംബാരോഗ്യ കേന്ദ്രമാക്കി വികസിപ്പിക്കുന്നതിനും അതിൻപ്രകാരം ആർദ്രം മാനദണ്ഡമനുസരിച്ച് ഒരു അസിസ്റ്റന്റ് സർജൻ, 2 സ്റ്റാഫ് നഴ്സ്, ഒരു ലാബ് ടെക്നീഷ്യൻ എന്നീ തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്. തെരഞ്ഞെടുത്ത പി.എച്ച്.സി.-കളിൽ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ലബോറട്ടറി സൗകര്യം ഏർപ്പെടുത്തുന്നതിനും പ്ലാൻ ഫണ്ടിൽ തുക വകയിരുത്തിയിട്ടുണ്ട്. അതനുസരിച്ചുള്ള പ്രവർത്തനങ്ങൾ NHM-വഴിയും KMSCL -വഴിയും നടന്നുവരികയാണ്.

**വയനാട് ജില്ലയിൽ വിദഗ്ദ്ധ ചികിത്സാ സൗകര്യങ്ങൾ**

192(3487) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വിദഗ്ദ്ധ ചികിത്സാ സൗകര്യങ്ങളുടെ കുറവ് അനുഭവപ്പെടുന്ന വയനാട് ജില്ലയിൽ പുതിയ മെഡിക്കൽ കോളേജ് ആരംഭിക്കുന്നതുവരെ സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗങ്ങളായ ഓങ്കോളജി, കാർഡിയോളജി, ന്യൂറോളജി, നെഫ്രോളജി തുടങ്ങിയവയുടെ ഒ.പി. ക്ലിനിക്കുകൾ കൽപ്പറ്റ ജനറൽ ആശുപത്രി കേന്ദ്രീകരിച്ച് ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

കൽപ്പറ്റ ജനറൽ ആശുപത്രിയിൽ സൂപ്പർ സ്പെഷ്യാലിറ്റി ഒ.പി.-കൾ തുടങ്ങുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയില്ല.

എന്നാൽ ആർദ്രം മിഷന്റെ ഭാഗമായി തെരഞ്ഞെടുത്ത ആശുപത്രികളുടെ പട്ടികയിൽ കൽപ്പറ്റ ജനറൽ ആശുപത്രിയെ ഉൾപ്പെടുത്തുകയും ഇതിന്റെ അടിസ്ഥാനത്തിൽ 10 സ്റ്റാഫ് നഴ്സിന്റെയും 4 ലാബ് ടെക്നീഷ്യന്റെയും തസ്തികകൾ ഇതിനകം സൃഷ്ടിച്ചിട്ടുണ്ട്. തുടർ പ്രവർത്തനങ്ങൾ പൂർണ്ണതോതിൽ ആകുന്നതോടെ ഈ ആശുപത്രിയിൽ കൂടുതൽ മികച്ച സേവനം ലഭ്യമാകുന്നതാണ്.

**കേന്ദ്ര ഭക്ഷ്യ സുരക്ഷാ നിയമം**

193(3490) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എന്ന് മുതലാണ് കേന്ദ്ര ഭക്ഷ്യ സുരക്ഷാ നിയമം നിലവിൽ വന്നത്; പ്രസ്തുത നിയമത്തിന് ആവശ്യമായ ചട്ടങ്ങൾ രൂപീകരിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ എന്തുകൊണ്ടാണ് ചട്ടങ്ങൾ രൂപീകരിക്കുവാൻ ഇത്രയും കാലതാമസം ഉണ്ടാകുന്നതെന്ന് വിശദീകരിക്കുമോ;

(സി) ഇനിയും രൂപീകരിക്കുവാനുള്ള ചട്ടങ്ങൾ ഏതെല്ലാമാണെന്നും അവ അടിയന്തരമായി രൂപീകരിക്കുന്നതിനും അവയ്ക്കനുസൃതമായി നടപടികൾ കൈക്കൊള്ളുന്നതിനും നടപടി സ്വീകരിക്കുമോ ;വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) 2011 ആഗസ്റ്റ് 15 മുതലാണ് 2006-ലെ ഭക്ഷ്യസുരക്ഷാ നിയമം ഇന്ത്യയൊട്ടാകെ പ്രാബല്യത്തിൽ വന്നത്. പ്രസ്തുത നിയമത്തിനാവശ്യമായ ചട്ടങ്ങൾ 2011-ലാണ് രൂപീകരിച്ചിട്ടുള്ളത്.

(ബി) ബാധകമല്ല.

(സി) സംസ്ഥാന ചട്ടങ്ങൾ രൂപീകരിച്ചിട്ടില്ല. ഇതു സംബന്ധിച്ച് ഫുഡ് സേഫ്റ്റി & സ്റ്റാൻഡേർഡ്സ് അതോറിറ്റി ഓഫ് ഇന്ത്യയിൽനിന്ന് മാർഗ്ഗ നിർദ്ദേശങ്ങൾ ലഭിച്ചിട്ടില്ല.

**വൈറോളജി ലാബുകൾ സ്ഥാപിക്കുന്നതിന് നടപടി**

194(3491) <u>ശ്രീ. പി. ജെ. ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പകർച്ചപ്പനിയും മറ്റ് അനുബന്ധരോഗങ്ങളും വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ സാംപിൾ പരിശോധനയ്ക്കായി പൊതുജനങ്ങൾ നേരിടുന്ന ബുദ്ധിമുട്ട് പരിഹരിക്കുന്നതിന് സംസ്ഥാനത്തെ എല്ലാ മെഡിക്കൽ കോളേജുകളിലും താലൂക്ക് ആശുപത്രികളിലും വൈറോളജി ലാബുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) എങ്കിൽ ഏതെല്ലാം ആശുപത്രികളിലാണ് വൈറോളജി ലാബ് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത് എന്നറിയിക്കാമോ;

(സി) സ്വകാര്യ ആശുപത്രികളിൽ ലാബ് ടെസ്റ്റിങ്ങിന് അമിത ചാർജ് ഈടാക്കുന്നത് ഒഴിവാക്കുന്നതിനായി ഈ രംഗത്ത് ഏകീകൃത നിരക്ക് ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ & ബി) സംസ്ഥാനത്ത് വൈറോളജി ലാബുകൾ സ്ഥാപിക്കുന്നത് വ്യക്തമായ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ്. ആയതിനാൽ എല്ലാ മെഡിക്കൽ കോളേജുകളിലും താലൂക്ക് ആശുപത്രികളിലും വൈറോളജി ലാബുകൾ സ്ഥാപിക്കുന്നത് പ്രായോഗികമായ നടപടി അല്ല. തിരുവനന്തപുരം, തൃശ്ശൂർ,

കോഴിക്കോട് എന്നീ മെഡിക്കൽ കോളേജുകളിൽ " Setting up of Network of Laboratories for Managing Epidemics and Natural Calamities VRDL" എന്ന കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരമുള്ള വൈറൽ ഡയഗ്നോസ്റ്റിക് റിസർച്ച് ലബോറട്ടറികൾ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

ഗവൺമെന്റ് മെഡിക്കൽ കോളേജ്, തിരുവനന്തപുരം:

തിരുവനന്തപുരം മെഡിക്കൽ കോളേജിനെ, കോളേജ് ലെവൽ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള കേന്ദ്രാവിഷ്കൃത പദ്ധതിക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്. പദ്ധതിയുടെ ആകെ തുകയായ 1.44 കോടി രൂപയിൽ (നോൺ റെക്കറിംഗ്) കേന്ദ്ര വിഹിതമായി 129 ലക്ഷം രൂപ ഇതിനോടകം ലഭിച്ചിട്ടുണ്ട്.

ഗവൺമെന്റ് മെഡിക്കൽ കോളേജ്, കോഴിക്കോട്:

കേന്ദ്രാവിഷ്കൃത പദ്ധതിയിൽ കോഴിക്കോട് മെഡിക്കൽ കോളേജിനെ സ്റ്റേറ്റ് ലെവൽ വൈറോളജി ലാബ് പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരം ലഭിച്ചിട്ടുണ്ട്. പദ്ധതിയുടെ ആകെ തുകയായ (കേന്ദ്ര വിഹിതവും സ്റ്റേറ്റ് വിഹിതവും ഉൾപ്പെടെ) 6.58 കോടി രൂപയിൽ (നോൺ റെക്കറിംഗ്) 329 ലക്ഷം രൂപ ഒന്നാംഘട്ട കേന്ദ്രവിഹിതമായി ലഭിച്ചിട്ടുണ്ട്.

ഗവൺമെന്റ് മെഡിക്കൽ കോളേജ്, തൃശ്ശൂർ:

തൃശ്ശൂർ മെഡിക്കൽ കോളേജിനെ, കോളേജ് ലെവൽ പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരം ലഭിച്ചിട്ടുണ്ട്. പദ്ധതിയുടെ ഒന്നാംഘട്ട കേന്ദ്രവിഹിതമായി 173.9 ലക്ഷം രൂപ ലഭിക്കുകയുണ്ടായി. (നോൺ റെക്കറിംഗ് 1,43,90,000 + റെക്കറിംഗ് 30,00,000)

(സി) 2017-ലെ 'കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് (രജിസ്ട്രേഷൻ & റഗുലേഷൻ) ബിൽ 2017' നിയമമാകുന്നതോടെ ഇക്കാര്യത്തിൽ പരിഹാര മുണ്ടാകുമെന്ന് കരുതുന്നു.

**നാഷണൽ ഹെൽത്ത് മിഷൻ (എൻ.എച്ച്.എം.)**

195(3492) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാഷണൽ ഹെൽത്ത് മിഷൻ (എൻ.എച്ച്.എം.) മുഖേന ആരോഗ്യ വകുപ്പിന് 2016-17 കാലയളവിൽ എത്ര കോടി രൂപയുടെ പദ്ധതികൾക്കാണ് കേന്ദ്രസർക്കാരിൽനിന്നും അനുമതി ലഭിച്ചതെന്ന് വിശദമാക്കുമോ; പദ്ധതികളുടെ

വിശദാംശം ലഭ്യമാക്കുമോ; ഇതിൽ ഏതെല്ലാം പദ്ധതികൾ ആരംഭിക്കുവാൻ കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; 2016-17-ലെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) 2016-17-ൽ എത്ര കോടി രൂപയാണ് കേന്ദ്രസർക്കാരിൽനിന്ന് നാഷണൽ ഹെൽത്ത് മിഷന് അനുവദിച്ചത്; ഇതിൽ കേന്ദ്രവിഹിതവും സംസ്ഥാന വിഹിതവും വ്യക്തമാക്കുമോ; കേന്ദ്രവിഹിതമായി എത്ര രൂപയാണ് ലഭിച്ചതെന്നും സംസ്ഥാന വിഹിതമായി എത്ര രൂപയാണ് ലഭിച്ചതെന്നും വ്യക്തമാക്കുമോ;

(സി) 31-3-2017-ൽ എത്ര ശതമാനം എൻ.എച്ച്.എം വിനിയോഗിച്ചു; വിനിയോഗിക്കാത്ത തുകയെത്രയാണ്; ഇപ്രകാരം ചെലവഴിക്കാത്ത തുകയുണ്ടെങ്കിൽ ആയത് 2017-18 ൽ കുറവ് ചെയ്യാണോ അനുവദിച്ചതെന്ന് വിശദമാക്കുമോ;

(ഡി) 2017-18 കാലയളവിൽ ആരോഗ്യ വകുപ്പിൽ നടപ്പിലാക്കുന്നതിന് കേന്ദ്രസർക്കാരിന് സമർപ്പിച്ച പദ്ധതി നിർദ്ദേശങ്ങൾ വിശദമാക്കുമോ?

ഉത്തരം

(എ) 2016-17 സാമ്പത്തിക വർഷത്തിൽ 521.87 കോടി രൂപയുടെ പദ്ധതികൾക്കാണ് കേന്ദ്ര സർക്കാരിൽനിന്നും അനുമതി ലഭിച്ചത്. പദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു. എല്ലാ പദ്ധതികളും തുടർ പദ്ധതികളാണ് 2016-17 പ്രൊവിഷണൽ വിനിയോഗ സർട്ടിഫിക്കറ്റ് സമർപ്പിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | പ്രോഗ്രാമിന്റെ പേര് | അനുവദിച്ച തുക (കോടിയിൽ) |
|---|---|---|
| (1) | (2) | (3) |
| 1 | ആർ.സി.എച്ച് ഫ്ലക്സിബിൾ പൂൾ | 163.88 |
| 2 | മിഷൻ ഫ്ലക്സിബിൾ പൂൾ (എൻ.ഒ.എച്ച്.പി, എൻ.പി.പി.സി.ഡി, എൻ.പി.പി.സി.എഫ്) | 168.84 |
| 3 | ഇമ്മ്യൂണൈസേഷൻ പ്രോഗ്രാം (ആർ.സി.എച്ച്.ഫ്ലക്സിബിൾ പൂൾ) | 10.83 |
| 4 | പി.പി.ഐ.ഓപ്പറേഷണൽ കോസ്റ്റ് | 3.74 |
| 5 | നാഷണൽ അയഡിൻ ഡെഫിഷ്യൻസി ഡിസീസ് കൺട്രോൾ പ്രോഗ്രാം | 1.17 |

| (1) | (2) | (3) |
|---|---|---|
| 6 | നാഷണൽ അർബൻ ഹെൽത്ത് മിഷൻ | 38.82 |
| 7 | ഇന്റഗ്രേറ്റഡ് ഡിസീസ് സർവൈലൻസ് പ്രോഗ്രാം | 1.76 |
| 8 | നാഷണൽ വെക്ടർ ബോൺ ഡിസീസ് കൺട്രോൾ പ്രോഗ്രാം | 7.55 |
| 9 | നാഷണൽ ലെപ്രസി ഇറാഡിക്കേഷൻ പ്രോഗ്രാം | 0.60 |
| 10 | റിവൈസ്ഡ് നാഷണൽ ട്യൂബർകുലോസിസ് കൺട്രോൾ പ്രോഗ്രാം | 19.62 |
| 11 | നാഷണൽ പ്രോഗ്രാം ഫോർ കൺട്രോൾ ഓഫ് ബ്ലൈൻഡ്നെസ് | 7.34 |
| 12 | നാഷണൽ പ്രോഗ്രാം ഫോർ പ്രിവൻഷൻ ആന്റ് കൺട്രോൾ ഓഫ് കാൻസർ, ഡയബറ്റീസ്, കാർഡിയോ വാസ്കുലർ ഡിസീസ് ആന്റ് സ്ട്രോക്ക് | 10.54 |
| 13 | നാഷണൽ ടുബാക്കോ കൺടോൾ പ്രോഗ്രാം | 0.53 |
| 14 | നാഷണൽ മെന്റൽ ഹെൽത്ത് പ്രോഗ്രാം | 1.03 |
| 15 | നാഷണൽ പ്രോഗ്രാം ഫോർ ഹെൽത്ത് കെയർ ഫോർ എൽഡേർലി | 2.24 |
| 16 | ഇൻഫ്രാസ്ടക്ചർ മെയിന്റനൻസ് (ഡയറക്ഷൻ അഡ്മിനിസ്ട്രേഷൻ) | 83.37 |
| | ആകെ | 521.61 |

(ബി) 2016-17 സാമ്പത്തിക വർഷത്തിൽ കേന്ദ്ര സർക്കാർ വിഹിതമായി 275.31 കോടി രൂപയും സംസ്ഥാന വിഹിതമായി 302.80 കോടി രൂപയും (മുൻ വർഷത്തെ കുടിശ്ശിക ഉൾപ്പെടെ) അനുവദിച്ചു.

(സി) എൻ.എച്ച്.എം.-ന് നൽകിയ തുകയുടെ 80% വിനിയോഗിച്ചു. ബാക്കി

116 കോടി രൂപ ചെലവഴിച്ചിട്ടില്ല. പ്രസ്തുത തുകയിൽ 106 കോടി രൂപ അടുത്ത സാമ്പത്തിക വർഷത്തെ പദ്ധതികളിൽ അധിക പദ്ധതിയായി അനുവദിച്ചിട്ടുണ്ട്. 10 കോടി രൂപ ഈ വർഷത്തെ പദ്ധതികളിൽ ഉൾപ്പെടുത്തിയും അനുവദിച്ചിട്ടുണ്ട്.

(ഡി) 2017-18 സാമ്പത്തിക വർഷത്തിൽ 713.03 കോടി രൂപയുടെ പദ്ധതികളാണ് സമർപ്പിച്ചത്. വിശദാംശം താഴെ ചേർക്കുന്നു:

| ക്രമ നമ്പർ | പ്രോഗ്രാമിന്റെ പേര് | അനുവദിച്ച തുക (കോടിയിൽ) |
|---|---|---|
| (1) | (2) | (3) |
| 1 | ആർ.സി.എച്ച് ഫ്ലക്സിബിൾ പൂൾ | 99.2709 |
| 2 | മിഷൻ ഫ്ലക്സിബിൾ പൂൾ (എൻ.ഒ.എച്ച്.പി, എൻ.പി.പി.സി.ഡി, എൻ.പി.പി.സി.എഫ്) | 362.5378 |
| 3 | ഇമ്മ്യൂണൈസേഷൻ ഫ്രം ആർ.സി.എച്ച്.ഫ്ലക്സിബിൾ പൂൾ പി.പി.ഐ ഓപ്പറേഷണൽ കോസ്റ്റ് | 15.680 |
| 4 | നാഷണൽ അയഡിൻ ഡെഫിഷ്യൻസി ഡിസീസ് കൺട്രോൾ പ്രോഗ്രാം | 0.6358 |
| 5 | നാഷണൽ അർബൻ ഹെൽത്ത് മിഷൻ | 58.1562 |
| 6 | ഇന്റഗ്രേറ്റഡ് ഡിസീസ് സർവൈലൻസ് പ്രോഗ്രാം | 2.2744 |
| 7 | നാഷണൽ വെക്ടർ ബോൺ ഡിസീസ് കൺട്രോൾ പ്രോഗ്രാം | 5.9277 |
| 8 | നാഷണൽ ലെപ്രസി ഇറാഡിക്കേഷൻ പ്രോഗ്രാം | 1.0059 |
| 9 | റിവൈസ്ഡ് നാഷണൽ ട്യൂബർകുലോസിസ് കൺട്രോൾ പ്രോഗ്രാം | 14.7256 |
| 10 | നാഷണൽ പ്രോഗ്രാം ഫോർ കൺട്രോൾ ഓഫ് ബ്ലൈൻഡ്നെസ് | 6.8754 |

| (1) | (2) | (3) |
|---|---|---|
| 11 | നാഷണൽ പ്രോഗ്രാം ഫോർ പ്രിവൻഷൻ ആന്റ് കൺട്രോൾ ഓഫ് കാൻസർ, ഡയബറ്റീസ്, കാർഡിയോ വാസ്കുലർ ഡിസീസ് ആന്റ് സ്ട്രോക്ക് | 8.1677 |
| 12 | നാഷണൽ ടുബാക്കോ കൺട്രോൾ പ്രോഗ്രാം | 0.9086 |
| 13 | നാഷണൽ മെന്റൽ ഹെൽത്ത് പ്രോഗ്രാം | 2.1084 |
| 14 | നാഷണൽ പ്രോഗ്രാം ഫോർ ഹെൽത്ത് കെയർ ഫോർ എൽഡേർലി | 1.5000 |
| 15 | ഇൻഫ്രാസ്ട്രക്ചർ മെയിന്റനൻസ് (ഡയറക്ഷൻ അഡ്മിനിസ്ട്രേഷൻ) | 83.3700 |
| 16 | സ്റ്റേറ്റ് ഇനിഷ്യേറ്റീവ് | 50.00 |
| | ആകെ | 713.03242 |

**ആരോഗ്യ മേഖലയിൽ നിന്നും പി.എസ്.സി-യ്ക്ക് റിപ്പോർട്ട് ചെയ്ത ഒഴിവുകൾ**

196(3493) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആരോഗ്യ മേഖലയിൽ നിന്നും പി.എസ്.സി -യ്ക്ക് എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; കാറ്റഗറി തിരിച്ചുള്ള വിശദവിവരം നൽകുമോ;

(ബി) ഇതിൽ എത്ര പേർ നിയമിക്കപ്പെട്ടിട്ടുണ്ട്; കാറ്റഗറി തിരിച്ചുള്ള വിശദവിവരം നൽകുമോ?

<u>ഉത്തരം</u>

(എ) സർക്കാർ അധികാരത്തിൽ വന്നശേഷം ആരോഗ്യ മേഖലയിൽ നിന്നും പി.എസ്.സി-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ള ഒഴിവുകൾ സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു.*

(ബി) സർക്കാർ അധികാരത്തിൽ വന്നശേഷം ആരോഗ്യ മേഖലയിൽ നിയമിക്കപ്പെട്ടവരെ സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു. *

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**മരുന്ന് സൗജന്യമായി നൽകുന്നതിനുള്ള പദ്ധതി**

197(3494) ശ്രീ. വി. എസ്. ശിവകുമാർ:

ശ്രീ. കെ. സി. ജോസഫ്:

ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡയബറ്റീസ്, കൊളസ്ട്രോൾ, പ്രഷർ രോഗികൾക്ക് പ്രൈമറി ഹെൽത്ത് സെന്ററുകൾ വഴി മരുന്ന് സൗജന്യമായി നൽകുന്നതിനുള്ള പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) ഇതിനായി എത്ര കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്; ഈ പദ്ധതിക്ക് കേന്ദ്രസഹായം ലഭ്യമാണോ; എങ്കിൽ കേന്ദ്രസഹായമായി എന്ത് തുക ലഭിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ജീവിതശൈലീ രോഗങ്ങളായ ഡയബറ്റീസ്, കൊളസ്ട്രോൾ, രക്താതിസമ്മർദ്ദം തുടങ്ങിയ രോഗങ്ങൾക്കുള്ള മരുന്നുകൾ വിദഗ്ദ്ധർ തയ്യാറാക്കിയ പ്രോട്ടോക്കോളിന്റെ അടിസ്ഥാനത്തിൽ എല്ലാ പ്രാഥമികാരോഗ്യതലം വരെ സൗജന്യമായി നൽകുന്നതിനുള്ള പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ജീവിതശൈലീ രോഗ ബോധന നിയന്ത്രണ പദ്ധതിയായ 'അമൃതം ആരോഗ്യ'ത്തിലൂടെയാണ് ഇൻസുലിൻ ഉൾപ്പെടെയുള്ള മരുന്നുകൾ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻവഴി സംഭരിച്ച് വിതരണം ചെയ്തുവരുന്നത്.

(ബി) 2016-17 വർഷത്തിൽ 100 ലക്ഷം രൂപ പദ്ധതി ആരോഗ്യ വകുപ്പ് നേരിട്ടും, ആശുപത്രികൾക്ക് ആവശ്യമുള്ളത് വാർഷിക ഇൻഡന്റിലൂടെ സംസ്ഥാന ആരോഗ്യ വകുപ്പുവഴി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിലൂടെയും സംഭരിച്ച് വിതരണം ചെയ്തുവരുന്നു. കേന്ദ്രാവിഷ്കൃത പദ്ധതിയായ NPCDCS (National program for control of Diabetes, Cardiovascular Diseases, Cancer and Stroke)-ലൂടെയും 179 ലക്ഷം രൂപ സാമ്പത്തിക വർഷം ജീവിതശൈലീ രോഗങ്ങൾക്കുള്ള മരുന്നുകൾ വാങ്ങുന്നതിനായി വകയിരുത്തിയിട്ടുണ്ട്.

**മണലൂർ മണ്ഡലത്തിൽ ഫുഡ് സേഫ്റ്റി ഓഫീസ്**

198(3495) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിൽ ഫുഡ് സേഫ്റ്റി ഓഫീസ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത ഓഫീസിൽ നിന്നും ലഭ്യമാകുന്ന സേവനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) ഏതെല്ലാം തസ്തികകളാണ് ഈ ഓഫീസിൽ അനുവദിച്ചിരിക്കുന്നത് എന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) ആരംഭിച്ചിട്ടുണ്ട്. മണലൂർ സർക്കിൾ ഓഫീസും ഗുരുവായൂർ സർക്കിൾ ഓഫീസും ഒരുമിച്ച് ചാവക്കാടാണ് പ്രവർത്തിക്കുന്നത്.

(ബി) പ്രസ്തുത ഓഫീസിൽ ഫുഡ് ബിസിനസ്സ് ഓപ്പറേറ്റർമാർക്ക് രജിസ്ട്രേഷൻ നൽകുക, ഭക്ഷ്യ സുരക്ഷയുമായി ബന്ധപ്പെട്ട പരാതികൾ അന്വേഷിക്കുക, ഭക്ഷ്യ സുരക്ഷാ സംബന്ധമായ പരിശോധനകൾ നടത്തി സാമ്പിളുകൾ ശേഖരിച്ച് ലാബുകളിലേയ്ക്ക് പരിശോധനയ്ക്കായി അയയ്ക്കുക തുടങ്ങിയ സേവനങ്ങൾ ലഭ്യമാണ്.

(സി) ഈ ഓഫീസിൽ ഒരു ഫുഡ് സേഫ്റ്റി ഓഫീസറുടെയും ഒരു ക്ലാർക്കിന്റെയും ഒരു ഓഫീസ് അറ്റൻഡന്റിന്റെയും തസ്തികയാണ് അനുവദിച്ചിട്ടുള്ളത്.

**ആശുപത്രി തസ്തികകളിലെ ഒഴിവ്**

199(3496) <u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിറ്റൂർ നിയോജകമണ്ഡലത്തിലെ താലൂക്ക് ആശുപത്രികൾ, സി. എച്ച്. സി.- കൾ, പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ നിലവിൽ എത്ര ഡോക്ടർ, നേഴ്സ്, പാരാമെഡിക്കൽ ജീവനക്കാർ എന്നിവരുടെ തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത ആശുപത്രിയിൽ ലീൻ നിലനിർത്തി എത്ര ഡോക്ടർമാർ ജില്ലയിലെ മറ്റ് ആശുപത്രികളിൽ ജോലി ചെയ്യുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ചിറ്റൂർ നിയോജകമണ്ഡലത്തിലെ താലൂക്ക് ആശുപത്രികൾ, സി.എച്ച്.സി-കൾ, പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ എന്നിവിടങ്ങളിലെ ജീവനക്കാരുടെ വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

കൂടാതെ ചിറ്റൂർ താലൂക്ക് ആസ്ഥാന ആശുപത്രിയിലെ 2 ഗൈനക്കോളജിസ്റ്റ് തസ്തികയിൽ ഒന്ന് 1-9-2016 മുതൽ ഒഴിഞ്ഞു കിടക്കുന്നു. ടി ഒഴിവിൽ ഡോക്ടറെ നിയമിച്ചിരുന്നുവെങ്കിലും ജോലിയിൽ പ്രവേശിച്ചിട്ടില്ല.

(ബി) ചിറ്റൂർ താലൂക്ക് ആസ്ഥാന ആശുപത്രിയിലെ ജൂനിയർ കൺസൾട്ടന്റ് (സർജറി) ഡോ. ടി. ദീപുവിനെ പാലക്കാട് ജില്ലാ ആശുപത്രിയിലേയ്ക്ക് ആഴ്ചയിൽ 4 ദിവസത്തേക്കും വണ്ണാമട പി.എച്ച്.സി-യിലെ അസിസ്റ്റന്റ് സർജനായ ഡോ. ഉണ്ണികൃഷ്ണനെ കൊഴിഞ്ഞാമ്പാറ സി.എച്ച്.സി-യിലും നിയോജന വ്യവസ്ഥയിൽ നിയമിച്ചിട്ടുണ്ട്.

**ആർദ്രം പദ്ധതി**

200(3497) <u>ശ്രീ. കെ. ഡി. പ്രസേനൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർദ്രം പദ്ധതിയുടെ ഭാഗമായി ആലത്തൂർ നിയോജകമണ്ഡലത്തിൽ നടപ്പാക്കാനുദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ ഏതെല്ലാം;

(ബി) ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) ആർദ്രം പദ്ധതിയുടെ ഭാഗമായി തെരഞ്ഞെടുക്കപ്പെട്ട പി.എച്ച്.സി-കളുടെ പട്ടികയിൽ ആലത്തൂർ മണ്ഡലത്തിലെ വണ്ടാഴി, കിഴക്കാഞ്ചേരി എന്നീ പി.എച്ച്.സി-കളെയും താലൂക്ക് തല ആശുപത്രികളുടെ പട്ടികയിൽ ആലത്തൂർ താലൂക്ക് ആശുപത്രിയേയും ഉൾപ്പെടുത്തിയിട്ടുണ്ട്. പദ്ധതി പ്രകാരം ടി പി.എച്ച്.സി-കളിൽ ഓരോ ഡോക്ടർമാരുടെയും ഓരോ ലാബ് ടെക്നീഷ്യന്മാരുടെയും രണ്ട് സ്റ്റാഫ് നഴ്സുമാരുടേയും അധിക തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. അതോടൊപ്പം ടി താലൂക്ക് ആശുപത്രിയിൽ ഒരു ലാബ് ടെക്നീഷ്യന്റെയും രണ്ട് സ്റ്റാഫ് നഴ്സുമാരുടേയും തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്.

കുടുംബ ആരോഗ്യ കേന്ദ്രങ്ങളിൽ കമ്പ്യൂട്ടറൈസ്ഡ് ഒ.പി രജിസ്ട്രേഷൻ, രോഗികൾക്ക് മെച്ചപ്പെട്ട ഇരിപ്പിട സൗകര്യങ്ങൾ, കുടിവെള്ളം, ടോയ്‌ലെറ്റ് സൗകര്യങ്ങൾ, എന്നിവയ്ക്കും കേന്ദ്രത്തിലേയ്ക്കാവശ്യമായ 'സൈനേജുകൾ' സ്വകാര്യതയോടുകൂടിയ കൺസൾട്ടേഷൻ സൗകര്യങ്ങൾ, പബ്ലിക് അഡ്രസ്സിംഗ് സിസ്റ്റം, ആരോഗ്യ ബോധവൽക്കരണത്തിനുള്ള മെച്ചപ്പെട്ട സൗകര്യങ്ങൾ തുടങ്ങിയവ ക്രമീകരിക്കുവാനുള്ള പ്രവർത്തനങ്ങൾ എന്നിവ നടന്നുവരുന്നു.

ടി ആരോഗ്യ കേന്ദ്രങ്ങളിൽ ആരോഗ്യകേരളം സിവിൽ എഞ്ചിനീയർ ബയോ മെഡിക്കൽ എഞ്ചിനീയർ, എന്നിവരടങ്ങുന്ന സംഘം സന്ദർശിച്ച് സൗകര്യങ്ങളെക്കുറിച്ചുള്ള വിശകലനം (ഫെസിലിറ്റി സർവ്വെ/ഗ്യാപ്പ് അനാലിസിസ്) നടത്തിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ പ്ലാൻ, എസ്റ്റിമേറ്റ് ഇവ തയ്യാറാക്കിയിട്ടുണ്ട്. സിവിൽ ജോലികൾ ചെയ്യുന്നതിലേയ്ക്കായി നിർമ്മിതി കേന്ദ്രത്തിനെ എൽപ്പിച്ചിട്ടുണ്ട്. കീഴ്ക്കാഞ്ചേരി പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽ 8 ലക്ഷം രൂപയുടേയും വണ്ടാഴി പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽ 13 ലക്ഷം രൂപയുടേയും പ്രവർത്തികളാണ് നടക്കുക. കീഴ്ക്കാഞ്ചേരി പ്രാഥമിക ആരോഗ്യകേന്ദ്രം 2017 സെപ്റ്റംബറിലും വണ്ടാഴി പ്രാഥമിക ആരോഗ്യ കേന്ദ്രം 2017 ഒക്ടോബർ 31-നകവും നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കുവാൻ ഉദ്ദേശിക്കുന്നു. കീഴ്ക്കാഞ്ചേരി പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽ വിഷാദ രോഗത്തിന് ചികിത്സിക്കാൻ ഡോക്ടർമാർക്ക് പരിശീലനം നൽകി. ആശ്വാസ് ക്ലിനിക്ക് ആരംഭിച്ചിട്ടുണ്ട്. ഈ രണ്ട് സ്ഥാപനങ്ങളിലും കുടുംബ ആരോഗ്യ കേന്ദ്രങ്ങളിലെ സൂക്ഷ്മതല ആരോഗ്യപ്രവർത്തനങ്ങൾ ജനങ്ങളുടെ പങ്കാളിത്തത്തോടെ ഏറ്റെടുക്കുക എന്ന ലക്ഷ്യത്തോടെ ആരോഗ്യസേന രൂപീകരിച്ചിട്ടുണ്ട്.

**ആർദ്രം മിഷൻ**

201(3498) ശ്രീ. കെ. വി. വിജയദാസ്:
ശ്രീ. വി. കെ. സി. മമ്മത് കോയ:
ശ്രീ. എൻ. വിജയൻ പിള്ള:
ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ ആരോഗ്യ മേഖലയിൽ ഒരു സുപ്രധാന ചുവടുവയ്പ്പായി മാറിയ ആർദ്രം മിഷന്റെ രൂപീകരണത്തോടെ ഓരോ പൗരനും തുടർച്ചയായ ആരോഗ്യ പരിരക്ഷ ഉറപ്പുവരുത്തുന്നതിനും ഉന്നതനിലവാരമുള്ള ആതുര സേവനത്തിന്റെ ലഭ്യത ഉറപ്പാക്കിക്കൊണ്ട് ജനങ്ങളുടെ ശാരീരികവും മാനസികവും സാമൂഹ്യവുമായ പരിപൂർണ്ണ സുസ്ഥിതി പ്രദാനം ചെയ്യുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) സർക്കാർ മേഖലയിൽ വ്യാപകമായ ആരോഗ്യ ശൃംഖല ഉണ്ടായിട്ടും ചികിത്സയ്ക്കായി ജനങ്ങൾ സ്വകാര്യ ആശുപത്രികളെ ആശ്രയിക്കേണ്ടി വരുന്ന അവസ്ഥ ഒഴിവാക്കുന്നതിന് ആർദ്രം മിഷൻ എപ്രകാരമെല്ലാം സഹായിക്കുന്നു എന്ന് വ്യക്തമാക്കാമോ;

(സി) ആർദ്രം മിഷന്റെ ഭാഗമായി ആശുപത്രികളിൽ നടന്നുകൊണ്ടിരിക്കുന്ന ഒ.പി. ബ്ലോക്ക് പരിഷ്ക്കരണം ഏത് ഘട്ടത്തിലാണ്; വിശദാംശം നൽകുമോ?

ഉത്തരം

(എ&ബി) സംസ്ഥാനത്തെ ആരോഗ്യമേഖലയിലെ ചികിത്സാ സംവിധാനങ്ങളെ എല്ലാ രീതിയിലും രോഗീസൗഹൃദമാക്കുന്നതിനുള്ള സംരംഭമാണ് ആർദ്രം മിഷൻ. ഔട്ട് പേഷ്യന്റ് വിഭാഗങ്ങളിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി രോഗീസൗഹൃദമായ രീതിയിൽ ചികിത്സ ലഭ്യമാക്കുക, ജില്ല/താലൂക്ക്/ജനറൽ ആശുപത്രികളിൽ നിശ്ചിത മാനദണ്ഡങ്ങളോടെ, അടിസ്ഥാന സൗകര്യങ്ങളും ആശുപത്രി ഉപകരണങ്ങളും ലഭ്യമാക്കിക്കൊണ്ടും ആവശ്യത്തിന് ജീവനക്കാരെ നിയമിച്ചുകൊണ്ടും സൗകര്യങ്ങൾ ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. ഇതിന്റെ ഭാഗമായി കുടുംബ ആരോഗ്യ കേന്ദ്രങ്ങളായി തെരഞ്ഞെടുത്ത 170 പി.എച്ച്.സി.-കളിൽ 680 തസ്തികകൾ സൃഷ്ടിക്കുകയും പ്രൈമറി ഹെൽത്ത് സെന്ററുകളെ കുടുംബ ആരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുന്നതിന് 23 കോടി രൂപയുള്ള ഭരണാനുമതിയും നൽകിയിട്ടുണ്ട്. 5 കോടി രൂപയുടെ ലബോറട്ടറി ഉപകരണങ്ങൾ കെ.എം.എസ്.സി.എൽ. വഴി വാങ്ങുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ജില്ലാ/താലൂക്ക്/ജനറൽ തല ആശുപത്രികളിലേയ്ക്ക് ആദ്യഘട്ടമെന്ന നിലയിൽ 280 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. മറ്റ് ജീവനക്കാരുടെ അധിക തസ്തിക സൃഷ്ടിക്കുന്നതു സംബന്ധിച്ച പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്. ഇവ കൂടാതെ ഈ സ്ഥാപനങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും കാത്ത് ലാബ് സൗകര്യങ്ങളോടുകൂടിയ കാർഡിയോളജി യൂണിറ്റുകൾ ഉൾപ്പെടെയുള്ള സൂപ്പർ സ്പെഷ്യാലിറ്റി യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. KIIFB-യിൽ ഉൾപ്പെടുത്തി 8 ജില്ലാതല ആശുപത്രികളിൽ കാത്ത് ലാബ് സൗകര്യവും 44 താലൂക്ക് ആശുപത്രികളിൽ ഡയാലിസസ് യൂണിറ്റും സജ്ജമാക്കുവാനുള്ള പ്രവർത്തനങ്ങൾ കെ.എം.എസ്.സി.എൽ വഴി നടന്നുവരുന്നു. ജില്ലാ താലൂക്ക് തല ആശുപത്രികളുടെ മാസ്റ്റർ പ്ലാൻ അടിസ്ഥാനമാക്കിയുള്ള KIIFB നിർമ്മാണ പ്രവർത്തനങ്ങൾ KIIFB, പ്ലാൻ ഫണ്ട്, നബാർഡ് സ്കീം തുടങ്ങിയ വഴി നടന്നുവരുന്നു.

8 മെഡിക്കൽ കോളേജുകളിലെ ഒ.പി. സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി “ Patient Friendly Transformation of outpatient services to ensure quality of care” എന്ന പദ്ധതി നടപ്പിലാക്കുന്നതിനായി 51.8184 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷത്തിൽ, മാർച്ചിലെ ഉപധനാഭ്യർത്ഥന പ്രകാരം, 12.92 കോടി രൂപ അനുവദിക്കുകയും ഈ തുക പദ്ധതിയുടെ ആദ്യഘട്ട നടത്തിപ്പിനായി ഡയറക്ടർ, നാഷണൽ ഹെൽത്ത് മിഷന് കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ കൈമാറുകയും ചെയ്തിട്ടുണ്ട്.

(സി) വിവിധ ആശുപത്രികളിലെ ഒ.പി. ബ്ലോക്ക് പരിഷ്കരണം വ്യത്യസ്ത ഘട്ടത്തിലാണ് നടന്നു വരുന്നത്.

## മലപ്പുറം പബ്ലിക് ഹെൽത്ത് ലാബ്

202(3499) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം പബ്ലിക് ഹെൽത്ത് ലാബിന് ആവശ്യമായ തസ്തിക സൃഷ്ടിച്ചിട്ടും താൽക്കാലിക കെട്ടിടം അനുവദിച്ചിട്ടും ഇപ്പോഴും പ്രവർത്തനം ആരംഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) പകർച്ച വ്യാധികൾ പടർന്നുപിടിക്കുന്ന സാഹചര്യത്തിൽ, കൂടുതൽ ജനസംഖ്യയുള്ള മലപ്പുറത്ത് 2012-ൽ അനുവദിച്ച പബ്ലിക് ഹെൽത്ത് ലാബ് എന്നത്തേക്ക് പ്രവർത്തനം ആരംഭിക്കുമെന്ന് വെളിപ്പെടുത്തുമോ?

### ഉത്തരം

(എ& ബി) മലപ്പുറം പബ്ലിക് ഹെൽത്ത് ലാബിനാവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള ഫണ്ട് കെ.എം.എസ്.സി.എൽ.-ന് കൈമാറിയിട്ടുണ്ട്. ഉപകരണങ്ങൾ സപ്ലൈ ചെയ്യുന്നതിന് മുന്നോടിയായി കെട്ടിടം സജ്ജമാക്കേണ്ടതിനാവശ്യമായ അറ്റകുറ്റപ്പണികളും എ.സി. സംവിധാനവും ടോയ്‌ലെറ്റ് നിർമ്മാണവും എൻ.എച്ച്.എം. മുഖേന നടത്തി വരുന്നു. പ്രസ്തുത നിർമ്മാണവും അറ്റകുറ്റപ്പണികളും പൂർത്തിയാക്കുകയും വൈദ്യുതി കണക്ഷൻ, ഉപകരണങ്ങൾ എന്നിവ ലഭ്യമാക്കുകയും ചെയ്യുന്നമുറയ്ക്ക് ലാബിന്റെ പ്രവർത്തനമാരംഭിക്കുന്നതാണ്. സ.ഉ(കൈ) നമ്പർ 22/2017/ആകുവ. തീയതി 9-2-2017 പ്രകാരം ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷമാണ് ലാബിലേയ്ക്ക് 10 തസ്തികകൾ സൃഷ്ടിച്ച് ഉത്തരവായത്.

## ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ്

203(3500) ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിൽ 25 , 30 വർഷം സർവ്വീസുള്ള ജൂനിയർ പബ്ളിക് ഹെൽത്ത് നഴ്സമാർ അതേ തസ്തികകളിൽത്തന്നെ തുടരുന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവർക്ക് ലഭിക്കേണ്ട പ്രൊമോഷനുകൾ കാലതാമസം കൂടാതെ നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കുമോ;

(സി) ഗ്രേഡ് - I ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ്മാരുടെ ട്രെയിനിംഗ് യഥാസമയം നടത്താറുണ്ടോ; കാലതാമസം കൂടാതെ ട്രെയിനിംഗ് നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ഡി) ഗ്രേഡ് - II ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ്മാരുടെ പ്രൊമോഷനുകൾ 1:1 അനുപാതത്തിൽ ആണോ നടത്തുന്നത് എന്ന് അറിയിക്കുമോ;

(ഇ) ജൂനിയർ പബ്ളിക് ഹെൽത്ത് നഴ്സ്മാരുടെ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഒഴിവുകൾ ഉണ്ടാകുന്നമുറയ്ക്ക് പ്രൊമോഷൻ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഗ്രേഡ് - 1 ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സുമാരുടെ കഴിഞ്ഞ ബാച്ച് ട്രെയിനിംഗ് 3-10-2016-ന് അവസാനിച്ചു. സീനിയോറിറ്റി സംബന്ധിച്ച വിഷയവുമായി ബന്ധപ്പെട്ട് കേസുകൾ നിലനിൽക്കുന്നതിനാൽ അടുത്ത ബാച്ച് ആരംഭിക്കുവാൻ കഴിഞ്ഞിട്ടില്ല. കേസിന്റെ വിധി വന്നാലുടൻ അടുത്ത ബാച്ച് ട്രെയിനിംഗ് ആരംഭിക്കുന്നതാണ്. കാലതാമസം കൂടാതെ ട്രെയിനിംഗ് നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) ഗ്രേഡ് - II ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സുമാരുടെ പ്രൊമോഷനുകൾ 1:1 അനുപാതത്തിലാണ് നടത്തുന്നത്.

(ഇ) 31-12-2006 വരെയുള്ള സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്.

**പോസ്റ്റ്മോർട്ടം അലവൻസ്**

204(3501) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഹോസ്പിറ്റലുകളിലും മെഡിക്കൽ കോളേജുകളിലും പോസ്റ്റ്മോർട്ടം പരിശോധനയ്ക്ക് സഹായിക്കുന്ന ലാബ് ടെക്നീഷ്യൻ/മോർച്ചറി ടെക്നീഷ്യൻ/ജൂനിയർ ലാബ് അസിസ്റ്റന്റ്, മോർച്ചറി മാൻ/വുമൺ, ടൈപ്പിസ്റ്റ് എന്നിവരുടെപോസ്റ്റ് മോർട്ടം അലവൻസ് എത്ര രൂപയാണ് ;

(ബി) ഓരോ വിഭാഗത്തിനും ലഭിക്കുന്ന അലവൻസ് ഇനംതിരിച്ച് വ്യക്തമാക്കാമോ;

(സി) കഴിഞ്ഞ 10 വർഷമായി കേരളത്തിലെ ഹോസ്പിറ്റലുകളിലും മെഡിക്കൽ കോളേജുകളിലും പോസ്റ്റ്മോർട്ടം പരിശോധനയ്ക്ക് സഹായിക്കുന്ന മേൽ വിഭാഗത്തിൽപ്പെട്ടവരുടെ പോസ്റ്റ്മോർട്ടം അലവൻസിൽ മാറ്റം എന്തെങ്കിലും വന്നിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ ആയത് മാറ്റം വരുത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ & ബി) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെകീഴിൽ പോസ്റ്റ് മോർട്ടം പരിശോധനയ്ക്ക് കൊടുക്കുന്ന അലവൻസ് തസ്തിക തിരിച്ച് ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| ലാബ് ടെക്നീഷ്യൻ | - | 60 രൂപ |
| മോർച്ചറി ടെക്നീഷ്യൻ | - | 60 രൂപ |
| ജൂനിയർ ലാബ് അസിസ്റ്റന്റ് | - | 60 രൂപ |
| മോർച്ചറി മാൻ /വുമൺ | - | 75 രൂപ |
| ടൈപ്പിസ്റ്റ് | - | 15 രൂപ |

ആരോഗ്യ വകുപ്പിനുകീഴിലെ

ഹോസ്പിറ്റലുകളിൽ പോസ്റ്റ്മോർട്ടം

പരിശോധനയ്ക്ക് കൊടുക്കുന്ന അലവൻസ്

തസ്തിക തിരിച്ച് ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| നഴ്സിംഗ് അസിസ്റ്റന്റ് | - | 60 രൂപ |
| ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ് 1 & ഗ്രേഡ് 2 | - | 75 രൂപ |
| ടൈപ്പിസ്റ്റ് | - | 15 രൂപ |

(സി)ഇല്ല

(ഡി) വകുപ്പ് മേലധികാരിയിൽ നിന്നും ശിപാർശ ലഭിക്കുന്ന മുറയ്ക്ക് പരിശോധിക്കാവുന്നതാണ്.

**ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി ഫാർമസിസ്റ്റ് തസ്തിക സൃഷ്ടിക്കുന്നതിന് നടപടി**

205(3502) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര പി.എച്ച്.സി.-കളെ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട് എന്ന് വിശദമാക്കുമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് ഫാർമസിസ്റ്റുകളുടെ തസ്തിക സൃഷ്ടിച്ചിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ ആരോഗ്യമേഖലയിൽ ഫാർമസിസ്റ്റുകളുടെ അധിക തസ്തിക അടിയന്തരമായി സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) ഫാർമസിസ്റ്റ് ഗ്രേഡ് II -ന്റെ പി.എസ്.സി. ചുരുക്കപ്പട്ടികയിൽപ്പെട്ട പരമാവധി ഉദ്യോഗാർത്ഥികൾക്ക് നിയമനം ലഭിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 170 പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളെ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി കുടുംബ ആരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തിയിട്ടുണ്ട്.

(ബി-ഡി) ആർദ്രം പദ്ധതിയുടെ ഭാഗമായി തസ്തിക സൃഷ്ടിക്കുന്നതിലേക്കായി ആരോഗ്യ വകുപ്പ് ഡയറക്ടർ സമർപ്പിച്ച സമാഹൃത പ്രൊപ്പോസലിൽ ഫാർമസിസ്റ്റ് ഗ്രേഡ് II തസ്തിക ഉൾപ്പെട്ടിട്ടുണ്ട്.

**രക്തജന്യ രോഗങ്ങൾക്കായുള്ള പ്രത്യേക ചികിത്സാ പദ്ധതി**

206(3503) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രക്തജന്യ രോഗങ്ങൾക്കായുള്ള പ്രത്യേക ചികിത്സാ പദ്ധതിയിൽ സിക്കിൾസെൽ അനീമിയ രോഗബാധിതരെ ഉൾപ്പെടുത്തുന്ന കാര്യത്തിൽ തീരുമാനം എടുത്തിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതികൾക്ക് രൂപംകൊടുക്കുന്ന ഘട്ടത്തിൽ സിക്കിൾസെൽ അനീമിയ രോഗബാധിതർ കൂടുതലുള്ള വയനാട് ജില്ലയിൽ നിന്നുള്ള ജനപ്രതിനിധികളെയും ആരോഗ്യപ്രവർത്തകരെയും പങ്കെടുപ്പിക്കുന്ന കാര്യം ആലോചിക്കുമോ;

(സി) രക്തജന്യരോഗ ചികിത്സ പദ്ധതിയുടെ മേഖലാ ചികിത്സാ കേന്ദ്രം വയനാട് ജില്ലയിൽ ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ- സി) തല്ക്കാലം പരിഗണനയിലില്ല. എന്നാൽ ഭിന്നശേഷിയുള്ള വ്യക്തികളുടെ അവകാശങ്ങൾക്കായുള്ള കേന്ദ്രഗവൺമെന്റിന്റെ 2016-ലെ 49-ാം നമ്പർ ആക്ടിൽ (The rights of persons with Disabilities Act No.49 of 2016) സിക്കിൾ സെൽ അനീമിയ രോഗം ഒരു വൈകല്യമായി ഉൾപ്പെടുത്തിയിട്ടുണ്ട്.

കേരളത്തിൽ പ്രത്യേകിച്ച് വയനാട് ജില്ലയിലെ അരിവാൾ രോഗബാധിതരായവർക്ക് കേരള സാമൂഹ്യ സുരക്ഷാമിഷൻ മുഖേന പ്രതിമാസം 1,000 രൂപ നിരക്കിൽ പെൻഷൻ നൽകിയിരുന്നു. ആയത് 1000-ൽ നിന്നും 2,000 രൂപയായി വർദ്ധിപ്പിച്ച് നല്കി വരികയാണ്. നിലവിൽ 173 രോഗികൾക്ക് പെൻഷൻ നൽകിവരുന്നുണ്ട്.

**ട്രാൻസ്ജെൻഡർ നയവും അവകാശവും**

207(3504) ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച ട്രാൻസ്ജെൻഡർ നയവും അവകാശവും സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) സർക്കാർ മെഡിക്കൽ കോളേജിൽ ലിംഗമാറ്റ ശസ്ത്രക്രിയകൾ നടത്തുന്നതിനുള്ള സൗകര്യങ്ങൾ ഒരുക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം മെഡിക്കൽ കോളേജുകളിലാണെന്നും എന്നുമുതൽ ശസ്ത്രക്രിയകൾ ആരംഭിക്കാൻ സാധിക്കുമെന്നും വ്യക്തമാക്കുമോ;

(സി) ലിംഗമാറ്റ ശസ്ത്രക്രിയക്ക് ആവശ്യമായ ചെലവുകൾക്കായി സാമ്പത്തിക സഹായം പ്രഖ്യാപിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദവിവരം നൽകുമോ;

(ഡി) പ്രസ്തുത ശസ്ത്രക്രിയ കഴിഞ്ഞവർക്ക് തുടർ ചികിത്സാസൗകര്യവും സാമ്പത്തിക സഹായവും ലഭ്യമാക്കുന്നതിനായി എന്തെങ്കിലും പദ്ധതികളുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) ട്രാൻസ്ജെൻഡർമാർ നേരിടുന്ന വിവേചനവും പീഡനവും സാമൂഹിക സാമ്പത്തിക രാഷ്ട്രീയ മേഖലകളിൽ നിന്നുള്ള അകറ്റിനിർത്തലും ഇല്ലാതാക്കി അവരുടെ അവകാശങ്ങൾ സംരക്ഷിക്കുകയെന്ന ലക്ഷ്യത്തോടെയാണ് 2014-ലെ സുപ്രീം കോടതി വിധിയുടെയും കേന്ദ്ര സംസ്ഥാന ട്രാൻസ് ജെൻഡർ സർവ്വേയിലെയും കണ്ടെത്തലുകളുടെയും അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ ട്രാൻസ്ജെൻഡർ നയം രൂപീകരിച്ചത്. കേരളത്തിലെ വികസന ഇടപെടലുകളിൽ ട്രാൻസ് ജെൻഡർ പങ്കാളിത്തം ഉറപ്പുവരുത്താനുള്ള ഒരു നയം കൂടിയാണിത്.

ഇതു സംബന്ധിച്ച് വിശദവിവരം ചുവടെ കൊടുക്കുന്നു:

1. <u>സമത്വത്തിനുള്ള അവകാശം:-</u>

   (a) തുല്യമായ സാമൂഹിക-സാമ്പത്തിക അവസരങ്ങളും സേവനങ്ങളും വിഭവങ്ങളും ലഭ്യമാക്കുക.

   (b) വിദ്യാഭ്യാസം, ആരോഗ്യം, സർക്കാർ നിയമനങ്ങൾ എന്നിവയിൽ സംവരണം നൽകുക.

2. <u>ആവിഷ്കാര സ്വാതന്ത്ര്യത്തിനുള്ള അവകാശം:-</u>

   (a) സ്വയംതിരിച്ചറിയാനുള്ള/വെളിപ്പെടുത്താനുള്ള അവകാശം

   (b) ഇഷ്ടമുള്ള വസ്ത്രം ധരിക്കാനുള്ള അവകാശം

   (c) മതങ്ങളിൽ വിശ്വസിക്കുന്നതിനും പ്രചരിപ്പിക്കാനുമുള്ള അവകാശം.

3. <u>അന്തസ്സോടെ പീഡന വിമുക്തമായി ജീവിക്കാനുള്ള അവകാശം:-</u>

   (a) നിയമത്തിൻ കീഴെ തുല്യ പരിചരണത്തിനുള്ള അവകാശം

   (b) ഹിംസകളിൽ നിന്ന് വിമുക്തമായി ജീവിക്കാനുള്ള അവകാശം

4. <u>വികസന കാര്യങ്ങളിൽ തുല്യ ശബ്ദവും പങ്കാളിത്തവും</u>

   (a) എല്ലാ വികസന കാര്യങ്ങളിലും പങ്കാളികളാകാനും അതിൽ നിന്നും പ്രയോജനം/ആനുകൂല്യം ലഭിക്കാനുള്ള അവകാശം.

   (b) തീരുമാനങ്ങളെടുക്കുന്ന എല്ലാ വേദികളിലും തുല്യ അവകാശം

(ബി-ഡി) ഇല്ല.

1-7-2017-ൽ ചേർന്ന സംസ്ഥാനതല ട്രാൻസ്ജെൻഡർ ജസ്റ്റിസ് ബോർഡിന്റെ ആദ്യ യോഗത്തിൽ ട്രാൻസ്ജെൻഡർമാർക്ക് ലിംഗമാറ്റ സർജറി നടത്തുന്നതിനുള്ള ചെലവുകൾക്കായി കേരള സാമൂഹ്യസുരക്ഷ മിഷൻ മുഖേന ഒറ്റത്തവണ ധനസഹായം നൽകുന്നതിനും തുടർ ചികിത്സയ്ക്കായി ആരോഗ്യ ഇൻഷുറൻസ് പരിരക്ഷണം നൽകുന്നതിനും ഇൻഷ്വറൻസ് പ്രീമിയം അടയ്ക്കാൻ നിവൃത്തിയില്ലാത്ത ട്രാൻസ്ജെൻഡർമാരുടെ പ്രീമിയം തുക അടയ്ക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

## തൃശ്ശൂർ മെഡിക്കൽ കോളേജിലെ ഒഴിവുകൾ

208(3505) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ മെഡിക്കൽ കോളേജിൽ എല്ലാ വിഭാഗങ്ങളിലുമായി ആകെ എത്ര ഡോക്ടർമാരുടെ ഒഴിവ് നിലവിലുണ്ട്;ഏതെല്ലാം വിഭാഗങ്ങളിലാണ് നിലവിൽ ഒഴിവുള്ളത്;

(ബി) പ്രസ്തുത മെഡിക്കൽ കോളേജിൽ അനധികൃത അവധിയിലുള്ള എത്ര ഡോക്ടർമാരുണ്ട്; ഇവർ എത്ര നാളായി അവധിയിലാണെന്നത് സംബന്ധിച്ച വിശദാംശം നൽകാമോ;

(സി) ഈ ആശുപത്രിയിലെ ഡോക്ടർമാരുടെ ഒഴിവുകൾ നികത്താൻ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്;

(ഡി) തൃശ്ശൂർ മെഡിക്കൽ കോളേജിൽ എത്ര സെക്യൂരിറ്റി ജീവനക്കാരുടെ ഒഴിവ് നിലവിലുണ്ട്; ഇത് നികത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വിശദമാക്കാമോ?

### ഉത്തരം

(എ) തൃശ്ശൂർ മെഡിക്കൽ കോളേജിൽ വിവിധ വിഭാഗങ്ങളിലായി 98 ഡോക്ടർമാരുടെ ഒഴിവുകളുണ്ട്. വിശദവിവരം താഴെ കൊടുക്കുന്നു:

| SI. No. | Department | Vacancy |
|---|---|---|
| | Professor | |
| 1 | Community Medicine | 1 |
| 2 | ENT | 1 |
| 3 | Paediatrics | 1 |
| 4 | Pulmonary Medicine | 1 |
| | **Total** | **4** |
| | **Associate Professor** | |
| 1 | Anatomy | 1 |
| 2 | General Surgery | 1 |

| | | |
|---|---|---|
| 3 | Neurology | 1 |
| 4 | Pathology | 1 |
| 5 | Transfusion Medicine | 1 |
| 6 | Oncology | 3(Newly created) |
| | **Total** | **8** |
| | **Assistant Professors and Lecturers** | |
| 1 | Anatomy | 8 |
| 2 | Anaesthesiology | 3 |
| 3 | Biochemistry | 3 |
| 4 | Casuality Trauma | 4 |
| 5 | Cardiology | 1 |
| 6 | Community Medicine | 2 |
| 7 | ENT | 1 |
| 8 | Forensic Medicine | 1 |
| 9 | Medical Oncology | 8(newly created) |
| 10 | General Surgery | 11 |
| 11 | General Medicine | 7 |
| 12 | Infectious disease | 1 |
| 13 | Microbiology | 1 |
| 14 | Neurology | 1 |
| 15 | Nephrology | 1 |
| 16 | Neuro Surgery | 3 |
| 17 | Obstetrics & Gynaecology | 1 |
| 18 | Ophthalmology | 2 |
| 19 | Orthopaedics | 4 |
| 20 | Pathology | 1 |

| | | |
|---|---|---|
| 21 | Paediatrics | 2 |
| 22 | Paediatric Surgery | 3 |
| 23 | Pharmacology | 3 |
| 24 | Physiology | 8 |
| 25 | Plastic Surgery | 1 |
| 26 | Pulmonary Medicine | 1 |
| 27 | Radiodiagnosis | 2 |
| 28 | Transfusion Medicine | 2 |
| | **Total** | **86** |
| | **Grand Total** | **98** |

(ബി) 17-11-2011 മുതൽ 12 ഡോക്ടർമാർ അനധികൃതമായി അവധിയിലാണ്.

(സി) പ്രൊഫസർ, അസോസിയേറ്റ് പ്രൊഫസർ തസ്തികകളിലെ ഒഴിവുകൾ സ്ഥാനക്കയറ്റം വഴി നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. അസിസ്റ്റന്റ് പ്രൊഫസർ/ലക്ചറർമാരുടെ ഒഴിവുകൾ പി.എസ്.സി-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മെഡിക്കൽ കോളേജിന്റെ സുഗമമായ പ്രവർത്തനത്തിനായി റഗുലർ നിയമനം നടക്കുന്നതുവരേക്കായി 29 പേർക്ക് കരാർ അടിസ്ഥാനത്തിൽ നിയമനം നൽകിയിട്ടുണ്ട്.

(ഡി) തൃശ്ശൂർ മെഡിക്കൽ കോളേജിൽ സർജന്റിന്റെ ഒരു തസ്തിക 1-6-2017 മുതൽ ഒഴിഞ്ഞുകിടക്കുന്നു. ഈ ഒഴിവ് പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**ആലത്തൂർ നിയോജകമണ്ഡലത്തിലെ ആരോഗ്യകേന്ദ്രങ്ങളിലെ സ്റ്റാഫ് നിയമനം**

209(3506) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയോജകമണ്ഡലത്തിലെ താലൂക്ക് ആശുപത്രിയിലും, സി.എച്ച്.സി., പി.എച്ച്.സി.-കളിലും ആവശ്യത്തിന് സ്റ്റാഫ് നിലവിലുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ആരോഗ്യകേന്ദ്രങ്ങളിൽ ഒഴിവുള്ള തസ്തികകളിൽ അടിയന്തരമായി നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ & ബി) പാലക്കാട് ജില്ലയിലെ ആലത്തൂർ നിയോജകമണ്ഡലത്തിലെ ആരോഗ്യസ്ഥാപനങ്ങളാണ് ആലത്തൂർ താലൂക്ക് ആശുപത്രി, കുഴൽമന്ദം സി.എച്ച്.സി., പ്രാഥമികാരോഗ്യ കേന്ദ്രങ്ങളായ മേലാർക്കോട്, തെങ്കുറിശ്ശി, വണ്ടാഴി, കിഴക്കഞ്ചേരി എന്നിവ. 1961-ലെ സ്റ്റാഫ് പാറ്റേൺ അനുസരിച്ചാണ് ഇപ്പോഴും എല്ലാ സ്ഥാപനങ്ങളിലും തസ്തിക തുടരുന്നത്. ഇതിൽ വണ്ടാഴി, കിഴക്കഞ്ചേരി എന്നീ പ്രാഥമികാരോഗ്യകേന്ദ്രങ്ങളെ ആർദ്രം മിഷൻ പദ്ധതിയിലൂടെ സ.ഉ.(ആർ.റ്റി.)845/2017/ആകുവ, തീയതി 28-3-2017 പ്രകാരം കുടുംബ ആരോഗ്യ കേന്ദ്രമാക്കി ഉയർത്തുന്നതിന് തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. പദ്ധതി പ്രകാരം ടി ആശുപത്രികളിൽ ഓരോ ഡോക്ടർമാരും ഓരോ ലാബ് ടെക്നീഷ്യന്മാരും രണ്ട് സ്റ്റാഫ് നഴ്സുമാരുടേയും അധിക തസ്തികകൾ സ.ഉ. (എം.എസ്.) 75/2017/ആകുവ, തീയതി 12-5-2017 പ്രകാരം സൃഷ്ടിച്ച് ഉത്തരവായിട്ടുണ്ട്. ഇതിൽ ഡോക്ടർമാരും ലാബ് ടെക്നീഷ്യന്മാരും ജോലിയിൽ പ്രവേശിച്ചിട്ടുണ്ട്. സ്റ്റാഫ് നഴ്സുമാരുടെ ഒഴിവ് നികത്തുന്നതിനായി പി.എസ്.സി-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**അഡോളസന്റ് ആൺകുട്ടികൾക്കുള്ള ആഫ്റ്റർ കെയർ ഹോം**

210(3507) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരിയിൽ അഡോളസന്റ് ആൺകുട്ടികൾക്ക് ആഫ്റ്റർ കെയർ ഹോമും അംഗവൈകല്യമുള്ള കുട്ടികൾക്ക് കെയർ ഹോമും പണിയുന്നതിനുള്ള പ്രവൃത്തിയുടെ നിലവിലുള്ള അവസ്ഥ എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) ഈ പ്രവൃത്തിയുടെ പൂർത്തീകരണത്തിന് നാളിതുവരെയായി എന്തെല്ലാം നടപടിക്രമങ്ങൾ ആണ് ചെയ്തിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) തലശ്ശേരിയിൽ അഡോളസന്റ് ആൺകുട്ടികൾക്കായുള്ള ആഫ്റ്റർ കെയർ ഹോമിന്റെ ഷെഡ്യൂൾ പ്രകാരമുള്ള പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടുണ്ട്. ഷെഡ്യൂളിൽ ഉൾപ്പെടാത്തതും സ്ഥാപന-സൂപ്രണ്ട് വളരെ അത്യാവശ്യമുള്ളതാണ് എന്ന് ചൂണ്ടിക്കാട്ടിയിട്ടുള്ള പ്രവൃത്തികളുടെ എസ്റ്റിമേറ്റിന് അംഗീകാരം നൽകുന്നതിനുള്ള തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈ പ്രവൃത്തിയും ഉടൻ പൂർത്തിയാക്കുന്നതിന് സിഡ്കോയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. തലശ്ശേരിയിൽ സാമൂഹ്യനീതി വകുപ്പിന്റെകീഴിൽ അംഗവൈകല്യമുള്ള കുട്ടികൾക്ക് കെയർ ഹോം പണിയുന്നതിനുള്ള പദ്ധതി നിലവിലില്ല.

(ബി) തലശ്ശേരിയിൽ അഡോളസന്റ് ആൺകുട്ടികൾക്കായുള്ള ആഫ്റ്റർ കെയർ ഹോമിന്റെ പുതിയ മന്ദിരം നിർമ്മിക്കുന്നതിന് 115 ലക്ഷം രൂപയുടെ ഭരണാനുമതി ലഭ്യമാക്കുകയും പ്രവൃത്തി സിഡ്കോയെ ഏൽപ്പിക്കുകയും ഉണ്ടായി. ഒന്നും രണ്ടും ഗഡുക്കളായി ഭരണാനുമതി തുകയുടെ 75% ആയ 1,03,50,000 രൂപ സിഡ്കോയ്ക്ക് കൈമാറിയിട്ടുണ്ട്. സിഡ്കോ പണി ആരംഭിച്ച് 50% പൂർത്തിയായപ്പോഴേയ്ക്കും പ്രവൃത്തികൾ നിർത്തിവയ്ക്കുകയുണ്ടായി. തുടർന്ന് ഈ വർഷം ആദ്യം സിഡ്കോ അധികൃതരുമായി നടന്ന ചർച്ചയുടെ അടിസ്ഥാനത്തിൽ പ്രവൃത്തികൾ പുനരാരംഭിക്കുകയും ഷെഡ്യൂൾ പ്രകാരമുള്ള പ്രവൃത്തികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

**മെഡിക്കൽ റീ-ഇംബേഴ്സ്മെന്റിനുള്ള അപേക്ഷകൾ**

211(3508) <u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ വകുപ്പുകളിലെ സർക്കാർ ഉദ്യോഗസ്ഥരുടെ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റിനുള്ള എത്ര അപേക്ഷകൾ ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഓഫീസിൽ തീരുമാനമെടുക്കപ്പെടാതെയുണ്ട് എന്നുള്ള വിവരം അറിയിക്കാമോ;

(ബി) അപേക്ഷകൾ തീർപ്പാക്കപ്പെടുന്നതിലുള്ള കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ കാലതാമസം ഒഴിവാക്കാൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ;

(ഡി) ഇക്കാര്യത്തിൽ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) 1051 എണ്ണം.

(ബി)ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി&ഡി) ധനകാര്യ വകുപ്പിന്റെ 18-12-2014 -ലെ 107/14/ധന. നമ്പർ സർക്കുലർ പ്രകാരം മെഡിക്കൽ റീ ഇബേഴ്സ്മെന്റ് അപേക്ഷകളിൽ അനുവദനീയമായ ഇനങ്ങൾ രേഖപ്പെടുത്തുകയും അതിൽ അനുവദനീയമായ തുകകൂടി കണക്കാക്കി ആരോഗ്യ വകുപ്പ് ഡയറക്ടർ സാക്ഷ്യപ്പെടുത്തി

നൽകേണ്ടതുള്ളതിനാലാണ് അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കാൻ കഴിയാതെ വന്നത്. നിലവിൽ തീർപ്പാക്കാനുള്ള അപേക്ഷകൾ എത്രയും വേഗം തീർപ്പാക്കുന്നതിനായി ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിലെ മറ്റു സെക്ഷനിലെ ജീവനക്കാരുടെ സേവനം കൂടി ലഭ്യമാക്കിക്കൊണ്ട് പരമാവധി അപേക്ഷകൾ തീർപ്പാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ അനുവദനീയമായ തുക കണക്കാക്കുന്നതിനായി ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ ലഭിക്കുന്ന അപേക്ഷകളുടെ ബാഹുല്യം കുറയ്ക്കുന്നതിനായി മെഡിക്കൽ റീ ഇമ്പേഴ്സ്മെന്റ് അപേക്ഷകളുടെ പരിശോധനയുമായി ബന്ധപ്പെട്ട പരിധി നിശ്ചയിച്ചുകൊണ്ടുള്ള 7-11-2012-ലെ സർക്കാർ ഉത്തരവ് (കൈ.)378/2012/ആകുവ. നമ്പർ ഉത്തരവ് ഭേദഗതി വരുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

## കുറ്റ്യാടി താലൂക്ക് ആശുപത്രി

212(3509) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി മണ്ഡലത്തിലെ ഏക താലൂക്ക് ആശുപത്രിയായ കുറ്റ്യാടി താലൂക്ക് ആശുപത്രിയുടെ സ്റ്റാഫ് പാറ്റേൺ ഇപ്പോഴും സി.എച്ച്.സി.-യുടെതാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ആശുപത്രിയിൽ സ്ത്രീകളുടെയും കുട്ടികളുടെയും പ്രത്യേക വാർഡില്ലയെന്നത് പരിശോധിക്കുകയുണ്ടായോ ;

(സി) പ്രസ്തുത ആശുപത്രിയിലെ മോർച്ചറിയുടെയും ഫ്രീസറിന്റേയും അഭാവം പോസ്റ്റ്മോർട്ടം നടപടികളെ പ്രതികൂലമായി ബാധിക്കുന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) സ്ഥലപരിമിതിയാണ് പ്രസ്തുത ആശുപത്രിയുടെ മുഖ്യപ്രശ്നമെന്നിരിക്കെ ആശുപത്രിയോട് ചേർന്ന് എൺപത് സെന്റ് സ്ഥലം ഇറിഗേഷൻ വകുപ്പിൽനിന്ന് വിട്ടുകിട്ടുന്നതുമായി ബന്ധപ്പെട്ട ഒരു പ്രൊപ്പോസൽ ഇപ്പോൾ നിലവിലുണ്ടോ;

(ഇ) എങ്കിൽ പ്രസ്തുത പ്രൊപ്പോസൽ ഇപ്പോൾ ഏതുഘട്ടത്തിലാണ്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) താലൂക്ക് ആശുപത്രിയായി ഉയർത്തിയതിനുശേഷം താഴെ ചേർത്തിരിക്കുന്ന തസ്തികകൾ അധികമായി അനുവദിച്ചിട്ടുണ്ട്:

| | | |
|---|---|---|
| ജൂനിയർ കൺസൾട്ടന്റ് | - | 4 |
| ഹെഡ്സ് നേഴ്സ് | - | 1 |
| കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ | - | 4 |
| ഡെന്റൽ സർജൻ | - | 1 |
| ലാബ് ടെക്നീഷ്യൻ | - | 1 |

(ബി) കുറ്റ്യാടി താലൂക്ക് ആശുപത്രിയിൽ മെറ്റേർണിറ്റി വാർഡ്, ഫീമെയിൽ വാർഡ് എന്നിവ നിലവിലുണ്ട്. കുട്ടികളുടെ വാർഡ് ഇപ്പോൾ നിലവിലില്ല.

(സി) കുറ്റ്യാടി താലൂക്ക് ആശുപത്രിയിൽ മോർച്ചറി സൗകര്യവും ഒരു ഫ്രീസർ സൗകര്യവും നിലവിലുണ്ട്. ഇവയുടെ അപര്യാപ്തത കാരണം പോസ്റ്റ്മാർട്ടം നടപടികളെ പ്രതികൂലമായി ബാധിക്കുന്ന സാഹചര്യങ്ങൾ ഇതുവരെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി & ഇ) ഇത് സംബന്ധിച്ച പ്രൊപ്പോസൽ ഇതുവരെ സർക്കാരിൽ ലഭ്യമായിട്ടില്ല.

**മെഡിക്കൽ സൂപ്രണ്ട് തസ്തികയിൽ നിയമനം**

213(3510) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചാലക്കുടി മണ്ഡലത്തിലെ കോടശ്ശേരി പഞ്ചായത്തിലെ എലഞ്ഞിപ്ര സി.എച്ച്.സി.യിൽ ഒഴിവുള്ള മെഡിക്കൽ സൂപ്രണ്ട് തസ്തികയിൽ നിയമനം നടത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

സാമൂഹികാരോഗ്യ കേന്ദ്രങ്ങളിൽ മെഡിക്കൽ സൂപ്രണ്ട് തസ്തിക നിലവിലില്ല. ഏറ്റവും മുതിർന്ന സിവിൽ സർജനാണ് സൂപ്രണ്ടിന്റെ ചുമതല നിർവഹിക്കുന്നത്. ചാലക്കുടി മണ്ഡലത്തിലെ എലഞ്ഞിപ്ര സാമൂഹികാരോഗ്യ കേന്ദ്രത്തിലെ നിലവിലുള്ള ഒരു സിവിൽ സർജൻ തസ്തികയിലെ ഒഴിവ് നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**നെടുങ്ങോലം ഗവൺമെന്റ് രാമറാവു മെമ്മോറിയൽ താലൂക്കാശുപത്രി**

214(3511) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ നെടുങ്ങോലം ഗവൺമെന്റ് രാമറാവു മെമ്മോറിയൽ താലൂക്കാശുപത്രിയിൽ അടിയന്തരമായി കാഷ്വാലിറ്റി കൈകാര്യം ചെയ്യാൻ നാല് ഡോക്ടർമാരുടെ തസ്തിക അനുവദിക്കണമെന്നതടക്കമുള്ള ആവശ്യങ്ങൾക്കായി ജനപ്രതിനിധി നൽകിയ നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത നിവേദനത്തിൽ സ്വീകരിച്ച നടപടികളെക്കുറിച്ച് വ്യക്തമാക്കാമോ;

(സി) പ്രസ്തുത ആശുപത്രി ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെട്ട് 11-5-2017-ൽ ജനപ്രതിനിധി നൽകിയ നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പ്രസ്തുത നിവേദനത്തിലെ ആവശ്യം സംബന്ധിച്ച് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത നിവേദനത്തിന്മേൽ ആരോഗ്യ വകുപ്പ് ഡയറക്ടറുടെ റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) പ്രത്യേക മാനദണ്ഡപ്രകാരം മുൻഗണനാക്രമപ്രകാരത്തിലാണ് ആർദ്രം പദ്ധതിയിൽ ആശുപത്രികളെ ഉൾപ്പെടുത്തുന്നത്.

(ഡി) 'സി' പിരിവിന്റെ മറുപടിയുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

**കൊണ്ടോട്ടി മണ്ഡലത്തിലെ ആശുപത്രികൾ**

215(3512) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഓരോ ബ്ലോക്ക് പഞ്ചായത്ത് പരിധിയിലും ചുരുങ്ങിയത് ഒരു സാമൂഹിക ആരോഗ്യ കേന്ദ്രങ്ങളെങ്കിലും വേണമെന്ന നിബന്ധന നിലവിലുണ്ടോ എന്നറിയിക്കാമോ;

(ബി) മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ ഒരു സി.എച്ച്.സി. പോലും നിലവിലില്ല എന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) എങ്കിൽ അത് പരിഹരിക്കാൻ സർക്കാർ ചെയ്ത/ചെയ്യുന്ന കാര്യങ്ങൾ എന്തെല്ലാമെന്ന് അറിയിക്കാമോ;

(ഡി) കൊണ്ടോട്ടി മണ്ഡലത്തിൽ പുളിക്കൽ, വാഴക്കാട് പി.എച്ച്.സി.കളുടെ നവീകരണത്തിന്/പുരോഗതിക്ക് ചെയ്യാനുദ്ദേശിക്കുന്ന കാര്യങ്ങൾ എന്തെല്ലാമെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) ബ്ലോക്കുതല ആരോഗ്യകേന്ദ്രങ്ങൾ എന്ന നിലയിലാണ് സാമൂഹ്യാരോഗ്യകേന്ദ്രങ്ങൾ പ്രവർത്തിച്ചുവരുന്നത്. സംസ്ഥാനത്തൊട്ടാകെ 152 വികസന ബ്ലോക്കുകളും 232 സാമൂഹ്യാരോഗ്യകേന്ദ്രങ്ങളും നിലവിലുണ്ട്.

(ബി & സി) ആർദ്രം പദ്ധതിയുടെ ഭാഗമായി ഒരു ജില്ലയിൽ മാനദണ്ഡ പ്രകാരമുള്ള ഒരു ജില്ലാ ആശുപത്രിയും ഒരു താലൂക്കിൽ മാനദണ്ഡ പ്രകാരമുള്ള ഒരു താലൂക്ക് ആശുപത്രിയും തെരഞ്ഞെടുക്കപ്പെട്ടതിൽ കൊണ്ടോട്ടി സാമൂഹ്യാരോഗ്യ കേന്ദ്രത്തെയും താലൂക്ക് ലെവൽ ആശുപത്രിയായി പരിഗണിച്ച് അധികമായി 4 സ്റ്റാഫ് നഴ്സിന്റെയും ഒരു ലാബ് ടെക്നീഷ്യന്റെയും തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

(ഡി) ആർദ്രം പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തൊട്ടാകെയുള്ള തെരഞ്ഞെടുക്കപ്പെട്ട 170 പ്രാഥമികാരോഗ്യകേന്ദ്രങ്ങളെ കുടുംബാരോഗ്യകേന്ദ്രമായി ഉയർത്തി ഒരു ഡോക്ടർ, രണ്ട് സ്റ്റാഫ് നേഴ്സ്, ഒരു ലാബ് ടെക്നീഷ്യൻ എന്നീ അധിക തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്. ഇതിൽ പുളിക്കൽ പ്രാഥമികാരോഗ്യകേന്ദ്രവും ഉൾപ്പെട്ടിട്ടുണ്ട്. വാഴക്കാട് PHC ഈ പട്ടികയിൽ ഉൾപ്പെട്ടിട്ടില്ല.

## മെഡിക്കൽ കോളേജുകളിൽ സൂപ്പർ സ്പെഷ്യാലിറ്റി ഡോക്ടർമാരുടെ സേവനം ഉറപ്പാക്കുന്നതിന് നടപടി

216(3513) <u>ശ്രീ. എം. ഉമ്മർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ സൂപ്പർ സ്പെഷ്യാലിറ്റി ഡോക്ടർമാരുടെ കുറവ് ആരോഗ്യമേഖലയിൽ പ്രതിസന്ധി സൃഷ്ടിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) സ്പെഷ്യാലിറ്റി ഡോക്ടർമാർക്ക് പകരം എം.ബി.ബി.എസ്. യോഗ്യതയുള്ളവരെ നിയമിക്കുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ സൂപ്പർ സ്പെഷ്യാലിറ്റി ഡോക്ടർമാരുടെ സേവനം ഉറപ്പാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ & ബി) സൂപ്പർ സ്പെഷ്യാലിറ്റി ഡോക്ടർമാരുടെ കുറവ് പ്രതിസന്ധി സൃഷ്ടിച്ചിട്ടില്ല. യോഗ്യതയില്ലാത്തവരെ ഒരു പോസ്റ്റിലും നിയമിച്ചിട്ടില്ല.

(സി) സൂപ്പർ സ്പെഷ്യാലിറ്റിയിലെ വിവിധ വിഭാഗങ്ങളായ കാർഡിയോ വാസ്കുലർ & തൊറാസിക് സർജറി, യൂറോളജി, പീഡിയാട്രിക്, ന്യൂറോളജി എന്നിവയിൽ നിയമനത്തിനായുള്ള റാങ്ക് പട്ടിക നിലവിലുണ്ട്. കാർഡിയോളജി, നെഫ്രോളജി വിഭാഗങ്ങളിലെ നിയമനങ്ങൾക്കായുള്ള ചുരുക്കപ്പട്ടിക പ്രസിദ്ധീകരിക്കുകയും ന്യൂറോളജി വിഭാഗത്തിലെ നിയമനത്തിനായുള്ള ഓൺലൈൻ പരീക്ഷ നടത്തുകയും ചെയ്തിട്ടുണ്ട്. ഗാസ്ട്രോ എൻട്രോളജി, പീഡിയാട്രിക് സർജറി എന്നിവയിലെ നിയമനത്തിനായി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. സർജിക്കൽ ഗാസ്ട്രോ എൻട്രോളജി വിഭാഗത്തിലെ നിമയനത്തിനായി വിജ്ഞാപനം പുറപ്പെടുവിച്ച് ഈ വിഭാഗത്തിലേയും ഒഴിവുകൾ നികത്തുന്നതിനായുള്ള നടപടികൾ കൈക്കൊള്ളുന്നതാണ്.

**ലൈസൻസ്ഡ് സ്ഥാപനങ്ങളിൽ നിന്ന് പിഴ**

217(3514) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സാമ്പത്തിക വർഷം ലൈസൻസ്ഡ് സ്ഥാപനങ്ങളിൽ നിന്ന് പരിശോധനയുടെ അടിസ്ഥാനത്തിൽ ഭക്ഷ്യ സുരക്ഷാ വകുപ്പ് എത്ര തുക പിഴയായി ഈടാക്കിയിട്ടുണ്ട്;

(ബി) തട്ടുകട ഉൾപ്പെടയുള്ള ചെറിയ സ്ഥാപനങ്ങളിൽ നിന്നും പിഴ ഇനത്തിൽ എത്ര തുക ലഭിച്ചിട്ടുണ്ട്;

(സി) ഫുഡ് സേഫ്റ്റി ആക്ട് പ്രകാരം പെറ്റി വെണ്ടേഴ്സിൽനിന്നു മാത്രമേ പിഴ ഈടാക്കാവൂ എന്ന് നിഷ്കർഷിക്കുന്നുണ്ടോ;

(ഡി) ലൈസൻസ്ഡ് സ്ഥാപനങ്ങളിൽ ഇംപ്രൂവ്മെന്റ് നോട്ടീസ് നൽകുന്നതിന് പകരം പിഴ ഈടാക്കുന്നത് ഏത് നിയമത്തിന്റെ അടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കഴിഞ്ഞ സാമ്പത്തിക വർഷം ലൈസൻസ്ഡ് സ്ഥാപനങ്ങളിൽനിന്ന് പരിശോധനയുടെ അടിസ്ഥാനത്തിൽ ഭക്ഷ്യ സുരക്ഷാ വകുപ്പ് 80,14,600 (എൺപത് ലക്ഷത്തി പതിനാലായിരത്തി അറുന്നൂറ്) രൂപ പിഴയായി ഈടാക്കിയിട്ടുണ്ട്.

(ബി) തട്ടുകട ഉൾപ്പെടെയുള്ള ചെറിയ സ്ഥാപനങ്ങളിൽനിന്നും പിഴ ഇനത്തിൽ 4,74,750 രൂപ ഈടാക്കിയിട്ടുണ്ട്.

(സി) ഭക്ഷ്യസുരക്ഷാനിയമം സെക്ഷൻ (69) (1) (2) (3) വകുപ്പ് പ്രകാരം നിഷ്കർഷിച്ചിട്ടുള്ള ഫുഡ് ബിസിനസ്സ് ഓപ്പറേറ്റർമാരിൽനിന്നും പിഴ ഈടാക്കാവുന്നതാണ്.

(ഡി) ഭക്ഷ്യ സുരക്ഷാ നിയമം സെക്ഷൻ (69) (1) (2) (3) വകുപ്പ് പ്രകാരം നിഷ്കർഷിച്ചിട്ടുള്ള ഫുഡ് ബിസിനസ് ഓപ്പറേറ്റർ (എഫ്.ബി.ഒ)-മാരിൽനിന്നും പിഴ കോമ്പൗണ്ട് ചെയ്യുന്നതിന് മുമ്പ് ഇംപ്രൂവ്മെന്റ് നോട്ടീസ് നൽകണമെന്ന വ്യവസ്ഥ ഇല്ല.

## കുട്ടമ്പുഴ പ്രാഥമികാരോഗ്യ കേന്ദ്രത്തെ ഫാമിലി ഹെൽത്ത് സെന്റർ ആക്കി ഉയർത്തിയ നടപടി

218(3515) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ കുട്ടമ്പുഴ പ്രാഥമികാരോഗ്യ കേന്ദ്രത്തെ ഫാമിലി ഹെൽത്ത് സെന്റർ ആക്കി ഉയർത്തിയതിന്റെ ഭാഗമായി എന്തെല്ലാം സൗകര്യങ്ങളാണ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) നിലവിൽ എന്തൊക്കെ നടപടികളാണ് ഇതിനുവേണ്ടി സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ;

(സി) ഈ പ്രാഥമികാരോഗ്യകേന്ദ്രത്തെ ഫാമിലി ഹെൽത്ത് സെന്റർ ആക്കി ഉയർത്തിയതിനാൽ പുതുതായി എത്ര തസ്തികകൾ കൂടി സൃഷ്ടിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ & ബി) ഔട്ട് പേഷ്യന്റ് വിഭാഗങ്ങളിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി രോഗീസൗഹൃദമായ രീതിയിൽ ചികിത്സ ലഭ്യമാക്കുക, ആവശ്യത്തിന് ജീവനക്കാരെ നിയമിക്കുക, സൗകര്യങ്ങൾ ക്രമീകരിക്കുക എന്നിവയ്ക്കുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കുടുംബ ആരോഗ്യ കേന്ദ്രങ്ങളിൽ കമ്പ്യൂട്ടറൈസ്ഡ് ഒ.പി. രജിസ്ട്രേഷൻ, രോഗികൾക്ക് മെച്ചപ്പെട്ട ഇരിപ്പിട സൗകര്യങ്ങൾ, കുടിവെള്ളം, ടോയ്‌ലെറ്റ് സൗകര്യങ്ങൾ, എന്നിവയ്ക്കും കേന്ദ്രത്തിലേക്കാവശ്യമായ 'സൈനേജുകൾ' സ്വകാര്യതയോടുകൂടിയ കൺസൾട്ടേഷൻ സൗകര്യങ്ങൾ, പബ്ലിക് അഡ്രസ്സിംഗ് സിസ്റ്റം ആരോഗ്യ ബോധവത്ക്കരണത്തിനുള്ള മെച്ചപ്പെട്ട സൗകര്യങ്ങൾ തുടങ്ങിയവ ക്രമീകരിക്കുവാനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

(സി) ആർദ്രം പദ്ധതിയുടെ ഭാഗമായി കുട്ടമ്പുഴ പി.എച്ച്.സി-യിൽ ഒരു അസിസ്റ്റന്റ് സർജൻ, രണ്ട് സ്റ്റാഫ് നഴ്സ്, ഒരു ലാബ് ടെക്നീഷ്യൻ എന്നീ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

## ഒറ്റപ്പാലം താലൂക്കാശുപത്രി

219(3516) <u>ശ്രീ. പി. ഉണ്ണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം താലൂക്കാശുപത്രിയെ ജില്ലാ ആശുപത്രിയായി ഉയർത്തുന്ന കാര്യം പരിഗണിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത ആശുപത്രിയിൽ മാലിന്യ നിർമ്മാർജ്ജന സംവിധാനം ഏർപ്പെടുത്തുന്നതിനായി ഈ സർക്കാർ എത്ര തുക അനുവദിച്ചു; പ്രസ്തുത തുക വിനിയോഗിച്ച് എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദാംശം ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) ആശുപത്രികളുടെ പദവി ഉയർത്തുക എന്നതല്ല മറിച്ച് വിവിധ വിഭാഗം ആശുപത്രികളെ നിശ്ചിത മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ സൗകര്യങ്ങൾ ക്രമീകരിക്കാനും വികസിപ്പിക്കാനുമാണ് തീരുമാനിച്ചിട്ടുള്ളത്. ഇതിനായി നടപ്പിൽ വരുത്തിയ ആർദ്രം പദ്ധതിയുടെ മാനദണ്ഡപ്രകാരം ഒരു താലൂക്കിൽ ഒരു താലൂക്ക് ആശുപത്രി എന്ന ക്രമത്തിൽ തെരഞ്ഞെടുക്കപ്പെട്ട ആശുപത്രികളുടെ പട്ടികയിൽ ഒറ്റപ്പാലം താലൂക്ക് താലൂക്ക് ആശുപത്രിയും ഉൾപ്പെട്ടിട്ടുണ്ട്. ഇവിടെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 101/2017/ആ.കു.വ തീയതി 28-6-2017 പ്രകാരം അധികമായി ഒരു സ്റ്റാഫ് നേഴ്സിന്റെയും ഒരു ലാബ് ടെക്നീഷ്യന്റെയും തസ്തിക സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) മാലിന്യ നിർമ്മാർജ്ജന സംവിധാനം ഏർപ്പെടുത്തുന്നതിനായി 50 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഇതിന്റെ നടപടികൾ പുരോഗമിച്ചുവരുന്നു.

## ബാലുശ്ശേരി താലൂക്കാശുപത്രിയുടെ വികസനം

220(3517) <u>ശ്രീ. പുരുഷൻ കടലുണ്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി താലൂക്കാശുപത്രിയുടെ ഭൗതിക സൗകര്യം മെച്ചപ്പെടുത്തുന്നതിനായി 2017-18 വർഷത്തെ ബജറ്റിൽ എത്ര കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്;

(ബി) ഭൗതിക സൗകര്യം മെച്ചപ്പെടുത്തുന്നതിനായി ആശുപത്രിയുടെ മാസ്റ്റർ പ്ലാൻ തയ്യാറാക്കി സമർപ്പിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ടോ;

(സി) ആശുപത്രിക്ക് നിലവിൽവേണ്ട സ്റ്റാഫ് പാറ്റേൺ പ്രൊപ്പോസലായി സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ഡി) ഈ പ്രൊപ്പോസൽ പ്രകാരം തസ്തിക സൃഷ്ടിക്കാൻ എത്ര സമയമെടുക്കും എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ജില്ലാ/താലൂക്ക്/ജനറൽ ആശുപത്രികളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനായി കിഫ്ബി മുഖാന്തരം 2000 കോടി രൂപയുടെ നിക്ഷേപം നടത്തുമെന്ന് 2017-18 സാമ്പത്തിക വർഷത്തെ ബജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. പ്രസ്തുത പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനു തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള ആശുപത്രികളിൽ ബാലുശ്ശേരി താലൂക്കാശുപത്രിയും ഉൾപ്പെട്ടിട്ടുണ്ട്

(ബി) ഉണ്ട്.

(സി & ഡി) ആർദ്രം മിഷനിൽ ഉൾപ്പെട്ട ആശുപത്രിയാണ് ബാലുശ്ശേരി താലൂക്ക് ആശുപത്രി. ആർദ്രം മാനദണ്ഡ പ്രകാരം ആരോഗ്യ വകുപ്പിനുകീഴിലുള്ള ജില്ലാ/ജനറൽ/താലൂക്ക് ആശുപത്രികളിൽ ഉൾപ്പെട്ട മൂന്ന് വർഷം കൊണ്ട് 5257 തസ്തിക അധികമായി സൃഷ്ടിക്കാൻ തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. ആയതിനാൽ ബാലുശ്ശേരി താലൂക്ക് ആശുപത്രിക്ക് മാത്രമായി പ്രത്യേക പ്രൊപ്പോസൽ സമർപ്പിച്ചിട്ടില്ല.

**അറവുശാലകളും ഭക്ഷ്യസുരക്ഷാ വിഭാഗത്തിന്റെ അനുമതിയും**

221(3518) <u>ശ്രീ. റോജി എം. ജോൺ:</u>
<u>ശ്രീ. അടൂർ പ്രകാശ്:</u>
<u>ശ്രീ. വി. പി. സജീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അറവുശാലകൾ നടത്തുന്നതിന് ഭക്ഷ്യസുരക്ഷാ വിഭാഗത്തിന്റെ അനുമതി ആവശ്യമാണോ;

(ബി) സംസ്ഥാനത്ത് ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ അനുമതിയുള്ള എത്ര അറവുശാലകളുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ അനുമതിയില്ലാതെ പ്രവർത്തിക്കുന്ന അറവുശാലകൾക്കെതിരെ 2017 ജനുവരിക്കുശേഷം എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നടപടിയുടെ ഫലമായി എത്ര അറവുശാലകൾ പൂട്ടി എന്നറിയിക്കാമോ ?

<u>ഉത്തരം</u>

(എ) അറവുശാലകൾ നടത്തുന്നതിന് ഭക്ഷ്യസുരക്ഷാ വിഭാഗത്തിന്റെ അനുമതി (ലൈസൻസ്/രജിസ്ട്രേഷൻ) ആവശ്യമാണ്

(ബി) കൊല്ലം ജില്ലയിൽ രണ്ടും എറണാകുളത്ത് ഒന്നും വയനാട് രണ്ടും പാലക്കാട് ഒരു അറവുശാലയും ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ അനുമതിയോടുകൂടി പ്രവർത്തിക്കുന്നുണ്ട്.

(സി) ഭക്ഷ്യസുരക്ഷാ ലൈസൻസ് എടുക്കണമെന്ന് നിർദ്ദേശിച്ചുകൊണ്ട് നോട്ടീസ് നൽകിയിട്ടുണ്ട്. സംസ്ഥാനത്ത് 2017 ജനുവരിക്കുശേഷം അറവുശാലകളൊന്നും ഭക്ഷ്യസുരക്ഷാ വകുപ്പ് പൂട്ടിയിട്ടില്ല.

**കാൻസർ രോഗം ബാധിച്ചവർക്ക് ധനസഹായം**

222(3519) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാൻസർ രോഗം ബാധിച്ചവർക്ക് ധനസഹായം നൽകി വരുന്നുണ്ടോ; എങ്കിൽ ഇത് ലഭിക്കുന്നതിനുള്ള മാനദണ്ഡം എന്താണ്; പ്രതിമാസം എത്ര രൂപയാണ് നൽകിവരുന്നത്;

(ബി) പ്രസ്തുത തുക വർദ്ധിപ്പിക്കുന്നതിനും രോഗികൾക്ക് മാസംതോറും തന്നെ തുക ലഭിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. കാൻസർ മുതലായ മാരകരോഗങ്ങളാൽ ബുദ്ധിമുട്ട് അനുഭവിക്കുന്ന മൂന്ന് ലക്ഷത്തിൽ താഴെ വരുമാനമുള്ളവർക്ക് "സൊസൈറ്റി ഫോർ മെഡിക്കൽ അസ്സിസ്റ്റൻസ് ടു ദി പൂവർ" പദ്ധതിയിലൂടെ ഡോക്ടറുടെ ചികിത്സാ സാക്ഷ്യപത്രത്തിൽ രേഖപ്പെടുത്തുന്ന തുകയുടെ അടിസ്ഥാനത്തിൽ പരമാവധി 50,000 രൂപ വരെ ഒറ്റത്തവണ ധനസഹായമായി നൽകിവരുന്നു. കൂടാതെ അർഹരായ കാൻസർ രോഗികൾക്ക് പ്രതിമാസം 1000 രൂപവീതം പെൻഷനും നൽകിവരുന്നു.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

**മലയിൻകീഴ് ആശുപത്രി**

223(3520) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട താലൂക്ക് ആശുപത്രിയായി നിർദ്ദേശിക്കപ്പെട്ടിട്ടുള്ള മലയിൻകീഴ് ആശുപത്രിയിൽ പോസ്റ്റ്ക്രിയേഷൻ ഉൾപ്പെടെയുള്ള എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) താലൂക്കാശുപത്രി എന്ന നിലയിൽ പ്രസ്തുത ആശുപത്രിയുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്?

## ഉത്തരം

(എ) ആർദ്രം മാനദണ്ഡപ്രകാരം മലയിൻകീഴ് സാമൂഹ്യ ആരോഗ്യ കേന്ദ്രത്തെ താലൂക്ക് ആശുപത്രി തലത്തിലാണ് ഉൾക്കൊള്ളിച്ചിരിക്കുന്നത്. ഇതിന്റെ ആദ്യഘട്ടമെന്ന നിലയിൽ സ്റ്റാഫ് നഴ്സ് ഗ്രേഡ് II -ന്റെ 3 തസ്തികയും, ലാബ് ടെക്നീഷ്യൻ ഗ്രേഡ് II-ന്റെ 1 തസ്തികയും സൃഷ്ടിച്ചിട്ടുണ്ട്.

(ബി) ആർദ്രം മാനദണ്ഡപ്രകാരം പ്രൊപ്പോസൽ ലഭിക്കുന്നമുറയ്ക്ക് പരിശോധിച്ച് തുടർ നടപടി സ്വീകരിക്കുന്നതാണ്.

## മലപ്പുറത്ത് കാൻസർ സെന്റർ

224(3522) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറത്ത് ഒരു കാൻസർ സെന്റർ ആരംഭിക്കുവാൻ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് തീരുമാനിച്ചിരുന്നുവോ;

(ബി) എങ്കിൽ ഇതിനായി 25 ഏക്കർ സ്ഥലം ലഭ്യമാക്കിയിരുന്നുവോ;

(സി) എന്തെല്ലാം നടപടികളാണ് ഇത് സംബന്ധിച്ച് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ;

(ഡി) മലപ്പുറം ജില്ലയുടെ അതിർത്തിയായ മാവൂർ തെങ്ങിലക്കടവിൽ കാൻസർ സെന്റർ സ്ഥാപിക്കാൻ സർക്കാരിന് സൗജന്യമായി വിട്ടുനൽകിയ സ്ഥലവും കെട്ടിടവും ഉപയോഗപ്പെടുത്താൻ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ;

(ഇ) ഈ സ്ഥലത്ത് എന്തെല്ലാം സൗകര്യങ്ങൾ ഇപ്പോൾ ലഭ്യമാണെന്ന് വ്യക്തമാക്കാമോ ;

(എഫ്) ഇവിടെയുള്ള കെട്ടിടങ്ങളുടെ പ്രവൃത്തി പൂർത്തിയാക്കാൻ എന്ത് ചെലവ് വരും എന്ന് വ്യക്തമാക്കുമോ;

(ജി) ഈ കെട്ടിടവും സ്ഥലവും ഏറ്റെടുത്ത് കാൻസർ ചികിത്സ നടത്താൻ ഏതെങ്കിലും സന്നദ്ധ സംഘടനകൾ സർക്കാരിനെ സമീപിച്ചിട്ടുണ്ടോ; എങ്കിൽ എന്ത് തീരുമാനമാണ് ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ളത് ?

ഉത്തരം

(എ- ജി) മലപ്പുറം ജില്ലയിലെ പാണക്കാട് മലപ്പുറം കാൻസർ സെന്റർ ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് എന്ന പേരിൽ ഒരു സ്ഥാപനം ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് ഫയൽ വ്യവസായ വകുപ്പിൽനിന്നും ആരോഗ്യ വകുപ്പിന് ലഭിച്ചിട്ടുണ്ട്. എന്നാൽ നിലവിൽ തിരുവനന്തപുരത്ത് റീജിയണൽ കാൻസർ സെന്റർ (ആർ.സി.സി.), കണ്ണൂരിൽ മലബാർ കാൻസർ സെന്റർ (എം.സി.സി), എറണാകുളത്ത് കൊച്ചിൻ കാൻസർ സെന്റർ (സി.സി.സി) എന്നിവിടങ്ങളിൽ സമഗ്ര കാൻസർ ചികിത്സയ്ക്കുള്ള അതിനൂതന സംവിധാനങ്ങൾ ഏർപ്പെടുത്തി വരുന്നതിനാലും സംസ്ഥാനത്തെ എല്ലാ മെഡിക്കൽ കോളേജുകളിലും ജില്ലാ ആശുപത്രികളിലും കാൻസർ ചികിത്സാ സംവിധാനമേർപ്പെടുത്തുന്നതിന് തീരുമാനിച്ചിട്ടുള്ളതിനാലും മലപ്പുറത്ത് പ്രസ്തുത സ്ഥാപനം ആരംഭിക്കുന്നത് സംബന്ധിച്ച് ആരോഗ്യ വകുപ്പ് തീരുമാനമൊന്നും കൈക്കൊണ്ടിട്ടില്ല.

**പ്ലാസ്റ്റിക് അരി വിതരണം**

225(3523) ശ്രീ. അനൂപ് ജേക്കബ്:

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:

ശ്രീ. വി. ടി. ബൽറാം:

ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്ലാസ്റ്റിക് അരി വിതരണം ചെയ്യുന്നുവെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇക്കാര്യത്തിൽ, ജനങ്ങളുടെ ആശങ്ക അകറ്റുന്നതിന് ശാസ്ത്രീയ പരിശോധനകൾ ഭക്ഷ്യസുരക്ഷാ വകുപ്പ് നടത്തിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഏതൊക്കെ ലാബുകളിലാണ് പരിശോധന നടത്തിയതെന്നും, അതിന്റെ ഫലം എന്തായിരുന്നുവെന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ) മാധ്യമ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഈ വാർത്തയുടെ അടിസ്ഥാനത്തിൽ ഭക്ഷ്യസുരക്ഷാ വകുപ്പ് പ്രത്യേക സ്ക്വാഡ് രൂപീകരിച്ച് സംസ്ഥാനത്ത് ഈ വർഷം 859 കടകളിൽ പരിശോധന നടത്തുകയും 165 സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകുകയും 536 സാമ്പിളുകൾ ശേഖരിക്കുകയും ചെയ്തിട്ടുണ്ട്.

(സി) ഭക്ഷ്യസുരക്ഷാ വകുപ്പിന്റെകീഴിലുള്ള തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ അനലിറ്റിക്കൽ ലാബുകളിലാണ് പരിശോധിക്കുന്നത്. പ്രസ്തുത പരിശോധനയിൽ പ്ലാസ്റ്റിക്കിന്റെ സാന്നിദ്ധ്യം കണ്ടെത്തിയിട്ടില്ല.

## ട്രോമാകെയർ സംവിധാനം

226(3524) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൊല്ലം ജില്ലയിൽ ട്രോമാകെയർ സംവിധാനമുള്ള സർക്കാർ ആശുപത്രികളുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

<u>ഉത്തരം</u>

കൊല്ലം ജില്ലയിലെ ആശുപത്രികളിലെ ട്രോമാകെയർ സംവിധാനം സംബന്ധിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു:

കൊല്ലം ജില്ലാ ആശുപത്രിയിൽ കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർമാരുള്ള അത്യാഹിത വിഭാഗം മാത്രമാണുള്ളത്. സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ സേവനമുള്ള ട്രോമാകെയർ സെന്റർ ഇല്ല. എന്നാൽ ഈ ആശുപത്രിയിൽ പൂർണ്ണതോതിലുള്ള ട്രോമാകെയർ സംവിധാനം ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

കരുനാഗപ്പള്ളി താലൂക്ക് ആശുപത്രിയിൽ ട്രോമാകെയർ യൂണിറ്റിന് ആവശ്യമായ ഭൗതിക സാഹചര്യങ്ങൾ 2014-15 സാമ്പത്തിക വർഷത്തിൽ ഒരുക്കിയിട്ടുണ്ട്. കാഷ്വാലിറ്റി 24 മണിക്കൂറും പ്രവർത്തിക്കുന്നുണ്ട്. C-Arm, ട്രോമാകെയർ കോട്ട് എന്നിവ ഉള്ളതിനാൽ ഓർത്തോ സർജറികൾ നടത്തുന്നുണ്ട്.

കൊട്ടാരക്കര താലൂക്കാശുപത്രിയിൽ ട്രോമാകെയർ യൂണിറ്റിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായി. അത്യാഹിത വിഭാഗം പ്രസ്തുത കെട്ടിടത്തിലേയ്ക്ക് മാറ്റി പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. ട്രോമാകെയർ യൂണിറ്റിലേയ്ക്ക് 2016-17 വർഷം അനുവദിച്ച 90 ലക്ഷം രൂപയിൽ നിന്ന് രണ്ട് മോണിറ്റർ, ഫ്യൂമിഗേഷൻ ഡിസ്പെൻസർ, ഡയാതെർമി മെഷീൻ, C-Arm എന്നിവ വാങ്ങിയിട്ടുണ്ട്.

പുനലൂർ, ശാസ്താംകോട്ട, കടയ്ക്കൽ, നീണ്ടകര എന്നീ താലൂക്ക് ആശുപത്രികളിൽ കാഷ്വാലിറ്റി മെഡിക്കൽ ഓഫീസറും അത്യാഹിത വിഭാഗവും ഉണ്ട്. കുണ്ടറ, നെടുങ്ങോലം എന്നീ താലൂക്ക് ആശുപത്രിയിൽ അത്യാഹിത വിഭാഗം പ്രവർത്തിക്കുന്നുണ്ട്.

## പുകയിലയ്ക്ക് അടിമകളാകുന്നവരെ മോചിപ്പിക്കുന്നതിനായി നടത്തിയ പരിശീലന പരിപാടി

227(3525) <u>ശ്രീ. അടൂർ പ്രകാശ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുകയിലയ്ക്ക് അടിമകളാകുന്നവരെ മോചിപ്പിക്കുന്നതിനായി ആരോഗ്യ വകുപ്പിന്റെ ആഭിമുഖ്യത്തിൽ ഡോക്ടർമാർക്കായി 2017 മേയ് അവസാനവാരം തിരുവനന്തപുരത്ത് പരിശീലന പരിപാടി സംഘടിപ്പിച്ചിരുന്നോ;

(ബി) പ്രസ്തുത പരിപാടിയിൽ എത്ര ഡോക്ടർമാർ പങ്കെടുത്തുവെന്നും, എന്ത് തുക ചെലവഴിച്ചുവെന്നും വെളിപ്പെടുത്തുമോ;

(സി) ഈ പരിശീലന പരിപാടിക്ക് ഏതെങ്കിലും ബഹുരാഷ്ട്ര മരുന്ന് കമ്പനിയുടെ പങ്കാളിത്തമുണ്ടായിരുന്നോ; എങ്കിൽ ഏത് കമ്പനിയെന്ന് വെളിപ്പെടുത്തുമോ;

(ഡി) പ്രസ്തുത കമ്പനി ഉൽപാദിപ്പിക്കുന്ന മരുന്ന് ഉപയോഗിച്ചുള്ള ചികിത്സയാണോ പരിശീലന പരിപാടിയിൽ ഉൾപ്പെടുത്തിയത്?

<u>ഉത്തരം</u>

(എ) സംഘടിപ്പിച്ചിരുന്നു.

(ബി) 35 ഡോക്ടർമാർ പ്രസ്തുത പരിശീലന പരിപാടിയിൽ പങ്കെടുത്തു. മീറ്റിംഗിന്റെ സംഘടനാചെലവും പരിശീലനത്തിനെത്തിയ ഡോക്ടർമാരുടെ റ്റി.എ/ഡി.എ-യും വഹിച്ചത് ദേശീയ പുകയില നിയന്ത്രണ പദ്ധതിയുടെ ഫണ്ടിൽ നിന്നാണ്. 65,000 രൂപ ഇതിനായി ചെലവഴിച്ചിട്ടുണ്ട്.

(സി) പുകയില വിമുക്തിക്കായി ലോക വ്യാപകമായി ഉപയോഗിക്കുന്ന Varenicline (വാർണിക്ലീൻ) എന്ന മരുന്ന് ഉൽപ്പാദിപ്പിക്കുന്ന കമ്പനിയായ ഫൈസർ-ന്റെ പ്രതിനിധികൾ ഈ മരുന്നിനെക്കുറിച്ച് പരിചയപ്പെടുത്തുന്നതിനായി മരുന്നിന്റെ വിശദാംശങ്ങളുൾപ്പെട്ട പഠന സാമഗ്രികൾ അടങ്ങിയ ഫയൽ പരിശീലന പരിപാടിയിൽ വിതരണം നടത്തിയിരുന്നു.

(ഡി) ഡി-അഡിക്ഷൻ സെന്ററുകളിൽ ഉപയോഗിക്കുന്നതിനായി ലൊറാസെപ്പം, ഹലോപെരിഡോൾ, തയമീൻ, ബാക്ലോഫെൻ, അക്രംപൊസേറ്റ്, വാരാനിക്ലിൻ എന്നീ മരുന്നുകൾ ഈ വർഷം വാങ്ങുന്നതിന് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ഇതിൽ ഒരു ഉൽപ്പന്നം മാത്രമാണ് ഫൈസർ കമ്പനി ഉൽപ്പാദിപ്പിക്കുന്ന വാരാനിക്ലിൻ. താരതമ്യേന പുതിയ ഒരു ഉൽപ്പന്ന മായതിനാലാണ് കമ്പനി നേരിട്ട് മരുന്നിനെക്കുറിച്ചുള്ള വിശദാംശങ്ങളടങ്ങിയ ലഘുലേഖ വിതരണം ചെയ്യുതും ഡോക്ടർമാരുടെ സംശയങ്ങൾ ദൂരീകരിക്കുന്നതിനായി പ്രതിനിധിയെ അയച്ചതും.

**തിരുവനന്തപുരം ഓഫ്സെറ്റ് പ്രസ്സിലെ തസ്തികമാറ്റ നിയമനം**

228(3526) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യവകുപ്പ് ഡയറക്ടറുടെ കീഴിൽ പ്രവർത്തിക്കുന്ന തിരുവനന്തപുരം ഓഫ് സെറ്റ് പ്രസ്സിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെ തസ്തികമാറ്റ നിയമനം സംബന്ധിച്ച് ജീവനക്കാരിൽനിന്നും അപേക്ഷ ലഭിച്ചിട്ടുണ്ടോ;

(ബി) നിലവിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് തസ്തികമാറ്റ നിയമനം വഴി ലഭിക്കുന്ന ഈ ആനുകൂല്യം നഷ്ടപ്പെടുന്ന വിധത്തിൽ ബന്ധപ്പെട്ടവർ കാലതാമസം വരുത്തുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 15-6.2015 ലെ FWA1/22093/12DHS നമ്പർ സർക്കുലർ പ്രകാരം അർഹതയുള്ള ജീവനക്കാർക്ക് തസ്തിക മാറ്റം വഴിയുള്ള പ്രൊമോഷൻ നല്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി)) ഇല്ല.

(സി) അർഹതയുള്ള ജീവനക്കാർക്ക് തസ്തികമാറ്റം വഴിയുള്ള പ്രൊമോഷൻ നൽകുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

## ഡെങ്കിപ്പനിയുടെ ചികിത്സ സംബന്ധിച്ച് സ്വകാര്യ ആശുപത്രികൾക്കും ക്ലിനിക്കുകൾക്കുമുള്ള നിർദ്ദേശങ്ങൾ

229(3527) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ വിവിധഭാഗങ്ങളിൽ പടർന്നുപിടിച്ച ഡെങ്കിപ്പനിയുടെ ചികിത്സ സംബന്ധിച്ച് സ്വകാര്യ ആശുപത്രികൾക്കും ക്ലിനിക്കുകൾക്കും പ്രത്യേക നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ ; സ്വകാര്യ ഡോക്ടർമാർക്ക് പ്രത്യേക പരിശീലനം നൽകിയിട്ടുണ്ടോ; വിശദീകരിക്കുമോ;

(ബി) സ്വകാര്യ ആശുപത്രികൾ ഈ രോഗത്തിന് നടത്തിയ ചികിത്സയിലെ പിഴവുകൾമൂലം രോഗികൾ ഗുരുതരാവസ്ഥയിലെത്തുകയോ മരണപ്പെടുകയോ ചെയ്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദീകരിക്കുമോ;

(സി) ഡെങ്കിപ്പനിക്ക് കാരണമായ വൈറസുകളുടെ സ്വഭാവവും സവിശേഷതകളും സംബന്ധിച്ച് ഗവേഷണം നടത്തിയിട്ടുണ്ടോ; ഇതിനായി ഏതെങ്കിലും സ്ഥാപനത്തെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; വിശദീകരിക്കുമോ?

### ഉത്തരം

(എ) നൽകിയിട്ടുണ്ട്.

ജില്ലാ മെഡിക്കൽ ഓഫീസിലെ ജില്ലാ സർവൈലൻസ് ഓഫീസർ മുഖേന ജില്ലയിലെ സ്വകാര്യ ഡോക്ടർമാർ ഉൾപ്പെടെയുള്ളവർക്ക് ചികിത്സാമാർഗ്ഗരേഖ ലഭ്യമാക്കുവാനും ആവശ്യമായ പരിശീലനം നൽകാനും ജില്ലാ മെഡിക്കൽ ആഫീസർമാർക്ക് നിർദ്ദേശം നൽകിയിരുന്നു. കൂടാതെ ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ ജില്ലാ ബ്രാഞ്ച് മുഖേനയും എല്ലാ ജില്ലകളിലും സ്വകാര്യ ഡോക്ടർമാർ അടക്കമുള്ളവർക്ക് ഡെങ്കിപ്പനിയുടെ ചികിത്സാമാർഗ്ഗരേഖയെക്കുറിച്ച് പരിശീലനം നൽകിയിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഡെങ്കിവൈറസ് ഏത് സിറോടൈപ്പ് ആണെന്ന് കണ്ടെത്തുന്നതിനുള്ള PCR ടെസ്റ്റ് തിരുവനന്തപുരം പബ്ലിക് ഹെൽത്ത് ലാബിൽ ചെയ്തുവരുന്നുണ്ട്. കൂടാതെ ഈഡിസ് കൊതുകുകളിൽ വൈറസിന്റെ സാന്നിദ്ധ്യം കണ്ടെത്തുവാനായി കോട്ടയം VCRC എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

**ഭക്ഷ്യ സുരക്ഷാ വകുപ്പിലെ വിവിധ വിഷയങ്ങൾ**

230(3528) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യസുരക്ഷാ വകുപ്പിൻകീഴിൽ എത്ര ജീവനക്കാർ ഏതൊക്കെ തസ്തികകളിൽ ജോലി ചെയ്യുന്നുവെന്നും, റീജിയണൽ ലബോറട്ടറികളിൽ ഉൾപ്പെടെ എത്ര തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നു എന്നും വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്ത് ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ ലൈസൻസും, രജിസ്ട്രേഷനുമുള്ള സ്ഥാപനങ്ങളുടെ ജില്ലതിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(സി) കോട്ടയം ജില്ലയെ എറണാകുളം റീജിയണൽ അനലിറ്റിക്കൽ ലബോറട്ടറിയുടെ അധികാര പരിധിയിൽനിന്നും തിരുവനന്തപുരത്തേക്ക് മാറ്റിയതുമൂലം പൊതുജനങ്ങൾക്കുണ്ടായ ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇതുമൂലം സാധാരണക്കാർക്ക് ഭക്ഷ്യ സാമ്പിളുകൾ പരിശോധിക്കുന്നതിനായി തിരുവനന്തപുരംവരെ പോകേണ്ടിവരുന്ന ബുദ്ധിമുട്ടിന് പരിഹാരം കാണുന്നതിനായി ഈ തീരുമാനം പുനഃപരിശോധിക്കുമോ?

ഉത്തരം

| | | |
|---|---|---|
| (എ) ഭക്ഷ്യസുരക്ഷാ കമ്മീഷണർ | - | 1 |
| ജോയിന്റ് ഭക്ഷ്യസുരക്ഷാ കമ്മീഷണർ (അഡ്മിനിസ്ട്രേഷൻ & ലീഗൽ) | - | 1 |
| ജോയിന്റ് ഭക്ഷ്യസുരക്ഷാ കമ്മീഷണർ (എൻഫോഴ്സ്മെന്റ്) | - | 1 |
| ഡെപ്യൂട്ടി ഡയറക്ടർ (പി.എഫ്.എ) | - | 1 (ഒഴിവ്-1) |
| അഡ്മിനിസ്ട്രേറ്റീവ് ഓഫീസർമാർ | - | 1 |
| ഫിനാൻസ് ഓഫീസർ | - | 1 |
| ക്ലർക്ക്/സീനിയർ ക്ലർക്ക് | - | 189 (ഒഴിവ്-27) |
| ഓഫീസ് അറ്റൻഡന്റ് | - | 121 (ഒഴിവ്-9) |
| ഫുഡ് സേഫ്റ്റി ഓഫീസർ | - | 160 (ഒഴിവ്-27) |
| പാർട്ട് -ടൈം സ്വീപ്പർ | - | 17 (ഒഴിവ്-5) |

| | | |
|---|---|---|
| ടൈപ്പിസ്റ്റ്/ക്ലർക്ക് ടൈപ്പിസ്റ്റ്/ | | |
| കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് | - | 20 (ഒഴിവ്-5) |
| അസിസ്റ്റന്റ് കമ്മീഷണർ ഓഫ് ഫുഡ് സേഫ്റ്റി | - | 17 |
| ഡ്രൈവർ | - | 18 (ഒഴിവ്-1) |
| സീനിയർ സൂപ്രണ്ട്/ജൂനിയർ സൂപ്രണ്ട്/ഹെഡ്ഡ് ക്ലർക്ക് | | 5 (ഒഴിവ്-3) |
| നൈറ്റ് വാച്ചർ | - | 3 (ഒഴിവ്-2) |
| പാക്കർ | - | 4 (ഒഴിവ്-3) |
| മൈക്രോബയോളജിസ്റ്റ് | - | 5 (ഒഴിവ്-1) |
| ടെക്നിക്കൽ അസിസ്റ്റന്റ് | - | 48 (ഒഴിവ്-10) |
| സാമ്പിൾ കളക്ടർ | - | 3 |
| റിസർച്ച് ഓഫീസർ | - | 24 (ഒഴിവ്-3) |
| സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് | - | 1 |
| ചീഫ് ഗവൺമെന്റ് അനലിസ്റ്റ് | - | 1 |
| ഗവൺമെന്റ് അനലിസ്റ്റ് | - | 4 |
| ഡെപ്യൂട്ടി ഗവൺമെന്റ് അനലിസ്റ്റ് | - | 6 (ഒഴിവ്-4) |
| റിസർച്ച് അസിസ്റ്റന്റ് | - | 1 |
| ജൂനിയർ റിസർച്ച് ഓഫീസർ | - | 24 |
| ജൂനിയർ ലാബ് അസിസ്റ്റന്റ് | - | 20 (ഒഴിവ്-9) |
| സീനിയർ ലാബ് അസിസ്റ്റന്റ് | - | 3 (ഒഴിവ്-3) |

(ബി)

| ജില്ല | ലൈസൻസ് | രജിസ്ട്രേഷൻ |
|---|---|---|
| (1) | (2) | (3) |
| തിരുവനന്തപുരം | 18950 | 6802 |
| കൊല്ലം | 11747 | 4321 |
| പത്തനംതിട്ട | 2160 | 9769 |
| ആലപ്പുഴ | 479 | 2744 |

| (1) | (2) | (3) |
|---|---|---|
| കോട്ടയം | 1387 | 7101 |
| ഇടുക്കി | 1849 | 3188 |
| എറണാകുളം | 8674 | 13625 |
| തൃശ്ശൂർ | 2977 | 13615 |
| പാലക്കാട് | 1552 | 9622 |
| മലപ്പുറം | 1037 | 4019 |
| കോഴിക്കോട് | 2451 | 7549 |
| വയനാട് | 363 | 1539 |
| കണ്ണൂർ | 1035 | 1951 |
| കാസർഗോഡ് | 1928 | 9179 |

(സി) ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമപ്രകാരമുള്ള നിയമപരമായ അനാലിസിസ് നടത്തുന്നത് പൊതുജനങ്ങളുമായി ബന്ധപ്പെട്ട കാര്യമല്ല.

(ഡി) ബാധകമല്ല.

**തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയുടെ അപര്യാപ്തതകൾ**

231(3529) ശ്രീ. കെ. കൃഷ്ണൻകുട്ടി:
ശ്രീ. സി. കെ. നാണു:
ശ്രീ. കോവൂർ കുഞ്ഞുമോൻ:
ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു ജീവൻരക്ഷാ കേന്ദ്രത്തിന്റെ അത്യാഹിത വിഭാഗം റോഡ് മാർഗ്ഗം അടിയന്തരമായി എത്തിച്ചേരാൻ കഴിയുന്ന ഭാഗത്ത് ആയിരിക്കണമെന്നിരിക്കെ തിരുവനന്തപുരം മെഡിക്കൽ കോളജ് ആശുപത്രിയുടെ കാഷ്വാലിറ്റിയിൽ എത്തിച്ചേരുവാൻ വളരെ അധികം ചുറ്റിക്കറങ്ങേണ്ട സാഹചര്യമുണ്ടെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ രോഗികൾക്ക് അടിയന്തരമായി എത്തിച്ചേരാൻ പാകത്തിൽ അത്യാഹിത വിഭാഗം ക്രമീകരിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) അത്യാഹിത വിഭാഗത്തിൽനിന്നും സി. ടി. സ്കാൻ, മൈക്രോ ബയോളജി, എ. സി. ആർ. ലാബുകൾ എന്നിവയിലേയ്ക്കുള്ള ദൂരക്കൂടുതൽ രോഗിയുടെ പ്രാഥമിക പരിശോധനയിൽ വരുത്തുന്ന കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കാൻ എന്തൊക്കെ നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) മെഡിക്കൽ കോളേജ് ആശുപത്രിയിലെ ഡോക്ടർ, നഴ്സ്, പാരാമെഡിക്കൽ സ്റ്റാഫ് അനുപാതം വർദ്ധിപ്പിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ; ഇല്ലെങ്കിൽ ഈ അനുപാതം വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) റോഡിനോടുചേർന്നുള്ള പുതിയ അത്യാഹിത വിഭാഗത്തിന്റെ പണികൾ പൂർത്തിയായിവരുന്നു.

(സി) സി.ടി. സ്കാൻ, മൈക്രോബയോളജി എന്നിവ പൂർത്തിയായി വരുന്ന അത്യാഹിത വിഭാഗത്തിനുസമീപംതന്നെ ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) ഇക്കാര്യം പരിശോധിക്കാവുന്നതാണ്.

**കരുനാഗപ്പള്ളി താലൂക്കിൽ പനി ബാധിച്ച് മരണമടഞ്ഞവർ**

232(3530) <u>ശ്രീ. ആർ. രാമചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി താലൂക്കിൽ വിവിധയിനം പനി ബാധിച്ച് 2017 ഏപ്രിൽ 1 മുതൽ ജൂലൈ 31 വരെ എത്രപേർ മരണപ്പെട്ടു; ഗ്രാമപഞ്ചായത്ത് മുനിസിപ്പാലിറ്റി തലത്തിലുള്ള കണക്ക് തരംതിരിച്ച് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത കാലയളവിൽ ഈ പ്രദേശത്ത് സ്വകാര്യ ആശുപത്രികളിൽ ചികിത്സതേടിയവരിൽ എത്രപേർ മരണപ്പെട്ടുവെന്നുള്ള കണക്ക് ലഭ്യമാക്കുമോ;

(സി) ഡെങ്കിപ്പനിയെയും അതിന്റെ പ്രതിരോധത്തെയും സംബന്ധിച്ച അവബോധം പൊതുജനങ്ങൾക്ക് ലഭിക്കുന്നതിന് ആരോഗ്യവകുപ്പ് നടപ്പിലാക്കിയ പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദീകരിക്കാമോ?

## ഉത്തരം

(എ) കരുനാഗപ്പള്ളി താലൂക്കിൽ വിവിധയിനം പനി ബാധിച്ച് 2017 ഏപ്രിൽ 1 മുതൽ ജൂലൈ 31 വരെ 14-പേർ മരണപ്പെട്ടു. ഗ്രാമപഞ്ചായത്ത് മുനിസിപ്പാലിറ്റി തലത്തിലുള്ള കണക്ക് താഴെ ചേർക്കുന്നു:

| | | | |
|---|---|---|---|
| 1 | കരുനാഗപ്പള്ളി | - | ഇല്ല |
| 2 | മൈനാഗപ്പള്ളി | - | 2 |
| 3 | കുലശേഖരപുരം | - | 4 |
| 4 | തൊടിയൂർ | - | 4 |
| 5 | ചവറ | - | 2 |
| 6 | തെക്കുംഭാഗം | - | 1 |
| 7 | തഴവ | - | 1 |

(ബി) പ്രസ്തുത കാലയളവിൽ ഈ പ്രദേശത്ത് മരിച്ച ആകെ 14 പേരിൽ 10 പേർ സ്വകാര്യ ആശുപത്രികളിൽ ചികിത്സതേടിയവരാണ്.

(സി) ഡെങ്കിപ്പനിയെയും അതിന്റെ പ്രതിരോധത്തെയും സംബന്ധിച്ച അവബോധം പൊതുജനങ്ങൾക്ക് ലഭിക്കുന്നതിന് താഴെപ്പറയുന്ന പ്രവർത്തനങ്ങൾ ജില്ലയിൽ സംഘടിപ്പിച്ചിട്ടുണ്ട്:

ജില്ലാതലത്തിലും പി.എച്ച്.സി. തലത്തിലും ഇന്റർ സെക്ടറൽ മീറ്റിംഗ്കൂടി ഇതര വകുപ്പുകളുടെ സേവനം ഉറപ്പുവരുത്തി. കെ.എം.എ. യുടെ സഹായത്തോടെ ഇ.എസ്.ഐ, സർക്കാർ/സ്വകാര്യ സ്ഥാപനങ്ങളിൽ ചികിത്സാ മാർഗ്ഗരേഖ പരിചയപ്പെടുത്തുകയും പ്രിന്റ് ചെയ്ത് നൽകുകയും ചെയ്തു. പൊതുസ്ഥലങ്ങളിലും ഡെങ്കിപ്പനിബാധിത പ്രദേശങ്ങളിലും ആരോഗ്യസ്ഥാപനങ്ങളിലും ബോധവൽക്കരണ ബോർഡ് സ്ഥാപിച്ചു. പത്രം, റേഡിയോ തുടങ്ങിയ മാധ്യമങ്ങൾ വഴി ബോധവൽക്കരണം നടത്തി. സ്കൂൾ തലത്തിലും റസിഡന്റ് അസോസിയേഷൻ വഴിയും ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചു. ആരോഗ്യവകുപ്പും (മോഡേൺ മെഡിസിൻ, ആയുർവേദം, ഹോമിയോ) എൻ.എച്ച്.എം.-ഉം, ജില്ലാ പഞ്ചായത്തും സംയുക്തമായി ബോധവൽക്കരണം സ്ലൈഡ്ഷോ, വീഡിയോപ്രദർശനം എന്നിവ സംഘടിപ്പിച്ചു. അനൗൺസ്മെന്റ്വഴിയും നോട്ടീസ് മുഖേനയും ബോധവൽക്കരണം നടത്തി.

**ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ പ്രവർത്തനങ്ങൾ**

233(3531) ശ്രീ. കെ. ആൻസലൻ:
ശ്രീ. പി. വി. അൻവർ:
ശ്രീ. സി. കെ. ശശീന്ദ്രൻ:
ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യാറുണ്ടോ;

(ബി) ഹോട്ടലുകൾ, റസ്റ്റോറന്റുകൾ,ബേക്കറികൾ തുടങ്ങിയവയിൽ എന്തെല്ലാം പരിശോധനകളാണ് നടത്തുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെകീഴിലുള്ള അനലിറ്റിക്കൽ ലാബുകളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ഡി) ഇതിന്റെ ഭാഗമായി പ്രസ്തുത ലാബുകൾക്ക് എൻ.എ.ബി.എൽ അക്രഡിറ്റേഷൻ ലഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ)ഉണ്ട്. സംസ്ഥാനത്ത് ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിനുവേണ്ടി ഭക്ഷ്യസുരക്ഷാ അസിസ്റ്റന്റ് കമ്മീഷണർ, ഭക്ഷ്യസുരക്ഷാ അസിസ്റ്റന്റ് കമ്മീഷണർ (ഇന്റലിജൻസ്) എന്നീ ഓഫീസർമാരുടെ സംസ്ഥാനതല ക്വാട്ടർലി മീറ്റിംഗും ജില്ലാതലത്തിൽ ഫുഡ് സേഫ്റ്റി ഓഫീസർമാരുടെ പ്രതിമാസ മീറ്റിംഗും കൃത്യമായി നടന്നുവരുന്നു. ടി മീറ്റിംഗിൽ ഭക്ഷ്യസുരക്ഷാ പ്രവർത്തനങ്ങളുടെ അവലോകനം, കാര്യക്ഷമത, കേസ്സുകളുടെ പുരോഗതി, ലൈസൻസ്/രജിസ്ട്രേഷൻ പുരോഗതി എന്നിവ വിലയിരുത്തുന്നുണ്ട്.

(ബി) ഹോട്ടലുകൾ, റസ്റ്റോറന്റുകൾ, ബേക്കറികൾ തുടങ്ങിയവയിൽ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമ പ്രകാരമുള്ള പരിശോധനകൾ നടത്തിവരുന്നു.

(സി&ഡി) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന തിരുവനന്തപുരം, കോഴിക്കോട്, എറണാകുളം എന്നീ ലാബുകൾ എൻ.എ.ബി.എൽ അക്രെഡിറ്റേഷൻ നേടിയിട്ടുണ്ട്. ഇത് അന്താരാഷ്ട്ര നിലവാരമാണ്. ഇന്ത്യയിൽ ഒരു ഗവൺമെന്റിന് കീഴിൽ ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ എല്ലാ ലാബുകൾക്കും അക്രഡിറ്റേഷൻ ലഭിക്കുന്ന ആദ്യ സംസ്ഥാനമാണ് കേരളം.

## അട്ടപ്പാടിയിലെ ഐ.സി.ഡി.എസ്. ജീവനക്കാർക്ക് സ്പെഷ്യൽ അലവൻസ് നൽകുവാൻ നടപടി

234(3532) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടി മേഖലയിൽ ജോലിചെയ്യുന്ന ആരോഗ്യവകുപ്പ് ജീവനക്കാർക്കും, അങ്കണവാടി ജീവനക്കാർക്കും അടിസ്ഥാന ശമ്പളത്തിന്റെ 20% പ്രത്യേക അലവൻസായി അനുവദിച്ചിട്ടുണ്ടോ;

(ബി) അട്ടപ്പാടിയിൽ ജോലിചെയ്യുന്ന ഐ,സി.ഡി.എസ്. (ICDS) ജീവനക്കാർക്ക് കൂടി പ്രത്യേക അലവൻസ് നൽകുന്നത് സംബന്ധിച്ചുള്ള ഫയലിൽ സാമൂഹികനീതി ഡയറക്ടറേറ്റ് ഒരു തീരുമാനവും എടുക്കാതിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ ഫയലിൽ തുടർനടപടി സ്വീകരിക്കുവാൻ വൈകുന്നതിന്റെ കാരണം എന്താണെന്ന് ഫയൽ നമ്പർ ഉൾപ്പെടെ വിശദീകരിക്കുമോ;

(സി) പ്രസ്തുത ഫയലിൽ അടിയന്തര തീരുമാനം കൈക്കൊണ്ട് അട്ടപ്പാടിയിലെ ഐ,സി.ഡി.എസ്. ജീവനക്കാർക്ക് സ്പെഷ്യൽ അലവൻസ് നൽകുവാൻ ഉടൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ആരോഗ്യവകുപ്പ് ജീവനക്കാർക്ക് അടിസ്ഥാന ശമ്പളത്തിന്റെ 20% പ്രത്യേക അലവൻസായി അനുവദിച്ചിട്ടുണ്ട്. 8-2-2016-ലെ സ.ഉ.(സാധാ) നമ്പർ74/2016/സാനീവ. പ്രകാരം അങ്കണവാടി ജീവനക്കാർക്ക് 20% അധിക ഹോണറേറിയമായി ഉത്തരവ് തീയതി മുതൽ വർദ്ധിപ്പിച്ചിട്ടുണ്ട്.

(ബി & സി) ഇക്കാര്യം SJD-AI/141/2016-SJD എന്ന ഫയലിൽ പരിശോധിച്ചുവരുന്നു.

## വൈദ്യന്മാരുടെ അശാസ്ത്രീയ പ്രചരണങ്ങൾ

235(3533) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈസൻസുള്ളതും ഇല്ലാത്തതുമായ വൈദ്യൻമാർ നിലവിലെ അംഗീകൃത ശാസ്ത്രീയനിഗമനങ്ങൾക്കെതിരായി വാർത്തകൾ പ്രചരിപ്പിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവർക്കെതിരെ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; വിശദവിവരങ്ങൾ നൽകാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇതുമായി ബന്ധപ്പെട്ട കേസ്സുകളൊന്നും രജിസ്റ്റർ ചെയ്തിട്ടില്ല.

## നെയ്യാറ്റിൻകര ജനറൽ ആശുപത്രി, വെൺപകൽ സി.എച്ച്.സി. എന്നിവയുടെ കെട്ടിടങ്ങൾ

236(3534) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര ജനറൽ ആശുപത്രി, വെൺപകൽ സി.എച്ച്.സി. എന്നിവയുടെ എച്ച്.ടി. കണക്ഷൻ ലഭിക്കാത്തതും പണി പൂർത്തിയാകാത്തതുമായ കെട്ടിടങ്ങളുടെ പുതുക്കിയ ഡി.പി.ആർ. സർക്കാരിൽ സമർപ്പിച്ചിട്ടുണ്ടോ;

(ബി) വെൺപകൽ സി.എച്ച്.സി.-യിൽ 1.5 കോടി രൂപ മുടക്കി അസ്ഥിവാരം മാത്രം പൂർത്തീകരിച്ച കെട്ടിടത്തിന്റെ ബാക്കി പണികൾ പൂർത്തീകരിക്കാൻ ഏതെല്ലാം നടപടികൾ സ്വീകരിച്ചു;

(സി) വെൺപകൽ സി.എച്ച്.സി.യിൽ ദിനംപ്രതി എത്ര രോഗികൾ ചികിത്സതേടി വരുന്നു; എത്ര പേർക്ക് കിടത്തി ചികിത്സിക്കുന്നതിനുള്ള സൗകര്യം ഉണ്ട് എന്ന് വ്യക്തമാക്കാമോ;

(ഡി) വെൺപകൽ സി.എച്ച്.സി.യിൽ പുതിയ തസ്തികകൾ സൃഷ്ടിക്കാൻ നടപടി സ്വീകരിച്ചോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ഉണ്ട്. നെയ്യാറ്റിൻകര ജനറൽ ആശുപത്രി, വെൺപകൽ സി.എച്ച്.സി. എന്നീ ആശുപത്രികളിൽ യഥാക്രമം 38 ലക്ഷം, 2 കോടി 35 ലക്ഷം എന്നീ തുകയുടെ പുതുക്കിയ നിരക്കിലുള്ള പ്രൊപ്പോസൽ ആരോഗ്യ വകുപ്പിന് കീഴിലുള്ള ബൃഹത്തായ നിർമ്മാണ പ്രവർത്തനങ്ങൾ 2017-18 എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി ലഭ്യമാക്കിയത് സർക്കാർ പരിശോധിച്ചുവരുന്നു.

(സി) വെൺപകൽ സി.എച്ച്.സി.-യിൽ ദിനം പ്രതി 390 മുതൽ 550 വരെ രോഗികൾ ഒ.പി-യിൽ ചികിത്സ തേടി വരുന്നുണ്ട്. 52 പേർക്ക് കിടത്തി ചികിത്സക്കുള്ള സൗകര്യം നിലവിലുണ്ട്.

(ഡി) വെൺപകൽ സി.എച്ച്.സി.-യിൽ ആവശ്യത്തിനുള്ള ജീവനക്കാർ ഇപ്പോഴുമുണ്ട്. കിടക്കകളുടെ എണ്ണം വർദ്ധിക്കുകയാണെങ്കിൽ മാത്രമെ പുതിയ തസ്തികകൾ സൃഷ്ടിക്കേണ്ടതുള്ളൂ.

## ആരോഗ്യ വകുപ്പിലെ ഫീൽഡ് വിഭാഗം ജീവനക്കാരുടെ സ്ഥാനക്കയറ്റം

237(3535) പ്രൊഫ. കെ. യു. അരുണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II തസ്തികയിൽനിന്ന് ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I തസ്തികയിലേക്ക് സ്ഥാനക്കയറ്റം നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ; എന്താണ് ഇതിന് തടസ്സമെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സ്ഥാനക്കയറ്റം നടത്തുന്നതിന്റെ ഭാഗമായി ഉണ്ടാകുന്ന ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II ഒഴിവുകളിൽ നിയമനം നടത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II തസ്തികയിൽനിന്ന് ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകി വരുന്നില്ല. ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II തസ്തികയിൽനിന്ന് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I തസ്തികയിലേക്കാണ് സ്ഥാനക്കയറ്റം നൽകുന്നത്. ഇതിനകംതന്നെ 29 സ്ഥാനക്കയറ്റം നൽകിയിട്ടുണ്ട്. തുടർന്നും ഒഴിവുകൾക്കനുസരിച്ച് സ്ഥാനക്കയറ്റം നൽകുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II ഗ്രേഡ് I അനുപാതം ജില്ലകളിൽ പാലിക്കുന്നതിന്റെ ഭാഗമായി നടക്കുന്ന പ്രൊമോഷനുകളിൽ ഒഴിവുകൾ ഉണ്ടാകുന്നതല്ല. ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II ഒഴിവുകൾ എല്ലാം തന്നെ യഥാസമയം ജില്ലാ മെഡിക്കൽ ഓഫീസർമാർ പി.എസ്.സി-യ്ക്ക് റിപ്പോർട്ട് ചെയ്തുവരുന്നുണ്ട്.

## ചികിത്സയില്ലാതെ തമിഴ്നാട് സ്വദേശി മുരുകൻ മരിക്കാനിടയായ സംഭവം

238(3536) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചികിത്സയില്ലാതെ തമിഴ്നാട് സ്വദേശി മുരുകൻ മരിക്കാനിടയായ സംഭവത്തിന്മേൽ സ്വീകരിച്ച നടപടികളുടെ വിശദവിവരം നൽകുമോ;

(ബി) മരണാസന്നനായ രോഗിയെ 5 ആശുപത്രികളിൽ മാറി മാറി

പ്രവേശിപ്പിച്ചിട്ടും ചികിത്സ നൽകാൻ കഴിയാതെ വന്ന സാഹചര്യം കേരളത്തിൽ ഇനി ആവർത്തിക്കാതിരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(സി) മരണപ്പെട്ട മുരുകന്റെ കുടുംബത്തിന് ആശ്വാസധനസഹായം നൽകുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ) തമിഴ്നാട് സ്വദേശി മുരുകൻ ചികിത്സയില്ലാതെ മരിക്കാനിടയായ സംഭവത്തിന്മേൽ അന്വേഷണം നടത്തുന്നതിനായി ആരോഗ്യ വകുപ്പ് ഡയറക്ടറുടെ നേതൃത്വത്തിൽ മൂന്നംഗ സംഘത്തെ നിയോഗിച്ചിരുന്നു. ഈ സംഘം പ്രസ്തുത വിഷയത്തിൽ അന്വേഷണം നടത്തി റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. റിപ്പോർട്ട് പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

(ബി) ഇത്തരം സംഭവങ്ങൾ ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ സാധ്യമായ എല്ലാ നടപടികളും സ്വീകരിക്കുന്നതാണ്.

(സി) മരണപ്പെട്ട മുരുകന്റെ കുടുംബത്തിന് ആശ്വാസ ധനസഹായമായി 19-8-2017 തീയതിയിലെ സ.ഉ.(കൈ) നമ്പർ 286/2017/റവ. പ്രകാരം ബഹു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും 10 ലക്ഷം രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്.

## മാധ്യമങ്ങളിൽ മരുന്നുകളുടെ പരസ്യങ്ങൾ

239(3537) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാധ്യമങ്ങളിൽ മരുന്നുകളുടെ പരസ്യങ്ങൾ വൻതോതിൽ വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഡോക്ടർമാരുടെ നിർദ്ദേശമില്ലാതെ പരസ്യങ്ങളുടെ അടിസ്ഥാനത്തിൽ രോഗികൾ ഇത്തരം മരുന്നുകൾ ഉപയോഗിക്കുന്നത് ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങൾക്ക് ഇടവരുത്തുമെന്നതിനാൽ ഇത്തരം പരസ്യങ്ങൾ നിരോധിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(സി) മരുന്നുകൾക്ക് പരസ്യം നൽകാൻ പാടില്ലെന്ന നിയമം നിലവിലുണ്ടോ; വ്യക്തമാക്കാമോ?

ഉത്തരം

(എ & ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

കേന്ദ്രസർക്കാർ പൊതുജന താല്പര്യാർത്ഥം നിയമാനുസൃതമായി അനുവദിച്ചിട്ടുള്ളതും നാമമാത്രമായതുമായ മരുന്നുകളുടെ പരസ്യങ്ങൾ മാത്രമാണ് അലോപ്പതി വിഭാഗത്തിൽ നിലവിൽ കണ്ടുവരുന്നത്. ആയുർവേദ മരുന്നുകൾക്ക് ഇത്തരമൊരു നിയന്ത്രണം ഇല്ലാത്തതിനാൽ പരമ്പരാഗത മരുന്നുകളൊഴിച്ച് മറ്റുള്ളവയെല്ലാംതന്നെ (പേറ്റന്റ് & പ്രൊപ്പീറ്ററി മെഡിസിൻസ്) പരസ്യങ്ങൾ വഴിയാണ് പ്രധാനമായും വിൽക്കപ്പെടുന്നത്. ഇത്തരം മരുന്നുകളെല്ലാംതന്നെ ഡ്രഗ്സ് & മാജിക് റെമഡീസ് ഒബ്ജക്ഷണബിൾ അഡ്വർടൈസ്മെന്റ് ആക്ട് (ഡി.എം.ആർ.ഒ.എ.) അനുശാസിക്കുന്ന രീതിയിൽ തന്നെയാണ് പരസ്യം ചെയ്യപ്പെടുന്നതെന്ന് ഡ്രഗ്സ് കൺട്രോൾ വകുപ്പ് നിരന്തരം നിരീക്ഷിച്ച് ഉറപ്പ് വരുത്തുന്നുണ്ട്. പ്രസ്തുത ആക്ടിന് വിരുദ്ധമായി പരസ്യങ്ങൾ ചെയ്യുന്നവർക്കെതിരെ ഡ്രഗ്സ് കൺട്രോൾ വകുപ്പ് നടപടികൾ സ്വീകരിക്കുന്നുണ്ട്. എന്നാൽ പേറ്റന്റ് & പ്രൊപ്രീറ്ററി മെഡിസിൻസ് വിഭാഗത്തിൽപ്പെടുന്ന ആയുർവേദ ഔഷധങ്ങളുടെ സമ്പൂർണ്ണമായ പരസ്യ നിരോധനം നിയമനിർമ്മാണത്തിലൂടെ മാത്രമേ സാധ്യമാവുകയുള്ളൂ.

(സി) കേന്ദ്ര നിയമമായ ഡ്രഗ്സ്&മാജിക് റെമഡീസ് ഒബ്ജക്ഷണബിൾ അഡ്വർടൈസ്മെന്റ് ആക്ട് (ഡി.എം.ആർ.ഒ.എ.), 1955 പ്രകാരമാണ് മരുന്നുകളുടെ പരസ്യങ്ങൾ നിയന്ത്രിക്കുന്നത്. ഈ ആക്ടിലെ വ്യവസ്ഥകൾ പാലിച്ചാണ് പരസ്യങ്ങൾ പ്രസിദ്ധീകരിക്കുന്നതെന്ന് ഡ്രഗ്സ് കൺട്രോൾ വകുപ്പ് ഉറപ്പ് വരുത്തുന്നുണ്ട്.

**തോട്ടുമുക്കത്ത് പ്രാഥമികാരോഗ്യ കേന്ദ്രം**

240(3538) <u>ശ്രീ. ജോർജ് എം. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടിയത്തൂർ ഗ്രാമപഞ്ചായത്തിലെ തോട്ടുമുക്കത്ത് പ്രാഥമികാരോഗ്യ കേന്ദ്രം അനുവദിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത അപേക്ഷയുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ;

(സി) തോട്ടുമുക്കത്ത് പ്രാഥമികാരോഗ്യ കേന്ദ്രം അനുവദിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി & സി) കോഴിക്കോട് ജില്ലയിലെ കൊടിയത്തൂർ ഗ്രാമ പഞ്ചായത്തിലും

കാരശ്ശേരി പഞ്ചായത്തിലും നിലവിൽ ഓരോ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ ഉണ്ട്. കൂടാതെ കൊടിയത്തൂർ ഗ്രാമ പഞ്ചായത്തിൽ ചെറുവാടി സി.എച്ച്.സി.-യും പ്രവർത്തിക്കുന്നുണ്ട്. ആയതിനാൽ കൊടിയത്തൂർ ഗ്രാമപഞ്ചായത്തിൽ രണ്ടാമതൊരു പി.എച്ച്.സി. ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

**ഗുണമേന്മയുള്ളതും സൗഹാർദ്ദപരവുമായ സേവനം**

241(3539) ശ്രീ. കെ. സി. ജോസഫ്:

ശ്രീ. റോജി എം. ജോൺ:

ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആശുപത്രികളിൽ വരുന്ന രോഗികൾക്ക് ഗുണമേന്മയുള്ളതും സൗഹാർദ്ദപരവുമായ സേവനം ഉറപ്പുവരുത്തുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(ബി) മെഡിക്കൽ കോളേജുകൾ, ജില്ലാതല ആശുപത്രികൾ എന്നിവിടങ്ങളിലെ ഒ.പി.-കൾ രോഗീസൗഹൃദപരമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ ആരോഗ്യമേഖലയിലെ ചികിത്സാ സംവിധാനങ്ങളെ എല്ലാ രീതിയിലും രോഗീസൗഹൃദമാക്കുന്നതിനുള്ള സംരംഭമാണ് ആർദ്രം മിഷൻ. ഔട്ട് പേഷ്യന്റ് വിഭാഗങ്ങളിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി രോഗീസൗഹൃദമായ രീതിയിൽ ചികിത്സ ലഭ്യമാക്കുക, ജില്ലാ താലൂക്ക് ആശുപത്രികളിൽ നിശ്ചിത മാനദണ്ഡങ്ങളോടെ, അടിസ്ഥാന സൗകര്യങ്ങളും ആശുപത്രി ഉപകരണങ്ങളും ലഭ്യമാക്കിക്കൊണ്ടും ആവശ്യത്തിന് ജീവനക്കാരെ നിയമിച്ചുകൊണ്ടും സൗകര്യങ്ങൾ ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ഇതിന്റെ ഭാഗമായി കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി തെരഞ്ഞെടുത്ത 170 പി.എച്ച്.സി-കളിൽ 680 തസ്തികകൾ അനുവദിച്ച് ഉത്തരവായി. പ്രൈമറി ഹെൽത്ത് സെന്ററുകളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുന്നതിന് 23 കോടി രൂപയുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രൈമറി ഹെൽത്ത് സെന്ററുകളിൽ ലബോറട്ടറി സൗകര്യം ലഭിക്കുന്നതിന് 2017-18 സാമ്പത്തിക വർഷത്തെ ബജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്. 5 കോടി രൂപയുടെ ലബോറട്ടറി ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള പ്രാരംഭനടപടികൾ കെ.എം.എസ്.സി.എൽ. വഴി ആരംഭിച്ചിട്ടുണ്ട്. ജില്ലാ താലൂക്ക് ആശുപത്രികളിൽ സ്പെഷ്യാലിറ്റി/സൂപ്പർ സ്പെഷ്യാലിറ്റി സേവനങ്ങൾ ലഭ്യമാക്കുക. പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി പ്രവർത്തന മേഖല വിപുലപ്പെടുത്തുക. രോഗികൾക്ക് പ്രോട്ടോകോൾ/ചികിത്സാ മാർഗ്ഗരേഖ പ്രകാരം ഗുണമേന്മയുള്ള ചികിത്സയും പരിചരണവും ലഭ്യമാക്കുക എന്നീ ഉദ്ദേശ്യലക്ഷ്യങ്ങളോടെ ആരോഗ്യ മേഖലയിൽ ആർദ്രം പദ്ധതി നടപ്പിലാക്കി വരുന്നു.

(ബി) ആർദ്രം പദ്ധതിയുടെ ഭാഗമായി ആശുപത്രികൾ രോഗീസൗഹൃദ പരമാക്കുന്നതിനു വേണ്ടി 2017-2018 സാമ്പത്തിക വർഷത്തെ ബജറ്റിൽ 15 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ആരോഗ്യ വകുപ്പിനുകീഴിലെ 17 ജില്ലാ തല ആശുപത്രികൾ രോഗീ സൗഹൃദപരമാക്കുന്നതിനുവേണ്ടി നടപടികൾ സ്വീകരിച്ചു വരുന്നു.

മെഡിക്കൽ കോളേജുകളിൽ ഒ.പി. കൗണ്ടറുകളിൽ സ്ത്രീകൾക്കും വികലാംഗർക്കും പ്രത്യേക പരിഗണന നൽകുന്നു. വൃദ്ധജനങ്ങൾക്കായി പ്രത്യേക കൗണ്ടറുകൾ മെഡിക്കൽ കോളേജുകളിൽ നടപ്പാക്കി വരുന്നു. ഒ.പി. സംബന്ധിച്ച് വിവരങ്ങൾ ലഭ്യമാക്കുന്നതിന് അന്വേഷണ കൗണ്ടർ സ്ഥാപിച്ചിട്ടുണ്ട്. ഒ.പി-യിൽ എത്തുന്ന രോഗികൾക്കും കൂടെവരുന്നവർക്കും ഇരിക്കുന്നതിനായി ഇരിപ്പിടങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. ഒ.പി-യിലെ തിരക്ക് കുറയ്ക്കുന്നതിനായി കൂടുതൽ കൗണ്ടറുകൾ സ്ഥാപിച്ചിട്ടുണ്ട്.

## ഒക്ക്യൂപ്പേഷണൽ തെറാപ്പിസ്റ്റുകളുടെ നിയമനം

242(3540) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമ്പൂർണ്ണ മാനസിക ആരോഗ്യ പദ്ധതിയിലെ പകൽ വീടുകളിൽ ഒക്ക്യുപേഷനൽ തെറാപ്പി ബിരുദം ഉള്ളവരെ നിയമിച്ചിട്ടുണ്ടോ;

(ബി) സമ്പൂർണ്ണ മാനസിക ആരോഗ്യ പദ്ധതിയിൽ ഒക്ക്യുപേഷനൽ തെറാപ്പിസ്റ്റിന്റെ അഭാവത്തിൽ സോഷ്യൽ വർക്കർ എന്ന തസ്തികയിൽ ആളെ നിയമിക്കുന്നതിനു പകരം ഒക്ക്യുപേഷനൽ തെറാപ്പിസ്റ്റിന്റെ യോഗ്യതയിൽ എം എസ് ഡബ്ല്യൂ ഉൾപ്പെടുത്തിയിട്ടുള്ള നടപടി ശരിയാണോ; പ്രസ്തുത യോഗ്യത പുനർനിർണ്ണയിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(സി) പകൽ വീടുകളിൽ ഒക്ക്യൂപേഷനൽ തെറാപ്പി അസ്സിസ്റ്റൻസ് (ടൈലർ/ക്രാഫ്റ്റ് ഇൻസ്ട്രക്ടർ/ബൈൻഡർ) എന്നീ തസ്തികകൾ ഉൾപ്പെടുത്താതെ 3 സ്റ്റാഫ് നഴ്സ്, 3 ക്ലീനിങ് സൂപ്പർവൈസർ എന്നി തസ്തികകൾ ഉൾപ്പെടുത്തിയതിന്റെ ആവശ്യകത എന്താണ്; പ്രസ്തുത സ്റ്റാഫ് പാറ്റേൺ പുനർനിർണ്ണയിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; പുനരധിവാസത്തിന്റെ ഭാഗമായ ക്ലിനിക്കൽ സൈക്കോളജിസ്റ്റ് ,സൈക്കാട്രിക് സോഷ്യൽ വർക്കർ എന്നിവരുടെ തസ്തികകൾ എന്തുകൊണ്ട് ഉൾപ്പെടുത്തിയിട്ടില്ലെന്ന് വ്യക്തമാക്കുമോ;

(ഡി) പകൽവീടുകളുടെ പ്രവർത്തനങ്ങളെ വിലയിരുത്തുന്നതിനുള്ള മാനദണ്ഡം എന്താണ്; എല്ലാ പകൽവീടുകളുടെയും സുഗമമായ നടത്തിപ്പിന് ആവശ്യമായ ഫണ്ട് ഗവണ്മെൻറ് വകയിരുത്തിയിട്ടുണ്ടോ;

(ഇ) കേരളത്തിലെ 3 മാനസികാരോഗ്യ കേന്ദ്രങ്ങളിൽ ഒക്ക്യൂപേഷനൽ തെറാപ്പിസ്റ്റിന്റെ പുതിയ തസ്തികകൾ (തൃശ്ശൂർ -2, കോഴിക്കോട് 2, തിരുവനന്തപുരം -3) സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസലിന്റെ തുടർനടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) സമഗ്ര മാനസികാരോഗ്യ പദ്ധതിയിൻകീഴിൽ പകൽവീടുകളിൽ പ്രോജക്ട് ഓഫീസർ തസ്തികയാണ് നിലവിലുള്ളത്. ക്ലറിക്കൽ വർക്ക്, ലയ്സൺവർക്ക്, ഹൗസ് വിസിറ്റുകൾ, മാനസികാരോഗ്യ ബോധവൽക്കരണ ക്ലാസുകൾ രോഗികൾക്കും പരിചാരകർക്കുമുള്ള സൈക്കോ എഡ്യൂക്കേഷൻ തുടങ്ങിയ ജോലികളാണ് പ്രോജക്ട് ഓഫീസറുടെ ചുമതലകൾ. എം.എസ്.ഡബ്ല്യൂ. യോഗ്യതയാണ് ഇതിന് അനുയോജ്യമായിട്ടുള്ളത്. ഒക്ക്യൂപേഷനൽ തെറാപ്പിസ്റ്റ് തസ്തിക ഈ പദ്ധതിയിൻകീഴിൽ നിലവിലില്ല.

(സി) പകൽ വീടുകളിൽ ഒക്ക്യൂപേഷനൽ തെറാപ്പി അസിസ്റ്റൻസ് (ടൈലർ/ ക്രാഫ്റ്റ് ഇൻസ്ട്രക്ടർ/ബൈൻഡർ) എന്നിവരുടെ സേവനങ്ങൾ ലഭ്യമാക്കാനുള്ള പ്രത്യേക ഫണ്ട് 2016-2017 സാമ്പത്തിക വർഷം മുതൽ ഉൾപ്പെടുത്തിയിട്ടുണ്ട്. മാനസികരോഗ ചികിത്സയിലിരിക്കുന്നവരുടെ പകൽ വീടായതിനാൽ അവർക്ക് മാനസിക രോഗ ഔഷധങ്ങൾ നൽകുന്നതിനും പരിചരിക്കുന്നതിനും സ്റ്റാഫ് നേഴ്സിന്റെ സേവനം അത്യന്താപേക്ഷിതമാണ്. ജില്ലാ മാനസികാരോഗ്യ പരിപാടിയുടെ കീഴിലാണ് പകൽവീടുകൾ പ്രവർത്തിക്കുന്നത്. എന്നതിനാൽ ക്ലിനിക്കൽ സൈക്കോളജിസ്റ്റിന്റേയും സൈക്യാട്രിക് സോഷ്യൽ വർക്കറിന്റേയും സേവനം ലഭ്യമാണ്.

(ഡി) പകൽ വീടുകളുടെ പ്രവർത്തനങ്ങളെ വിലയിരുത്തുന്നതിനായി ജില്ലാ മാനസികാരോഗ്യ പരിപാടിയുടെകീഴിൽ റിവ്യൂ മീറ്റിംഗുകൾ നടത്തിവരുന്നുണ്ട്. ഓരോ പകൽവീടിന്റേയും പ്രവർത്തന അവലോകന റിപ്പോർട്ടുകൾ അതത് ജില്ലകളിലെ ജില്ലാ മെഡിക്കൽ ഓഫീസർമാർക്ക് മാസംതോറും അയയ്ക്കുന്നുണ്ട്. കൂടാതെ സംസ്ഥാന തലത്തിൽ ആരോഗ്യവകുപ്പിന്റെ മാസംതോറുമുള്ള പ്രോഗ്രാം ഓഫീസർ കോൺഫറൻസിംഗിൽ പകൽവീടുകളുടെ പ്രവർത്തനം അവലോകനം ചെയ്യുന്നുണ്ട്. എല്ലാ പകൽ വീടിന്റേയും സുഗമമായ നടത്തിപ്പിനാവശ്യമായ ഫണ്ട് സർക്കാർ വകയിരുത്തിയിട്ടുണ്ട്.

(ഇ) ഇങ്ങനൊരു പ്രൊപ്പോസൽ സർക്കാരിൽ ലഭിച്ചിട്ടില്ല.

## കാട്ടുപന്നികളിൽനിന്ന് പകരുന്ന രോഗം

243(3541) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടൂർ നിയോജക മണ്ഡലത്തിലെ കൊടുമൺ പഞ്ചായത്തിലെ അങ്ങാടിയ്ക്കൽ ഭാഗത്ത് കാട്ടുപന്നികളിൽനിന്നും മനുഷ്യരിലേക്ക് പകരുന്ന ചെള്ളുകൾ കടുത്ത ആരോഗ്യപ്രശ്നമുണ്ടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ രോഗത്തിന് കൃത്യമായ ചികിത്സ ലഭ്യമാകാത്ത സാഹചര്യത്തിൽ പ്രസ്തുത വിഷയത്തിന്മേൽ ഒരു പഠനം നടത്തുന്നതിനും അടിയന്തരമായി ചികിത്സ ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കുമോ;

(സി) ഈ വിഷയത്തിന്മേൽ തുടർനടപടി സ്വീകരിക്കുന്നതിനായി ബന്ധപ്പെട്ട ഇതര വകുപ്പുകളുമായി സഹകരിച്ച് സംയുക്ത യോഗം വിളിക്കുന്നതിന് തയ്യാറാകുമോ;

(ഡി) രോഗംബാധിച്ച തദ്ദേശവാസികൾക്ക് സൗജന്യ ചികിത്സ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) തൊലിപ്പുറമേ ചൊറിച്ചിലും തടിപ്പും ഉള്ള അലർജി ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത വിഷയത്തിന്മേൽ ഒരു പഠനം നടത്തുന്നതിനും അടിയന്തരമായി ചികിത്സ ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്.

(സി) ബന്ധപ്പെട്ട ഇതര വകുപ്പുകളുമായി സഹകരിച്ച് സംയുക്ത പ്രവർത്തനം നടന്നുവരുന്നു.

(ഡി) രോഗംബാധിച്ച തദ്ദേശവാസികൾക്ക് സൗജന്യചികിത്സ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## ഫാർമസിസ്റ്റുകളുടെ പുതിയ തസ്തികകൾ

244(3542) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സർക്കാർ ആശുപത്രികളിലെ ഒ.പി. വിഭാഗങ്ങളിലുള്ള രോഗികളുടെ വർദ്ധനവിനനുസൃതമായി ആർദ്രം പദ്ധതി പ്രകാരം ഫാർമസിസ്റ്റുകളുടെ പുതിയ തസ്തികകൾ സൃഷ്ടിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

ഫാർമസിസ്റ്റുകളുടെ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.

**ഫാർമസിസ്റ്റുകളുടെ നിയമനം**

245(3543) ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആശുപത്രികളിൽപ്പോലും ഫാർമസി യോഗ്യതയില്ലാത്തവർ മരുന്ന് വിതരണം നടത്തുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മരുന്ന് വിതരണത്തിന് ഫാർമസിസ്റ്റിന് മാത്രമെ അധികാരമുള്ളുവെന്ന കേരള ഹൈക്കോടതിവിധി നിലവിലുള്ളപ്പോൾ അതിന് വിരുദ്ധമായ നടപടികൾ സ്വീകരിക്കുന്നുണ്ടോ; എങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ആർദ്രം പദ്ധതിയിൽ 14 ജില്ലകൾക്കുമായി എത്ര ഫാർമസിസ്റ്റുകളുടെ തസ്തികയാണ് സൃഷ്ടിച്ചത്; ഡോക്ടർമാർ, നഴ്സുമാർ, ലാബ് ടെക്നീഷ്യൻ എന്നിവയിൽ എത്ര തസ്തികകൾവീതം സൃഷ്ടിച്ചിട്ടുണ്ട് ;

(ഡി) ഫാർമസിസ്റ്റുകളുടെ തസ്തിക ജനസംഖ്യാനുപാതികമായി സൃഷ്ടിച്ച് നിലവിലുള്ള ഫാർമസിസ്റ്റ് ഗ്രേഡ് II (കാറ്റഗറി നമ്പർ 11/2015) ലിസ്റ്റിൽനിന്നും നിയമനം നടത്തുവാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഹൈക്കോടതി വിധിക്ക് വിരുദ്ധമായ നടപടികൾ സ്വീകരിക്കുന്നില്ല.

(സി) ആർദ്രം പദ്ധതിയുടെ ഭാഗമായി നിലവിൽ ഫാർമസിസ്റ്റുകളുടെ തസ്തിക സൃഷ്ടിക്കപ്പെട്ടിട്ടില്ല. ഇത് സംബന്ധിച്ച പ്രൊപ്പോസൽ പരിഗണനയിലാണ്. ആർദ്രം പദ്ധതിയിൽ തെരഞ്ഞെടുത്ത 170 PHC- കളിൽ 170 ഡോക്ടർമാർ, 340 സ്റ്റാഫ് നഴ്സുമാർ, 170 ലാബ് ടെക്നീഷ്യൻ എന്നീ തസ്തികകളും താലൂക്ക്/ ജില്ലാ/ജനറൽ ആശുപത്രികളിലായി 84 ലാബ് ടെക്നീഷ്യൻ, 197 സ്റ്റാഫ് നഴ്സ് എന്നീ തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്

(ഡി) ആർദ്രം പദ്ധതിയുടെ ഭാഗമായി അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനായി സമർപ്പിക്കപ്പെട്ട പ്രൊപ്പോസലിൽ ഫാർമസിസ്റ്റുകളുടെ തസ്തികയും ഉൾപ്പെട്ടിട്ടുണ്ട്.

## സാമൂഹ്യാരോഗ്യകേന്ദ്രം-സ്പെഷ്യാലിറ്റി യൂണിറ്റുകൾ

246(3544) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

എലത്തൂർ നിയോജകമണ്ഡലത്തിലെ തലക്കുളത്തൂർ സാമൂഹ്യാരോഗ്യ കേന്ദ്രത്തിൽ ഏതെല്ലാം സ്പെഷ്യാലിറ്റി യൂണിറ്റുകളാണ് പുതുതായി ആരംഭിക്കുന്നതെന്ന് വ്യക്തമാക്കാമോ; അവയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

ഏലത്തൂർ നിയോജകമണ്ഡലത്തിലെ തലക്കുളത്തൂർ സാമൂഹ്യാരോഗ്യ കേന്ദ്രത്തിൽ പുതിയ സ്പെഷ്യാലിറ്റി യൂണിറ്റായി ഒരു ഡെന്റൽ സർജന്റെ താത്കാലിക തസ്തിക സൃഷ്ടിച്ച്-നിയമിച്ചുകൊണ്ട് ഡെന്റൽ യൂണിറ്റ് ആരംഭിച്ചിട്ടുണ്ട്.

## 108 ആംബുലൻസുകൾ

247(3545) ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ സേവനം നടത്തുന്ന 108 ആംബുലൻസുകളിൽ പലതിലും ജീവൻരക്ഷാ ഉപകരണങ്ങളും പരിശോധനാ ഉപകരണങ്ങളും പ്രവർത്തനക്ഷമമല്ലെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ജില്ലാ കളക്ടറുടെ നേതൃത്വത്തിലുള്ള മോണിറ്ററിംഗ് സംവിധാനമാണോ ഈ ആംബുലൻസുകളുടെ പ്രവർത്തനം നിയന്ത്രിക്കുന്നത്;

(സി) മോണിറ്ററിംഗ് കമ്മിറ്റി യഥാസമയം യോഗംചേർന്ന് തീരുമാനങ്ങൾ കൈക്കൊള്ളാത്തതാണ് ടി ആംബുലൻസുകളുടെ ശോച്യാവസ്ഥയ്ക്ക് കാരണമെന്നത് വസ്തുതയാണോ; എങ്കിൽ കമ്മിറ്റി കാലാകാലങ്ങളിൽ യോഗം ചേർന്ന് 108 ആംബുലൻസുകളുടെ പ്രവർത്തനം വിലയിരുത്തി അവയെ കാര്യക്ഷമമാക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 108 ആംബുലൻസുകളിലെ ചുരുക്കം ചില ഉപകരണങ്ങൾക്ക് കാലാനുസൃതമായ അറ്റകുറ്റപ്പണികൾ ആവശ്യമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 108 ആംബുലൻസുകളും അതിലെ ജീവനക്കാരും ജില്ലാ ആരോഗ്യ കുടുംബക്ഷേമ സൊസൈറ്റിയുടെ നിയന്ത്രണത്തിലും കൺട്രോൾ റൂമും അതിലെ ജീവനക്കാരും കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ നിയന്ത്രണത്തിലുമാണ് പ്രവർത്തിക്കുന്നത്.

(സി) സർവ്വീസ് നടത്തുന്ന 108 ആംബുലൻസുകൾക്കും അവയിലെ ഉപകരണങ്ങൾക്കും കാലപ്പഴക്കം കാരണം പ്രവർത്തനക്ഷമത കുറവുള്ളതായി കാണുന്നു. ഇക്കാര്യത്തിൽ കൂടുതൽ പരിശോധന നടത്തി ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

## എയിംസ് (AIIMS)

248(3546) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

എയിംസ് (AIIMS) സ്ഥാപിക്കുന്നതിനായി കേരളത്തിൻ സ്ഥലമെടുപ്പ് പൂർത്തിയായിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ?

ഉത്തരം

പൂർത്തിയായിട്ടില്ല.

## മലപ്പുറം ജില്ലയിലെ സ്റ്റാഫ് നഴ്സ് (ഗ്രേഡ് II) റാങ്ക് ലിസ്റ്റ്

249(3547) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ സ്റ്റാഫ് നഴ്സ് - ഗ്രേഡ് II (കാറ്റഗറി നമ്പർ 201/2010) റാങ്ക് ലിസ്റ്റിൽനിന്നും നാളിതുവരെ എത്ര പേരെ നിയമിച്ചു; ജനറൽ, സംവരണ വിഭാഗങ്ങളിലെ നിയമന വിവരങ്ങൾ അറിയിക്കുമോ;

(ബി) ഈ റാങ്ക് ലിസ്റ്റിന്റെ കാലാവധി എന്നാണ് അവസാനിക്കുന്നത്; പുതുതായി ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; പ്രസ്തുത ഒഴിവുകളിലേക്ക് ഈ ലിസ്റ്റിൽ നിന്ന്തന്നെ നിയമനം നടത്തുമോ;

(സി) ആർദ്രം പദ്ധതിയിലേക്കുള്ള നഴ്സുമാരെ പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും നിയമിക്കുവാനുദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഒഴിവുകളും നിയമനവും സംബന്ധിച്ച് വിശദാംശം നൽകുമോ?

ഉത്തരം

(എ) മലപ്പുറം ജില്ലയിലെ സ്റ്റാഫ് നഴ്സ് ഗ്രേഡ് II (കാറ്റഗറി നമ്പർ 201/2010) റാങ്ക് ലിസ്റ്റിൽ നിന്നും 212 പേർക്ക് മലപ്പുറം പി.എസ്.സി ഓഫീസിൽനിന്നും നിയമന ശിപാർശ ലഭിക്കുകയും 197 പേർക്ക് നിയമന ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. 15 പേർക്കുള്ള നിയമന നടപടികൾ സ്വീകരിച്ചുവരുന്നു. ജനറൽ, സംവരണ വിഭാഗങ്ങൾക്ക് നൽകിയ നിയമന ശിപാർശകളുടെ റാങ്ക് വിവരം ഇതോടൊപ്പം അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) റാങ്ക് ലിസ്റ്റിന്റെ കാലാവധി 30-6-2017-ന് അവസാനിച്ചു. 29-6-2017-ന് മലപ്പുറം ജില്ലാ മെഡിക്കൽ ഓഫീസർ 59 പ്രതീക്ഷിത ഒഴിവുകൾ റിപ്പോർട്ട് ചെയ്തിരുന്നുവെങ്കിലും റിപ്പോർട്ട് ചെയ്ത proforma-യിൽ Date of occurrence of vacancy വ്യക്തമായി നൽകാതിരുന്നതിനാൽ, ആയത് പരിഹരിച്ച് നൽകാൻ പി.എസ്.സി മലപ്പുറം ജില്ലാ മെഡിക്കൽ ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. മറുപടി ലഭ്യമാകുന്നമുറയ്ക്ക് പബ്ലിക്ക് സർവ്വീസ് കമ്മീഷൻ ടി ഒഴിവുകൾ എങ്ങനെ നികത്തണമെന്ന കാര്യത്തിൽ തീരുമാനം കൈക്കൊള്ളുന്നതാണ്.

(സി) ആർദ്രം പദ്ധതി പ്രകാരം സൃഷ്ടിക്കപ്പെട്ട 51 സ്റ്റാഫ് നഴ്സ് ഗ്രേഡ് II തസ്തികയിൽ 4 ഒഴിവുകൾ അന്തർജില്ലാ സ്ഥലംമാറ്റത്തിന് നീക്കിവെച്ച് 47 ഒഴിവുകൾ പ്രസ്തുത റാങ്ക് ലിസ്റ്റ് അവസാനിക്കുന്നതിനുമുമ്പ് തന്നെ പബ്ലിക് സർവ്വീസ് കമ്മീഷനിൽ റിപ്പോർട്ട് ചെയ്യുകയും ആയതിൽ 45 ഉദ്യോഗാർത്ഥികൾക്ക് നിയമന ശിപാർശ ലഭിക്കുകയും 30 പേർക്ക് ആർദ്രം പദ്ധതിയിൽ നിയമന ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. 15 പേർക്ക് നിയമന ഉത്തരവ് നൽകുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. ആർദ്രം പദ്ധതിയിൽ ഒഴിവുകളുടെയും നിയമനവും സംബന്ധിച്ച വിവരങ്ങൾ ഇതോടൊപ്പം അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.*

## പത്തനംതിട്ട ജില്ലയിൽ ഫാർമസിസ്റ്റ് ഗ്രേഡ്-II റാങ്ക് ലിസ്റ്റ്

250(3548) <u>ശ്രീ. വി. ആർ. സുനിൽ കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ജില്ലയിലെ സർക്കാർ ആശുപത്രികളിൽ യോഗ്യരായ ഫാർമസിസ്റ്റുമാരുടെ അപര്യാപ്തതമൂലമുള്ള ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത അപര്യാപ്തത പരിഹരിക്കുന്നതിന് ' ആർദ്രം' പദ്ധതിയിലുൾപ്പെടുത്തി ആശുപത്രികളിൽ ഫാർമസിസ്റ്റുമാരുടെ അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനും, നിലവിലുള്ള ഒഴിവുകളിലേക്ക് നിയമനം നടത്തുന്നതിനും നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ആർദ്രം പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ ആരോഗ്യ വകുപ്പിന് കീഴിലുള്ള താലൂക്ക്/ജില്ല/ജനറൽ ആശുപത്രികളിൽ അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനായി ആദ്യഘട്ടമെന്ന നിലയിൽ 30 ഫാർമസിസ്റ്റ് തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള ശിപാർശ ആരോഗ്യവകുപ്പ് ഡയറക്ടർ ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത ശിപാർശയിന്മേൽ നടപടികൾ സ്വീകരിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ഫാർമസിസ്റ്റ് ഗ്രേഡ് - II തസ്തികകൾ

251(3549) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർദ്രം പദ്ധതിയിൽ ഫാർമസിസ്റ്റ് ഗ്രേഡ്-II തസ്തികകൾ സൃഷ്ടിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) ഒ.പി. യിലുള്ള വർദ്ധനവ് അനുസരിച്ച് PHC, CHC, THQH, DH എന്നിവിടങ്ങളിൽ അധിക ഫാർമസിസ്റ്റ് തസ്തിക സൃഷ്ടിച്ച് നിയമനം നടത്തുന്ന കാര്യം പരിഗണനയിലുണ്ടോ;

(സി) മാനസിക ആരോഗ്യ പദ്ധതികളിലും, പെയിൻ ആന്റ് പാലിയേറ്റീവ് വിഭാഗത്തിലും മരുന്ന് വിതരണത്തിന് ഫാർമസിസ്റ്റുകളെ നിയമിക്കുന്ന കാര്യം പരിഗണനയിലുണ്ടോ?

ഉത്തരം

(എ & ബി) ആർദ്രം പദ്ധതിയുടെ ഭാഗമായി തെരഞ്ഞെടുക്കപ്പെട്ട ജില്ലാ/ താലൂക്ക്/ജനറൽ ആശുപത്രികളിൽ ഫാർമസിസ്റ്റ് ഗ്രേഡ് II തസ്തിക സൃഷ്ടിക്കുന്നതിനായുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.

(സി) ഇപ്പോൾ പരിഗണനയിലില്ല.

## ശ്രുതിതരംഗം പദ്ധതി

252(3550) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടികളിലെ ശ്രവണവൈകല്യം മാറ്റുന്നതിനുള്ള പദ്ധതിയായ ശ്രുതിതരംഗം ഇപ്പോൾ നിലവിലുണ്ടോ;

(ബി) എങ്കിൽ 2016 മേയ് മാസത്തിനുശേഷം അപേക്ഷ നൽകിയ എത്ര കുട്ടികൾക്ക് ഈ പദ്ധതി പ്രകാരം ധനസഹായം അനുവദിച്ചു; ഇല്ലെങ്കിൽ കാരണമെന്താണ്;

(സി) 2016-ന് മുമ്പ് സർജറി നടത്തിയ കുട്ടികൾക്ക് തുടർചികിത്സയ്ക്ക് ധനസഹായം അനുവദിക്കുന്നുണ്ടോ; ഇല്ലെങ്കിൽ അടിയന്തരമായി ഇക്കാര്യത്തിൽ നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) 2016 മേയ് മാസത്തിനുശേഷം ശ്രുതിതരംഗം പദ്ധതിയിലൂടെ 126 കുട്ടികൾക്ക് ആനുകൂല്യം അനുവദിച്ചിട്ടുണ്ട്.

(സി) 2016-ന് മുമ്പ് ശ്രുതിതരംഗം പദ്ധതിയിലൂടെ സർജറി പൂർത്തിയാക്കിയ കുട്ടികൾക്ക് തുടർ ചികിത്സയുടെ ഭാഗമായി രണ്ട് വർഷം നീണ്ടുനിൽക്കുന്ന ഓഡിറ്ററി വെർബൽ ഹാബിലിറ്റേഷനുള്ള സൗകര്യം ബന്ധപ്പെട്ട എംപാനൽഡ് ആശുപത്രികൾവഴി നൽകുന്നുണ്ട്.

**സ്ത്രീകൾക്കെതിരെ നടക്കുന്ന ലൈംഗിക ചൂഷണങ്ങൾ**

253(3551) <u>ശ്രീ. ഇ. പി. ജയരാജൻ:</u>
<u>ശ്രീ. എസ്. ശർമ്മ:</u>
<u>ശ്രീ. റ്റി. വി. രാജേഷ്:</u>
<u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ വനിതാ കമ്മീഷൻ നടത്തിയ പഠനത്തിൽ, എഴുപത് ശതമാനം സ്ത്രീകളും തൊഴിലിടങ്ങളിൽ തങ്ങൾക്കെതിരെ നടക്കുന്ന ലൈംഗിക ചൂഷണങ്ങളെപ്പറ്റി പരാതിപ്പെടുന്നില്ലെന്ന കണ്ടെത്തൽ സംബന്ധിച്ച് കമ്മീഷൻ അദ്ധ്യക്ഷൻ നടത്തിയിട്ടുള്ള വെളിപ്പെടുത്തൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സ്ത്രീകൾക്കെതിരെ നടക്കുന്ന വിവിധതരത്തിലുള്ള പീഡനങ്ങൾക്ക് എതിരെ നിരവധി നിയമങ്ങൾ നിലവിലുണ്ടെങ്കിലും ഭൂരിപക്ഷം ഇരകളും പരാതിപ്പെടാൻ തയ്യാറാകാത്തതിന്റെ കാരണം വിലയിരുത്തിയിട്ടുണ്ടോ;

(സി) ചൂഷണത്തിനെതിരെ പ്രതികരിക്കേണ്ടതിനായി സ്ത്രീകളെ ബോധവൽക്കരിക്കുന്നതിന് സംസ്ഥാന വനിതാ കമ്മീഷനും മറ്റ് ഏജൻസികളും നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) വിലയിരുത്തിയിട്ടുണ്ട്. ആയത് പ്രകാരം ചുവടെ ചേർക്കുന്ന പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്:

സമൂഹത്തിലെ താഴേക്കിടയിലുള്ള സ്ത്രീകളെയും പെൺകുട്ടികളെയും നിയമാവബോധത്തിലൂടെ ശാക്തീകരിക്കുന്നതിനും തങ്ങളുടെ ഭരണഘടനാപരമായ അവകാശങ്ങളെക്കുറിച്ചും നിയമാവകാശങ്ങളെക്കുറിച്ചും മറ്റ് നിയമങ്ങളെക്കുറിച്ചും അവയുടെ പരിഹാരങ്ങളെക്കുറിച്ചും അവബോധം സൃഷ്ടിക്കുക, തങ്ങൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം നിർദ്ദേശിക്കുന്ന സ്ഥാപനങ്ങളെ കുറിച്ചും അവയുടെ പ്രവർത്തനങ്ങളെക്കുറിച്ചും അവബോധം നൽകുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കുന്ന പദ്ധതിയാണിത്. സംസ്ഥാനത്തെ 14 ജില്ലകളിലായി നടപ്പാക്കാനുദ്ദേശിക്കുന്ന ഈ പദ്ധതിയിൽ 7500 പേർക്ക് 100 നിയമബോധന പരിപാടികളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

(സി) സ്ത്രീകളുടെ സുരക്ഷയും ശാക്തീകരണത്തിനുമായി വിവിധ പദ്ധതികൾ സാമൂഹ്യനീതി വകുപ്പുമുഖേന നടപ്പിലാക്കുന്നതിനായി ആവിഷ്കരിച്ച് വരുന്നു. ആയവ ചുവടെ ചേർക്കുന്നു:

1. <u>കൈത്താങ്ങ് പദ്ധതി :</u>

   സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ അതിക്രമങ്ങൾ ഉണ്ടാകാതിരിക്കാനുള്ള പ്രതിരോധ നടപടികൾക്കാണ് പ്രാധാന്യം നൽകേണ്ടത്. ഈ അതിക്രമങ്ങൾ ചെറുക്കുന്നതിനായി വിവിധ വകുപ്പുകൾ പല മേഖലകളിലായി പ്രവർത്തിച്ചുവരുന്നു. ഈ വകുപ്പുകളുടെ എല്ലാ പ്രവർത്തനങ്ങളും താഴെത്തട്ട് മുതൽ ഏകോപിപ്പിച്ചുകൊണ്ട് കുടുംബശ്രീ, ആശാവർക്കേഴ്സ്, പ്രേരക്മാർ, മഹിളാപ്രധാൻ ഏജന്റ്, ജനമൈത്രി പോലീസ്, യുവജന ക്ലബ്ബുകൾ, റസിഡൻസ് അസോസിയേഷനുകൾ എന്നിവരെ ഉൾപ്പെടുത്തി കൈത്താങ്ങ് എന്നൊരു കർമ്മസേന രൂപീകരിച്ച് പൈലറ്റടിസ്ഥാനത്തിൽ 70 പഞ്ചായത്തുകളിലായി 350 വാർഡുകളിൽ നടപ്പിലാക്കുന്നതിനുള്ള പദ്ധതി സാമൂഹ്യനീതി വകുപ്പുമുഖേന ആവിഷ്കരിച്ചിരിക്കുന്നു.

2. <u>സ്ത്രീകൾക്കും പെൺകുട്ടികൾക്കുമുള്ള നിയമാവബോധ പരിപാടി:</u>

   സമൂഹത്തിലെ താഴേക്കിടയിലുള്ള സ്ത്രീകളെയും പെൺകുട്ടികളെയും നിയമാവബോധത്തിലൂടെ ശാക്തീകരിക്കുന്നതിനും തങ്ങളുടെ ഭരണഘടനാപരമായ അവകാശങ്ങളെക്കുറിച്ചും നിയമാവകാശങ്ങളെ കുറിച്ചും മറ്റ് നിയമങ്ങളെക്കുറിച്ചും അവബോധം സൃഷ്ടിക്കുക, തങ്ങൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം നിർദ്ദേശിക്കുന്ന സ്ഥാപനങ്ങളെക്കുറിച്ചും അവയുടെ പ്രവർത്തനങ്ങളെക്കുറിച്ചും അവബോധം നൽകുക എന്നീ ലക്ഷ്യങ്ങളോടെ നടപ്പിലാക്കാനുദ്ദേശിക്കുന്ന ഈ പദ്ധതിയിൽ 100 നിയമാവബോധ പരിപാടികളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

3. ശ്രദ്ധ:

സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങളെ ചെറുക്കുന്നതിന് ഉദ്യോഗസ്ഥർക്കും സേവനദാതാക്കൾക്കും നിയമ ബോധവത്ക്കരണം നൽകി കാര്യക്ഷമത വർദ്ധിപ്പിക്കുന്ന ശ്രദ്ധ എന്ന പദ്ധതിയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

4. ഏകദിന വസതി പദ്ധതി:

സംസ്ഥാന തലസ്ഥാന നഗരിയിൽ അടിയന്തര ആവശ്യങ്ങൾക്കായി എത്തിച്ചേരുന്ന സ്ത്രീകൾക്ക് സുരക്ഷിതമായ താമസസ്ഥലം കണ്ടെത്തുവാൻ പലപ്പോഴും പ്രയോഗിക ബുദ്ധിമുട്ട് നേരിടുന്നുണ്ട്. ഇത് ഒഴിവാക്കുന്ന തിനായി സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് തനിച്ച് തിരുവനന്തപുരത്ത് ഇന്റർവ്യൂ വിവിധതരം മത്സര പരീക്ഷകളിൽ പങ്കെടുക്കുന്നതിന് വരുന്ന വനിതാ ഉദ്യോഗാർത്ഥികൾ, സെക്രട്ടറിയേറ്റ്/ മറ്റ് വകുപ്പ് ഡയറക്ടറേറ്റുകൾ എന്നിവിടങ്ങളിൽ വ്യക്തിഗത ആവശ്യങ്ങൾക്കും മറ്റ് അടിയന്തര ആവശ്യങ്ങൾക്കുമായി രാത്രിയോ, വൈകുന്നേരങ്ങളിലോ ഒറ്റയ്ക്ക് എത്തുന്ന സ്ത്രീകൾ/പെൺകുട്ടികൾ എന്നിവർക്ക് സുരക്ഷിതമായ താമസസൗകര്യം, ഭക്ഷണം എന്നിവ തുച്ഛമായ നിരക്കിൽ നൽകുക എന്ന ലക്ഷ്യത്തോടെ വിഭാവനം ചെയ്തിരിക്കുന്നതും തിരുവനന്തപുരം നഗരസഭയുടെ സംയുക്ത പങ്കാളിത്തത്തോടെ നടപ്പിലാക്കുന്നതുമായ പദ്ധതിയാണിത്. തിരുവനന്തപുരം കെ.എസ്.ആർ.ടി.സി ബസ് ടെർമിനൽ കെട്ടിട സമുച്ചയത്തിലെ 8-ാം നിലയിലാണ് ഇതിനാവശ്യമായ സ്ഥലം കണ്ടെത്തിയിട്ടുള്ളത്.

5. സ്ത്രീധനം ഗാർഹിക പീഡനം, ലൈംഗികാതിക്രമങ്ങൾ തുടങ്ങിയവയ്ക്കെതിരെ 'സധൈര്യം മുന്നോട്ട്' എന്നപേരിൽ ക്യാമ്പയിൻ സംഘടിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

സാമ്പത്തിക ശാക്തീകരണത്തിലൂടെയും നിയമസംവിധാനങ്ങളിലൂടെയും ലിംഗാവബോധത്തിലൂടെയും സ്ത്രീകൾക്ക് അവസരങ്ങൾ നൽകുന്നതിനും ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള സ്ത്രീകളുടെ കുടുംബത്തിന് സാങ്കേതിക സഹായങ്ങൾ നൽകുന്നതിനും വ്യാവസായിക സംരംഭങ്ങൾ തുടങ്ങുന്നതിനുമുള്ള വ്യാവസായിക പരിശീലനം നൽകുന്നതിനും ലിംഗസമത്വം സംബന്ധിച്ച് സാംസ്കാരികവും സാമൂഹികവുമായ അറിവും

വിജ്ഞാനവും നൽകുന്നതിന് സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനും കുറ്റക്കാരെ അതിവേഗം ശിക്ഷിക്കുന്നതിനും നിയമങ്ങളെ ചൂഷണം ചെയ്യുന്നത് തടയുന്നതിനും ദാരിദ്ര്യം, ചൂഷണം, അതിക്രമങ്ങൾക്ക് ഇരയായ സ്ത്രീകൾ, പ്രകൃതി ദുരന്തങ്ങൾ ബാധിച്ച സ്ത്രീകൾ, വയോധികരായ സ്ത്രീകൾ, അവിവാഹിതരായ സ്ത്രീകൾ, വനിതാ ഗൃഹനാഥരായ കുടുംബങ്ങളിലെ സ്ത്രീകൾ, ആദിവാസി സ്ത്രീകൾ എന്നിവരെ സാമൂഹികമായി സംരക്ഷിക്കുന്നതിനും അവരെ സമൂഹത്തിന്റെ മുഖ്യധാരയിൽ കൊണ്ടുവരുന്നതിനും സാമൂഹ്യനീതി വകുപ്പുമുഖേന വിവിധ പദ്ധതികൾ സ്ത്രീശാക്തീകരണ പദ്ധതികളിലൂടെ ആവിഷ്കരിച്ചു വരുന്നു. ഈ പദ്ധതികൾ സമയബന്ധിത ക്രമത്തിൽ പൂർത്തീകരിക്കു ന്നതിനുള്ള ഒരു പദ്ധതി 'സധൈര്യം മുന്നോട്ട്' എന്ന പേരിൽ ആവിഷ്കരിക്കുകയും പദ്ധതി പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

ഗാർഹിക പീഡനത്തിന് ഇരയായവർ, വിധവകൾ, വിവാഹമോചിതർ എന്നിവർക്ക് സ്വയംതൊഴിൽ ചെയ്യുന്ന പദ്ധതിക്ക് രൂപംനൽകിയിട്ടുണ്ട്. കോഴിക്കോട് പരീക്ഷണാടിസ്ഥാനത്തിൽ നടപ്പാക്കാൻ ഫണ്ട് നൽകിയിട്ടുണ്ട്. സ്ത്രീകളുമായി ബന്ധപ്പെട്ട എല്ലാ നിയമങ്ങളുടെയും ശരിയായ നിർവ്വഹണവും ഇതിലൂടെ ലക്ഷ്യമിടുന്നു.

വിവിധ സ്ത്രീസംരക്ഷണ നിയമങ്ങളെക്കുറിച്ച് സ്ത്രീകൾക്ക് അവബോധം നൽകുന്നതിനായി സെമിനാറുകൾ ഉൾപ്പെടെ വിവിധ പ്രചാരണ പരിപാടികൾ നടത്തുന്നുണ്ട്. സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനായി ജാഗ്രതാസമിതി രൂപീകരിക്കുകയും സമിതിയിലെ അംഗങ്ങൾക്ക് വനിതാ കമ്മീഷൻ നിരന്തരം പരിശീലനം നൽകുകയും ചെയ്യുന്നു. വനിതാ കമ്മീഷന്റെ ഗവേഷണ പഠനങ്ങളിൽ 'Internal Complaint Committee'-യുടെ പ്രവർത്തനം എന്ന വിഷയം ഉൾപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ട്.

## എം.ബി.ബി.എസ്. അഡ്മിഷനുവേണ്ടി പ്രോസ്പെക്ടസ്

254(3552) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.ബി.ബി.എസ്. / ബി.ഡി.എസ്. അഡ്മിഷനുവേണ്ടി ഈ വർഷം പ്രോസ്പെക്ടസ് തയ്യാറാക്കിയിട്ടുണ്ടോ ; വ്യക്തമാക്കാമോ ;

(ബി) പ്രോസ്പെക്ടസ് തയ്യാറാക്കിയിട്ടില്ലെങ്കിൽ ഇതു സംബന്ധിച്ച് എത്ര വിജ്ഞാപനങ്ങൾ സി .ഇ. ഇ. (എൻട്രൻസ് കമ്മീഷണർ) പുറപ്പെടുവിച്ചിട്ടുണ്ട്; ആയത് ലഭ്യമാക്കുമോ ;

(സി) വിജ്ഞാപനങ്ങൾ സർക്കാരിന് നൽകി ഉത്തരവുകളാക്കി പുറപ്പെടുവിക്കുവാൻ നടപടി സ്വീകരിക്കുമോ; മൈനോറിറ്റി, NRI (എൻ.ആർ.ഐ.) സീറ്റുകളിലേക്ക് കമ്മീഷണർ എത്ര വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട് ; ഇങ്ങനെ പുറപ്പെടുവിച്ച വിജ്ഞാപനങ്ങൾക്ക് സർക്കാരിൽ നിന്നും അനുമതി ലഭിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ& ബി) എം.ബി.ബി.എസ്./ബി.ഡി.എസ്. എൻജിനീയറിംഗ്, മെഡിക്കൽ അനുബന്ധ കോഴ്സുകൾ ഉൾപ്പെടെയുള്ള പ്രൊഫഷണൽ ഡിഗ്രി കോഴ്സുകളിലെ പ്രവേശനത്തിനായി പ്രോസ്പെക്ടസ് പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(സി) അപേക്ഷകൾ ക്ഷണിക്കൽ, വിദ്യാർത്ഥികൾക്കുള്ള നിർദ്ദേശങ്ങൾ, റാങ്ക് ലിസ്റ്റുകളുടെയും കാറ്റഗറി ലിസ്റ്റുകളുടെയും പ്രസിദ്ധീകരണം, അലോട്ട്മെന്റുകൾക്കായി ഓൺലൈൻ ഓപ്ഷനുകൾ ക്ഷണിക്കുന്നത്, അലോട്ട്മെന്റുകളുടെ പ്രസിദ്ധീകരണം മുതലായവയ്ക്കാണ് വിജ്ഞാപനങ്ങൾ പുറപ്പെടുവിച്ചുവരുന്നത്. ഇവ വിദ്യാർത്ഥി പ്രവേശനവുമായി ബന്ധപ്പെട്ട സ്വഭാവിക നടപടികൾ ആയതിനാലും വിവിധ സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിലുള്ള വയായതിനാലും അവ പിന്നീട് ഉത്തരവുകളാക്കേണ്ട ആവശ്യം വരുന്നില്ല. മെഡിക്കൽ/ദന്തൽ പ്രവേശനത്തിനുള്ള മൈനോറിറ്റി/എൻ.ആർ.ഐ. ക്വാട്ടയുമായി ബന്ധപ്പെട്ട് ഇതിനോടകം 5 വിജ്ഞാപനങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവുകളുടെയും വിവിധ കോടതി ഉത്തരവുകളുടെയും അടിസ്ഥാനത്തിലാണ് വിജ്ഞാപനങ്ങൾ പുറപ്പെടുവിച്ചുവരുന്നത്.

**ദന്തൽ വിദ്യാർത്ഥികൾക്കുള്ള സ്റ്റൈപ്പന്റ്**

255(3554) <u>ശ്രീ. സി. എഫ്. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്വാശ്രയ ദന്തൽ കോളേജുകളിൽ ബിരുദാനന്തര ബിരുദത്തിന് പഠിക്കുന്ന വിദ്യാർത്ഥികൾക്കു സർക്കാർ അനുവദിച്ചിരിക്കുന്ന സ്റ്റൈഫൻറ് എത്ര രൂപയാണ് ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത വിദ്യാർത്ഥികൾക്ക്, തുല്യ ജോലിക്ക് തുല്യവേതനം എന്ന

നിലയ്ക്ക് സർക്കാർ ദന്തൽ കോളേജുകളിലെ വിദ്യാർത്ഥികൾക്കു നൽകുന്ന അത്രയും തുക സ്റ്റൈപ്പൻറ് നൽകേണ്ടതല്ലേ ; വ്യക്തമാക്കാമോ ;

(സി) ഇപ്രകാരം വിദ്യാർത്ഥികൾക്ക് സ്റ്റൈപ്പൻറ് ആയി അനുവദിക്കുന്ന പൂർണ്ണ തുകയും യഥാസമയം വിദ്യാർത്ഥികൾക്കു ലഭിക്കുന്നുണ്ടോയെന്ന് ഉറപ്പുവരുത്താൻ എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(ഡി) പ്രസ്തുത സ്റ്റൈപ്പൻറ് വിദ്യാർത്ഥികളുടെ ബാങ്ക് അക്കൗണ്ടിൽ നേരിട്ട് നിക്ഷേപിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ -ഡി) സംസ്ഥാനത്തെ സ്വാശ്രയ ദന്തൽ കോളേജുകളിൽ ബിരുദാനന്തര ബിരുദത്തിന് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് സർക്കാരിൽ നിന്നും സ്റ്റൈപ്പന്റ് നൽകുന്നില്ല.

## സ്വാശ്രയ നേഴ്സിംഗ് അലോട്ട്മെന്റ്

256(3555) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വാശ്രയ നേഴ്സിംഗ് പ്രവേശനത്തിനുവേണ്ടി എൻട്രൻസ് കമ്മീഷണർ അലോട്ട്മെന്റ് നടത്തുവാൻ എന്നാണ് നിശ്ചയിച്ചിരുന്നത് ; അത് യഥാസമയം നടത്താതിരുന്ന കാര്യം സർക്കാർ പരിശോധിക്കുമോ;

(ബി) യഥാസമയം അലോട്ട്മെന്റ് നടത്താത്തതിനാൽ അർഹരായ കുട്ടികൾക്ക് പ്രസ്തുത കോളേജുകളിൽ അഡ്മിഷൻ ലഭിക്കുന്നുണ്ടോയെന്ന കാര്യം വിശദമായി പരിശോധിച്ച് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഒന്നാം അലോട്ട്മെന്റ് 10-7-2017-നും അവസാന അലോട്ട്മെന്റ് 31-7-2017-നും നടത്താനാണ് നിശ്ചയിച്ചിരുന്നത്. യഥാസമയം അലോട്ട്മെന്റ് നടത്താതിരുന്ന കാര്യം സർക്കാർ പരിശോധിച്ചു. കഴിഞ്ഞ അദ്ധ്യയന വർഷം വരെ പ്രോസ്പെക്ടസ് അംഗീകരിച്ചതിനു ശേഷം സർക്കാരുമായി കരാർ ഒപ്പിടുന്ന സ്വാശ്രയ നഴ്സിംഗ് കോളേജുകൾക്കെല്ലാം തന്നെ അലോട്ട്മെന്റ് നൽകി വരികയാണ് ചെയ്തിരുന്നത്. എന്നാൽ കഴിഞ്ഞ വർഷത്തിൽനിന്നും വ്യത്യസ്തമായി ഈ വർഷം സ്വാശ്രയ മാനേജ്മെന്റുകളുമായി ഒപ്പിട്ട കരാറിൽ കേരള ആരോഗ്യ

ശാസ്ത്ര സർവ്വകലാശാല, ഇന്ത്യൻ നഴ്സിംഗ് കൗൺസിൽ, കേരള നഴ്സസ് & മിഡ് വൈഫ്സ് കൗൺസിൽ എന്നിവയിൽ നിന്നും അംഗീകാരം/അഫിലിയേഷൻ കോളേജുകൾക്ക് മാത്രമേ അലോട്ട്മെന്റ് നൽകുകയുള്ളൂ എന്ന ഒരു നിബന്ധന കൂടി ഉൾപ്പെടുത്തുകയുണ്ടായി. അംഗീകാരം/അഫിലിയേഷൻ സംബന്ധിച്ച വിവരങ്ങൾ ലഭിക്കുന്നതിനുള്ള കാലതാമസവും ബി.എസ്.സി നഴ്സിംഗ് അഡ്മിഷനായി ലഭിച്ച അപേക്ഷകളിൽ പട്ടികജാതി-പട്ടികവർഗ്ഗ സർട്ടിഫിക്കറ്റിന്റെ വാസ്തവികത (Genuineness) പരിശോധനാ ഫലം കിർത്താഡ്സിൽ നിന്നും ലഭിക്കാനുണ്ടായ കാലതാമസവും മൂലമാണ് മുൻനിശ്ചയ പ്രകാരമുള്ള അലോട്ട്മെന്റ് നടത്താൻ കഴിയാതിരുന്നത്.

(ബി) അലോട്ട്മെന്റ് വൈകി എന്ന കാരണത്താൽ അർഹരായ കുട്ടികൾക്ക് അഡ്മിഷൻ നിഷേധിക്കപ്പെടുന്നില്ല.

**ഫാർമസി കോളേജുകളിൽ ഫാം-ഡി കോഴ്സ്**

257(3556) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതൊക്കെ ഫാർമസി കോളേജുകളിൽ ഫാം-ഡി (Pharm.D) കോഴ്സ് നടത്തുന്നുണ്ട്;നിലവിൽ എത്ര വിദ്യാർത്ഥികൾക്കാണ് ഓരോ വർഷവും പ്രവേശനം നൽകുന്നത്;

(ബി) നിലവിൽ ഫാം-ഡി കോഴ്സിന് ഈടാക്കുന്ന ഫീസെത്രയാണ്;

(സി) സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള ഏതെങ്കിലും ഫാർമസി കോളേജുകളിൽ ഈ കോഴ്സ് നടത്തുന്നുണ്ടോ; ഇല്ലെങ്കിൽ കാരണമെന്താണ്;

(ഡി) തിരുവനന്തപുരത്തും കോഴിക്കോട്ടും ഉള്ള സർക്കാർ ഫാർമസി കോളേജുകളിൽ ബി-ഫാം, എം-ഫാം കോഴ്സുകൾ നടത്തുന്നുണ്ടോ; ഉണ്ടെങ്കിൽ ഏത് വർഷമാണ് പ്രസ്തുത കോഴ്സുകൾ ആരംഭിച്ചത്;

(ഇ) സർക്കാർ മേഖലയിൽ എം-ഫാം കോഴ്സുകൾ ആരംഭിച്ചശേഷം തുടങ്ങിയ സ്വാശ്രയ കോളേജുകളിൽ ഫാം-ഡി കോഴ്സിന് അനുമതി നൽകുമ്പോൾ എല്ലാ സൗകര്യങ്ങളുള്ള സർക്കാർ മേഖലയെ ഇക്കാര്യത്തിൽ അവഗണിക്കുന്നതിന്റെ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് കേരള ആരോഗ്യ സർവ്വകലാശാലയിൽ അഫിലിയേറ്റ് ചെയ്ത 17 സ്വാശ്രയ ഫാർമസി കോളേജുകളിലും അമൃത ഡീംഡ് യൂണിവേഴ്സിറ്റിയുടെ കീഴിൽ ഒരു കോളേജിലും ഫാം-ഡി (Pharm.D) കോഴ്സ് നടത്തുന്നുണ്ട് (കോളേജുകളുടെ വിശദാംശങ്ങളും സീറ്റുകളുടെ എണ്ണവും അനുബന്ധമായി ചേർത്തിട്ടുണ്ട്).+

+ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഓരോ വർഷവും ഫീ റെഗുലേറ്ററി കമ്മിറ്റിയാണ് ഫാം-ഡി (Pharm.D) കോഴ്സിനുള്ള ഫീസ് നിശ്ചയിക്കുന്നത്.

(സി) സർക്കാർ കോളേജുകളിൽ ഫാം-ഡി കോഴ്സ് നടത്തുന്നില്ല.

പ്രസ്തുത കോഴ്സ് സർക്കാർ സേവന മേഖലയിലെ ഒരു തസ്തികയ്ക്കും അടിസ്ഥാന യോഗ്യതയായി നിശ്ചയിച്ചിട്ടില്ല.

(ഡി) ഉണ്ട്.

<u>കോളേജ് ഓഫ് ഫാർമസ്യൂട്ടിക്കൽ സയൻസ്, തിരുവനന്തപുരം</u>

ബി. ഫാം. - 1967

എം.ഫാം. - 1984

<u>കോളേജ് ഓഫ് ഫാർമസ്യൂട്ടിക്കൽ സയൻസ്, കോഴിക്കോട്</u>

ബി.ഫാം. - 2000

എം.ഫാം. - 2008

(ഇ) പ്രസ്തുത കോഴ്സ് സർക്കാർ സേവന മേഖലയിലെ ഒരു തസ്തികയ്ക്കും അടിസ്ഥാന യോഗ്യതയായി നിശ്ചയിച്ചിട്ടില്ല.

**സംസ്ഥാനത്തിന് വാഗ്ദാനംചെയ്ത എയിംസ്**

258(3557) <u>ശ്രീ. സി. കൃഷ്ണൻ :</u>
<u>ശ്രീ. കെ. ദാസൻ :</u>
<u>ശ്രീ. പി. ഉണ്ണി :</u>
<u>ശ്രീ. കെ. ജെ. മാക്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന് വാഗ്ദാനംചെയ്ത എയിംസ് അനുവദിക്കാൻ കേന്ദ്ര സർക്കാർ തയ്യാറായിട്ടുണ്ടോ; ഇതിനു വിഘാതമായി എന്തെങ്കിലും കാര്യങ്ങൾ ചൂണ്ടിക്കാണിച്ചിട്ടുണ്ടോ; ഇത് സംബന്ധിച്ച് കേന്ദ്രസർക്കാർ നയം തിരുത്താൻ ആവശ്യപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) തിരുവനന്തപുരം മെഡിക്കൽ കോളെജിനെ എയിംസ് നിലവാരത്തിലേക്ക് ഉയർത്തുമെന്ന പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ നടത്തി വരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്;

(സി) മെഡിക്കൽ കോളേജുകൾ, ജില്ലാ ആശുപത്രികൾ, ജനറൽ ആശുപത്രികൾ , താലൂക്ക് ആശുപത്രികൾ എന്നിവയുടെ നവീകരണത്തിനായി മാന്ദ്യവിരുദ്ധ പാക്കേജിൽ ഉൾപ്പെടുത്തി ഏറ്റെടുത്തു നടത്തുന്ന പ്രവൃത്തികളുടെ പുരോഗതി അറിയിക്കാമോ?

ഉത്തരം

(എ) എല്ലാ സംസ്ഥാനങ്ങളിലും എയിംസ് പോലുള്ള സ്ഥാപനങ്ങൾ തുടങ്ങുന്നതിന്റെ ഭാഗമായി അനുയോജ്യമായ മൂന്നോ നാലോ സ്ഥലങ്ങൾ കണ്ടെത്തി നൽകുവാൻ വേണ്ടി കേന്ദ്ര സർക്കാർ അഭ്യർത്ഥിച്ചിരുന്നു. 2015-16 ബജറ്റ് പ്രഖ്യാപനത്തിൽ കേരളത്തെ ഉൾപ്പെടുത്തിയിട്ടില്ല. ആയതിനാൽ തുടർന്നുള്ള ഘട്ടത്തിൽ പരിഗണിക്കാമെന്ന് കേന്ദ്ര സർക്കാർ അറിയിച്ചിട്ടുണ്ട്.

(ബി) തിരുവനന്തപുരം മെഡിക്കൽ കോളേജിനെ എയിംസ് നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനായി സമർപ്പിച്ച പ്രൊപ്പോസലിലെ ന്യൂനതകൾ പരിഹരിച്ചുകൊണ്ട് പുതിയ പ്രൊപ്പോസൽ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ തയ്യാറാക്കിവരുന്നു.

(സി) മെഡിക്കൽ കോളേജുകൾ, ജില്ലാ ആശുപത്രികൾ, ജനറൽ ആശുപത്രികൾ, താലൂക്ക് ആശുപത്രികൾ എന്നിവയുടെ നവീകരണത്തിനായി 2016-17 സാമ്പത്തിക വർഷത്തെ ഇടക്കാല ബജറ്റിൽ മാന്ദ്യ വിരുദ്ധ പാക്കേജിൽ ഉൾപ്പെടുത്തി 1000 കോടി രൂപ വകയിരുത്തിയിരുന്നു. 2017-18 സാമ്പത്തിക വർഷത്തിൽ ആർദ്രം പദ്ധതി പ്രകാരമുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്കാണ് ഊന്നൽ നൽകിയിരിക്കുന്നത്. ആയത് പ്രകാരമുള്ള പ്രവർത്തനങ്ങൾ കിഫ്ബി-യിൽ ഉൾപ്പെടുത്തി നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. 8 ജില്ലാതല ആശുപത്രികളിൽ കാത്ത് ലാബ് സൗകര്യം ഏർപ്പെടുത്തുന്നതിനും 44 താലൂക്ക് ആശുപത്രികളിൽ ഡയാലിസിസ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ കിഫ്ബി മുഖാന്തരം നടപ്പിലാക്കുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. കിഫ്ബിയിൽ ഉൾപ്പെടുത്തി നിർമ്മാണ പ്രവൃത്തികൾ നടത്തുന്നതിനായി കണ്ണൂർ ജില്ലാ ആശുപത്രിക്ക് 76.44 കോടി രൂപ, എറണാകുളം ജനറൽ ആശുപത്രിക്ക് 76.17 കോടി, താലൂക്കാസ്ഥാന ആശുപത്രി പുനലൂരിന് 64.43 കോടി രൂപ എന്നിവയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

**നീറ്റ് പരീക്ഷയുടെ അടിസ്ഥാനത്തിൽ മെഡിക്കൽ അഡ്മിഷൻ**

259(3558) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നീറ്റ് പരീക്ഷയുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് മെഡിക്കൽ അഡ്മിഷൻ നടത്തുമ്പോൾ മറ്റ് പരീക്ഷകൾക്കുവേണ്ടി തയ്യാറാക്കുന്ന പ്രോസ്പെക്ടസിൽ മെഡിക്കൽ അഡ്മിഷന്റെ നിബന്ധനകൾകൂടി കൃത്യമായി ഉൾക്കൊള്ളിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ബി) എൻ.ആർ.ഐ. അഡ്മിഷനുവേണ്ടി എത്ര വിജ്ഞാപനങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്; നിലവിലുള്ള വിജ്ഞാപനം ഏതാണെന്ന് വ്യക്തമാക്കുമോ;

(സി) മൈനോറിറ്റി അഡ്മിഷനുവേണ്ടി മതസംഘടനകളുടെ ശിപാർശകൾ സ്വീകരിക്കണമെന്ന നിർദ്ദേശത്തെക്കുറിച്ച് വ്യക്തമായ വിവരം ലഭ്യമാക്കുമോ; ഈ ഉത്തരവ് റദ്ദ് ചെയ്തിട്ടുണ്ടോ ; വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) പ്രൊഫഷണൽ ഡിഗ്രി കോഴ്സുകളിലെ പ്രവേശനത്തിനായി തയ്യാറാക്കിയിട്ടുള്ള പൊതു പ്രോസ്പെക്ടസിൽ നീറ്റ് പരീക്ഷ സംബന്ധമായ കാര്യങ്ങളും എം.ബി.ബി.എസ്/ബി.ഡി.എസ് പ്രവേശനം സംബന്ധിച്ച പൊതുവായ കാര്യങ്ങളും ഉൾക്കൊള്ളിച്ചിട്ടുണ്ട്. പ്രോസ്പെക്ടസ് തയ്യാറാക്കി പ്രസിദ്ധീകരിച്ചിട്ടുള്ളത് 2017 ജനുവരി മാസത്തിലാണ്. അതിനുശേഷം മെഡിക്കൽ/ദന്തൽ പ്രവേശനവുമായി ബന്ധപ്പെട്ട് ബഹു. കോടതിവിധികളുടെയും സർക്കാർ ഉത്തരവുകളുടെയും അടിസ്ഥാനത്തിലുള്ള പ്രവേശനം സംബന്ധിച്ച വിവരങ്ങൾ വിജ്ഞാപനങ്ങളായി പുറപ്പെടുവിക്കാറുണ്ട്.

(ബി) എം.ബി.ബി.എസ്./ബി.ഡി.എസ്. കോഴ്സുകളിലെ എൻ.ആർ.ഐ പ്രവേശനവുമായി ബന്ധപ്പെട്ട് 5 വിജ്ഞാപനങ്ങൾ പ്രവേശന പരീക്ഷാ കമ്മീഷണർ പുറപ്പെടുവിച്ചിട്ടുണ്ട്. 31-7-2017-ലെ വിജ്ഞാപനമാണ് നിലവിലുള്ളത്.

(സി) മൈനോറിറ്റി ക്വാട്ട പ്രവേശനത്തിന് റവന്യൂ സർട്ടിഫിക്കറ്റിനോടൊപ്പം മത മേലദ്ധ്യക്ഷന്മാർ നൽകുന്ന അധിക സർട്ടിഫിക്കറ്റ് കൂടി ഹാജരാക്കണമെന്ന ഉത്തരവ് പിൻവലിച്ച് റവന്യൂ അധികാരിയിൽനിന്നുള്ള സർട്ടിഫിക്കറ്റ് മാത്രം ബാധകമാക്കിയിരുന്നു. എന്നാൽ ഇതിനെതിരെ ചില സ്വാശ്രയ മാനേജ്മെന്റുകൾ കോടതിയെ സമീപിച്ച് അനുകൂല ഉത്തരവ് നേടിയിട്ടുണ്ട്.

### മണിപ്പാൽ സർവ്വകലാശാലയുടെ BSc MLT കോഴ്സ്

260(3559) <u>ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണിപ്പാൽ സർവ്വകലാശാലയുടെ ബി.എസ്. സി. എം .എൽ .ടി കോഴ്സ് പാസ്സായിട്ടുള്ളവർക്ക് ആരോഗ്യ വകുപ്പിന്റെകീഴിലുള്ള ഏതെല്ലാം ലാബുകളിൽ ജോലി ചെയ്യുവാനുള്ള യോഗ്യതയുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) കെ.എച്ച്.ആർ.ഡബ്യൂ.എസ് (KHRWS) ന്റെ കീഴിലുള്ള എ.സി.ആർ (ACR) ലാബുകളിൽ ചീഫ് ലാബ് ടെക്നീഷ്യൻ, ലാബ് ടെക്നീഷ്യൻ തസ്തികകളിൽ ജോലി ചെയ്യുവാൻ മണിപ്പാൽ സർവ്വകലാശാലയുടെ ബി.എസ്. സി .എം .എൽ .ടി കോഴ്സ് പാസ്സായിട്ടുള്ളവർക്ക് സാധിക്കുമോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) നിലവിൽ മണിപ്പാൽ സർവ്വകലാശാലയുടെ ബി.എസ്.സി, എം.എൽ.ടി കോഴ്സ് ആരോഗ്യ വകുപ്പിന്റെകീഴിലുള്ള ലാബുകളിൽ ജോലി ചെയ്യുവാനുള്ള യോഗ്യതയായി കണക്കാക്കുന്നില്ല.

(ബി) കെ.എച്ച്.ആർ.ഡബ്ല്യൂ.എസ്. (KHRWS)-ന്റെ കീഴിലുള്ള എ.സി.ആർ (ACR) ലാബുകളിൽ ചീഫ് ലാബ് ടെക്നീഷ്യൻ, ലാബ് ടെക്നീഷ്യൻ തസ്തികകളിൽ സ്ഥിര നിയമനത്തിനുള്ള യോഗ്യതയായി മണിപ്പാൽ സർവ്വകലാശാലയുടെ ബി.എസ്.സി, എം.എൽ.ടി. കോഴ്സ് കണക്കാക്കുന്നില്ല. എന്നാൽ പ്രസ്തുത യോഗ്യതയുള്ള രണ്ട് പേർ ലാബ് ടെക്നീഷ്യൻ, ജൂനിയർ ലാബ് അസിസ്റ്റന്റ് എന്നീ തസ്തികകളിൽ കെ.എച്ച്.ആർ.ഡബ്ല്യൂ.എസ്.-ൽ താൽക്കാലികാടിസ്ഥാനത്തിൽ സേവനമനുഷ്ഠിച്ചുവരുന്നുണ്ട്.

**ജി. എസ്. റ്റി.- യും മരുന്നുക്ഷാമവും**

261(3560) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. കെ. എസ്. ശബരീനാഥൻ:
ശ്രീ. വി. എസ്. ശിവകുമാർ:
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.എസ്.റ്റി. നിലവിൽവന്നതോടുകൂടി ജീവൻരക്ഷാ മരുന്നുകൾ ഉൾപ്പെടെയുള്ള മരുന്നുകൾക്ക് സംസ്ഥാനത്ത് ക്ഷാമം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ജി.എസ്.റ്റി. ഏർപ്പെടുത്തിയതുമൂലം വിപണിയിൽ മരുന്നിന് വിലക്കുറവ് ഉണ്ടായിട്ടുണ്ടോ;

(സി) മരുന്ന് ക്ഷാമം പരിഹരിക്കുന്നതിനും, അവശ്യമരുന്നുകളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനും സർക്കാർതലത്തിൽ ഏർപ്പെടുത്തിയ സംവിധാനം എന്താണെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) കേരള സംസ്ഥാനത്ത് വിപണനം ചെയ്യുന്ന ഭൂരിഭാഗം മരുന്നുകളും അന്യ സംസ്ഥാനങ്ങളിൽ നിർമ്മിക്കപ്പെടുന്നവയാണ്. 1-7-2017-ന്ശേഷം നിർമ്മിച്ച മരുന്നുകൾ വിപണിയിൽ പൂർണ്ണമായി എത്തിയാൽ മാത്രമേ വിലയിലുണ്ടായ വ്യതിയാനത്തെക്കുറിച്ച് വ്യക്തത വരികയുള്ളൂ. എന്നിരുന്നാലും ജി.എസ്.റ്റി. പ്രാബല്യത്തിൽ വന്നതോടുകൂടി ദേശീയ ഔഷധ വില നിയന്ത്രണ സമിതി (എൻ.പി.പി.എ.) വില നിശ്ചയിച്ചിട്ടുള്ള വില നിയന്ത്രണ പട്ടികയിലുള്ള ഭൂരിഭാഗം മരുന്നുകൾക്കും വില കുറഞ്ഞിട്ടുണ്ട്.

(സി) ജി.എസ്.റ്റി പ്രാബല്യത്തിൽ വരുന്നതുമായി ബന്ധപ്പെട്ട് മരുന്ന് ക്ഷാമം ഉണ്ടാകാതിരിക്കുവാൻ എല്ലാ മരുന്ന് നിർമ്മാതാക്കളുടെയും/വിതരണക്കാരുടെയും ഡിപ്പോകളിലും/ഗോഡൗണുകളിലും മൊത്ത വ്യാപാരികളുടെ പക്കലും ആവശ്യത്തിന് മരുന്നുകളുടെ സ്റ്റോക്ക് ഉണ്ടെന്ന് ഡ്രഗ്സ് കൺട്രോൾ വകുപ്പ് പരിശോധിച്ച് ഉറപ്പ് വരുത്തിയിരുന്നു. കൂടാതെ മരുന്ന് നിർമ്മാതാക്കളുടെയും മൊത്ത/ചില്ലറ വ്യാപാരികളുടെയും യോഗം സർക്കാർതലത്തിൽ വിളിച്ചു ചേർക്കുകയും ജി.എസ്.റ്റി നടപ്പിൽ വരുന്നതുമായി ബന്ധപ്പെട്ടുണ്ടായ ആശയക്കുഴപ്പങ്ങൾ ചർച്ചചെയ്ത് പരിഹരിച്ചിട്ടുമുണ്ട്.

**ഔഷധ ഗുണനിലവാര പരിശോധനാ ലാബുകൾ**

262(3561) <u>ശ്രീ. എ. പ്രദീപ്കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെകീഴിലുള്ള ഔഷധ ഗുണനിലവാര പരിശോധനാ ലാബുകൾ സംസ്ഥാനത്ത് എവിടെയെല്ലാമാണ് പ്രവർത്തിക്കുന്നതെന്ന് വിശദമാക്കുമോ;

(ബി) കോഴിക്കോട് ജില്ലയിൽ ഇത്തരം ഒരു ലാബ് സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഡ്രഗ്സ് കൺട്രോൾ വകുപ്പിന് കീഴിൽ നിലവിൽ രണ്ട് ഔഷധ ഗുണനിലവാര പരിശോധനാ ലാബുകളാണുള്ളത്.

1. ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറി, തിരുവനന്തപുരം
2. റീജിയണൽ ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറി, എറണാകുളം

(ബി) കോഴിക്കോട് മെഡിക്കൽ കോളേജ് ക്യാമ്പസിൽ മരുന്ന് പരിശോധനാ ലബോറട്ടറി തുടങ്ങുന്നതിനായി 15 സെന്റ് സ്ഥലം അനുവദിച്ചിട്ടുണ്ട്. പ്രസ്തുത ലബോറട്ടറി കെട്ടിടത്തിന്റെ നിർമ്മാണത്തിനുള്ള ഫണ്ട് പൊതുമരാമത്ത് വകുപ്പിന് കൈമാറിയിട്ടുമുണ്ട്.

## കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വിതരണംചെയ്ത മരുന്നുകളുടെ കണക്കുകൾ

263(3562) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ സർക്കാർ ആശുപത്രികളിലൂടെ വിതരണം ചെയ്യുന്ന മരുന്നുകൾ ഏതെല്ലാം മരുന്ന് കമ്പനികളുടെതാണ് ; കഴിഞ്ഞ 5 വർഷമായി ഏതെല്ലാം കമ്പനികളിൽ നിന്ന് എത്ര തുകയുടെ മരുന്ന് വാങ്ങിയെന്നുള്ള വിശദാംശം വർഷം തിരിച്ച് ലഭ്യമാക്കുമോ;

(ബി) കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ കഴിഞ്ഞ 5 വർഷം കേരള ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽ ലിമിറ്റഡിൽനിന്നും എത്ര തുകയുടെ മരുന്നുകൾ വാങ്ങിയെന്നുള്ള വിവരം വർഷംതിരിച്ച് ലഭ്യമാക്കുമോ;

(സി) പ്രസ്തുത കോർപ്പറേഷൻ കാരുണ്യ ഫാർമസി, സപ്ലൈകോ/മാവേലി മെഡിക്കൽ ഷോപ്പുകൾ , നീതി മെഡിക്കൽ സ്റ്റോറുകൾ എന്നിവയ്ക്ക് കഴിഞ്ഞ 5 വർഷമായി എത്ര തുകയുടെ മരുന്നുകൾ വില്പന നടത്തിയെന്നും അവ ഏതെല്ലാം കമ്പനികളുടെതെന്നുമുള്ള വിശദാംശം വർഷം തിരിച്ച് ലഭ്യമാക്കുമോ?

ഉത്തരം

(എ) സർക്കാർ ആശുപത്രികളിലൂടെയുള്ള സൗജന്യ ജനറിക് മരുന്ന് വിതരണത്തിനായി കഴിഞ്ഞ 5 സാമ്പത്തിക വർഷങ്ങളിൽ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വാങ്ങി വിതരണംചെയ്ത മരുന്നുകളുടേയും മരുന്ന് കമ്പനികളുടേയും വിശദാംശം വർഷംതിരിച്ച് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) സർക്കാർ ആശുപത്രികളിലൂടെയുള്ള സൗജന്യ ജനറിക് മരുന്ന് വിതരണത്തിനായി കഴിഞ്ഞ 5 സാമ്പത്തിക വർഷങ്ങളിൽ കേരള ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡിൽനിന്നും വാങ്ങി വിതരണംചെയ്ത മരുന്നുകളുടെ വിശദാംശം വർഷം തിരിച്ച് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി)കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ തന്നെ സംരംഭമായ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികളിൽ വിൽക്കുന്ന മരുന്നുകൾ, കമ്പനികളിൽ നിന്നും നേരിട്ട് വിലപേശൽ ചർച്ചയിലൂടെ വളരെ കുറഞ്ഞ വിലയ്ക്ക് സംഭരിക്കുന്നവയാണ്. കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ നിന്നോ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസിയിൽനിന്നോ സപ്ലൈകോ, മാവേലി, മെഡിക്കൽ ഷോപ്പുകൾ, നീതി മെഡിക്കൽ സ്റ്റോറുകൾ എന്നീ സ്ഥാപനങ്ങൾക്ക് മരുന്നുകളൊന്നുംതന്നെ വിൽക്കുന്നില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## വ്യാജ സൗന്ദര്യവർദ്ധക വസ്തുക്കളുടെ വിൽപ്പന

264(3563) <u>ശ്രീ. എൻ .എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യാജ സൗന്ദര്യവർദ്ധക വസ്തുക്കളുടെ വിൽപ്പന വ്യാപകമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതിനെതിരെ ഡ്രഗ് കൺട്രോൾ വിഭാഗം എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(സി) വ്യാജ സൗന്ദര്യവർദ്ധക മരുന്നുകൾ പിടിച്ചെടുത്തിട്ടുണ്ടോ;

(ഡി) എങ്കിൽ ഏതെല്ലാം സ്ഥലങ്ങളിൽനിന്ന് ഏത് തരത്തിലുള്ള മരുന്നുകളാണ് പിടിച്ചെടുത്തതെന്ന് വ്യക്തമാക്കാമോ;

(ഇ) വ്യാജ സൗന്ദര്യവർദ്ധക വസ്തുക്കൾ വിൽപന നടത്തിയതിന് എത്ര കേസ്സുകൾ ആർക്കൊക്കെ എതിരെ എടുത്തിട്ടുണ്ടെന്നും പ്രസ്തുത കേസ്സുകളിന്മേൽ സ്വീകരിച്ച ശിക്ഷാ നടപടികൾ എന്താണെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ & ബി) ഉണ്ട്.

സൗന്ദര്യവർദ്ധക വസ്തുക്കളുടെ നിർമ്മാണത്തിനും ഇറക്കുമതിക്കും മാത്രമേ, ഡ്രഗ്സ് & കോസ്മെറ്റിക്സ് ആക്ട് & റൂൾസ് പ്രകാരം നിലവിൽ നിയന്ത്രണമുള്ളൂ. സംസ്ഥാനത്ത് വിൽക്കപ്പെടുന്ന സൗന്ദര്യ വർദ്ധക വസ്തുക്കളിൽ 90%-വും അന്യസംസ്ഥാനങ്ങളിൽ നിർമ്മിക്കുന്നവയോ, വിദേശ രാജ്യങ്ങളിൽ നിന്ന് ഓപ്പൺ ജനറൽ ലൈസൻസ് (ഒ.ജി.എൽ.) വഴി ഇറക്കുമതി ചെയ്യുന്നവയോ ആണ്. ഇവയുടെ വിൽപന നിയന്ത്രിക്കുന്നതിനുള്ള നിയമങ്ങളൊന്നും തന്നെ പ്രാബല്യത്തിലില്ല. എന്നിരുന്നാലും ലേബൽ വ്യവസ്ഥകൾ പാലിക്കപ്പെടാത്തവയും വ്യാജമായതുമായ സൗന്ദര്യ വർദ്ധക വസ്തുക്കൾ കണ്ടെടുത്ത് നിയമനടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഇതുകൂടാതെ ഡ്രഗ്സ് ഇൻസ്പെക്ടർമാർ പതിവ് പരിശോധനാവേളകളിൽ, സൗന്ദര്യ വർദ്ധക വസ്തുക്കളിൽ മുഖ്യമായും ഷാംപൂ, സോപ്പ്, ക്രീം എന്നിവയുടെ സാമ്പിളുകൾ ശേഖരിച്ച് ഗുണനിലവാര പരിശോധനയ്ക്ക് വിധേയമാക്കുന്നുമുണ്ട്.

(സി & ഡി) ഉണ്ട്. സംസ്ഥാനത്ത് വ്യാജസൗന്ദര്യ വർദ്ധക വസ്തുക്കൾ വൻതോതിൽ വിപണനം ചെയ്യപ്പെടുന്നതായുള്ള പരാതിയിൽ 2016 ഡിസംബറിൽ

സംസ്ഥാനമൊട്ടാകെയും 2017 ജൂലൈ 18-ന് തിരുവനന്തപുരം, എറണാകുളം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട് എന്നീ ജില്ലകളിലും കോസ്മെറ്റിക്സ് വ്യാപാര സ്ഥാപനങ്ങൾ റെയ്ഡ് ചെയ്യുകയും പ്രമുഖ കമ്പനികളുടെ ബ്രാൻഡുകളെന്ന് തോന്നിപ്പിക്കുന്നവിധത്തിൽ വ്യാജമായി നിർമ്മിച്ച് വിപണനം ചെയ്യുന്ന സോപ്പുകൾ, കാജൽ, ഫേസ് പൗഡർ, ഹെയർ ഷാംപൂ എന്നിവയും ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് ആക്ട് & റൂൾസിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി ലേബൽ വ്യവസ്ഥകൾ പാലിക്കാതെ നിർമ്മിച്ച് വിതരണം ചെയ്യപ്പെടുന്ന ആഫ്റ്റർ ഷേവ് ലോഷൻ, ഫേസ് ക്രീം, ബോഡി മസ്സാജ് ക്രീം, ഹെയർ കളർ, ഹെയർ സിറം, വൈറ്റമിനുകൾ അടങ്ങിയ ക്യാപ്സ്യൂളുകൾ എന്നിവയും പിടിച്ചെടുക്കുകയുണ്ടായി. ഇതു കൂടാതെ ടൂറിസം മേഖലയെ ചൂഷണംചെയ്യുന്ന രീതിയിൽ ഇടുക്കി ജില്ലയിൽ കുമളിയിലെ വ്യാപാര സ്ഥാപനങ്ങളിൽ ലൈസൻസ് ഇല്ലാതെ നിർമ്മിച്ച് വിപണനം ചെയ്ത ഷാപൂ, ലോഷൻ, ഹെയർ ജെൽ എന്നീ സൗന്ദര്യ വർദ്ധക വസ്തുക്കൾ 2017 ജൂലൈ മാസം 25, 26 തീയതികളിൽ റെയ്ഡ് നടത്തി കണ്ടെടുത്തിട്ടുണ്ട്.

(ഇ) വ്യാജ സൗന്ദര്യവർദ്ധക വസ്തുക്കൾ വിൽപ്പന നടത്തിയത് സംബന്ധിച്ച് 24 കേസുകൾ നിലവിലുണ്ട്. ഇവയെല്ലാം അതത് ജില്ലകളിലെ മജിസ്ട്രേറ്റ് കോടതികളിൽ ഫയൽ ചെയ്യുകയും കൂടുതൽ തെളിവുകൾ ശേഖരിക്കുന്നതിനായി അന്വേഷണഘട്ടങ്ങളിലുമാണ്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

**ജൻഔഷധി ഷോപ്പുകൾ**

265(3564) <u>ശ്രീ. മഞ്ഞളാംകുഴി അലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ജൻഔഷധി ഷോപ്പുകളാണ് പ്രവർത്തിക്കുന്നത്; പുതിയതായി എത്ര ഷോറൂമുകൾക്ക് അനുമതി ലഭ്യമായിട്ടുണ്ട്;

(ബി) ജൻഔഷധി ഷോപ്പുകൾ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ വിഷയം കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ;

(സി) സംസ്ഥാനത്ത് ജൻഔഷധി ഷോപ്പുകൾ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് ഉണ്ടായിട്ടുള്ള ആരോപണങ്ങളിൽ എന്തെങ്കിലും അന്വേഷണം നടക്കുന്നുണ്ടോ; എങ്കിൽ ഏത് തലത്തിലുള്ള അന്വേഷണമാണ് നടന്നുവരുന്നത്; ഇതു സംബന്ധിച്ച് കേന്ദ്ര സർക്കാർ ഏതെങ്കിലും തരത്തിലുള്ള അന്വേഷണം ആവശ്യപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) സംസ്ഥാനത്ത് നിലവിൽ 292 ജൻഔഷധി ഷോപ്പുകളാണ് പ്രവർത്തിക്കുന്നത്.

(ബി) ജൻഔഷധി ഷോപ്പുകൾ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് പരാതികളൊന്നും ലഭിച്ചിട്ടില്ല.

(സി) ബാധകമല്ല.

**നാർക്കോട്ടിക് വിഭാഗത്തിൽപ്പെടുന്ന മരുന്നുകളുടെ ദുരുപയോഗം**

266(3565) ശ്രീ. കെ. വി. അബ്ദുൾ ഖാദർ:
ശ്രീ. രാജു എബ്രഹാം:
ശ്രീ. വി. അബ്ദുറഹിമാൻ:
ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നാർക്കോട്ടിക് വിഭാഗത്തിൽപ്പെടുന്ന മരുന്നുകളുടെ ദുരുപയോഗം വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ ദുരുപയോഗം കണ്ടെത്തുന്നതിനായി എക്സൈസ് വകുപ്പുമായി സംയുക്ത പരിശോധന നടത്താൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) ഡ്രഗ്സ് ആന്റ് നാർക്കോട്ടിക്സ് ആക്ട് പ്രകാരം ലൈസൻസ് നൽകിയിട്ടുള്ള നാർക്കോട്ടിക് മരുന്നുകളുടെ ദുരുപയോഗം മരുന്ന് വ്യാപാര സ്ഥാപനങ്ങളിൽ നടക്കുന്നുണ്ടോ എന്ന് ഉറപ്പുവരുത്തുന്നതിന് സ്ഥിരം പരിശോധന നടത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) ഇതുസംബന്ധിച്ച പരാതികളിന്മേലോ അറിയിപ്പുകളിന്മേലോ കാലതാമസം കൂടാതെ കർശന നടപടികൾ സ്വീകരിക്കുമോ;

(ഇ) മേൽപ്പറഞ്ഞ ആക്ടിലെ നിയമങ്ങൾ ലംഘിച്ചുകൊണ്ട് സൗന്ദര്യവർദ്ധക ഉല്പന്നങ്ങൾ വിൽക്കുന്നത് തടയുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ & ബി) ഉണ്ട്. ഡ്രഗ്സ് കൺട്രോൾ വകുപ്പ് എക്സൈസ് വകുപ്പുമായി ചേർന്ന് സംസ്ഥാനത്തുടനീളം 149 ഔഷധ വ്യാപാര സ്ഥാപനങ്ങളിൽ പരിശോധന നടത്തുകയുണ്ടായെങ്കിലും നാർക്കോട്ടിക് വിഭാഗത്തിൽപ്പെടുന്ന മരുന്നുകൾ ദുരുപയോഗം ചെയ്യുന്നതിനായി വില്പന നടത്തുന്നതായി കണ്ടെത്താൻ കഴിഞ്ഞിട്ടില്ല.

(സി) വിപണിയിൽ ലഭ്യമായ നാർക്കോട്ടിക് & സൈക്കോട്രോപ്പിക് മരുന്നുകളുടെ വില്പന വിശദാംശങ്ങൾ അടങ്ങുന്ന പ്രത്യേക രജിസ്റ്റർ സൂക്ഷിക്കുന്നതിന് കേരളത്തിലെ എല്ലാ മൊത്ത/ചില്ലറ ഔഷധ വ്യാപാരികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ഡ്രഗ്സ് ഇൻസ്പെക്ടർമാർ പ്രത്യേക പരിഗണന നൽകി ആയത് പരിശോധിച്ച് ഇത്തരത്തിലുള്ള മരുന്നുകൾ ദുരുപയോഗം ചെയ്യപ്പെടുന്നില്ലെന്ന് ഉറപ്പുവരുത്തുന്നുമുണ്ട്.

(ഡി) നാർക്കോട്ടിക് മരുന്നുകളുടെ ദുരുപയോഗം സംബന്ധിച്ച പരാതികളിൽ ഡ്രഗ്സ് കൺട്രോൾ വകുപ്പ് യാതൊരുവിധ കാലതാമസവും കൂടാതെ അവയുടെ ദുരുപയോഗം തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(ഇ) സൗന്ദര്യ വർദ്ധക വസ്തുക്കളുടെ നിർമ്മാണത്തിനും ഇറക്കുമതിക്കും മാത്രമേ, ഡ്രഗ്സ് & കോസ്മെറ്റിക്സ് ആക്ട് & റൂൾസ് പ്രകാരം നിലവിൽ നിയന്ത്രണമുള്ളൂ. സംസ്ഥാനത്ത് വിൽക്കപ്പെടുന്ന സൗന്ദര്യ വർദ്ധക വസ്തുക്കളിൽ 90%-വും അന്യസംസ്ഥാനങ്ങളിൽ നിർമ്മിക്കുന്നവയോ, വിദേശരാജ്യങ്ങളിൽ നിന്ന് ഓപ്പൺ ജനറൽ ലൈസൻസ് (ഒ.ജി.എൽ.) വഴി ഇറക്കുമതി ചെയ്യുന്നവയോ ആണ്. ഇവയുടെ വിൽപ്പന നിയന്ത്രിക്കുന്നതിനുള്ള നിയമങ്ങളൊന്നും തന്നെ പ്രാബല്യത്തിലില്ല. എന്നിരുന്നാലും ലേബൽ വ്യവസ്ഥകൾ പാലിക്കപ്പെടാത്തവയും വ്യാജമായവയുമായ സൗന്ദര്യ വർദ്ധക വസ്തുക്കൾ കണ്ടെടുത്ത് ഡ്രഗ്സ് കൺട്രോൾ വകുപ്പ് നിയമ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഇതുകൂടാതെ ഡ്രഗ്സ് ഇൻസ്പെക്ടർമാർ അവരുടെ പതിവ് പരിശോധനാവേളകളിൽ, സൗന്ദര്യ വർദ്ധക വസ്തുക്കളിൽ മുഖ്യമായും ഷാംപൂ, സോപ്പ്, ക്രീം എന്നിവയുടെ സാമ്പിളുകൾ ശേഖരിച്ച് ഗുണനിലവാര പരിശോധനയ്ക്ക് വിധേയമാക്കുന്നുമുണ്ട്.

**ഹോമിയോ ഡിസ്പെൻസറികൾ**

267(3566) <u>ശ്രീ. എം. രാജഗോപാലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ നിലവിൽ എത്ര ഹോമിയോ ഡിസ്പൻസറികൾ/ആശുപത്രികൾ നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഹോമിയോ ഡിസ്പൻസറികൾ നിലവിലില്ലാത്ത എത്ര പഞ്ചായത്തുകൾ ഉണ്ട് ; ഇവിടങ്ങളിൽ ഡിസ്പൻസറികൾ എപ്പോൾ അനുവദിക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) കിടത്തി ചികിത്സയുള്ള 34 സർക്കാർ ഹോമിയോ ആശുപത്രികളും പുറം രോഗികളെ പരിശോധിച്ച് മരുന്ന് കൊടുക്കുന്ന 659 സർക്കാർ ഹോമിയോ ഡിസ്പെൻസറികളും നിലവിൽ സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്നു.

(ബി) സർക്കാർ/എൻ.എച്ച്.എം. ഹോമിയോ ഡിസ്പെൻസറികൾ ഇല്ലാത്ത 42 പഞ്ചായത്തുകൾ സംസ്ഥാനത്തുണ്ട്. സർക്കാർ ഹോമിയോ ഡിസ്പെൻസറിയോ, എൻ.എച്ച്.എം. ഹോമിയോ ഡിസ്പെൻസറിയോ ഇല്ലാത്ത പഞ്ചായത്തുകളിൽ വാർഷിക പദ്ധതിയിൽ അനുവദിച്ച തുക പ്രകാരം പുതിയ ഹോമിയോ ഡിസ്പെൻസറികൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

## നാട്ടുവൈദ്യ പരിപാലനം

268(3567) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ പാരമ്പര്യ വൈദ്യശാസ്ത്ര ശാഖകളെ പുനരുദ്ധരിക്കുന്നതിനും ഇവയിലെ ചികിത്സാവിധികൾ ഏകോപിപ്പിക്കുന്നതിനും എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) നാട്ടുവൈദ്യചികിത്സാവിധികളായ സിദ്ധ-മർമ്മ-യുനാനി-വിഷ ചികിത്സാ,ആവികുളി-പച്ചില ചികിത്സ എന്നിവ ഏകോപിപ്പിച്ച് ഇത്തരം വൈദ്യന്മാരെ ഒരു കുടക്കീഴിൽ കൊണ്ട് വന്ന് ഇവരുടെ ചികിത്സാമേഖലയിലെ വ്യാജന്മാരെ കണ്ടെത്തി നാട്ടുചികിത്സയ്ക്ക് നിയമ പരിരക്ഷ നൽകുന്നതിന് നിയമനിർമ്മാണം കൊണ്ട് വരുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(സി) പാരമ്പര്യ നാട്ടുവൈദ്യ ചികിത്സാ ഫലപ്രദമാണെന്ന വസ്തുത പൊതു സമൂഹത്തിൽ എത്തിക്കാൻ സർക്കാർതലത്തിൽ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ-സി) സംസ്ഥാനത്തിന്റെ പാരമ്പര്യ വൈദ്യശാസ്ത്രശാഖകളുടെ ഉന്നമനത്തിനായി ആയുർവേദം, യുനാനി, സിദ്ധ, ഹോമിയോ എന്നീ ചികിത്സാ വകുപ്പുകളെ സംയോജിപ്പിച്ച് ആയുഷ് വകുപ്പ് രൂപീകരിച്ചിട്ടുണ്ട്. സിദ്ധ, യുനാനി എന്നീ ചികിത്സാ വിഭാഗങ്ങളിൽ അംഗീകൃത വിദ്യാഭ്യാസ യോഗ്യത നേടിയ ചികിത്സകർക്ക് ട്രാവൻകൂർ-കൊച്ചിൻ മെഡിക്കൽ കൗൺസിൽ ഫോർ ഇൻഡ്യൻ സിസ്റ്റംസ് ഓഫ് മെഡിസിൻ രജിസ്ട്രേഷൻ നൽകുന്നുണ്ട്. എന്നാൽ അംഗീകൃത യോഗ്യതയില്ലാത്ത നാട്ടുവൈദ്യന്മാർക്ക് നിലവിലുള്ള നിയമപ്രകാരം രജിസ്ട്രേഷൻ നൽകുവാൻ നിർവ്വാഹമില്ല.

**ഔഷധിയെ വിപുലീകരിക്കുന്നതിനും പ്രൊഫഷണൽ മികവോടെ രാജ്യത്തെ പ്രമുഖ കമ്പനിയാക്കുന്നതിനും നടപടി**

269(3568) ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഔഷധിയെ വിപുലീകരിക്കുന്നതിനും പ്രൊഫഷണൽ മികവോടെ രാജ്യത്തെ പ്രമുഖ കമ്പനിയാക്കുന്നതിനും കോഴിക്കോട് ഐ.ഐ.എം. നടത്തിയ പഠന റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; പ്രസ്തുത റിപ്പോർട്ടിലെ പ്രധാന ശിപാർശകൾ എന്തൊക്കെയാണ്;

(ബി) പ്രസ്തുത ശിപാർശകൾ നടപ്പിലാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(സി) ഔഷധി നിർമ്മിക്കുന്ന മരുന്നുകൾ സർക്കാർ ആയുർവേദ ആശുപത്രികൾ, ഡിസ്പെൻസറികൾ, ഔഷധ ഏജൻസികൾ എന്നിവയ്ക്ക് കഴിഞ്ഞ രണ്ടു മാസമായി നൽകുന്നില്ല എന്നത് വസ്തുതയാണോ; എങ്കിൽ അതിന് കാരണമെന്താണ്;

(ഡി) ഔഷധി നിർമ്മിക്കുന്ന മരുന്നുകൾ ആയുർവേദ ആശുപത്രികളിലും ഡിസ്പെൻസറികളിലും അടിയന്തരമായി എത്തിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ലഭിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിലെ പ്രധാനപ്പെട്ട ശിപാർശയുടെ ചുരുക്കം അനുബന്ധമായി ചേർത്തിരിക്കുന്നു.+

(ബി) വിശദമായ ചർച്ചകൾക്കുശേഷം ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

(സി) വസ്തുതയല്ല. മരുന്നുകൾ യഥാസമയം നൽകിവരുന്നു.

(ഡി) ഓർഡറുകൾ ലഭിക്കുന്നതിനനുസരിച്ച് സമയബന്ധിതമായി മരുന്നുകൾ എത്തിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നുണ്ട്.

+ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## പേരാമ്പ്ര ആയുർവേദ ആശുപത്രിയുടെ വികസനം

270(3569) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട കൊടകര പഞ്ചായത്തിലെ പേരാമ്പ്ര ആയുർവ്വേദ ആശുപത്രിയുടെ വികസനം സംബന്ധിച്ച അപേക്ഷയിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ സ്വീകരിച്ച നടപടികൾ ഏത് ഘട്ടത്തിലാണ് എന്ന് അറിയിക്കുമോ;

(സി) പ്രസ്തുത ആശുപത്രിയുടെ വികസനത്തിനായി അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി&സി) സർക്കാരിന്റെ 17-4-2017-ലെ സ.ഉ.(സാധാ.)നമ്പർ 155/2017/ ആയുഷ് ഉത്തരവ് പ്രകാരം ചാലക്കുടി നിയോജക മണ്ഡലം എം.എൽ.എ. ശ്രീ. ബി. ഡി. ദേവസ്സി അവർകളുടെ 2016-17 വർഷത്തെ ആസ്തി വികസന പദ്ധതിയിലുൾപ്പെടുത്തി അനുവദിച്ച 100 ലക്ഷം രൂപ ഉപയോഗിച്ച് പുതിയ കെട്ടിടം പണിയുന്നതിനായി, നിലവിലുള്ള പഴയ കെട്ടിടം പൊളിച്ചുമാറ്റുന്നതിനുള്ള സർവ്വേ റിപ്പോർട്ട് തയ്യാറാക്കുവാൻ ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിനും സ്ഥലം സജ്ജമാക്കുന്നമുറയ്ക്ക് പുതിയ കെട്ടിടം പണിയുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് പി.ഡബ്ല്യു.ഡി. എക്സിക്യൂട്ടീവ് എഞ്ചിനീയർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

## ഏകദിന വസതി

271(3570) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലസ്ഥാന നഗരത്തിൽ തനിച്ചെത്തുന്ന സ്ത്രീകൾക്ക് സുരക്ഷിതമായ താമസസൗകര്യം ഒരുക്കുന്നതിനായി ഏകദിന വസതി സ്ഥാപിക്കുവാൻ ഉദ്ദേശ്യമുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(ബി) ഈ പദ്ധതി എല്ലാ ജില്ലകളിലും നടപ്പിലാക്കുന്നതിനെക്കുറിച്ച് ആലോചിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

തലസ്ഥാന നഗരത്തിൽ തനിച്ചെത്തുന്ന സ്ത്രീകൾ/പെൺകുട്ടികൾ എന്നിവർക്ക് സുരക്ഷിതമായ താമസസൗകര്യം, ഭക്ഷണം എന്നിവ കുറഞ്ഞ നിരക്കിൽ നൽകുക എന്ന ലക്ഷ്യത്തോടെ വിഭാവനം ചെയ്തിരിക്കുന്ന ഒരു പദ്ധതിയാണ് വൺ ഡേ ഹോമുകൾ. തിരുവനന്തപുരം നഗരസഭയുടെയും സാമൂഹ്യനീതി വകുപ്പിന്റെയും പങ്കാളിത്തത്തോടെ നടപ്പിലാക്കുന്ന പദ്ധതിയാണിത്. തിരുവനന്തപുരം കെ.എസ്.ആർ.ടി.സി ബസ് ടെർമിനൽ കെട്ടിട സമുച്ചയത്തിലെ 8-ാം നിലയിലായി ഉടൻ തന്നെ വൺഡേ ഹോം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) തിരുവനന്തപുരം നഗരത്തിൽ പൈലറ്റടിസ്ഥാനത്തിൽ നടപ്പിലാക്കുന്ന ഈ പദ്ധതി ഉദ്ദേശലക്ഷ്യം കൈവരിക്കുന്നമുറയ്ക്ക് മറ്റ് ജില്ലകളിൽ കൂടി നടപ്പിലാക്കുന്നത് പരിശോധിക്കുന്നതാണ്.

## ദേശീയ വനിതാ ശാക്തീകരണ മിഷന്റെ സഹായത്തോടെയുള്ള പദ്ധതികൾ

272(3571) <u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ വനിതാ ശാക്തീകരണ മിഷന്റെ സഹായത്തോടെ എന്തൊക്കെ പരിപാടികളാണ് സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നത് എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത മിഷന്റെ പദ്ധതികൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് വനിതകൾക്കായുള്ള റിസോഴ്സ് സെന്റർ രൂപീകൃതമായിട്ടുണ്ടോ; ഈ പദ്ധതികൾ നടപ്പിലാക്കുന്നതിന് ഏതെങ്കിലും സ്ഥാപനത്തെ ചുമതലപ്പെടുത്തിയിട്ടുണ്ടോയെന്നും എന്തൊക്കെ പ്രവർത്തനങ്ങൾ നാളിതുവരെ നടത്തിയതെന്നും വ്യകതമാക്കുമോ?

<u>ഉത്തരം</u>

(എ) ദേശീയ വനിതാ ശാക്തീകരണ മിഷന്റെ സഹായത്തോടെ സ്റ്റേറ്റ് വനിതാ ശാക്തീകരണ സെന്റർ (SRCW) സ്ഥാപിക്കുന്നതിനായി കുടുംബശ്രീയെ ഏൽപ്പിച്ചിട്ടുണ്ട്. ഇതിനായി കേന്ദ്ര വനിതാ ശിശു ക്ഷേമ വകുപ്പ് അനുവദിച്ച 16.38 ലക്ഷം രൂപ 2235-02-103-76 (പ്ലാൻ) ശീർഷകത്തിൽനിന്ന് കുടുംബശ്രീക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്.

(ബി) വനിതാ ശാക്തീകരണ സെന്ററുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ കുടുംബശ്രീവഴി നടന്നുവരുന്നു. സെന്ററിന്റെ ഉദ്ഘാടനം സെപ്റ്റംബർ 13-ന് നിശ്ചയിച്ചിട്ടുണ്ട്.

## വനിതാ കമ്മീഷന്റെ പ്രവർത്തനങ്ങൾ

273(3572) ശ്രീമതി വീണാ ജോർജ്ജ്:
ശ്രീ. കെ. ബാബു:
ശ്രീ. കാരാട്ട് റസാഖ്:
ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വനിതകൾ നേരിടുന്ന വിവിധ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് വനിതാ കമ്മീഷൻ എന്തെല്ലാം ഇടപെടലുകളാണ് നടത്തുന്നത്;

(ബി) ഗാർഹിക പീഡനത്തിനും മറ്റ് അതിക്രമങ്ങൾക്കും വിധേയരായ സ്ത്രീകളെ താൽക്കാലികമായി താമസിപ്പിക്കുന്നതിനായി കമ്മീഷനുകീഴിൽ ഷോർട്ട് സ്റ്റേ ഹോം പ്രവർത്തിക്കുന്നുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(സി) വിദ്യാർത്ഥികളെ ബോധവൽക്കരിക്കുന്നതിനായി എല്ലാ ജില്ലകളിലും സ്കൂൾ കോളേജ് തലങ്ങളിൽ 'കലാലയ ജ്യോതി' എന്ന പരിപാടി സംഘടിപ്പിച്ച് വരുന്നുണ്ടോ; വിശദമാക്കുമോ;

(ഡി) വനിതാ കമ്മീഷൻ എല്ലാ ജില്ലകളിലും വിവാഹപൂർവ്വ ശിൽപ്പശാല നടത്തി വരുന്നുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) കേരളത്തിലെ സ്ത്രീകളുടെ പദവി ഉയർത്തുന്നതിനും അവർക്കെതിരെ ഉണ്ടാകുന്ന നീതിരഹിതവും വിവേചനപരവുമായ നടപടികളിൽ ആവശ്യമായ അന്വേഷണം നടത്തി അവയ്ക്ക് പരിഹാരം കാണുന്നതിനും വേണ്ടനടപടികൾ സ്വീകരിക്കുവാൻ ബന്ധപ്പെട്ട അധികാരികൾക്ക് ആവശ്യമായ ശിപാർശകൾ നൽകുകയാണ് കമ്മീഷന്റെ മുഖ്യചുമതല. കൂടാതെ നിലവിലുള്ള നിയമങ്ങളിലെ പഴുതുകൾ, അപര്യാപ്തകൾ എന്നിവയെക്കുറിച്ചും അവ പരിഹരിക്കുന്നതിന് സ്വീകരിക്കേണ്ട നിവാരണ നിയമനിർമ്മാണ നടപടികളെക്കുറിച്ചും വാർഷിക റിപ്പോർട്ട് സമർപ്പിക്കുക, സ്ത്രീ സംരക്ഷണ നിയമങ്ങൾ ഏതെങ്കിലും പ്രദേശങ്ങളിൽ വേണ്ടത്ര ഫലപ്രദമായിട്ടില്ല. അല്ലെങ്കിൽ പ്രവർത്തനക്ഷമമാക്കിയിട്ടില്ല എന്ന് തിരിച്ചറിയുന്നതിനായി ഈ നിയമങ്ങളുടെ പ്രവർത്തനം പരിശോധിക്കുകയും ആവശ്യമായ നിയമനിർമ്മാണ ശിപാർശകൾ സമർപ്പിക്കുക, സ്ത്രീകൾക്കെതിരെ നീതിരഹിത നടപടികൾ നടത്തുന്നതിനായി പരാതി ലഭിച്ചിട്ടുള്ള ജയിലുകളോ, പോലീസ് സ്റ്റേഷനുകളോ, ലോക്കപ്പുകളോ, സബ് ജയിലുകളോ, റെസ്ക്യൂ ഹോമുകളോ

അല്ലെങ്കിൽ സ്ത്രീകൾക്ക് അഭയമോ, സംരക്ഷണമോ നൽകുന്ന മറ്റ് സ്ഥലങ്ങളോ, ഡയറക്ടറോ കമ്മീഷൻ അധികാരപ്പെടുത്തുന്ന കമ്മീഷനിലെ ഏതെങ്കിലും ഉദ്യോഗസ്ഥനോ പരിശോധിക്കുകയും ഈ സ്ഥലങ്ങളിൽ സ്ത്രീകൾക്ക് ലഭിക്കുന്ന പരിചരണത്തെ സംബന്ധിച്ച് അന്വേഷണം നടത്തി നിവാരണ നടപടി സ്വീകരിക്കുന്നതിനായി റിപ്പോർട്ട് നൽകുക, ഏതെങ്കിലും പബ്ലിക് സർവന്റ്, സ്ത്രീകളുടെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിൽ ഗുരുതരമായ ഉപേക്ഷയോ, ഉദാസീനതയോ കാണിച്ചുവെന്ന് കമ്മീഷന് ബോദ്ധ്യപ്പെട്ടാൽ ബന്ധപ്പെട്ട അധികാരസ്ഥാനത്തോട് അച്ചടക്ക നടപടി സ്വീകരിക്കാൻ ശിപാർശ ചെയ്യുക, സ്ത്രീകളുടെ സ്ഥിതി മെച്ചപ്പെടുത്തുന്നതിന് സ്വീകരിക്കേണ്ടതും നടപ്പിലാക്കേണ്ടതുമായ സാമൂഹ്യക്ഷേമ പരിപാടികളെക്കുറിച്ച് ശിപാർശ ചെയ്യുക, ഒരു വലിയ വിഭാഗം സ്ത്രീകളെ ബാധിക്കുന്ന പ്രശ്നങ്ങൾ ഉൾക്കൊള്ളുന്ന വ്യവഹാരം നടത്തുവാൻ ധനസഹായം നൽകുക, സ്ത്രീകളെ സംബന്ധിക്കുന്ന ഏതൊരു കാര്യത്തേയും പ്രത്യേകിച്ച് സ്ത്രീകൾ അദ്ധ്വാനിക്കുന്നത് ഏതെല്ലാം വിവിധ പ്രയാസങ്ങളുടെ കീഴിലാണോ അവ സംബന്ധിച്ച് സർക്കാരിലേയ്ക്ക് ആനുകാലിക റിപ്പോർട്ട് നൽകുക. കൂടാതെ കമ്മീഷന് ലഭിക്കുന്ന പരാതികൾ തീർപ്പാക്കുന്നതിന് ജില്ലകൾതോറും അദാലത്തുകളും മെഗാ അദാലത്തുകളും സംഘടിപ്പിക്കുക തുടങ്ങിയവയാണ് വനിതാ കമ്മീഷന്റെ മറ്റ് ചുമതലകൾ.

(ബി) ഉണ്ട്. ഇതിനായി കമ്മീഷന്റെ കീഴിൽ ഷോർട്ട് സ്റ്റേ ഹോം തിരുവനന്തപുരത്ത് ഒരു വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നു.

(സി) ഉണ്ട്. 2016-17 വർഷം 309 കലാലയ ജ്യോതി പരിപാടികൾ നടത്തി. സമൂഹത്തിൽ വരുന്ന മാറ്റങ്ങളുടെ ഫലമായി ഇന്നത്തെ യുവതലമുറ അഭിമുഖീകരിക്കുന്ന പ്രതിസന്ധികളിൽനിന്നും ഇവരെ രക്ഷിക്കുന്നതിനുള്ള വനിതാ കമ്മീഷന്റെ ബോധവൽക്കരണ പരിപാടിയാണ് കലാലയജ്യോതി. വിദ്യാർത്ഥികളെ സാമൂഹിക വിപത്തുകളായ മദ്യം, മയക്കുമരുന്ന്, സ്ത്രീധനം ഇവയ്ക്കെതിരെ പൊരുതുവാനും സുരക്ഷിതമായ ജീവിതം നയിക്കുവാനും പ്രേരണ നൽകുന്ന ഈ പരിപാടി ഹയർ സെക്കന്ററി സ്കൂളുകളിലും കോളേജുകളിലുമാണ് നടത്തുന്നത്. ഇന്നത്തെ സമൂഹത്തിൽ സ്ത്രീകൾ നേരിടുന്ന വെല്ലുവിളികൾ, മൊബൈൽ ഫോണിന്റെ ദുരുപയോഗം, സൈബർ രംഗത്തെ ചതിക്കുഴികൾ, വിവാഹ നിയമങ്ങൾ, ഗാർഹിക പീഡന നിരോധന നിയമം തുടങ്ങി സ്ത്രീ സുരക്ഷ സംബന്ധിച്ച വിവിധ വിഷയങ്ങൾ പ്രസ്തുത ബോധവൽക്കരണ പരിപാടിയുടെ ഭാഗമാണ്.

(ഡി) ഉണ്ട്. 2016-17 വർഷം നടത്തിയ പ്രീമാരിറ്റൽ കൗൺസിലിംഗ് പരിപാടികളുടെ എണ്ണം-27

കേരളത്തിൽ വർദ്ധിച്ചുവരുന്ന വിവാഹമോചനങ്ങൾ, വിവാഹേതര ബന്ധങ്ങൾ, ശിഥിലമാകുന്ന കുടുംബ ബന്ധങ്ങൾ എന്നിവയുടെ പശ്ചാത്തലത്തിലാണ് കേരള വനിതാ കമ്മീഷൻ വിവാഹിതരാകുവാൻ തയ്യാറെടുക്കുന്ന യുവതീയുവാക്കൾക്ക് വിവാഹ പൂർവ്വ വിദ്യാഭ്യാസം നൽകി വരുന്നത്. വിവാഹ ജീവിതത്തിലേയ്ക്ക് പ്രവേശിക്കുന്നതിനുമുമ്പ് വിവാഹം, കുടുംബജീവിതം, ദമ്പതികൾ തമ്മിലുള്ള ആശയവിനിമയം, മാനസിക ആരോഗ്യം, പ്രജനന ആരോഗ്യം, കുട്ടികളുടെ പരിചരണം തുടങ്ങി ഒട്ടേറെ വിഷയങ്ങളെക്കുറിച്ചുള്ള അവബോധം യുവതീയുവാക്കൾക്ക് നൽകുന്നതിനായി വനിതാ കമ്മീഷൻ വിവാഹ പൂർവ്വ വിദ്യാഭ്യാസ പരിപാടി നടത്തി വരുന്നു.

**ആശ്വാസകിരണം പദ്ധതി**

274(3573) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആശ്വാസകിരണം പദ്ധതിയനുസരിച്ച് നിലവിൽ എത്ര പേർക്ക് ധനസഹായം നൽകുന്നുണ്ടെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതിയനുസരിച്ച് ലഭിച്ച അപേക്ഷകളിൽ എത്രയെണ്ണമാണ് തീർപ്പ് കല്പിക്കാൻ ബാക്കിയുള്ളത് ; ജില്ലതിരിച്ചുള്ള വിശദാംശം ലഭ്യമാക്കാമോ; ബാക്കിയുള്ള അപേക്ഷകളിൽ എപ്പോൾ തീർപ്പുകല്പിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ആശ്വാസകിരണം പദ്ധതിക്ക് നിലവിൽ 90251 ഗുണഭോക്താക്കളുണ്ട്.

(ബി) വിശദവിവരം താഴെ കൊടുക്കുന്നു:

| ക്രമ നമ്പർ | ജില്ല | തീർപ്പാക്കാനുള്ള അപേക്ഷകളുടെ എണ്ണം |
|---|---|---|
| (1) | (2) | (3) |
| 1 | തിരുവനന്തപുരം | 1580 |
| 2 | കൊല്ലം | 800 |
| 3 | പത്തനംതിട്ട | 252 |

| (1) | (2) | (3) |
|---|---|---|
| 4 | ആലപ്പുഴ | 500 |
| 5 | ഇടുക്കി | 200 |
| 6 | എറണാകുളം | 376 |
| 7 | കോട്ടയം | 253 |
| 8 | പാലക്കാട് | 382 |
| 9 | തൃശ്ശൂർ | 350 |
| 10 | മലപ്പുറം | 861 |
| 11 | കോഴിക്കോട് | 849 |
| 12 | വയനാട് | 181 |
| 13 | കണ്ണൂർ | 505 |
| 14 | കാസർഗോഡ് | 289 |
| | **ആകെ** | **7378** |

മേൽഅപേക്ഷകൾ പരിശോധിച്ച് 2017 നവംബർ 15-നകം ധനസഹായം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**വികലാംഗ ക്ഷേമ കോർപ്പറേഷന്റെ ജാമ്യവ്യവസ്ഥകൾ**

275(3574) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. കെ. മുരളീധരൻ:
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ പദ്ധതികളിൽ വായ്പ അനുവദിക്കുന്നതിനുള്ള വികലാംഗ ക്ഷേമ കോർപ്പറേഷന്റെ ജാമ്യവ്യവസ്ഥകൾ ഭിന്നശേഷിക്കാർക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നതാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ജാമ്യവ്യവസ്ഥകൾ ലഘൂകരിച്ച് ഭിന്നശേഷിക്കാരുടെ ബുദ്ധിമുട്ട് ലഘൂകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ജാമ്യവ്യവസ്ഥകൾ പരമാവധി ലഘൂകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

## സോഷ്യൽ സെക്യൂരിറ്റി മിഷൻ

276(3575) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സോഷ്യൽ സെക്യൂരിറ്റി മിഷൻവഴി നൽകുന്ന സഹായങ്ങൾ വിതരണം ചെയ്യാൻ മാസങ്ങളായി കാലതാമസം ഉണ്ടാകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവ സമയബന്ധിതമായി നൽകാൻ നടപടി സ്വീകരിക്കുമോ ; വ്യക്തമാക്കാമോ?

### ഉത്തരം

(എ) കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന സഹായങ്ങൾ വിതരണം ചെയ്യുന്ന പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കിയും നൂതനമായ പദ്ധതികൾ ആരംഭിച്ച് നടപ്പിലാക്കിയും വരുന്നു. കേരള സാമൂഹ്യ സുരക്ഷാ മിഷൻ നടപ്പിലാക്കി വരുന്ന പതിനെട്ടോളം പദ്ധതികളിൽ ആശ്വാസകിരണം പദ്ധതിയിൽമാത്രം ഗുണഭോക്താക്കളുടെ എണ്ണം ഗണ്യമായി വർദ്ധിച്ചതിനാൽ ചെറിയ രീതിയിൽ കാലതാമസം നേരിട്ടിരുന്നു. 2015-16 സാമ്പത്തിക വർഷത്തിൽ 66447 ഗുണഭോക്താക്കൾക്ക് 4508.33 ലക്ഷം രൂപ ധനസഹായമായി വിതരണം ചെയ്തിരുന്നു. എന്നാൽ 2016-17 സാമ്പത്തിക വർഷത്തിൽ ഗുണഭോക്താക്കളുടെ എണ്ണം ഗണ്യമായി വർദ്ധിക്കുകയും 90,251 പേർക്ക് 8270.52 ലക്ഷം രൂപ വിതരണം ചെയ്യേണ്ട സാഹചര്യവുമുണ്ടായി. അതിനാൽ മുൻ വർഷത്തെക്കാളും 76 ശതമാനം അധികമായി തുക ആവശ്യമായി വന്നു. 2016-17 സാമ്പത്തിക വർഷത്തിൽ 4700 ലക്ഷം രൂപയാണ് ബജറ്റ് വിഹിതമായി ഉണ്ടായിരുന്നത്. എന്നാൽ ബജറ്റ് വിഹിതത്തെക്കാളും അധികമായി 3570.52 ലക്ഷം രൂപ ലഭ്യമാക്കേണ്ടി വന്ന സാഹചര്യത്തിൽ കുറച്ച് കാലതാമസം നേരിടേണ്ടി വന്നിരുന്നു.

(ബി) കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന ധനസഹായം വിതരണം ചെയ്യാൻ കാലതാമസമുണ്ടാകുന്ന പദ്ധതികളിൽ സമയബന്ധിതമായി നൽകാൻ സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു:

#### ആശ്വാസകിരണം പദ്ധതി

'ആശ്വാസകിരണം' പദ്ധതി പ്രകാരം യഥാസമയം ധനസഹായം ലഭിക്കുന്നില്ലെന്നുള്ള ഗുണഭോക്താക്കളുടെ പരാതികൾ ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് 2011 മുതൽ 2016 ആഗസ്റ്റ് 15 വരെ കെട്ടിക്കിടന്ന അപേക്ഷകൾ പരിഗണിച്ച് 90251 പേർക്ക് 2016 മാർച്ച് മുതൽ 2017 മാർച്ച് വരെ 67,83,79,799 രൂപ വിതരണം ചെയ്തിട്ടുണ്ട്. 2012, 2013, 2014-വർഷങ്ങളിൽ അപേക്ഷിച്ചിട്ടുള്ളതും തുടർന്ന് ധനസഹായം നൽകാതിരുന്നതുമായ അപേക്ഷകരുടെ പരാതികൾ ലഭിച്ചുവരുന്നത് സമയബന്ധിതമായി തീർപ്പാക്കി അർഹരായവർക്ക് ധനസഹായം നൽകുന്നതിനുള്ള സത്വരനടപടികൾ കേരള സാമൂഹ്യ സുരക്ഷാ മിഷൻ സ്വീകരിച്ചുവരികയാണ്.

## ഷെൽട്ടർ ഹോം പദ്ധതി

277(3576) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യാചകർക്കുവേണ്ടി കഴിഞ്ഞ സർക്കാർ പ്രഖ്യാപിച്ച ഷെൽട്ടർ ഹോം പദ്ധതി എവിടെയെല്ലാം നടപ്പാക്കിയിട്ടുണ്ട്; വിശദമാക്കാമോ;

(ബി) യാചകരുടേയും നാടോടികളുടേയും പുനരധിവാസത്തിനായി ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ;

(സി) മലപ്പുറത്ത് സ്ഥാപിക്കുമെന്ന് പ്രഖ്യാപിച്ച ഷെൽട്ടർ ഹോമിനായി നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

ഉത്തരം

(എ) യാചകർക്കുവേണ്ടി സാമൂഹ്യനീതി വകുപ്പ് വഴി ഷെൽട്ടർ ഹോം പദ്ധതി നടപ്പിലാക്കിയിട്ടില്ല.

(ബി) സംസ്ഥാനത്ത് യാചകരുടെ പുനരധിവാസത്തിനായി 13 യാചക മന്ദിരങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഗ്രാന്റിന് അർഹതയുള്ള യാചക മന്ദിരങ്ങളിൽ താമസിക്കുന്ന അന്തേവാസിക്ക് പ്രതിമാസം 1,000 രൂപ നിരക്കിൽ ഗ്രാന്റ് നൽകി വരുന്നു. നിരാലംബരായ സ്ത്രീകൾക്കും കുട്ടികൾക്കും രാത്രികാലങ്ങളിൽ സുരക്ഷിതമായി തങ്ങുവാൻ ഒരു രാത്രികാല അഭയകേന്ദ്രം എന്ന ആശയത്തിൽ വിഭാവനം ചെയ്ത 'എന്റെ കൂട്' പദ്ധതി തിരുവനന്തപുരം ജില്ലയിൽ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) മലപ്പുറം ജില്ലയിൽ സാമൂഹ്യനീതി വകുപ്പ് ഷെൽട്ടർ ഹോം ആരംഭിച്ചിട്ടില്ല.

## സാമൂഹ്യനീതി വകുപ്പ് മുഖേനയുള്ള സഹായ പദ്ധതികൾ

278(3577) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിടപ്പ് രോഗികൾക്കും അവരെ പരിചരിക്കുന്നവർക്കും സാമൂഹ്യനീതി വകുപ്പ് മുഖേന എന്തൊക്കെ സഹായ പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) കിടപ്പ് രോഗികൾക്കും അവരെ പരിചരിക്കുന്നവർക്കും പ്രതിമാസം നൽകുന്ന സഹായധനം വർദ്ധിപ്പിക്കാൻ നടപടികൾ ഉണ്ടാകുമോ;

(സി) ഇപ്പോൾ നൽകുന്ന സഹായധനം മുടങ്ങിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) കിടപ്പുരോഗികളെ പരിചരിക്കുന്നവർക്ക് സാമൂഹ്യ സുരക്ഷാമിഷൻ മുഖേന നടപ്പിലാക്കി വരുന്ന 'ആശ്വാസകിരണം' പദ്ധതി പ്രകാരം പ്രതിമാസം 600 രൂപ നിരക്കിൽ ധനസഹായം അനുവദിച്ചുവരുന്നു. വയോമിത്രം പദ്ധതി മുഖേന കിടപ്പുരോഗികൾക്കുവേണ്ടി പാലിയേറ്റീവ് കെയർ യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിലെത്തിയശേഷം 21-10-2016-ൽ ആശ്വാസകിരണം പദ്ധതി പ്രകാരം നൽകുന്ന ധനസഹായം 525 രൂപയിൽനിന്ന് 600 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

'ആശ്വാസകിരണം' പദ്ധതി പ്രകാരം യഥാസമയം ധനസഹായം ലഭിക്കുന്നില്ലെന്നുള്ള ഗുണഭോക്താക്കളുടെ പരാതികൾ ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് 2011 മുതൽ 2016 ആഗസ്റ്റ് 15 വരെ കെട്ടിക്കിടന്ന അപേക്ഷകൾ പരിഗണിച്ച് 90251 പേർക്ക് 2016 മാർച്ച് മുതൽ 2017 മാർച്ച് വരെ 67,83,79,799 രൂപ വിതരണം ചെയ്തിട്ടുണ്ട്. 2012, 2013,2014-വർഷങ്ങളിൽ അപേക്ഷിച്ചിട്ടുള്ളതും തുടർന്ന് ധനസഹായം നൽകാതിരുന്നതുമായ അപേക്ഷകരുടെ പരാതികൾ ലഭിച്ചു വരുന്നത് സമയബന്ധിതമായി തീർപ്പാക്കി അർഹരായവർക്ക് ധനസഹായം നൽകുന്നതിനുള്ള സത്വരനടപടികൾ കേരള സാമൂഹ്യ സുരക്ഷാ മിഷൻ സ്വീകരിച്ചു വരികയാണ്.

**സംസ്ഥാനത്ത് ഭിന്നലിംഗക്കാരുടെ ക്ഷേമത്തിനായുള്ള പദ്ധതികൾ**

279(3578) ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭിന്നലിംഗക്കാരുടെ ക്ഷേമത്തിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കി വരുന്നതെന്നറിയിക്കാമോ;

(ബി) ഈ സർക്കാരിന്റെ ആദ്യ ബജറ്റിൽ പാർശ്വവൽക്കരിക്കപ്പെട്ടവർക്കായി വകയിരുത്തിയ തുകയിൽനിന്നും ഭിന്നലിംഗക്കാരുടെ ക്ഷേമത്തിനായി ചെലവഴിച്ച തുക എത്രയെന്നറിയിക്കാമോ; ഇത് ഏതെല്ലാം പദ്ധതികൾക്ക് വേണ്ടിയാണ് ചെലവഴിച്ചതെന്ന് വ്യക്തമാക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഭിന്നലിംഗനയം രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

ഉത്തരം

(എ) ട്രാൻസ്ജെൻഡർമാർക്കായി വിവിധ ക്ഷേമ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. ആയത് ചുവടെ ചേർക്കുന്നു:

ട്രാൻസ്ജെൻഡർമാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരുന്നു. ട്രാൻസ്ജെൻഡർമാർക്ക് തിരിച്ചറിയൽ കാർഡ് നൽകുന്ന പദ്ധതി 2017-18 സാമ്പത്തിക വർഷംമുതൽ നടപ്പിലാക്കി വരുന്നു. തിരുവനന്തപുരം ജില്ലയിൽ 20 പേർക്ക് തിരിച്ചറിയൽ കാർഡ് നൽകിയിട്ടുണ്ട്. മറ്റു ജില്ലകളിൽ ഇതിനായി പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു. സംസ്ഥാനത്ത് എല്ലാ ജില്ലകളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട 5 ട്രാൻസ്ജെൻഡർമാർക്ക് സ്വയം തൊഴിൽ കണ്ടെത്തി ഉപജീവനമാർഗ്ഗം കണ്ടെത്തുന്നതിന് ഡ്രൈവിംഗ് പരിശീലനത്തിനായി ഒരാൾക്ക് 8500 രൂപ വച്ച് ആകെ 5,95,000 രൂപ അനുവദിച്ച് ഉത്തരവായിട്ടുണ്ട്. ടി പദ്ധതി അതത് ജില്ലകളിലെ അംഗീകൃത ഡ്രൈവിംഗ് പരിശീലന ഏജൻസി മുഖാന്തരം പ്രാവർത്തികമാക്കുന്നതിന് എല്ലാ ജില്ലകൾക്കും ഫണ്ട് നൽകിയിട്ടുണ്ട്.

സംസ്ഥാന സാക്ഷരതാ മിഷൻ നൽകിയ പ്രോജക്ട് അനുസരിച്ച് സംസ്ഥാനത്ത് ട്രാൻസ്ജെൻഡർമാർക്കിടയിൽ സർവ്വേ നടത്തി, പഠനം പൂർത്തിയാക്കാൻ കഴിയാത്ത ട്രാൻസ്ജെൻഡർമാർക്ക് തുടർ വിദ്യാഭ്യാസം നൽകുന്ന പദ്ധതിയ്ക്ക് തുടക്കംകുറിക്കുന്നതിനായി സർവ്വേ ഇനത്തിൽ മാത്രം 2017-18 സാമ്പത്തിക വർഷത്തിൽ 4,50,000 രൂപ അനുവദിച്ചിട്ടുണ്ട്. ട്രാൻസ്ജെൻഡർ നയം നടപ്പാക്കുന്നതിന്റെ ഭാഗമായി അദ്ധ്യാപകർക്കും പോലീസ് ഉദ്യോഗസ്ഥർക്കും ആരോഗ്യവകുപ്പിനുമായി ജില്ലാതലത്തിൽ ബോധവത്ക്കരണ ശില്പശാല നടത്തുന്നു. എല്ലാ ജില്ലകളിലുമുള്ള ട്രാൻസ്ജെൻഡർമാർക്ക്, അവരുടെ അഭികാമ്യമായ തൊഴിൽ മേഖലയിൽ (ഫുഡ് ക്രാഫ്റ്റിംഗ്/കാറ്ററിംഗ്. കോസ്റ്റ്യൂം ഡിസൈനിംഗ്, ബ്യൂട്ടീഷ്യൻ കോഴ്സ്, ഡാൻസ്, ആഭരണ നിർമ്മാണം, തയ്യൽ പരിശീലനം തുടങ്ങിയവ) നൈപുണ്യ പരിശീലനം നേടുന്നതിനായി അവർക്ക് ആവശ്യമായ കോഴ്സ് ഫീ നൽകുന്നതിലേയ്ക്ക് എല്ലാ ജില്ലാ സാമൂഹ്യനീതി ഓഫീസർക്കും മുൻകൂർ ആയി 5 ലക്ഷം രൂപവീതം അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) 2016-17 സാമ്പത്തിക വർഷത്തിൽ ട്രാൻസ്ജെൻഡർമാരുൾപ്പെടെ പാർശ്വവൽക്കരിക്കപ്പെടുന്നവർക്കായി ആകെ 1725 ലക്ഷം രൂപയാണ് വകയിരുത്തിയിരുന്നത്. ഇതിൽനിന്ന് സംസ്ഥാനത്തെ ട്രാൻസ്ജെൻഡർ മാർക്കായി കൺസൾട്ടേഷൻ മീറ്റ് (17-10-2016-ൽ) സംഘടിപ്പിച്ചതിന് 44,796 രൂപ ചെലവഴിച്ചിട്ടുണ്ട്. 2016-17 അദ്ധ്യയന വർഷത്തിൽ ട്രാൻസ്ജെൻഡർമാരായ മൂന്ന് വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് ഇനത്തിൽ 50,000 രൂപ ചെലവഴിച്ചു. ആകെ 94,796 രൂപ മാത്രം ചെലവഴിച്ചിട്ടുണ്ട്.

(സി) ഇല്ല.

**തലശ്ശേരിയിലെ അനാഥമന്ദിരം**

280(3579) <u>ശ്രീ. എ. എൻ. ഷംസീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരിയിൽ അനാഥ മന്ദിരം പണിയുന്നതുമായി ബന്ധപ്പെട്ട പ്രവൃത്തിയുടെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) ഈ പദ്ധതിയുടെ പൂർത്തീകരണത്തിന് എന്തെല്ലാം തരത്തിലുള്ള നടപടികളാണ് ഇതുവരെ സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) തലശ്ശേരിയിൽ സാമൂഹ്യനീതി വകുപ്പിന്റെകീഴിൽ അനാഥമന്ദിരം പ്രവർത്തിക്കുന്നില്ല. എന്നാൽ 'ആഫ്റ്റർ കെയർ ഹോം (ബോയ്സ്)', 'മഹിളാമന്ദിരം' എന്നിവ പ്രവർത്തിക്കുന്നുണ്ട്. ഇതിൽ ആഫ്റ്റർ കെയർ ഹോമിന്റെ ഷെഡ്യൂൾ പ്രകാരമുള്ള പ്രവൃത്തികളും മഹിളാ മന്ദിരത്തിന്റെ 40% പ്രവൃത്തികളും SIDCO പൂർത്തീകരിച്ചിട്ടുണ്ട്. മഹിളാ മന്ദിരത്തിന്റെ പ്രവൃത്തികൾ പുനരാരംഭിക്കുവാൻ SIDCO-യ്ക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. മുകൾനിലയുടെ ബാക്കി പണികൾ പി.ഡബ്ല്യൂ.ഡി. ആരംഭിച്ചിട്ടുണ്ട്.

**അങ്കണവാടികളുടെ ശോചനീയാവസ്ഥ**

281(3580) <u>ശ്രീ. എം. ഉമ്മർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അങ്കണവാടികളുടെ ശോചനീയാവസ്ഥ സംബന്ധിച്ച് വിശദമായ പഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) എങ്കിൽ ശോചനീയാവസ്ഥ പരിഹരിക്കുന്നതിന് എന്തെല്ലാം മാർഗ്ഗങ്ങളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ & ബി) സംസ്ഥാനത്തെ അങ്കണവാടികളുടെ ഇപ്പോഴുള്ള അവസ്ഥ സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചിട്ടുണ്ട്. പ്രസ്തുത വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| | |
|---|---|
| ആകെ അങ്കണവാടികൾ | 33115 |
| സ്വന്തം കെട്ടിടമുള്ളവ | 22998 |
| വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നത് | 6940 |
| ടോയ്‌ലെറ്റ് ഉള്ളവ | 31837 |
| കുടിവെള്ള സൗകര്യമുള്ളവ | 24395 |
| വൈദ്യുതീകരിച്ചിട്ടുള്ളവ | 25009 |
| ഗ്യാസ് കണക്ഷനുള്ളവ | 30018 |

അങ്കണവാടികൾക്ക് ഭൂമി കണ്ടെത്തുന്നതിന് ഉപേക്ഷിക്കപ്പെട്ട റോഡുകൾ, മറ്റു വകുപ്പുകളുടെ ഭൂമി, പുറമ്പോക്ക് ഭൂമി എന്നിവ കണ്ടെത്തി ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്ക് റിപ്പോർട്ട് ചെയ്യുന്നതിന് ശിശു വികസന പദ്ധതി ഓഫീസർമാർ, സൂപ്പർവൈസർമാർ, പ്രോഗ്രാം ഓഫീസർമാർ എന്നിവരുടെ യോഗം വിളിച്ചു ചേർത്ത് നിർദ്ദേശം നൽകുകയും ആയതിന്റെ പുരോഗതി ചീഫ് സെക്രട്ടറി നേരിട്ട് അവലോകനം ചെയ്യുന്നുമുണ്ട്. കുടിവെള്ളം, ടോയ്‌ലെറ്റ്, ഇലക്ട്രിസിറ്റി തുടങ്ങിയ സൗകര്യങ്ങൾ അങ്കണവാടികൾക്ക് ലഭ്യമാക്കുന്നതിന് ബന്ധപ്പെട്ട പഞ്ചായത്തുകളിൽ പ്രോജക്ട് വെച്ച് നടപ്പിലാക്കുന്നതിന് ഐ.സി.ഡി.എസ് സൂപ്പർവൈസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ നോൺ റോഡ് മെയിന്റനൻസ് ഫണ്ട് ഉപയോഗിച്ച് അങ്കണവാടികളുടെ സൗകര്യങ്ങൾ പരമാവധി മെച്ചപ്പെടുത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. സ്വന്തമായി സ്ഥലം ലഭ്യമായ അങ്കണവാടികൾക്ക് വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി കെട്ടിടം നിർമ്മിച്ചു വരുന്നു. 50.17 കോടി രൂപ അങ്കണവാടി അടിസ്ഥാന സൗകര്യ വികസനത്തിനായി ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

**വൃദ്ധസദനങ്ങളിലെ അന്തേവാസികളെ സംബന്ധിച്ച വിവരങ്ങൾ**

282(3581) <u>ശ്രീ.റോഷി അഗസ്റ്റിൻ:</u>
<u>ശ്രീ. പി. ജെ.ജോസഫ്:</u>
<u>ശ്രീ. സി. എഫ്. തോമസ് :</u>
<u>ഡോ. എൻ. ജയരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന വൃദ്ധസദനങ്ങളിലെ അന്തേവാസികളുടെ വ്യക്തമായ വിവരങ്ങൾ ലഭ്യമാണോ; വ്യക്തമാക്കുമോ;

(ബി) ഇവർക്ക് ആധാർകാർഡ് അടക്കമുള്ള തിരിച്ചറിയൽ രേഖകൾ നൽകുന്നതിനും എല്ലാവർക്കും അവ ഉറപ്പുവരുത്തുന്നതിനും നിലവിൽ എന്ത് ക്രമീകരണമാണ് ഏർപ്പെടുത്തിയിട്ടുള്ളത് എന്നറിയിക്കാമോ; വ്യക്തമാക്കുമോ;

(സി) ഇവർക്ക് സാമൂഹ്യ സുരക്ഷാ പെൻഷനുകൾ ഉറപ്പുവരുത്താൻ അടിയന്തര നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) സാമൂഹ്യനീതി വകുപ്പിന് കീഴിൽ സംസ്ഥാനത്ത് 16 വൃദ്ധസദനങ്ങൾ പ്രവർത്തിക്കുന്നു. ടി വൃദ്ധസദനങ്ങളിൽ ആകെ 844 പേർ താമസക്കാരായുണ്ട്. ഇവരെ സംബന്ധിച്ചുള്ള വ്യക്തമായ വിവരങ്ങൾ അതത് സ്ഥാപനങ്ങളിൽ സൂക്ഷിക്കുന്നുണ്ട്.

(ബി) ഗവൺമെന്റ് വൃദ്ധ സദനങ്ങളിലെ താമസക്കാർക്ക് ആധാർ എടുക്കുന്നതിനുള്ള നടപടി സ്വീകരിക്കാൻ സ്ഥാപന സൂപ്രണ്ടുമാർക്ക് വകുപ്പ് തലത്തിൽ നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് പ്രകാരം അക്ഷയ കേന്ദ്രങ്ങളുൾപ്പെടെയുള്ള സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് വൃദ്ധ സദനങ്ങളിലെ താമസക്കാർക്ക് ആധാർ ലഭ്യമാക്കുന്നതിനുള്ള നടപടി സ്ഥാപന സൂപ്രണ്ടുമാർ സ്വീകരിച്ചുവരുന്നു.

(സി) വൃദ്ധജനങ്ങൾക്ക് വാർദ്ധക്യകാല പെൻഷനുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന ലഭ്യമാകുന്നുണ്ട്. അർഹരായ ഇനിയും പെൻഷൻ ലഭിക്കാത്ത താമസക്കാർക്ക് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും പെൻഷൻ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കാൻ സ്ഥാപന സൂപ്രണ്ടുമാർക്ക് വകുപ്പുതലത്തിൽ നിർദ്ദേശം നൽകിയിട്ടുണ്ട്.

**അങ്കണവാടികളിലെ ധാന്യങ്ങളുടെയും പൂരക പോഷകങ്ങളുടെയും ഗുണനിലവാരം**

283(3582) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അങ്കണവാടികളിൽ ഉപയോഗിക്കുന്ന ധാന്യങ്ങളുടെയും പൂരക പോഷകങ്ങളുടെയും ഗുണനിലവാരം ഉറപ്പുവരുത്തിയിട്ടാണോ ഇവ വിതരണം ചെയ്യുന്നതെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ബി) ഇതിനായി ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) 6 മാസം മുതൽ 3 വയസ്സുവരെ പ്രായമുള്ള കുട്ടികൾക്ക് അമൃതം ന്യൂട്രിമിക്സും 3 മുതൽ 6 വയസ്സുവരെ പ്രായമുള്ളവർക്ക് പ്രഭാത ഭക്ഷണം, ഉച്ചഭക്ഷണം, വൈകുന്നേരത്തെ ഭക്ഷണവും, ഗർഭിണികൾക്കും പാലൂട്ടുന്ന അമ്മമാർക്കും ജനറൽ ഫീഡിംഗും ആണ് അങ്കണവാടിവഴി നൽകുന്നത്. കുടുംബശ്രീ യൂണിറ്റ്‌വഴി തയ്യാറാക്കുന്ന അമൃതം ന്യൂട്രിമിക്സ് വിതരണത്തിനു മുൻപ് സാമ്പിൾ കേന്ദ്ര വനിതാ ശിശു വികസന മന്ത്രാലയത്തിന്റെ കീഴിൽ ചെന്നൈയിൽ പ്രവർത്തിക്കുന്ന Quality Control Laboratory-യിൽ പരിശോധിക്കുന്നുണ്ട്. അമൃതം ന്യൂട്രിമിക്സ് FSSAI രജിസ്ട്രേഷനും മൂന്ന് ലെയർ പായ്ക്കറ്റും ഇതിന് ഉപയോഗിക്കുന്ന ഗോതമ്പ്, സോയ, കടല മുതലായവ Fair Average Quality (FAQ) നിലവാരം പുലർത്തുന്നുവെന്ന് ഉറപ്പാക്കുന്നുണ്ട്. കൂടാതെ അങ്കണവാടികളിൽ ധാന്യങ്ങൾ ശുചിത്വവും സുരക്ഷിതവുമായി സൂക്ഷിക്കുന്നതിന് പ്രത്യേക കണ്ടെയിനറുകളും അലമാരകളും സജ്ജീകരിച്ചിട്ടുണ്ട്. 3 മുതൽ 6 വയസ്സുവരെ പ്രായമുള്ള കുട്ടികൾക്കും ഗർഭിണികൾക്കും പാലൂട്ടുന്ന അമ്മമാർക്കും നൽകുന്ന ഭക്ഷണങ്ങൾക്ക് ഉപയോഗിക്കുന്ന ഭക്ഷ്യധാന്യങ്ങളുടെ Fair Average Quality (FAQ) ഉറപ്പാക്കുന്നുണ്ട്. ഭക്ഷ്യ ധാന്യങ്ങൾ പ്രധാനമായും വാങ്ങി വിതരണം നടത്തുന്നത് മാവേലി സ്റ്റോർ, നീതി സ്റ്റോർ മുതലായവ വഴിയാണ്. ഇവിടെ നിന്നും വാങ്ങുന്ന സാധനങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കിയശേഷം മാത്രം അങ്കണവാടിയിലെ ഉപയോഗത്തിന് വിതരണം നടത്തുവാൻ പാടുള്ളൂ എന്ന കർശന നിർദ്ദേശം ശിശു വികസന പദ്ധതി ഓഫീസർ, ഐ.സി.ഡി.എസ്. സൂപ്പർവൈസർ എന്നിവർക്ക് നൽകിയിട്ടുണ്ട്. ഫുഡ് കോർപ്പറേഷൻ ഓഫ് ഇൻഡ്യയിൽ നിന്നും ഏറ്റെടുക്കുന്ന അരിയുടെ ഗുണനിലവാരം പ്രോഗ്രാം ഓഫീസർ തലത്തിൽ പരിശോധന നടത്തി ഉറപ്പാക്കുന്നുണ്ട്. കൂടാതെ അങ്കണവാടി ജീവനക്കാർക്ക് Food Safety Act പ്രകാരമുള്ള മെഡിക്കൽ സർട്ടിഫിക്കറ്റും അതോടൊപ്പം എല്ലാ അങ്കണവാടികൾക്കും Food Safety Act പ്രകാരമുള്ള രജിസ്ട്രേഷനും ഉറപ്പാക്കുന്നുണ്ട്.

**ഭിന്നശേഷിക്കാർക്കായി വികലാംഗക്ഷേമ കോർപ്പറേഷന്റെ പദ്ധതികൾ**

284(3583) <u>ശ്രീ. ജോർജ് എം. തോമസ് :</u>

<u>ശ്രീ. സി. കെ. ഹരീന്ദ്രൻ :</u>

<u>ശ്രീ. എം. രാജഗോപാലൻ :</u>

<u>ശ്രീ. പി. ഉണ്ണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭിന്നശേഷിക്കാർക്കായി വികലാംഗ ക്ഷേമ കോർപ്പറേഷൻ

സ്വയംതൊഴിൽ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) തീവ്രവും അതിതീവ്രവുമായ വൈകല്യമുള്ള, എട്ട് വയസ്സിന് താഴെയുള്ള കുട്ടികളുടെ പേരിൽ സ്ഥിരനിക്ഷേപം നടത്തുന്നതിന് പദ്ധതിയുണ്ടോ; വിശദമാക്കുമോ;

(സി) ദേശീയ വികലാംഗ ധനകാര്യ വികസന കോർപ്പറേഷന്റെ വായ്പാ പദ്ധതി പ്രകാരം സ്വയംതൊഴിൽ/വിദ്യാഭ്യാസ വായ്പയായി എത്ര രൂപ അനുവദിച്ചിട്ടുണ്ടെന്നും ഈ പദ്ധതി പ്രകാരം വായ്പ എടുത്ത ബി.പി.എൽ. വിഭാഗത്തിന് വായ്പാ സബ്സിഡി നൽകിയിട്ടുണ്ടോ എന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ വഴി സ്വയംതൊഴിൽ സംരംഭങ്ങൾക്കായി ഭിന്നശേഷിക്കാർക്ക് രണ്ടുതരം വായ്പ അനുവദിച്ചുവരുന്നു.

1) <u>നാഷണൽ ഹാൻഡിക്യാപ്ഡ് ഫിനാൻസ് ആന്റ് ഡെവലപ്മെന്റ് കോർപ്പറേഷന്റെ വായ്പാ പദ്ധതി (എൻ.എഫ്.എച്ച്.ഡി.സി):</u>

ഈ പദ്ധതി പ്രകാരം 50,000 രൂപയ്ക്ക് മുകളിൽ അനുവദിക്കുന്ന ലോണിന്റെ 5 ശതമാനം എസ്.സി.എ. എന്ന നിലയ്ക്ക് കോർപ്പറേഷൻ നൽകുന്നു. 50,000 രൂപ വരെയുള്ള വായ്പയ്ക്ക് ഓർത്തോ വിഭാഗം, കാഴ്ച/കേൾവി വൈകല്യം എന്നിവർക്ക് യഥാക്രമം 5%, 4.5% പലിശയും (സ്ത്രീകൾക്ക് യഥാക്രമം 4%, 3.5%) ആണ്. 50,000 രൂപ മുതൽ 5 ലക്ഷം രൂപവരെ വായ്പയ്ക്ക് ഓർത്തോ വിഭാഗം, കാഴ്ച/കേൾവി വൈകല്യം എന്നിവർക്ക് യഥാക്രമം 6%, 5.5% പലിശയും (സ്ത്രീകൾക്ക് യഥാക്രമം 5%, 4.5%) ആണ്. 5 ലക്ഷം മുതൽ 15 ലക്ഷം രൂപ വരെ വായ്പയ്ക്ക് ഓർത്തോ വിഭാഗം, കാഴ്ച/കേൾവി വൈകല്യം എന്നിവർക്ക് യഥാക്രമം 7%, 6.5% പലിശയും (സ്ത്രീകൾക്ക് യഥാക്രമം 6%, 5.5%) ആണ്. 15 ലക്ഷം മുതൽ 25 ലക്ഷം രൂപവരെ വായ്പയ്ക്ക് ഓർത്തോ വിഭാഗം, കാഴ്ച/കേൾവി വൈകല്യം എന്നിവർക്ക് യഥാക്രമം 8%, 7.5% പലിശയും (സ്ത്രീകൾക്ക് യഥാക്രമം 7%, 6.5%) ആണ്. വായ്പാ തിരിച്ചടവ് കാലാവധി 5 വർഷമായി കോർപ്പറേഷൻ നിജപ്പെടുത്തിയിരിക്കുന്നു. ഈ പദ്ധതി പ്രകാരം നിലവിൽ പരമാവധി 25,00,000 രൂപ വരെ വായ്പ നൽകുന്നതാണ്.

2) <u>ബാങ്ക് വായ്പാ സബ്സിഡി പദ്ധതി:</u>

ഈ പദ്ധതിവഴി വിവിധ വിഭാഗത്തിൽപ്പെട്ട വൈകല്യമുള്ളവർക്ക് കോർപ്പറേഷൻ സംസ്ഥാനത്തെ വിവിധ വാണിജ്യ ബാങ്കുകളിലൂടെ വായ്പ ലഭ്യമാക്കി വരുന്നു. 20,000 രൂപ വരെ ലോൺ തുകയുടെ 50% (പരമാവധി 5,000 രൂപ) സബ്സിഡിയായും 20,001 മുതൽ 50,000 രൂപ വരെ ലോൺ തുകയുടെ 30% സബ്സിഡിയായും 50,001 മുതൽ 1,00,000 രൂപ വരെ ലോൺ തുകയുടെ 25% ( മിനിമം 15,000 രൂപ) സബ്സിഡിയായും ഒരു ലക്ഷം രൂപയ്ക്ക് മുകളിൽ ലോൺ തുകയുടെ 20% (പരമാവധി ഒരു ലക്ഷം രൂപ വരെ) സബ്സിഡിയായും നൽകുന്നു.

(ബി) തീവ്രവും അതിതീവ്രവുമായ വൈകല്യമുള്ള, പത്ത് വയസ്സിന് താഴെയുള്ള കുട്ടികളുടെ പേരിൽ 20,000 രൂപ സ്ഥിരനിക്ഷേപം നടത്തുന്ന പദ്ധതി കേരളസംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷനിൽ നിലവിലുണ്ട്. ഇത് സംബന്ധിച്ച നിലവിലുള്ള മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു:-

യോഗ്യത

i) ജന്മനാ 60 ശതമാനമോ അതിൽ കൂടുതലോ വൈകല്യമുള്ളവർ

ii) പ്രതിവർഷ കുടുംബ വരുമാനം 60,000 രൂപയിൽ താഴെ

iii) ഫണ്ട് റിലീസ്:18 വയസിനുശേഷമോ, അത്യാവശ്യ ഘട്ടങ്ങളിലോ.

അപേക്ഷാഫോറം കോർപ്പറേഷന്റെ വെബ് സൈറ്റിൽ നിന്നും ലഭ്യമാണ്. (www.hpwc.kerala.gov.in)

(സി) ദേശീയ വികലാംഗ ധനകാര്യ വികസന കോർപ്പറേഷന്റെ വായ്പാ പദ്ധതി പ്രകാരം സ്വയംതൊഴിൽ/വിദ്യാഭ്യാസ വായ്പക്കായി കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷൻവഴി 28.27 കോടി രൂപ നാളിതുവരെ അനുവദിച്ചിട്ടുണ്ട്. ഈ പദ്ധതി പ്രകാരം വായ്പ എടുത്ത ബി.പി.എൽ വിഭാഗത്തിന് മാനദണ്ഡങ്ങൾക്ക് വിധേയമായി വായ്പാ സബ്സിഡി നൽകിയിട്ടുണ്ട്.

**ബി.പി.എൽ. പട്ടിക**

285(3584) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ബി. പി. എൽ.പട്ടികയിൽ പുതുതായി ആളുകളെ ഉൾപ്പെടുത്തുമ്പോൾ ഇവരെ സ്റ്റേറ്റ് പൂളിൽ ഉൾപ്പെടുത്തുന്നതിനുപകരം അതത് ജില്ലകളിലെ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

മുൻഗണനാ പട്ടികയുടെ റാങ്കിംഗ് സംസ്ഥാന തലത്തിലാണ് നിശ്ചയിച്ചിട്ടുള്ളത്. ഇത് ജില്ലാതലത്തിലാക്കേണ്ട സാഹചര്യം നിലവിലില്ല.

**ബി.പി.എൽ. വിഭാഗത്തെ കണ്ടെത്താനുള്ള മാനദണ്ഡങ്ങൾ**

286(3585) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബി. പി. എൽ. വിഭാഗത്തെ കണ്ടെത്താനുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കാമോ;

(ബി) നിലവിൽ ബി. പി. എൽ. വിഭാഗത്തിൽപ്പെട്ടവരെ പുതിയ പട്ടികയിൽ എ. പി. എൽ വിഭാഗത്തിൽപ്പെടുത്തിയിരിക്കുന്നത് സംബന്ധിച്ച് ലഭിച്ച പരാതികളിൻമേൽ സ്വീകരിച്ച നടപടികളുടെ വിശദവിവരം ലഭ്യമാക്കുമോ;

(സി) ഇത്തരത്തിൽ ലഭിച്ച പരാതികളുടെ വിശദവിവരം ലഭ്യമാക്കുമോ; ജില്ല തിരിച്ചുള്ള കണക്ക് എത്രയെന്നും അതിൽ എത്രയെണ്ണം പരിഹരിച്ചു എന്നും അറിയിക്കുമോ;

(ഡി) കോട്ടയ്ക്കൽ നിയോജക മണ്ഡലത്തിൽനിന്ന് എത്ര പരാതികൾ ലഭിച്ചുവെന്നും അവയിന്മേൽ സ്വീകരിച്ച നടപടി വിവരങ്ങളും വ്യക്തമാക്കുമോ?

ഉത്തരം

(എ) 14-1-2011-ലെ സ.ഉ.(കൈ) നമ്പർ 16/2011/ത.സ്വ.ഭ.വ, 27-4-2012-ലെ സ.ഉ.(കൈ) നമ്പർ112/2012/ത.സ്വ.ഭ.വ എന്നീ ഉത്തരവുകൾ പ്രകാരം തയ്യാറാക്കിയ മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കിയാണ് ബി.പി.എൽ. വിഭാഗത്തെ കണ്ടെത്തുന്നത്.

(ബി & സി) മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടാത്ത മുൻബി.പി.എൽ കാർഡുടമകളിൽനിന്നും ലഭ്യമായ പരാതികളിന്മേൽ തുടർനടപടികൾ സ്വീകരിച്ചു വരുന്നു. ലഭ്യമായ പരാതികളുടെ ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| തിരുവനന്തപുരം | - | 57,409 |
| കൊല്ലം | - | 80,797 |
| ആലപ്പുഴ | - | 1,24,462 |
| പത്തനംതിട്ട | - | 15,796 |
| കോട്ടയം | - | 41,391 |
| ഇടുക്കി | - | 7,963 |

| | | |
|---|---|---|
| എറണാകുളം | - | 33,473 |
| തൃശ്ശൂർ | - | 64,314 |
| പാലക്കാട് | - | 39,393 |
| മലപ്പുറം | - | 62,608 |
| കോഴിക്കോട് | - | 35,582 |
| വയനാട് | - | 10,500 |
| കണ്ണൂർ | - | 23,243 |
| കാസർഗോഡ് | - | 15,580 |
| ആകെ | - | 6,12,511 |

(ഡി) മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിനായി കോട്ടയ്ക്കൽ നിയോജക മണ്ഡലത്തിൽ ലഭിച്ച 737 പരാതികളിന്മേൽ നടപടി സ്വീകരിച്ചു വരുന്നു.

**ജി. എസ്. ടി. വന്നതിനുശേഷം വിലവർദ്ധന**

287(3586) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജി.എസ്.ടി. നിലവിൽ വന്നതിനുശേഷം അവശ്യസാധനങ്ങളുടെയും ഹോട്ടൽ ഭക്ഷണങ്ങളുടെയും വില വർദ്ധിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ, വില നിയന്ത്രിക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) നേരിയ വിലവർദ്ധനവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പൊതുവിപണിയിലെ അവശ്യവസ്തുക്കളുടെ വില വർദ്ധനവ് നിയന്ത്രിക്കുന്നതിന് സപ്ലൈകോവഴി 13 ഇനം അവശ്യസാധനങ്ങളും OMSS (Open Market Sale Scheme) പുഴക്കലരി, പച്ചരി, ആന്ധ്ര ഇതര ജയ അരി എന്നിവയും സബ്സിഡി നിരക്കിൽ വിതരണം ചെയ്തുവരുന്നു. കൂടാതെ 28 ഇനം അവശ്യ സാധനങ്ങൾ പൊതുവിപണിയേക്കാൾ 10 ശതമാനം മുതൽ 20 ശതമാനം വരെ വിലകുറച്ച് ഫ്രീസെയിൽ സബ്സിഡി നിരക്കിലും മറ്റ് അവശ്യ സാധനങ്ങളും FMCG (Fast Moving Consumer Goods) ഉൽപ്പന്നങ്ങളും MRP- യേക്കാൾ 5 ശതമാനം മുതൽ 30% വരെ വിലക്കുറവിലും പൊതുജനങ്ങൾക്ക് ലഭ്യമാക്കിവരുന്നു.

**ഓരോ പഞ്ചായത്തിലും ഓണം/ബക്രീദ് ചന്തകൾ**

288(3587) <u>ശ്രീ. പി. ഉണ്ണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വരുന്ന ഓണക്കാലത്ത് പൊതുവിതരണ കേന്ദ്രങ്ങൾവഴി ന്യായവിലയ്ക്ക് യഥേഷ്ടം അരിയും പലവ്യഞ്ജനങ്ങളും ലഭ്യമാക്കുന്നതിനായി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) സിവിൽ സപ്ലൈസ് വകുപ്പിന്റെ നേതൃത്വത്തിൽ ഓണം/ബക്രീദ് കാലത്ത് ഓരോ പഞ്ചായത്തിലും ഓണം/ബക്രീദ് ചന്തകൾ തുടങ്ങുന്നതിന് നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) സപ്ലൈകോയുടെ നിലവിലുള്ള വിൽപ്പനശാലകൾവഴിയുള്ള വിതരണത്തിനുപുറമെ, ഓണക്കാലത്ത് പ്രത്യേക ഫെയറുകളും മാർക്കറ്റുകളും വഴി നിത്യോപയോഗസാധനങ്ങൾ വിപണി വിലകളേക്കാൾ കുറഞ്ഞ വിലയിൽ ഉപഭോക്താക്കൾക്കെത്തിക്കുന്നതിന് തീരുമാനിച്ചിട്ടുള്ളതും ഇത്തരത്തിൽ 1,470 വിൽപ്പന കേന്ദ്രങ്ങൾ സംസ്ഥാനത്തൊട്ടാകെ പ്രവർത്തിക്കുന്നതുമാണ്.

(ബി) ഉത്സവകാല വിപണിയിടപെടലിന്റെ ഭാഗമായി ജില്ലാ ഫെയറുകളും താലൂക്ക് തല ഫെയറുകളും പ്രത്യേക ഓണച്ചന്തകളും നടത്തുന്നതും സപ്ലൈകോ വിൽപന ശാലകളോടനുബന്ധിച്ച് ഓണം മിനി ഫെയറുകളും വിൽപ്പനശാലകൾ ഇല്ലാത്ത പഞ്ചായത്തുകളിൽ സ്പെഷ്യൽ മിനി ഫെയറുകളും നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്.

**ദിവസ ശമ്പള വ്യവസ്ഥയിൽ ജോലി ചെയ്തുവരുന്ന തൊഴിലാളികളുടെ വേതനം**

289(3588) <u>ശ്രീ. ചിറ്റയം ഗോപകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിവിൽ സപ്ലൈസ് വകുപ്പിൽ ദിവസ ശമ്പള വ്യവസ്ഥയിൽ ജോലി ചെയ്തുവരുന്ന തൊഴിലാളികൾക്ക് ലഭിക്കുന്ന വേതനവിവരം അറിയിക്കുമോ;

(ബി) ഇത്തരത്തിൽ പാക്കിംഗ് വിഭാഗത്തിൽ പ്രവർത്തിച്ചുവരുന്ന ജീവനക്കാർക്ക് പാക്ക് ചെയ്യുന്ന കവറിന്റെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ വേതനം ലഭ്യമാക്കുന്നതിനാൽ തികച്ചും പരിമിതമായ വേതനം മാത്രമാണ് ലഭിക്കുന്നത് എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എല്ലാ തൊഴിൽ മേഖലകളിലും മിനിമം കൂലി ഉറപ്പുവരുത്തിയിട്ടുള്ള സാഹചര്യത്തിൽ ഈ തൊഴിലാളികളുടെ വേതനം കാലോചിതമായി പരിഷ്കരിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) പൊതുവിതരണ വകുപ്പിൽ ഡ്രൈവർ തസ്തികയിൽ ജോലി നോക്കി വരുന്ന ദിവസ വേതന ജീവനക്കാർക്ക് പ്രതിദിനം 685 രൂപ വേതനം നൽകി വരുന്നു. സപ്ലൈകോയിൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലിചെയ്യുന്ന ജീവനക്കാർക്ക് നൽകുന്ന വേതനം സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| ഡിസ് പ്ലേ സ്റ്റാഫ് | - | 350 | രൂപ |
| ഡ്രൈവർ | - | 450 | രൂപ |
| ടൈപ്പിസ്റ്റ് | - | 400 | രൂപ |
| ഡാറ്റാ എൻട്രി ഓപ്പറേറ്റർ | - | 400 | രൂപ |
| പാക്കിംഗ് അസിസ്റ്റന്റ് | - | 75 | പൈസ/പായ്ക്കറ്റ് |
| ഡിസ്പെൻസിംഗ് സ്റ്റാഫ് (പെട്രോൾ പമ്പ്) | - | 350 | രൂപ |
| <u>ക്യാന്റീൻ സ്റ്റാഫ്</u> | | | |
| കുക്ക് | - | 600 | രൂപ |
| ഹെൽപ്പർ | - | 450 | രൂപ |
| ക്ലീനിംഗ് സ്റ്റാഫ് | - | 400 | രൂപ |

(ബി) ഉണ്ട്.

(സി) പരിശോധിച്ചുവരുന്നു.

**പുതിയ റേഷൻ കാർഡ് അനുവദിക്കുന്നതിന് നടപടി**

290(3589) <u>ശ്രീ. കെ. സുരേഷ് കുറുപ്പ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 ജനുവരി മാസം മുതൽ 2017 ജൂലൈ മാസം വരെ സംസ്ഥാനത്ത് എത്ര പുതിയ റേഷൻ കാർഡുകൾ നൽകിയിട്ടുണ്ട്;

(ബി) പുതിയ റേഷൻ കാർഡ് അനുവദിക്കുന്നതിന് നിലവിൽ എന്തെങ്കിലും സാങ്കേതിക തടസ്സം ഉണ്ടോ;

(സി) എങ്കിൽ അത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 നടപ്പിലാക്കുന്നതിന്റെ ഭാഗമായി പുതുക്കിയ റേഷൻ കാർഡുകളുടെ വിതരണ പ്രക്രിയ സമയബന്ധിതമായി പൂർത്തീകരിക്കേണ്ടതിനാൽ പുതിയ റേഷൻ കാർഡുകളുടെ വിതരണം താൽക്കാലികമായി നിർത്തിവച്ചിരിക്കുകയാണ്.

(ബി&സി) പുതുക്കിയ റേഷൻകാർഡുകളുടെ വിതരണം പൂർത്തിയാകുന്ന മുറയ്ക്ക് പുതിയ കാർഡുകൾ അനുവദിക്കുന്നതിനുള്ള നടപടികൾ പുനരാരംഭിക്കുന്നതാണ്.

**റേഷൻ കടകൾ വഴി വിതരണം ചെയ്യുന്ന ഭക്ഷ്യധാന്യങ്ങൾ**

291(3590) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ കടകളിൽ വിതരണം ചെയ്യുന്നത് ഗുണനിലവാരം കുറഞ്ഞ അരിയും ഗോതമ്പുമാണെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എഫ്.സി.ഐ. മുദ്രണം ഉള്ള പ്രിന്റഡ് ചാക്കുകളിൽ സ്റ്റിച്ചിങ്ങോടുകൂടിയേ ഭക്ഷ്യധാന്യങ്ങൾ റേഷൻ കടകളിൽ നൽകാവൂ എന്നതാണോ നിയമമെന്ന് വ്യക്തമാക്കുമോ;

(സി) എന്നാൽ ഇപ്പോൾ മിക്ക റേഷൻ കടകളിലും എഫ്.സി.ഐ. മുദ്രണം ഉള്ള ചാക്കുകൾ കുത്തിക്കെട്ടിയ നിലയിലാണ് ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇതുമൂലം ലഭിച്ച ഭക്ഷ്യസാധനങ്ങൾ ഉപയോഗിക്കാൻ നിവൃത്തിയില്ലാതെ കാർഡുടമകൾ ഇത് കോഴിത്തീറ്റയാക്കുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിശോധിക്കുമോ;

(ഇ) അപാകതകൾ പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്നതിന്റെ വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) ഇല്ല.

(ബി) എഫ്.സി.ഐ-യിൽനിന്ന് ലഭിക്കുന്ന ഭക്ഷ്യധാന്യങ്ങൾ എഫ്.സി.ഐ. മുദ്രണം ഉള്ള സ്റ്റിച്ചിങ്ങോടുകൂടിയ ചാക്കുകളിൽ തന്നെയാണ് റേഷൻ കടകളിൽ വിതരണത്തിന് ലഭ്യമാക്കുന്നത്.

(സി) ഓരോ ജില്ലകൾക്കും അനുവദിച്ചിട്ടുള്ള കൃത്യമായ അളവിൽ വിതരണം ചെയ്യേണ്ടതിലേക്ക് ചില ചാക്കുകളിൽ കുത്തിക്കെട്ടിയ നിലയിൽ വിതരണം ചെയ്യുന്നുണ്ട്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) റേഷൻ ഡിപ്പോകൾക്ക് ലഭ്യമാകുന്ന ഭക്ഷ്യവിഹിതത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് വിതരണ സമയങ്ങളിൽ റേഷനിംഗ് ഇൻസ്പെക്ടർമാർ പ്രത്യേക പരിശോധന നടത്തിയാണ് സാമ്പിൾ പായ്ക്കറ്റുകൾ നൽകുന്നത്. കൂടാതെ എല്ലാ റേഷൻ കടകളിൽനിന്നും ഗുണനിലവാരം ഉറപ്പാക്കിയിട്ടുള്ള ഭക്ഷ്യധാന്യ വിതരണം റേഷനിംഗ് ഇൻസ്പെക്ടർ മുതലുള്ള പരിശോധനാ ഉദ്യോഗസ്ഥർ ഉറപ്പുവരുത്തുന്നുണ്ട്. മാത്രമല്ല ഗുണനിലവാരം സംബന്ധിച്ച പരാതി ലഭ്യമായാൽ നേരിട്ട് പരിശോധിച്ച് അടിയന്തര നടപടി സ്വീകരിക്കുന്നുണ്ട്.

**ഭക്ഷ്യ ഭദ്രതാ നിയമം**

292(3591) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യ ഭദ്രതാ നിയമത്തിന്റെ വിശദാംശം നല്കാമോ;

(ബി) കേരളത്തിൽ ഭക്ഷ്യസുരക്ഷാ നിയമം നടപ്പാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരങ്ങൾ നൽകാമോ?

ഉത്തരം

(എ) അർഹരായ മുൻഗണനാ കുടുംബങ്ങളെ കണ്ടെത്തൽ (identification of priority households), വാതിൽപ്പടി ഭക്ഷ്യധാന്യ വിതരണം (door step delivery), റേഷൻ സാധനങ്ങൾ ഓൺലൈൻ നിയന്ത്രണത്തിലൂടെ അനുവദിക്കൽ (Online allocation), പരാതി പരിഹാര സംവിധാനം (Grievance Redressal Mechanism) എന്നിവയാണ് ഇതര കാര്യങ്ങൾക്കൊപ്പം ദേശീയ ഭക്ഷ്യ സുരക്ഷാ നിയമം വിഭാവന ചെയ്യുന്നത്.

(ബി) ഉണ്ട്. ഭക്ഷ്യ ഭദ്രതാ നിയമം അനുസരിച്ചുള്ള റേഷൻ വിതരണം 2016 നവംബർ മാസം മുതൽ ആരംഭിച്ചിട്ടുണ്ട്. ഭക്ഷ്യ ഭദ്രതാ നിയമത്തിൽ അനുശാസിക്കുന്ന രീതിയിലുള്ള റേഷൻകാർഡ് വിതരണം, വാതിൽപ്പടി വിതരണം എന്നിവ സംസ്ഥാനത്ത് നടന്നുവരുന്നു. ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം അനുശാസിക്കുന്ന രീതിയിലുള്ള ബയോമെട്രിക് സംവിധാനം ഉൾപ്പെടുന്ന ഇ-പോസ് മെഷീൻ എല്ലാ റേഷൻ കടകളിലും സ്ഥാപിക്കുന്നതിനുള്ള നടപടികൾ സിവിൽ സപ്ലൈസ് കോർപ്പറേഷൻ സ്വീകരിച്ചുവരുന്നു.

**റേഷൻ കാർഡ് സറണ്ടർ**

293(3592) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഉദ്യോഗസ്ഥരും അദ്ധ്യാപകരും ഉൾപ്പെട്ട റേഷൻ കാർഡുകൾ മുൻഗണനാ വിഭാഗത്തിൽനിന്ന് സറണ്ടർ ചെയ്തതുവഴി എത്ര കാർഡുടമകൾ ജനറൽ വിഭാഗത്തിലേക്ക് മാറിയെന്ന് ജില്ല തിരിച്ച് വെളിപ്പെടുത്തുമോ;

(ബി) പ്രത്യേക കുടുംബമായിട്ടും കാർഡുകൾ കുടുംബകാർഡിൽനിന്നും മാറ്റാത്ത ജീവനക്കാരുടെ പേരുകളുള്ള കാർഡുകൾ മുൻഗണനാ വിഭാഗത്തിൽ നിന്ന് നീക്കംചെയ്യുമ്പോൾ അർഹതപെട്ട പല കുടുംബങ്ങൾക്കും മുൻഗണനാ വിഭാഗത്തിലെ ആനുകൂല്യങ്ങൾ നഷ്ടപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) പൊതുവിഭാഗം കാർഡിൽ ഉൾപ്പെട്ട ജീവനക്കാരും കാർഡുകൾ സറണ്ടർ ചെയ്യേണ്ടതുണ്ടോ; വിശദാംശം നൽകുമോ;

(ഡി) രണ്ടും മൂന്നും കുടുംബങ്ങൾ ഉൾപ്പെട്ട റേഷൻ കാർഡുകൾ വിഭജിച്ച് പുതിയ കാർഡുകൾ നൽകുവാൻ സത്വര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ)

| | | |
|---|---|---|
| തിരുവനന്തപുരം | - | 11,304 |
| കൊല്ലം | - | 8,331 |
| ആലപ്പുഴ | - | 6,170 |
| പത്തനംതിട്ട | - | 4,558 |
| കോട്ടയം | - | 4,950 |
| ഇടുക്കി | - | 2,121 |
| എറണാകുളം | - | 5,514 |
| തൃശ്ശൂർ | - | 6,659 |
| പാലക്കാട് | - | 6,211 |
| മലപ്പുറം | - | 5,709 |
| കോഴിക്കോട് | - | 4,710 |
| വയനാട് | - | 1,369 |
| കണ്ണൂർ | - | 3,839 |
| കാസർഗോഡ് | - | 1,269 |
| **ആകെ** | - | **72,714** |

(ബി) മുൻഗണനാ പട്ടിക തുടർച്ചയായ പുനരവലോകനത്തിന് വിധേയമാണ്. മുൻഗണനാ വിഭാഗത്തിൽനിന്നും ഒരു തവണ പുറത്താകുന്നവർക്ക് അർഹതയുടെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട താലൂക്ക് സപ്ലൈ ഓഫീസർ മുഖാന്തരം വീണ്ടും പ്രസ്തുത ലിസ്റ്റിൽ ഉൾപ്പെടുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കാവുന്നതാണ്.

(സി) ഇല്ല.

(ഡി) പുതുക്കിയ റേഷൻകാർഡുകളുടെ വിതരണം പൂർത്തിയാകുന്നമുറയ്ക്ക് പുതിയ കാർഡുകൾ അനുവദിക്കുന്നതിനുള്ള നടപടികൾ പുനരാരംഭിക്കുന്നതാണ്.

**റേഷൻ മുൻഗണനാ കാർഡ്**

294(3593) <u>ശ്രീ. കെ. കുഞ്ഞിരാമൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ കർശന നിർദ്ദേശത്തെ തുടർന്ന് നാളിതുവരെയായി എത്ര പേർ റേഷൻ മുൻഗണനാ കാർഡ് സ്വമേധയാ മാറ്റിയിട്ടുണ്ട് എന്നറിയിക്കാമോ; ജില്ല തിരിച്ച് വിശദമാക്കാമോ;

(ബി) സമയപരിധി അവസാനിച്ചിട്ടും തെറ്റായി മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെട്ടവരെ കണ്ടെത്തുന്നതിനും നടപടി സ്വീകരിക്കുന്നതിനും എന്ത് തുടർ നടപടിയാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ)

| | | |
|---|---|---|
| തിരുവനന്തപുരം | - | 11304 |
| കൊല്ലം | - | 8331 |
| പത്തനംതിട്ട | - | 4558 |
| ആലപ്പുഴ | - | 6170 |
| കോട്ടയം | - | 4950 |
| ഇടുക്കി | - | 2121 |
| എറണാകുളം | - | 5514 |
| തൃശ്ശൂർ | - | 6659 |

| | | |
|---|---|---|
| പാലക്കാട് | - | 6211 |
| മലപ്പുറം | - | 5709 |
| കോഴിക്കോട് | - | 4710 |
| വയനാട് | - | 1369 |
| കണ്ണൂർ | - | 3839 |
| കാസർഗോഡ് | - | 1269 |
| **ആകെ** | - | **72,714** |

(ബി) മുൻഗണനാ കാർഡിൽ ഉൾപ്പെട്ടിട്ടുള്ള സർക്കാർ ഉദ്യോഗസ്ഥർ, സർക്കാർ അംഗീകൃത സ്വയംഭരണ സ്ഥാപനങ്ങൾ, പൊതുമേഖലാ, സഹകരണ മേഖലയിലെ ജീവനക്കാർ, സർവ്വീസ് പെൻഷൻകാർ എന്നിവർ കൃത്യമായി റേഷൻ കാർഡ് തിരിച്ചേൽപ്പിച്ച് മുൻഗണനേതര വിഭാഗത്തിൽ ഉൾപ്പെടുത്തുവാൻ 20-8-2017-വരെ സമയപരിധി നൽകിയിട്ടുണ്ട്. ഇതിനുപരിയായി അനർഹർക്കെതിരെ ഇൻഡ്യൻ ക്രിമിനൽ ശിക്ഷാനിയമ പ്രകാരവും അവശ്യസാധന നിയമം, 1955 പ്രകാരവും നടപടിയെടുക്കുവാൻ ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. എല്ലാ വകുപ്പ് മേധാവികൾക്കും സ്ഥാപന മേധാവികൾക്കും ബന്ധപ്പെട്ട എല്ലാവർക്കും ഇക്കാര്യം സംബന്ധിച്ച കർശന നടപടി സ്വീകരിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

**റേഷൻ മുൻഗണനാ പട്ടികയിൽ ഉൾപ്പെടാതെപോയ അർഹരായവരുടെ എണ്ണം**

295(3594) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ മുൻഗണനാ പട്ടികയിൽ ഉൾപ്പെടാതെപോയ അർഹരായ ഗുണഭോക്താക്കളുടെ എണ്ണം തിട്ടപ്പെടുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ ഏകദേശം എത്രപേരാണ് ഇത്തരത്തിൽ പട്ടികയിൽ ഉൾപ്പെടാതെ പോയതെന്നാണ് കണക്കാക്കിയിട്ടുള്ളത്;

(സി) റേഷൻ മുൻഗണനാ പട്ടികയിൽ ഉൾപ്പെട്ട അനർഹരെ ഒഴിവാക്കുന്നതിന് വകുപ്പ് സ്വീകരിച്ച നടപടികളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണം ഏത് രീതിയിലാണ് പ്രയോജനപ്പെടുത്തിയിട്ടുള്ളത്?

<u>ഉത്തരം</u>

(എ & ബി) മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുന്നതിലേയ്ക്കായി 612511 അപേക്ഷകൾ ലഭ്യമായിട്ടുണ്ട്.

(സി) സർക്കാർ മാനദണ്ഡങ്ങൾ പ്രകാരം തയ്യാറാക്കിയ പ്രീ-പോപ്പുലേറ്റഡ് ഫോമിൽ കാർഡുടമകൾ സ്വയം പൂരിപ്പിച്ച് നൽകിയ രേഖകളുടെ അടിസ്ഥാനത്തിൽ കരട് മുൻഗണനാ പട്ടിക തയ്യാറാക്കുകയും ഇതിൽ ആക്ഷേപമുള്ളവരുടെ പരാതി പഞ്ചായത്ത് സെക്രട്ടറി ചെയർമാനും റേഷനിംഗ് ഇൻസ്പെക്ടർ കൺവീനറും വില്ലേജ് ഓഫീസർ, സി.ഡി.എസ്, സൂപ്പർവൈസർ എന്നിവരടങ്ങുന്ന കമ്മിറ്റി പരിശോധിക്കുകയും ഹിയറിംഗ് നടത്തി പരാതികളിൽ തീർപ്പുകൽപ്പിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ അന്തിമ പട്ടിക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അംഗീകാരത്തിനായി നൽകുകയും ചെയ്തിരുന്നു.

**റേഷൻ വ്യാപാരികളുടെ വേതനം**

296(3595) <u>ശ്രീ. യു. ആർ. പ്രദീപ് :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യ ഭദ്രതാ നിയമം 2013 സംസ്ഥാനത്ത് നടപ്പിലാക്കിയതിന്റെ ഭാഗമായി റേഷൻവ്യാപാരികൾക്ക് കമ്മീഷൻ ആണോ അതോ വേതനമാണോ നൽകിവരുന്നത്; ഇത് സംബന്ധിച്ച വിശദാംശം വ്യക്തമാക്കുമോ;

(ബി) ഭക്ഷ്യ ഭദ്രതാ നിയമം 2013 പ്രകാരം റേഷൻ കടകളിൽ സെയിൽസ്മാൻ വേണമെന്ന നിബന്ധനയുണ്ടോ; ഉണ്ടെങ്കിൽ അവരുടെ വേതനം നൽകിവരുന്നത് എങ്ങനെയാണ്; എത്ര രൂപയാണ് സെയിൽസ്മാന്റെ മാസവേതനമായി കണക്കാക്കിയിട്ടുള്ളത്;

(സി) കടമുറിയുടെ വാടക, സെയിൽസ്മാന്റെ വേതനം എന്നിവ റേഷൻ വ്യാപാരി നൽകേണ്ടി വരുന്നത് കൊണ്ട് റേഷൻ വ്യാപാരികൾക്ക് ഇപ്പോൾ നൽകിവരുന്ന കമ്മീഷൻ/വേതനംകൊണ്ട് കട നടത്തിക്കൊണ്ടുപോകുവാൻ കഴിയുമോ എന്ന് വിലയിരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) നിലവിൽ കമ്മീഷൻ തന്നെയാണ് നൽകിവരുന്നത്. ഇ-പോസ് മെഷീൻ വഴിയുള്ള റേഷൻ വിതരണം ആരംഭിക്കുന്നമുറയ്ക്ക് റേഷൻ വ്യാപാരികൾക്കുള്ള പുതിയ പാക്കേജിനെ അടിസ്ഥാനപ്പെടുത്തിയുള്ള വേതന വ്യവസ്ഥ നടപ്പിലാക്കുന്നതാണ്.

(ബി) ഇല്ല.

(സി) ഇക്കാര്യങ്ങളെല്ലാം പരിഗണിച്ചാണ് പുതിയ പാക്കേജ് തത്വത്തിൽ അംഗീകരിച്ചിരിക്കുന്നത്.

**കുടിൽകെട്ടി താമസിക്കുന്ന കുടുംബങ്ങൾക്ക് റേഷൻ കാർഡ്**

297(3596) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലങ്ങളായി കുടിൽകെട്ടി താമസിക്കുന്ന കുടുംബങ്ങൾക്ക് റേഷൻ കാർഡ് ലഭിക്കുന്നതിന് ബുദ്ധിമുട്ടുകൾ നേരിടുന്നുവെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) റേഷൻ കാർഡ് ഇല്ലാത്തതുമൂലം ഈ കുടുംബങ്ങൾ ലൈഫ് പോലുള്ള ഭവനപദ്ധതികളിൽ ഉൾപ്പെടാൻ കഴിയാതെ പോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇത്തരത്തിൽ അർഹരായ മുഴുവൻ കുടുംബങ്ങൾക്കും റേഷൻ കാർഡ് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ- സി) റേഷൻ വിതരണത്തിനുവേണ്ടി മാത്രമാണ് റേഷൻ കാർഡ് വിതരണം ചെയ്തിട്ടുള്ളത്. വീട് നമ്പറില്ലാത്ത വീടുകളിൽ താമസിക്കുന്നവർക്ക് അപേക്ഷകർ താമസിക്കുന്ന സ്ഥലത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ വാർഡ് മെമ്പറിൽനിന്നും ലഭിക്കുന്ന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ആവശ്യമായ അന്വേഷണം നടത്തി റേഷൻ വിഹിതം വാങ്ങുന്നതിനായി താൽക്കാലികമായി റേഷൻ കാർഡുകൾ നൽകിവരുന്നുണ്ട്.

**സിവിൽ സപ്ലൈസ് വകുപ്പിലെ ജീവനക്കാർ**

298(3597) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സപ്ലൈകോ എന്ന പൊതുമേഖലാ സ്ഥാപനത്തിലെ തസ്തികകളിൽ, മറ്റൊരു വകുപ്പായ സിവിൽ സപ്ലൈസിലെ ജീവനക്കാർക്ക് റിസർവേഷൻ ചെയ്യുന്നതും ആ തസ്തിക കണക്കാക്കി വകുപ്പിൽ നിയമനം നടത്തുന്നതും എന്തടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) സിവിൽ സപ്ലൈസ് വകുപ്പിലെ സ്റ്റാഫ് സ്ട്രെങ്ത് എത്രയാണെന്നും ഓരോ തസ്തികയിലും എത്ര പേരെ നിയമിച്ചിട്ടുണ്ടെന്നും എത്ര പേരെ സപ്ലൈകോയിൽ ഡെപ്യൂട്ടേഷനിൽ നിയമിച്ചിട്ടുണ്ട് എന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) സിവിൽ സപ്ലൈസ് വകുപ്പിൽ നിന്നും സപ്ലൈകോ രൂപീകൃതമായ 1974 മുതൽ ഡെപ്യൂട്ടേഷൻ സമ്പ്രദായം തുടർന്നു വരുന്നു. നിലവിൽ 25-9-2012 തീയതിയിലെ സർക്കാർ ഉത്തരവ് നമ്പർ ജി.ഒ. (എം.എസ്)26/2012/ഭ.സി.സവ. പ്രകാരമാണ് ഡെപ്യൂട്ടേഷൻ അനുവദിക്കുന്നത്.

(ബി) മറുപടി അനുബന്ധമായി ചേർത്തിരിക്കുന്നു.*

**സിവിൽ സപ്ലൈസ് കോർപ്പറേഷൻ നൽകിയ സബ്സിഡി**

299(3598) <u>ശ്രീ. യു. ആർ. പ്രദീപ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആകെ എത്ര മാവേലി സ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ട്എന്നറിയിക്കുമോ;

(ബി) സംസ്ഥാനത്തെ മാവേലി സ്റ്റോറുകൾ വഴിയും സപ്ലൈകോ സൂപ്പർ മാർക്കറ്റുകൾ വഴിയും എത്ര കോടി രൂപയുടെ വീതം കച്ചവടമാണ് ശരാശരി ഒരു വർഷം നടക്കുന്നത്എന്നറിയിക്കുമോ;

(സി) 2016-17 സാമ്പത്തിക വർഷം പലവ്യഞ്ജനങ്ങൾക്ക് എത്ര കോടി രൂപയുടെ സബ്സിഡിയാണ് മാവേലി സ്റ്റോറുകൾ വഴിയും സൂപ്പർ മാർക്കറ്റ് വഴിയും സിവിൽ സപ്ലൈസ് കോർപ്പറേഷൻ നൽകിയിട്ടുള്ളത്; വിശദാംശം വ്യക്തമാക്കുമോ?

<u>ഉത്തരവ്</u>

(എ) 960 മാവേലി സ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) 2,100 കോടി രൂപയുടെ വിൽപ്പനയാണ് ശരാശരി ഒരു വർഷം നടക്കുന്നത്.

(സി) 2016-17 സാമ്പത്തിക വർഷം പലവ്യഞ്ജനങ്ങൾക്കുൾപ്പെടെ സബ്സിഡി ഇനത്തിൽ സപ്ലൈകോ 407.28 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു:

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

| ക്രമ നമ്പർ | ഇനം | സബ്സിഡി |
|---|---|---|
| 1 | അരി | 62.39 കോടി രൂപ |
| 2 | പയറു വർഗ്ഗങ്ങൾ | 208.71 കോടി രൂപ |
| 3 | മുളക് | 40.33 കോടി രൂപ |
| 4 | മല്ലി | 1.96 കോടി രൂപ |
| 5 | പഞ്ചസാര | 87.98 കോടി രൂപ |
| 6 | വെളിച്ചെണ്ണ | 5.91 കോടി രൂപ |
| | **ആകെ** | **407.28 കോടി രൂപ** |

**വർക്കല താലൂക്ക് സപ്ലൈ ഓഫീസിൽ ലഭിച്ച പരാതികൾ**

300(3599) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ റേഷൻ കാർഡുകളിൽ ഓരോ വിഭാഗത്തിലും അനർഹർ കടന്നു കൂടിയിട്ടുള്ളതായും അർഹരായിട്ടുള്ളവർ ഒഴിവാക്കപ്പെട്ടതായും പരാതികൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ വർക്കല താലൂക്ക് സപ്ലൈ ഓഫീസിൽ എത്ര പരാതികൾ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പരാതികൾ പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ഉണ്ട്. മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തണമെന്നാവശ്യപ്പെട്ട് 6420 പരാതികളും മുൻഗണനാ വിഭാഗത്തിൽനിന്നും ഒഴിവാക്കണമെന്നാവശ്യപ്പെട്ട് 1501 പരാതികളും ലഭ്യമായിട്ടുണ്ട്. പ്രസ്തുത പരാതികൾ റേഷൻകട തലത്തിൽ ക്രോഡീകരിച്ച് പരിശോധിക്കുന്നതിനുള്ള നടപടികൾ തുടർന്നുവരുന്നു.

**ന്യായവില ഹോട്ടലുകൾ ആരംഭിക്കാൻ നടപടി**

301(3600) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹോട്ടൽ ഭക്ഷണത്തെ ആശ്രയിച്ച് ജീവിക്കുന്ന ലക്ഷക്കണക്കിന് ആളുകൾ ഉണ്ടെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സ്ഥിരമായി ഹോട്ടൽ ഭക്ഷണം കഴിക്കുന്നവർക്ക് നികുതി നിരക്കിലെ വ്യത്യാസംമൂലം തങ്ങളുടെ മാസ ബജറ്റിൽ ഉണ്ടായിട്ടുള്ള വലിയ മാറ്റം താങ്ങാൻ കഴിയാത്തതാണ് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പഞ്ചായത്തുകൾതോറും വിലക്കുറവിൽ ഭക്ഷണം ലഭ്യമാക്കുന്നതിനായി ഒരു പദ്ധതി തയ്യാറാക്കുമെന്ന പ്രഖ്യാപനം പ്രാവർത്തികമായിട്ടുണ്ടോ;

(ഡി) സംസ്ഥാനത്ത് ഹോട്ടൽ ഭക്ഷണവില നിയന്ത്രിക്കുന്നതിനും ഏകീകരിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ഇ) കുടുംബശ്രീയുടെ നേതൃത്വത്തിൽ ന്യായവില ഹോട്ടലുകൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) നേരിയ വിലവർദ്ധനവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) സംസ്ഥാനത്ത് 13-ാം പഞ്ചവത്സര പദ്ധതിയിൽ 2017-18 കാലയളവിൽ വിശപ്പുരഹിത കേരളം എന്ന പദ്ധതി സന്നദ്ധ സംഘടനകൾ, സർക്കാരിതര സംഘടനകൾ എന്നിവയുടെ സഹകരണത്തോടെ നടപ്പിൽ വരുത്താൻ തീരുമാനിച്ചിട്ടുണ്ട്.

(ഡി) ഹോട്ടലുകളിലെ ഭക്ഷണവില ഏകീകരിക്കുന്നതിനായുള്ള കേരളാ ഹോട്ടലുകൾ (ഭക്ഷണ വില ക്രമീകരണം) എന്ന ബില്ലിനെപ്പറ്റി ഉന്നതതലത്തിൽ ചർച്ച ചെയ്യുകയും നിയമംമൂലമുള്ള ഭക്ഷണവില ഏകീകരണത്തിന് നിയമസാധുത ഇല്ലെന്നും അപ്രായോഗികമാണെന്നുമുള്ള നിഗമനത്തിൽ എത്തിയിട്ടുമുണ്ട്.

(ഇ) ഇപ്പോൾ പരിഗണനയിലില്ല.

**സപ്ലൈകോ ജീവനക്കാരുടെ പ്രൊമോഷനുള്ള ഉത്തരവ്**

302(3601) <u>ശ്രീ. എസ്. ശർമ്മ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സപ്ലൈകോയിലെ ജൂനിയർ അസിസ്റ്റന്റ്/സീനിയർ അസിസ്റ്റന്റ് വിഭാഗത്തിൽപ്പെട്ട ജീവനക്കാർക്ക് 50 ശതമാനം പ്രൊമോഷൻ നൽകാൻ നിശ്ചയിച്ചിട്ടുള്ള സർക്കാർ ഉത്തരവ് 30/2010 സ്റ്റേ ചെയ്തിരിക്കുന്നതിന്റെ കാരണം വ്യക്തമാക്കാമോ; ആരാണ് സ്റ്റേ ചെയ്തിരിക്കുന്നതെന്ന് അറിയിക്കാമോ;

(ബി) സ്റ്റേ നീക്കി ഉത്തരവ് നടപ്പാക്കാൻ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) ധനകാര്യ വകുപ്പിന്റെ അനുമതി ലഭ്യമാക്കാതെ പ്രൊമോഷൻ നൽകാനുള്ള 4-9-2010-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ30/2010/ഭ.സി.സ.വ. പുറപ്പെടുവിച്ചതിനാലാണ് 6-7-2011 തീയതിയിലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ27/2011/ഭ.സി.സ.വ. പ്രകാരം മുൻസർക്കാർ ഉത്തരവ് സ്റ്റേ ചെയ്തത്. സ്റ്റേ നീക്കംചെയ്യുന്നത് സംബന്ധിച്ച വിഷയം പരിശോധിച്ചുവരുന്നു.

**രണ്ടാംവിള നെല്ല് സംഭരണവില**

303(T 3602) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നെൽകർഷകരുടെ രണ്ടാംവിളയിലെ നെല്ല് സംഭരണവില പൂർണ്ണമായി കൊടുത്തുതീർക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവ കൊടുത്തുതീർക്കുന്നതിനായി എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

കൃഷിക്കാർക്ക് നെല്ല് സംഭരണ തുകയിനത്തിൽ നൽകുവാനുള്ള മുഴുവൻ തുകയും കർഷകരുടെ അക്കൗണ്ടുകളിലേയ്ക്ക് അടച്ചിട്ടുണ്ട്.

**കൊല്ലത്ത് സിറ്റി റേഷനിംഗ് ആഫീസിന് നടപടി**

304(3603) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം താലൂക്ക് സപ്ലൈ ആഫീസ് പരിധിയിൽ നിലവിലുള്ള റേഷൻ കടകളുടെയും കാർഡുകളുടെയും എണ്ണം എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) കൊല്ലം താലൂക്ക് സപ്ലൈ ആഫീസ് പരിധിയിൽ എത്ര പഞ്ചായത്തുകളും നഗരസഭകളും കോർപ്പറേഷനുകളും ഉൾപ്പെടുന്നു എന്ന് വ്യക്തമാക്കാമോ;

(സി) കൊല്ലം താലൂക്ക് സപ്ലൈ ആഫീസ് പരിധിയിലെ റേഷൻ കാർഡുകളുടെയും റേഷൻ കടകളുടെയും എണ്ണവും, വർദ്ധിച്ച ജനസംഖ്യ, വിസ്തൃതി എന്നിവയും പരിഗണിച്ച് കൊല്ലം താലൂക്ക് സപ്ലൈ ആഫീസ് വിഭജിച്ച് ചാത്തന്നൂർ ആസ്ഥാനമായി ഒരു താലൂക്ക് സപ്ലൈ ആഫീസ് ആരംഭിക്കേണ്ടതാണെന്ന് കരുതുന്നുണ്ടോ; എങ്കിൽ ആയത് പരിശോധനയ്ക്ക് വിധേയമാക്കുമോ;

(ഡി) കൊല്ലത്ത് സിറ്റി റേഷനിംഗ് ആഫീസും ചാത്തന്നൂരിൽ താലൂക്ക് സപ്ലൈ ആഫീസും ആരംഭിക്കുന്നതിന് നിലവിൽ എന്തെങ്കിലും തടസ്സമുണ്ടെങ്കിൽ ആയത് വ്യക്തമാക്കാമോ?

---

T മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

ഉത്തരം

(എ) 422 റേഷൻ കടകൾ, 250883 കാർഡുകൾ

(ബി) 17 പഞ്ചായത്തുകൾ,

1 മുനിസിപ്പാലിറ്റി,

1 കോർപ്പറേഷൻ

(സി& ഡി) ഇപ്പോൾ പരിഗണനയിലില്ല.

**തൃശ്ശൂർ ജില്ലയിലെ നെല്ല് സംഭരണം**

305(3604) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിൽ 2016-17 വർഷം എത്ര ടൺ നെല്ല് സംഭരിച്ചു എന്ന് അറിയിക്കാമോ;

(ബി) സംഭരിച്ച നെല്ലിന് കേന്ദ്ര, സംസ്ഥാന സർക്കാരുകൾ നൽകുന്ന വില എത്രയാണെന്ന് വ്യക്തമാക്കാമോ;

(സി) നെല്ല് സംഭരിച്ചവകയിൽ എത്ര തുക കുടിശ്ശികയുണ്ടെന്നും ഇതിൽ കേന്ദ്ര, സംസ്ഥാന സർക്കാരുകൾ എത്ര തുക വീതം കുടിശ്ശിക വരുത്തിയിട്ടുണ്ടെന്നുമുള്ള വിവരം ലഭ്യമാക്കുമോ;

(ഡി) കുടിശ്ശികയുണ്ടെങ്കിൽ അത് തീർക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) തൃശ്ശൂർ ജില്ലയിൽ 2016-17 വർഷം 58641.291 മെ.ടൺ നെല്ല് സംഭരിച്ചിട്ടുണ്ട്.

(ബി) കേന്ദ്രസർക്കാർ വിഹിതമായ മിനിമം താങ്ങുവില കി. ഗ്രാമിന് 14.70 രൂപയും സംസ്ഥാന പ്രോത്സാഹന ബോണസായി കി.ഗ്രാമിന് 7.80 രൂപയും ഉൾപ്പെടെ കി.ഗ്രാമിന് 22.50 രൂപയാണ് നൽകിവരുന്നത്.

(സി & ഡി) കൃഷിക്കാർക്ക് നെല്ല് സംഭരണ തുകയിനത്തിൽ നൽകുവാനുള്ള മുഴുവൻ തുകയും കർഷകരുടെ അക്കൗണ്ടുകളിലേയ്ക്ക് അടച്ചിട്ടുണ്ട്.

## ചിറ്റൂർ താലൂക്കിലെ റേഷൻ കാർഡുകളുടെ വിതരണം

306(3605) ശ്രീ. കെ. കൃഷ്ണൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിറ്റൂർ താലൂക്കിലെ റേഷൻ കാർഡ് വിതരണത്തിൽവന്ന കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ചിറ്റൂർ താലൂക്കിലെ എല്ലാ കാർഡുകളും ദ്വിഭാഷാ കാർഡുകളാണ്. ടി കാർഡുകളുടെ ഉൾപ്പേജുകളിൽ തമിഴും മലയാളവും ഭാഷകളിൽ വിവരങ്ങൾ അച്ചടിക്കേണ്ടതുള്ളതിനാൽ കൂടുതൽ സമയം ആവശ്യമായതിനാലാണ് റേഷൻ കാർഡ് വിതരണത്തിന് കാലതാമസം നേരിട്ടത്. കേരള ബുക്ക്സ് ആന്റ് പബ്ലിക്കേഷൻസ് സൊസൈറ്റിയിൽനിന്നും ഉൾപ്പേജുകൾ ലഭ്യമായിട്ടുണ്ട്. ആഗസ്റ്റ് നാലാം ആഴ്ചയിൽ വിതരണം ആരംഭിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

## പൊതുവിതരണ ശൃംഖലയ്ക്ക് ലഭിക്കുന്ന കേന്ദ്രവിഹിതം

307(3606) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിതരണ ശൃംഖലയിലൂടെ വിതരണം ചെയ്യുന്ന വിവിധ ഭക്ഷ്യധാന്യങ്ങളുടെ കേന്ദ്രവിഹിതം 2015-16-ൽ എത്രയായിരുന്നു എന്ന് വിശദമാക്കുമോ;

(ബി) 2016-17-ൽ ലഭിച്ചതും നിലവിൽ ലഭിച്ചുകൊണ്ടിരിക്കുന്നതുമായ കേന്ദ്രവിഹിതം എത്രയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 2015-16 സാമ്പത്തിക വർഷത്തിൽ 1591860 മെട്രിക് ടൺ (15.92 ലക്ഷം മെട്രിക് ടൺ) ഭക്ഷ്യധാന്യങ്ങളാണ് പൊതുവിതരണ ശൃംഖലയിലൂടെ

വിതരണം ചെയ്യുന്നതിനായി കേന്ദ്ര വിഹിതമായി ലഭ്യമായത്. കൂടാതെ 2015-16-ൽ അന്നപൂർണ്ണ പദ്ധതി പ്രകാരം 2214.24 മെട്രിക് ടൺ അരിയും വെൽഫെയർ സ്ഥാപനങ്ങൾക്കായി 1345.542 മെട്രിക് ടൺ അരിയും 382.02 മെട്രിക് ടൺ ഗോതമ്പും കേന്ദ്ര വിഹിതമായി ലഭ്യമായിട്ടുണ്ട്.

(ബി) 2016-17 സാമ്പത്തിക വർഷത്തിൽ, 1400603.415 മെട്രിക് ടൺ ഭക്ഷ്യധാന്യങ്ങളാണ് കേന്ദ്രവിഹിതമായി ലഭ്യമായത്. കൂടാതെ 2016-17-ൽ വെൽഫെയർ സ്ഥാപനങ്ങൾക്കായി 942.72 മെട്രിക് ടൺ അരിയും ലഭ്യമായിട്ടുണ്ട്. ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം നടപ്പിലാക്കിയതിന്റെ അടിസ്ഥാനത്തിൽ പ്രതിമാസം 1,18,754.083 മെട്രിക് ടൺ ഭക്ഷ്യധാന്യങ്ങളാണ് നിലവിൽ ലഭിച്ചുകൊണ്ടിരിക്കുന്നത്. വെൽഫെയർ സ്ഥാപനങ്ങൾക്ക് 2017 സെപ്റ്റംബർ വരെ 891.3 മെട്രിക് ടൺ അരിയും 382.02 മെട്രിക് ടൺ ഗോതമ്പും ലഭ്യമായിട്ടുണ്ട്.

**മുൻഗണനാ കാർഡുടമകളായിരുന്ന സർക്കാർ ജീവനക്കാർക്കെതിരെ നടപടി**

308(3607) ശ്രീ. മുല്ലക്കര രത്നാകരൻ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീമതി ഗീതാ ഗോപി:
ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അനധികൃതമായി മുൻഗണനാ റേഷൻ കാർഡ് കൈവശം വച്ചിരുന്ന സർക്കാർ/അർദ്ധ സർക്കാർ ജീവനക്കാർക്കെതിരെ നടപടി എടുക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഇതുവരെ എത്ര സർക്കാർ/അർദ്ധ സർക്കാർ/പൊതുമേഖലാ ജീവനക്കാർ സ്വമേധയാ റേഷൻ കാർഡ് സറണ്ടർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) മുൻഗണനാ വിഭാഗത്തിനുകൂടി 'ആട്ട' വിതരണം ചെയ്യാൻ ആലോചിക്കുന്നുണ്ടോ;

(ഡി) ബയോ-മെട്രിക് രീതി അവലംബിച്ച് റേഷൻ വിതരണം എന്നാരംഭിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) അനധികൃതമായി മുൻഗണനാ റേഷൻ കാർഡ് കൈവശംവച്ചിരിക്കുന്ന സർക്കാർ/അർദ്ധ സർക്കാർ ജീവനക്കാർ ആഗസ്റ്റ് 20-ന് മുമ്പായി താലൂക്ക് സപ്ലൈ ഓഫീസുകളിൽ കാർഡുകൾ സറണ്ടർചെയ്ത് മാറ്റി വാങ്ങുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) 72714

(സി) ഇപ്പോൾ പരിഗണനയിലില്ല.

(ഡി) ബയോ-മെട്രിക് രീതി അവലംബിച്ച് റേഷൻ വിതരണം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**നെല്ലിന്റെ വില യഥാസമയം നൽകുന്നതിന് നടപടി**

309(T3608) ശ്രീ. സി. ദിവാകരൻ:
ശ്രീ. ഇ. കെ.വിജയൻ:
ശ്രീ. ആർ. രാമചന്ദ്രൻ:
ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെൽകർഷകർക്ക് യഥാസമയം നെല്ലിന്റെ നൽകുന്നതിനുള്ള സംവിധാനമുണ്ടാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത സംവിധാനത്തിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ&ബി) ഉണ്ട്. 13-7-2017- ലെ സ.ഉ(കൈ) നമ്പർ 16/2017/ ഭ.പൊ.വി.വ. ഉത്തരവിന്റെ അടിസ്ഥാനത്തിൽ നെല്ല് സംഭരണവുമായി ബന്ധപ്പെട്ട് സപ്ലൈകോ ബാങ്കുകളുമായി ധാരണയായതിന്റെ അടിസ്ഥാനത്തിൽ നെല്ല് സംഭരിച്ചതിന് കർഷകർക്ക് നൽകുവാനുള്ള മുഴുവൻ തുകയും കർഷകരുടെ അക്കൗണ്ടുകളിൽ അടച്ചിട്ടുണ്ട്.

**പൊതുവിഭാഗം റേഷൻ കാർഡ്**

---

T മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

310(3609) ശ്രീ. ചിറ്റയം ഗോപകുമാർ:

ശ്രീമതി ഗീതാ ഗോപി:

ശ്രീമതി സി. കെ. ആശ:

ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിഭാഗത്തിൽ ഉൾപ്പെട്ട റേഷൻ കാർഡിന് ഓണക്കാലയളവിൽ എത്ര അളവിലാണ് ഭക്ഷ്യധാന്യങ്ങൾ ലഭ്യമാക്കാൻ തീരുമാനിച്ചിട്ടുള്ളത്;

(ബി) അർഹത ഉണ്ടായിട്ടും ബി.പി.എൽ. ലിസ്റ്റിൽനിന്നും ഒഴിവാക്കപ്പെട്ടവരിൽ, അത് പുനഃസ്ഥാപിക്കുന്നതിന് അപേക്ഷ നൽകിയിട്ടുള്ളവർക്ക് കാർഡ് എന്നത്തേക്ക് വിതരണം നടത്താൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പൊതുവിഭാഗം (സബ്സിഡി) വിഭാഗത്തിന് 4 കി.ഗ്രാം ഭക്ഷ്യ ധാന്യം 2 രൂപ നിരക്കിലും 1 കി.ഗ്രാം ആട്ടയും ഓണത്തിന് പ്രത്യേകമായി അനുവദിക്കാനും പൊതുവിഭാഗം (നോൺ സബ്സിഡി) വിഭാഗത്തിന് നിലവിലുള്ള വിതരണരീതി തുടരാനുമാണ് തീരുമാനിച്ചിട്ടുള്ളത്.

(ബി) മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനായി ലഭ്യമായിട്ടുള്ള അപേക്ഷകളിൽ അന്വേഷണം നടത്തി അർഹരാണെന്ന് കാണുന്നപക്ഷം, അനർഹർ പുറത്താകുന്നമുറയ്ക്ക് ഉണ്ടാകുന്ന ഒഴിവുകളിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## കാസർഗോഡ് ജില്ലയിലെ റേഷൻ കാർഡ് വിതരണം

311(3610) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ കന്നഡ മേഖലയിലെ സപ്ലൈ ഓഫീസുകളിൽനിന്നും പുതിയ റേഷൻ കാർഡിന്റെ വിതരണം നടന്നിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ, ഇക്കാര്യത്തിൽ അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ദ്വിഭാഷാ കാർഡുകൾ ഉള്ള സ്ഥലങ്ങളിൽ മാത്രമേ ഈ കാലതാമസം ഉണ്ടായിട്ടുള്ളൂ. ടി കാർഡുകളുടെ ഉൾപേജുകളിൽ മലയാളവും കന്നഡയും ഭാഷകളിൽ വിവരങ്ങൾ അച്ചടിക്കേണ്ടതുള്ളതിനാൽ കേരള ബുക്ക്സ് ആന്റ് പബ്ലിക്കേഷൻസ് സൊസൈറ്റിയിൽനിന്നും ഉൾപ്പേജുകൾ ലഭ്യമായാൽ ഉടൻ തന്നെ കാർഡ് വിതരണം നടത്തുന്നതാണ്.

**സപ്ലൈകോയിലെ ജൂനിയർ അസിസ്റ്റന്റ് പ്രൊമോഷൻ ലിസ്റ്റ്**

312(3611) <u>ശ്രീ. മോൻസ് ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സപ്ലൈകോയിലെ ജൂനിയർ അസിസ്റ്റന്റ് പ്രൊമോഷൻ ലിസ്റ്റിൽ നിന്നും നാളിതുവരെ എത്രപേർക്ക് പ്രൊമോഷൻ നൽകിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; അവശേഷിക്കുന്നവർ എത്രയെന്ന് വിശദമാക്കുമോ;

(ബി) ഡിപ്പോകളിലും റീജിയണൽ ഓഫീസുകളിലും അനുവദിക്കപ്പെട്ടിട്ടുള്ള തിലധികം ജീവനക്കാരെ വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ നിയമിച്ചിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(സി) താല്ക്കാലിക ജീവനക്കാർക്ക് മിനിമം വേതനം എന്ന് മുതൽ നടപ്പിൽവരുമെന്ന് വിശദമാക്കുമോ; മിനിമം വേതനം 600 രൂപയാക്കുന്നത് പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ;

(ഡി) സപ്ലൈകോയിലെ ഡെപ്യൂട്ടേഷൻ നിർത്തലാക്കുന്നത് പരിഗണനയിലുണ്ടോ; എങ്കിൽ എന്ന് നടപ്പിൽവരുമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സപ്ലൈകോയിലെ ജൂനിയർ അസിസ്റ്റന്റുമാരുടെ സീനിയോറിറ്റി ലിസ്റ്റിൽ 332 പേർ ഉൾപ്പെട്ടിട്ടുണ്ട്. സീനിയോറിറ്റി നമ്പർ 148 വരെയുള്ള അർഹരായവർക്ക് പ്രൊമോഷൻ നൽകിയിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) സപ്ലൈകോയിലെ താൽക്കാലിക ജീവനക്കാർക്ക് ദിവസ വേതനമായി 350 രൂപ നൽകി വരുന്നുണ്ട്. മിനിമം വേതനം 600 രൂപയാക്കുന്നത് സപ്ലൈകോയ്ക്ക് താങ്ങാനാവുമോ എന്ന് പരിശോധിച്ചുവരുന്നു.

(ഡി) ഇക്കാര്യം സർക്കാർ പരിശോധിച്ചുവരികയാണ്.

**സപ്ലൈകോയിലെ താൽക്കാലിക ജീവനക്കാർ**

313(3612) <u>ശ്രീ. എസ്. ശർമ്മ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സപ്ലൈകോയിലെ താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) തുല്യ ജോലിക്ക് തുല്യ വേതനം നടപ്പാക്കുവാൻ സപ്ലൈകോ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) സപ്ലൈകോയിലെ താൽക്കാലിക കരാർ ജീവനക്കാരുടെ ദിവസവേതനം എത്ര രൂപയാണ് എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) ഉണ്ട്.

(സി) സപ്ലൈകോയിലെ താൽക്കാലിക ദിവസവേതന ജീവനക്കാർക്ക് വേതനം താഴെ പറയും പ്രകാരമാണ്.

| | | |
|---|---|---|
| 1. ഡിസ്പ്ലേ സ്റ്റാഫ് | - | 350 രൂപ |
| 2. ഡ്രൈവർ | - | 450 രൂപ |
| 3. ടൈപ്പിസ്റ്റ് | - | 400 രൂപ |
| 4. ഡാറ്റാ എൻട്രി ഓപ്പറേറ്റർ | - | 400 രൂപ |
| 5. പാക്കിംഗ് അസിസ്റ്റന്റ് | - | 75 പൈസ/പാക്കറ്റ് |
| 6. ഡിസ്പെൻസിംഗ് സ്റ്റാഫ് | - | 350 രൂപ (പെട്രോൾ പമ്പ്) |
| 7. പ്രോഗ്രാമർ | - | 500 രൂപ |
| 8. <u>ക്യാന്റീൻ സ്റ്റാഫ്</u> | | |
| കുക്ക് | - | 600 രൂപ |
| ഹെൽപ്പർ | - | 450 രൂപ |
| ക്ലീനിംഗ് സ്റ്റാഫ് | - | 400 രൂപ |

**കമ്പാറയിൽ മാവേലി സ്റ്റോർ**

314(3613) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂടരഞ്ഞി ഗ്രാമപഞ്ചായത്തിലെ കുമ്പാറയിൽ മാവേലി സ്റ്റോർ അനുവദിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അപേക്ഷയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(സി) മാവേലി സ്റ്റോർ അനുവദിക്കുന്നതിന് കെട്ടിടവാടക ഗ്രാമപഞ്ചായത്ത് നൽകണമെന്ന വ്യവസ്ഥയുണ്ടോ;

(ഡി) ഈ വ്യവസ്ഥയിൽ ഇളവ് അനുവദിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കൂടരഞ്ഞി പഞ്ചായത്തിൽ രണ്ടാമത് ആരംഭിക്കുന്ന മാവേലി സ്റ്റോർ ആയതിനാൽ അത് പ്രവർത്തിക്കുന്ന കാലത്തേയ്ക്ക് വാടകരഹിതകെട്ടിടവും കൂടാതെ കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾക്കും ഫർണിഷിംഗിനുമായി 1 ലക്ഷം രൂപയും അതത് തദ്ദേശ സ്വയംഭരണ സ്ഥാപനം ഒടുക്കേണ്ടതാണെന്നും പ്രതിമാസ വിറ്റുവരവ് 4 ലക്ഷം രൂപയ്ക്ക് മുകളിലായിരിക്കണമെന്നും വ്യവസ്ഥയുണ്ട്. നിലവിലുള്ള മാനദണ്ഡമനുസരിച്ചുള്ള പ്രമേയം ഹാജരാക്കുന്നതിന് കൊടുവള്ളി ഡിപ്പോ മാനേജർ പഞ്ചായത്തിന് കത്ത് നൽകിയിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് നിലവിലെ വ്യവസ്ഥകൾക്കനുസൃതമായി മാവേലി സ്റ്റോർ ആരംഭിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുവാനാണ് ഉദ്ദേശിക്കുന്നത്.

(സി) ഉണ്ട്.

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

**അസിസ്റ്റന്റ് സെയിൽസ്മാൻ തസ്തികയിലെ ഒഴിവുകൾ**

315(3614) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷനിലെ അസിസ്റ്റന്റ് സെയിൽസ്മാൻ തസ്തികയിലേക്ക് പി.എസ്.സി. ലിസ്റ്റ് നിലവിലുണ്ടോ;

(ബി) പ്രസ്തുത തസ്തികയിൽ നിലവിൽ എത്ര ഒഴിവുകൾ ഉണ്ടെന്ന് അറിയിക്കാമോ;

(സി) ഈ ഒഴിവുകളിലേക്ക് നിയമനം നടത്താനുള്ള നടപടി സ്വീകരിക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി) 235 ഒഴിവുകൾ നിലവിലുണ്ട്.

(സി) പി.എസ്.സി.-യിൽ നിന്നും അഡ്വൈസ് ലഭിക്കുന്ന മുറയ്ക്ക് നിയമനം നടത്തുന്നതാണ്.

**എൻഡോസൾഫാൻ ദുരിതബാധിതർക്കുള്ള റേഷൻ വിതരണം**

316(3615) ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്:
ശ്രീ. പി. കെ .ബഷീർ:
ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എൻഡോസൾഫാൻ ദുരിതബാധിതർക്കുള്ള റേഷൻ വിതരണം എത്ര തവണ മുടങ്ങിയിട്ടുണ്ട്; യഥാസമയം ഇവർക്ക് റേഷൻ വിതരണം ചെയ്യാത്തതിന് എന്താണ് കാരണം;

(ബി) പുതുക്കിയ റേഷൻ കാർഡ് നിലവിൽ വന്നതോടെ ഈ ദുരിതബാധിതരിൽ പലരെയും എ.പി.എൽ. മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തിയതിനാൽ അർഹമായ റേഷൻ വിതരണമുൾപ്പടെയുള്ള ആനുകൂല്യങ്ങൾ നഷ്ടമാകാൻ ഇടയാക്കിയിട്ടുണ്ടോ എന്ന് അറിയിക്കാമോ?

(സി) എൻഡോസൾഫാൻ ദുരിതബാധിതർക്ക് ഇത്തരത്തിൽ സർക്കാർ ആനുകൂല്യങ്ങൾ നഷ്ടമായ സാഹചര്യം പ്രത്യേകം പരിശോധിച്ച് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) റേഷൻ വിതരണം മുടങ്ങിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി & സി) മുൻഗണനാ പട്ടിക തുടർച്ചയായ പുനരവലോകനത്തിന് വിധേയമാണ്. മുൻഗണനാ വിഭാഗത്തിൽപ്പെടുന്നതിന് അർഹരായവർ പ്രസ്തുത പട്ടികയിൽനിന്ന് പുറത്തായിട്ടുണ്ടെങ്കിൽ ബന്ധപ്പെട്ട താലൂക്ക് സപ്ലൈ ഓഫീസർ മുഖാന്തരം പ്രസ്തുത ലിസ്റ്റിൽ ഉൾപ്പെടുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കാവുന്നതാണ്. ഒഴിവാക്കൽ മാനദണ്ഡങ്ങളിൽ ഉൾപ്പെട്ട എൻഡോസൾഫാൻ ദുരിതബാധിതരെ മുൻഗണനേതര വിഭാഗത്തിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഈ വിഭാഗത്തിൽപ്പെടാത്ത എൻഡോസൾഫാൻ ദുരിതബാധിതർ അടങ്ങുന്ന കുടുംബങ്ങളെ മുൻഗണനാ വിഭാഗത്തിലേക്ക് മാറ്റിയിട്ടുണ്ട്.

**ഭക്ഷ്യഭദ്രതാനിയമം**

317(3616) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഭക്ഷ്യഭദ്രതാ നിയമം നടപ്പിലാക്കുമ്പോൾ നിലവിൽ സപ്ലൈകോയിൽ ഡെപ്യൂട്ടേഷനിൽ തുടരുന്ന വകുപ്പ് ജീവനക്കാരെ പിൻവലിച്ച് അവരെ എൻ.എഫ്.എസ്.എ.-യുമായി ബന്ധപ്പെട്ട തസ്തികയിലേക്ക് മാറ്റി നിയമിക്കുമോ; വ്യക്തമാക്കാമോ;

(ബി) എൻ.എഫ്.എസ്.എ. നടപ്പാക്കുന്നതിന് സപ്ലൈകോയിൽ എത്ര തസ്തിക പുതുതായി വേണ്ടിവരുമെന്നും ഇക്കാര്യത്തിൽ എന്തെങ്കിലും പഠനം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോയെന്നും അറിയിക്കുമോ;

(സി) പഠനം നടത്തിയിട്ടുണ്ടെങ്കിൽ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ഉത്തരം

(എ) നിലവിൽ സപ്ലൈകോയിൽ ഡെപ്യൂട്ടേഷനിൽ തുടരുന്ന വകുപ്പ് ജീവനക്കാർ സപ്ലൈകോയുടെ നിലവിലെ പ്രവർത്തനങ്ങൾക്ക് മാത്രമായി ഡെപ്യൂട്ടേഷനിൽ പ്രവർത്തിക്കുന്നവരാണ്. സപ്ലൈകോയുടെ നിലവിലുള്ള പ്രവർത്തനങ്ങളായ മാവേലി സ്റ്റോറുകൾ, സൂപ്പർ മാർക്കറ്റുകൾ, ഹൈപ്പർ മാർക്കറ്റുകൾ, മെഡിക്കൽ സ്റ്റോറുകൾ, ഡിപ്പോകൾ, റീജിയണൽ ഓഫീസുകൾ, ഹെഡ്ഡ് ഓഫീസുകൾ തുടങ്ങി നെല്ല് സംഭരണം, സ്കൂൾ ഉച്ചക്കഞ്ഞി, പെട്രോളിയം ബിസിനസ്സ്, ശബരി ബ്രാൻഡ് ഉൽപ്പന്നങ്ങൾ, FMCG ഉൽപ്പന്നങ്ങൾ വരെയുള്ള മേഖലകളിലാണ് സിവിൽ സപ്ലൈസ് വകുപ്പിൽനിന്നുള്ള ഡെപ്യൂട്ടേഷൻ ജീവനക്കാർ നിലവിൽ ജോലി ചെയ്തു വരുന്നത്. ഭക്ഷ്യ ഭദ്രതാനിയമം 2013-ന്റെ നോഡൽ ഏജൻസിയായി സപ്ലൈകോയെയാണ് ഗവൺമെന്റ് തെരഞ്ഞെടുത്തിട്ടുള്ളത്. സപ്ലൈകോയുടെ നിലവിലുള്ള പ്രവർത്തനങ്ങൾക്ക് പുറമേയാണ് ഭക്ഷ്യഭദ്രതാ നിയമം നടപ്പിലാക്കേണ്ടത്. ആയതിനാൽ ഡെപ്യൂട്ടേഷനിൽ നിലവിലുള്ള വകുപ്പ് ജീവനക്കാരെ എൻ.എഫ്.എസ്.എ. ജോലികൾക്ക് നിയോഗിക്കുന്നത് പ്രായോഗികമല്ല.

(ബി & സി) സിവിൽ സപ്ലൈസ് വകുപ്പിലും സപ്ലൈകോയിലുമായി 412 പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതു സംബന്ധിച്ച് പൊതുവിതരണ ഡയറക്ടർ, എം.ഡി., സപ്ലൈകോ എന്നിവർ സമർപ്പിച്ച പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്. പുതിയ തസ്തിക സംബന്ധിച്ച് പഠനം നടത്തുന്ന വിഷയം ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ പരിഗണനയിലാണ്.

## പെരിന്തൽമണ്ണയിൽ റേഷൻ മുൻഗണനാ പട്ടികയിൽനിന്നും ഒഴിവാക്കപ്പെട്ടവർ

318(3617) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിന്തൽമണ്ണ താലൂക്ക് സപ്ലൈ ഓഫീസിനുകീഴിൽ റേഷൻ മുൻഗണനാ പട്ടികയിൽ ഉൾപ്പെടാൻ അർഹരായ പലരും ഒഴിവാക്കപ്പെട്ടിട്ടുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഏകദേശം എത്ര പേരാണ് ഇത്തരത്തിൽ ഒഴിവാക്കപ്പെട്ടത്; ഇവരെ ഉൾപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടി അറിയിക്കുമോ;

(ബി) അർഹരായ ഗുണഭോക്താക്കളെ ഒഴിവാക്കുന്നതിനുമുൻപ് ഭക്ഷ്യ സിവിൽ സപ്ലൈസ് ഉദ്യോഗസ്ഥർ ഏതെങ്കിലും തരത്തിലുള്ള പരിശോധനകൾ നടത്തിയിരുന്നോ;

(സി) റേഷൻ കടയുടമകളുടെ റിപ്പോർട്ടിന്റെ മാത്രം അടിസ്ഥാനത്തിൽ, ഉദ്യോഗസ്ഥരുടെ പരിശോധന കൂടാതെ, ഈ സപ്ലൈ ഓഫീസിനുകീഴിൽ നിരവധി പേരെ മുൻഗണനാ പട്ടികയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ വിഷയം പരിശോധിക്കുമോ;

(ഡി) പെരിന്തൽമണ്ണ താലൂക്ക് സപ്ലൈ ഓഫീസിനു കീഴിൽ പുഴക്കാട്ടരി ഗ്രാമപഞ്ചായത്തിൽ സ്ഥിതിചെയ്യുന്ന 101-ാം നമ്പർ റേഷൻ കടയുടെകീഴിൽ അർഹരായ എത്ര പേരാണ് മുൻഗണനാ പട്ടികയിൽ ഉൾപ്പെടാതെ പോയത്; റേഷൻ കട ഉടമയുടെയോ കട നടത്തുന്നവരുടെയോ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, ഉദ്യോഗസ്ഥരുടെ പരിശോധന കൂടാതെ മുൻഗണനാ പട്ടികയിൽനിന്ന് ആരെയെങ്കിലും ഒഴിവാക്കിയിട്ടുണ്ടോ; എങ്കിൽ എത്ര പേരെ ഇത്തരത്തിൽ ഒഴിവാക്കിയിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ;

(ഇ) അർഹരായ എല്ലാ ഗുണഭോക്താക്കളെയും മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനായി 7403 അപേക്ഷകൾ ലഭ്യമായിട്ടുണ്ട്. ഈ പരാതികളിന്മേൽ ഫീൽഡ്തല അന്വേഷണം നടത്തി അനർഹരെ ഒഴിവാക്കി, അർഹരായവരെ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി & സി) വിശദമായ അന്വേഷണത്തിന്റെ അടിസ്ഥാനത്തിലാണ് മുൻഗണനാ പട്ടികയിൽ ഉൾപ്പെട്ട അനർഹരെ ഒഴിവാക്കിയിട്ടുള്ളത്. ഇതിന് ആനുപാതികമായി അർഹരായവർ പട്ടികയിൽ ഉൾപ്പെട്ടിട്ടുമുണ്ട്.

(ഡി) ഉദ്യോഗസ്ഥരുടെ പരിശോധനയുടേയും കാർഡുടമകൾ സ്വമേധയാ ഉദ്യോഗസ്ഥരെ ബോധ്യപ്പെടുത്തിയ കാര്യങ്ങളുടേയും അടിസ്ഥാനത്തിലാണ് കാർഡുകൾ പൊതുവിഭാഗത്തിലേയ്ക്ക് മാറ്റിയിട്ടുള്ളത്. പരിശോധന കൂടാതെയോ കാർഡുടമകളോട് അന്വേഷിക്കാതെയോ ആരെയും ഒഴിവാക്കിയിട്ടില്ല. ഇത്തരത്തിൽ 101-ാം നമ്പർ റേഷൻ കടയിൽ മുൻഗണനാ പട്ടികയിൽ ഉൾപ്പെട്ടിരുന്ന 69 അനർഹരെ പൊതുവിഭാഗത്തിലേയ്ക്ക് മാറ്റിയിട്ടുണ്ട്.

(ഇ) അർഹരായ എല്ലാ ഗുണഭോക്താക്കളെയും മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**അർഹതപ്പെട്ടവർക്ക് മുൻഗണനാ കാർഡുകൾ**

319(3618) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പുതിയ റേഷൻ കാർഡുകളിലെ അപാകതകൾ പരിഹരിച്ച് അർഹതപ്പെട്ടവർക്ക് മുൻഗണനാ കാർഡുകൾ എന്നത്തേക്ക് ലഭ്യമാക്കാൻ സാധിക്കുമെന്ന് വിശദമാക്കാമോ?

ഉത്തരം

നിലവിലെ റേഷൻകാർഡുകളുടെ വിതരണം പൂർത്തീകരിച്ചതിനുശേഷം കാർഡിലെ അപാകതകൾ പരിഹരിയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിതരണം ചെയ്യാനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

## ലീഗൽ മെട്രോളജി വകുപ്പിന്റെ പരിശോധനയിൽ നിയമലംഘനം നടത്തിയതായി കണ്ടെത്തിയ സ്ഥാപനങ്ങൾ

320(3619) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ലീഗൽ മെട്രോളജി വകുപ്പിലെ എൻഫോഴ്സ്മെന്റ് വിഭാഗം സംസ്ഥാന വ്യാപകമായി നടത്തിയ പരിശോധനയിൽ നിയമലംഘനം നടത്തിയതായി കണ്ടെത്തിയ സ്ഥാപനങ്ങൾ എത്ര; ജില്ല തിരിച്ച് വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) ലീഗൽ മെട്രോളജി വകുപ്പിന്റെ പരിശോധന മുഖേന സർക്കാരിന് ലഭിച്ച സാമ്പത്തികനേട്ടം എത്ര;

(സി) സംസ്ഥാനത്തെ എല്ലാ പൊതുമേഖലാ ഭക്ഷ്യവിതരണ കേന്ദ്രങ്ങളിലും മത്സ്യ, പച്ചക്കറി, പലവ്യഞ്ജന മാർക്കറ്റുകളിലും ഉൾപ്പെടെ നടക്കുന്ന അഴിമതി ഇല്ലാതാക്കാൻ കൂടുതൽ ഉദ്യോഗസ്ഥരെ നിയമിച്ച് കബളിപ്പിക്കലിൽനിന്നും ജനങ്ങളെ രക്ഷിക്കാൻ നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ലീഗൽ മെട്രോളജി വകുപ്പിലെ എൻഫോഴ്സ്മെന്റ് വിഭാഗം സംസ്ഥാന വ്യാപകമായി നടത്തിയ പരിശോധനകളിൽ 30530 സ്ഥാപനങ്ങൾക്ക് എതിരെ കേസുകൾ കണ്ടെടുക്കുകയും 8,49,60,650 രൂപ (എട്ട് കോടി നാല്പത്തി ഒൻപത് ലക്ഷത്തി അറുപതിനായിരത്തി അറുനൂറ്റി അൻപത് രൂപ മാത്രം) രാജിഫീസിനത്തിൽ ഈടാക്കുകയും ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു:

| ജില്ല | സ്ഥാപനങ്ങളുടെ എണ്ണം | ഈടാക്കിയ രാജി ഫീസ് |
|---|---|---|
| (1) | (2) | (3) |
| തിരുവനന്തപുരം | 5671 | 14129000 |
| കൊല്ലം | 3186 | 7408500 |
| പത്തനംതിട്ട | 1947 | 5539500 |

| (1) | (2) | (3) |
|---|---|---|
| ആലപ്പുഴ | 1628 | 5137000 |
| കോട്ടയം | 1317 | 4696000 |
| ഇടുക്കി | 504 | 1575500 |
| എറണാകുളം | 4147 | 12476150 |
| തൃശ്ശൂർ | 3179 | 9349000 |
| പാലക്കാട് | 941 | 2724500 |
| മലപ്പുറം | 1794 | 4670500 |
| കോഴിക്കോട് | 2348 | 7805500 |
| വയനാട് | 939 | 2201000 |
| കണ്ണൂർ | 1817 | 4533500 |
| കാസർഗോഡ് | 1112 | 2715000 |
| ആകെ | 30530 | 84960650 |

(ബി) ലീഗൽ മെട്രോളജി വകുപ്പ് നടത്തിയ പരിശോധനകൾ ഉൾപ്പെടെ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 8,49,60,650 രൂപ (എട്ട് കോടി നാല്പത്തി ഒൻപത് ലക്ഷത്തി അറുപതിനായിരത്തി അറുനൂറ്റി അൻപത് രൂപ മാത്രം) രാജിഫീസിനത്തിൽ ലഭ്യമാക്കാൻ കഴിഞ്ഞിട്ടുണ്ട്.

(സി) ഭക്ഷ്യ പൊതുവിതരണ വകുപ്പിന് പൊതുവിപണി പരിശോധനയ്ക്കായി വകുപ്പുതലത്തിൽ ശക്തമായ ഒരു പരിശോധന സംവിധാനം നിലവിലുണ്ട്. ആയത് കാര്യക്ഷമമായി പ്രവർത്തിക്കുന്നു. ന്യായമായ വിലയ്ക്ക് ഗുണനിലവാരമുള്ള ഭക്ഷ്യസാധനങ്ങൾ ജനങ്ങൾക്ക് ലഭ്യമാക്കുവാൻ പ്രത്യേക പരിശോധനകൾ നടത്തുകയും എന്തെങ്കിലും അഴിമതി കണ്ടെത്തിയാൽ കുറ്റക്കാർക്കെതിരെ കർശനമായ നടപടി സ്വീകരിക്കുവാൻ നിലവിൽ സപ്ലൈകോ വിജിലൻസ് ഓഫീസറുടെകീഴിൽ തിരുവനന്തപുരം, കോട്ടയം, എറണാകുളം, പാലക്കാട്, കോഴിക്കോട് എന്നീ മേഖലകളിലായി വിവിധ ഡിപ്പോ, ഔട്ട്ലെറ്റുകളിലായി ഫ്ലയിംഗ് സ്ക്വാഡ് ഓഫീസേഴ്സിന്റെ പരിശോധന നിരന്തരം നടത്തിവരുന്നുണ്ട്.

**ലീഗൽ മെട്രോളജി വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കൽ**

321(3620) ശ്രീ. മുല്ലക്കര രത്നാകരൻ:

ശ്രീ. ജി. എസ്.ജയലാൽ:

ശ്രീ. വി. ആർ. സുനിൽ കുമാർ:

ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ ശിപാർശ പ്രകാരം ലീഗൽ മെട്രോളജി വകുപ്പിൽ മിനിസ്റ്റീരിയൽ തസ്തിക സൃഷ്ടിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എത്ര തസ്തികകൾ സൃഷ്ടിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ലീഗൽ മെട്രോളജി വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് മറ്റെന്തെല്ലാം ഇടപെടലുകളാണ് നടത്താനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. 21 മിനിസ്റ്റീരിയൽ തസ്തികകൾ സൃഷ്ടിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

(ബി) വകുപ്പിന്റെ സേവനങ്ങൾ ഓൺലൈനിലൂടെ ലഭ്യമാക്കുന്നതിനായി നടപ്പാക്കുന്ന LMOMS (Legal Metrology Operations Management System) എന്ന പദ്ധതി അവസാന ഘട്ടത്തിലാണ്. ഉപഭോക്താക്കളുടെ പരാതി പരിഹരിക്കുന്നതിനും മിന്നൽ പരിശോധനകൾ സജീവമാക്കി അളവ് തൂക്ക സംബന്ധമായ ക്രമക്കേടുകൾ കണ്ടെത്തുന്നതിനുമായി ടോൾ ഫ്രീ നമ്പരോടുകൂടിയ കാൾ സെന്റർ സ്ഥാപിക്കുന്നതിനും വാഹനങ്ങളിൽ പരിശോധന ഉപകരണങ്ങൾ സജ്ജീകരിച്ച 'മൊബൈൽ ലാബുകൾ' സജ്ജമാക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. ലീഗൽ മെട്രോളജി വകുപ്പിന്റെ ഹെഡ്ക്വാർട്ടേഴ്സ് ലബോറട്ടറി കോംപ്ലക്സ് ഈ സാമ്പത്തിക വർഷം പൂർത്തിയാകും.

(നക്ഷത്രചിഹ്നമിടാത്ത 3288, 3314, 3330, 3348, 3368, 3407, 3409, 3469, 3488, 3489, 3521, 3553 എന്നീ നമ്പർ ചോദ്യങ്ങളുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല.)

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

9.30 AM]

## II. തിരുത്തിയ ഉത്തരം

### 26-9-2016-ലെ നക്ഷത്രചിഹ്നമിടാത്ത 124-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം

മി. സ്പീക്കർ: പതിനാലാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനത്തിൽ 26-9-2016-ലെ നക്ഷത്രചിഹ്നമിടാത്ത 124-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരത്തിൽ വന്ന തെറ്റ് തിരുത്തിക്കൊണ്ടുള്ള സ്റ്റേറ്റ്മെന്റ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് മേശപ്പുറത്ത് വയ്ക്കാവുന്നതാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, പതിനാലാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനത്തിൽ 26-9-2016-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന് നൽകിയ ഉത്തരത്തിൽ വന്ന തെറ്റ് തിരുത്തിക്കൊണ്ടുള്ള സ്റ്റേറ്റ്മെന്റ് ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.*

## III. അടിയന്തരപ്രമേയം

### മെഡിക്കൽ പ്രവേശനം സംബന്ധിച്ച അനിശ്ചിതാവസ്ഥ

മി. സ്പീക്കർ: ചട്ടം 50 അനുസരിച്ച് ശ്രീ. വി. ഡി. സതീശൻ, ശ്രീ. ടി. എ. അഹമ്മദ് കബീർ, ശ്രീ. അനൂപ് ജേക്കബ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ നോട്ടീസ് നൽകിയിട്ടുള്ളത് സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ എം.ബി.ബി.എസ്. പ്രവേശനവും ഫീസും സംബന്ധിച്ചുള്ള കോടതി പരാമർശത്തെ സംബന്ധിച്ചാണ്. ഇതേകാര്യം സംബന്ധിച്ച് റൂൾ 50 പ്രകാരം ശ്രീ. വി. ഡി. സതീശന്റെ തന്നെ ഒരു നോട്ടീസ് ഈ സമ്മേളനകാലയളവിൽ 16-8-2017-ന് സഭയിൽ പരിഗണിച്ചിരുന്നു. ആ കാര്യം ചെയർ ഓർമ്മിപ്പിക്കുകയാണ്. സാധാരണഗതിയിൽ ഒരു വിഷയംതന്നെ ആവർത്തിച്ച് സഭയിൽ വരുന്നത് റൂൾ 50 പ്രകാരം അനുവദനീയമല്ല. ഇക്കാര്യം കോടതിയുടെ പരിഗണനയിലിരിക്കുന്ന ഒരു വിഷയമായതിനാലും വിധി പറയാനിരിക്കുന്ന ഒരു വിഷയമായതിനാലും ഇതുസംബന്ധിച്ച് സഭയിൽ വീണ്ടും ഒരു ചർച്ചയുണ്ടാകുന്നത് യഥാർത്ഥത്തിൽ ആശാസ്യമല്ലായെന്നാണ് ചെയറിന്റെ അഭിപ്രായം. എന്നിരുന്നാലും ഇന്നലെ വന്നതായി പറയപ്പെടുന്ന പരാമർശവും ഈ വിഷയത്തിന്റെ പ്രാധാന്യവും പരിഗണിച്ച് അത് പരിഗണനയ്ക്കെടുക്കുകയാണ്.

---

* അനുബന്ധമായി ചേർക്കുന്നു.

സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ എം.ബി.ബി.എസ്. പ്രവേശനവും ഫീസും സംബന്ധിച്ച് ഹൈക്കോടതിയും സുപ്രീം കോടതിയും നൽകിയ നിർദ്ദേശങ്ങൾ കണക്കിലെടുക്കാതെ ഗവൺമെന്റും പൊതുപ്രവേശന പരീക്ഷാ കമ്മീഷണറും പുറപ്പെടുവിച്ചിട്ടുള്ള വിജ്ഞാപനങ്ങൾ സ്വാശ്രയ മെഡിക്കൽ പ്രവേശനം സങ്കീർണ്ണമാക്കിയിരിക്കുകയാണെന്നും വിദ്യാർത്ഥി താല്പര്യം കണക്കിലെടുക്കുമ്പോൾ ഗവൺമെന്റ് മറ്റെന്തൊക്കെയാണ് ചെയ്യുന്നതെന്നും ബഹുമാനപ്പെട്ട ഹൈക്കോടതി നടത്തിയ പരാമർശങ്ങൾമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന അതിരൂക്ഷമായ സ്ഥിതിഗതിയും മെഡിക്കൽ പ്രവേശനം സംബന്ധിച്ച് തുടരുന്ന അനിശ്ചിതാവസ്ഥയുംമൂലം വിദ്യാർത്ഥികൾക്ക് ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ആശങ്കകൾ സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ട് സർവ്വശ്രീ വി. ഡി. സതീശൻ, റ്റി. എ. അഹമ്മദ് കബീർ, അനൂപ് ജേക്കബ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്. .........(ബഹളം)...........

പ്രതിപക്ഷനേതാവ് (<u>ശ്രീ. രമേശ് ചെന്നിത്തല):</u> സർ, ശ്രീ. വി. ഡി. സതീശനും മറ്റ് അംഗങ്ങളുമാണ് നോട്ടീസ് കൊടുത്തിട്ടുള്ളത്. ഈ നോട്ടീസ് മുഖ്യമന്ത്രിക്കുള്ളതാണ്. കാരണം സംസ്ഥാനത്ത് ഗുരുതരമായ പ്രശ്നമാണ് നടക്കുന്നത്. ആരോഗ്യ വകുപ്പുമന്ത്രിയുടെ മറുപടി തൃപ്തികരമല്ല. കഴിഞ്ഞ തവണയും ഞങ്ങൾ ഇത് ഉന്നയിച്ചതാണ്. കേരളത്തിലെ ജനങ്ങളെ ബാധിക്കുന്ന, വിദ്യാർത്ഥികളെ ബാധിക്കുന്ന ഗുരുതരമായ ഈ പ്രശ്നം സംസ്ഥാന ഭരണത്തലവൻ എന്നുള്ള നിലയിൽ മുഖ്യമന്ത്രിയോടാണ് ഞങ്ങൾ ചോദിക്കുന്നത്. അതുകൊണ്ട് മുഖ്യമന്ത്രി മറുപടി പറയണം. ആരോഗ്യ വകുപ്പുമന്ത്രിയുടെ കെടുകാര്യസ്ഥതയാണ് പ്രധാനപ്പെട്ട കാരണം. ആരോഗ്യ വകുപ്പുമന്ത്രിയുടെ ഭാഗത്തുനിന്നുണ്ടായത് ഗുരുതരമായ വീഴ്ചയാണ്. അതുകൊണ്ട് ബഹുമാന്യനായ മുഖ്യമന്ത്രിയാണ് മറുപടി പറയേണ്ടത്.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെ ആവശ്യം അംഗീകരിക്കാനാവില്ല. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ആവശ്യപ്പെട്ടതു പ്രകാരം പ്രതിപക്ഷത്തിന് സഭയിൽ ഉന്നയിക്കാനുള്ള അവസരം നല്കുന്നതിൽ ചെയറിന് വിരോധമില്ല. ബന്ധപ്പെട്ട വകുപ്പുമന്ത്രിക്ക് ആ വകുപ്പുമായി ബന്ധപ്പെട്ട കാര്യങ്ങൾ സഭയിൽ വരുമ്പോൾ അതിന് മറുപടി പറയാനുള്ള ചുമതലയുണ്ട്, ബാദ്ധ്യതയുണ്ട്, അവകാശവുമുണ്ട്. .........(ബഹളം)...........

<u>ശ്രീ. രമേശ് ചെന്നിത്തല:</u> സർ, ഇന്നലെ ഞങ്ങൾ ഉന്നയിച്ച ചോദ്യം മുഖ്യമന്ത്രിയോടായിരുന്നു. ഇന്നലെ അദ്ദേഹം മറുപടി പറഞ്ഞു. ബാലാവകാശ കമ്മീഷനുമായി ബന്ധപ്പെട്ട പ്രശ്നത്തിൽ മന്ത്രിയുടെ ഗുരുതരമായ ഇടപെടലും സ്വാർത്ഥ താല്പര്യത്തിനും സംരക്ഷണത്തിനുംവേണ്ടി മന്ത്രി കൊണ്ടുവന്ന നടപടിക്കും ശക്തമായി ഞങ്ങൾ പ്രതിഷേധിച്ചപ്പോൾ മുഖ്യമന്ത്രിയാണ് മറുപടി

പറഞ്ഞത്. അന്ന് ആരോഗ്യ വകുപ്പുമന്ത്രി ഒരക്ഷരം മിണ്ടിയില്ല. അതുകൊണ്ടാണ് കേരള ഹൈക്കോടതി ഏറ്റവും ഗുരുതരമായ പരാമർശങ്ങൾ നടത്തിയിരിക്കുന്നത്. സർക്കാരിനെ മുൾമുനയിൽ നിർത്തിയിരിക്കുന്ന സംഭവമാണിത്. അതുകൊണ്ട് ബഹുമാന്യനായ മുഖ്യമന്ത്രി ഇതിന് മറുപടി പറയണമെന്ന് ഞങ്ങൾ വിനീതമായി അഭ്യർത്ഥിക്കുകയാണ്.

മി. സ്പീക്കർ: പ്രതിപക്ഷത്തിന് സഭയിൽ ഉന്നയിക്കാനുള്ള അവകാശമുണ്ട്. ഗവൺമെന്റിനുവേണ്ടി ആര് മറുപടി പറയണം, എന്ത് മറുപടി പറയണം എന്ന് നിർദ്ദേശിക്കാൻ ചെയറിന് അധികാരമില്ല. ചെയറിന് അധികാരമില്ലാത്ത ഒരു കാര്യം ചെയ്യാൻ ചെയറിനെ നിർബന്ധിക്കരുത്.

Shri Ramesh Chennithala: Sir, Through the Chair, I am requesting the Honourable Chief Minister to reply this. അതാണ് ആവശ്യമായിട്ടുള്ളത്. ഞങ്ങൾ മുഖ്യമന്ത്രിയോട് ചെയറിലൂടെയാണ് ആവശ്യപ്പെടുന്നത്.

Mr. Speaker: If it is necessary, he will do it.

Shri Ramesh Chennithala: Sir, ........ He has replied. So today also we are requesting the Honourable Chief Minister through you to reply this adjournment motion.

മി. സ്പീക്കർ: റൂൾ 50 പ്രകാരം നൽകിയ നോട്ടീസിൽ ആദ്യം ബന്ധപ്പെട്ട വകുപ്പുമന്ത്രി മറുപടി പറയും.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, 2017-18 വർഷത്തേയ്ക്ക് മെഡിക്കൽ കോളേജുകൾക്കായി അലോട്ട്മെന്റ് നടത്തുന്നതിൽ യാതൊരു വീഴ്ചയുമുണ്ടായിട്ടില്ല. കോടതിയുടെ നിർദ്ദേശമനുസരിച്ച് തന്നെയാണ്................(ബഹളം)...........

(ബഹുമാനപ്പെട്ട ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി മറുപടി പറയാൻ ആരംഭിച്ചപ്പോൾ മുഖ്യമന്ത്രി മറുപടി പറയണമെന്നാവശ്യപ്പെട്ട് പ്രതിപക്ഷാംഗങ്ങൾ സ്പീക്കറുടെ ഡയസ്സിനുമുന്നിൽ വന്നുനിന്ന് മുദ്രാവാക്യം വിളിക്കുകയും സഭാനടപടികൾ തടസ്സപ്പെടുത്തുകയും ചെയ്തുകൊണ്ടിരുന്നു).

മി. സ്പീക്കർ: ഇത് ശരിയല്ല. റൂൾ 50 പ്രകാരം നോട്ടീസ് കൊടുത്തിട്ട് മറുപടി കേൾക്കാതിരിക്കുന്നതിൽ എന്ത് അർത്ഥമാണുള്ളത്?.........(ബഹളം).......... ഇത് അങ്ങേയറ്റം മര്യാദകേടാണ്; പറയാതിരിക്കാൻ നിർവ്വാഹമില്ല. ബന്ധപ്പെട്ട വകുപ്പുമന്ത്രിക്ക് വന്ന നോട്ടീസിന് അഭിപ്രായം പറയാനും മറുപടി പറയാനും

പാടില്ലായെന്ന് പറയുന്നത് ശരിയല്ല. ഇത് ഒരുകാരണവശാലും അംഗീകരിക്കാൻ പറ്റില്ല. നിങ്ങൾ ചെയ്യുന്നത് തെറ്റാണ്. പ്രതിപക്ഷത്തിന്റെ എല്ലാ അവകാശങ്ങളും സംരക്ഷിക്കാൻ ചെയറിന് ബാധ്യതയുണ്ട്. ഇപ്പോൾ ചെയ്യുന്നത് തെറ്റാണ്; അത് അംഗീകരിക്കാൻ പറ്റില്ല. ബന്ധപ്പെട്ട വകുപ്പുമന്ത്രി മറുപടി പറയും, ആവശ്യമാണെങ്കിൽ പിന്നീട് മുഖ്യമന്ത്രിയും മറുപടി പറയും. ഗവൺമെന്റാണ് അതിൽ തീരുമാനമെടുക്കുക. ....പ്ലീസ്...... പ്ലീസ്..... നിങ്ങൾ സീറ്റുകളിലേക്ക് പോകുക.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ഇന്നലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി പറഞ്ഞത് രാജി വയ്ക്കണമെന്നുള്ള അടിയന്തരപ്രമേയത്തിനാണ്. ഇന്ന് രാജി വയ്ക്കണമെന്നല്ല; വിദ്യാഭ്യാസരംഗത്തെ അനിശ്ചിതാവസ്ഥ പരിഹരിക്കാനാണ്. അതിന് ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയാണ് മറുപടി പറയേണ്ടത്. അല്ലെങ്കിൽ അടിയന്തരപ്രമേയം നിങ്ങൾ പിൻവലിക്കൂ.

മി. സ്പീക്കർ: ഗവൺമെന്റിന്റെ നിലപാട് ആരോഗ്യ വകുപ്പുമന്ത്രി മറുപടി പറയണമെന്നല്ലേ? ഗവൺമെന്റിന്റെ അഭിപ്രായം പ്രതിപക്ഷം അംഗീകരിക്കണം. അത് കേട്ടതിനുശേഷം ആവശ്യമാണെങ്കിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി സംസാരിക്കും. അത് നിർവ്വാഹമില്ലാത്ത ഒരു കാര്യമാണ്. .........(ബഹളം).......... ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന് സംസാരിക്കണമെങ്കിൽ ഇത് നിർത്തണം. നിങ്ങൾ സീറ്റിൽ പോയിരുന്നാൽ അദ്ദേഹത്തിന് സംസാരിക്കാം......... (ബഹളം).......... അടിയന്തരപ്രമേയാവതരണത്തിന് എഴുതിത്തന്ന നോട്ടീസ് പ്രകാരം ലഘു മറുപടി ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി ശ്രീമതി കെ. കെ. ശൈലജ ടീച്ചർക്ക് നൽകാവുന്നതാണ്. നോട്ടീസ് നൽകിയവർക്ക് വേണമെങ്കിൽ അത് കേൾക്കാം. ദയവായി സീറ്റിൽ പോയി ഇരിക്കണം.

(യു.ഡി.എഫ്. അംഗങ്ങൾ സ്പീക്കറുടെ ഡയസിനുചുറ്റും നിന്ന് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, ഈ വർഷത്തെ സ്വാശ്രയ മെഡിക്കൽ കോളേജ് അലോട്ട്മെന്റുമായി ബന്ധപ്പെട്ട് സുപ്രീം കോടതിയുടെ നിർദ്ദേശം അനുസരിച്ചുള്ള നടപടിക്രമങ്ങളാണ് പൂർത്തീകരിച്ചത്. 2017-18 വർഷത്തേക്ക് മെഡിക്കൽ കോളേജുകളിൽ ആകെ

3113 സീറ്റുകളുള്ളതിൽ, ഗവൺമെന്റ് മെഡിക്കൽ കോളേജുകളിലെ 1063 സീറ്റുകളിൽ അലോട്ട്മെന്റ് പൂർത്തിയായിട്ടുണ്ട്. 898 സീറ്റുകളിൽ സ്വാശ്രയ മെഡിക്കൽ കോളേജുകളിലും അലോട്ട്മെന്റ് നടത്തിയിട്ടുണ്ട്. ഇനി നികത്താൻ ബാക്കിയുള്ള 1152 സീറ്റുകൾ കോടതിയുടെ പരിഗണനയിലുള്ള വിഷയമായതിനാൽ കോടതിവിധി അനുസരിച്ചുമാത്രമേ അലോട്ട്മെന്റ് നടത്താൻ സാധിക്കുകയുള്ളൂ. സ്പോട്ട് അലോട്ട്മെന്റിന്റെ ഭാഗമായി ആഗസ്റ്റ് 31-നുള്ളിൽ മുഴുവൻ അലോട്ട്മെന്റും പൂർത്തിയാകുന്നതാണ്. സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ സീറ്റ് മെട്രിക്സ് തന്നുമുറയ്ക്ക് എല്ലാ അലോട്ട്മെന്റുകളും പൂർത്തിയായിട്ടുണ്ട്. ബഹുമാനപ്പെട്ട സുപ്രീം കോടതി ഒരു അലോട്ട്മെന്റിനുകൂടി അവസരം നൽകിയിട്ടുണ്ട്. അതുംകൂടി നടത്താൻ സാധിക്കുമ്പോൾ ആഗസ്റ്റ് 31-നുള്ളിൽ കേരളത്തിലെ സ്വാശ്രയമേഖലയിലെ മുഴുവൻ അലോട്ട്മെന്റും കൃത്യമായും പൂർത്തിയാക്കാൻ സാധിക്കും. ഇക്കാര്യത്തിൽ ഗവൺമെന്റിന് യാതൊരു വീഴ്ചയും വന്നിട്ടില്ല. ആഗസ്റ്റ് 31-ആകുമ്പോൾ ഈ അലോട്ട്മെന്റ് പൂർത്തിയാകും. ഇന്നത്തെ കോടതിവിധിയോടെ എല്ലാ പ്രശ്നങ്ങളും പരിഹരിക്കപ്പെടുമെന്ന് കണ്ടിട്ടാണ് അതിന് കാത്തുനിൽക്കാതെ ഇന്ന് പ്രതിപക്ഷം ബഹളമുണ്ടാക്കുന്നത്.

<u>മി. സ്പീക്കർ</u>: ശ്രീ. വി. ഡി. സതീശൻ....(ബഹളം)...... ചെയറിന് അടുത്ത നടപടികളിലേക്ക് പ്രവേശിക്കേണ്ടി വരും. ബഹുമാനപ്പെട്ട ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി മറുപടി പറഞ്ഞിരിക്കുകയാണ്. ശ്രീ. വി. ഡി. സതീശന് അടിയന്തരപ്രമേയത്തിന് അനുമതി തേടികൊണ്ട് വിഷയം അവതരിപ്പിച്ച് സംസാരിക്കാം. ....(ബഹളം).....പ്ലീസ്, പ്ലീസ് ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തര പ്രമേയത്തിനുള്ള അവതരണാനുമതി നിഷേധിച്ചിരിക്കുന്നു. .... (ബഹളം)....

(നോട്ടീസ് നൽകിയ അംഗം സീറ്റിലില്ലാതിരുന്നതിനാൽ അടിയന്തരപ്രമേയം അവതരിപ്പിക്കപ്പെട്ടില്ല.)

## IV. ശ്രദ്ധ ക്ഷണിക്കൽ

### (1) കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ സ്വകാര്യവൽക്കരണം

<u>ശ്രീ. കെ. സുരേഷ് കുറുപ്പ്</u>: സർ, കൊച്ചിൻ ഷിപ്പ് യാർഡ്, എച്ച്.എൽ.എൽ. ലൈഫ് കെയർ (പഴയ ഹിന്ദുസ്ഥാൻ ലാറ്റക്സ്), ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ്, ഹിന്ദുസ്ഥാൻ ഓർഗാനിക് കെമിക്കൽസ് ലിമിറ്റഡ് തുടങ്ങിയ കേരളത്തിലെ പ്രധാനപ്പെട്ട പൊതുമേഖലാ സ്ഥാപനങ്ങൾ സ്വകാര്യവൽക്കരിക്കാൻ കേന്ദ്ര

ഗവൺമെന്റ് തീരുമാനമെടുത്തിരിക്കുകയാണ്. കേരളത്തിന്റെ അഭിമാനമായ പൊതുമേഖലാ സ്ഥാപനമാണ് കൊച്ചിൻ ഷിപ്പ് യാർഡ്. ഈ സ്ഥാപനം കേരളത്തിന് നിഷേധിച്ച അവസരത്തിൽ സഖാവ് എ.കെ.ജി.-യുടെ നേതൃത്വത്തിൽ നടന്ന ജനകീയ പ്രക്ഷോഭങ്ങളുടെ ഫലമായാണ് കൊച്ചിൻ ഷിപ്പ് യാർഡ് കൊച്ചിയിൽത്തന്നെ സ്ഥാപിക്കാൻ കേന്ദ്രഗവൺമെന്റ് നിർബന്ധിതമായത്. അതിനായി എറണാകുളം നഗരത്തിന്റെ ഹൃദയഭാഗത്തുള്ള കോടിക്കണക്കിന് രൂപ വിലമതിക്കുന്ന സ്ഥലം ആളുകളെ ഒഴിപ്പിച്ച് കേരള ഗവൺമെന്റ് കേന്ദ്ര ഗവൺമെന്റിന് എടുത്തുകൊടുത്തതാണ്. തുടങ്ങിയപ്പോൾ മുതൽ ലാഭത്തിൽ പ്രവർത്തിക്കുന്നൊരു സ്ഥാപനമാണ് കൊച്ചിൻ ഷിപ്പ് യാർഡ്. എയർക്രാഫ്റ്റ് ക്യാരിയർ ഉൾപ്പെടെ യുദ്ധക്കപ്പലുകളടക്കം നിർമ്മിക്കാൻ ശേഷിയുള്ള ഒരു സ്ഥാപനമാണ് കൊച്ചിൻ ഷിപ്പ് യാർഡ്. ഏറ്റവും നല്ല നിലയിൽ പ്രൊഫഷണലായി നടക്കുന്നൊരു പൊതുമേഖലാ സ്ഥാപനമാണിത്. കേന്ദ്ര ഗവൺമെന്റ് രണ്ട് ലക്ഷം കോടി രൂപ പ്രതിരോധ ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിക്കുന്നതിനായി വരുന്ന വർഷം ചെലവഴിക്കാൻ പോകുന്ന സമയത്ത് ഇന്ത്യയിൽ ഷിപ്പ് യാർഡ് ഉൾപ്പെടെ പ്രതിരോധ ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്ന 13 പൊതുമേഖലാ സ്ഥാപനങ്ങൾ സ്വകാര്യവൽക്കരിക്കുകയാണ്. അതിന്റെ ഉദ്ദേശം എന്താണ്? കേന്ദ്ര ഗവൺമെന്റ് വൻതോതിൽ പ്രതിരോധന ഉൽപ്പന്നങ്ങൾ വാങ്ങാൻ തീരുമാനിക്കുന്നു, അതേസമയംതന്നെ ഈ പ്രതിരോധ ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിക്കുന്ന മുഴുവൻ പൊതുമേഖലാ സ്ഥാപനങ്ങളും സ്വകാര്യവൽക്കരിക്കാനും തീരുമാനിക്കുന്നു. ..... (ബഹളം)... കേന്ദ്ര ഗവൺമെന്റ് ഇന്ത്യൻ നേവിക്കുവേണ്ടിയിട്ടുള്ള ലാന്റിംഗ് പ്ലാറ്റ്ഫോം ഡോക് നിർമ്മിക്കാൻ തീരുമാനിച്ചപ്പോൾ കൊച്ചിൻ ഷിപ്പ് യാർഡിനെ എന്തിനാണ് ഒഴിവാക്കിയത്? കൊച്ചിൻ ഷിപ്പ് യാർഡിനെ ടെണ്ടറിൽ പങ്കെടുപ്പിച്ചില്ല. പിന്നീട് അവർക്ക് ഇതിന്റെ ഓർഡർ കൊടുക്കാനും കേന്ദ്ര ഗവൺമെന്റ് തയ്യാറായില്ല. പൊതുമേഖലാ സ്ഥാപനമെന്ന നിലയിൽ സ്തുത്യർഹമായ സേവനം അനുഷ്ഠിക്കുകയും വളരെ പ്രൊഫഷണലായി മാനേജ് ചെയ്ത് മുന്നോട്ടുപോകുകയും ചെയ്യുന്ന കൊച്ചിൻ ഷിപ്പ് യാർഡിനെ സ്വകാര്യവൽക്കരിക്കാനുള്ള നീക്കം കേരളത്തിനെതിരാണ്; കേരളത്തിലെ ജനങ്ങൾക്കെതിരായ ഒരു വെല്ലുവിളിയാണ്. അതുപോലെതന്നെ ഹിന്ദുസ്ഥാൻ ലാറ്റക്സ് (എച്ച്.എൽ.എൽ. ലൈഫ് കെയർ എന്ന പേരിൽ ഇപ്പോൾ അറിയപ്പെടുന്ന സ്ഥാപനം) കഴിഞ്ഞ വർഷം മാത്രം 36 കോടി രൂപ ലാഭമുണ്ടാക്കിയ സ്ഥാപനമാണ്. തുടങ്ങിയതു മുതൽ ഇന്നുവരെ ലാഭമുണ്ടാക്കുകയും കേരളത്തിലെയും ഇന്ത്യയിലെയും ജനന നിയന്ത്രണ കാര്യങ്ങളിൽ ഏറ്റവും വലിയ സേവനമനുഷ്ഠിക്കുകയും ചെയ്ത സ്ഥാപനമാണ്. കേന്ദ്ര ഗവൺമെന്റ് ഇപ്പോൾ ഇത്

ഡൈവേഴ്സിഫൈ ചെയ്ത് മരുന്ന് ഉൽപ്പാദനം, ഹോസ്പിറ്റൽ എക്യുപ്മെന്റ്സ്, ആശുപത്രി മന്ദിരം തുടങ്ങിയവ നിർമ്മിക്കുന്ന സ്ഥിതിയാണ്. തിരുവനന്തപുരം മെഡിക്കൽ കോളേജിലെ മൾട്ടി സ്പെഷ്യാലിറ്റി യൂണിറ്റ് എല്ലാവരുടെയും പ്രശംസ പിടിച്ചുപറ്റിയതാണ്. അത് നിർമ്മിച്ചതും അതിന്റെ മേൽനോട്ടത്തിൽ നിർണ്ണായക പങ്ക് വഹിക്കുന്നതും എച്ച്.എൽ.എൽ. ലൈഫ് കെയറാണ്. എന്തിനാണ് ഈ സ്ഥാപനം സ്വകാര്യവൽക്കരിക്കുന്നത്; ഇതിനുവേണ്ട സ്ഥലവും കേരള ഗവൺമെന്റ് എടുത്ത് കൊടുത്തതല്ലേ? ലാഭത്തിലോടുന്ന ആ സ്ഥാപനത്തേയും സ്വകാര്യവൽക്കരിക്കാൻ പോകുകയാണ്. മൂന്നാമത്തേത് ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ഫാക്ടറിയാണ്. ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ഫാക്ടറിക്കുവേണ്ടി മാറിമാറി വന്ന കേരള ഗവൺമെന്റുകൾ ചെയ്തിട്ടുള്ളതുപോലുള്ള സേവനം ഒരു പൊതുമേഖലാ സ്ഥാപനത്തിനും കേരള ഗവൺമെന്റ് ചെയ്തിട്ടില്ല. പാവപ്പെട്ട കൃഷിക്കാരെയടക്കം മാറ്റിപാർപ്പിച്ചിട്ടാണ് ഏതാണ്ട് 700-ഓളം ഏക്കർ സ്ഥലം കേരള ഗവൺമെന്റ് പൈസ മുടക്കി എടുത്ത് കൊടുത്തിട്ടുള്ളത്. അതിനുവേണ്ട അസംസ്കൃത വസ്തു ഏറ്റവും കുറഞ്ഞ വിലയ്ക്കാണ് (ഒരു ടണ്ണിന് ആയിരം രൂപ) കേരള ഗവൺമെന്റ് കൊടുക്കുന്നത്. ഒരു ഗവൺമെന്റല്ല, മാറിമാറി വന്ന ഗവൺമെന്റുകൾ കൊടുത്തു. അങ്ങനെ എല്ലാതരത്തിലും കേരള ഗവൺമെന്റ് പിന്തുണക്കുകയും പൊതുമേഖലയിൽ നിലനിർത്തുന്നതിനുവേണ്ടി എല്ലാ സഹായവും ചെയ്യുന്നതുമാണ്. ഇവർക്കുവേണ്ടി കാപ്പി പ്ലാന്റേഷൻ കൊടുത്തു. അതും സ്വകാര്യ വൽക്കരിക്കുകയാണ്. എച്ച്.ബി.സി.-യുടെ കീഴിൽനിന്നും ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് മാറിയാലേ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റിന് സ്വതന്ത്രമായി നിൽക്കാനും പ്രവർത്തിക്കാനും കഴിയൂ. എച്ച്.ബി.സി.യുടെ മറ്റു യൂണിറ്റുകളെല്ലാം വലിയ നഷ്ടത്തിൽ പ്രവർത്തിക്കുകയാണ്. ഈ യൂണിറ്റ് ലാഭത്തിൽ പ്രവർത്തിക്കുന്ന യൂണിറ്റാണ്. കേന്ദ്ര ഗവൺമെന്റ് ന്യൂസ് പ്രിന്റിന്റെ ഇറക്കുമതി തീരുവ കുറച്ചിട്ടുപോലും എച്ച്.എൽ.എൽ. യൂണിറ്റിനെ ലാഭത്തിൽ കൊണ്ടുവരാൻ നമുക്ക് കഴിയുന്നതാണ്. ഇത് സ്വകാര്യവൽക്കരിക്കേണ്ട കാര്യമില്ല.

മി. സ്പീക്കർ: യെസ്, പ്ലീസ് കൺക്ലൂഡ്.

ശ്രീ. കെ. സുരേഷ് കുറുപ്പ്: സർ, അതുപോലെ തന്നെ ഹിന്ദുസ്ഥാൻ ഓർഗാനിക് കെമിക്കൽസ്. തൊട്ടപ്പുറത്തുള്ള കൊച്ചിൻ റിഫൈനറിയിൽനിന്നും ലഭിക്കുന്ന അസംസ്കൃത വസ്തുക്കൾ ഉപയോഗിച്ചാണ് ഹിന്ദുസ്ഥാൻ ഓർഗാനിക് കെമിക്കൽസ് പ്രവർത്തിക്കുന്നത്.... (ബഹളം).....

മി.സ്പീക്കർ: ശ്രീ. വി. ടി. ബൽറാം, ശ്രീ. അൻവർ സാദത്ത്, ചെയറിനെ മറച്ചുകൊണ്ടുള്ള നിങ്ങളുടെ ഈ പരിപാടി സ്ഥിരമായിട്ടുള്ളതാണ്. സഭയിൽ മിസ്ബിഹേവ് ചെയ്താൽ പെരുമാറേണ്ടതെങ്ങനെയെന്നത് സംബന്ധിച്ചും ചട്ടമുണ്ട്. ഞാൻ ഓർമ്മിപ്പിക്കുകയാണ്.

ശ്രീ. കെ. സുരേഷ് കുറുപ്പ്: സർ, ഇന്ന് കൊച്ചിൻ റിഫൈനറിയും അതിനുചുറ്റുമുള്ള സ്ഥലങ്ങളും ഒരു പെട്രോ കെമിക്കൽസ് ഹബ്ബ് ആയി മാറുകയാണ്. അതെല്ലാം പൊതുമേഖലയിൽ വരികയാണ്. കൊച്ചിൻ റിഫൈനറിയുടെ എക്സ്പാൻഷന്റെ ഭാഗമായി വരുന്ന സ്ഥാപനങ്ങൾ, അതിനിടയിൽ ഹിന്ദുസ്ഥാൻ ഓർഗാനിക് കെമിക്കൽസിന് ശോഭനമായ ഭാവിയാണുള്ളത്. എന്തിനാണ് ആ സ്ഥാപനം സ്വകാര്യവൽക്കരിക്കുന്നത്. അങ്ങനെ കേരളത്തിൽ പ്രവർത്തിക്കുന്ന കൈവിരലിൽ എണ്ണാവുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ, ഇതിനെല്ലാം കേരള ഗവൺമെന്റ് എല്ലാവിധ സഹായങ്ങളും നൽകിയിട്ടുണ്ട്; സ്ഥലം ഏറ്റെടുത്ത് കൊടുത്തിട്ടുണ്ട്; എല്ലാ തരത്തിലുള്ള പിന്തുണയും കൊടുത്തിട്ടുണ്ട്. കൊച്ചിൻ ഷിപ്പ് യാർഡ്, ഹിന്ദുസ്ഥാൻ ഓർഗാനിക് കെമിക്കൽസ് ലിമിറ്റഡ്, എച്ച്.എൽ.എൽ ലൈഫ് കെയർ ഇവയെല്ലാം സ്വകാര്യവൽക്കരിക്കാനുള്ള ശ്രമം നടക്കുകയാണ്. ഇതിനെതിരായി ശക്തമായ നിലപാട് കേരളത്തിലെ ജനങ്ങൾ എടുത്തിട്ടുണ്ട്. ഇക്കാര്യത്തിൽ കേരള ഗവൺമെന്റ് കേന്ദ്ര ഗവൺമെന്റിൽ ശക്തമായ സമ്മർദ്ദം ചെലുത്തണമെന്നാണ് എനിക്ക് പറയാനുള്ളത്.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് തുടർന്നുള്ള സഭാനടപടികൾ ബഹിഷ്കരിക്കുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് സ്പീക്കറുടെ ഡയസ്സിനുമുമ്പിൽ നിന്ന് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്ന യു.ഡി.എഫ്. അംഗങ്ങൾ സഭ ബഹിഷ്കരിച്ചു.)

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, കേരളത്തിലെ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ അടച്ചുപൂട്ടാനും സ്വകാര്യവൽക്കരിക്കാനുമുള്ള ശ്രമം കുറച്ചുവർഷങ്ങളായി നടന്നുവരുന്നുണ്ട്. ഇതിനെതിരെയുള്ള കേരളത്തിന്റെ ആശങ്ക കേന്ദ്രസർക്കാരിനെ പലതവണ അറിയിച്ചിട്ടുള്ളതാണ്. കേന്ദ്രസർക്കാർ അനുവർത്തിച്ചുവരുന്ന ആഗോളവത്ക്കരണനയങ്ങൾ പൊതുമേഖലാ സ്ഥാപനങ്ങളുടെ നിലനിൽപ്പിനുതന്നെ ഭീഷണിയാണ്. ഇത്തരം നയങ്ങൾ തുടരുന്നതിന്റെ ഫലമായി അടച്ചുപൂട്ടപ്പെടുന്ന സ്ഥാപനങ്ങൾ തുറക്കുന്നതിനുള്ള ബദൽ നയങ്ങളാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുള്ളത്. അതിന്റെ ഭാഗമായാണ് പാലക്കാട്ടെ ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡിനെ സംരക്ഷിച്ചു നിർത്താനുള്ള നടപടി സ്വീകരിച്ചത്. ഇത്തരം സ്ഥാപനങ്ങളെ സംരക്ഷിക്കുന്നതിന് സംസ്ഥാനത്തിന് കഴിയാവുന്ന കാര്യങ്ങൾ ചെയ്തുവരുന്നു. ബഹുമാന്യനായ അംഗം ചൂണ്ടിക്കാണിച്ച സ്ഥാപനങ്ങളുടെ കാര്യത്തിൽ സംസ്ഥാനത്തിന് അതീവമായ ഉത്കണ്ഠ തന്നെയാണുള്ളത്. കൊച്ചിൻ ഷിപ്പ്‌യാർഡ് സ്വകാര്യവൽക്കരിക്കുന്നതിനുള്ള നീക്കവുമായി ബന്ധപ്പെട്ട് കേന്ദ്രമന്ത്രിയെ കാണുകയും അത് തടയണമെന്ന്

ആവശ്യപ്പെടുകയും ചെയ്തിരുന്നു. പക്ഷേ ഒരു ഭാഗം ഷെയറുകൾ വിൽക്കുന്നതിനുള്ള സമീപനം തന്നെയാണ് സ്വീകരിച്ചത്. ഇവിടെ കൊച്ചിൻ ഷിപ്പ്‌യാർഡിനെക്കുറിച്ച് ബഹുമാന്യനായ അംഗം ചൂണ്ടിക്കാണിച്ച കാര്യം വളരെ ശരിയാണ്. മത്സരത്തിൽ പങ്കെടുക്കാൻപോലും അവസരം നിഷേധിക്കുന്ന നിലപാടാണ് സ്വീകരിച്ചത്. അത് കൊച്ചിൻ ഷിപ്പ്‌യാർഡിന്റെ ഭാവി പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്ന സ്ഥിതിയാണ് ഉണ്ടാക്കിയിട്ടുള്ളത്. എന്നാൽ ഇതുമായി ബന്ധപ്പെട്ട് കേന്ദ്ര ഗവൺമെന്റിനെ സമീപിച്ച ഘട്ടത്തിൽ കൊച്ചിൻ ഷിപ്പ്‌യാർഡ് വികസിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തുമെന്നാണ് അവർ ഉറപ്പിച്ചു പറയുന്നത്. ഓഹരി വിറ്റതിൽ പ്രതിഷേധമുണ്ടെങ്കിലും ആ വാഗ്ദാനം ഇനിയെങ്കിലും പാലിച്ചുകിട്ടുമോയെന്ന ശ്രമമാണ് സംസ്ഥാന സർക്കാർ തുടർന്ന് നടത്താൻ ശ്രദ്ധിക്കുന്നത്. അതുപോലെതന്നെ എച്ച്.എൽ.എൽ.-നെയും എച്ച്.ഒ.സി.-യെയും സംബന്ധിച്ച് ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചത് നമ്മുടെ സംസ്ഥാനത്ത് അതീവ ഉത്കണ്ഠയുണ്ടാക്കുന്ന കാര്യങ്ങളാണ്. ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡിനെ കേന്ദ്ര ഖനവ്യവസായ വകുപ്പിനുകീഴിൽ സ്വതന്ത്ര സ്ഥാപനമായി നിലനിർത്തണമെന്നും കടബാദ്ധ്യത തീർക്കാൻ 100 കോടി രൂപ ഗ്രാന്റായോ വായ്പയായോ അനുവദിക്കണമെന്നും പ്രധാനമന്ത്രിക്ക് കത്ത് അയച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ 2017 മാർച്ച് 13-ന് നിയമസഭ ഐകകണ്ഠ്യേന പ്രമേയവും പാസ്സാക്കിയിട്ടുണ്ട്. കൊച്ചിയിലെ ഹിന്ദുസ്ഥാൻ ഓർഗാനിക് കെമിക്കൽസ് ലിമിറ്റഡിന്റെ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കാനായി കമ്പനി ഭൂമി ബി.പി.സി.എൽ.-ന് പണയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതായി അറിയാൻ കഴിഞ്ഞു. കെ.എസ്.ഇ.ബി., വാട്ടർ അതോറിറ്റി എന്നിവയ്ക്ക് കമ്പനി നൽകേണ്ട കുടിശ്ശിക അടയ്ക്കുന്നതിന് സമയം അനുവദിക്കണമെന്ന ആവശ്യം പരിശോധിച്ചുവരികയാണ്. കഞ്ചിക്കോട് ഭാരത് എർത്ത് മൂവേഴ്സ് ലിമിറ്റഡിന്റെ ഓഹരികളും വിൽക്കാനുള്ള നീക്കങ്ങൾ നടക്കുന്നുണ്ട്. കേന്ദ്ര സർക്കാരിന്റെ തെറ്റായ ഇറക്കുമതിനയവും ഓഹരി വിറ്റഴിക്കലും പൊതുമേഖലയിൽ കേന്ദ്ര നിക്ഷേപം കുറയുന്നതുമെല്ലാം പൊതുമേഖലാ സ്ഥാപനങ്ങളെ രൂക്ഷമായ പ്രതിസന്ധിയിലേയ്ക്ക് തള്ളിവിടുകയാണ്. എന്നാൽ പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങളെ സംരക്ഷിക്കുന്നതിനുള്ള എല്ലാ ശ്രമങ്ങളും സർക്കാർ നടത്തും.

<u>ശ്രീ. കെ. സുരേഷ് കുറുപ്പ്</u>: സർ, കേരളത്തിലെ ഒരു രാഷ്ട്രീയ പാർട്ടിയും ബി.എം.എസ്. ഉൾപ്പെടെയുള്ള ഒരു ട്രേഡ് യൂണിയനും ഈ സ്വകാര്യവൽക്കരണത്തെ അനുകൂലിക്കുന്നില്ല. അത് കണക്കിലെടുത്ത്, ഇക്കാര്യത്തിൽ ഒരു നിവേദനം നൽകുന്നതിനും ഇത് നിർത്തിവയ്ക്കണമെന്ന് ആവശ്യപ്പെടുന്നതിനും ഒരു സർവ്വകക്ഷി സംഘം കേന്ദ്രത്തിൽ പോകുന്നതിനെക്കുറിച്ച് ആലോചിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, സർവ്വകക്ഷി സംഘം കേന്ദ്രത്തിൽ പോയതുകൊണ്ട് കേരളത്തിന്റെ വികാരം പ്രതിഫലിപ്പിക്കാമെന്ന് മാത്രമേയുള്ളു. കേരളത്തിന്റെ വികാരം ഇപ്പോഴും നല്ലരീതിയിൽ അവിടെ പ്രതിഫലിപ്പിച്ചിട്ടുണ്ട്. അതിനുള്ള ശ്രമങ്ങൾ നമ്മുടെ എം.പി.-മാർ കൂട്ടായി നടത്തുന്നുണ്ട്. അതിനപ്പുറം ഒരു സർവ്വകക്ഷി സംഘം പോകുന്നതിനെക്കുറിച്ച് ഇപ്പോൾ ആലോചിച്ചിട്ടില്ല. അക്കാര്യത്തിൽ സർക്കാരിന് വിപരീത നിലയൊന്നുമില്ല.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

## (2) സമഗ്ര കാർഷികനയം

ഡോ. എൻ. ജയരാജ്: സർ, കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ കർഷകരോടുകാണിക്കുന്ന കർഷകദ്രോഹ നിലപാടുകൾ മാറ്റണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കേരള കോൺഗ്രസ് പാർട്ടി ഇന്ന് സെക്രട്ടേറിയറ്റ് നടയിൽ ധർണ്ണ സംഘടിപ്പിച്ചിരിക്കുന്ന ഈ ദിവസംതന്നെ സമഗ്രമായ കാർഷികനയം നടപ്പാക്കണമെന്ന ആവശ്യം സഭയിൽ ഉന്നയിക്കാൻ കഴിഞ്ഞതിൽ ഏറെ സന്തോഷമുണ്ട്. 1992-ലാണ് കേരളം ആദ്യമായി ഒരു കാർഷിക നയത്തിന് രൂപം നൽകുന്നത്. അതിന്റെ ഗുണപരമായ നേട്ടങ്ങൾ കുറെയൊക്കെ ഈ മേഖലയിൽ കൊണ്ടുവരാൻ കഴിഞ്ഞെങ്കിലും ഏറെ പ്രതിസന്ധികളിലൂടെയാണ് നമ്മുടെ കാർഷികമേഖല മുന്നോട്ടുപോകുന്നത്. കൃഷിഭൂമിയുടെ കുറവ്, ഉല്പാദന ക്ഷമതയില്ലായ്മ, തുണ്ടുകളാക്കപ്പെടുന്ന ഭൂമി, വരുമാനത്തിന്റെ സുരക്ഷിതത്വമില്ലായ്മ, ഉല്പാദനത്തിലെ അനിശ്ചിതത്വം, വിപണിയിലെ പോരായ്മകൾ, പുതിയ തലമുറയ്ക്ക് കൃഷിയോടുള്ള വിരക്തി തുടങ്ങി ഒട്ടേറെ വെല്ലുവിളികൾ നമ്മുടെ കാർഷികമേഖല ഇന്ന് അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. 2015-ൽ ഈ സഭയിലെ അംഗവും കാർഷിക വിദഗ്ദ്ധനുമായ ശ്രീ. കെ. കൃഷ്ണൻകുട്ടി അവർകളുടെ നേതൃത്വത്തിൽ ഒരു വിദഗ്ദ്ധ സമിതിയെ കഴിഞ്ഞ ഗവൺമെന്റ് നിയമിച്ചതിന്റെ അടിസ്ഥാനത്തിൽ കാർഷിക വികസനനയം രൂപരേഖയായി തയ്യാറാക്കി സംസ്ഥാന ഗവൺമെന്റിന് നൽകി. 28-3-2015-ൽ കൃഷി വകുപ്പ് ഇതുസംബന്ധിച്ച ഉത്തരവിറക്കുകയും ചെയ്തു. എന്നാൽ കാർഷിക അനുബന്ധമേഖലകളുടെ സമഗ്രവളർച്ചയ്ക്ക് ഉതകുന്ന 322 നിർദ്ദേശങ്ങൾ അടങ്ങിയ പ്രസ്തുത നയരേഖ ഇതുവരെ നടപ്പാക്കാൻ കഴിഞ്ഞിട്ടില്ലെന്നതാണ് ഏറ്റവും ദുഃഖകരമായ കാര്യം. കൃഷിയുമായി ബന്ധപ്പെട്ട നയങ്ങൾ, ജലബന്ധിത നയങ്ങൾ, മണ്ണിനെ സംബന്ധിക്കുന്ന നയങ്ങൾ, കാലാവസ്ഥയേയും പ്രകൃതിയേയും സംബന്ധിക്കുന്ന നയങ്ങൾ, നീർമറി വികസന സമീപനവുമായി ബന്ധപ്പെട്ട നയങ്ങൾ, പ്രതിസന്ധിയിലായ കർഷകർക്ക് ആശ്വാസമേകാനുള്ള നയങ്ങൾ ഉൾപ്പെടെ ആ മേഖലയുമായി ബന്ധപ്പെട്ട മുന്നൂറ്റി ഇരുപത്തിരണ്ട് സമഗ്രനിർദ്ദേശങ്ങളാണ് അതിൽ ഉൾപ്പെടുത്തിയിരുന്നത്.

38.86 ലക്ഷം ഹെക്ടർ വിസ്തൃതിയുള്ള കേരളത്തിൽ 20.71 ലക്ഷം ഹെക്ടർ അതായത് ഈ സംസ്ഥാനത്തിന്റെ മൊത്തം ഭ്രവിസ്തൃതിയുടെ 53.3 ശതമാനം സ്ഥലം മാത്രമാണ് ഇപ്പോൾ കൃഷിക്ക് ഉപയുക്തമായിട്ടുള്ളത്. 1970-71 കാലഘട്ടത്തിൽ ആഭ്യന്തര ഉല്പാദനത്തിന്റെ ഏതാണ്ട് 49.44 ശതമാനമായിരുന്ന നമ്മുടെ കൃഷിയുടെ പങ്ക് എങ്കിൽ 2015-16 ആയപ്പോൾ 10.38 ശതമാനമായി കുറഞ്ഞു. 2011-12 വർഷത്തെ കണക്കുപ്രകാരം കൃഷി അനുബന്ധ പ്രവർത്തനങ്ങളുടെ വളർച്ച ഏതാണ്ട് 1.43 ശതമാനമായിരുന്നത്, (-)2.29 ശതമാനമായി കുറഞ്ഞു. കാർഷിക ഉല്പാദനരംഗത്ത് ഒരു കാലഘട്ടത്തിലുണ്ടായിരുന്ന നമ്മുടെ ഇടപെടൽ കുറഞ്ഞുവന്നുവെന്നതാണ് ഇത് സൂചിപ്പിക്കുന്നത്. കാർഷികമേഖലയിലെ ഈ സ്തംഭനാവസ്ഥയും ഉല്പന്നങ്ങളുടെയും ഉല്പാദന ഉപാധികളുടെയും വിലയിലെ ചാഞ്ചാട്ടങ്ങളും കാലാവസ്ഥാ വ്യതിയാനങ്ങൾ ഉൾപ്പെടെയുള്ള ആഘാതങ്ങളെയും ചെറുക്കാൻ നമുക്ക് ഇന്നും കഴിഞ്ഞിട്ടില്ല. അതുകൊണ്ടുതന്നെ ഈ മേഖലയിലെ നിക്ഷേപം വർദ്ധിപ്പിക്കുന്ന പച്ചക്കറി ഉൾപ്പെടെയുള്ള മേഖലകളിൽ സ്വയംപര്യാപ്തത കൈവരിക്കുന്ന ഗവേഷണ വ്യാപന പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്ന സുസ്ഥിരമായ ഒരു കാർഷികനയം ആവിഷ്കരിക്കേണ്ടത് ഈ കാലഘട്ടത്തിന്റെ ആവശ്യമാണ്. വർത്തമാനകാലത്തിൽ ഈ മേഖലയിൽ പുതിയ താളങ്ങളും ഈണങ്ങളും രചിക്കുന്ന രചനാത്മകമായ ഒട്ടേറെ പ്രവർത്തനങ്ങളിൽ കൃഷിവകുപ്പും ബഹുമാന്യനായ മന്ത്രിയും ഇടപെടുന്നുണ്ട്. നമ്മുടെ പച്ചപ്പിന്റെ പഴയകാല വസന്തങ്ങളിലേയ്ക്ക് തിരിച്ചുവരാനുള്ള ഒരു തേക്കുപാട്ടിന്റെ ഈണം വളരെ അവ്യക്തമായി അവിടെയും ഇവിടെയും കേൾക്കുന്നുമുണ്ട്. അതിനെ പൂർണ്ണമാക്കാൻ, ആ പ്രതീക്ഷകളുടെ പുലർകാലത്തിലും ഈ ആശങ്കകളൊക്കെ വേട്ടയാടുന്നുവെന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. അതുകൊണ്ടുതന്നെ കാർഷിക സമൃദ്ധിയുടെ തിരിച്ചുവരവിനെ, നമുക്ക് ചുറ്റുമുള്ള ഒട്ടേറെ പ്രതിബന്ധങ്ങളെ തരണം ചെയ്യുവാൻ, ഈ ആകുലതകളെ ഇല്ലാതാക്കാൻ സാധിക്കുന്ന തരത്തിലുള്ള സമഗ്രമായ കാർഷികനയമാണ് ആവശ്യമായിട്ടുള്ളത്. പുതിയ കാലഘട്ടത്തിൽ അവസരങ്ങളുടെ ഒട്ടേറെ വാതായനങ്ങൾ കാർഷിക മേഖലയിലുണ്ട്. പക്ഷേ കാഴ്ചപ്പാടുകൾ മാറുകയും ഗവേഷണ വികസന വിജ്ഞാപന വ്യാപന സംസ്കരണ വിപണന മേഖലയെ ഏകോപിപ്പിക്കുകയും പരമ്പരാഗത നാട്ടറിവുകളുടെയും പുതിയ സാങ്കേതികവിദ്യയുടെയും സഹായത്തോടെ കാർഷിക രംഗത്തെ കുറെക്കൂടി ഊർജ്ജസ്വലമാക്കേണ്ട കാലഘട്ടത്തിലൂടെയാണ് നമ്മൾ കടന്നുപോകുന്നത്. ഈ കാർഷികവികസന നയത്തിൽ കർഷകർ ഈ മേഖലയിൽ നിലനിൽക്കാൻവേണ്ടി ഏറ്റവും പ്രാധാന്യത്തോടുകൂടി പറഞ്ഞത് ലാഭവിഹിതത്തെക്കുറിച്ചാണ്. നൂറ്റാണ്ടുകളുടെ തപസ്യയിലൂടെ കൈമാറ്റം ചെയ്യപ്പെടുന്ന പ്രവൃത്തിപരിചയത്തിന്റെ സൂക്ഷിപ്പുകാരനാണ് ഒരു യഥാർത്ഥ

കർഷകൻ. സമൂഹത്തിന്റെയും രാജ്യത്തിന്റെയും പുരോഗതിക്കുവേണ്ടി നൽകുന്ന അത്തരം സംഭാവനകളിലൂടെ അനുഭവിക്കുന്ന സാമ്പത്തിക അഭിവൃദ്ധിയുടെ ഒരു പങ്ക് കർഷകന് നൽകാൻ സമൂഹത്തിന് കഴിയണം. തന്റെ ഉല്പന്നത്തിനുണ്ടാകുന്ന ലാഭത്തിന്റെ വിഹിതം നിയമപരമായ അവകാശമായി കൃഷിക്കാരന് ലഭിക്കുന്ന ഒരു നയം നമ്മുടെ സംസ്ഥാനത്ത് രൂപീകരിക്കണം. കൃഷിഭൂമിയുടെയും ജലസ്രോതസ്സുകളുടെയും സംരക്ഷണം നിയമംമൂലം ഉറപ്പാക്കുവാൻ കഴിയണം. കൃഷിഭൂമിയെ മറ്റാവശ്യങ്ങൾക്കുവേണ്ടി ഉപയോഗിക്കുകയും അന്യാധീനപ്പെടുത്തുകയും ചെയ്യുന്ന പ്രവണതകൾക്കെതിരെ ശക്തമായ നിയമ നിർമ്മാണം ഈ മേഖലയിൽ കൊണ്ടുവരികയും ആവശ്യമായ ശിക്ഷ നടപ്പാക്കുകയും വേണമെന്നതുമാണ് മറ്റൊരു നിർദ്ദേശമായി എനിക്ക് മുന്നോട്ടുവയ്ക്കാനുള്ളതത്. കാർഷിക ഉൽപ്പന്നങ്ങളുടെ വിലസ്ഥിരത ഉറപ്പാക്കുന്നതിനും കാലാനുസൃതമായി ഉൽപ്പാദനച്ചെലവും വിലയും തമ്മിലുള്ള ന്യായമായ അന്തരം കൃഷിക്കാരനുതന്നെ ലഭിക്കുന്നുവെന്ന് ഉറപ്പാക്കാനും ഒരു വിലനിർണ്ണയ അതോറിറ്റിയെ നിയമിക്കണമെന്നുള്ളതാണ് മറ്റൊരു പ്രധാനപ്പെട്ട നിർദ്ദേശം. കൃഷിക്കാരന് നിയമപരമായ പരിരക്ഷ ഉറപ്പുവരുത്തണം. ഭക്ഷ്യസുരക്ഷാ നിയമം പോലെ തന്നെ ശക്തമായ കൃഷി സുരക്ഷാ നിയമം ഈ രാജ്യത്ത് കൊണ്ടുവരാൻ ബഹുമാനപ്പെട്ട ഗവൺമെന്റ് തയ്യാറാകണം. നമ്മുടെ കാർഷിക രംഗം പുതിയ തലങ്ങളിലേക്ക് മാറുകയാണ്. നിലനിൽപ്പിനുള്ള മാർഗ്ഗത്തിനപ്പുറം പുതിയ രൂപഭാവങ്ങളുടെ പരിവർത്തന ദശയിലാണ് നമ്മൾ. അതുകൊണ്ടുതന്നെ ഒരു കാർഷിക ബജറ്റ് പ്രത്യേകമായി അവതരിപ്പിക്കണമെന്നുള്ള നിർദ്ദേശം കൂടി ഞാൻ മുന്നോട്ടുവയ്ക്കുകയാണ്. കാർഷിക സെസ് എന്ന ആശയം നടപ്പാക്കണം. ഇതുമായി ബന്ധപ്പെട്ട് ചില ചർച്ചകൾ നടന്നിരുന്നു. ജി.എസ്.ടി. നിയമം വന്നതുകൊണ്ട് സെസ് നടപ്പാക്കാൻ കഴിയുകയില്ല എന്നുള്ള വാദങ്ങൾ ചില ഭാഗത്ത് ഉയർന്നിരുന്നു. The Taxation Laws (Amendment) Act പ്രകാരം രാജ്യത്ത് 13 സെസ്സുകൾ നിർത്തലാക്കി. പക്ഷേ ഏതാണ്ട് ഏഴ് സെസ്സുകൾ ഇനിയും നിലവിലുണ്ട്. കാർഷിക മേഖലയിൽ സെസ് ഏർപ്പെടുത്തിക്കൊണ്ട് അതിന്റെ അടിസ്ഥാനത്തിൽ കർഷകർക്കുള്ള അവകാശലാഭം ലഭ്യമാക്കുന്നതിനുള്ള പണം കണ്ടെത്താൻ കഴിയുമെന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. ഇതുമായി ബന്ധപ്പെട്ടുകൊണ്ട് വളരെ ഗൗരവമായ ചർച്ചകൾ ഉണ്ടാകണമെന്ന് സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്.

അതോടൊപ്പംതന്നെ കാർഷിക സെസ് പ്രാവർത്തികമാക്കാൻ നിലവിലുള്ള ജി.എസ്.ടി. നിയമം തടസ്സമാണെന്നുള്ള വാദം തെറ്റാണെന്ന് ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുകയാണ്. 2017-ൽ The Taxation Laws (Amendment) Act പ്രകാരം 13 സെസ്സുകൾ നിർത്തലാക്കിയെങ്കിലും വിദ്യാഭ്യാസ സെസ് ഉൾപ്പെടെയുള്ള ഏഴ് സെസ്സുകൾ ഇപ്പോഴും നിലവിലുണ്ട്. നമ്മുടെ സംസ്ഥാനം ആവശ്യപ്പെട്ടാൽ

കാർഷിക സെസ് ഉറപ്പായും നടപ്പാക്കാൻ കഴിയുമെന്ന് ഞാൻ വിശ്വസിക്കുകയാണ്. വൈജാത്യങ്ങൾ നിറഞ്ഞ കാർഷിക ഭ്രമിയിൽ ഗവേഷണ പഠനങ്ങൾ ഇപ്പോഴും ബാല്യാവസ്ഥയിലാണ്. ആഴത്തിലും പരപ്പിലുമുള്ള കാർഷിക വിദ്യാഭ്യാസ പ്രവർത്തനങ്ങൾ അക്കാദമിക വ്യായാമത്തിനപ്പുറം കൃഷിയിടങ്ങളിലെ ആത്മാവിൽ സ്പന്ദനമുളവാക്കുന്ന ഊർജ്ജസ്രോതസ്സുകളാക്കണം. അതിനുള്ള സംവേദന പ്രവർത്തനങ്ങൾ എല്ലാ തലങ്ങളിൽ നിന്നുമുണ്ടാകണം. കാർഷിക വിദ്യാഭ്യാസം അടിസ്ഥാന വിദ്യാഭ്യാസമെന്ന നിലയിൽ പാഠ്യപദ്ധതിൽ ഉറപ്പാക്കാൻ കഴിയണം. കൃഷിയെ ലാഭകരമായ തൊഴിലാക്കി മാറ്റാനും കർഷകന് അന്തസ്സും മാന്യതയുമുള്ള സ്ഥാനം ഉറപ്പിക്കാനും ഉത്പാദനക്ഷമതയിലൂടെ ആരോഗ്യകരമായ ഉത്പന്നങ്ങളുടെ ലഭ്യത ഉറപ്പാക്കാനും മെച്ചപ്പെട്ട ജീവിത സാഹചര്യം ഉറപ്പാക്കാനും പുതിയ തലമുറയുടെ ഹൃദയത്തുടിപ്പുകൾ കേരളത്തിന്റെ കാർഷിക മേഖലയുടെ താളമാകുവാനും പുതിയ വെല്ലുവിളികളെ സധൈര്യം ഏറ്റെടുക്കാനും കാർഷിക മേഖലയെ പ്രാപ്തമാക്കാനും ഒരു സമഗ്ര കാർഷിക നയം സർക്കാർ ആവിഷ്കരിച്ച് സമയബന്ധിതമായി നടപ്പാക്കാൻ ശ്രമിക്കണമെന്നുള്ള ആവശ്യം ഈ ശ്രദ്ധ ക്ഷണിക്കലിലൂടെ ഞാൻ മുന്നോട്ടുവയ്ക്കുകയാണ്.

10.00 AM]

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, ബഹുമാനപ്പെട്ട അംഗം ഡോ. എൻ. ജയരാജ് കാർഷിക മേഖലയുമായി ബന്ധപ്പെട്ടുകൊണ്ട് ഒരുപാട് ആശയങ്ങൾ ഉൾക്കൊള്ളുന്ന ഒരു ശ്രദ്ധ ക്ഷണിക്കലാണ് ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്.അദ്ദേഹം പറഞ്ഞതിൽ പല കാര്യങ്ങളും ഗവൺമെന്റിനും വകുപ്പിനും യോജിപ്പുള്ളവയാണ്. കേരളത്തിൽ മാത്രമല്ല ഇന്ത്യയിൽ പൊതുവെ കാർഷിക മേഖലയിൽ ഒരുപാട് പ്രശ്നങ്ങൾ നിലനിൽക്കുന്നുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ നയംമൂലം മറ്റ് സംസ്ഥാനങ്ങളിലെ പതിനായിരക്കണക്കിന് കർഷകരാണ് ആത്മഹത്യ ചെയ്തുകൊണ്ടിരിക്കുന്നത്. കണക്കുകൾതന്നെ ഞെട്ടിപ്പിക്കുന്നവയാണ്. മഹാരാഷ്ട്ര, യു.പി. അടക്കമുള്ള സംസ്ഥാനങ്ങളിലെ ഗ്രാമങ്ങളിൽ വ്യാപകമായി ആയിരക്കണക്കിനാളുകളാണ് ആത്മഹത്യ ചെയ്തുകൊണ്ടിരിക്കുന്നത് എന്നുള്ള കണക്കുകളാണ് വന്നുകൊണ്ടിരിക്കുന്നത്. ഈ നയം കേരളത്തിലെ കൃഷിക്കാരെയും ഒരു പരിധിവരെ ബാധിച്ചു കൊണ്ടിരിക്കുന്നുവെന്നുള്ളതിന്റെ ഉദാഹരണമാണ് റബ്ബർ കൃഷിയിലും നാണ്യവിള കൃഷിയിലും ഏർപ്പെട്ടുകൊണ്ടിരിക്കുന്ന കർഷകർ ഗുരുതരമായ പ്രതിസന്ധികൾ നേരിട്ടുകൊണ്ടിരിക്കുന്നത്. അത് കേരളത്തിലെ കാർഷിക മേഖലയുടെ വളർച്ചയെ താഴേയ്ക്ക് കൊണ്ടുവരുന്ന സ്ഥിതിവിശേഷമുണ്ടാക്കിയിട്ടുണ്ട്. ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ കാർഷിക മേഖലയുടെ വളർച്ചാനിരക്ക് നെഗറ്റീവ് ഗ്രോത്തിലേക്ക് (-)2.29-ൽ നിന്നുവെന്ന് അദ്ദേഹം സൂചിപ്പിച്ചത് വസ്തുതയാണ്. ഈ സാഹചര്യത്തിൽ നിന്നുകൊണ്ടാണ് നമ്മുടെ കേരളം കാർഷിക മേഖലയെ സമീപിക്കേണ്ടത് എന്നുള്ള കാര്യത്തിൽ

സംശയമൊന്നുമില്ല. എന്നാൽ സംസ്ഥാന ഗവൺമെന്റ് കേരളത്തിലെ കാർഷിക മേഖലയെ എല്ലാ തരത്തിലും ശക്തിപ്പെടുത്തുന്നതിനും കാർഷിക മേഖലയിലേയ്ക്ക് പുതിയ തലമുറയെ കൊണ്ടുവരുന്നതിനും കാർഷികവൃത്തി ഒരു മുഖ്യ തൊഴിലാക്കി മാറ്റിയെടുക്കുന്നതിനും വേണ്ടിയുള്ള നിരവധി കർമ്മപരിപാടികൾ ആവിഷ്കരിക്കുകയാണ്. ഞാൻ അദ്ദേഹം പറഞ്ഞ മറ്റ് വിഷയങ്ങളിലേക്ക് കടക്കുന്നില്ല.

കേരളത്തിലെ സാമ്പത്തിക വികസനത്തിന്റെ അവിഭാജ്യ ഘടകങ്ങൾ കൃഷിയും അനുബന്ധ മേഖലകളുമാണ്. ജനസംഖ്യയുടെ മൂന്നിൽരണ്ട് ഭാഗം ജനങ്ങളുടെ മുഖ്യ ജീവിതമാർഗ്ഗം കൃഷിയാണ്. കൂടാതെ സംസ്ഥാനത്തിന്റെ ആഭ്യന്തര ഉൽപ്പാദനത്തിന്റെ നാലിലൊന്ന് സംഭാവന ചെയ്യുന്നത് കൃഷിയും അനുബന്ധ മേഖലകളുമാണ്. എന്നാൽ സംസ്ഥാനത്ത് ജനസാന്ദ്രത കൂടുകയും കൃഷിയിലൂടെ ധനം സമ്പാദിക്കുന്ന രീതിവിട്ട് കൃഷിഭൂമി മറ്റ് ധനാഗമ മാർഗ്ഗങ്ങൾക്കുള്ള ആസ്തിയായി ഉപയോഗിക്കാൻ തുടങ്ങിയതോടെ നിരവധി കർഷകർ കൃഷിയിൽനിന്ന് പിന്മാറുകയും കൃഷി ആദായകരമല്ലാത്ത ഒരു ഉപജീവനമാർഗ്ഗമായി വ്യാഖ്യാനിക്കപ്പെടുകയും ചെയ്തു. ഈ പശ്ചാത്തലത്തിൽ കാർഷിക മേഖലയെ ശക്തിപ്പെടുത്തുന്നതിനും കാർഷികവൃത്തിയിൽനിന്നും മികച്ച വരുമാനം കർഷകർക്കും കർഷകത്തൊഴിലാളികൾക്കും ലഭ്യമാക്കുന്നതിനും യുവതലമുറയെ കാർഷികവൃത്തിയിലേക്ക് കൂടുതലായി ആകർഷിക്കുന്നതിനും വേണ്ടിയുള്ള പുതിയ കാർഷിക നയം ആവിഷ്കരിച്ച് നടപ്പാക്കാൻ ഈ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. വിശദമായ ചർച്ചകൾക്കുശേഷം ജൈവകൃഷിക്ക് ഊന്നൽ നൽകിയും ആധുനിക ശാസ്ത്രീയ കൃഷി രീതികൾ സമന്വയിപ്പിച്ചുകൊണ്ടും ഉത്പാദനത്തിൽ വർദ്ധനവും കർഷകർക്ക് മികച്ച വരുമാനവും ഉറപ്പാക്കുന്ന പുതിയ കാർഷികനയം രൂപപ്പെടുത്തുന്നതിനാണ് സർക്കാർ ലക്ഷ്യമിടുന്നത്. കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് നടപ്പാക്കിയ ജൈവകാർഷിക നയത്തിലെയും കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ പ്രഖ്യാപിച്ചിരുന്ന കാർഷിക നയത്തിലെയും സ്വീകാര്യമായ ആശയങ്ങളെ സ്വാംശീകരിച്ചുകൊണ്ട് പുതിയ കാലഘട്ടത്തിനനുസൃതമായി പുനഃക്രമീകരിച്ച് ആവശ്യമായ മാറ്റങ്ങളോടെയാണ് ഈ നയം നടപ്പാക്കാനുദ്ദേശിക്കുന്നത്.

ജലസേചനം, മണ്ണ് സംരക്ഷണം, കാലാവസ്ഥാ വ്യതിയാനം നേരിടൽ, നീർത്തടാധിഷ്ഠിത വികസനം, കർഷക ക്ഷേമ മാനവശേഷി വികസനം, വിവര സാങ്കേതികവിദ്യയുടെ വികസനം, കാർഷിക ഗവേഷണവും വിജ്ഞാനവ്യാപനവും, കാർഷികോൽപ്പന്നങ്ങളുടെ മൂല്യവർദ്ധിത വ്യവസായ സ്ഥാപനങ്ങൾ വ്യാപിപ്പിക്കലും, കാർഷികോൽപ്പന്നങ്ങളുടെ വിപണനവും അന്തർദ്ദേശീയ വ്യാപാരവും കാർഷിക യന്ത്രവൽക്കരണം, വിള ഇൻഷ്വറൻസ്, ഹൈടെക് കൃഷി രീതികൾ എന്നീ മേഖലകൾക്കാണ് ഊന്നൽ നൽകാനുദ്ദേശിക്കുന്നത്. കൃഷി വകുപ്പിന്റെ സേവനങ്ങൾ പരമാവധി

കാര്യക്ഷമമാക്കുന്നതും ഈ നയത്തിന്റെ ഭാഗമായാണ്. വിശദമായ റിപ്പോർട്ട് വായിക്കുന്നതിന് സമയം പരിമിതമായതു കൊണ്ട് ഞാൻ ഇത് മേശപ്പുറത്ത് വയ്ക്കുകയാണ്*. പൊതുവായ രത്നചുരുക്കമാണ് ആദ്യത്തെ ഖണ്ഡികയിൽ പറഞ്ഞിരിക്കുന്നത്. ബാക്കിയെല്ലാം നടപ്പാക്കി കൊണ്ടിരിക്കുന്ന കാര്യങ്ങളാണ്.

അങ്ങ് ഇവിടെ ഒരു സമരത്തെക്കുറിച്ച് പറയുകയുണ്ടായി. കേന്ദ്ര -സംസ്ഥാന ഗവൺമെന്റുകളുടെ കർഷക ദ്രോഹനയം എന്ന് ഇവിടെ പറയുകയുണ്ടായി. സംസ്ഥാന ഗവൺമെന്റ് ഒരു കർഷക ദ്രോഹനയവും നടപ്പാക്കാൻ ഉദ്ദേശിക്കുന്നില്ല. മാത്രമല്ല, കൃഷിക്കാരെ സംബന്ധിച്ച് ഏറ്റവും കൂടുതൽ സുരക്ഷിതമായ നിലയിൽ കാർഷിക മേഖലയിൽ അവരെ നിലനിർത്താനാവശ്യമായ നയപരിപാടികളാണ് ഇപ്പോൾ ഗവൺമെന്റ് ആവിഷ്കരിച്ച് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. അങ്ങ് സൂചിപ്പിച്ച, ലാഭവിഹിതമുൾപ്പെടെയുള്ള കാര്യങ്ങളെ സംബന്ധിച്ച് എൽ.ഡി.എഫ്.-ന്റെ പ്രകടനപത്രികയിൽ പറഞ്ഞ പ്രകാരമുള്ള തീരുമാനം ഈ ഗവൺമെന്റ് എടുക്കുകയുണ്ടായി. മാത്രമല്ല, വിള ഇൻഷ്വറൻസ് ഉൾപ്പെടെ കൃഷിക്കാർക്ക് കാലത്തിനനുസൃതമായി, അവരുടെ ചെലവിന് അനുസരിച്ച് നഷ്ടപരിഹാരത്തുക 21 കൊല്ലത്തിനുശേഷം പ്രഖ്യാപിച്ചത് ഈ ഗവൺമെന്റാണ്. നെല്ലിന്റെ വില കൊടുക്കുന്ന കാര്യത്തിൽ ഉണ്ടായിരുന്ന എല്ലാ അനിശ്ചിതാവസ്ഥയ്ക്കും പരിപൂർണ്ണമായ വിരാമമിട്ടുകൊണ്ട് ഒരുത്തരവ് ഇറക്കിയതിലൂടെ അടുത്തവർഷം മുതൽ നെൽകർഷകർക്ക് വില കൃത്യസമയത്ത് ലഭിക്കാനാവശ്യമായ നടപടിയിലേക്ക് ഗവൺമെന്റ് പോകുകയാണ്. സംസ്ഥാന ഗവൺമെന്റിന്റെ പരിധിയിൽ വരാതിരിക്കുന്ന റബ്ബർ, കാപ്പി, തേയില ഉൾപ്പെടെയുള്ള മറ്റ് പല മേഖലകളിൽ നിന്നും കേന്ദ്ര ഗവൺമെന്റ് പിന്മാറുന്ന സാഹചര്യത്തിൽ സംസ്ഥാന ഗവൺമെന്റ് ഫലവത്തായി ഇടപെടാനുള്ള ശ്രമങ്ങൾ ആരംഭിച്ചുകഴിഞ്ഞു. അതിന്റെ ഭാഗമായി റബ്ബർ കർഷകരടക്കമുള്ള മേഖലകളിലേക്ക് സംസ്ഥാന കൃഷി വകുപ്പ് പ്രത്യേക പദ്ധതികളാരംഭിച്ച് നടപ്പാക്കാൻവേണ്ടിയുള്ള തീരുമാനമെടുക്കുകയും പദ്ധതികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. കാപ്പി, തേയില, മറ്റ് സുഗന്ധവിള കർഷകരുടെ യോഗങ്ങൾ പല ഘട്ടങ്ങളിലായി ഗവൺമെന്റ് വിളിക്കുകയുണ്ടായി. കേന്ദ്ര ഗവൺമെന്റ് ഈ സ്ഥാപനങ്ങളെല്ലാം അടച്ചുപൂട്ടുകയോ ദുർബ്ബലപ്പെടുത്തുകയോ ചെയ്തു കൊണ്ടിരിക്കുകയാണ്. പല ഘട്ടങ്ങളിലായി അംഗങ്ങൾ ഇവിടെ ചൂണ്ടിക്കാണിച്ച കാര്യമാണിത്. ഇക്കാര്യത്തിൽ കേന്ദ്രഗവൺമെന്റ് അനുവർത്തിക്കുന്ന നയത്തിനെതിരായി ഒറ്റക്കെട്ടായ ശബ്ദമായി കേരളത്തിന്റെ ശബ്ദം ഉയർത്തിക്കൊണ്ടുവരേണ്ടതുണ്ട് എന്നുള്ളതാണ് ഈ മറുപടിയുമായി ബന്ധപ്പെട്ട് പറയാനുള്ളത്.

<u>ഡോ. എൻ. ജയരാജ്</u>: സർ, കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളുടെ നയത്തെക്കുറിച്ച് സൂചിപ്പിച്ചപ്പോൾ കേന്ദ്രഗവൺമെന്റിന്റേത് കർഷക വിരുദ്ധ

---

* അനുബന്ധമായി ചേർക്കുന്നു.

നയങ്ങളാണ്. സംസ്ഥാന ഗവൺമെന്റ് രണ്ടുകാര്യങ്ങളാണ് ചെയ്യേണ്ടത്. ഒന്നാമതായി, ഞങ്ങളുടെ നേതാവായ കെ. എം. മാണി സാർ ധനകാര്യ വകുപ്പുമന്ത്രിയായിരുന്ന കാലത്താണ് കർഷക പെൻഷൻ ആവിഷ്കരിച്ചത്. ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രികൂടി കേൾക്കേണ്ട ഒരു കാര്യമാണ്. മറ്റെല്ലാ ക്ഷേമപെൻഷനുകളും ഈ ഗവൺമെന്റ് നൽകുന്നുണ്ട്. പക്ഷേ കർഷക പെൻഷൻ മാത്രം നൽകാൻ ഇതുവരെ തയ്യാറായിട്ടില്ല. അതിനെക്കുറിച്ച് ചില ആശയങ്ങൾ രൂപീകരിക്കണമെന്ന് പലതവണ ആവശ്യപ്പെട്ടതാണ്. കർഷക പെൻഷൻ എത്രയുംവേഗം നൽകണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. അത് കർഷകന് കിട്ടുന്ന ഒരംഗീകാരമാണ്. തീർച്ചയായും അക്കാര്യത്തിൽ അങ്ങ് മുൻകയ്യെടുക്കണം. ഇക്കാര്യത്തിൽ വളരെ പോസിറ്റീവായ നിലപാടാണ് അങ്ങേയ്ക്കുള്ളത്. ഞാൻ മുന്നോട്ടുവച്ച ആശയങ്ങളിൽ പലതും എന്റെ ആശയങ്ങളല്ല. യഥാർത്ഥത്തിൽ കാർഷിക നയത്തിന്റെ ഭാഗമായി നമ്മുടെ സഭതന്നെ ചർച്ച ചെയ്ത് ഏകകണ്ഠമായി അംഗീകരിച്ച കുറെ ആശയങ്ങളാണ്. പക്ഷേ അത് ഒന്നൊന്നായി ഏറ്റെടുക്കാതെ നയരൂപീകരണത്തിന്റെ ഭാഗമാക്കുമ്പോഴാണ് സമഗ്ര കാഴ്ചപ്പാടോടുകൂടി നമുക്ക് നടപ്പാക്കാൻ സാധിക്കുന്നത്. സഭ ചർച്ച ചെയ്ത വിഷയമായ കർഷകക്ഷേമ ബോർഡിനെ സംബന്ധിച്ച് ഗവൺമെന്റിന്റെ നിലപാട് എന്താണ്; അത് എന്നത്തേയ്ക്ക് രൂപീകരിക്കാൻ കഴിയും; മറ്റെല്ലാ മേഖലകളിലും ഉള്ളതുപോലെ തന്നെ കർഷകരെ സംബന്ധിച്ചിടത്തോളം അവർക്ക് ഏറെ പ്രയോജനപ്രദമാകുന്ന കൃഷിക്കാരന് കുറെക്കൂടി അംഗീകാരവും ആദരവും നൽകുന്ന ഒരു പ്രവർത്തനമാണ്. അത് എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയുമെന്നുള്ള കാര്യത്തിൽ കൂടി ഒരു മറുപടി ആഗ്രഹിക്കുകയാണ്.

<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u>: സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ പറഞ്ഞ രണ്ടുമൂന്ന് കാര്യങ്ങളിൽ തെറ്റിദ്ധാരണാജനകമായ കാര്യങ്ങളുണ്ടായിട്ടുണ്ട്. ഒന്ന്, ആദ്യമായി കേരളത്തിൽ കർഷകർക്ക് പെൻഷൻ അനുവദിക്കുന്നത് ബഹുമാനപ്പെട്ട മുല്ലക്കര രത്നാകരൻ കൃഷി വകുപ്പുമന്ത്രിയായിരിക്കുമ്പോഴാണ്. പിന്നീട് അതിന്റെ എണ്ണം വർദ്ധിപ്പിക്കുന്നത് ബഹുമാന്യനായ കെ. എം. മാണി ധനകാര്യ വകുപ്പുമന്ത്രി ആയിരുന്നപ്പോഴാണെന്നത് ശരിയായിരിക്കാം. ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ കാലത്ത് ബഹുമാന്യനായ മുല്ലക്കര രത്നാകരനാണ് കേരളത്തിലാദ്യമായി കർഷക പെൻഷൻ പദ്ധതിയാരംഭിച്ചത്.

<u>ശ്രീ. പി. സി. ജോർജ്</u>: സർ, ഇക്കാര്യത്തിൽ ഒരു തീരുമാനം വേണം. ശ്രീ. മുല്ലക്കര രത്നാകരനാണോ ശ്രീ. കെ. എം. മാണിയാണോ എന്നുള്ള കാര്യത്തിൽ ഒരു തീരുമാനം ആവശ്യമാണ്.

<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u>: ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റാണ് കേരളത്തിലാദ്യമായി കർഷക പെൻഷൻ ആരംഭിച്ചതെന്ന കാര്യത്തിൽ ആർക്കും തർക്കം വേണ്ട. അതിന് ബഹുമാന്യനായ.....

ശ്രീ. മോൻസ് ജോസഫ്: സർ,....(മൈക്ക് ഓഫ്)..........

ശ്രീ. വി. എസ്. സുനിൽ കുമാർ: നിങ്ങൾ തമ്മിലുള്ള തർക്കം അവിടെ തീർക്കണം. ഇവിടെ ഗവൺമെന്റിന് ചർച്ച ചെയ്യാൻ കഴിയുന്ന കാര്യങ്ങളല്ല. ബഹുമാനപ്പെട്ട അംഗം പറയുന്നതുപോലെ കർഷക പെൻഷന്റെ കാര്യത്തിൽ ഈ വർഷം 283 കോടി രൂപ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അനുവദിച്ചതിനെത്തുടർന്ന് കർഷകപെൻഷനുകളെല്ലാം പൂർണ്ണമായി കൊടുത്തു കൊണ്ടിരിക്കുകയാണ്. ആഗസ്റ്റ് മാസംവരെയുള്ള എല്ലാ കുടിശ്ശികയും ഓണത്തിനുമുമ്പ് കൊടുത്തുതീർക്കാനുള്ള നടപടികൾ നടന്നുകൊണ്ടിരിക്കുകയാണ്. ഇക്കാര്യത്തിൽ ഒരു ആശങ്കയും വേണ്ട. പെൻഷൻ കൊടുത്തിട്ടില്ലെന്ന കാര്യം അങ്ങ് തെറ്റിദ്ധരിച്ച് പറയുന്നതാണ്. കർഷക ക്ഷേമ ബോർഡ് രൂപീകരിക്കാൻ വേണ്ടി ഗവൺമെന്റ് തീരുമാനമെടുക്കുകയും കഴിഞ്ഞ നിയമസഭാ സമ്മേളന സമയത്ത് ഞാൻ ഇവിടെ പ്രഖ്യാപിക്കുകയും ചെയ്തതാണ്. കർഷക ക്ഷേമ ബോർഡിന്റെ നിയമനിർമ്മാണത്തിനുള്ള എല്ലാ നടപടികളും പൂർത്തീകരിച്ചിരിക്കുകയാണ്. ഈ ബജറ്റിൽ അതിനുവേണ്ടിയുള്ള പണം അനുവദിച്ചുകഴിഞ്ഞു. ഈ സെഷനിൽ കർഷകക്ഷേമ ബോർഡിന്റെ ബിൽ കൊണ്ടുവരാൻ കഴിഞ്ഞില്ലെങ്കിലും അടുത്ത സെഷനിലെങ്കിലും ബിൽ കൊണ്ടുവരാനുള്ള നടപടികൾ കൃഷി വകുപ്പ് പൂർത്തീകരിച്ചുകൊണ്ടിരിക്കുകയാണ്. ഗവൺമെന്റ് ഈവർഷംതന്നെ കർഷകക്ഷേമ ബോർഡ് രൂപീകരിക്കുകയും നിലവിൽ വരികയും ചെയ്യും.

## V. സബ്മിഷൻ

### (1) മൾട്ടി ലെവൽ മാർക്കറ്റിംഗ് കമ്പനി മോണിറ്ററിംഗ് അതോറിറ്റി

ശ്രീ. എസ്. ശർമ്മ: സർ, കേരളത്തിലെ ഇരുപതോളം കമ്പനികൾക്ക് കീഴിലായി മൂന്ന് ലക്ഷത്തോളം വരുന്ന തൊഴിലാളികൾ പണിയെടുക്കുന്ന ഒരു പ്രധാനപ്പെട്ട മേഖലയാണ് മൾട്ടി ലെവൽ മാർക്കറ്റിംഗ് മേഖല. ഈ മേഖലയിലെ തൊഴിലാളികൾ വ്യത്യസ്ത സംഘടനകളിൽ സമരം ചെയ്യുകയും ഒരു പ്രത്യേക ഘട്ടത്തിൽ ഗവൺമെന്റ് ചർച്ചയ്ക്ക് വിളിക്കുകയും ഇവർ ആവശ്യപ്പെട്ട പ്രകാരം ഗൈഡ്ലൈൻ പുറപ്പെടുവിക്കുകയും തുടർന്ന് മോണിറ്ററിംഗ് അതോറിറ്റി രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കാമെന്ന് രേഖാമൂലം അന്ന് ഗവൺമെന്റ് സംഘടനകൾക്ക് ഉറപ്പുകൊടുത്തിരുന്നുവെങ്കിലും അത് പാലിക്കപ്പെട്ടിട്ടില്ല. ഈ മൂന്ന് ലക്ഷത്തോളം വരുന്ന തൊഴിലാളികളെ പ്രതിനിധീകരിച്ച് എല്ലാ ജില്ലകളിൽ നിന്നുമുള്ള ആയിരക്കണക്കിന് തൊഴിലാളികൾ ഇന്ന് നിയമസഭയുടെ മുന്നിലേയ്ക്ക്

മാർച്ച് നടത്തുകയാണ്. അവർ ഉന്നയിച്ചിട്ടുള്ള പ്രശ്നങ്ങൾ ന്യായമായി പരിഹരിക്കപ്പെടുന്നതിനുവേണ്ടി സംസ്ഥാന ഗവൺമെന്റ് അടിയന്തര നടപടി സ്വീകരിക്കണമെന്നും മൾട്ടി ലെവൽ മാർക്കറ്റിംഗ് മേഖലയിൽ മോണിറ്ററിംഗ് അതോറിറ്റി രൂപീകരിക്കണമെന്നും അത് മണി ചെയിൻ സംവിധാനത്തെ തടയുന്നതിനും വ്യാജൻ തടഞ്ഞുനിർത്തുന്നതിനും സഹായകരമാകുമെന്നുമാണ് സംഘടനക്കാർ മുമ്പോട്ടുവച്ചിട്ടുള്ള നിർദ്ദേശം. ഈ വസ്തുത പരിഗണിച്ചുകൊണ്ട് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ആവശ്യപ്പെടുകയാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, സംസ്ഥാനത്ത് മൾട്ടി ലെവൽ മാർക്കറ്റിംഗ് രംഗത്ത് പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ നൽകുന്ന ഉൽപ്പന്നങ്ങളുടെ ഗുണമേന്മ, അവരുടെ സേവനം, തൊഴിൽ പ്രശ്നങ്ങൾ എന്നിവ സംബന്ധിച്ച കാര്യങ്ങൾ പരിശോധിക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഈ രംഗത്തെ ഉപഭോക്തൃചൂഷണം, തൊഴിൽ ചൂഷണം എന്നിവ അവസാനിപ്പിക്കുന്നതിനായി സംസ്ഥാനത്ത് ഒരു മാർഗ്ഗരേഖ തയ്യാറാക്കേണ്ടതും ഒരു നിരീക്ഷണ സംവിധാനം രൂപീകരിക്കേണ്ടതും അനിവാര്യമാണെന്ന് സർക്കാരിന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്. മാർഗ്ഗരേഖയുണ്ടാക്കുന്നതിനും നിരീക്ഷണ അധികാര സംവിധാനം രൂപീകരിക്കുന്നതിനുമായി പൊതുവിതരണ ഡയറക്ടർ നോഡൽ ഓഫീസറും പൊതുവിതരണ ഡയറക്ടറേറ്റിലെ ലാ ഓഫീസർ കൺവീനറുമായി ധനകാര്യം, നികുതി, ആഭ്യന്തരം, വ്യവസായം, നിയമം എന്നീ വകുപ്പുകളിലെയും ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്സേഷൻ എന്ന സ്ഥാപനത്തിലേയും പ്രതിനിധികളെ ഉൾപ്പെടുത്തി ഒരു കമ്മിറ്റി രൂപീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. മാർഗ്ഗരേഖയും നിരീക്ഷണ അധികാര സംവിധാനവും നിലവിൽവന്നുവെങ്കിൽ മാത്രമേ ഈ രംഗത്ത് പ്രവർത്തിക്കുന്ന തൊഴിലാളികളുടെ ക്ഷേമനിധിയും മറ്റ് ആനുകൂല്യങ്ങളും സംബന്ധിച്ച് തീരുമാനമെടുക്കുവാൻ കഴിയുകയുള്ളൂ.

## (2) പരിസ്ഥിതി കമ്മീഷൻ

ശ്രീ. സി. കെ. ശശീന്ദ്രൻ: സർ, കേരളത്തിൽ കാലാവസ്ഥാ വ്യതിയാനം ഏറ്റവും കൂടുതൽ അനുഭവപ്പെടുന്ന ജില്ലയാണ് വയനാട്. കഴിഞ്ഞ കുറച്ച് വർഷങ്ങളായി എല്ലാ വർഷവും മഴ കുറഞ്ഞുവരികയാണ്. 2015-16-ലും 2016-17-ലും 59 ശതമാനം മഴക്കുറവാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഭൗമശാസ്ത്രജ്ഞന്മാർ പറയുന്നത്, 40 ശതമാനത്തിൽ കുറവ് മഴയുണ്ടായാൽ വരൾച്ചയുടെ ലക്ഷണങ്ങൾ ആരംഭിക്കുമെന്നും 50 ശതമാനത്തിൽ കൂടുതലാണെങ്കിൽ പരിഹരിക്കാൻ കഴിയാത്ത രീതിയിലുള്ള പ്രത്യാഘാതങ്ങൾക്ക്

ഇടയാക്കുമെന്നുമാണ്. വയനാട് പതുക്കെ പതുക്കെ മരുഭൂമിയായി മാറുമെന്നാണ് ഭൗമശാസ്ത്രജ്ഞർ പറയുന്നത്. തുടർച്ചയായി കുറഞ്ഞുവരുന്ന വർഷപാതം, അനുക്രമമായി വർദ്ധിച്ചുകൊണ്ടിരിക്കുന്ന ദിനതാപനില, രൂക്ഷമാകുന്ന വന്യമൃഗ ശല്യം, ഭൂമി വിനിയോഗത്തിലെ തെറ്റായ ചില പ്രവണതകൾ, അനിയന്ത്രിതമായ മണ്ണെടുക്കൽ, കുന്ന് ഇടിക്കൽ, വയൽ നികത്തൽ, പാറഖനനം, കാപ്പി-തേയില-തോട്ടവിളകൾ നേരിടുന്ന പ്രതിസന്ധി, നെൽ വയലുകളുടെ ശോഷണം ഇതെല്ലാം വയനാടിനെ ഗുരുതരമായി ബാധിച്ചുകൊണ്ടിരിക്കുകയാണ്. വയനാട് ജില്ലയുടെ സവിശേഷ ഭൂപ്രകൃതിയും കാലാവസ്ഥയും കാർഷിക-കാർഷികേതര ഘടകങ്ങളും കണക്കിലെടുത്ത് ആവശ്യമായ ശാസ്ത്രീയ പഠനം നടത്തി വയനാടിനെ സംരക്ഷിക്കാൻ പ്രായോഗിക പ്രവർത്തനങ്ങൾ നിർദ്ദേശിക്കാൻ കഴിയുന്ന രീതിയിലുള്ള ഒരു പരിസ്ഥിതി കമ്മീഷനെ രൂപീകരിക്കണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, കഴിഞ്ഞ ഒരു വ്യാഴവട്ടക്കാലമായി വയനാട്ടിൽ കാലവർഷവും തുലാവർഷവും ദുർബലമാണ്. ഇക്കൊല്ലം ഇതുവരെയുള്ള കണക്കുപ്രകാരം കാലവർഷത്തിൽ ലഭിക്കേണ്ട മഴയുടെ 41 ശതമാനം മാത്രമാണ് ലഭിച്ചത്. കാലാവസ്ഥാ വ്യതിയാനത്തിന്റെ ഭാഗമായാണ് മഴ ലഭ്യത കുറയുന്നതും താപനിലയിൽ വ്യത്യാസം വരുന്നതെന്നും വിലയിരുത്തപ്പെട്ടിട്ടുണ്ട്. കാർഷിക വിളകളുടെ ഉത്പാദനക്ഷമതയേയും വിള രീതികളേയുമെല്ലാം ഇത് ബാധിച്ചിട്ടുമുണ്ട്. വയനാട് നേരിടുന്ന പാരിസ്ഥിതിക പ്രശ്നങ്ങളിൽ പലതും മനുഷ്യനിർമ്മിതമാണെന്നാണ് പൊതുവെ വിലയിരുത്തുന്നത്. ഇതിന്റെ അടിസ്ഥാനത്തിൽ ജില്ലാ ദുരന്ത നിവാരണ അതോറിറ്റി ദുരന്ത ലഘൂകരണത്തിനും പാരിസ്ഥിതിക പരിപാലനത്തിനും ചില ഊർജ്ജിത നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കെട്ടിട നിർമ്മാണത്തിന് നിയന്ത്രണങ്ങൾ ഏർപ്പെടുത്തുകയും ദുരന്ത സാധ്യതാ ഭൂപടങ്ങളുടെ അടിസ്ഥാനത്തിൽ ചില പ്രദേശങ്ങളിൽ പാറഖനനം പൂർണ്ണമായും നിരോധിക്കുകയും ചെയ്തു. നെൽവയലുകൾ തരംമാറ്റപ്പെടുന്നതും പരിസ്ഥിതി പ്രശ്നങ്ങൾക്ക് കാരണമാകുന്നു. മാനുഷികമായ ഇടപെടലുകൾ വയനാട് ജില്ലയുടെ സവിശേഷ ഭൂപ്രകൃതിയെ സാരമായി ബാധിക്കുന്നുണ്ടെന്നത് നിസ്തർക്കമായ കാര്യമാണ്. പരിസ്ഥിതിക്ക് കോട്ടം തട്ടുന്ന തരത്തിലുള്ള പ്രവർത്തനങ്ങളും ആഗോളതാപനവും കാലാവസ്ഥാ വ്യതിയാനവുമെല്ലാം വയനാടൻ പ്രകൃതിയെ ഏത് രീതിയിൽ ബാധിക്കുമെന്നത് വിലയിരുത്തപ്പെടേണ്ടതും അതിന്റെ അടിസ്ഥാനത്തിൽ പരിഹാര നടപടികൾ കൈക്കൊള്ളേണ്ടതുമുണ്ട്. വയനാട്ടിലെ കാലാവസ്ഥാ വ്യതിയാനംമൂലമുള്ള പ്രശ്നങ്ങളുടെ ഗൗരവം കണക്കിലെടുത്ത് കാർബൺ ന്യൂട്രൽ വയനാട് പ്രോജക്ടിന്

രൂപം നൽകിയിട്ടുണ്ട്. മീനങ്ങാടി പഞ്ചായത്തിൽ ഇതിന് തുടക്കമായി. ജില്ലയിൽ ഹരിതകേരളം മിഷന്റെ പ്രവർത്തനവും കൂടുതൽ ശക്തമാക്കും. നിലവിൽ കാർഷിക സർവ്വകലാശാല ഇതുസംബന്ധിച്ച് ചില പഠനങ്ങൾ നടത്തിവരുന്നുണ്ട്. കാലാവസ്ഥാ വ്യതിയാനം പഠിക്കുവാനുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ക്ലൈമറ്റ് ചെയ്ഞ്ച് സ്റ്റഡീസിനും ഇക്കാര്യത്തിൽ ഫലപ്രദമായ ഇടപെടലുകളും പഠനങ്ങളും നടത്താൻ കഴിയും. വയനാട്ടിലെ സവിശേഷ സാഹചര്യം കണക്കിലെടുത്ത് ഇക്കാര്യത്തിൽ ആവശ്യമായ പഠനങ്ങൾ നടത്തുന്നതിനും അതിന്റെ അടിസ്ഥാനത്തിൽ ഫലപ്രദമായ പരിഹാരമാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും സർക്കാർ ഊർജ്ജിതശ്രമം നടത്തും.

### (3) കഞ്ചിക്കോട് ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ്

ശ്രീ. വി. എസ്. അച്യുതാനന്ദൻ: സർ, മലമ്പുഴ നിയോജകമണ്ഡലത്തിലെ പുതുശ്ശേരി ഗ്രാമപഞ്ചായത്തിൽ കഞ്ചിക്കോട് വ്യവസായ മേഖലയിൽ പ്രവർത്തിക്കുന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ് അടച്ചുപൂട്ടൽ ഭീഷണി നേരിടുകയാണ്. 1974-ൽ സ്ഥാപിതമായ ഈ കമ്പനി ഇന്ത്യയിൽ ജല വൈദ്യുത – താപ വൈദ്യുത പദ്ധതികൾക്കും ഐ.എസ്.ആർ.ഒ.-യ്ക്കും ആണവ നിലയങ്ങൾക്കുമാവശ്യമായ അത്യാധുനിക കൺട്രോൾ വാൽവ് നിർമ്മാണത്തിലേർപ്പെട്ടിരിക്കുന്ന ഏക സ്ഥാപനമാണ്. രാജ്യത്തെ ബഹുരാഷ്ട്ര കുത്തക കമ്പനികളുമായി മത്സരിച്ച് കൺട്രോൾ വാൽവ് നിർമ്മാണത്തിന്റെ വില നിയന്ത്രിക്കുന്നതിൽ മർമ്മപ്രധാനമായ പങ്കുവഹിക്കുന്ന ന്യൂക്ലിയർ ആപ്ലിക്കേഷൻസിനായി തദ്ദേശീയമായ വാൽവ് വികസിപ്പിച്ചെടുത്തുകൊണ്ടുള്ള അഭിമാനകരമായ നേട്ടവും ഈ പൊതുമേഖലാ സ്ഥാപനത്തിനുണ്ട്. കമ്പനിയുടെ മാതൃസ്ഥാപനമായ രാജസ്ഥാനിലെ കോട്ട യൂണിറ്റ് 2016-ൽ കേന്ദ്ര സർക്കാർ അടച്ചുപൂട്ടി. എന്നാൽ പാലക്കാട് യൂണിറ്റ് കഴിഞ്ഞ പത്തു വർഷത്തിനിടയിൽ 112 കോടി രൂപയുടെ പ്രവർത്തനലാഭമുണ്ടാക്കിയിട്ടുണ്ട്. 292 സ്ഥിരം ജീവനക്കാരും 162 കരാർ ജീവനക്കാരുമുള്ള ഈ സ്ഥാപനത്തിന്റെ അനുബന്ധ സ്ഥാപനങ്ങളായി കോയമ്പത്തൂരും, പാലക്കാട്ടുമായി 212 ചെറുകിട വ്യവസായസ്ഥാപനങ്ങളും പ്രവർത്തിക്കുന്നു. കേരള സർക്കാർ പാട്ടത്തിന് നൽകിയ 200 ഏക്കർ സ്ഥലത്താണ് കമ്പനി പ്രവർത്തിക്കുന്നത്. ഇവിടെ തൊഴിലെടുക്കുന്ന ജീവനക്കാർക്ക് ഏറ്റവും അവസാനമായി 1997-ലെ ശമ്പള പരിഷ്കരണം, 2009-ലാണ് നടപ്പിലാക്കിയിട്ടുള്ളത്. 2007-ലേയും 2017-ലേയും ശമ്പളപരിഷ്കരണം ഇതുവരെ കമ്പനിയിലെ ജീവനക്കാർക്ക് അനുഭവവേദ്യമായിട്ടില്ല. ശമ്പളപരിഷ്കരണ കുടിശ്ശിക ഒന്നുംതന്നെ ജീവനക്കാർക്ക് ഇതുവരെ നൽകിയിട്ടുമില്ല.

പ്രസ്തുത കമ്പനിയെ 1994-ൽ 'സിക്ക്' കമ്പനികളിൽ ഒന്നായി പരിഗണിച്ചതിന്റെ അടിസ്ഥാനത്തിൽ കമ്പനിയിലെ തൊഴിലാളികൾക്ക് വിവിധ അഡ്വാൻസുകൾ നൽകിവന്നിരുന്നു. നിലവിൽ 13.35 കോടി രൂപയുടെ അഡ്വാൻസ് ബാദ്ധ്യതകൾ എല്ലാം തിരിച്ചുപിടിക്കുവാൻ കേന്ദ്രസർക്കാർ തീരുമാനമെടുത്തിരിക്കുകയാണ്. ജീവനക്കാർ ഇതിനെതിരെ വ്യാവസായിക ട്രിബ്യൂണലിൽ ഹർജി കൊടുത്തതിന്റെ അടിസ്ഥാനത്തിൽ അഡ്വാൻസുകൾ തിരിച്ചുപിടിക്കരുതെന്ന വിധിയുണ്ടായി. എന്നിട്ടും 2013 മുതൽ വിരമിച്ചുവരുന്ന ജീവനക്കാർക്ക് ഗ്രാറ്റുവിറ്റി, പി. എഫ്. ആനുകൂല്യങ്ങൾ ഒന്നും വിതരണം ചെയ്യുന്നില്ല.

14-12-2015-ന് അന്ന് പ്രതിപക്ഷ നേതാവായിരുന്ന ഞാനും വ്യവസായ വകുപ്പുമന്ത്രി ശ്രീ പി. കെ. കുഞ്ഞാലിക്കുട്ടിയും ചേർന്ന് ഒരു യോഗം വിളിച്ചുചേർത്തു. ബന്ധപ്പെട്ട ഉദ്യോഗസ്ഥ മേധാവികളുടെ സാന്നിദ്ധ്യത്തിൽ ചേർന്ന ആ യോഗത്തിൽ കമ്പനി സംസ്ഥാന സർക്കാർ ഏറ്റെടുക്കാൻ തീരുമാനിച്ചതാണ്. എന്നാൽ ഇതുവരേയും നടപടികളൊന്നുമായിട്ടില്ല. സംസ്ഥാനത്ത് ലാഭകരമായി പ്രവർത്തിച്ചുവരുന്ന ഒരു കേന്ദ്ര പൊതുമേഖലാസ്ഥാപനമെന്ന നിലയ്ക്ക് ഇത് സംസ്ഥാന സർക്കാർ ഏറ്റെടുത്ത് പ്രവർത്തിപ്പിക്കുന്നതിന് എടുത്ത തീരുമാനങ്ങൾ ദ്രുതഗതിയിൽ നടപ്പിലാക്കേണ്ടതുണ്ട്.

മാതൃസ്ഥാപനം അടച്ചുപൂട്ടിയതിനുശേഷം ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡിന്റെ പാലക്കാട് യൂണിറ്റിന്റെ കാര്യത്തിൽ തുടരുന്ന അനിശ്ചിതാവസ്ഥ ലാഭകരമായി പ്രവർത്തിച്ചുവരുന്ന കമ്പനിയെ തകർച്ചയിലേക്ക് തള്ളിവിടുന്ന സ്ഥിതിവിശേഷം ഉണ്ടാക്കിയിരിക്കുന്നു.

ആയതിനാൽ കമ്പനിയുടെ കൈമാറ്റനടപടികൾ പൂർത്തീകരിച്ച് ജീവനക്കാരുടെ ശമ്പളപരിഷ്കരണ കുടിശ്ശിക, വിരമിച്ച ജീവനക്കാരുടെ ആനുകൂല്യങ്ങൾ എന്നിവ സംബന്ധിച്ച് തീർപ്പ് കൽപ്പിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുവാൻ കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തണമെന്ന് ആവശ്യപ്പെടുന്നു.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, ലാഭത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുൾപ്പെടെയുള്ളവയുടെ ഓഹരികൾ വിറ്റഴിക്കുന്നതിനും സ്വകാര്യ വൽക്കരിക്കുന്നതിനുമുള്ള നടപടികളാണ് കേന്ദ്ര സർക്കാർ സ്വീകരിച്ചുവരുന്നത്. പാലക്കാട് പ്രവർത്തിക്കുന്ന ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡിന്റെ മാതൃസ്ഥാപനമായ രാജസ്ഥാനിലെ 'കോട്ട'-യിലെ യൂണിറ്റിന്റെ നഷ്ടമാണ് ലാഭത്തിൽ പ്രവർത്തിക്കുന്ന

പാലക്കാട് യൂണിറ്റുകൂടി പ്രതിസന്ധിയിലാകാൻ കാരണം. കേന്ദ്ര സർക്കാർ ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ് സ്വകാര്യവൽക്കരിക്കാൻ തീരുമാനിച്ചപ്പോഴാണ് സംസ്ഥാനത്തിന്റെ വ്യവസായ താൽപ്പര്യവും പാലക്കാട് യൂണിറ്റിലെ തൊഴിലാളികളുടെ താൽപ്പര്യവും സംരക്ഷിക്കുന്നതിനുവേണ്ടി ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡിന്റെ പാലക്കാട് യൂണിറ്റ് കേരള സർക്കാർ ഏറ്റെടുക്കുവാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ കൂടിയ യോഗം തത്വത്തിൽ തീരുമാനിക്കുകയും തുടർ നടപടികൾ സ്വീകരിക്കുവാൻ ചീഫ് സെക്രട്ടറി ചെയർമാനായി ഒരു ഉന്നതാധികാര സമിതി രൂപീകരിക്കുകയും ചെയ്തത്. ഏറ്റെടുക്കലിന്റെ ഭാഗമായി 'റിയാബ്' നൽകിയ പ്രാഥമിക റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഉന്നതാധികാര സമിതിയുടെ തീരുമാനപ്രകാരം യൂണിറ്റിന്റെ ആസ്തി ബാധ്യതകൾ വിശദമായി വിലയിരുത്തുന്നതിനായി വർമ്മ ആന്റ് വർമ്മയെന്ന ചാർട്ടേർഡ് അക്കൗണ്ടന്റ് സ്ഥാപനത്തേയും നിയമപരമായ പരിശോധനയ്ക്കായി മേനോൻ ആന്റ് പൈ എന്ന സ്ഥാപനത്തേയും ചുമതലപ്പെടുത്തി. 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് ചെയ്ത വാർഷിക കണക്കിനെ ആധാരമാക്കി വർമ്മ ആന്റ് വർമ്മ സമർപ്പിച്ച ആസ്തി-ബാധ്യതാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഉന്നതാധികാര സമിതി കേന്ദ്ര വ്യവസായ വകുപ്പ് ജോയിന്റ് സെക്രട്ടറി, ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ് സി.എം.ഡി., വ്യവസായ വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥർ എന്നിവരുമായി വിവിധ തലത്തിലുള്ള കൂടിയാലോചനകൾ നടത്തുകയുണ്ടായി. ഇതോടൊപ്പംതന്നെ മേനോൻ ആന്റ് പൈ സമർപ്പിച്ച നിയമപരമായ റിപ്പോർട്ടും 'റിയാബ്' നൽകിയ സാങ്കേതിക റിപ്പോർട്ടും ഉന്നതാധികാര സമിതി വിലയിരുത്തി. ബാധ്യതകളെല്ലാം ഒഴിവാക്കി വില കൂടാതെ ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ് പാലക്കാട് യൂണിറ്റ് ഏറ്റെടുക്കാമെന്ന കേരള സർക്കാരിന്റെ നിർദ്ദേശം കേന്ദ്രസർക്കാരിന് സ്വീകാര്യമല്ല. വർമ്മ ആന്റ് വർമ്മ സമർപ്പിച്ച ആസ്തി-ബാധ്യതാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഉന്നതാധികാര സമിതി നിർദ്ദേശിച്ചിരുന്ന ആസ്തിയിലെ കുറവും ബാധ്യതയിലെ വർദ്ധനവും 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് ചെയ്ത വാർഷിക കണക്കിൽ ഉൾപ്പെടുത്താമെന്നും എന്നാൽ തുടർച്ചയായ രണ്ട് ശമ്പളപരിഷ്കരണത്തിലൂടെ തൊഴിലാളികൾക്ക് ലഭിക്കേണ്ട അർഹതപ്പെട്ട വർദ്ധനവും മറ്റ് ആനുകൂല്യങ്ങളും കേരള ഹൈക്കോടതിയിൽ നിലവിലുള്ള കേസ്സിന്റെ തീർപ്പിന് വിധേയമായി മാത്രമേ പരിഹരിക്കുവാൻ സാധിക്കുകയുള്ളൂ എന്ന നിലപാടാണ് കമ്പനി സ്വീകരിച്ചിരിക്കുന്നത്. ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡിന്റെ പാലക്കാട് യൂണിറ്റ് 16-8-2017-ൽ സമർപ്പിച്ച 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് ചെയ്ത വാർഷിക കണക്ക് വർമ്മ ആന്റ് വർമ്മയ്ക്ക് പുതുക്കിയ ആസ്തി ബാധ്യതാ റിപ്പോർട്ട് തയ്യാറാക്കുന്നതിനുവേണ്ടി സമർപ്പിച്ചിരിക്കുകയാണ്. പ്രസ്തുത റിപ്പോർട്ട് ഉടനെതന്നെ ലഭ്യമാകുമെന്നാണ് അറിയിച്ചിരിക്കുന്നത്. 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് ചെയ്ത വാർഷിക കണക്ക് അടിസ്ഥാനപ്പെടുത്തിയുള്ള

പുതുക്കിയ ആസ്തി-ബാധ്യതാ റിപ്പോർട്ട് ലഭിച്ചാലുടൻ ഉന്നതാധികാര സമിതി യോഗം ചേർന്ന് സ്ഥാപനം ഏറ്റെടുക്കുന്നതിനുള്ള അടിയന്തര തുടർനടപടി സ്വീകരിക്കുന്നതാണ്.

## (4) ആനന്ദപ്പള്ളി മരമടി

ശ്രീ. ചിറ്റയം ഗോപകുമാർ : സർ, അടൂർ ആന്ദപ്പള്ളിയിൽ 60 വർഷമായി നടന്നുവന്നിരുന്ന കാർഷിക ഉത്സവമായ ആനന്ദപ്പള്ളി മരമടി മഹോത്സവം നിലവിൽ തടസ്സപ്പെട്ടിരിക്കുകയാണ്. തമിഴ്നാട്ടിലെ ജെല്ലിക്കെട്ടും സമാനമായ ചില അപകടകരമായ ഉരുക്കളുമായി ബന്ധപ്പെടുന്ന ആഘോഷങ്ങളുടെ വിവാദവുമായി ബന്ധപ്പെടുത്തിയാണ് യാതൊരു അടിസ്ഥാനവുമില്ലാതെ തികച്ചും അപകടരഹിതമായ ഈ ഗ്രാമീണ കാർഷിക ആഘോഷം നിർത്തിവച്ചിട്ടുള്ളത്. നെൽകൃഷി വ്യാപകമാക്കുന്നതിന് ശ്രമിക്കുന്ന കാലിക സാഹചര്യത്തിൽ പരമ്പരാഗത കാർഷിക രീതിയിൽ മനുഷ്യനും ഉരുക്കളും സമ്മേളിക്കുന്ന കാർഷിക അദ്ധ്വാനത്തിന്റെ പ്രതീകാത്മകമായ ആഘോഷമാണ് ഈ മരമടി മഹോത്സവം. യുവാക്കളെ കാർഷികവൃത്തിയിലേയ്ക്ക് ആകർഷിക്കുക, വിവിധ പ്രദേശങ്ങളിലെ കർഷകരുടെ കൂട്ടായ്മ നിലനിർത്തുക എന്നീ ലക്ഷ്യങ്ങളും ഈ തനതു കാർഷിക രൂപത്തിനുണ്ട്. 60 വർഷമായി മൃഗങ്ങൾക്കോ ഓട്ടക്കാർക്കോ യാതൊരുവിധ അപകടങ്ങളും ഈ വിനോദവുമായി ബന്ധപ്പെട്ടുണ്ടായിട്ടില്ല. ഈ ഉരുക്കളെ തികച്ചും സ്നേഹത്തോടെ പരിപാലിച്ചാണ് കർഷകർ മത്സരത്തിന് എത്തിക്കുന്നത്. മൃഗങ്ങളും മനുഷ്യരും തമ്മിലുള്ള പോരാട്ടമല്ല. മറിച്ച് ഒന്നായി ചേർന്ന് വിജയം വരിക്കുന്ന സാഹചര്യമാണ് സംജാതമാകുന്നത്. ജെല്ലിക്കെട്ട് അടക്കമുള്ള മാരകമായ വിനോദങ്ങൾ വീണ്ടും സജീവമായിരിക്കുന്നു. കുതിരയോട്ടവും ആനയോട്ടവും തടസ്സമില്ലാതെ നടക്കുന്നു. എന്നാൽ സാധാരണ കർഷകരുടെ മരമടിക്കുവേണ്ടി ആരും ശബ്ദമുയർത്തുന്നില്ല. എറണാകുളം ജില്ലയിലെ കാക്കൂർ കാളവയലിൽ സമാനമായ മരമടി മത്സരം വീണ്ടും വന്നിരിക്കുന്നു. എന്നാൽ അടൂർ ആനന്ദപ്പള്ളിയിലെ മരമടി മഹോത്സവം ചില അവ്യക്തതകളുടെ പേരിൽ മുടങ്ങിയിട്ടുള്ളതായി കാണുന്നു. ആയതിനാൽ ഈ ഉത്സവം പുനരാരംഭിച്ച് അടൂർ ആന്ദപ്പള്ളി മരമടി മഹോത്സവം നടത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, കേരളത്തിന്റെ കാർഷിക പാരമ്പര്യവുമായി ബന്ധമുള്ളതും കേരളത്തിൽ പരമ്പരാഗതമായി നിലനിന്നിരുന്നതുമായ കാളപൂട്ട്, മരമടി, കന്നുപൂട്ട്, ഉഴവ് മുതലായ കായിക വിനോദങ്ങൾ നിയമ വ്യാഖ്യാനത്തിലെ അവ്യക്തതമൂലം പല

സ്ഥലങ്ങളിലും നിലച്ചിരിക്കുകയാണ്. 1960-ലെ മൃഗങ്ങളോടുള്ള ക്രൂരത തടയൽ ആക്ടിലെ വ്യവസ്ഥകൾ പ്രകാരവും തമിഴ്നാട് സർക്കാരും അനിമൽ വെൽഫെയർ ബോർഡും എന്ന കേസിൽ ബഹുമാനപ്പെട്ട സുപ്രീംകോടതി പുറപ്പെടുവിച്ച വിധിന്യായത്തിന്റെ വെളിച്ചത്തിലും മൃഗങ്ങളെ പൊതുജനങ്ങളുടെ മുന്നിൽ വിനോദത്തിനായി പ്രദർശിപ്പിക്കുന്നതിനും അവയെക്കൊണ്ട് അഭ്യാസം ചെയ്യിപ്പിക്കുന്നതിനും മനുഷ്യനും മൃഗവുമായി മത്സരം സംഘടിപ്പിക്കുന്നതിനും മറ്റും ഇന്ത്യയിലാകെ വിലക്ക് ഏർപ്പെടുത്തിയിട്ടുള്ളതാണ്. അതുകൊണ്ട് മൃഗങ്ങളെ ഉപയോഗിച്ചുള്ള മത്സരവിഭാഗ പരിപാടികൾക്ക് അനുമതി നൽകാൻ ഇപ്പോൾ സാധിക്കുന്നില്ല. ബഹുമാനപ്പെട്ട സുപ്രീം കോടതി വിധിയുടെ വെളിച്ചത്തിൽ തമിഴ്നാട്ടിലും മറ്റും വ്യാപകമായി നടത്തിയിരുന്ന ജെല്ലിക്കെട്ട് പോലുള്ള കായിക വിനോദങ്ങൾ ബഹുമാനപ്പെട്ട സുപ്രീം കോടതി വിധിയുടെ വെളിച്ചത്തിൽ സംഘടിപ്പിക്കുന്നതിന് തടസ്സം നേരിട്ടിരുന്നു. ഈ സാഹചര്യത്തിൽ ജെല്ലിക്കെട്ട് നടത്തുന്നതിന് നിയമപരിരക്ഷ നൽകുന്നതിനായി ഒരു പ്രത്യേക നിയമം കൊണ്ടുവന്നാണ് തമിഴ്നാട് സർക്കാർ ബഹുമാനപ്പെട്ട സുപ്രീംകോടതി വിധിയെ മറികടന്നത്. കേരളത്തിന്റെ കാർഷിക സംസ്കൃതിയുടെ ഭാഗമായി പുരാതന കാലംമുതൽ കേരളത്തിൽ നടന്നുവന്നിരുന്നതും മൃഗങ്ങളോട് യാതൊരുവിധ ക്രൂരതയും കാട്ടാത്തതുമായ കാളപൂട്ട്, കന്നുപൂട്ട്, മരമടി, ഉഴവ് എന്നീ പേരുകളിൽ അറിയപ്പെടുന്ന മത്സരങ്ങൾ കേരളത്തിൽ സംഘടിപ്പിക്കാൻ വിലക്ക് ഏർപ്പെടുത്തുന്നത് ഗൗരവമായ പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്. ജെല്ലിക്കെട്ടിന്റെ കാര്യത്തിൽ തമിഴ്നാട് സർക്കാർ സ്വീകരിച്ചതുപോലെ ഒരു നടപടി സ്വീകരിക്കാവുന്ന അവസ്ഥാ വിശേഷമാണോ കേരളത്തിലെ സാമൂഹിക അന്തരീക്ഷമെന്ന് പരിശോധിക്കേണ്ടതാണ്. അതുപോലെതന്നെ കേരളത്തിന്റെ കാർഷിക സംസ്കാരത്തിന്റെ ഭാഗമായി പ്രാചീനകാലം മുതൽ അവർ നടത്തി വന്നിരുന്നതും മൃഗങ്ങളോട് യാതൊരുവിധ ക്രൂരത കാട്ടാതെയും മരമടിമത്സരം പോലെയുള്ള മത്സരങ്ങൾ ആവശ്യമായ സുരക്ഷാ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് കർശനമായ ഉപാധികളോടെയും നടത്താൻ കഴിയുമോ എന്ന കാര്യവും പ്രത്യേകം പരിശോധിക്കും.

## (5) ഭൂമി പോക്കുവരവ്

ശ്രീ. പി. സി. ജോർജ്: സർ, ഡോ. എൻ. ജയരാജ് ഇവിടെ ശ്രദ്ധക്ഷണിക്കൽ അവതരിപ്പിച്ച് പറഞ്ഞ മുഴുവൻ കാര്യങ്ങളും നടപ്പാക്കേണ്ട കാര്യമാണ്. അതിൽ പ്രധാനപ്പെട്ട കാര്യം, 28-3-2015-ൽ ഒരു സർക്കാർ ഉത്തരവ് ഇറങ്ങിയിട്ടുണ്ട്. ശ്രീ. കെ. കൃഷ്ണൻകുട്ടി. എം.എൽ.എ ചെയർമാനായും കാർഷിക

വിദഗ്ദ്ധരടങ്ങിയതും ആസൂത്രണ ബോർഡിന്റെയും കേരള കാർഷിക സർവ്വകലാശാലയുടെയും നേതൃത്വത്തിൽ നടന്ന കമ്മീഷൻ റിപ്പോർട്ട് പൂർണ്ണമായി നടപ്പാക്കണം. അതൊന്ന് കൃഷി വകുപ്പുമന്ത്രിയെ ഓർമ്മിപ്പിച്ചുവെന്നു മാത്രം.

ഭൂപരിഷ്കരണ നിയമത്തിലെ ഒരു അപാകത സംബന്ധിച്ചാണ് എനിക്ക് ഇവിടെ പറയുവാനുള്ളത്. ഭൂപരിഷ്കരണ നിയമത്തെയൊന്നും ഞാൻ എതിർക്കുന്നില്ല. അത് വളരെ നല്ലതാണ്. 1961-ലെ കേരള ഭൂപരിഷ്കരണ നിയമത്തിലെ സെക്ഷൻ 81 പ്രകാരം ഇളവ് അനുവദിച്ച ഭൂമി കൈമാറ്റം ചെയ്തവരുടെ പേരിൽ പോക്കുവരവ് ചെയ്യുന്നതിനെതിരെയുള്ള ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഉത്തരവാണ് റവന്യൂ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുവാനുള്ളത്. കാഞ്ഞിരപ്പള്ളി താലൂക്കിൽ അഞ്ച് സെന്റ് ഭൂമി പാവപ്പെട്ടൊരാൾ വീടുവയ്ക്കാൻവേണ്ടി വാങ്ങിയാൽപ്പോലും അതിന്റെ രേഖയിൽ തോട്ടം എന്നെഴുതിയിരിക്കുന്നതുകൊണ്ട് അവിടെ വീട് വയ്ക്കാൻ പറ്റില്ല. എന്നാൽ വ്യാപകമായി ഇങ്ങനെ വസ്തു കച്ചവടം നടത്തി തോട്ടം മാറ്റണമെന്ന അഭിപ്രായം എനിക്കില്ല. പക്ഷേ ഒരേക്കർ ഭൂമി വരെയുള്ള ആളുകൾക്ക് അത് മാറ്റം വരുത്തിക്കൊടുത്തില്ലെങ്കിൽ എങ്ങനെ മുന്നോട്ടുപോകാൻ കഴിയും. അതുകൊണ്ട് നിർബന്ധമായും അത് ചെയ്യണം. 25-2-2015-ലെ ഉത്തരവിൽ വളരെ വ്യക്തമായി പറഞ്ഞിരിക്കുന്നൊരു കാര്യം, Transfer of Registry Rules, 1966-ലെ റൂൾ 16-ന്റെ അടിസ്ഥാനത്തിൽ പോക്കുവരവ് ചെയ്യുന്നത് ഭൂനികുതി സ്വീകരിക്കുന്നതിനുള്ള ഫിസ്കൽ പർപ്പസ് ഉപാധി മാത്രമാണെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതി വ്യക്തമാക്കിയിട്ടുള്ളതിനാലും Kerala Land Tax Act 1961-ലെ സെക്ഷൻ 19(A) പ്രകാരം ഭൂനികുതി സ്വീകരിക്കുന്നത് പ്രസ്തുത ഭൂമിയിലെ വ്യവസ്ഥകളെ ബാധിക്കില്ലെന്ന് വ്യക്തമാക്കിയിട്ടുള്ളതിനാലും കേരള ഭൂപരിഷ്കരണ നിയമത്തിലെ സെക്ഷൻ 81 പ്രകാരം ഇളവ് അനുവദിച്ച ഭൂമി കൈമാറ്റത്തിലൂടെ ലഭിക്കുന്നവരുടെ പേരിൽ പോക്കുവരവ് ചെയ്ത് നൽകാവുന്നതാണ്. ഹൈക്കോടതി വിധിയിൽ പറഞ്ഞിരിക്കുകയാണ്. അതിന്റെ അടിസ്ഥാനത്തിൽ ലാന്റ് ബോർഡിന്റെ ഓർഡർ ഇറങ്ങിയിട്ടുണ്ട്. ആ നിലയ്ക്ക് എന്തിനാണ് അഞ്ച് സെന്റും പത്തു സെന്റും വാങ്ങുന്ന പാവപ്പെട്ട ആളുകളെ ബുദ്ധിമുട്ടിക്കുന്നത്; അവർക്ക് അത് പോക്കുവരവ് ചെയ്തുകൊടുത്താൽ പോരേ. ഇതുസംബന്ധിച്ച് കോട്ടയം ജില്ലാ കളക്ടർക്ക് നിർദ്ദേശം കൊടുക്കണം.

മീനച്ചിൽ താലൂക്കിലെ അഞ്ച് പഞ്ചായത്തുകളും കാഞ്ഞിരപ്പള്ളി താലൂക്കിലെ അഞ്ച് പഞ്ചായത്തുകളും ഉൾപ്പെടുന്നതാണ് എന്റെ നിയോജകമണ്ഡലം. മീനച്ചിൽ താലൂക്കിലെ കൊണ്ടൂർ വില്ലേജിൽ പുരയിടം റീസർവ്വേ നടത്തിയപ്പോൾ തോട്ടം എന്ന് എഴുതിവച്ചിരിക്കുകയാണ്. മീനച്ചിൽ താലൂക്കിലെ ഏഴ് വില്ലേജുകളിൽ

ഇങ്ങനെ സംഭവിച്ചിട്ടുണ്ട്. അവിടെയും ഇതുപോലെ പോക്കുവരവ് ചെയ്തുകൊടുക്കില്ല. ഇത് റീ സർവ്വെയിൽ വന്ന അപാകതയാണ്. ബഹുമാനപ്പെട്ട മന്ത്രി ഇതിൽ ഇടപെടണം. റീ സർവ്വേയിൽ തെറ്റ് പറ്റിയതാണെന്ന് പരിശോധിച്ചാൽ മനസ്സിലാകും. റീസർവ്വേയിലെ തെറ്റ് മാറ്റിക്കൊണ്ട് കൊണ്ടൂർ വില്ലേജുൾപ്പെടെയുള്ള ഏഴ് വില്ലേജുകളിലെയും വസ്തു കൈമാറ്റത്തിനുള്ള പോക്കുവരവ് ചെയ്തെടുക്കാനുള്ള ശക്തമായ ഇടപെടൽ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, കേരള ഭൂപരിഷ്കരണ നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം തോട്ട ഭൂമിയായി ഇളവ് നൽകിയ ഭൂമി കൈമാറ്റം ചെയ്യുന്നതിൽ തടസ്സങ്ങളൊന്നും നിലവിലില്ല. എന്നാൽ സെക്ഷൻ 81 പ്രകാരം ഏത് സംരംഭത്തിനാണോ ഇളവ് അനുവദിച്ചത്, ആ സംരംഭത്തിനുമാത്രം ഇളവ് തുടർന്നാൽ മതിയാകുമെന്നും ഇളവ് അനുവദിച്ച ഭൂമി കൈമാറ്റംചെയ്തു കിട്ടുന്ന ആൾ അതേ ആവശ്യത്തിനുതന്നെ തുടർന്നും പ്രസ്തുത ഭൂമി ഉപയോഗിക്കേണ്ടതുണ്ടെന്നും അങ്ങനെ ഉപയോഗിക്കാതെ മറ്റ് ആവശ്യങ്ങൾക്കായി ഉപയോഗിക്കാൻ പാടില്ലെന്നും വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്. ഇതൊക്കെ ബഹുമാനപ്പെട്ട പി. സി. ജോർജിന് അറിയാവുന്ന കാര്യങ്ങളാണ്. അങ്ങനെ മറ്റ് ആവശ്യങ്ങൾക്ക് പ്രസ്തുത ഭൂമി ഉപയോഗിക്കുന്നപക്ഷം അത്രയും വിസ്തീർണ്ണം ഭൂമി മിച്ചഭൂമിയായി ഭൂമി കൈമാറ്റം ചെയ്തു നൽകിയ ആളിന്റെ ഭൂമിയിൽനിന്ന് ഏറ്റെടുക്കണമെന്നും വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്. അതനുസരിച്ച് താലൂക്ക് ലാന്റ് ബോർഡുകൾ ആയതിന്മേലുള്ള മിച്ചഭൂമി കേസ് നടപടികൾ പുനരാരംഭിക്കാവുന്നതാണ്. വൻകിട തോട്ടങ്ങൾ 5 സെന്റും 10 സെന്റുമായി മുറിച്ചു വിൽക്കുന്നത് തോട്ടം തുടർന്ന് നടത്തുന്നതിനും പരിപാലിക്കുന്നതിനുമല്ല എന്നും ഇളവു നൽകിയ ഭൂമി ഇത്തരത്തിൽ വിൽപ്പന നടത്തി തരംമാറ്റി വിനിയോഗിക്കാൻ കഴിയുമെന്ന ധാരണയിൽ പൊതുജനങ്ങൾ വീട് വയ്ക്കുന്നതിനും മറ്റും വാങ്ങുന്നത് തടയുന്നതിനും നിരുത്സാഹപ്പെടുത്തുന്നതിനും ആവശ്യമായ ബോധവൽക്കരണം വില്ലേജ് തലത്തിൽ നടത്തുന്നതിന് പരസ്യത്തിലൂടെ പൊതുജനങ്ങളെ അറിയിക്കുന്നതിനും ജില്ലാ കളക്ടർമാർക്ക് സ്റ്റേറ്റ് ലാന്റ് ബോർഡ് നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്. കാഞ്ഞിരപ്പള്ളി താലൂക്കിൽ 5 സെന്റും 10 സെന്റും തോട്ടം ഭൂമി വാങ്ങിയവരുടെ കാര്യം പരിശോധിച്ച് നിയമപ്രകാരം ചെയ്യാൻ കഴിയുന്ന നടപടികൾ സ്വീകരിക്കുന്നതാണ്. ബഹുമാനപ്പെട്ട അംഗം പി. സി. ജോർജ് ഇവിടെ പറഞ്ഞിട്ടുള്ള റീസർവ്വേ നടപടികളെത്തുടർന്ന് വന്നിട്ടുള്ള പാകപ്പിഴകൾ സംബന്ധിച്ച കാര്യങ്ങൾ പരിശോധിക്കുന്നതായിരിക്കും.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

## (6) ക്ഷേമനിധി ഏകീകരണം

ശ്രീ. കെ. ബാബു: സർ, കേരളത്തിലെ ലക്ഷക്കണക്കിന് വരുന്ന മോട്ടോർ തൊഴിലാളികൾ, ഓട്ടോറിക്ഷാ, ടാക്സി, ടെമ്പോ തൊഴിലാളികൾ ഇന്ന് സർക്കാർ ഓഫീസുകളിലേയ്ക്ക് നടത്തുന്ന സമരവുമായി ബന്ധപ്പെട്ട സബ്മിഷനാണ് ഞാൻ അവതരിപ്പിക്കുന്നത്. ഓട്ടോറിക്ഷാ രംഗത്ത് 568000-ത്തോളം വരുന്ന തൊഴിലാളികളും രണ്ട് ലക്ഷത്തോളം വരുന്ന ടാക്സി തൊഴിലാളികളും, സ്റ്റേജ് കാരിയർ രംഗത്തുള്ള 29900 തൊഴിലാളികളും, കോൺട്രാക്ട് കാര്യേജിൽ 15331 തൊഴിലാളികളും ഗുഡ്സ്-ലൈറ്റ് വെഹിക്കിൾ രംഗത്ത് 249000 തൊഴിലാളികളും, മിഡിലും ഹെവിയിലും 20000-വും 126000 തൊഴിലാളികളും ഉൾപ്പെടെ 12 ലക്ഷത്തോളം വരുന്ന വാഹനങ്ങളും 8 ലക്ഷത്തോളം വരുന്ന തൊഴിലാളികളും ഇന്ന് 2005-ൽ നടപ്പിലാക്കിയ ക്ഷേമനിധിയിൽ അംഗത്വമെടുത്തിട്ടുണ്ട്. കേരളത്തിൽ ഈ മേഖലയിൽ 15 ലക്ഷത്തിലധികം വരുന്ന വാഹനങ്ങളും 25 ലക്ഷത്തോളം വരുന്ന തൊഴിലാളികളും അനുബന്ധമായി തൊഴിലെടുത്തുവരികയാണ്. ഇവരുടെ ക്ഷേമത്തിനായി 1956-ൽ ബസ് തൊഴിലാളികൾക്കുവേണ്ടി ഒരു ക്ഷേമനിധി, 1991-ൽ ഓട്ടോറിക്ഷാ തൊഴിലാളികൾക്കുവേണ്ടി ഒരു ക്ഷേമനിധി, 1999-ൽ ഓട്ടോറിക്ഷാ തൊഴിലാളികളുടെ പരിഷ്കരിച്ച ക്ഷേമനിധി എന്നിങ്ങനെ മൂന്ന് ക്ഷേമനിധികൾ നടപ്പിലാക്കിയ ഘട്ടത്തിൽ തന്നെയാണ്, 2005-ൽ എല്ലാ വിഭാഗം മോട്ടോർ തൊഴിലാളികൾക്കുമായി ഒരു ക്ഷേമനിധി ഇവിടെ പ്രഖ്യാപിച്ചത്. തൊഴിലാളി വിഹിതമായി 50 രൂപ മുതൽ 150 രൂപ വരെയും, ഉടമസ്ഥന്റെ വിഹിതമായ 50 രൂപ മുതൽ 350 രൂപ വരെയും പിരിച്ചെടുത്ത്, 1965 കോടി രൂപയുടെ ആസ്തിയുള്ള ഏറ്റവും സമ്പന്നമായ ക്ഷേമനിധിയാണ് മോട്ടോർ തൊഴിലാളി ക്ഷേമനിധി. ഇതിൽ തൊഴിലാളികളുടെ ക്ഷേമനിധി കളക്ഷൻ സെന്ററായി 49 എണ്ണം കേരളത്തിൽ ഉണ്ടായിരുന്നു, പീരുമേട് ഒഴികെ 48 എണ്ണവും ഇപ്പോൾ പൂട്ടിയിരിക്കുകയാണ്. 2005-ലെ തൊഴിലാളി ക്ഷേമനിധിയിൽ അംഗത്വമുള്ള തൊഴിലാളികൾക്ക് വലിയ തോതിലുള്ള ആനുകൂല്യങ്ങൾ ലഭിക്കുന്നുണ്ട്. വിദ്യാർത്ഥി സ്കോളർഷിപ്പ്, വിവാഹ ധനസഹായം, ചികിത്സാ ധനസഹായം, ആക്സിഡന്റുമൂലം മരണം സംഭവിച്ചുകഴിഞ്ഞാൽ കിട്ടാവുന്ന ആനുകൂല്യം, അംഗവൈകല്യം വന്നവർക്കുള്ള ആനുകൂല്യം, സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള 1100 രൂപ പെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ എന്നിവ 2005-ൽ ക്ഷേമനിധിയിൽ അംഗത്വമുള്ള തൊഴിലാളികൾക്ക് കിട്ടുന്നുണ്ട്. എന്നാൽ 1999 വരെ ക്ഷേമനിധിയിൽ അംഗമായിട്ടുള്ള തൊഴിലാളികൾക്കുള്ള ആനുകൂല്യം വളരെ തുച്ഛമാണ്. അതുമാത്രമല്ല 1999 വരെ ക്ഷേമനിധിയിൽ അംഗത്വമുള്ള തൊഴിലാളികൾക്ക് 50 വയസ്സുവരെയാണ് പണം അടയ്ക്കേണ്ടി വരുന്നത്. എന്നാൽ 2005-ലെ ക്ഷേമനിധിയിൽ അംഗത്വമെടുത്തിട്ടുള്ള ആളുകൾക്ക് 60 വയസ്സുവരെ പണം അടയ്ക്കണം. 60 വയസ്സ് കഴിഞ്ഞ തൊഴിലാളികൾക്കാണ് പെൻഷനും മറ്റ് ആനുകൂല്യങ്ങളും ലഭ്യമാകുക. 1999 വരെ ക്ഷേമനിധിയിൽ

അംഗത്വമുള്ള 50 വയസ്സ് പൂർത്തീകരിച്ച തൊഴിലാളികൾ വീണ്ടും 2005-ലെ ക്ഷേമനിധിയിൽ അംഗത്വമെടുക്കണം. 60 വയസ്സുവരെ തുക അടയ്ക്കണമെന്നു പറയുമ്പോൾത്തന്നെ 1999 വരെ ക്ഷേമനിധിയിൽ അടച്ച സർവ്വീസ് കാലാവധിപോലും അവർക്ക് ലഭിക്കാതെ പോകുന്ന വലിയൊരു അനീതിയാണ് ആ തൊഴിലാളികൾക്കുമേൽ ഉണ്ടായിക്കൊണ്ടിരിക്കുന്നത്. ഈ മേഖലയിലെ തൊഴിലാളികൾക്കായി ഒരു മുതൽമുടക്കും ഇല്ലാത്ത സ്ഥിതിയാണ്. കേരളത്തിന്റെ യാത്രാമേഖലയിൽ സേവനമേഖല എന്ന നിലയിൽ പ്രവർത്തിക്കുന്ന തൊഴിലാളികളിൽനിന്നും വാഹന ഉടമസ്ഥരിൽനിന്നും വാഹന നികുതി ഇനത്തിലും, രജിസ്ട്രേഷൻ ഫീസ് ഇനത്തിലും, പെർമിറ്റ് ഇനത്തിലും, ലൈസൻസ് ഫീ, ബാഡ്ജ് ഫീ, പെട്രോൾ-ഡീസൽ സെസ്സ്, ഗ്രീൻ ടാക്സ് തുടങ്ങിയ ഇനത്തിലും കോടിക്കണക്കിന് രൂപയാണ് ഖജനാവിലേയ്ക്ക് കിട്ടുന്നത്. ഇപ്പോൾ 2017-ലെ റോഡ് ട്രാൻസ്പോർട്ട് സേഫ്റ്റി ബിൽ എന്ന പേരിൽ കേന്ദ്ര ഗവൺമെന്റ് ഈ മേഖലയെ കോർപ്പറേറ്റുവൽക്കരിക്കാൻ എടുത്തിട്ടുള്ള തീരുമാനവും ഈ മേഖലയിൽ വലിയ പ്രതിസന്ധിയാണ് സൃഷ്ടിക്കുന്നത്. തൊഴിലാളികളുടെ വാഹനത്തിന്റെ വില വർദ്ധിച്ചു. പെട്രോൾ-ഡീസൽ വില 2014-നുശേഷം 10 രൂപയിലധികമാണ് വർദ്ധിച്ചിരിക്കുന്നത്. ഇൻഷ്വറൻസ് പ്രീമിയം 300 ഇരട്ടിയിലധികം വർദ്ധിച്ചു. സ്പെയർപാർട്ടുകളുടെ വിലയും ക്രമാതീതമായിട്ടാണ് വർദ്ധിച്ചിരിക്കുന്നത്. അങ്ങനെ ദുരിതത്തിലാഴ്ന്നുപോയിട്ടുള്ള ഈ തൊഴിലാളികളെ സംരക്ഷിക്കാൻ, അവരുടെ ജീവിതത്തിന് സുരക്ഷിതത്വം ഉണ്ടാക്കുന്നതിനുള്ള നടപടികളുണ്ടാകണം. ഈ ക്ഷേമനിധിയിൽ ഉൾപ്പെട്ടിട്ടുള്ള തൊഴിലാളികൾക്ക് ലോട്ടറി തൊഴിലാളികൾക്ക് ഇപ്പോൾ പ്രഖ്യാപിച്ചിട്ടുള്ള ഉൽസവബത്ത പോലെയുള്ള യാതൊരു ആനുകൂല്യവും ഉൽസവകാലത്തുപോലും ഈ ക്ഷേമനിധിയിൽ നിന്നു കിട്ടുന്നില്ല. തൊഴിലാളികൾക്ക് ക്രമാതീതമായി എല്ലാ വർദ്ധനവും ഉണ്ടാകുകയാണ്; അവർക്ക് 2014-ലാണ് ചാർജ് വർദ്ധനവ് ഉണ്ടായത്. മോട്ടോർ തൊഴിലാളികളുടെ ജീവിതസുരക്ഷ ഉറപ്പാക്കിയിട്ടുള്ള ഈ ക്ഷേമനിധിയിൽ 1999 വരെ നിലനിൽക്കുന്ന എല്ലാ ക്ഷേമനിധികളേയും 2005-ലെ ക്ഷേമനിധിയുമായി മുൻകാല സർവ്വീസോടുകൂടി ലയിപ്പിക്കാൻ ആവശ്യമായ അടിയന്തര നടപടിയുണ്ടാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): സർ, കേരളത്തിലെ സ്വകാര്യ മോട്ടോർ വ്യവസായ സ്ഥാപനങ്ങളിലെ തൊഴിലാളികളുടെ ഉന്നമനത്തിനായി കേരള സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിയതാണ് 1985-ലെ കേരള മോട്ടോർ തൊഴിലാളി നിയമവും പദ്ധതിയും. 1986 ഏപ്രിൽ 1 മുതൽ നടപ്പിലാക്കിയ പ്രസ്തുത പദ്ധതിയിൽ കൂടുതലും അംഗങ്ങളായത് ബസ് തൊഴിലാളികളായിരുന്നു. തുടർന്ന് ഓട്ടോറിക്ഷാ തൊഴിലാളികൾക്കായി നടപ്പിലാക്കിയ പദ്ധതി 3-5-1991-ലെ സർക്കാർ ഉത്തരവ് പ്രകാരം പ്രാബല്യത്തിൽ വരികയും, 17-4-1999-ലെ സർക്കാർ ഉത്തരവ് പ്രകാരം

കൂടുതൽ ആകർഷകമായ വ്യവസ്ഥകൾ ഉൾപ്പെടുത്തി ഭേദഗതി വരുത്തുകയും ചെയ്തു. 20 മുതൽ 48 വയസ്സുവരെ പ്രായമുള്ള ഓട്ടോറിക്ഷാ തൊഴിലാളികൾക്കും, സ്വയം തൊഴിൽ ചെയ്യുന്ന തൊഴിലാളികൾക്കുമാണ് ഈ പദ്ധതിയിലെ അംഗത്വത്തിന് അർഹതയുണ്ടായിരുന്നത്. അംഗങ്ങളായ 20156 തൊഴിലാളികളെ പ്രത്യേകം നിലനിർത്തിക്കൊണ്ട് 7-6-2005-ലെ സർക്കാർ ഉത്തരവ് പ്രകാരം കേരളാ മോട്ടോർ തൊഴിലാളി ക്ഷേമനിധി പദ്ധതി ഭേദഗതി വരുത്തിയിരുന്നു. ആയതിനാൽ 1991-ലെ കേരളാ ഓട്ടോറിക്ഷാ തൊഴിലാളി ക്ഷേമനിധി പദ്ധതി പ്രകാരം അംഗങ്ങളായ തൊഴിലാളികളെക്കൂടി ഉൾപ്പെടുത്തി 2005-ലെ കേരളാ മോട്ടോർ തൊഴിലാളി ക്ഷേമനിധി പദ്ധതി ഭേദഗതി വരുത്തുന്നതിന് ബോർഡ് ഭരണസമിതി അംഗീകരിച്ച നിർദ്ദേശം സർക്കാർ വിശദമായി പരിശോധിക്കുകയും പ്രസ്തുത നിർദ്ദേശം 14-ാം കേരള നിയമസഭ ബിൽ നമ്പർ 49 ആയി പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത ബിൽ പാസ്സാക്കുന്നതോടുകൂടി ഓട്ടോറിക്ഷാ തൊഴിലാളി ക്ഷേമനിധി പദ്ധതി പരിഷ്കരിക്കപ്പെട്ട 2005-ലെ മോട്ടോർ തൊഴിലാളി ക്ഷേമനിധി പദ്ധതിയുടെ ഭാഗമാകുന്നതാണ്. 2005-ലെ ക്ഷേമനിധി പദ്ധതി ആധാരമാക്കിയെടുത്ത് ഇവിടെ ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതുപോലെ എല്ലാ മേഖലയിലേയും മോട്ടോർ വ്യവസായവുമായി ബന്ധപ്പെട്ട് നിൽക്കുന്ന എല്ലാ തൊഴിലാളികൾക്കും പരിരക്ഷ നൽകാവുന്ന സമീപനം ഈ പരിഷ്കരണത്തിന്റെ ഭാഗമായി സ്വീകരിക്കാവുന്നതാണ്. ഭേദഗതി പാസ്സാകുന്നതോടുകൂടി ഈ ആവശ്യം പരിഹരിക്കപ്പെടും. തൊഴിലാളി സംഘടനകളുമായി ചർച്ച നടത്തി ഇതിന്റെ വിശദാംശങ്ങളെക്കുറിച്ച് വ്യക്തത വരുത്തുന്നതിനുള്ള നിലപാടും ഗവൺമെന്റ് സ്വീകരിക്കുന്നതാണ്.

## (7) ദേശീയപതാക ഉയർത്തിയത് സംബന്ധിച്ച്

ശ്രീ. ഒ. രാജഗോപാൽ: സർ, എനിക്ക് ഈ സബ്മിഷൻ ഉന്നയിക്കാൻ അനുവാദം തന്നതിന് ആദ്യംതന്നെ നന്ദി പറയുകയാണ്. ആഗസ്റ്റ് 15-ാം തീയതിയുടെ പ്രാധാന്യത്തെക്കുറിച്ച് ഞാൻ വിശദീകരിക്കേണ്ട കാര്യമില്ല. ജനങ്ങൾക്കിടയിൽ രാജ്യസ്നേഹത്തിന്റേയും ഒരുമയുടേയും കെട്ടുറപ്പിന്റേയും മനോഭാവം സൃഷ്ടിക്കാൻ വേണ്ടിയാണ് ആഗസ്റ്റ് 15 രാജ്യം മുഴുവൻ ആഘോഷിക്കുന്നത്. അതിനു സഹായമായിട്ടുള്ള സമീപനം വേണമെന്നുള്ളതാണ് അതിന്റെ ഉദ്ദേശം എന്ന് ഞാൻ മനസ്സിലാക്കുന്നു. ദേശീയപതാകയെ സംബന്ധിച്ച വ്യവസ്ഥകളും നിയമങ്ങളുണ്ടാക്കാനുള്ള അവകാശവും കേന്ദ്രത്തിന്റേതാണ്. ഇതുസംബന്ധിച്ച് ബഹുമാനപ്പെട്ട സുപ്രീം കോടതി ഡിവിഷൻ ബഞ്ചിന്റെ 1994-ലുള്ള വിധിന്യായത്തിൽ വ്യക്തമായി പറയുന്നുണ്ട്. ഇപ്പോൾ കേരളത്തിൽ അതുപോലെതന്നെയാണ് ചെയ്യുന്നത്. ഉദാഹരണത്തിന് എല്ലാ ജില്ലകളിലും

സംസ്ഥാനത്തിലും പലതരത്തിലുള്ള ആൾക്കാരെ ക്ഷണിച്ചുവരുത്തി പരിപാടികളിൽ പങ്കാളിത്തം ഉറപ്പുവരുത്താറുണ്ട്. ജനപ്രതിനിധികളല്ലാത്ത ആൾക്കാരേയും ഉൾപ്പെടുത്തുന്നുണ്ട്. അങ്ങനെയാണ് കോൺഗ്രസ്സ് നേതാവ് ശ്രീ. വി. എം. സുധീരൻ, ശ്രീ. ആനത്തലവട്ടം ആനന്ദൻ, ഒരു സ്ഥലത്ത് ഒരു സ്വാമി അങ്ങനെ പല ആൾക്കാരേയും വിളിച്ച് ജനങ്ങളുടെ പങ്കാളിത്തം കൂടുതൽ വ്യാപകമാക്കാൻ വേണ്ടിചെയ്യുന്ന ഒരു പരിപാടിയാണ്; അത് നല്ല കാര്യമാണ്. എന്തോ നിർഭാഗ്യവശാൽ നടന്ന ചില സംഭവങ്ങൾ അതിന് വിരുദ്ധമായി ചില ആൾക്കാരെ അയിത്തക്കാരായി മാറ്റിനിർത്തുന്ന, അവഹേളിക്കുന്ന ഒരു സംഭവം ഉണ്ടായതായി തോന്നുന്നു. പാലക്കാട് മൂത്താന്തല ടൗണിലെ മൂത്താന്തല ഭാഗത്ത് ഒരു കമ്മ്യൂണിറ്റിയുണ്ട്. ആ കമ്മ്യൂണിറ്റിക്കാർ 50 കൊല്ലംമുമ്പ് ഒരു സ്കൂൾ ആരംഭിക്കാൻ തീരുമാനിച്ചു. അവരുടെ കൂട്ടായ പ്രവർത്തനംകൊണ്ട്, സ്വകാര്യമല്ല, കൂട്ടായ സൊസൈറ്റിയുടെ പ്രവർത്തനത്തിന്റെ ഫലമായി നല്ലൊരു മാതൃകാസ്ഥാപനമായി അതിനെ വളർത്തി. സ്വാഭാവികമായും അവരുടെ ആർ.എസ്.എസ്.-ന്റെ നേതാവ് ശ്രീ. മോഹൻ ഭാഗവത്തിനെ ക്ഷണിച്ചു. അദ്ദേഹത്തിന് വരാൻ സാധ്യമല്ലെന്നും അടുത്തകൊല്ലം വരുമ്പോൾ അവിടെ വരാമെന്ന് സമ്മതിക്കുകയും ചെയ്തു. ഈ പ്രാവശ്യം അദ്ദേഹം ആ നിലയ്ക്ക് കേരളത്തിലെ ടൂറിന്റെ ഭാഗമായി ആ ദിവസങ്ങളിൽ പാലക്കാട് പരിപാടികളിൽ പങ്കെടുക്കാൻ ഉണ്ടായിരുന്നു. ഇത് ഉപയോഗപ്പെടുത്തിക്കൊണ്ട് ആ സ്കൂളിൽ പഠിക്കുന്ന കുട്ടികൾ, അദ്ധ്യാപകൻമാർ, പേരന്റ്സ് അസോസിയേഷൻ ഇവരെല്ലാപേരും കൂടിചേർന്ന് അദ്ദേഹത്തിനെ വിശിഷ്ടാതിഥിയായി സ്വീകരിച്ചുകൊണ്ട് ഫ്ലാഗ് ഹോയിസ്റ്റ് ചെയ്യണമെന്ന് തീരുമാനിച്ചു. അതനുസരിച്ച് ജില്ലാ കളക്ടറെ .......(ബഹളം).......

മി. സ്പീക്കർ: അദ്ദേഹം പറഞ്ഞ് അവസാനിപ്പിക്കട്ടെ. മറുപടി പറയാൻ മന്ത്രിയുണ്ട്. പ്ലീസ്... പ്ലീസ്... അങ്ങേയ്ക്ക് സഭയിൽ സബ്മിറ്റ് ചെയ്യാനുള്ളത് പറയൂ.

ശ്രീ. ഒ. രാജഗോപാൽ: സർ, ഇതാണ് പ്രശ്നം.... അസഹിഷ്ണുതയാണ് പ്രശ്നം. ഞാൻ പറഞ്ഞുവരുന്നത്, വിവേചനം പാടില്ല എന്നതാണ് എന്റെ പോയിന്റ്. പതാക ഉയർത്താൻ വിശദമായ തീരുമാനം എടുത്തശേഷം ആ വിവരം ജില്ലയിലെ പോലീസ് ഉദ്യോഗസ്ഥരേയും വിദ്യാഭ്യാസ വകുപ്പിലെ ഉദ്യോഗസ്ഥരേയും 5-ാം തീയതിയും 10-ാം തീയതിയും രണ്ടും മൂന്നും പ്രാവശ്യം അറിയിക്കുകയുണ്ടായി.

അതനുസരിച്ച് പോലീസ് ഉദ്യോഗസ്ഥർ വന്നു, ഹൈ സെക്യൂരിറ്റി ആവശ്യമായതിനാൽ അതെല്ലാം പരിശോധിച്ചു, സ്റ്റേജ് ഇന്ന രീതിയിൽ വേണം തുടങ്ങിയ കാര്യങ്ങൾക്കൊക്കെവേണ്ട നിർദ്ദേശങ്ങൾ നൽകുകയും അതിനുവേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്തു....(ബഹളം).......

മി. സ്പീക്കർ: പ്ലീസ്...പ്ലീസ്.. നിങ്ങൾ ഇരിക്കൂ... മന്ത്രി മറുപടി പറയും. ശ്രീ. ഒ. രാജഗോപാൽ... അങ്ങ് പറഞ്ഞ് അവസാനിപ്പിക്കൂ.

ശ്രീ. ഒ. രാജഗോപാൽ: സർ, ആഗസ്റ്റ് 14- ന് രാത്രി പതിനൊന്നര മണിക്ക് അവിടെയുള്ള തഹസിൽദാർ, അത് ചെയ്യാൻ പാടില്ല, അങ്ങനെ അനുവദിക്കാൻ പറ്റില്ല, കൊടി ഉയർത്താൻ പാടില്ലെന്ന് പറയുകയുണ്ടായി. ...(ബഹളം).....

മി. സ്പീക്കർ: അങ്ങ് എന്താണ് സബ്മിറ്റ് ചെയ്യാൻ ഉദ്ദേശിക്കുന്നത്? വേഗം പറയൂ.. ...(ബഹളം).....

ശ്രീ. ഒ. രാജഗോപാൽ: സർ, ഇത് മുഖ്യമന്ത്രിയുടെ ഓഫീസിൽ നിന്നുള്ള നിർദ്ദേശമാണെന്ന് അവർ പറഞ്ഞു. അങ്ങനെ തഹസിൽദാർ ചെയ്തിട്ടുള്ളത് ഇത് മുടക്കാൻ വേണ്ടിയാണ്, ഇത് ശരിയല്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അങ്ങനെയൊരു നിർദ്ദേശം കൊടുത്തിട്ടുണ്ടെന്ന് ഞാൻ വിശ്വസിക്കുന്നില്ല......(ബഹളം).....

മി. സ്പീക്കർ: അങ്ങയുടെ സബ്മിഷൻ എന്താണ്?

ശ്രീ. ഒ. രാജഗോപാൽ: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഓഫീസിലെ ആരുടേയോ, ഒരു അജ്ഞാതന്റെ നിർദ്ദേശപ്രകാരമാണ് അങ്ങനെ പറഞ്ഞതെന്നാണ് ജനങ്ങൾ സംശയിക്കുന്നത്. ഏതായാലും ഈ വിവേചനം ശരിയല്ല. എല്ലാവർക്കും തുല്യമായ അധികാരാവകാശങ്ങൾ കൊടുക്കണം. എല്ലാവർക്കും പങ്കാളിത്തമുണ്ടെന്ന് ഉറപ്പുവരുത്തണം. ഈ നിലയ്ക്ക് അവഹേളിക്കുന്ന രീതിയിൽ കാര്യങ്ങൾ ചെയ്യുന്നത് തികച്ചും തെറ്റായ നിലപാടാണ്. അതിൽ പ്രതിഷേധമുണ്ട്. ഇങ്ങനെ അവഹേളിക്കുന്നതിനുവേണ്ടി ചില ആൾക്കാർ നടത്തിയ ഗൂഢാലോചനയിൽ ശക്തമായ പ്രതിഷേധം ഞാൻ അറിയിക്കുകയാണ്. ഏത് ലക്ഷ്യം വച്ചുകൊണ്ടാണോ ദേശീയ പതാക ഉയർത്തുന്നത്, ആ ഐക്യം ഉണ്ടാക്കുന്നതിന് സഹായകമാകുന്ന രീതിയിലാണ് കാര്യങ്ങൾ ചെയ്യേണ്ടതെന്ന് മാത്രമേ എനിക്ക് പറയാനുള്ളൂ. ...(ബഹളം).....

മി. സ്പീക്കർ: ഇതിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി മറുപടി പറയും. ഈ സഭയിലെ ഒരംഗം എന്ന നിലയിൽ അദ്ദേഹത്തിന് കാര്യങ്ങൾ ഉന്നയിക്കാനുള്ള അവസരം കൊടുത്തു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, സംസ്ഥാനത്തെ സ്കൂളുകളിൽ സ്വാതന്ത്ര്യ ദിനാഘോഷത്തിന്റെ നിർദ്ദേശങ്ങളും മാർഗ്ഗരേഖയും അടങ്ങിയ സർക്കുലർ 5-8-2017, 10-8-2017 എന്നീ തീയതികളിൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ നൽകിയിരുന്നു. പ്രസ്തുത സർക്കുലറിൽ പ്രധാന മേധാവികൾ ദേശീയ പതാക ഉയർത്തണമെന്നും ആഘോഷ പരിപാടികളിൽ

രക്ഷിതാക്കൾ, ജനപ്രതിനിധികൾ, പൊതുപ്രവർത്തകർ, സ്വാതന്ത്ര്യ സമര സേനാനികൾ എന്നിവരെ പങ്കെടുപ്പിക്കണമെന്നും അറിയിച്ചിരുന്നു. എന്നാൽ ആർ.എസ്.എസ്. മേധാവി ശ്രീ. മോഹൻ ഭാഗവത് ആണ് പാലക്കാട് കണ്ണകീയമ്മൻ ഹയർ സെക്കന്ററി സ്കൂളിൽ സ്വാതന്ത്ര്യ ദിനത്തിൽ പതാക ഉയർത്തുന്നത് എന്ന വിവരം 14-8-2017-ൽ ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടർ പ്രധാനാദ്ധ്യാപകനെ അന്നുതന്നെ ഫോൺ മുഖേനയും ജില്ലാ കളക്ടർ കത്ത് മുഖേനയും സർക്കുലറിലെ നിർദ്ദേശം കർശനമായി നടപ്പിലാക്കുവാൻ സ്കൂൾ അധികൃതരോട് വീണ്ടും നിർദ്ദേശിക്കുകയാണുണ്ടായത്. ആയതിനാൽ ദേശീയ പതാക ഉയർത്തുന്നത് സംബന്ധിച്ച നിർദ്ദേശം സ്കൂൾ അധികൃതരെ അറിയിക്കുന്നതിൽ കാലതാമസമുണ്ടായിട്ടില്ല.

# VI. മേശപ്പുറത്തുവച്ചകടലാസുകൾ

## ചട്ടം 236(6) അനുസരിച്ചുള്ള കടലാസ്സുകൾ

1. മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

| | | |
|---|---|---|
| II—സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥൻമാർ | 2016-17 | ആസൂത്രണ സാമ്പത്തികകാര്യ (സി.പി.എ.യു.) വകുപ്പ് |
| IV—തെരഞ്ഞെടുപ്പുകൾ | 2016-17 | ഇലക്ഷൻ വകുപ്പ് |
| XIV—സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും | 2016-17 | ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പബ്ലിക് അഡ്മിനിസ്ട്രേഷൻ |
| | | പൊതുഭരണ (സ്പെഷ്യൽ എ) വകുപ്പ് |
| XVI—പെൻഷനും പലവകയും | 2016-17 | കായിക യുവജനകാര്യ വകുപ്പ് |
| XVII—വിദ്യാഭ്യാസം കായികവിനോദം, കല, സംസ്കാരം | 2016-17 | പൊതുഭരണ (സർവീസസ്- ഡി) വകുപ്പ് |
| XXI—ഭവന നിർമ്മാണം | 2015-16 | ആസൂത്രണ സാമ്പത്തികകാര്യവകുപ്പ് |
| XXIV—തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും | 2016-17 | നോർക്ക |

| | | |
|---|---|---|
| XXVIII—പലവക സാമ്പത്തിക സർവ്വീസുകൾ | 2015-16 | സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് |
| XXIX—കൃഷി | | സെന്റർഫോർ ഡെവലപ്മെന്റ് സ്റ്റഡീസ് |
| | 2016-17 | കേരള സംസ്ഥാന ഭൂവിനിയോഗ ബോർഡ് |
| | 2015-16 | സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് |
| XXXVII—വ്യവസായങ്ങൾ | 2015-16 | സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് |
| XLI—ഗതാഗതം | 2014-15 | ഗതാഗതവകുപ്പ് |
| | 2015-16 | |
| XLV—പലവക വായ്പകളും മുൻകൂറുകളും | 2016-17 | പൊതുഭരണ(സ്പെഷ്യൽ-സി) വകുപ്പ് |

2. പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| II—സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ | 2016-17 | പാർലമെന്ററികാര്യ വകുപ്പ് |
| XXV—പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നോക്ക വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം | 2015-16 | പട്ടികജാതി വികസന വകുപ്പ് |

3. റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| XVI—പെൻഷനും പലവകയും | 2016-17 | റവന്യൂ (ബി) വകുപ്പ് |
| XXVIII—പലവക സാമ്പത്തിക സർവ്വീസുകൾ | 2016-17 | റവന്യൂ വകുപ്പ് |

4. തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രിക്കുവേണ്ടി വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം.എം. മണി): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| IV- തെരഞ്ഞെടുപ്പുകൾ | 2015-16 | കേരള സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ |
| | 2016- 17 | |
| XXV—പട്ടികജാതി/പട്ടികവർഗ്ഗ/ മറ്റു പിന്നോക്ക വിഭാഗങ്ങൾ/ ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം | 2016-17 | തദ്ദേശ സ്വയംഭരണ (ന്യൂനപക്ഷക്ഷേമ) വകുപ്പ് |

5. മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രിക്കുവേണ്ടി വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| XXXVII—വ്യവസായങ്ങൾ | 2014- 15 | കാപെക്സ് |

6. വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻമേശപ്പുറത്തുവയ്ക്കുന്നു:

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| XXXVII—വ്യവസായങ്ങൾ | 2014- 15 | കേരള ഖാദിഗ്രാമ വ്യവസായ ബോർഡ്, കാഡ്കോ, എച്ച്.ഡി.സി.കെ., കെ. എസ്.ബി.സി, സുരഭി |
| | 2015- 16 | സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡ് |
| | 2016- 17 | കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡ് |

7. വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| V—കാർഷികാദായ നികുതിയും വിൽപ്പന നികുതിയും | 2015-16 | ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പ് |

8. വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| XXXIV—വനം | 2016-17 | വനം വന്യജീവി വകുപ്പ് |

9. വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| XVII—വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം | 2015-16 | ഉന്നതവിദ്യാഭ്യാസ വകുപ്പ് |

10. കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| XXIX—കൃഷി | 2016-17 | കേരള ലാന്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് |

11. ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| XXIV—തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസിക്ഷേമവും | 2016-17 | ധനകാര്യ വകുപ്പ് |
| XXVIII—പലവക സാമ്പത്തിക കാര്യങ്ങൾ | 2016-17 | ധനകാര്യ വകുപ്പ് |
| XLIII—നഷ്ടപരിഹാരവും അവകാശ കൈമാറ്റങ്ങളും | 2016-17 | ധനകാര്യ വകുപ്പ് |

# VII. റിപ്പോർട്ട് സമർപ്പണം

## സബ്ജക്ട് കമ്മിറ്റി I-ന്റെ 2017 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട്

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി I-ന്റെ 2016-2017 സാമ്പത്തിക വർഷത്തെ ആനുകാലിക റിപ്പോർട്ട് സമിതി ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

## സബ്ജക്ട് കമ്മിറ്റി VII-ന്റെ 2017 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട്

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): സർ, സബ്ജക്ട് കമ്മിറ്റി VII-ന്റെ 2016-2017 സാമ്പത്തിക വർഷത്തെ ആനുകാലിക റിപ്പോർട്ട് സമിതി ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

## എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ 5 മുതൽ 9 വരെയുള്ള റിപ്പോർട്ടുകൾ

ശ്രീ.എസ് ശർമ്മ: സർ, എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ ചെയർമാനായ ഞാൻ സമിതിയുടെ 5 മുതൽ 9 വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

## പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ 7 മുതൽ 9 വരെയുള്ള റിപ്പോർട്ടുകൾ

ശ്രീ. ജെയിംസ് മാത്യു: സർ, പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ 7 മുതൽ 9 വരെയുള്ള റിപ്പോർട്ടുകൾ ചെയർമാനുവേണ്ടി സമിതി അംഗമായ ഞാൻ സമർപ്പിക്കുന്നു.

# VIII. നിയമനിർമ്മാണകാര്യം

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും

(i) 2017-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിനെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ:

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2017-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിനെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ):സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, കൂടുതൽ സംസാരിക്കാനില്ല, കാര്യങ്ങൾ വ്യക്തമാണ്.

(പ്രസ്തുത ബില്ലിന് വിയോജനക്കുറിപ്പ് നൽകിയിരുന്ന ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് സീറ്റിലില്ലാതിരുന്നതിനാൽ വിയോജനക്കുറിപ്പ് അവതരിപ്പിക്കപ്പെട്ടില്ല.)

11.00 AM]

ശ്രീ. മുഹമ്മദ് മുഹസിൻ പി: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2017-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിനെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഭരണഘടനാ സ്ഥാപനമായ പി.എസ്.സി.-യിൽ യുവജനങ്ങൾ ഏറെ പ്രതീക്ഷയോടുകൂടി വിശ്വാസം അർപ്പിക്കുന്നു. ഇന്ന് പി.എസ്.സി. നിയമനവുമായി ബന്ധപ്പെട്ട് നമ്മുടെ നാട്ടിലെ യുവാക്കൾക്ക് ഒട്ടേറെ പ്രശ്നങ്ങളുണ്ട്. കേരളത്തിലെ ഉദ്യോഗാർത്ഥികളെയും യുവാക്കളെയും സംബന്ധിച്ച് ഏറ്റവും പ്രധാനപ്പെട്ട ഒരു നിയമനിർമ്മാണമാണ് ഇവിടെ നടക്കുന്നത്. ഈ ഒരു സാഹചര്യത്തിൽ പ്രതിപക്ഷം ഇവിടെ ഇല്ലാതിരിക്കുന്നത് വളരെ ഖേദകരമാണ്. കഴിഞ്ഞ അഞ്ചു വർഷക്കാലം അപ്രഖ്യാപിത നിയമന നിരോധനം നടത്തിയവരാണ് ഇന്ന് പ്രതിപക്ഷത്തിരിക്കുന്നത്. ധാരാളം യുവതീ-യുവാക്കൾ വളരെ പ്രതീക്ഷയോടുകൂടി പരീക്ഷകളെഴുതി റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട് ജോലിക്കുവേണ്ടി കാത്തിരുന്നിട്ടും ഒഴിവുകൾ റിപ്പോർട്ട് ചെയ്യാതെ നിയമനങ്ങൾ നടത്താതെ ലിസ്റ്റുകൾ മാറ്റിവച്ച് അവരുടെ പ്രതീക്ഷകൾ ഇവർ നഷ്ടപ്പെടുത്തി. അതുകൊണ്ടു തന്നെ ഈ നിയമനിർമ്മാണം നടക്കുന്ന സമയത്ത് പല ചോദ്യങ്ങളും അവരിലേയ്ക്ക് ഉയരുമെന്ന് മനസ്സിലാക്കിയതുകൊണ്ടാണ് പ്രധാനപ്പെട്ട ഈ ബില്ലിന്മേലുള്ള ചർച്ചയിൽ പങ്കെടുക്കാതെ അവർ മാറിനിന്നത്. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ രൂപംകൊണ്ടതിനുശേഷം ആദ്യമായാണ് നിയമനം പി.എസ്.സി.-ക്ക് വിടാൻ തീരുമാനിച്ചുകൊണ്ടുള്ള ചർച്ച നടക്കുന്നത്. 2010 ആഗസ്റ്റ് 26-ാം തീയതിയാണ്

ഈ ട്രൈബ്യൂണൽ നിലവിൽ വന്നത്. വളരെ പ്രധാനപ്പെട്ട ഒരു ട്രൈബ്യൂണലായതു കൊണ്ട് പിൻവാതിലിലൂടേയോ, മറ്റേതെങ്കിലും മാർഗ്ഗത്തിലൂടെയോ അല്ലാതെ യോഗ്യരായിട്ടുള്ള ആളുകൾ ഈ വകുപ്പിൽ ജോലി ചെയ്യണമെന്നുള്ള ഉദ്ദേശ്യത്തോടുകൂടിയാണ് നിയമനം പി.എസ്.സി.-ക്ക് വിടാൻ തീരുമാനിച്ചിട്ടുള്ളത്. പി.എസ്.സി.-യുടെ കാര്യത്തിൽ കൃത്യമായ ഒരു മോണിറ്ററിംഗ് നടക്കേണ്ടതുണ്ട്. ഇതിന്റെ മൂലനിയമമായ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ ആക്ട്, 1985 പ്രകാരം റിക്രൂട്ട്മെന്റും സർവ്വീസ് സംബന്ധമായ വിഷയങ്ങളും ഈ ട്രൈബ്യൂണലിന്റെ അധികാര പരിധിയിലാണ് വരുന്നത്. റിക്രൂട്ട്മെന്റ് ഏജൻസിയായ പി.എസ്.സി.-യുമായി ബന്ധപ്പെട്ട് ധാരാളം പ്രശ്നങ്ങൾ നിലനിൽക്കുന്നുണ്ട്. റിക്രൂട്ട്മെന്റിന്റെ കാര്യത്തിലും റിപ്പോർട്ട് ചെയ്ത ഒഴിവുകളിൽ പരീക്ഷ നടത്താനും റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കാനും കാലതാമസം നേരിടുന്നുണ്ട്. പതിനൊന്ന് മാസം മുതൽ ആറര വർഷത്തോളം കാലതാമസം വരുത്തിയെന്നാണ് സി. ആന്റ് എ.ജി.-യുടെ റിപ്പോർട്ടിൽ പറയുന്നത്. 128 തസ്തികകളിലായി കുറഞ്ഞത് 452 ഒഴിവുകളിൽ പി.എസ്.സി. വിജ്ഞാപനം ചെയ്യേണ്ടതുണ്ടെന്നാണ് സി. ആന്റ് എ.ജി. പറഞ്ഞിട്ടുള്ളത്. ചോദ്യകർത്താവ് തന്നെ പരീക്ഷ എഴുതിയെന്ന ആക്ഷേപവും ഇതിനുമുമ്പ് വന്നിട്ടുണ്ടായിരുന്നു. ഒഴിവുകൾ നികത്താനുള്ള നടപടികൾ നീണ്ടുപോകുന്നതുകാരണം ധാരാളം ഉദ്യോഗാർത്ഥികളുടെ അവസരങ്ങൾ നഷ്ടപ്പെടുന്നു. ഇപ്പോൾത്തന്നെ റാങ്ക് ലിസ്റ്റുകൾ റദ്ദ്ചെയ്തതുകൊണ്ട് പ്രായപരിധി കഴിഞ്ഞ ഒരുപാട് ആളുകൾക്ക് ലാസ്റ്റ് ചാൻസും നഷ്ടപ്പെട്ട അവസ്ഥയാണുള്ളത്. ഉദ്യോഗാർത്ഥികളുടെ കുറ്റം കൊണ്ടല്ല ഇതൊക്കെ സംഭവിക്കുന്നത്. പാലക്കാട്, പത്തനംതിട്ട ജില്ലകളിൽ രണ്ടു ലക്ഷത്തിലധികംപേർ എഴുതിയ എൽ.ഡി. ക്ലാർക്ക് പരീക്ഷയുടെ ചോദ്യപേപ്പറുമായി ബന്ധപ്പെട്ട് വിവാദമുണ്ടായി. ഒരു വിദ്യാഭ്യാസ മാസികയിൽ വന്ന ഓപ്ഷനടക്കമുള്ള എട്ടോളം ചോദ്യങ്ങൾ അതേപടി ചേർത്തു എന്നാണ് ആക്ഷേപമുണ്ടായത്. ആദ്യമായാണ് പരീക്ഷയ്ക്ക് സിലബസ് കൊടുക്കുന്നത്; അതിൽ സിലബസിന് പുറത്തുനിന്നുള്ള ഇന്റർനാഷണൽ ചോദ്യങ്ങളാണ് കൂടുതലായി ചോദിച്ചത്. അതുപോലെതന്നെ ചോദ്യപേപ്പറിൽ വംശീയമായി അധിക്ഷേപിക്കുന്ന തരത്തിലുള്ള ചോദ്യങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ടായിരുന്നു. 'സുഡാനിലെ നീഗ്രോകളെ നമ്മൾ എന്തു വിളിക്കുന്നു' എന്നാണ് ചോദ്യം. അതിന് കാപ്പിരികൾ മുതലായ ഓപ്ഷൻസാണ് കൊടുത്തിട്ടുള്ളത്. വേണ്ടവിധത്തിൽ ചിന്തിക്കാതെ, യോഗ്യതയില്ലാത്തവർ തയ്യാറാക്കിയ ചോദ്യങ്ങളായിരിക്കും ഇവ. പത്താം ക്ലാസ്സ് പാഠപുസ്തകത്തിന്റെ ഗൈഡിൽ നിന്നും അതേപടി പകർത്തിയ ചില ചോദ്യങ്ങളും അതിലുണ്ട്. ഒരേ ടോപ്പിക് ആവർത്തിച്ച് ഒരേ പരീക്ഷയിൽ ചോദിക്കുന്നതും കണ്ടിട്ടുണ്ട്. ഇത്തരത്തിൽ ചോദ്യപേപ്പറുമായി ബന്ധപ്പെട്ടുകൊണ്ട് പല തരത്തിലുള്ള

വിവാദങ്ങളുണ്ടായിട്ടുണ്ട്. ഇക്കാര്യങ്ങൾ കൃത്യമായി മോണിറ്റർ ചെയ്യാനും സമയബന്ധിതമായി പരാതികൾ തീർക്കാനുമുള്ള സംവിധാനം നിർബന്ധമായും ഉണ്ടാകണം. അതിന് ഇന്റേണൽ വിജിലൻസ് സംവിധാനം വളരെയേറെ ശക്തിപ്പെടുത്തേണ്ടതുണ്ട്. ഡിസെബിലിറ്റിയുമായി ബന്ധപ്പെട്ട ഒഴിവുകൾ നികത്തുന്നതിനായി അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽതന്നെ ഇടപെട്ട ചില വിഷയങ്ങളുണ്ടായിട്ടുണ്ട്. ആ ഒഴിവുകൾ കൃത്യമായി റിപ്പോർട്ട് ചെയ്ത് നിയമനം നടത്താനുള്ള സംവിധാനങ്ങളില്ലാതെ സമയം വൈകിപ്പിക്കുന്ന പ്രശ്നങ്ങളും പി.എസ്.സി.-യുമായി ബന്ധപ്പെട്ട് വന്നിട്ടുണ്ട്. ഇക്കാര്യങ്ങൾ ഗൗരവമായെടുക്കണം. പരീക്ഷാ ചോദ്യപേപ്പറുകളിൽ വരുന്ന തെറ്റുകൾ ഉണ്ടാകാതിരിക്കാൻ കർശന നടപടികൾ സ്വീകരിക്കുക എന്നുള്ളതാണ് ഏറ്റവും പ്രധാനം. അതുപോലെ ഒഴിവുകൾ സമയബന്ധിതമായി റിപ്പോർട്ട് ചെയ്യണം. റാങ്ക് ലിസ്റ്റിന്റെ കാലാവധി നീട്ടണമെന്നാവശ്യപ്പെട്ടുകൊണ്ട് റാങ്ക് ഹോൾഡേഴ്സ് അസോസിയേഷനുമായി ബന്ധപ്പെട്ട ആളുകളെല്ലാം എം.എൽ.എ.-മാരെ സമീപിക്കുകയാണ്. നിരവധി ഒഴിവുകളുണ്ടായിട്ടും അത് നികത്താനുള്ള സംവിധാനങ്ങൾ സമയബന്ധിതമായി സ്വീകരിക്കാത്തതുകൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നത്. അതുകൊണ്ട് ട്രൈബ്യൂണൽ വളരെ സ്ട്രോങ്ങായി ഇടപെടാൻ പറ്റുന്ന രീതിയിലുള്ള പ്രവർത്തനങ്ങൾ നടത്തണം. കേരള അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റിയുമായി ബന്ധപ്പെട്ട നിയമനങ്ങൾ പി.എസ്.സി.-ക്ക് വിടാൻ തീരുമാനിക്കുകയും അതിനായി നിയമനിർമ്മാണം നടത്തുകയും ചെയ്തു. പക്ഷേ, ആ നിയമപ്രകാരം കൃത്യമായി ഒരു നിയമനവും നടന്നിട്ടില്ല. ഇപ്പോഴും അത് നീണ്ടുപോയ്ക്കൊണ്ടിരിക്കുകയാണ്. അതുപോലുള്ള ഒരു സാഹചര്യം ഈ നിയമനിർമ്മാണത്തിൽ വരാതിരിക്കാനുള്ള ജാഗ്രത കാണിക്കണം. ഈ ആക്ടിന്റെ മൂന്നാം വകുപ്പിൽ 3-ാമത്തെ ഉപവകുപ്പിൽ '(2)-ാം ഉപവകുപ്പ് പ്രകാരം ട്രൈബ്യൂണൽ പബ്ലിക് സർവ്വീസ് കമ്മീഷനുമായി കൂടിയാലോചിക്കപ്പെടുന്ന ഏതൊരു കാര്യത്തിന്മേലും ഉപദേശം നൽകേണ്ടത് പബ്ലിക് സർവ്വീസ് കമ്മീഷന്റെ കർത്തവ്യമായിരിക്കുന്നതാണ്':' എന്നു പറയുന്നുണ്ട്. അതിനുശേഷം സർക്കാരിന് അത് ഒഴിവാക്കാനുള്ള ചട്ടങ്ങൾ ഭേദഗതി ചെയ്യാമെന്നും പറയുന്നുണ്ട്. എന്നാൽ നാലാമത്തെ ഉപവകുപ്പിൽ പറയുന്നത്, 'പബ്ലിക് സർവ്വീസ് കമ്മീഷനും ട്രൈബ്യൂണലും തമ്മിൽ (2)-ാം ഉപവകുപ്പ് പ്രകാരം കൂടിയാലോചിക്കുന്ന ഒരു സംഗതിയിൽ എന്തെങ്കിലും അഭിപ്രായ വ്യത്യാസമുള്ളപക്ഷം, ട്രൈബ്യൂണൽ ആ സംഗതി സർക്കാരിലേയ്ക്ക് റഫർ ചെയ്യേണ്ടതും, അതിന്മേലുള്ള സർക്കാരിന്റെ തീരുമാനം അന്തിമമായിരിക്കുന്നതുമാണ് ' എന്നാണ്. എന്നിട്ട് അതിന്റെ താഴെപ്പറയുന്ന, 'എന്നാൽ സർക്കാർ, പബ്ലിക് സർവ്വീസ് കമ്മീഷന്റെ

ഉപദേശത്തിന് ഒരു തീരുമാനം എടുക്കുന്നതിനുമുമ്പ് ആ സംഗതി പബ്ലിക് സർവ്വീസ് കമ്മീഷന് റഫർ ചെയ്യേണ്ടതാണ്.' ഇതുപ്രകാരം മൂന്ന് റഫറൻസാണ് വരുന്നത്. ട്രൈബ്യൂണൽ സർക്കാരിലേയ്ക്കും സർക്കാർ പി.എസ്.സി.-ലേയ്ക്കും പി.എസ്.സി.-ക്ക് എതിരാണെങ്കിൽ അത് വീണ്ടും പിഎസ്.സി.-ക്ക് കൊടുത്ത് റഫർ ചെയ്തിട്ടുവേണം തീരുമാനിക്കേണ്ടത്. ഒരു ടൈം ഫ്രെയിം വച്ചില്ലെങ്കിൽ ഇത് അങ്ങോട്ടുമിങ്ങോട്ടും റഫർ ചെയ്ത് സമയം പോകുകയും റിക്രൂട്ട്മെന്റും മറ്റ് കാര്യങ്ങളും സുഗമമായി നടക്കാതിരിക്കാനുള്ള സാധ്യതയുമുണ്ട്. അതുകൊണ്ട് ഒരു നിശ്ചിത കാലയളവിനുള്ളിൽ റഫറൻസ് എടുത്തുകൊണ്ട് തീരുമാനം എടുക്കേണ്ടതാണെന്നുള്ള കൂട്ടിച്ചേർക്കലും കൂടി ഉണ്ടായിരുന്നെങ്കിൽ വളരെ നന്നായിരിക്കുമെന്നാണ് എനിക്ക് ഇതുസംബന്ധിച്ച് പറയാനുള്ളത്. ഇത്രയും കാര്യങ്ങളാണ് പ്രധാനമായി പറയാനുള്ളത്. അടിയന്തരമായി ഒഴിവുകൾ നികത്താനും യുവാക്കളുടെ പ്രതീക്ഷകൾ അസ്തമിക്കാതിരിക്കാനുമുള്ള പ്രവർത്തനങ്ങൾ സ്വീകരിക്കണമെന്നുകൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീമതി വീണാ ജോർജ്ജ് : സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2017-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (കേരള അഡ്മിനിസ്ട്രേറ്റിവ് ട്രൈബ്യൂണലിനെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ഈ ബില്ലിനെ പിന്തുണയ്ക്കുന്നു. സബ്ജക്ട് കമ്മിറ്റി ഈ ബിൽ ആഗസ്റ്റ് 9 -ാം തീയതി പരിഗണിച്ചപ്പോൾ ഭേദഗതി കൂടാതെ പാസ്സാക്കിയെന്നത് ഈ അവസരത്തിൽ ശ്രദ്ധേയമാണ്. സിവിൽ സർവ്വീസിനെ കാര്യക്ഷമമാക്കുക എന്ന വ്യക്തമായ ലക്ഷ്യത്തോടെ പ്രവർത്തിക്കുന്ന സർക്കാരിന്റെ ഇച്ഛാശക്തിക്കുമുന്നിൽ പിടിച്ചുനിൽക്കാൻ കഴിയാതെ പ്രതിപക്ഷം ഒളിച്ചോടുകയാണ് ഇന്ന് ചെയ്തതെന്നാണ് എനിക്ക് തോന്നുന്നത്. കാരണം ഒന്നിൽ കൂടുതൽ ഭരണഘടനാ സ്ഥാപനങ്ങൾ ഉൾപ്പെട്ടിട്ടുള്ള പ്രധാനപ്പെട്ട ഒരു നിയമനിർമ്മാണം ഈ സഭയിൽ നടക്കുമ്പോൾ ആ ചർച്ചയിൽ പങ്കെടുക്കാതെ അവർ മാറിനില്ക്കുന്നത് നമ്മുടെ ജനാധിപത്യത്തോടും കേരള സമൂഹത്തോടും ചെയ്യുന്ന ഉത്തരവാദിത്വമില്ലായ്മയായി കാണണമെന്നുകൂടി ഈ അവസരത്തിൽ പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. സിവിൽ സർവ്വീസ് ആത്യന്തികമായി ജനങ്ങൾക്ക് വേണ്ടിയുള്ളതാണ്.

ശ്രീ. കെ. രാജൻ : സർ, കഴിഞ്ഞ ആഗസ്റ്റ് അഞ്ചാം തീയതി പത്തനംതിട്ട, പാലക്കാട് ജില്ലകൾക്കുവേണ്ടി ഒരു എൽ.ഡി.സി. പരീക്ഷ കഴിഞ്ഞത്

ബഹുമാനപ്പെട്ട മെമ്പറുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടാകും. ഈ രണ്ട് പരീക്ഷകളിലും സിലബസിലില്ലാത്ത ചില ചോദ്യങ്ങൾ പി.എസ്.സി. പരീക്ഷയിൽ ചോദ്യമായി ഉന്നയിച്ചു എന്ന പ്രശ്നം വ്യാപകമായി ഇന്ന് കേരളത്തിൽ ചർച്ച ചെയ്യുകയാണ്. അതിൽ ഏറ്റവും പ്രധാനമായി, ലോക സംഭവ വികാസങ്ങളിൽ, കറണ്ട് അഫയേഴ്സിൽ ഉൾപ്പെടാത്ത വേൾഡ് ഹിസ്റ്ററിയും വേൾഡ് ജോഗ്രഫിയുമായി ബന്ധപ്പെട്ട് ചോദ്യങ്ങൾ വ്യാപകമായി ചോദിച്ചിരുന്നു. ശ്രീ. മുഹമ്മദ് മുഹസിൻ. പി. സൂചിപ്പിക്കാത്ത ഒരു കാര്യമാണ് ഞാൻ ഇവിടെ ശ്രദ്ധയിൽപ്പെടുത്തുന്നത്. ആലപ്പുഴ ജില്ലയുമായി ബന്ധപ്പെട്ട ഒരു പരിശീലന കേന്ദ്രത്തിന്റെ ഗൈഡിലുള്ള ഒരേ പേജിലെ അഞ്ചു ചോദ്യങ്ങൾ പരീക്ഷയ്ക്ക് വന്നതായ കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീമതി വീണാ ജോർജ്ജ് : ഈ വിഷയം സഭയുടെ മുന്നിൽ സബ്മിഷനായി വരികയും ബഹുമാനപ്പെട്ട മുഖ്യമന്ത്രി അതിന് മറുപടി നൽകുകയുമുണ്ടായി. ഈ വിഷയം പി.എസ്.സി.-യുടെ ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ പരാതിയുടെ അടിസ്ഥാനത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുമെന്നുള്ള മറുപടിയാണ് ലഭിച്ചത്. സിവിൽ സർവ്വീസ് ആത്യന്തികമായി ജനങ്ങൾക്കുവേണ്ടിയുള്ളതാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അഴിമതിരഹിതവും സംശുദ്ധമായതും കാര്യക്ഷമവുമായ സിവിൽ സർവ്വീസ് ഉറപ്പാക്കുന്നതിനു വേണ്ടിയുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്. ഫയൽ നടപടികൾ പെട്ടെന്ന് തീർപ്പാക്കാനും സുതാര്യത ഉറപ്പാക്കാനുംവേണ്ടി ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ നിരവധി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടത്തുന്നുണ്ട്. ഇതുസംബന്ധിച്ച് കൂടുതലായി വിശദീകരിക്കുന്നില്ല. മുൻ ഭരണപരിഷ്കാര കമ്മീഷൻ ശിപാർശ ചെയ്ത കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് എന്ത് എതിർപ്പ് മറികടന്നും നടപ്പിലാക്കുമെന്നുള്ള മുഖ്യമന്ത്രിയുടെ ഇച്ഛാശക്തിയോടെയുള്ള വാക്കുകളെ കേരളത്തിലെ ഫയലുകളിൽ ജീവിതം കുരുങ്ങിയ സാധാരണക്കാരായ പതിനായിരക്കണക്കിനാളുകൾ വളരെ പ്രതീക്ഷയോടെയാണ് കാണുന്നത്. ഇത് വലിയൊരു കാൽവയ്പാണ്. ഇതിന്റെ ഭാഗമായി കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഉദ്യോഗസ്ഥരെ നിയമിക്കുന്നത് പി.എസ്.സി.-ക്ക് വിടുന്നത് സംബന്ധിച്ചുള്ള കാര്യങ്ങളാണ്. അതത് സർക്കാരുകൾക്ക് സ്റ്റാഫ് സംബന്ധിച്ചുള്ള കാര്യങ്ങളിൽ തീരുമാനമെടുക്കാവുന്നതാണെന്ന് 1985-ലെ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ ആക്ടിൽ വളരെ കൃത്യമായി പറയുന്നുണ്ട്. കോടതികളിൽ കെട്ടിക്കിടക്കുന്ന സർവ്വീസ് സംബന്ധമായ കേസ്സുകൾ മറ്റ് ഇടങ്ങളിലേയ്ക്ക് മാറുന്നുവെന്നുള്ളത് മാത്രമല്ല, സർവ്വീസ് രംഗത്തുള്ളവരുടെ തർക്കങ്ങൾക്ക് വളരെ പെട്ടെന്ന് തീർപ്പ് ഉണ്ടാകുന്നുവെന്നുള്ള വസ്തുതയുണ്ട്. അതൊരു യാഥാർത്ഥ്യമാണ്.

അതിന്റെ മുന്നിൽ നിന്നുകൊണ്ടാണ് സിവിൽ സർവ്വീസ് കാര്യക്ഷമമാക്കുന്ന നടപടിയുടെ ഭാഗമായി കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ സ്റ്റാഫ് നിയമനം പി.എസ്.സി.-ക്ക് വിടുന്നതുമായി ബന്ധപ്പെട്ട ഈ നിയമനിർമ്മാണത്തെ നാം കാണേണ്ടത്. പി.എസ്.സി.-യെ സംബന്ധിച്ച് നിരവധി വിഷയങ്ങൾ സൂചിപ്പിക്കുകയുണ്ടായി. നമ്മുടെ രാജ്യത്തിലെ ഏറ്റവും വലിയ റിക്രൂട്ടിംഗ് സ്ഥാപനമാണ് പി.എസ്.സി. കേരള നവോത്ഥാനത്തിന്റെ ഭാഗമായി വേണം നാം പി.എസ്.സി.-യുടെ ആവിർഭാവത്തെ കാണേണ്ടത്. സർക്കാർ ഉദ്യോഗം സവർണ്ണരിലേയ്ക്ക് എത്തിച്ച മലയാളി മെമ്മോറിയലിനുശേഷം, അത് നാനാജാതി മതസ്ഥരിലേയ്ക്ക് എത്തിച്ച ഈഴവ മെമ്മോറിയലിനുശേഷം 1936-ൽ ആക്ടിന്റെ പിൻബലത്തോടെയാണ് തിരുവിതാംകൂറിലും കൊച്ചിയിലും സ്റ്റാഫ് സെലക്ഷൻ ബോർഡും ഇപ്പോഴത്തെ പബ്ലിക് സർവ്വീസ് കമ്മീഷന്റെ ആദ്യത്തെ രൂപമായ പബ്ലിക് സർവ്വീസ് കമ്മീഷനും രൂപീകൃതമായത്. അതിനുശേഷം കേരള സംസ്ഥാനം രൂപീകൃതമായതോടുകൂടി 1956-ൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നിലവിൽവരികയുണ്ടായി. മറ്റ് സംസ്ഥാനങ്ങളിൽ നിന്നും വ്യത്യസ്തമായി, കേരളത്തിന്റെ ഉയർന്ന സാമൂഹ്യബോധത്തിന്റെയും നീതി ബോധത്തിന്റെയുമൊക്കെ അടിസ്ഥാനത്തിൽ പി.എസ്.സി.-യെ സംബന്ധിച്ച് ധാരാളം പ്രതീക്ഷകളുണ്ട്. നാളിതുവരെ വലിയൊരളവിൽ ഇതിനോട് ഉത്തരവാദിത്വം പുലർത്താൻ, സത്യസന്ധത കുറേ അളവിലെങ്കിലും പുലർത്താൻ പി.എസ്.സി.-ക്ക് കഴിഞ്ഞുവെന്നുള്ളത് നാം കണേണ്ടതുണ്ട്. 2006 മുതൽ 2011 വരെയുള്ള കാലഘട്ടത്തിൽ, പി.എസ്.സി.-യിലെത്തിയ അപേക്ഷകളുടെ എണ്ണത്തേക്കാൾ 51 ശതമാനം അധികമായിരുന്നു 2011 മുതൽ 2016 വരെയുള്ള കാലഘട്ടം. എന്നാൽ മുൻ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്തേക്കാളും വളരെ കുറവ് അഡ്വൈസ് മെമ്മോ മാത്രമേ ഇക്കാലയളവിൽ അയച്ചിട്ടുള്ളൂ. പിൻവാതിൽ നിയമനങ്ങൾ കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് കൂടുതൽ നടന്നുവെന്നുള്ളതിന്റെ തെളിവായി നമുക്ക് അതിനെ കാണാവുന്നതാണ്. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ നിയമനങ്ങൾ പി.എസ്.സി.-ക്ക് വിടുന്നതുവഴി വലിയൊരു ഇടപെടൽ സിവിൽ സർവ്വീസ് രംഗത്തുണ്ടാക്കാനും അതിന്റെ കാര്യക്ഷമത ഉറപ്പാക്കാനും സാധിക്കും. ഈ നിയമനിർമ്മാണം അതിന് സഹായകമാകുമെന്നതിൽ തർക്കമില്ല. പൂർണ്ണമായും ഈ ബില്ലിനെ പിന്തുണച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, പബ്ലിക് സർവ്വീസ് കമ്മീഷനുമായി ബന്ധപ്പെട്ട പ്രശ്നം നേരത്തെ വിശദമായി ചർച്ച ചെയ്തതാണ്. ഇപ്പോൾ അത് കൂടുതൽ വിശദീകരിക്കുന്നില്ല. കാലതാമസം

ഉണ്ടാകുന്നുവെന്നുള്ളതാണ് പി.എസ്.സി.-യുമായി ബന്ധപ്പെട്ട പ്രധാന പ്രശ്നം. അത് ഒഴിവാക്കുന്നതിനാവശ്യമായ നടപടികൾ പൊതുവേസ്വീകരിക്കേണ്ടതായുണ്ട്. അവരുടെ ഭാഗത്തുള്ള കാര്യങ്ങൾകൂടി കേട്ട് സർക്കാർ ചില നടപടികൾ ചെയ്ത് കൊടുക്കേണ്ടതായുണ്ട്. അത്തരം കാര്യങ്ങൾ സർക്കാർ ചെയ്ത് കൊണ്ടിരിക്കുകയാണ്. കൂടുതൽ വേഗതയിൽ നിയമനം നടത്തുന്നതിന് ആവശ്യമായ നടപടികളിലേയ്ക്കാണ് പബ്ലിക് സർവ്വീസ് കമ്മീഷൻ ഇപ്പോൾ നീങ്ങിക്കൊണ്ടിരിക്കുന്നത്. ഇത് പബ്ലിക് സർവ്വീസ് കമ്മീഷനെ ഒരു ചുമതലകൂടി നമ്മൾ ഏൽപ്പിക്കുന്നതാണ്. പബ്ലിക് സർവ്വീസ് കമ്മീഷന്റെ നിലവിലുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിനാവശ്യമായ പിന്തുണ സർക്കാർ നൽകും. ഇക്കാര്യവും നമുക്ക് പബ്ലിക് സർവ്വീസ് കമ്മീഷനെ ഏൽപ്പിക്കുകതന്നെ ചെയ്യാമെന്നാണ് പറയാനുള്ളത്.

മി. സ്പീക്കർ: ശ്രീ. മുഹമ്മദ് മുഹസിൻ പി. അവതരിപ്പിച്ച 1(എ) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. മുഹമ്മദ് മുഹസിൻ പി.: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. മുഹമ്മദ് മുഹസിൻ പി. അവതരിപ്പിച്ച ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി വീണാ ജോർജ്ജ് അവതരിപ്പിച്ച 2(ബി) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീമതി വീണാ ജോർജ്ജ്: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീമതി വീണാ ജോർജ്ജ് അവതരിപ്പിച്ച ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2017-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിനെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ............

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പരിഗണനയ്ക്കെടുക്കുന്നു.

2-ാം വകുപ്പ്

(ഭേദഗതികൾ അവതരിപ്പിച്ചില്ല)

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ.......

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

3-ാം വകുപ്പ്

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഞാൻ താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതികൾ അവതരിപ്പിക്കുന്നു:

161. ഖണ്ഡം 3(2)(ബി)-ൽ "തത്വങ്ങളിന്മേലും " എന്നത് "തത്ത്വങ്ങളിലും" എന്ന് മാറ്റുക.

178. ഖണ്ഡം 3(3)- ന്റെ ക്ലിപ്തനിബന്ധനയിൽ "സംഗതികൾ" എന്നതിനു പകരം "കാര്യങ്ങൾ" എന്ന് ചേർക്കുക.

മി. സ്പീക്കർ: മറ്റ് ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല. മുഖ്യമന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികൾ സഭ അംഗീകരിച്ചു.

ഭേദഗതിചെയ്ത പ്രകാരമുള്ള 3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ.......

ഭേദഗതി ചെയ്തപ്രകാരമുള്ള 3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

4-ാം വകുപ്പ്

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഞാൻ താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതികൾ അവതരിപ്പിക്കുന്നു:

204. ഖണ്ഡം 4 (3) -ൽ "തുടർച്ചയായി" എന്നത് "തുടർച്ചയായ" എന്ന് മാറ്റുക.

210. ഖണ്ഡം 4(3)-ൽ "ചെയ്തു" എന്നത് "ചെയ്തിട്ടുള്ള" എന്ന് മാറ്റുക.

213. ഖണ്ഡം 4(3)-ൽ "ഭംഗംവരാത്ത" എന്നത് "ഭംഗം വരാത്ത" എന്ന് മാറ്റുക.

മി. സ്പീക്കർ: മറ്റ് ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല. മുഖ്യമന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികൾ സഭ അംഗീകരിച്ചു.

ഭേദഗതിചെയ്ത പ്രകാരമുള്ള 4-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ.......

ഭേദഗതി ചെയ്ത പ്രകാരമുള്ള 4-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 4-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

5-ാം വകുപ്പ്

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഞാൻ താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു:

219. ഖണ്ഡം 5 (2)-ൽ "ഈ വകുപ്പിൻ കീഴിൽ" എന്നതിനു പകരം "(1)-ാം ഉപവകുപ്പ് പ്രകാരം" എന്ന് ചേർക്കുക.

മി. സ്പീക്കർ: മറ്റ് ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല. മുഖ്യമന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതിചെയ്ത പ്രകാരമുള്ള 5-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ.......

ഭേദഗതി ചെയ്ത പ്രകാരമുള്ള 5-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 5-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

6-ാം വകുപ്പ്

(ഭേദഗതി അവതരിപ്പിച്ചില്ല)

മി. സ്പീക്കർ: 6-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

6-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു

6-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

1-ാം വകുപ്പും പീഠികയും പേരും

(ഭേദഗതികൾ അവതരിപ്പിച്ചില്ല)

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, 2017-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിനെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: 2017-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിനെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ .........

പ്രതികൂലിക്കുന്നവർ...........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പാസ്സായിരിക്കുന്നു.

## (ii) 2017-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുചെയ്ത പ്രകാരമുള്ള 2017- ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

(വിയോജനക്കുറിപ്പ് നൽകിയ അംഗങ്ങൾ സഭയിൽ ഇല്ലാതിരുന്നതിനാൽ അവതരിപ്പിക്കപ്പെട്ടില്ല.)

മി. സ്പീക്കർ: ശ്രീ. കെ. ഡി. പ്രസേനന് 2017-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1(എ) നമ്പർ ഭേദഗതി അവതരിപ്പിച്ച് സംസാരിക്കാവുന്നതാണ്.

ശ്രീ. കെ. ഡി. പ്രസേനൻ: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2017-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

സബ്ജക്ട് കമ്മിറ്റിക്ക് ഈ ബിൽ അയയ്ക്കുന്നതിനുമുമ്പുള്ള ചർച്ചയിൽ ഞാൻ പങ്കെടുത്തിരുന്നു. മദ്യവർജ്ജനം തീവ്രയജ്ഞമാക്കിയ ഈ സർക്കാരിന്റെ ഉദ്ദേശശുദ്ധിയുടെ ആവിഷ്കാരമാണ് ഈ ബിൽ. അതുകൊണ്ട് ഈ ഭേദഗതികളെ പൂർണ്ണമായി അംഗീകരിച്ചുകൊണ്ട് പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന് അഭിപ്രായപ്പെട്ടുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, 2017-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബില്ലുമായി ബന്ധപ്പെട്ടുകൊണ്ട് പ്രതിപക്ഷത്തിന്റെ ഭാഗത്തുനിന്ന് ചില വിയോജനക്കുറിപ്പുകളുണ്ടായിരുന്നു. രേഖയിൽ വരണമെന്നുള്ളതുകൊണ്ട് ഇത്തരം കാര്യങ്ങളെക്കുറിച്ച് സൂചിപ്പിക്കുന്നത് നന്നായിരിക്കുമെന്ന് തോന്നുന്നു. രാജ്യത്തെ ഭരണഘടനാ സ്ഥാപനം എന്ന നിലയിലാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ 73, 74 ഭരണഘടനാ ഭേദഗതിയുടെ ഭാഗമായി ശക്തിപ്പെടുത്തിയത്. ഭരണഘടനാ ഭേദഗതിയുടെ അന്തഃസത്ത യഥാർത്ഥത്തിൽ ഉൾക്കൊണ്ടുകൊണ്ട് പ്രവർത്തിച്ചത് കേരളമാണ്.

അധികാര വികേന്ദ്രീകരണംവഴി കേരളത്തിലെ ഇടതുപക്ഷ സർക്കാരാണ് ഇത് സാധ്യമാക്കിയത്. ഭരണഘടനയുടെ 11-ഉം 12-ഉം പട്ടികയിൽ പ്രതിപാദിക്കുന്ന വിഷയങ്ങളാണ് നിർബന്ധമായും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറേണ്ടത്. ഭരണഘടനാപരമായി തദ്ദേശസ്ഥാപനങ്ങൾക്ക് വിട്ടുകൊടുക്കാൻ നിഷ്കർഷിച്ചിട്ടുള്ളതും കൂടുതൽ വിഷയങ്ങളും ഫണ്ടും ഇടതുപക്ഷ സർക്കാർ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയതും ഇതിന്റെ ഭാഗമായിട്ടാണ്. പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങൾ എന്ന ലക്ഷ്യം മാതൃകാപരമായി കൈവരിച്ച സംസ്ഥാനമാണ് കേരളം. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സമിതികളിൽ 33% സംവരണം സ്ത്രീകൾക്ക് നീക്കിവച്ചാൽ മതിയെന്നായിരുന്നു തീരുമാനിച്ചതെങ്കിലും 50% സംവരണം സ്ത്രീകൾക്ക് നീക്കിവച്ചത് കേരളമാണ്. ഇതുവഴി സ്ത്രീകളെ തുല്യപദവിയോടെ ഭരണപങ്കാളിത്തത്തിലേയ്ക്ക് എത്തിക്കുകയും സ്ത്രീശാക്തീകരണം ദ്രുതഗതിയിലാക്കുകയും ചെയ്തു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്താനുള്ള നടപടികളാണ് കേരളത്തിലെ ഇടതുപക്ഷ സർക്കാർ എക്കാലവും സ്വീകരിച്ചിട്ടുള്ളത്. ഇപ്പോൾ നടത്തുന്ന ഭേദഗതിയിലൂടെ പഞ്ചായത്തിന്റെയോ മുനിസിപ്പാലിറ്റിയുടെയോ അധികാരങ്ങൾ കവർന്നെടുക്കുന്നില്ല. അബ്കാരി ഷോപ്പുകളിന്മേലുള്ള നിയന്ത്രണം ഭരണ ഘടനാപരമായി തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് നൽകേണ്ട വിഷയമല്ല. അപ്രകാരം നിയന്ത്രണം നൽകിയതുവഴി സംസ്ഥാനത്തുടനീളം ഏകീകൃതമായ അബ്കാരി നയം നടപ്പിലാക്കാൻ തടസം നേരിട്ടു. അബ്കാരി ഷോപ്പുകൾ നിയന്ത്രിക്കാൻ സമഗ്രമായ നിയമം നിലവിലുള്ളപ്പോൾ തദ്ദേശഭരണ സ്ഥാപനങ്ങളെ അതിന്റെ അധികാരമേൽപ്പിക്കുന്നത് യഥാർത്ഥത്തിൽ ഇരട്ടനിയന്ത്രണമുണ്ടാകുന്നതിനും അതുവഴി ഏകീകൃത അബ്കാരി നയം നടപ്പിലാക്കാൻ പ്രയാസം നേരിടുകയും ചെയ്യുന്നുവെന്നതാണ് ഫലത്തിലുണ്ടായത്. ഇത് പഞ്ചായത്ത് സ്ഥാപനങ്ങളുടെ പ്രവർത്തനത്തെയും ബാധിച്ചു. മദ്യവർജ്ജനം പ്രോത്സാഹിപ്പിച്ചുകൊണ്ട് ഘട്ടംഘട്ടമായി മദ്യപാന ശീലത്തിൽനിന്ന് ജനങ്ങളെ പിന്തിരിപ്പിക്കുകയെന്നുള്ളതാണ് ഈ സർക്കാരിന്റെ നയം. ആത്യന്തികമായി മദ്യനിരോധനം തന്നെയാണ് ലക്ഷ്യം. തെരഞ്ഞെടുപ്പ് കാലത്ത് പ്രകടനപത്രികയിലൂടെ ജനങ്ങളോട് പറഞ്ഞതും അതുതന്നെയാണ്. ജനവിധിയും ഈ നയത്തിന് അനുകൂലമായി. ഈ സർക്കാർ അധികാരത്തിൽ വരുമ്പോഴുണ്ടായിരുന്ന ഷോപ്പുകളുടെയും ഇപ്പോഴത്തെ ഷോപ്പുകളുടെയും എണ്ണം പരിശോധിച്ചാൽ വർദ്ധിച്ചിട്ടില്ലെന്ന് കാണാം. യു.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വരുമ്പോഴുള്ളതിനേക്കാൾ ഏകദേശം 1659 ഷോപ്പുകൾ (വിദേശമദ്യ ഷോപ്പുകളും ടോഡി ഷോപ്പുകളുമുൾപ്പെടെ) കുറഞ്ഞിട്ടുണ്ടെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. എഫ്.എൽ.1 ഇരുപത്തിയഞ്ചും ടോഡി ഷോപ്പുകൾ ആയിരത്തി ഇരുനൂറ്റിപത്തും എഫ്.എൽ.11 അഞ്ഞൂറ്റി ഇരുപത്തിയെട്ടും കുറഞ്ഞു.

എഫ്.എൽ.3 തൊണ്ണൂറ്റിനാലും എഫ്.എൽ.4 എ ഒമ്പതും എഫ്.എൽ.8 ആറുമാണ്. വർദ്ധിച്ചത് 104-ഉം കുറഞ്ഞത് 1763-ഉം ആണ്. അങ്ങനെ നോക്കുമ്പോൾ 1659 വിദേശമദ്യ ഷോപ്പുകളും ടോഡി ഷോപ്പുകളും കുറയുകയാണ് ചെയ്തിട്ടുള്ളത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എല്ലാ സ്ഥലത്തും വിദേശമദ്യ ഷോപ്പുകളും ടോഡി ഷോപ്പുകളുംകൂടി എന്നുള്ള പ്രചരണം നാട്ടിലുണ്ട്. അതുകൊണ്ടാണ് ഞാൻ ഇത് പറയാൻ നിർബന്ധിക്കപ്പെട്ടത്. ഇതിൽ പഞ്ചായത്ത് രാജ് ഭേദഗതി 232 സബ്ക്ലോസ് 2, 3 ,4, 5 ആണ് ഡിലീറ്റ് ചെയ്തത്. യഥാർത്ഥത്തിൽ 1994-ൽ ഒറിജിനൽ പഞ്ചായത്ത് രാജ് ആക്ടിൽ, അതായത് 73 ഭരണഘടനാ ഭേദഗതിയുടെ ഭാഗമായി ഈ നിയമം വരുമ്പോൾ 2, 3, 4 ക്ലോസുകളുണ്ടായിരുന്നു. 1999-ൽ എൽ.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 232-ലെ സബ് സെക്ഷൻ 2, 3, 4 ഒഴിവാക്കി. 2013-ൽ വീണ്ടും യു.ഡി.എഫ്. ഗവൺമെന്റ് പുനഃസ്ഥാപിക്കുകയാണ് ചെയ്തത്. 1999 മുതൽ 2013 വരെ ഒരു പ്രശ്നവുമുണ്ടായിരുന്നില്ല. 25-11-2012 മുതൽ പ്രാബല്യവും കൊടുത്തു. അങ്ങനെവരുമ്പോൾ 25-11-2012-നുമുമ്പ് ആ പഞ്ചായത്തുകളിൽ സ്ഥാപിക്കപ്പെട്ട വിദേശ മദ്യഷാപ്പുകൾ ആയാലും ടോഡി ഷാപ്പുകൾ ആയാലും ഇത് ബാധകമാകുന്നില്ല. ഒരു പഞ്ചായത്തിൽതന്നെ വിവിധ രൂപത്തിലുള്ള രീതിയും ഡ്യുവൽ അക്കൗണ്ടബിലിറ്റിയും വരികയാണ്. സംസ്ഥാനത്തൊട്ടാകെ ഒരു ഏകീകൃത സ്വഭാവമില്ലാതാകുന്നു. സ്വാഭാവികമായും ഇതുണ്ടാക്കുന്ന ഒരു സ്തംഭനാവസ്ഥ ഒഴിവാക്കുന്നതിനാണ് നിയമ ഭേദഗതി കൊണ്ടുവരുന്നത്. പഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും നൽകിയിട്ടുള്ള അധികാരത്തെ കവർന്നെടുക്കുന്നതിനുവേണ്ടിയാണെന്ന വ്യാജപ്രചരണം നടത്താൻ സാധ്യത യുള്ളതിനാലാണ് ഞാൻ ഇതിവിടെ പറയാൻ നിർബന്ധിതനായത്. പഞ്ചായത്ത് രാജ് നിയമത്തിലെ 2, 3, 4 ,5 ക്ലോസ്സുകളിൽ പറഞ്ഞിരിക്കുന്ന അതേ കാര്യങ്ങൾ അബ്കാരി ആക്ട്കൊണ്ട് നിർവ്വഹിക്കാൻ കഴിയുന്നതാണ്. 232 (2) വകുപ്പ് പ്രകാരം പഞ്ചായത്ത് സെക്രട്ടറിക്കാണ് അധികാരം നൽകുന്നത്. അതേ അധികാരം അബ്കാരി ചട്ടം 13 പ്രകാരം ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർക്കും നൽകുന്നുണ്ട്. അതുപോലെ സ്കൂൾ, ആരാധനാലയം എന്നിവയുടെ ദൂരപരിധി നിശ്ചയിച്ചിട്ടുണ്ട്. ടോഡി ഷാപ്പിന് 200 മീറ്ററും വിദേശ മദ്യഷാപ്പിന് 400 മീറ്ററുമാണ് ദൂരപരിധി. 2002-ലെ അബ്കാരി ഷാപ്പ് ഡിസ്പോസൽ റൂൾ 7-ഉം ഇത് അനുശാസിക്കുന്നുണ്ട്. എക്സൈസ്സിനും ഇതുതന്നെ ചെയ്യാൻ കഴിയും. പൊതുജന ശല്യം, സാന്മാർഗ്ഗിക പ്രശ്നങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട് അബ്കാരി ഷാപ്പ് അടച്ചുപൂട്ടുന്നതിനുള്ള പഞ്ചായത്തിന്റെ അധികാരം ഫോറിൻ ലിക്വർ ചട്ടം 24 പ്രകാരം ലൈസൻസിംഗ് അതോറിറ്റിക്കുള്ളതാണ്. പ്രത്യേക സാഹചര്യത്തിൽ ജില്ലാ കളക്ടർമാർക്കും ഈ അധികാരം ഉണ്ടായിരിക്കുന്നതാണ്. ഒരേ ഇഷ്യൂവിൽ രണ്ട് നിയമം ഒരു പ്രദേശത്ത് ഉണ്ടാക്കുന്നത് ഒരു confrontation

ഉണ്ടാക്കും; അത് പല സ്ഥലങ്ങളിലും വന്നുകഴിഞ്ഞു. അതിന്റെ ഭാഗമായാണ് ഈ ഭേദഗതി കൊണ്ടുവരാൻ നിർബന്ധിക്കപ്പെട്ടത്. അധികാര വികേന്ദ്രീകരണത്തെയും ജനകീയാസൂത്രണത്തെയും ഏറ്റവും ശക്തമായി പ്രോത്സാഹിപ്പിച്ച ഇടതുപക്ഷ പ്രസ്ഥാനം പഞ്ചായത്തുകളുടെയും മുനിസിപ്പാലിറ്റികളുടെയും അധികാരം എടുത്തുകളയുന്ന എന്ന രീതിയിലാണ് വിയോജനക്കുറിപ്പ് വന്നത്. അതിന്റെ അടിസ്ഥാനത്തിലും റിക്കോർഡിൽ വരണമെന്നുള്ളതുകൊണ്ടുമാണ് ഞാൻ ഇത്രയും പറയുന്നത്.

മി. സ്പീക്കർ: ശ്രീ. കെ. ഡി. പ്രസേനൻ, അങ്ങയുടെ 1(എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. കെ. ഡി. പ്രസേനൻ: ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. കെ. ഡി. പ്രസേനൻ അവതരിപ്പിച്ച ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്ചെയ്ത പ്രകാരമുള്ള 2017-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.....................

പ്രതികൂലിക്കുന്നവർ.....................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പരിഗണനയ്ക്കെടുക്കുന്നു.

2-ാം വകുപ്പ്

(ഭേദഗതികൾ അവതരിപ്പിച്ചില്ല.)

മി. സ്പീക്കർ: 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ................

പ്രതികൂലിക്കുന്നവർ..............

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

3-ാം വകുപ്പ്

(ഭേദഗതികൾ അവതരിപ്പിച്ചില്ല.)

മി. സ്പീക്കർ: 3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ................

പ്രതികൂലിക്കുന്നവർ...............

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

1-ാം വകുപ്പും പീഠികയും പേരും

(ഭേദഗതികൾ അവതരിപ്പിച്ചില്ല.)

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ................

പ്രതികൂലിക്കുന്നവർ...............

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

മി. സ്പീക്കർ : പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി ശ്രീ. എ. കെ. ബാലന് 2017-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കാവുന്നതാണ്.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, 2017-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: 2017-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ...............

പ്രതികൂലിക്കുന്നവർ................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പാസ്സായിരിക്കുന്നു.

(iii) 2017-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ

മി. സ്പീക്കർ : പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി ശ്രീ. എ. കെ.ബാലന് സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്ചെയ്ത പ്രകാരമുള്ള 2017-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കാവുന്നതാണ്.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2017-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, പ്രമേയത്തെ ഞാൻ പിന്താങ്ങുന്നു.

(വിയോജനക്കുറിപ്പ് നൽകിയ അംഗങ്ങൾ സഭയിൽ ഇല്ലാതിരുന്നതിനാൽ അവതരിപ്പിക്കപ്പെട്ടില്ല.)

ശ്രീ. ആന്റണി ജോണിനുവേണ്ടി ശ്രീ. കെ. ദാസൻ: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2017-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1(എ) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ബഹുമാനപ്പെട്ട മന്ത്രി ചില കാര്യങ്ങൾ പറഞ്ഞിട്ടുണ്ട്. അദ്ദേഹം പറയാത്ത ഒരു കാര്യം ഞാൻ സൂചിപ്പിക്കുകയാണ്. മദ്യലഭ്യത കൂടുകയും നാട്ടിൽ നിലനിൽക്കുന്ന സാമൂഹിക അന്തരീക്ഷവും ശാന്തിയും കുടുംബസമാധാനവും തകരുകയും വാഹനാപകടങ്ങൾ വർദ്ധിക്കുകയും ചെയ്യുന്ന ഇന്നത്തെ സാഹചര്യത്തിലാണ് ഭേദഗതി നിർദ്ദേശിക്കുന്നത്. യഥാർത്ഥത്തിൽ ഇത് വസ്തുതയുമായി പൊരുത്തപ്പെടുന്നതല്ല. ദേശീയ പാതയിൽ അബ്കാരി ഷാപ്പുകൾ വേണ്ടെന്ന തീരുമാനമെടുത്തപ്പോൾ അതിന്റെ ഭാഗമായി കേരളത്തിൽ 1956

വില്പന ശാലകളാണ് സമ്പൂർണ്ണമായി അടച്ചുപൂട്ടിയത്. ഈ ഷാപ്പുകൾ പുതിയ സ്ഥലത്തേയ്ക്ക് മാറ്റി സ്ഥാപിക്കണമെന്ന് ഉദ്ദേശിച്ചാലും ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ അനുമതി ആവശ്യമാണ്. അനുമതിയോടുകൂടി മാറ്റിസ്ഥാപിക്കാൻ പോയാൽ അവിടെയുള്ള ആളുകളുടെ കടുത്ത എതിർപ്പുണ്ടാകും. ഒരുതരത്തിലും ഷാപ്പുകൾ മാറ്റിസ്ഥാപിക്കാൻ കഴിയാതെവന്നപ്പോൾ ഷാപ്പുകളിൽ ജോലി ചെയ്തിരുന്ന 20000-ത്തോളം തൊഴിലാളികൾ ഇന്ന് പട്ടിണിയിലാണ്. അവർക്ക് പരിരക്ഷയും സംരക്ഷണവും കൊടുക്കാൻ സർക്കാരിന് ബാദ്ധ്യതയുണ്ട്. നിയമനിർമ്മാണത്തിന്റെ ആവശ്യകതയും ഉണ്ടെന്ന് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് സർക്കാർ മുൻകയ്യെടുത്ത് ഭേദഗതി നിർദ്ദേശിക്കുന്നത്. താലൂക്കിലോ റെയ്ഞ്ചിലോ സ്ഥലം ലഭ്യമാവുകയാണെങ്കിൽ അവിടെയെല്ലാം ഷാപ്പുകൾ സ്ഥാപിക്കുന്നതിനുള്ള അംഗീകാരം പഞ്ചായത്തുകളോ മുനിസിപ്പാലിറ്റികളോ നൽകേണ്ടതില്ല. സർക്കാർതന്നെ അതിനാവശ്യമായ നടപടി സ്വീകരിക്കുമെന്നുള്ളത് നല്ല കാര്യമാണ്. ദേശീയ പാതയുടെയും സംസ്ഥാന പാതയുടെയും ഓരങ്ങളിൽനിന്ന് അര കിലോമീറ്റർ വിട്ട് ഷാപ്പ് സ്ഥാപിക്കണമെന്നാണ് പറയുന്നത്. അങ്ങനെ വരുമ്പോൾ സംസ്ഥാനത്തിന്റെ വാർഷിക വരുമാനത്തിൽ വലിയ കുറവാണ് അനുഭവപ്പെടുക. പദ്ധതിക്ക് വേണ്ട പണം സമാഹരിക്കാൻ കഴിയാത്ത സ്ഥിതിയുണ്ട്. കഴിഞ്ഞ ബജറ്റിൽ നാം പ്രതീക്ഷിച്ച വരുമാനത്തിൽ ഏതാണ്ട് 5,000 കോടി രൂപയുടെ നഷ്ടമാണ് ഇതിന്റെ ഭാഗമായി ഉണ്ടാകുന്നതെന്നാണ് ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞത്. അത്രയും ഭീമമായ സാമ്പത്തികനഷ്ടം ഉണ്ടകുന്നുണ്ട്. അതുകൊണ്ടുതന്നെ സംസ്ഥാനത്തിന്റെ വാർഷിക പദ്ധതിയിൽ ഉണ്ടാകുന്ന ഇടിവ് നാം കാണേണ്ടതായുണ്ട്. തൊഴിലാളികളുടെ പുനരധിവാസം കീറാമുട്ടിയായി നിൽക്കുകയാണ്. ഭൂരിപക്ഷം മദ്യശാലകളും അടച്ചതോടുകൂടി കേരളത്തിൽ നിയമ സമാധാനത്തിന്റെ പ്രശ്നങ്ങളൊന്നും ഇതുവരെ ഉണ്ടായിട്ടില്ല. പക്ഷേ തുറന്ന ഷാപ്പുകൾക്ക് മുന്നിൽ ക്യൂ നിൽക്കുന്നത് പ്രശ്നമായി നിൽക്കുകയാണ്. നീണ്ടവരിയാണ് എല്ലാ ഷാപ്പുകളുടെ മുമ്പിലുമുള്ളത്. നേരത്തെ ഇത്രയും ഷാപ്പുകൾ ഉണ്ടായിരുന്നപ്പോൾ ഈ പ്രശ്നമുണ്ടായിരുന്നില്ല. ഇത് ആശങ്കയുണ്ടാക്കുന്ന കാര്യമാണ്. സംസ്ഥാനത്തെ അബ്കാരി കേസ്സുകളിൽ വലിയ വർദ്ധനവാണുണ്ടായിട്ടുള്ളത്. സ്പിരിറ്റ് കള്ളക്കടത്തുമായി ബന്ധപ്പെട്ട കേസ്സുകളുടെ എണ്ണം ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 100 ശതമാനമായി വർദ്ധിച്ചിരിക്കുകയാണ്. അതുപോലെ അബ്കാരി കേസ്സുകളുടെ മൊത്തം കണക്കെടുത്തുനോക്കിയപ്പോൾ 35 ശതമാനത്തിന്റെ വർദ്ധനവ് ഇതിന്റെ ഭാഗമായി വന്നിട്ടുണ്ട്. എൻ.ഡി.പി.എസ്. കേസ്സുകളിൽ ഏതാണ്ട് 67 ശതമാനത്തിന്റേയും കോട്പ കേസ്സുകളിൽ

170 ശതമാനത്തിന്റെയും വർദ്ധനവ് ഇതിന്റെ ഭാഗമായിട്ടുണ്ടായിട്ടുണ്ട്. പാതയോരത്തെ മദ്യശാലകൾ പൂട്ടുന്നതിനുള്ള തീരുമാനം വന്നപ്പോൾ അതിന്റെ ഭാഗമായി കുറ്റകൃത്യങ്ങൾ പെരുകുകയല്ല ഉണ്ടായത്, നിയമ സമാധാനം സംരക്ഷിക്കാൻ കഴിയുന്ന തരത്തിലുള്ള അന്തരീക്ഷം ഉണ്ടായിട്ടുണ്ടെന്ന് തന്നെയാണ് കാണുന്നത്.

ഈ മാഫിയകളുടെ പ്രവർത്തനം നേരത്തെ സജീവമായി വരികയും ഈ ഗവൺമെന്റ് ഇടപെട്ട് ആവശ്യമായ നടപടി സ്വീകരിക്കുകയും പരിശോധന കർശനമാക്കുകയും ചെയ്തതിന്റെ ഭാഗമായി അതിന് കുച്ചുവിലങ്ങിടാൻ സാധിച്ചു. ഈ ഓണക്കാലത്തിനുമുമ്പുതന്നെ എല്ലാ റെയ്ഞ്ചുകളിലും അഡ്വൈസറി കമ്മിറ്റികൾ രൂപീകരിച്ച് ജനപ്രതിനിധികളെ പങ്കെടുപ്പിച്ച് വിശദമായ റിപ്പോർട്ട് വാങ്ങുകയും അതിന്റെ ഭാഗമായി റെയ്ഡുകളും വല്ലപ്പോഴുമുണ്ടാകുന്ന പരിശോധനകളിൽനിന്ന് മാറി സജീവമായി മുക്കുംമൂലയുമെല്ലാം അരിച്ചുപെറുക്കി നടത്തുന്ന പരിശോധനയയും നടത്തിയതുകൊണ്ട് വ്യാജ മദ്യത്തിന്റെ ഒഴുക്ക് കുറയുകയും വ്യാജ മദ്യത്തിന്റെ ഭാഗമായിട്ടുള്ള അധോലോക പ്രവർത്തനങ്ങൾ കുറയുകയും നിയമസമാധാന രംഗങ്ങളിൽ ഉണർവ്വുണ്ടാക്കാൻ കഴിയുകയും ചെയ്തിട്ടുണ്ട്. എക്സൈസ് വകുപ്പിന്റെ കർശന പരിശോധന അതിർത്തികളിൽ കൂടുതൽ ശക്തമായി നടത്തേണ്ടതുണ്ട്. എനിക്കൊരു അഭ്യർത്ഥനകൂടിയുണ്ട്. ബ്രിട്ടീഷുകാരാൽ ഉണ്ടാക്കപ്പെട്ട അബ്കാരി നിയമത്തിൽ കാലോചിതമായ പരിഷ്കാരങ്ങൾ വരുത്തേണ്ടതായിട്ടുണ്ട്. 200 വർഷങ്ങൾക്കുമുമ്പുള്ള ഒരു നിയമത്തിനാണ് ഇപ്പോൾ ചെറിയ ഭേദഗതികൾ കൊണ്ടുവരുന്നത്. അബ്കാരി നിയമത്തിൽത്തന്നെ കാലോചിതമായി പൊളിച്ചെഴുത്തുവരുത്തി, കാലത്തിനനുസരിച്ചുള്ള ഭേദഗതികൾ ചേർത്തുകൊണ്ട് സമഗ്രമായ ഒരു ധാരണയോടുകൂടി ഒരു അബ്കാരി നിയമം ഇനിയെങ്കിലും നമുക്കുണ്ടാകേണ്ടതുണ്ടെന്ന് സൂചിപ്പിച്ചുകൊണ്ട് ഈ സർക്കാർ കൊണ്ടുവന്ന ഭേദഗതിയെ അംഗീകരിക്കുന്നു.

<u>ശ്രീ. എ. പ്രദീപ്കുമാർ</u>: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുചെയ്ത പ്രകാരമുള്ള 2017-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2(ബി) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി <u>(ശ്രീ. എ. കെ. ബാലൻ)</u>: സർ, ബഹുമാനപ്പെട്ട മെമ്പർ കെ. ദാസൻ പറഞ്ഞ കാര്യങ്ങളെല്ലാം ബന്ധപ്പെട്ട വകുപ്പ് പരിശോധിക്കേണ്ടതാണ്. ഇപ്പോഴത്തെ ഭേദഗതിയുടെ പരിധിയിൽ വരുന്നതല്ല. അതുകൊണ്ട് എല്ലാ കാര്യങ്ങളെ സംബന്ധിച്ചും ഇവിടെ

സൂചിപ്പിക്കാനാഗ്രഹിക്കുന്നില്ല. ഒരു കാര്യം വ്യക്തമാണ്. കേരളത്തിന്റെ ട്രഷറിയിൽ വരേണ്ട പണം ഇതിന്റെ ഭാഗമായി നഷ്ടപ്പെടുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. 3500-5000 കോടി രൂപയുടെ റവന്യൂ വരുമാനം പ്രതീക്ഷിച്ച ഒരു മേഖലയായിരുന്നു ഇത്. അത് നമ്മുടെ വികസന പ്രവർത്തനങ്ങളെയും ബാധിക്കും. ഇപ്പോൾത്തന്നെ 1210-ഓളം കള്ളുഷാപ്പുകൾ അടച്ചുപൂട്ടേണ്ട സ്ഥിതിയാണുണ്ടാകുന്നത്. ഇതിന്റെ ഭാഗമായി തൊഴിൽ നഷ്ടപ്പെടുന്ന തൊഴിലാളികളുടെ പ്രശ്നമുണ്ട്. അതോടൊപ്പംതന്നെ അവരെ പുനരധിവസിപ്പിക്കേണ്ട പ്രശ്നമുണ്ട്. അതൊക്കെ ഗൗരവമായ പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്. അധോലോകത്തിനെതിരായി ശക്തമായ നിലപാടാണ് എക്സൈസ് വകുപ്പ് സ്വീകരിക്കുന്നത്. 200 വർഷത്തെ കാലപ്പഴക്കമുള്ള ഒരു നിയമം കാലോചിതമായി പരിഷ്കരിക്കുന്നതിനെ സംബന്ധിച്ച് ബന്ധപ്പെട്ട വകുപ്പ് പരിശോധിക്കേണ്ടതാണ്. ഇവിടെ നേരത്തെ ഞാൻ സൂചിപ്പിച്ച പഞ്ചായത്ത് രാജ് ഭേദഗതിക്ക് സമാനമായുള്ള വകുപ്പുകളാണ് മുനിസിപ്പാലിറ്റി ആക്ടിലുമുള്ളത്. പഞ്ചായത്ത് രാജ് ആക്ടിലെ 232-ന് കറസ്പോണ്ടിംഗായിട്ടുള്ള സെക്ഷൻ ഇവിടെ 447 ആണ്. സബ് സെക്ഷൻ 2, 3, 4 എന്നിവയ്ക്കുപകരം ഇവിടെയുള്ളത് 7, 8, 9 എന്നിവയാണ്. നേരത്തെ ഞാൻ സൂചിപ്പിച്ച കാര്യം തന്നെയാണ് പറയുന്നത്. മുനിസിപ്പൽ/കോർപ്പറേഷൻ പ്രദേശങ്ങളിൽ യഥാർത്ഥത്തിൽ രണ്ടുതരത്തിലുള്ള സ്ഥാപനങ്ങൾ വരികയാണ്. ഒന്ന്, പഞ്ചായത്തുമായി ബന്ധപ്പെട്ടുകൊണ്ടുള്ള ഇടപെടലും മറ്റൊന്ന് എക്സൈസ് വകുപ്പിന്റെ ഇടപെടലും. സ്വാഭാവികമായും മുനിസിപ്പൽ/കോർപ്പറേഷൻ പ്രദേശങ്ങളിലുണ്ടാകുന്ന ഈ പ്രശ്നം അവിടെയുള്ള വികസന പ്രവർത്തനങ്ങളെയും ബാധിക്കും. മുനിസിപ്പാലിറ്റിക്കുള്ളിൽ ഒരു ഏകീകൃത നിയമമില്ലാത്ത സ്ഥിതിയുമുണ്ടാകും. രണ്ടുതരത്തിലുള്ള ഉത്തരവാദിത്വം ഉദ്യോഗസ്ഥർക്ക് വരികയാണ്. മാത്രമല്ല പ്രതിബദ്ധതയും രണ്ടുതരത്തിൽ വരികയാണ്. ഇത് പരിഹരിക്കുന്നതിന് പഞ്ചായത്ത് രാജ് നിയമം ഭേദഗതി ചെയ്തതുപോലെതന്നെ മുനിസിപ്പാലിറ്റി ആക്ടും ഭേദഗതി ചെയ്യാൻ നിർബന്ധിതമാകുകയാണ്. മാത്രമല്ല മുനിസിപ്പൽ പ്രദേശത്ത് യു.ഡി.എഫ്. കൊണ്ടുവന്ന നിയമത്തിന്റെ ഭാഗമായി 2012 നവംബർ 25-ന് മുമ്പുള്ള ഷാപ്പുകൾക്കൊന്നും ഒന്നുംചെയ്യാൻ സാധിക്കില്ല. എന്നാൽ 2012-ന് ശേഷമുള്ളതിന് മുനിസിപ്പാലിറ്റിക്ക് ഇഷ്ടംപോലെ ചെയ്യാൻ സാധിക്കും. ഈ തരത്തിൽ മുനിസിപ്പാലിറ്റിക്കുള്ളിൽത്തന്നെ ഏകീകൃതമായി ഇത് നടപ്പിലാക്കാൻ സാധിക്കാത്ത സ്ഥിതിയാണ്. അതുകൊണ്ടാണ് 447-ൽ 7, 8, 9 ഒഴിവാക്കാൻ തീരുമാനിച്ചത്. അതിന് തത്തുല്യമായിട്ടുള്ളതാണ് ഇതിൽ പ്രാബല്യത്തിൽവരുന്ന തീയതി. അതും ഒഴിവാക്കുകയാണ്. അതിന്റെ അനുബന്ധമായി വരുന്ന വിശദീകരണവും ഒഴിവാക്കുകയാണ്.

മി. സ്പീക്കർ: ശ്രീ. കെ. ദാസൻ, അങ്ങയുടെ 1 (എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. കെ. ദാസൻ: സർ, പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. കെ. ദാസൻ അവതരിപ്പിച്ച ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എ. പ്രദീപ്കുമാർ, അങ്ങയുടെ 2 (ബി) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. എ. പ്രദീപ്കുമാർ: സർ, പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. എ. പ്രദീപ്കുമാർ അവതരിപ്പിച്ച ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുചെയ്ത പ്രകാരമുള്ള 2017-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ...............

പ്രതികൂലിക്കുന്നവർ...............

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പരിഗണനയ്ക്കെടുക്കുന്നു.

2-ാം വകുപ്പ്

(ഭേദഗതികൾ അവതരിപ്പിച്ചില്ല)

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.................

പ്രതികൂലിക്കുന്നവർ................

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

3-ാം വകുപ്പ്

(ഭേദഗതികൾ അവതരിപ്പിച്ചില്ല)

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.................

പ്രതികൂലിക്കുന്നവർ................

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

1-ാം വകുപ്പും പീഠികയും പേരും

(ഭേദഗതികൾ അവതരിപ്പിച്ചില്ല)

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.................

പ്രതികൂലിക്കുന്നവർ................

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, 2017-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: 2017-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ................

പ്രതികൂലിക്കുന്നവർ................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പാസ്സായിരിക്കുന്നു.

# IX. അറിയിപ്പ്

## ഓറിയന്റേഷൻ പ്രോഗ്രാം

മി. സ്പീക്കർ: ബഹുമാനപ്പെട്ട അംഗങ്ങളെ ഓർമ്മപ്പെടുത്താനായി രണ്ട് അറിയിപ്പുകളുണ്ട്. കാലാവസ്ഥാ വ്യതിയാന പഠന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ 'Climate change and disaster risk reduction' എന്ന വിഷയം സംബന്ധിച്ച ഓറിയന്റേഷൻ പ്രോഗ്രാം ബഹുമാനപ്പെട്ട സാമാജികർക്കായി ഇന്ന് വൈകുന്നേരം 6.00 മണിക്ക് ആർ. ശങ്കരനാരായണൻ തമ്പി മെംബേഴ്സ് ലോഞ്ചിൽവച്ച് നടത്തുന്ന വിവരം നേരത്തെ അറിയിച്ചതാണ്. അത് വീണ്ടും ഓർമ്മിപ്പിക്കുന്നു. അതുപോലെ ശ്രീ. ഗോകുലം മൂവീസിന്റെ ബാനറിൽ ശ്രീ. ഹരികുമാർ സംവിധാനംചെയ്ത 'ക്ലിന്റ്' എന്ന ചലച്ചിത്രത്തിന്റെ പ്രത്യേക പ്രദർശനം തിരുവനന്തപുരം കൈരളി തിയേറ്ററിൽ ഇന്ന് രാത്രി 8.30-ന് സാമാജികർക്കായി സംഘടിപ്പിച്ചിട്ടുണ്ട്. എം.എൽ.എ. ഹോസ്റ്റലിൽനിന്ന് തിയേറ്ററിലേയ്ക്കും തിരിച്ചും യാത്രാസൗകര്യം ഒരുക്കിയിട്ടുണ്ട്.

ഓർഡർ... ഓർഡർ... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2017 ആഗസ്റ്റ് 23-ാം തീയതി ബുധനാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ രാവിലെ 11.47-ന് പിരിഞ്ഞു.)

# അനുബന്ധം I

## 26-09-2016-ലെ നക്ഷത്രചിഹ്നമിടാത്ത 124-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 124

### നിയമലംഘനം നടത്തുന്ന വാഹനങ്ങൾ

(എ) ആഭ്യന്തരവകുപ്പിൽ ഇതുസംബന്ധിച്ച് വ്യക്തികളുടെയോ, സംഘടനകളുടെയോ പരാതി ലഭിച്ചിട്ടില്ല. നിയമലംഘനം നടത്തുന്ന വാഹനങ്ങൾ പോലീസ് സ്റ്റേഷനുകളിൽ ഗതാഗത തടസ്സം ഉണ്ടാകാത്തവിധം സൂക്ഷിക്കുന്നതിനുള്ള വ്യക്തമായ മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) വാഹനങ്ങൾ സൂക്ഷിക്കുവാനുള്ള യാഡുകൾ തയ്യാറാക്കി പ്രസ്തുത വാഹനങ്ങളെ അവിടേയ്ക്ക് മാറ്റുവാനുള്ള പ്രാരംഭ നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) ലഭ്യമാണ്. ഇവയിൽ കേസ്സുകളിൽ ഉൾപ്പെട്ടിട്ടില്ലാത്തതും ഉടമസ്ഥരില്ലാത്തതുമായ വാഹനങ്ങൾ (Unclaimed Vehicles) ലേലം ചെയ്ത് വിൽക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പോലീസ് സ്റ്റേഷനുകളിൽ പോലീസ് പിടിച്ചെടുത്തതും, മറ്റ് ഡിപ്പാർട്ട്മെന്റുകൾ പിടിച്ചെടുത്ത് കസ്റ്റഡിയിൽ സൂക്ഷിക്കുന്നതിനുമായി ഏൽപ്പിച്ചതുമായ വാഹനങ്ങൾ ദീർഘകാലം സൂക്ഷിക്കേണ്ട അവസരത്തിൽ പോലീസ് സ്റ്റേഷൻ കോമ്പൗണ്ടിലും പോലീസ് അധീനതയിലുള്ള സ്ഥലങ്ങളിലും, പോലീസ് സ്റ്റേഷനടുത്തുള്ള പൊതുസ്ഥലങ്ങളിലും, പൊതുജനങ്ങൾക്കും മറ്റും ശല്യമല്ലാത്ത രീതിയിലും ഗതാഗത തടസ്സം വരാത്ത രീതിയിലുമാണ് സൂക്ഷിച്ചുവരുന്നത്.

# അനുബന്ധം 2

22-8-2017-ന് ഡോ. എൻ. ജയരാജ് അവതരിപ്പിച്ച ശ്രദ്ധക്ഷണിക്കലിന് കൃഷിവകുപ്പുമന്ത്രി ശ്രീ. വി.എസ്. സുനിൽ കുമാറിന്റെ മറുപടിയുടെ മേശപ്പുറത്തുവച്ച ഭാഗങ്ങൾ

## സമഗ്ര കാർഷിക നയം

സമഗ്ര കാർഷിക നയത്തിന്റെ ഘടകമായ ജലബന്ധിത നയത്തിന്റെ അടിസ്ഥാനത്തിൽ ജില്ലാതലത്തിലും സംസ്ഥാന തലത്തിലും ജലസേചന പ്ലാനുകൾക്ക് രൂപംനൽകി അംഗീകാരം ലഭ്യമാക്കിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ജലസംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു.

വിള സംരക്ഷണവുമായി ബന്ധപ്പെട്ട് തരിശുനിലങ്ങൾ കൃഷിക്ക് ഉപയുക്തമാക്കുന്ന നയത്തിന്റെ ഭാഗമായി പത്തനംതിട്ട ജില്ലയിൽ ആറന്മുള, കോട്ടയം ജില്ലയിൽ കുമരകം മെത്രാൻ കായൽ, ആലപ്പുഴ ജില്ലയിൽ റാണികായൽ എന്നിവിടങ്ങളിലെ തരിശുനിലങ്ങളിൽ കൃഷി നടപ്പിലാക്കി. കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, കുടുംബശ്രീ എന്നിവയുടെ സഹകരണത്തോടെ നെല്ല്, പച്ചക്കറി മുതലായവയുടെ തരിശുനില കൃഷി ഊർജ്ജിതപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ വിള സംരക്ഷണവുമായി ബന്ധപ്പെട്ട് പച്ചക്കറി കൃഷിയിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി ബജറ്റിൽ 25 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഈ നയത്തിന്റെ ഭാഗമായി നെൽകൃഷിയുടെ വിസ്തൃതിവ്യാപനം ലക്ഷ്യമിട്ടുകൊണ്ട് കരനെൽകൃഷി സംസ്ഥാനത്ത് എല്ലാ ജില്ലകളിലും നടപ്പിലാക്കി.

മണ്ണ് സംരക്ഷണവുമായി ബന്ധപ്പെട്ട നയത്തിന്റെ ഭാഗമായി സംസ്ഥാനമൊട്ടാകെ മണ്ണുപരിശോധന നടത്തി സോയിൽ ഹെൽത്ത് കാർഡുകൾ, മണ്ണിന്റെ തരം നിശ്ചയിക്കുന്ന ഭൂപടങ്ങൾ എന്നിവ തയ്യാറാക്കി കർഷകർക്ക് നൽകി. കൃഷിഭൂമിയുമായി ബന്ധപ്പെട്ട നയത്തിന്റെ ഭാഗമായി നിലവിലുള്ള നെൽപ്പാടങ്ങൾ സംരക്ഷിക്കുന്നതിന് ആധുനിക വിവരസാങ്കേതികവിദ്യകളുടെ സഹായത്തോടെ ഡാറ്റാബാങ്കിലുള്ള അപാകതകൾ പരിഹരിച്ച് കുറ്റമറ്റതാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കാർഷിക യന്ത്രവൽക്കരണവുമായി ബന്ധപ്പെട്ട നയത്തിന്റെ ഭാഗമായി അഗ്രോ സർവ്വീസ് സെന്ററുകൾ, കാർഷിക കർമ്മസേന എന്നിവയെ ശാക്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കർഷകരുടെയും കർഷകത്തൊഴിലാളികളുടെയും ക്ഷേമവുമായി ബന്ധപ്പെട്ട നയത്തിന്റെ ഭാഗമായി കർഷക പെൻഷൻ തുക 600 രൂപയിൽനിന്ന് 1,000 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. കർഷക പെൻഷനും നാളികേര സംഭരണത്തിലെ ബാക്കി തുകയും നെല്ല് സംഭരണത്തിലെ തുകയും കുടിശ്ശിക തീർത്ത് കർഷകർക്ക് വിതരണം ചെയ്തു.

ജൈവ കാർഷിക നയത്തിന്റെ ഭാഗമായി നല്ല കാർഷിക മുറകൾ, പി.ജി.എ. സർട്ടിഫിക്കേഷൻ എന്നിവ പ്രാവർത്തികമാക്കി സുരക്ഷിതഭക്ഷണം ഉൽപ്പാദിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വിള സംരക്ഷണ നയവുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ നാളികേര കർഷകരുടെ ചിരകാല സ്വപ്നമായ നീര ഉൽപ്പാദനം പ്രോത്സാഹിപ്പിക്കുന്നതിനുള്ള സാമ്പത്തിക സഹായം ലക്ഷ്യമാക്കി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പാലക്കാട് ജില്ലയിൽ മുതലമട പ്രദേശത്ത് 428 ലക്ഷം രൂപയുടെ സമഗ്ര മാവ് കൃഷി വികസന പദ്ധതി സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ വഴി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. മൂല്യവർദ്ധനവും സംസ്കരണവും സംബന്ധിച്ച നയത്തിന്റെ ഭാഗമായി സംസ്ഥാനത്ത് പ്രമുഖവിളകളായ തെങ്ങ്, നെല്ല്, വാഴ, പച്ചക്കറി, സുഗന്ധവ്യഞ്ജനങ്ങൾ, റബ്ബർ, തേൻ, മാങ്ങ, ചക്ക എന്നിവയ്ക്കായി അഗ്രോപാർക്കുകൾ സ്ഥാപിക്കുന്നതിനായി ബജറ്റിൽ 500 കോടി രൂപ വകയിരുത്തി നടപടികൾ കൈക്കൊണ്ടുവരുന്നു.

കീടനാശിനികളുമായി ബന്ധപ്പെട്ട നയത്തിന്റെ ഭാഗമായി പഴങ്ങളിലെയും പച്ചക്കറികളിലെയും അവശിഷ്ട കീടനാശിനികൾ പരിശോധിക്കുന്നതിനായി ലാബുകൾ സ്ഥാപിക്കുന്നതിനും രാസവളങ്ങളുടെയും കീട/കള നാശിനികളുടെയും വിതരണം, ഗുണനിലവാരം എന്നിവ ഉറപ്പുവരുത്തുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു.

വിപണികളെയും വിപണന രീതികളെയും സംബന്ധിക്കുന്ന നയത്തിന്റെ ഭാഗമായി മൊത്തവ്യാപാര വിലയേക്കാളും 10 ശതമാനം അധികം നൽകി കർഷകരിൽനിന്ന് പച്ചക്കറി സംഭരിക്കുകയും വിപണി വിലയേക്കാൾ 30 ശതമാനം കുറവിൽ പൊതുജനങ്ങൾക്ക് നൽകുകയും ചെയ്തുവരുന്നു. കർഷകർക്ക് ന്യായവില ഉറപ്പുവരുത്തുന്നതിനും വിപണിവില പിടിച്ചുനിർത്തുന്നതിനും ഉപഭോക്താക്കൾക്ക് ഗുണമേന്മയുള്ള തദ്ദേശീയമായ ഭക്ഷ്യ ഉൽപ്പന്നങ്ങൾ ലഭ്യമാക്കുന്നതിനും ലക്ഷ്യമിട്ടുകൊണ്ട് വിഷു, ഓണം, ക്രിസ്തുമസ് എന്നീ വിശേഷാവസരങ്ങളിൽ കൃഷി വകുപ്പിനെയും അനുബന്ധ വകുപ്പുകളെയും സംയോജിപ്പിച്ചുകൊണ്ട് പ്രത്യേക വിപണികൾ നടപ്പിലാക്കുന്നു. കർഷകരെ പ്രോത്സാഹിപ്പിക്കുന്ന നയത്തിന്റെ ഭാഗമായി എല്ലാ വർഷവും ചിങ്ങം ഒന്ന് കർഷകദിനമായി ആചരിക്കുകയും തെരഞ്ഞെടുത്ത കർഷകർക്ക് അവാർഡുകൾ

നൽകുകയും ചെയ്യുന്നു. കൂടാതെ ഈ നയത്തിന്റെ ഭാഗമായി കൃഷി വകുപ്പിന്റെ ആറ് മൊത്ത വ്യാപാര വിപണികൾവഴി ഇടനിലക്കാരെ ഒഴിവാക്കി കർഷകരുടെ ഉൽപ്പന്നങ്ങൾ നേരിട്ട് ലേലം നടത്തി വിപണനം ചെയ്യുന്നതിനുള്ള സജ്ജീകരണങ്ങൾ ചെയ്യുന്നുണ്ട്. കൂടാതെ വിപണിയിൽ നേരിട്ട് ഇടപെട്ട് ഭക്ഷ്യപൊതുവിതരണ വകുപ്പ്, കേരഫെഡ് എന്നിവയുടെ സഹകരണത്തോടെ നെല്ല്, പച്ചത്തേങ്ങ എന്നിവയുടെ സംഭരണം നടത്തിവരുന്നു.

വിത്തുമുതൽ വിപണി വരെയുള്ള എല്ലാവിധത്തിലുള്ള കാർഷിക പ്രവർത്തനങ്ങളിലും നേരിട്ട് ഇടപെട്ടുകൊണ്ട് സമസ്തമേഖലയിലും മികച്ച നേട്ടങ്ങൾ കൈവരിക്കാൻ കഴിയുന്ന ഒരു പുതിയ കാർഷിക നയം ആവിഷ്കരിച്ച് ഫലപ്രദമായി നടപ്പിലാക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണ്.